സർവോദയ ചിന്തകൾ

എം. പീതാംബരൻ മാസ്റ്റർ



ജനനം: തൃശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ. മാതാവ് മഠത്തിൽ ശാരദമ്മ. പിതാവ് കാരപ്പുറത്ത് രാമൻ നായർ.

പുത്തൂർ ഗവ: എൽ.പി. സ്കൂൾ, കുട്ടനെല്ലൂർ അഗസ്റ്റിൻ അക്കര ഹൈസ്കൂൾ, തൃശൂർ സെന്റ് തോമാസ് കോളേജ്, ഒറ്റപ്പാലം എൻ.എസ്.എസ് ട്രെയിനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു.

കേരള സർവോദയമണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി, കുടുംബശ്രീ, സ്ത്രീപദവി പഠനം, സാക്ഷരതാ മിഷൻ എന്നിവയുടെ റിസോഴ്സ് പേഴ്സൺ, സാമൂഹ്യശാസ്ത്ര കൗൺസിൽ, വിദ്യാരംഗം കലാസാഹിത്യവേദി, ഗാന്ധിദർശൻ എന്നിവയുടെ ജില്ലാ കൺവീനർ, പുത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണസമിതി, കലാകേന്ദ്രം എന്നിവയുടെ കൺവീനർ, മാതൃഭൂമി പ്രാദേശിക ലേഖകൻ, കൈനൂർ സമരം, ലാലൂർ സമരം എന്നിവയുടെ സഹായസമിതി ജനറൽ കൺവീനർ, കുട്ടനെല്ലൂർ മദ്യവിരുദ്ധസമിതി രക്ഷാധികാരി, വിദ്യാർത്ഥി-യുവജനസംഘടനാ ജില്ലാ-സംസ്ഥാനഭാരവാഹി, കോളേജ് യൂണിയൻ കൗൺസിലർ, കേരളഗ്രന്ഥശാലാസംഘം ജില്ലാ ഉപദേശകസമിതി അംഗം, സർവോദയ ട്രസ്റ്റ് ചെയർമാൻ, നെഹ്രു യുവക് കേന്ദ്ര ജില്ലാ ഉപദേശകസമിതി അംഗം, സംസ്കാര വിദ്യാഭ്യാസ ഗവേഷണകേന്ദ്രം ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചു.

മായന്നൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. 2019 മാർച്ചിൽ ഔദ്യോഗിക സേവനത്തിൽനിന്ന് വിരമിച്ചു. സർവ്വോദയ ദർശന്റെ ചെയർമാനും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയുമാണ്.

അവാർഡുകൾ : അദ്ധ്യാപനരംഗത്തെ സേവനങ്ങളെ പരിഗണിച്ചുകൊണ്ട് ദേശീയ അദ്ധ്യാപക പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടു. 2014 ലെ അദ്ധ്യാപകദിനത്തിൽ രാഷ്ട്രപതി പ്രണബ് മുഖർജി ദേശീയ അദ്ധ്യാപക അവാർഡ് സമ്മാനിച്ചു. കേന്ദ്ര മാനവശേഷി വികസനമന്ത്രാലയത്തിന്റെ ഭാഗമായ നെഹ്രു യുവകേന്ദ്രയുടെ യൂത്ത് അവാർഡ് (1994), യുവ സാംസ്കാരിക പ്രവർത്തകനുള്ള സാംസ്കാരിക സദസ്സ് അവാർഡ് (2000), സാമൂഹ്യപ്രവർത്തകനായ അദ്ധ്യാപകനുള്ള സഹൃദയവേദിയുടെ ജി.കെ. കുറുപ്പുമാസ്റ്റർ സ്മാരക അവാർഡ് (2002), ശ്രീനാരായണ സാഹിത്യപരിഷത്ത് ആദരം (2007), കണ്ണൂർ ജില്ല ഗാന്ധി സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലക്കണ്ടി രാവുണ്ണി സ്മാരക സേവന അവാർഡ് (2018) എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.

കൃതികൾ : സർവ്വമതസമഭാവം സർവ്വോദയവീക്ഷണം, എങ്ങനെ പഠിക്കണം; പരീക്ഷ എഴുതണം, ജനകീയ സമരങ്ങളും മുന്നേറ്റങ്ങളും ഗാന്ധിമാർഗസമീപനം, സ്വാമി വിവേകാനന്ദനും മഹാത്മാഗാന്ധിയും, സർവ്വോദയത്തിലേക്ക്, സർവ്വോദയം സാദ്ധ്യമാണ്, പഠനം ആനന്ദകരമാക്കാൻ, അർച്ചന (എഡിറ്റർ).

ഭാര്യ : പ്രസന്ന. വി.
മക്കൾ : ഹരിപ്രസാദ്, കൃഷ്ണപ്രസാദ്
വിലാസം : പ്രസന്നം, സർവ്വോദയ നഗർ, ഇരവിമംഗലം പി.ഒ, തൃശൂർ - 680751
ഫോൺ : 0487-2353576, 9446401576
ഇ-മെയിൽ : sarvodayapeethambaran@gmail.com

സർവോദയ ചിന്തകൾ

എം. പീതാംബരൻ മാസ്റ്റർ

പൂർണോദയ ബുക്സ്
പൂർണോദയ ഭവൻ, കൊച്ചി – 682 018

വില: 180 രൂപ

Malayalam
SARVODAYA CHINTHAKAL
Essays
By **M. Peethambaran Master**

First Edition, 500 copies, December 2024

© : Sarvodaya Trust

ISBN : **978-81-969457-3-2**

Published by
POORNODAYA BOOK TRUST
Poornodaya Bhavan, Kochi 682018

Distribution
POORNODAYA BOOKS
Jacob Vallanatt Road, Kochi 682018

Cover Design : **VINOD K VIJAYAN,** Ph: 9539284375
Printed at : **VIANI PRINTINGS,** Ernakulam, Ph: 2401635

PRICE**: ₹ 180.00**

ആമുഖം

ഗാന്ധിജി മുന്നോട്ടുവച്ച ജീവിതപദ്ധതിക്ക്, ദർശനത്തിന്, അദ്ദേഹം തന്നെ നൽകിയ പേരാണ് സർവോദയം. മനുഷ്യൻ ഉൾപ്പെടെ സർവ ജീവജാലങ്ങളുടേയും നന്മ അഥവാ ഉദയം അഥവാ പുരോഗതിയാണ് സർവോദയം.

മഹത്തായൊരു സ്വാംശീകരണ പ്രക്രിയയിലൂടെയാണ് സർവോദയം എന്ന ചിന്താപദ്ധതി വികാസം പ്രാപിക്കുന്നത്. സാമൂഹ്യപ്രവർത്തനരംഗത്ത് ഗാന്ധിജി സജീവമാകുമ്പോൾത്തന്നെ, വിപുലമായൊരു വായന അദ്ദേഹം ശീലമാക്കിയിരുന്നു. വിവിധ മതങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങൾ, സാമൂഹ്യ - സാമ്പത്തിക-രാഷ്ട്രീയരംഗത്തെ സുപ്രധാന ദർശനങ്ങൾ, രാഷ്ട്രമീമാംസ ഗ്രന്ഥങ്ങൾ, വേദോപനിഷത്തുകൾ, ഇതിഹാസങ്ങൾ, ആധുനിക ശാസ്ത്രഗ്രന്ഥങ്ങൾ എന്നിവയെല്ലാം വായിച്ച് ആദർശങ്ങൾ ഉൾക്കൊണ്ട്, സ്വാംശീകരിച്ച് രൂപംകൊടുത്തതാണ് സർവോദയം എന്ന ആദർശം. അതുകൊണ്ടുതന്നെ, ഇത് സാർവലൗകികവും സാർവജനീനവുമാണ്. അടിസ്ഥാനമൂല്യങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ കാലദേശങ്ങൾക്കനുസരിച്ച് പ്രായോഗികമാക്കാനുള്ള സവിശേഷ സാദ്ധ്യതയും സർവോദയത്തിനുണ്ട്.

കാലികപ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് സർവോദയ വീക്ഷണം വ്യക്തമാക്കുന്ന ലേഖനങ്ങൾ, സർവോദയ ദർശനത്തെ ലളിതമായി മനസ്സിലാക്കിത്തരുന്ന കുറിപ്പുകൾ, ലഘുവിവരണങ്ങൾ, സർവോദയ സാരഥികളെക്കുറിച്ചുള്ള അനുസ്മരണങ്ങൾ എന്നിവയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

പുസ്തകത്തിന്റെ പ്രസാധനത്തിന് പിന്തുണ നൽകുന്ന പൂർണോദയ ബുക് ട്രസ്റ്റ്, ഉത്തമമായ അവതാരിക എഴുതിത്തന്ന വാർദ്ധയിലെ ഗാന്ധിയൻ ഗവേഷണ കേന്ദ്രം ഡയറക്ടർ സിബി. കെ. ജോസഫ്, മാർഗനിർദ്ദേശങ്ങൾ നൽകിയ പൂർണോദയ ബുക് ട്രസ്റ്റ് സെക്രട്ടറി കെ. പരമേശ്വര ശർമ്മ, പേജുകളും പുറംചട്ടയും രൂപകല്പനചെയ്ത വിനോദ്. കെ. വിജയൻ, നിഖിൽ നാരായണൻ, വി.എസ്. ഗിരീശൻ മാസ്റ്റർ, പി. രഘുനാഥ് എന്നിവർക്കും, പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്ന സർവോദയ-ഗാന്ധിമാർഗം സംഘടനകൾക്കും നന്ദി രേഖപ്പെടുത്തുന്നു.

സർവോദയ ആശംസകളോടെ,

വി. പ്രസന്ന
കൺവീനർ, സർവ്വോദയ ദർശൻ

അവതാരിക

സർവോദയത്തെക്കുറിച്ചുള്ള തന്റെ വിശാലമായ ആശയങ്ങളുടെ ആഴത്തിലുള്ള ബോദ്ധ്യങ്ങൾ ജോൺ റസ്കിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന കൃതിയിൽ ഗാന്ധി കണ്ടെത്തി. ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോഴാണ് ഗാന്ധി ഈ പുസ്തകം ആദ്യമായി വായിക്കുന്നത്. ദിവസത്തിന്റെ വ്യത്യസ്ത സമയങ്ങളിൽ തൊഴിലാളികളെ കൂലിക്കെടുക്കുന്ന, എന്നാൽ, അവർ യഥാർത്ഥത്തിൽ എത്ര ജോലി ചെയ്താലും അവർക്ക് ഒരേ തുക പ്രതിഫലമായി നൽകുന്ന, മുന്തിരിത്തോട്ടത്തിന്റെ ഉടമയെക്കുറിച്ചുള്ള യേശു ക്രിസ്തുവിന്റെ ഉപമയിൽ നിന്നാണ് റസ്കിൻ തന്റെ പുസ്തകത്തിന് തലക്കെട്ട് കൊടുക്കുന്നത്. തന്റെ കഥ പറയൽ അവസാനിച്ചപ്പോൾ യേശു പറഞ്ഞു: "സ്വർഗരാജ്യം അങ്ങനെയാണ്." ജോഹന്നാസ്ബർഗിൽ നിന്ന് ഡർബനിലേക്കുള്ള തീവണ്ടിയാത്രയ്ക്കിടെ വായിക്കാൻവേണ്ടിയാണ് ഗാന്ധിജിയുടെ സുഹൃത്തായ ഹെൻട്രി പോളക്ക് റസ്കിന്റെ ഈ പുസ്തകം ഗാന്ധിജിക്ക് നൽകിയത്.

ഈ പുസ്തകം തന്റെ ജീവിതത്തിൽ തൽക്ഷണവും പ്രായോഗികവുമായ പരിവർത്തനം ഉണ്ടാക്കിയെന്ന് ഗാന്ധിജി തന്റെ ആത്മകഥയിൽ 'ഒരു ഗ്രന്ഥത്തിന്റെ മാന്ത്രിക പ്രഭാവം' എന്ന അദ്ധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട്.

ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "വണ്ടി വൈകുന്നേരം ഡർബനിൽ എത്തി. എനിക്ക് അന്നുരാത്രി ഉറങ്ങാനേ കഴിഞ്ഞില്ല. ആ പുസ്തകത്തിൽ പറയുന്ന ആദർശങ്ങൾക്കനുസരിച്ച് എന്റെ ജീവിതം മാറ്റുവാൻ ഞാൻ തീർച്ചയാക്കി. താമസിയാതെ ആ ഗ്രന്ഥം 'സർവോദയം' (Welfare of All) എന്ന് പേരിട്ട് ഞാൻ ഗുജറാത്തിയിലേയ്ക്ക് തർജമ ചെയ്തു." ആ ഗ്രന്ഥത്തിന്റെ ഉപദേശങ്ങളെ ഗാന്ധിജി മൂന്നായി സംഗ്രഹിച്ചു.

1. വ്യക്തിയുടെ നന്മ പൊതുനന്മയിൽ അടങ്ങിയിരിക്കുന്നു.
2. തൊഴിൽകൊണ്ട് ഉപജീവനം കഴിക്കാൻ എല്ലാവർക്കും തുല്യ അവകാശം ഉള്ളതിനാൽ വക്കീലിന്റെ ജോലിക്കും ബാർബറിന്റെ ജോലിക്കും ഒരേ മൂല്യമാണ് ഉള്ളത്.
3. അദ്ധ്വാനിച്ചുള്ള ജീവിതം – കർഷകരുടേയും കൈവേലക്കാരുടേയും ജീവിതമാണ് ഏറ്റവും നല്ല ജീവിതരീതി.

മനുഷ്യരാശിയുടെ പരസ്പരബന്ധത്തെ ഉയർത്തിക്കാട്ടുന്ന ആദ്യത്തെ തത്വത്തെക്കുറിച്ച് ഗാന്ധിജിക്ക് നേരത്തെതന്നെ അറിയാമായിരുന്നു. വ്യക്തിയുടെ ക്ഷേമം എല്ലാവരുടെയും ക്ഷേമവുമായി അഭേദ്യമായി

ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഇത് ഊന്നിപ്പറയുന്നു. എല്ലാവരുടെയും നന്മയ്ക്ക് മുൻഗണന നൽകുമ്പോൾ ആത്യന്തികമായി നമുക്ക് പ്രയോജനം ലഭിക്കും. എല്ലാ തൊഴിലുകൾക്കും തുല്യതയും അന്തസ്സും ബഹുമാനവും നൽകുന്ന രണ്ടാമത്തെ തത്വം അദ്ദേഹം അവ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്.

ഇത് സാമൂഹ്യ ശ്രേണികളെ വെല്ലുവിളിക്കുകയും, അന്തസ്സും പദവിയും പരിഗണിക്കാതെ എല്ലാ സംരംഭങ്ങൾക്കും സമാന മൂല്യം കൽപ്പിക്കുകയും, ഉപജീവനം നേടുന്നതിനുള്ള തുല്യ അവകാശത്തിന് ഊന്നൽ നൽകുകയും ചെയ്യുന്നു.

മൂന്നാമത്തെ തത്വം ഗാന്ധിജിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. അത് മണ്ണിൽ പണിയെടുക്കുന്നവനേയും കൈവേലക്കാരനേയും ആഴത്തിൽ വിലമതിക്കുന്നു. പ്രകൃതിയുമായി ബന്ധപ്പെട്ട് കഠിനാദ്ധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കാനും, കായികാദ്ധ്വാനത്തിന്റെ സൗന്ദര്യവും അന്തസ്സും തിരിച്ചറിയാനും സാധിക്കുന്ന മൂല്യവത്തായ ജീവിതത്തിലേയ്ക്ക് അത് നമ്മെ നയിക്കുന്നു. സമത്വപൂർണവും അനുകമ്പാപൂരിതവും ന്യായാധിഷ്ഠിതവും അർത്ഥപൂർണവുമായ സമൂഹത്തെയാണ് ഈ തത്വങ്ങൾ നമുക്ക് വാഗ്ദാനം ചെയ്യുന്നത്. ഗാന്ധിജി ഇതിനെ 'സർവോദയ സമൂഹം' എന്ന് വിളിച്ചു.

ജോൺ റസ്കിന്റെ 'അവസാനത്തെ ആൾക്കും' (Unto this Last) എന്ന ഗ്രന്ഥത്തിലെ മൂന്ന് തത്വങ്ങളിൽ രണ്ടാമത്തെയും മൂന്നാമത്തെയും തത്വങ്ങൾ ഒന്നാമത്തേതിൽ അടങ്ങിയിരിക്കുന്നു എന്ന് ഗാന്ധിജിക്ക് വ്യക്തമായി. ഈ തത്വങ്ങളെ പ്രയോഗവത്കരിക്കുന്നതിന്റെ ഭാഗമായാണ് ദക്ഷിണാഫ്രിക്കയിൽ ഡർബന് സമീപം ഫിനിക്സ് സെറ്റിൽമെന്റ് സ്ഥാപിച്ചത്.

ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും ഗാന്ധിജി സ്ഥാപിച്ച കമ്മ്യൂണിറ്റി സെറ്റിൽമെന്റുകൾ അഥവാ ആശ്രമങ്ങൾ സർവോദയത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങളും, അതിന്റെ പ്രയോഗവും നന്നായി ക്രമീകരിക്കുന്നതിന് വഴിയൊരുക്കി. ഗാന്ധിജിയുടെ ജീവിതദർശനം സമഗ്രമായിരുന്നു. സചേതനവും അചേതനവുമായ എല്ലാറ്റിന്റെയും ആന്തരികമായ ഐക്യത്തിൽ അത് വിശ്വസിച്ചിരുന്നു. സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും ക്ഷേമവും പ്രബുദ്ധതയും ലക്ഷ്യമാക്കിയുള്ള സർവോദയ തത്വങ്ങളെ അടിസ്ഥാനമാക്കി ഒരു പുതിയ സമൂഹം സ്ഥാപിക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

പ്രയോജനവാദക്കാരുടെ (Utilitarians) 'ഭൂരിപക്ഷത്തിന് ഭൂരിസുഖം' എന്ന ആശയത്തെ ഗാന്ധി നിരസിച്ചു. അത് അപകടകരമായ പ്രത്യാഘാതങ്ങൾ നിറഞ്ഞതാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിക്കൊണ്ട് 1926 ൽ ഇപ്രകാരം എഴുതി: 'അഹിംസയുടെ ഒരു ഉപാസകന് പ്രയോജനവാദത്തോട് (ഭൂരിപക്ഷത്തിന് ഭൂരിസുഖം) ഒരിക്കലും യോജിക്കാനാവില്ല. എല്ലാവരുടെയും പരമമായ നന്മയ്ക്കുവേണ്ടി അയാൾ പ്രയത്നിക്കുകയും ലക്ഷ്യത്തിലെത്തിച്ചേരാനുള്ള ശ്രമത്തിൽ മരണം വരിക്കുകയും ചെയ്യും.'

‘മറ്റുള്ളവർ ജീവിക്കുവാൻവേണ്ടി മരിക്കാൻ അയാൾ സന്നദ്ധനാവും. മരണം വരിക്കുന്നതിലൂടെ അയാൾ തന്നെയും മറ്റുള്ളവരെയും സേവിക്കും. എല്ലാവരുടെയും നന്മ എന്നതിൽ അനിവാര്യമായും ഭൂരിപക്ഷത്തിന്റെ നന്മയും ഉൾപ്പെടുന്നു. അതുകൊണ്ട്, അഹിംസോപാസകരും പ്രയോജനവാദികളും അവരുടെ ചര്യയിൽ പലപ്പോഴും ഒന്നിക്കുന്നു. പക്ഷേ, അവർക്ക് തമ്മിൽ പിരിയേണ്ട ഒരു ഘട്ടം തീർച്ചയായും ഉണ്ട്. പ്രയോജനവാദി, യുക്തിയനുസരിച്ച് ആത്മത്യാഗത്തിന് ഒരുമ്പെടുകയില്ല. ലോകക്ഷേമവാദി ത്യാഗത്തിനു പോലും സന്നദ്ധനാവും. ഇക്കാര്യത്തിൽ ഇരുകൂട്ടരും വിരുദ്ധദിശയിലായിരിക്കും.’

ജീവിതത്തിന്റെ എല്ലാ മേഖലകളിലും അഹിംസാതത്വം മുറുകെപ്പിടിക്കുക എന്നതാണ് സർവോദയ ആദർശത്തിന്റെ കാതൽ. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ധാർമികവുമായ മേഖലകളിലെല്ലാം അഹിംസയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. അഹിംസാമാർഗത്തിലൂടെ സത്യത്തിനുവേണ്ടിയുള്ള അന്വേഷണത്തിൽ ഒരു സത്യാഗ്രഹ ജീവിതരീതിക്ക് അത് ആഹ്വാനം ചെയ്യുന്നു.

ദാദാ ധർമ്മാധികാരിയും ഡി.ബി. കലേൽക്കറും ചേർന്ന് 1938 ൽ ‘സർവോദയ’ എന്ന പത്രിക തയ്യാറാക്കിയപ്പോൾ ഗാന്ധിജി നൽകിയ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു: “സത്യാഗ്രഹം ഇല്ലാതെ സർവോദയം അസാധ്യമാണ്.” സത്യാഗ്രഹം എന്ന വാക്ക് അതിന്റെ വ്യുൽപ്പത്തിപരമായ അർത്ഥത്തിലാണ് ഇവിടെ മനസ്സിലാക്കേണ്ടത്. അഹിംസയില്ലാത്തിടത്ത് സത്യസാന്നിധ്യത്തെ നിർബന്ധിക്കാനാകില്ല. അഹിംസ നേടാനാകുന്നിടത്ത് മാത്രമേ സർവോദയം സാധ്യമാകൂ. അഹിംസയുടെ നേട്ടം തപഃശ്ചര്യയെ ആശ്രയിച്ചിരിക്കുന്നു. വിശുദ്ധിയുള്ളിടത്താണ് തപഃശ്ചര്യയുണ്ടാകുന്നത്. നിരന്തരമായ പരിശ്രമവും ഗുണദോഷ വിവേചനവും ഇതിന് ആവശ്യകരമാണ്. പരിശുദ്ധമായ തപഃശ്ചര്യ പരിശുദ്ധമായ ജ്ഞാനത്തിലേക്ക് നയിക്കുന്നു. ആളുകൾ അഹിംസയെക്കുറിച്ച് സംസാരിക്കുന്നുണ്ടെങ്കിലും വസ്തുതകളെ അഭിമുഖീകരിക്കാനുള്ള സന്നദ്ധതപോലും കാണിക്കുന്നില്ല.

‘ഒരു ഉദാഹരണം എടുക്കുക. ഇന്ത്യ ഒരു ദരിദ്രരാജ്യമാണ്. ദാരിദ്ര്യം ഇല്ലാതാക്കാൻ നമ്മൾ ആഗ്രഹിക്കുന്നു. എന്നാൽ, ഈ ദാരിദ്ര്യം എങ്ങനെ ഉണ്ടായി? അതിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണ്? അത് എങ്ങനെ ഇല്ലാതാക്കാം? എന്നൊക്കെയുള്ള ഒരു പഠനം എത്രപേർ നടത്തിയിട്ടുണ്ട്?’

ഉപസംഹാരമായി ഗാന്ധിജി സർവോദയം എന്ന പത്രിക തയ്യാറാക്കുന്നവരുടെ കടമയെക്കുറിച്ച് ഓർമ്മിപ്പിച്ചു. അദ്ദേഹം പറഞ്ഞു: “സത്യം എവിടെ കണ്ടാലും നാം സ്വീകരിക്കണം. എവിടെ കണ്ടാലും അതിനെ പുകഴ്ത്തണം, പിന്തുടരണം. സത്യം എവിടെ കണ്ടാലും നാം സ്വീകരിക്കും. എവിടെ കണ്ടാലും അതിനെ പുകഴ്ത്തി പിന്തുടരും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സർവോദയദർശനത്തിന്റെ ഓരോ കണികയിലും അഹിംസയുടെയും, ജ്ഞാനത്തിന്റെയും നേർകാഴ്ച നമുക്കുണ്ടാകണം.”

സർവോദയചിന്തയെ അടിസ്ഥാനമാക്കി ഒരു പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത് ഒരു യഥാർത്ഥ തപഃശ്ചര്യയാണ്. അതിന് വളരെയധികം അർപ്പണബോധവും പ്രതിബദ്ധതയും ആവശ്യമാണ്. പീതാംബരൻ മാസ്റ്റർ വിവിധ അവസരങ്ങളിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. ഞാൻ രചയിതാവിനെ അഭിനന്ദിക്കുന്നു. വിമർശനാത്മക ആസ്വാദനത്തിനും അവലോകനത്തിനുമായി വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ശേഖരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില ലേഖനങ്ങൾ കൂടുതലായി പര്യവേക്ഷണം ചെയ്യപ്പെടാത്ത ചില മേഖലകളെ ഉൾക്കൊള്ളുന്നു. അവ വായനക്കാർക്ക് പുത്തൻ ഉൾക്കാഴ്ചകൾ നൽകുമെന്നും ഈ മേഖലയിൽ കൂടുതൽ ഗവേഷണത്തിന് വഴിയൊരുക്കുമെന്നും എനിക്ക് ഉറപ്പുണ്ട്.

ആഗസ്റ്റ് 15, 2024

സിബി കെ. ജോസഫ്
ഡയറക്ടർ
ഗാന്ധിയൻ ഗവേഷണകേന്ദ്രം & ഗ്രന്ഥശാല
സേവാഗ്രാം ആശ്രമം, വാർദ്ധ

ഉള്ളടക്കം

സർവോദയ വീക്ഷണങ്ങൾ

ഭരണഘടനാ ശില്പികൾ ഗാന്ധിജിയെ മറന്നുവോ? 14
സ്വതന്ത്രഭാരതത്തിൽ ഗാന്ധിജി ഉദ്ദേശിച്ച കർമ്മ പദ്ധതി 21
സർവോദയം പ്രയോഗ രൂപങ്ങൾ 25
ലോകനന്മയ്ക്കായി സർവോദയ ഭാരതം 34
ഗാന്ധിജിയുടെ ഒസ്യത്ത് നിരാകരിച്ചതെന്തിന്? 40
മതം: ഗാന്ധിജിയുടെ നിലപാട് 47
മഹാത്മാഗാന്ധിയും തൊഴിൽസമരങ്ങളും 53
ഗാന്ധിജിയും ഗാന്ധിയൻ സംഘടനകളും 57
ഗുരുവായൂർ സത്യാഗ്രഹവും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനവും 61
ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് 68
രാമസങ്കല്പം ഗാന്ധിജിയിൽ 70
ഭൂദാനം സാമൂഹ്യവിപ്ലവത്തിന് 73
ഗാന്ധി - ജെ.പി : ജീവിതത്തിലെ സമാനതകൾ 76
കേരള പാഠ്യപദ്ധതി ചട്ടക്കൂട് 79
സ്വാശ്രയ കേരളത്തിനായി സർവോദയ നിർദ്ദേശങ്ങൾ 93
വഴിതെറ്റുന്ന കക്ഷിരാഷ്ട്രീയം? 95
തിരഞ്ഞെടുപ്പുകാലത്തെ ചില ചിന്തകൾ 101
കേറെയിലും കേരളത്തിന്റെ ഭാവിയും 105
കാർഷിക നിയമം 2020 110
കേരളത്തിന്റെ രക്ഷയ്ക്കായി ഇപ്പോൾ ചെയ്യേണ്ടത് 114

അടിസ്ഥാന തത്വങ്ങൾ

സർവോദയ ദർശനം: അടിസ്ഥാന ആശയങ്ങൾ 120
ജയ് ജഗത് 124
വികേന്ദ്രീകരണം 125
ഹൃദയവിശുദ്ധി 126
ആദ്ധ്യാത്മികതയെ വീണ്ടെടുക്കുക 128
ത്യാഗം 130

വികസിത വ്യക്തിത്വം 132
സത്യം, അഹിംസ 134
സർവോദയ സൗന്ദര്യവീക്ഷണം 136
സർവധർമ്മ സമഭാവം 138
ഹരിത സമ്പദ്‌വ്യവസ്ഥ 140
ആധിപത്യം അപകടമാണ് 142
ഭരണകൂടവും പൊതുസമൂഹവും 144
സംവരണം ശാശ്വത പരിഹാരമല്ല 145
യഥാർത്ഥ ജനാധിപത്യം 147
കലാലയ രാഷ്ട്രീയം 148
ലഹരി വിരുദ്ധ സന്ദേശം 149
ദാരിദ്ര്യം 152

അനുസ്മരണങ്ങൾ

കസ്തൂർബാഗാന്ധി 154
ആചാര്യ വിനോബഭാവെ 162
കേരളഗാന്ധി കെ. കേളപ്പൻ 168
ഇ. ഇക്കണ്ടവാര്യർ 173
പി. ഗോപിനാഥൻ നായർ 176
തിരുവത്ര ദാമോദരൻ 179
പി. അച്യുതൻ നായർ 184
പ്രൊഫ. ജി. കുമാരപിള്ള 189
കെ.പി.എ. റഹീം മാസ്റ്റർ 197
പരിവ്രാജിക കെ. രാജമ്മ 200
പി. രാമചന്ദ്രൻ നായർ 203

സർവോദയ വീക്ഷണങ്ങൾ

ഭരണഘടനാ ശില്പികൾ ഗാന്ധിജിയെ മറന്നുവോ?

ഇന്ത്യാചരിത്രത്തിലെ ഒരു സുപ്രധാന ദിനമാണ് 1939 ജനുവരി 21. മഹാരാഷ്ട്രയിലെ ഒരു നാട്ടുരാജ്യമായിരുന്ന 'ഔന്ദ്' ജനകീയഭരണം സ്വീകരിക്കാൻ തീരുമാനിച്ചത് അന്നായിരുന്നു. അന്നുമുതൽ ഔന്ദിൽ രാജഭരണത്തിന് പകരം ജനകീയ ജനാധിപത്യം സ്ഥാപിതമായി. മഹാത്മാഗാന്ധി വിഭാവനം ചെയ്ത സർവോദയദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള 'ഗാന്ധിയൻ സ്വരാജ് ഭരണഘടന' അടിസ്ഥാനപ്രമാണമാക്കി ഭരണം ജനങ്ങളെ ഏൽപ്പിക്കുകയാണെന്ന് ഔന്ദിലെ അന്നത്തെ രാജാവായിരുന്ന രാജാ ഭവൻറാവു ശ്രീനിവാസ് പന്ത് പ്രതിനിധി 1939 ജനുവരി 21 ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ മകനും കിരീടാവകാശിയുമായിരുന്ന പരശുറാം റാവു പന്തിന്റെ (അപ്പാ സഹിദ് പന്ത്) അഭ്യർത്ഥന മാനിച്ചുകൊണ്ടാണ് രാജാവ് ഇപ്രകാരം തീരുമാനിച്ചത്. പോളണ്ടിൽ ജനിച്ച്, സാമൂഹ്യപ്രവർത്തകനും എൻജിനീയറുമായി ഇന്ത്യയിലെത്തിയ മോറീസ് ഫ്രീഡ്മാന്റെ ഉപദേശപ്രകാരമാണ് അപ്പാ സഹിദ് പന്ത് ഇപ്രകാരം ഒരു നിർദ്ദേശം രാജാവിന് മുമ്പിൽ വച്ചത്.

'ഗാന്ധിയൻ സ്വരാജ് ഭരണഘടന' അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് പൂർണമായ അധികാരവും അവസരവുമുള്ള ജനകീയ ഭരണമാണ് അന്നു മുതൽ ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതുവരെ ഔന്ദിൽ നിലനിന്നിരുന്നത്. ഗ്രാമതലത്തിൽ ജനപ്രതിനിധികളെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു; തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ചേർന്ന് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷനെ തിരഞ്ഞെടുക്കും. ഇവരിൽനിന്ന് താലൂക്ക് സമിതിയും താലൂക്ക് സമിതിയിൽ നിന്ന് പ്രവിശ്യ സമിതിയും രൂപീകരിക്കുന്നു. ഗ്രാമപഞ്ചായത്ത്, താലൂക്ക് പഞ്ചായത്ത്, പ്രവിശ്യ പഞ്ചായത്ത് എന്നീ തലങ്ങളിലാണ് പങ്കാളിത്ത ജനാധിപത്യ പ്രവർത്തനങ്ങൾ നടന്നിരുന്നത്. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം മറ്റ് നാട്ടുരാജ്യങ്ങളോടൊപ്പം ഔന്ദ് ഇന്ത്യൻ യൂണിയനിൽ ലയിച്ചതോടെ ഗാന്ധിയൻ സ്വരാജ് ഭരണഘടന അപ്രസക്തമായി.

പഞ്ചായത്തുകളെ അടിസ്ഥാനമാക്കിയുള്ള ഒരു രാജ്യഭരണ സംവിധാനം സാധ്യമാണെന്ന് ഔന്ദ് അനുഭവം ബോദ്ധ്യപ്പെടുത്തുന്നു. ഒരു രാജാവ് തന്റെ ആധിപത്യവും അധികാരങ്ങളുമെല്ലാം ഉപേക്ഷിച്ച് ജനങ്ങളുടെ സ്വയം ഭരണത്തിനായി അവസരം ഒരുക്കുക എന്നത് ലോകചരിത്രത്തിൽ തന്നെ ഏറ്റവും അപൂർവവും ശ്രദ്ധേയവുമായ സംഭവമാണ്.

ഔന്ദിലെ ജനാധിപത്യം ആകസ്മിക സംഭവമല്ല

ഔന്ദിലെ അധികാര കൈമാറ്റം ഒരു ആകസ്മിക സംഭവമായിരുന്നില്ല. ഭാരതീയ പൈതൃകത്തോടുള്ള ആദരവും സർവോദയ സമൂഹരചനയ്ക്കായുള്ള ഇച്ഛാശക്തിയുമാണ് ഔന്ദിലെ ജനാധിപത്യവിപ്ലവത്തിന് ചാലകശക്തിയായി വർത്തിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭാരതീയ നവോത്ഥാനത്തിനും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിനും ഊർജംപകർന്ന പ്രസ്ഥാനമായിരുന്നു പൂനയിലെ സാർവജനിക് സഭ. ദേശീയ നേതാക്കളായ ബാല ഗംഗാധര തിലകൻ, മഹാദേവ് ഗോവിന്ദ റാനഡെ, ഗണേഷ് വാസുദേവ് ജോഷി എന്നിവരെല്ലാം സാർവജനിക് സഭയിൽ സജീവമായിരുന്നു. ഔന്ദിലെ രാജാവായിരുന്ന രാജാ ഭവൻറാവു ശ്രീനിവാസ പന്ത് ആയിരുന്നു സാർവജനിക് സഭയുടെ അദ്ധ്യക്ഷൻ. ജനകീയ സാംസ്കാരിക പൈതൃക മനസ്സുള്ളവരായിരുന്നു രാജാ ഭവൻറാവുവും അദ്ദേഹത്തിന്റെ പുത്രൻ അപ്പ സഹിദ് പന്തും.പോളണ്ടിൽ ജനിച്ച മോറീസ് ഫ്രീഡ്മാൻ എൻജിനീയറിംഗ് ബിരുദമെടുത്തശേഷം ഫ്രാൻസിൽ ഇലക്ട്രിക്കൽ എൻജിനീയറായി പ്രവർത്തിക്കുമ്പോഴാണ് മൈസൂർ ദിവാനായിരുന്ന സർ മിർസ ഇസ്മയിൽ അദ്ദേഹത്തെ പരിചയപ്പെടുന്നത്. ബാംഗ്ലൂരിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഫാക്ടറിയുടെ ചുമതല ഏറ്റെടുക്കണമെന്ന് ഫ്രീഡ്മാനോട് ദിവാൻ അഭ്യർത്ഥിച്ചു. അഭ്യർത്ഥന സ്വീകരിച്ച് 1935 ൽ അദ്ദേഹം ഇന്ത്യയിലെത്തുകയും ഫാക്ടറിയുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. പോൾ ബ്രണ്ടന്റെ രചനകളിൽനിന്നും മറ്റു വായനകളിലൂടെയും ഭാരതീയ ദർശനത്തെക്കുറിച്ചും രമണമഹർഷിയെക്കുറിച്ചുമെല്ലാം മോറീസ് ഫ്രീഡ്മാൻ നേരത്തേ തന്നെ മനസ്സിലാക്കിയിരുന്നു. ഇന്ത്യയിലെ എൻജിനീയറിംഗ് സേവന കാലഘട്ടം ഫ്രീഡ്മാന്റെ ആത്മീയവികാസത്തിന് ഏറെ സഹായകമായി. ജോലിയിൽനിന്നും വിരമിച്ചതിനുശേഷം കാഞ്ഞങ്ങാട് ആനന്ദാശ്രമത്തിലെ സ്വാമി രാംദാസിൽനിന്ന് സന്യാസദീക്ഷ സ്വീകരിച്ച മോറീസ് ഫ്രീഡ്മാൻ ഭരതാനന്ദ എന്ന പേരിൽ അറിയപ്പെട്ടു എന്നത് മറ്റൊരു കഥ.

ഒരിക്കൽ ഔന്ദിലെ ഗ്രാമങ്ങൾ കടുത്ത വരൾച്ചയിൽ അകപ്പെട്ടു. നാട്ടിൽ കുടിവെള്ളം പോലും ഇല്ലാതായി. ഔന്ദിലെ കിരീടാവകാശിയായിരുന്ന അപ്പ സഹിദ് പന്ത് ഫ്രീഡ്മാനെ കണ്ട് സഹായം അഭ്യർത്ഥിച്ചു. ബാംഗ്ലൂരിലെ ജോലി ഉപേക്ഷിച്ച് അദ്ദേഹം ഔന്ദിലെത്തി. ഗാന്ധിജിയെക്കുറിച്ചും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തെക്കുറിച്ചും അടുത്തറിയാനും സഹകരിക്കാനും ജനങ്ങൾക്കുവേണ്ടി സേവനമനുഷ്ഠിക്കാനും മോറീസ് ഫ്രീഡ്മാൻ സദാ സന്ന

ദ്ധനായിരുന്നു. സ്വാശ്രയത്വത്തിന്റെ പ്രതീകമായിരുന്ന ചർക്കയെ ജനകീയ മാക്കാനും ധനുഷ് തക്ലി രൂപകൽപന ചെയ്യാനും ഫ്രീഡ്മാന്റെ സേവനം ഉപകരിച്ചിരുന്നു.

ഔന്ദിലെത്തിയ ഫ്രീഡ്മാൻ ഗ്രാമീണവും ജനകീയവുമായ പ്രവർത്ത നങ്ങളിലൂടെ 72 ഗ്രാമങ്ങളിലും ജലലഭ്യത ഉറപ്പുവരുത്തി. ഈ ഘട്ടത്തിലാണ് ഔന്ദിൽ, ഗാന്ധിജി ആഗ്രഹിക്കുന്നതുപോലെ ഒരു സർവോദയ ജനാധിപത്യ ഭരണക്രമം കൊണ്ടുവരണമെന്ന അഭ്യർത്ഥന മോറീസ് ഫ്രീഡ്മാൻ മുന്നോട്ടുവച്ചത്. തുടർന്ന് ഇരുവരും സേവാഗ്രാമിൽ എത്തി ഗാന്ധിജിയെ കണ്ട് തങ്ങളുടെ ആശയം പങ്കുവച്ചു. ഗാന്ധിജിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പൂർണസ്വരാജ് എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുന്നതിന് യോജിച്ച ഒരു ഭരണഘടന അവർ തയ്യാറാക്കി. ഫ്രീഡ്മാന്റെ ഉപദേശത്തെത്തുടർന്ന് ജനാ ധിപത്യത്തിനുവേണ്ടി രാജ്യാധികാരം ഒഴിയാൻ തയ്യാറാണെന്ന് 1938 നവം ബർ 23ന് തന്നെ രാജാ ഭവൻറാവു പ്രഖ്യാപിച്ചിരുന്നു.

ജനാധിപത്യം ഗാന്ധിജിയുടെ ബോധ്യം

ഇന്ത്യക്ക് അനുയോജ്യമായ ജനാധിപത്യ ഭരണക്രമത്തെക്കുറിച്ച് ഗാന്ധി ജിക്ക് വ്യക്തവും ശക്തവുമായ നിലപാടുണ്ടായിരുന്നു എന്നു വ്യക്തമാക്കുന്ന മഹത്തായ ജനകീയ മുന്നേറ്റമാണ് ഔന്ദിൽ നടന്നത്. ഗാന്ധിജിയുടെ കാഴ്ച പ്പാടിലുള്ള ജനാധിപത്യ സമ്പ്രദായത്തിന്റെ മൂന്ന് അടിസ്ഥാനതത്വങ്ങൾ ഇവയായിരുന്നു:

1. അടിസ്ഥാനതല ജനാധിപത്യം എന്നത് ഭാരതത്തിന്റെ ആന്തരിക ശക്തിയും സർവകാല സവിശേഷതയുമായിരുന്നു.
2. നാനാത്വങ്ങളുള്ള ഭാരതത്തിൽ സമന്വയവും സ്വാശ്രയത്വവും സ്വാത ന്ത്ര്യവും ഉറപ്പുവരുത്താൻ സഹകരണാത്മകവും വികേന്ദ്രീകൃതവുമായ അധികാര പരിസരം അനിവാര്യമാണ്.
3. പാശ്ചാത്യരീതിയിലുള്ള പാർലമെന്ററി ജനാധിപത്യം ഇന്ത്യ സ്വീകരി ച്ചാൽ അധികാര കേന്ദ്രീകരണം, സർവാധിപത്യം, മത-ജാതി വിഭാഗീ യതകൾ, അഴിമതി എന്നിവയ്ക്ക് കാരണമാകും.

ഋഗ്വേദത്തിലും, മഹാഭാരതത്തിലും, കൗടില്യന്റെ അർത്ഥശാസ്ത്ര ത്തിലും, ചൈനീസ് സഞ്ചാരികളുടെ യാത്രാക്കുറിപ്പുകളിലുമെല്ലാം ഭാരത ത്തിൽ അടിസ്ഥാനതല സ്വാശ്രിത സംവിധാനങ്ങൾ ഉണ്ടായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 1830 ൽ ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന സർ ചാൾസ് മെറ്റ്കാഫിന്റെ നേതൃത്വത്തിൽ നടന്ന പഠന റിപ്പോർട്ടിൽ ഇന്ത്യ യുടെ രണ്ട് ആന്തരികശക്തികളെക്കുറിച്ച് പറയുന്നുണ്ട്.

1. ഗ്രാമങ്ങളിൽ നിലനിൽക്കുന്ന വികേന്ദ്രീകൃതവും സ്വാശ്രിതവുമായ അധി കാര വ്യവസ്ഥ.
2. ഇന്ത്യയിൽ പൂർണ മദ്യപാനികൾ അഥവാ മുഴുക്കുടിയന്മാർ ഇല്ല.

ഈ രണ്ട് ശക്തികളെ അഥവാ ഗുണങ്ങളെ ഇല്ലാതാക്കിയാൽ മാത്രമേ ഇന്ത്യയിൽ സമ്പൂർണാധികാരം നിലനിർത്താനാകൂ എന്ന നിഗമനത്തിലാണ് പിന്നീട് ബ്രിട്ടീഷ് ഭരണാധികാരികൾ എത്തിച്ചേർന്നത്. 'ഗ്രാമങ്ങളിലാണ് ഇന്ത്യ ജീവിക്കുന്നത്' എന്ന ഗാന്ധിജിയുടെ വാക്കുകൾക്ക് അടിസ്ഥാനവും ഈ യാഥാർത്ഥ്യങ്ങളാണ്. അധികാരം വികേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ഗ്രാമീണ ഭരണസംവിധാനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും കുറവായിരിക്കുമെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അധികാരവും സമ്പത്തും പരമാവധി വികേന്ദ്രീകരിച്ചുകൊണ്ടുള്ള പങ്കാളിത്ത ജനാധിപത്യത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന ഭരണസംവിധാനം ഒരുക്കുകയാണ് സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനയിൽ ചെയ്യേണ്ടതെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു.

ഗാന്ധിയൻ ഭരണഘടന

സ്വാതന്ത്ര്യാനന്തര ഭാരതം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് മഹാത്മാഗാന്ധിക്കുണ്ടായിരുന്ന വ്യക്തമായ ധാരണയെക്കുറിച്ച് മനസ്സിലാക്കിയും ഉൾക്കൊണ്ടുമാണ് സാമ്പത്തിക-വിദ്യാഭ്യാസ പണ്ഡിതനും കോളേജ് പ്രിൻസിപ്പാളുമായിരുന്ന ശ്രീമൻ നാരായൺ അഗർവാൾ 'സ്വതന്ത്ര ഭാരതത്തിന് ഗാന്ധിയൻ ഭരണഘടന' എന്ന ഗ്രന്ഥം 1946 ൽ പ്രസിദ്ധീകരിച്ചത്. മഹാത്മാ ഗാന്ധിയാണ് 30.11.1945 ൽ ഈ ഗ്രന്ഥത്തിന് മുഖവുര എഴുതിയിട്ടുള്ളത്.

ശ്രീമൻ നാരായൺ വളരെക്കാലമായി തന്റെ പ്രസംഗങ്ങളേയും പ്രവർത്തനങ്ങളേയും സസൂക്ഷ്മം നിരീക്ഷിക്കുന്ന വ്യക്തിയാണെന്നും എഴുതുന്ന കാര്യങ്ങളിലെ ശരിതെറ്റുകൾ തന്നെ കാണിച്ച് ഉറപ്പുവരുത്താറുണ്ടെന്നും ഗാന്ധിജി പുസ്തകത്തിന്റെ മുഖവുരയിൽ വ്യക്തമാക്കുന്നു. സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടനയുടെ ദർശനവും അടിസ്ഥാന സമീപനവും എന്തായിരിക്കണമെന്നും വിവിധ മേഖലകളിൽ സ്വീകരിക്കേണ്ട ദിശാഗതി എന്തെന്നുമാണ് 'സ്വതന്ത്ര ഭാരതത്തിന് ഗാന്ധിയൻ ഭരണഘടന' എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ഭരണഘടനാ രൂപീകരണത്തെക്കുറിച്ച് സജീവ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഗാന്ധിജിയുടെ നിലപാടുകൾ വ്യക്തമാക്കുന്ന ഇത്തരം ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്. ഈ ഗ്രന്ഥം സ്വയമേവ ഒരു ഭരണഘടന അല്ലെന്നും ഭരണഘടനാ നിർമാണസഭയുടെ രൂപീകരണവും ഭരണഘടനയെക്കുറിച്ച് ചർച്ചയും നടക്കുമ്പോൾ പരിഗണിക്കാനും ഉൾക്കൊള്ളാനും ഉപകാരപ്രദമാകട്ടെ എന്നു കരുതിയാണ് ഗ്രന്ഥം തയ്യാറാക്കിയതെന്നും ശ്രീമൻ നാരായൺ വ്യക്തമാക്കുന്നു.

മുഖവുര, അടിസ്ഥാനതത്വങ്ങൾ, ജനാധിപത്യഘട്ടം, ഗാന്ധിയൻമാർഗം എന്നിവ ഉൾപ്പെടുന്ന ഒന്നാംഭാഗവും, മൗലികാവകാശങ്ങളും കടമകളും, ഗ്രാമം അടിസ്ഥാനഘടകം, താലൂക്ക്-ജില്ലാ പഞ്ചായത്തുകൾ, പ്രാദേശിക (സംസ്ഥാന) ഗവണ്മെന്റ്, ദേശീയ ഗവണ്മെന്റ്, നിയമസംവിധാനം, തിരഞ്ഞെടുപ്പ് സംവിധാനം, ഇന്ത്യയിലെ സംസ്ഥാനങ്ങൾ, ദേശീയ പ്രതിരോധം, ന്യൂന പക്ഷ പ്രശ്നങ്ങൾ, വിദേശനയം, ധനകാര്യവും നികുതിയും, ദേശീയ

സമ്പത്ത്, വിദ്യാഭ്യാസം, കുറ്റവും ശിക്ഷയും, പൊതുസേവനങ്ങൾ, പലവക, ഉപസംഹാര നിരീക്ഷണങ്ങൾ എന്നീ അദ്ധ്യായങ്ങൾ ഉൾപ്പെടുന്ന രണ്ടാം ഭാഗവും ഉൾക്കൊള്ളുന്നതാണ് 'സ്വതന്ത്രഭാരതത്തിന് ഗാന്ധിയൻ ഭരണഘടന' എന്ന ഗ്രന്ഥം.

ഗാന്ധിയൻ ഭരണഘടന പരിഗണിക്കപ്പെട്ടുവോ?

ഓരോ രാജ്യത്തിനും അതിന്റേതായ പൈതൃകവും പാരമ്പര്യവും, സ്വഭാവ സവിശേഷതകളും, സാധ്യതകളുമുണ്ട്. ഇവയെല്ലാം പരിഗണിച്ചുകൊണ്ട് ഓരോ രാജ്യവും തനിമയുള്ള ഭരണഘടന തയ്യാറാക്കണമെന്ന അഭിപ്രായ മാണ് ഗാന്ധിജി പ്രകടിപ്പിച്ചത്. ഒരു ഭരണഘടനയും മറ്റൊരു രാജ്യത്തിന്റെ ഭരണഘടനയുടെ ഒപ്പുതാളുകളായി മാറരുത്. ഇത് ഒരു ദുരഭിമാനമല്ല; നമ്മുടെ സാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ടുള്ള നിലപാടാണെന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. സ്വാശ്രയത്വം, ജനാധിപത്യം, പൊതുഭരണം, അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവയിലെല്ലാം ലോകത്തിനു മുഴുവൻ മാതൃകയാക്കാവുന്ന ദർശനവും രീതിശാസ്ത്രവും ഭാരതത്തിന്റെ ഭരണഘടനയിൽ ഉണ്ടാവണ മെന്നും, ഭാരതത്തിനു മാത്രമെ ഇതു സാധിക്കൂ എന്നുമാണ് ഗാന്ധിജി ഉറ പ്പിച്ചു പറയുന്നത്.

ഭരണഘടനാ നിർമാണസഭയിൽ നടന്ന ചർച്ചകളും തീരുമാനങ്ങളു മെല്ലാം ഇപ്പോൾ പൊതുരേഖയാണല്ലോ. ഗ്രാൻവിൽ ഓസ്റ്റിന്റെ 'ഇന്ത്യൻ ഭരണഘടന' എന്ന ഗ്രന്ഥത്തിൽ ഭരണഘടനാ നിർമാണസഭയിൽ നടന്ന സുപ്രധാനമായ ചർച്ചകളെല്ലാം ചേർത്തിട്ടുണ്ട്. ഗാന്ധിയൻ ഭരണഘടനയ്ക്ക് ഗൗരവമായ പരിഗണന ലഭിക്കാത്തതിനെ സംബന്ധിച്ചും സഭയിൽ സജീ വമായ ചർച്ചകൾ നടന്നിരുന്നു. ഒടുവിൽ ഭരണഘടനയുടെ നിർദ്ദേശക തത്വ ങ്ങൾ എന്ന ഭാഗത്ത് ഗാന്ധിയൻ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന സ്വയംഭരണം, പഞ്ചായത്ത്‌രാജ്, മദ്യനിരോധനം, ഗ്രാമവ്യവസായം തുടങ്ങിയവ ഉൾപ്പെ ടുത്തി പ്രശ്നം പരിഹരിച്ചു. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ പേര് ഭരണ ഘടനയുടെ ആമുഖത്തിൽ ചേർക്കണമെന്ന ആവശ്യം ഭരണഘടനാ നിർമാ ണസഭയിൽ അംഗമായിരുന്ന ഷിബൻലാൽ സക്സേന ഉന്നയിച്ചു. മറ്റൊ രംഗം ബ്രജേശ്വർ പ്രസാദ് അതിനെ ശക്തിയായി എതിർത്തു. ഇത് ഒരു ഗാന്ധിയൻ ഭരണഘടനയല്ലെന്നും അമേരിക്കൻ - ബ്രിട്ടീഷ് മാതൃകകളെ പിൻപറ്റുന്നതാണെന്നും അതുകൊണ്ടുതന്നെ മഹാത്മാഗാന്ധിയുടെ പേര് ഇതിലേയ്ക്ക് വലിച്ചിഴയ്ക്കരുതെന്നുമാണ് അദ്ദേഹം പ്രതികരിച്ചത്. 'ഭരണ ഘടനാനിർമാണസഭ ഗാന്ധിയൻ ഭരണഘടനയെക്കുറിച്ച് ഒരു നിമിഷം പോലും ചിന്തിച്ചിട്ടില്ല' എന്നാണ് 'ഇന്ത്യൻ ഭരണഘടന' എന്ന ഗ്രന്ഥത്തിൽ ഗ്രാൻവിൽ ഓസ്റ്റിൻ വ്യക്തമാക്കുന്നത്. അദ്ദേഹം പറയുന്നു: "ഗാന്ധിജി യുടെ സമീപനം പ്രായോഗികവും ആധുനികവുമല്ലെന്ന് നെഹ്റു വാദിച്ചു. ആഭ്യന്തര ഭീഷണികളെ നേരിടാനും സമ്പദ്‌വ്യവസ്ഥയെ വളർത്താനും ഹിന്ദു-മുസ്ലിം ലഹളകൾ ശമിപ്പിക്കാനും നാട്ടുരാജ്യങ്ങളുടെ ഭിന്നിച്ചുപോകൽ

പ്രവണത അവസാനിപ്പിക്കാനും ഒരു കേന്ദ്രീകൃത ഭരണഘടന വേണമെന്നാണ് ജവഹർലാൽ നെഹ്റു അഭിപ്രായപ്പെട്ടത്.” ‘ഹിന്ദ്സ്വരാജി’ൽ പറയുന്ന സമൂഹരചനയോട് തനിക്ക് യോജിപ്പില്ലെന്ന് 1945 ൽ തന്നെ നെഹ്റു വ്യക്തമാക്കിയിരുന്നു.

“ഇന്ത്യൻ ഗ്രാമങ്ങൾ, അജ്ഞത, അന്ധവിശ്വാസം, ജാതി-മത വിഭാഗീയത, പ്രാദേശീകത തുടങ്ങിയവയുടെ ആകെത്തുകയാണെന്നും ഇത്തരം ഗ്രാമങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള പൊതുഭരണ വ്യവസ്ഥ ഗുണം ചെയ്യില്ല” എന്നുമാണ് ഡോ. ബി.ആർ. അംബേദ്കർ അഭിപ്രായപ്പെട്ടത്.

പുനർചിന്തനം അനിവാര്യം

കേന്ദ്രീകൃത ഭരണവ്യവസ്ഥ, കേന്ദ്രീകൃത ആസൂത്രണം, വൻകിട പദ്ധതികൾ എന്നിവയുമായി സ്വതന്ത്രഭാരതം മുന്നോട്ട് പോയി. സ്വാതന്ത്ര്യം ലഭിച്ച് 48 വർഷങ്ങൾക്കുശേഷം എട്ടാം പഞ്ചവത്സര പദ്ധതിയുടെ അവലോകനത്തിൽ അതുവരെ പദ്ധതികൾക്കായി ചെലവഴിച്ച തുകയെക്കുറിച്ചും ഗുണഫലത്തെക്കുറിച്ചും ഒരു വിലയിരുത്തൽ നടത്തുകയുണ്ടായി. ചെലവഴിച്ച കോടിക്കണക്കിന് രൂപയുടെ 15 ശതമാനം മാത്രമേ യഥാർത്ഥത്തിൽ പദ്ധതി പ്രവർത്തനമായി നടന്നിട്ടുള്ളൂ എന്ന് അവലോകനത്തിൽ വ്യക്തമായി. ബാക്കി 85 ശതമാനം ഇടത്തട്ടുകാർ തട്ടിയെടുത്തു എന്ന് ഇന്ത്യൻ പാർലമെന്റിൽ സർക്കാരിന് പരസ്യമായി പ്രഖ്യാപിക്കേണ്ടിവന്നു. തുടർന്നാണ് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് - നഗരപാലിക സംവിധാനം 1995 ൽ നിലവിൽ വന്നത്. ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ പല അധികാരങ്ങളും കവർന്നെടുക്കുന്ന നിയമങ്ങൾ ഇതിനകംതന്നെ ചില സംസ്ഥാന നിയമസഭകളും പാർലമെന്റും പാസ്സാക്കിക്കഴിഞ്ഞു.

ജനാധിപത്യം എന്ന് പേരു വിളിക്കുമ്പോഴും ജനങ്ങൾ ഇന്ന് കേവലം വോട്ടുകുത്ത് ജീവികൾ മാത്രമാണ്. സ്ഥാനാർത്ഥികളേയും ഭരണത്തേയും ജനപ്രതിനിധികളേയുമെല്ലാം നിശ്ചയിക്കുന്നത് രാഷ്ട്രീയ പാർട്ടികളും അവയിലെ പ്രബലമായ ഗ്രൂപ്പും ഗ്രൂപ്പിന്റെ നേതാവുമാണ്. ജനം കാഴ്ചക്കാർ മാത്രം. വൻതുക മുടക്കി തിരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച് ജനപ്രതിനിധികളാകുന്നവർ പണം വീണ്ടെടുക്കാൻ അഴിമതിക്കാരായി മാറുന്നു. ജാതി-മതം-കക്ഷിരാഷ്ട്രീയം എന്നിവയുടെ പേരിൽ ജനങ്ങളെ ഭിന്നിപ്പിച്ചു നിർത്തി വോട്ടുബാങ്കുകൾ സൃഷ്ടിക്കുന്നു. കാർഷിക-വ്യവസായ-സേവന മേഖലകളിലെല്ലാം ബഹുരാഷ്ട്രക്കുത്തകകൾ കടന്നുകയറുമ്പോൾ ഗ്രാമത്തിന്റെ സ്വാശ്രയത്വവും സ്വാവലംബനവും തകർന്ന് ജനങ്ങൾ ദരിദ്രരാകുന്നു. കലയും സാഹിത്യവും വിദ്യാഭ്യാസവുമെല്ലാം ജാതി-മത-കക്ഷി രാഷ്ട്രീയത്തിൽ പെട്ട് സങ്കുചിതവും വിഫലവുമാകുന്നു. അഴിമതിയും അക്രമവും പെരുകുന്നു. ഈ അവസ്ഥ മാറുകതന്നെ വേണം.

കൊറോണയിൽ ലോകം ആടിയുലഞ്ഞപ്പോഴാണ് ജീവിതത്തെ ക്രമപ്പെടുത്താൻ, സ്വാശ്രയത്വവും സഹകരണവും സ്വാവലംബവും ഗ്രാമപഞ്ചാ

യത്തുകളും അയൽക്കൂട്ടങ്ങളും ആത്മനിർഭർ ഭാരതവും അനിവാര്യമാണെന്ന് നമുക്ക് മനസ്സിലായത്. മലിനീകരണത്തേയും ആഗോളതാപനത്തേയും പ്രതിരോധിക്കാനും അതിജീവിക്കാനും അയൽക്കൂട്ടങ്ങളും പ്രാദേശിക സമിതികളുമാണ് വേണ്ടതെന്ന വികേന്ദ്രീകൃത തത്വം സ്വാഭാവികമായും ഇന്ന് നാം മനസ്സിലാക്കുന്നു. ഭരണഘടനാദിനമായ നവംബർ 26 ന് 'ഭാരതം ജനാധിപത്യത്തിന്റെ മാതാവ്' എന്ന വിഷയത്തെക്കുറിച്ചാണ് 2022 ൽ നാം ചർച്ച ചെയ്തതെന്നോർക്കുക.

പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക വഴി രാഷ്ട്രസമ്പദ്‌വ്യവസ്ഥയെ സംരക്ഷിക്കാമെന്നും സ്വാശ്രയത്തിലൂടെ ദേശീയ പ്രതിരോധം സൃഷ്ടിക്കാമെന്നും നാം ഇപ്പോൾ പറഞ്ഞുതുടങ്ങിയത് നല്ലതുതന്നെ. ഇവയെല്ലാം സാധ്യമാകണമെങ്കിൽ ഗാന്ധിയൻ-സർവോദയ ദിശയിലുള്ള ഒരു ഭരണഘടന നമുക്കുണ്ടാവണം. ഗ്രാമപഞ്ചായത്ത് മുതൽ ദേശീയ പഞ്ചായത്ത് വരേയുള്ള പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കണം. ഭാവിയിൽ ഒരു ആഗോള (അന്താരാഷ്ട്ര) പഞ്ചായത്തിനായുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ ഭാരതത്തിന് സാധിക്കണം.

❐

സ്വതന്ത്രഭാരതത്തിൽ ഗാന്ധിജി ഉദ്ദേശിച്ച കർമ്മപദ്ധതി

മഹാത്മാഗാന്ധിയുടെ കർമ്മപദ്ധതികളും രീതിശാസ്ത്രവും തികച്ചും അതുല്യവും ഐതിഹാസികവുമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മൂന്ന് ദശാബ്ദക്കാലം ഭാരതത്തിൽ നടന്ന അസാധാരണവും അഹിംസാധിഷ്ഠിതവുമായ സാമൂഹ്യ മുന്നേറ്റത്തിലൂടെയാണ് മുഖ്യമായും നമുക്ക് സ്വാതന്ത്ര്യം ലഭിച്ചത്.

സ്വാതന്ത്ര്യപ്രസ്ഥാനത്തിന് നേതൃത്വം നൽകിയ വ്യക്തി, സ്വാതന്ത്ര്യലബ്ധിയോടെ പ്രസ്തുത രാജ്യത്തിന്റെ ഭരണാധികാരിയായി മാറുക എന്ന കീഴ്വഴക്കമാണ് ലോകചരിത്രത്തിലുടനീളം കാണാൻ സാധിക്കുക. എന്നാൽ, ഇവിടെ ഗാന്ധിജി ഒരു അധികാരവും കൈയാളാൻ തയ്യാറായില്ല. അത് ഉദാസീനതകൊണ്ടോ വിശ്രമജീവിതത്തോടുള്ള താല്പര്യംകൊണ്ടോ ആയിരുന്നില്ല. ഉത്തരവാദിത്തരാഹിത്യവും ആയിരുന്നില്ല. കൂടുതൽ ശക്തവും സ്വതന്ത്രവുമായ തുടർപ്രവർത്തനങ്ങളെകുറിച്ചുള്ള വ്യക്തമായ ഉൾക്കാഴ്ചയാണ് ഈ നിലപാടിന് ആധാരം. സ്ഥാനമാനങ്ങൾ സൃഷ്ടിക്കുന്ന അപൂർണതകളെക്കൂടി അകറ്റിനിർത്തിക്കൊണ്ട് അതിസൂക്ഷ്മവും അതിവിപുലവുമായ ഒരു തുടർ കർമ്മപദ്ധതിയാണ് സ്വതന്ത്രഭാരതത്തിനായി ഗാന്ധിജി വിഭാവനം ചെയ്തത്.

ബ്രിട്ടീഷുകാർ ഇന്ത്യവിട്ട് പോകുമ്പോൾ നമുക്ക് ലഭിക്കുന്നത് കേവലം രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമാണ്. പ്രസ്തുത സ്വാതന്ത്ര്യത്തെ അട്ടിമറിക്കാൻ വൈദേശികമോ സ്വദേശീയമോ ആയ ആധിപത്യശക്തികൾക്ക് വളരെ എളുപ്പം സാധിക്കും. സ്വാതന്ത്ര്യത്തെ സുസ്ഥിരതയിലേയ്ക്ക് നയിക്കണമെങ്കിൽ സാമ്പത്തികരംഗത്തും സാമൂഹ്യരംഗത്തും ധാർമികരംഗത്തും വളർച്ചയും സ്വാശ്രയത്വവും ഉണ്ടാകണം. സത്യാഗ്രഹത്തിൽ അധിഷ്ഠിതമായ സ്വാതന്ത്ര്യസമരത്തോടൊപ്പം 18 ഇനങ്ങളിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ അദ്ദേഹം ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നത് ഒരു സമഗ്രവും സുസ്ഥി

രവുമായ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ്. രാഷ്ട്രീയ സ്വാതന്ത്ര്യത്തെ സ്വരാജിലേയ്ക്ക് വികസിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ രീതിശാസ്ത്രം.

അതിസൂക്ഷ്മം അതിവിപുലം

ഗാന്ധിജിയുടെ മൂന്നാമത്തെ പുത്രനായ രാംദാസ് ഗാന്ധിയുടെ മകളും സിവിൽ സർവീസ് ഉദ്യോഗസ്ഥയും സാമൂഹ്യപ്രവർത്തകയുമായ സുമിത്രാ ഗാന്ധി കുൽക്കർണി വളരെ ആധികാരികതയോടെ രചിച്ച 'അമൂല്യ പൈതൃകം' എന്ന പുസ്തകത്തിൽ, സ്വതന്ത്രഭാരതത്തിൽ ഗാന്ധിജി നടപ്പാക്കാനുദ്ദേശിച്ച കർമ്മപദ്ധതിയെക്കുറിച്ച് താഴെ പറയുംപ്രകാരം പട്ടികപ്പെടുത്തുന്നു.

1. എല്ലാ ഗ്രാമങ്ങളും ചുറ്റി കർഷകരേയും ദരിദ്രരായ ഗ്രാമീണരേയും സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് ബോധവാന്മാരാക്കുക. പൗരന്മാർക്ക് യഥാർത്ഥ മഹത്വം നേടിയെടുക്കാൻ അവസരമുണ്ടാക്കുക. കർഷകർക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും കർത്തവ്യത്തെക്കുറിച്ചും ബോധം വരുന്നതോടെ അവർ ചൂഷണത്തിൽ നിന്നും വിമുക്തമാകും. അതുവഴി സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങൾ എല്ലാവർക്കും ലഭിക്കും.
2. രാജ്യത്തെ 10 കോടി യുവാക്കളെ സംഘടിപ്പിക്കുക. ഇവർക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം കൊടുത്ത് ഭാവിയിലെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തി നൽകുക.
3. രാജ്യത്ത് സുവ്യക്തമായ ഒരു രാഷ്ട്രീയ പരിതഃസ്ഥിതി ഉണ്ടാവുകയും രാഷ്ട്രത്തെ പുതിയ ദിശയിലേയ്ക്ക് നയിക്കുകയും ചെയ്യുക.

മേൽപറഞ്ഞ ത്രിവിധ കർമ്മപദ്ധതി ഒറ്റ നോട്ടത്തിൽ ലളിതമാണെന്ന് തോന്നാം. പക്ഷെ, ഭാരതീയ സമൂഹത്തിൽ അതിസൂക്ഷ്മതലത്തിൽ ചലനങ്ങൾ ഉണ്ടാക്കുന്നതും അതിവിപുലമായ സാമൂഹ്യമാറ്റങ്ങൾക്ക് കാരകമാകുന്നതുമായിരുന്നു ഈ ത്രിവിധ പദ്ധതി.

ഇന്ത്യൻ ജനതയിൽ ആത്മാഭിമാനബോധവും സ്വാശ്രയത്വവും സ്വാവലംബം സാധ്യമാക്കുന്ന സഹകരണാത്മകമായ സർവോദയസമൂഹസൃഷ്ടിയാണ് അദ്ദേഹം ലക്ഷ്യമിട്ടത്. ഭൂരിപക്ഷം വരുന്ന കർഷകരേയും ഗ്രാമീണരേയും തികച്ചും നിഷ്പക്ഷവും സ്വതന്ത്രവുമായ സഹകരണസംഘങ്ങളിലൂടെ ശക്തരും കർമ്മനിരതരും ഉത്തരവാദിത്തബോധമുള്ളവരുമാക്കി മാറ്റുക എന്നതായിരുന്നു ഇതിനുള്ള മാർഗം.

യുവാക്കളുടെ അഭിരുചിക്കനുസരിച്ച് അവരെ കാർഷിക-വ്യവസായ-സേവന മേഖലകളിൽ പരിശീലനം നൽകി കർമ്മോത്സുകരാക്കാനുള്ളതാണ് രണ്ടാമത്തെ പദ്ധതി. ലക്ഷ്യബോധമുള്ള യുവാക്കൾ ഏറ്റെടുക്കുന്ന ഏതൊരു തൊഴിലും സമൂഹത്തിനുവേണ്ടിയുള്ള സമ്പൂർണ സമർപ്പണമായി മാറുമ്പോൾ രാഷ്ട്രപുനർനിർമ്മാണ പ്രവർത്തനം സുസാദ്ധ്യമാകും. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് രൂപംകൊണ്ട ഇടക്കാല ഗവൺമെന്റും സ്വാതന്ത്ര്യലബ്ധിക്ക്

ശേഷം രൂപംകൊണ്ട ഗവൺമെന്റും പാർലമെന്ററി ജനാധിപത്യത്തിന്റേതായ ശൈലിയാണ് സ്വീകരിച്ചതെങ്കിലും അനതിവിദൂരഭാവിയിൽ അത് നമ്മുടെ പൈതൃകത്തിൽ അധിഷ്ഠിതമായ രീതിയിലുള്ള ജനകീയജനാധിപത്യത്തിലേയ്ക്ക് പരിവർത്തിപ്പിച്ച് വികസിപ്പിക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ മൂന്നാമത്തെ കർമ്മപദ്ധതി. ഗ്രാമപ്പഞ്ചായത്ത് തലത്തിൽ പ്രത്യക്ഷവും മുകൾതലങ്ങളിൽ പരോക്ഷവുമായ തിരഞ്ഞെടുപ്പ് രീതി. ഇത്തരം ഒരു തിരഞ്ഞെടുപ്പ് രീതിക്കുവേണ്ടി നാടെങ്ങും സഞ്ചരിച്ച് അഭിപ്രായം ശക്തമാക്കുമെന്ന് അദ്ദേഹം 1931 ൽ വ്യക്തമാക്കിയിരുന്നു. മഹാത്മജിയുടെ നിർദ്ദേശപ്രകാരംതന്നെ 1939 ൽ ഔന്ദ് എന്ന നാട്ടുരാജ്യത്തിൽ ഇത്തരം ഒരു മാതൃകാപരീക്ഷണം ഏറെക്കുറെ വിജയകരമായി മുന്നേറിയിരുന്നു.

കക്ഷിരാഷ്ട്രീയ വിമുക്തമായ പൊതുഭരണം

ഭാവിഭാരതത്തെക്കുറിച്ചുള്ള സമഗ്രവീക്ഷണത്തോടുകൂടിയാണ് സ്വാതന്ത്ര്യാനന്തരം മഹാത്മജി ത്രിവിധ കർമ്മപദ്ധതി ആവിഷ്കരിച്ചത്. തികച്ചും നിക്ഷ്പക്ഷമായ ജനസേവനപ്രസ്ഥാനത്തിലൂടെ ഈ പദ്ധതികൾ പ്രാവർത്തികമാക്കണമെന്നാണ് ഗാന്ധിജി ഉദ്ദേശിച്ചത്. രക്തസാക്ഷിത്വം വരിക്കുന്നതിന്റെ തലേദിവസം 1948 ജനുവരി 29 ന് അദ്ദേഹം ഒരു ജനസേവാപ്രസ്ഥാനത്തിനുള്ള ഭരണഘടന എഴുതിയുണ്ടാക്കി. അക്കാലത്തെ കേന്ദ്രമന്ത്രിസഭയിൽ ആദ്യത്തെ രണ്ട് സ്ഥാനങ്ങൾ വഹിച്ചുകൊണ്ടിരുന്ന നെഹ്റു, സർദാർവല്ലഭ്ഭായി പട്ടേൽ എന്നിവരിൽ ഒരാളെ രൂപീകൃതമാകുന്ന ജനസേവപ്രസ്ഥാനത്തിൽ സജീവമാക്കണമെന്നും ഗാന്ധിജി ആഗ്രഹിച്ചിരുന്നു. 1948 ജനുവരി 30 ന് വൈകുന്നേരം സർദാർ വല്ലഭ്ഭായ് പട്ടേലുമായി സംസാരിച്ചതിന്ശേഷം ഗാന്ധിജി പുതിയൊരു തീരുമാനത്തിലെത്തി. രണ്ടുപേരും ഇപ്പോഴത്തെപ്പോലെ സർക്കാരിൽ തുടരട്ടെ. ജനസേവാപ്രസ്ഥാനത്തിനുവേണ്ടി തയ്യാറാക്കിയ ഭരണഘടന കോൺഗ്രസ്സിനായുള്ള പുതിയ ഭരണഘടന എന്നാണ് പിന്നീട് അറിയപ്പെട്ടത്. കോൺഗ്രസ് പിരിച്ചുവിടാൻ ഗാന്ധിജി നിർദ്ദേശിച്ചു എന്ന പ്രചരണം വ്യാപകമായി. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ കോൺഗ്രസ് എന്ന ദേശീയപ്രസ്ഥാനത്തിന്റെ ദൗത്യം പൂർത്തീകരിച്ചു. ഇനി അതേ സ്വഭാവത്തിൽ അത് തുടരേണ്ടതില്ല. സ്വാതന്ത്ര ഭാരതത്തിന്റെ സമഗ്ര പുരോഗതിക്കായി പ്രവർത്തിക്കുന്ന ഒരു ജനസേവാപ്രസ്ഥാനമാണ് തുടർന്ന് ആവശ്യം. കോൺഗ്രസ് മാത്രമല്ല, ഒരു കക്ഷിരാഷ്ട്രീയ പ്രസ്ഥാനവും ആവശ്യമില്ല എന്നാണ് ഉദ്ദേശിച്ചത്. രാഷ്ട്രീയ കക്ഷികൾ സാമൂഹ്യസേവനപ്രസ്ഥാനങ്ങളായി ഗുണപരമായ പരിവർത്തനം ചെയ്യണമെന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

അദ്ദേഹം പറയുന്നു: "ഇന്ത്യയുടെ കഷ്ടകാലത്തിന് കക്ഷിതിരിവുകളും ഭിന്നതകളും നമ്മുടെ നഗരങ്ങളിലെന്നപോലെ ഗ്രാമങ്ങളിലും കാണാം. രാഷ്ട്രീയകക്ഷികൾക്ക് ഗ്രാമങ്ങളുടെ ക്ഷേമത്തെപ്പറ്റി ശ്രദ്ധ കുറവായും കക്ഷിബലം വർദ്ധിപ്പിക്കുന്നതിന് അവയെ ഉപയോഗപ്പെടുത്തുന്നതിൽ ശ്രദ്ധ കൂടു

തലായും കാണുന്നു. കക്ഷിരാഷ്ട്രീയം (ശക്തിരാഷ്ട്രീയം) നമ്മുടെ ഗ്രാമങ്ങളിൽ കടന്നുകൂടുമ്പോൾ അത് ഗ്രാമീണ പുരോഗതിക്ക് സഹായകരമല്ല, തടസ്സമായാണ് തീരുന്നത്." *ഗാന്ധിജി, ഹരിജൻ 2-3-1947 (പഞ്ചായത്തിരാജ്)*

ഇന്ത്യൻ പൈതൃകത്തിലധിഷ്ഠിതമായ ജനകീയ ജനാധിപത്യം എന്ന ഗാന്ധിയൻ ആശയത്തിന് ഭരണഘടന നിർമ്മാണവേളയിൽ കാര്യമായ പരിഗണന ലഭിച്ചില്ല.

പാശ്ചാത്യനാടുകളിലേതുപോലെ രാഷ്ട്രീയ കക്ഷികളുടെ ആധിപത്യം നിലനിർത്തുന്ന കക്ഷിരാഷ്ട്രീയ പാർലമെന്ററി സംവിധാനമാണ് നടപ്പാക്കാൻ ശ്രമിച്ചത്. രാജ്യത്തിന്റെ വിഭജനത്തെത്തുടർന്നുണ്ടായ വർഗീയകലാപങ്ങൾ, അഭയാർത്ഥിപ്രവാഹം, നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്രമായി നിൽക്കാൻ നാട്ടുരാജ്യങ്ങൾക്ക് ലഭിച്ച അവസരം എന്നിവ കണക്കാക്കി സ്വാതന്ത്ര്യലബ്ധിക്ക് ഉടനെ കുറച്ച് കാലത്തേക്ക് കേന്ദ്രീകൃതഭരണം വേണമെന്നായിരുന്നു ചില ദേശീയ നേതാക്കൾ അഭിപ്രായപ്പെട്ടത്.

എന്നാലിപ്പോൾ അസാധാരണമായ അത്തരം സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചു. 75 വർഷങ്ങൾ പിന്നിട്ടു. സമൂഹത്തിൽ ഭിന്നിപ്പുണ്ടാക്കുന്ന കക്ഷിരാഷ്ട്രീയവും അവയെ അടിസ്ഥാനപ്പെടുത്തിയുള്ള തിരഞ്ഞെടുപ്പും ഇപ്പോഴും തുടരുകയാണ്.

കക്ഷിരാഷ്ട്രീയമില്ലാത്ത ജനകീയ ജനാധിപത്യം ഇവിടെ പ്രാവർത്തികമാക്കുക എന്നതാണ് മഹാത്മാഗാന്ധിക്കായി നൽകാവുന്ന പവിത്രമായ ആദരാഞ്ജലി.

❐

സർവോദയം പ്രയോഗ രൂപങ്ങൾ

മഹാത്മാഗാന്ധി വിഭാവനം ചെയ്ത ദർശനത്തിനും രീതിശാസ്ത്രത്തിനും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും സ്വീകാര്യത ഏറിവരികയാണ്. പൗരാവകാശം, വർണവിവേചനം, അന്തരീക്ഷമലിനീകരണം, വിഭവങ്ങളുടെ വിനിയോഗം, പരിസ്ഥിതി സംരക്ഷണം, പ്രകൃതിജീവനം, അയിത്തോച്ചാടനം, സ്ത്രീസമത്വം, ശുചിത്വം, ആരോഗ്യം, അന്താരാഷ്ട്രബന്ധങ്ങൾ, ലോകസമാധാനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംവാദങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം ഗാന്ധിജിയുടെ ചിന്തയും സമീപനവും പ്രതീക്ഷയോടെ ചർച്ചചെയ്യപ്പെടുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ വിവിധ രാജ്യങ്ങളിലെ പ്രശസ്തമായ സർവകലാശാലകൾ ഗാന്ധിജി മുന്നോട്ടുവച്ച ദർശനത്തേയും അതിന്റെ പ്രയോഗത്തേയും കുറിച്ച് പഠിക്കാനും ഗവേഷണം നടത്താനുമായി പ്രത്യേകം വകുപ്പുകൾ (ഡിപ്പാർട്ട്മെന്റുകൾ) തന്നെ ആരംഭിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കൂടുതൽ സർവകലാശാലകളിലേക്ക് ഇത് വ്യാപിക്കുന്നു. പ്രസ്തുത ദർശനം കാലിക പ്രസക്തവും സാർവലൗകികവുമാണെന്നാണ് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്.

എന്താണ് ഗാന്ധിജി മുന്നോട്ടുവച്ച ദർശനം?

ഗാന്ധിയൻ ദർശനം എന്ന പേരിൽ ഒരു ദർശനം ഇവിടെ അറിയപ്പെടുന്നതിൽ തനിക്ക് താല്പര്യമില്ലെന്ന് ഗാന്ധിജി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഗിരിനിരകളോളം പഴക്കമുള്ള സത്യം, അഹിംസ തുടങ്ങിയ മൂല്യങ്ങളെ കാലദേശങ്ങൾക്കനുസരിച്ച് വ്യാഖ്യാനിക്കാനും പ്രയോഗിക്കാനുമുള്ള എളിയ ശ്രമമാണ് താൻ നടത്തിയത് എന്ന് അദ്ദേഹം വിനയപൂർവം പറയുന്നു. തന്റെ പേരല്ല ഇവിടെ നിലനിൽക്കേണ്ടത്. മറിച്ച്, താൻ എന്തിനുവേണ്ടി നിലകൊ

ണ്ടുവോ, പ്രസ്തുത പ്രത്യയശാസ്ത്രവും പ്രയോഗങ്ങളുമാണ് ഇവിടെ നില നിൽക്കേണ്ടത് എന്നും അദ്ദേഹം വ്യക്തമാക്കി. പിന്നീട് അദ്ദേഹം പറയുന്നു: 'എന്റെ എല്ലാ സാമൂഹ്യാദർശങ്ങളും ഒറ്റവാക്കിൽ ചുരുക്കിപ്പറയാം – സർവോദയം.'

'സർവോദയദർശനം മനുഷ്യവംശത്തിന്റെ സമ്പൂർണ വികാസമന്ത്രമാണ്.'

സർവോദയ സമൂഹസൃഷ്ടിക്കുവേണ്ടിയാണ് തന്റെ സകല പ്രവർത്തനങ്ങളും എന്ന് അദ്ദേഹം സ്പഷ്ടമാക്കുന്നു. ഭാവിയിൽ തന്റെ പേരിനുള്ള പ്രശസ്തിയേക്കാൾ സർവോദയം എന്ന ദർശനത്തിന്റെ പ്രയോഗത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. ഇത് ഏതെങ്കിലും ഒരു കൊച്ചു ഗ്രാമത്തിലോ, ആശ്രമത്തിലോ മാത്രം പ്രയോഗിക്കാനുള്ളതല്ല. മനുഷ്യരുടെ മാത്രം കാര്യമല്ല, ലോകത്തിന്റെ മുഴുവൻ വിമോചനമാണ് – സർവ ജീവ ജാലങ്ങളുടേയും ഉദയവും നന്മയും പുരോഗതിയുമാണ് 'സർവോദയം' ലക്ഷ്യമിടുന്നത് എന്ന് അദ്ദേഹംതന്നെ വിശദീകരിക്കുന്നുണ്ട്.

ബഹുമുഖപ്രതിഭയും ഇംഗ്ലീഷ് സാഹിത്യകാരനും ചിന്തകനുമായ ജോൺ റസ്കിന്റെ 'അൺടു ദിസ് ലാസ്റ്റ്' (UNTO THIS LAST) എന്ന ഗ്രന്ഥം 1904-ലാണ് ഗാന്ധിജി വായിക്കുന്നത്. തൊഴിലിന്റെ മഹത്വം, ഉല്പാദന പ്രക്രിയ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ഗാന്ധിജിയിൽ രൂപപ്പെട്ടുവന്നിരുന്ന സർവോദയ ദർശനത്തിന് കൂടുതൽ ഉൾക്കാഴ്ച നൽകുന്നതും സുദൃഢമാക്കുന്നതുമായിരുന്നു.

പ്രസ്തുത ഗ്രന്ഥത്തിന്റെ ഒരു പരാവർത്തനം ഗാന്ധിജി തയ്യാറാക്കി പുസ്തകരൂപത്തിൽ ഗുജറാത്തി ഭാഷയിൽ പ്രസിദ്ധീകരിച്ചപ്പോൾ 'സർവോദയം' എന്നാണ് പേര് നൽകിയത്.

വിപുലവും വൈവിധ്യപൂർണവുമായ വായനയും ഇന്ത്യയിലും ഇംഗ്ലണ്ടിലും ദക്ഷിണാഫ്രിക്കയിലും ഗാന്ധിജിക്കുണ്ടായ ജീവിതാനുഭവങ്ങളുമാണ് 'സർവോദയം' എന്ന ആശയം രൂപപ്പെടാൻ സഹായകമായത്.

അക്കാലത്ത് ശ്രദ്ധേയമായിരുന്ന തത്വശാസ്ത്രങ്ങളും മതഗ്രന്ഥങ്ങളും വേദോപനിഷത്തുക്കളും ഇതിഹാസങ്ങളുമെല്ലാം അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. സമകാലികരായ ചിന്തകരുമായി നേരിട്ടും കത്തുകളിലൂടെയും ആശയവിനിമയം നടത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വാമി വിവേകാനന്ദന്റെ കൃതികൾ വായിച്ചതോടെ ഭാരതീയ ദർശനത്തോടുള്ള തന്റെ ആദരവ് ആയിരം ഇരട്ടിയായി വർദ്ധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

ചൂഷണത്തിലധിഷ്ഠിതമായ സാമ്രാജ്യത്വവും പാശ്ചാത്യനാഗരികതയും സൃഷ്ടിക്കാനിടയുള്ള ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ടും ഇവയെ പ്രതിരോധിക്കാനും സ്വന്തം കാലിൽ നിൽക്കാനും വ്യക്തികളേയും രാഷ്ട്രങ്ങളേയും പ്രാപ്തമാക്കുന്ന സ്വാശ്രയജീവിതരീതികളുടെ സാധ്യതകളെ സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിനുവേണ്ടി സർവോദയ ദർശനത്തിന്റെ

പശ്ചാത്തലത്തിൽ ഗാന്ധിജി തയ്യാറാക്കിയ ഗ്രന്ഥമാണ് 'ഹിന്ദ്സ്വരാജ്' അഥവാ 'ഇന്ത്യൻ ഹോം റൂൾ'. പ്രസ്തുത ഗ്രന്ഥത്തെക്കുറിച്ച് വിശ്വസാഹിത്യകാരനായ ലിയോ ടോൾസ്റ്റോയിയുടെ അഭിപ്രായം ഗാന്ധിജി ആരാഞ്ഞിരുന്നു. വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകളുണ്ടെങ്കിലും ടോൾസ്റ്റോയ് ആ കൈയെഴുത്തുപ്രതി പൂർണമായും വായിച്ച് സമ്പൂർണ പിൻതുണ നൽകി. ഇന്ത്യൻ ഹോം റൂൾ എന്ന പേരിന്റെ പരിമിതിയേയും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യക്ക് മാത്രമല്ല, ലോകത്തിന് മുഴുവൻ അനിവാര്യമായ ചിന്താപദ്ധതിയാണ് ഗ്രന്ഥത്തിലുള്ളത് എന്ന് ടോൾസ്റ്റോയ് കുറിച്ചു. ദേശീയ പ്രസ്ഥാനത്തിന്റെയും ഭാവി ഭാരതത്തിന്റെയും രൂപരേഖ (ബ്ലൂ പ്രിന്റ്) എന്ന് വിശേഷിപ്പിക്കപ്പെട്ട 'ഹിന്ദ്സ്വരാജ്' 1909 ൽ പ്രകാശിതമായെങ്കിലും 1910 ൽ ബ്രിട്ടീഷ് ഗവൺമെന്റ് പുസ്തകം നിരോധിച്ചു.

സനാതനം, സുസ്ഥിരം

സത്യം, അഹിംസ തുടങ്ങിയ സനാതന മൂല്യങ്ങളിൽ അധിഷ്ഠിതമായ സമഗ്രദർശനമായതുകൊണ്ടാണ് സർവോദയദർശനം സാർവജനീനവും സുസ്ഥിരവുമാകുന്നത്. അനാദികാലം മുതലുള്ള പരീക്ഷണ നിരീക്ഷണ ഫലങ്ങളാൽ സുവ്യക്തമാക്കപ്പെട്ടതുകൊണ്ട് ഈ ദർശനം ശാസ്ത്രീയവുമാണ്. പ്രപഞ്ചം, ജീവജാലങ്ങൾ, ഈശ്വരൻ, മനുഷ്യന്റെ പ്രവർത്തനമണ്ഡലങ്ങൾ എന്നിവയ്ക്കെല്ലാം സുവ്യക്തമായ പരിപ്രേക്ഷ്യം നൽകാൻ സർവോദയദർശനത്തിന് സാധിക്കുന്നുണ്ട്.

"ഞാനൊരു സ്വപ്നദർശിയല്ല, പ്രായോഗികബുദ്ധിയായ ആദർശവാദിയാണ്" *(യങ് ഇന്ത്യ, 11.08.1920)* എന്ന് ഗാന്ധിജി പറയുന്നത് ഇതുകൊണ്ടാണ്.

ഈശാവാസ്യ ഉപനിഷത്തിലെ പ്രഥമശ്ലോകത്തിലെ ആശയത്തോട് ഏറെക്കുറെ സമാനമാണ് സർവോദയത്തിന്റെ പ്രപഞ്ച വീക്ഷണം.

"മറ്റെന്തെല്ലാം നഷ്ടപ്പെട്ടാലും ഈ ഒറ്റശ്ലോകം നിലനിൽക്കുകയും അതിൻപ്രകാരമുള്ള ജീവിതരീതി ഉണ്ടാകുകയും ചെയ്താൽത്തന്നെ സമൂഹത്തിൽ സനാതന ധർമ്മം പുലരും" എന്ന് ഈശാവാസ്യത്തിലെ പ്രഥമശ്ലോകത്തെ കുറിച്ച് ഗാന്ധിജി സൂചിപ്പിച്ച കാര്യം പ്രസക്തമാണ്.

"ഈശാവാസ്യമിദം സർവ്വം
യത് കിംച ജഗത്യാം ജഗത്
തേന ത്യക്തേന ഭൂജീഥാ-
മാ ഗൃധ കസ്യ സ്വിദ്ധനം"

ഈ ലോകത്തിലുള്ള സർവ ജീവജാലങ്ങളും ഈശ്വരനാൽ ആവസിക്കപ്പെട്ടതാണ് (എല്ലാ ജീവജാലങ്ങളിലും ഈശ്വരാംശം കുടികൊള്ളുന്നു). അതിനാൽ ഈശ്വരന്റെ പേരിൽ ത്യാഗം ചെയ്തുകൊണ്ട് യഥാപ്രാപ്തമായ

ഭോഗങ്ങളെ അനുഭവിക്കുക. (ത്യജിച്ച് ഭുജിക്കുക, Renounce and Enjoy.) ആരുടേയും ധനത്തിൽ ആഗ്രഹം വയ്ക്കാതിരിക്കുക. (അസ്തേയവും അപരിഗ്രഹവും പാലിക്കുക.)

ഇതിന് അനുപൂരകമായിട്ടുള്ളതും സർവോദയ പൊരുൾ പ്രകടമാക്കുന്നതുമാണ് ബ്രഹദാരണ്യോപനിഷത്തിലെ ശ്ലോകം.

സർവ്വേ ഭവന്തു സുഖിനഃ
സർവ്വേ സന്തു നിരാമയ
സർവ്വേ ഭദ്രാണി പശ്യന്തു
മാ കശ്ചിത് ദുഃഖ ഭാഗ്ഭവേത്

'എല്ലാവർക്കും സുഖം ഭവിക്കട്ടെ; എല്ലാവരും രോഗമുക്തരായിരിക്കട്ടെ; എല്ലാവരും ശുഭമായത് ദർശിക്കട്ടെ; ദുഃഖിക്കാതെയും കഷ്ടപ്പെടാതെയും ഇരിക്കട്ടെ.'

പ്രപഞ്ചം, മനുഷ്യൻ, അഹിംസ

അനന്തമായ അണ്ഡകടാഹത്തിന് അതിന്റേതായ അച്ചടക്കവും ക്രമവുമുണ്ട്. ഇതേക്കുറിച്ച് ഗാന്ധിജി ഇപ്രകാരം പറയുന്നു:

"മുഴുവൻ പ്രകൃതിയും ദൈവികമായ അച്ചടക്കത്തിന് വിധേയമായി പ്രവർത്തിക്കുന്നു. സൂര്യചന്ദ്രന്മാരും നക്ഷത്രാദികളും ആകാശവും സമുദ്രവുമെല്ലാം ഒരു പ്രത്യേകതരം അച്ചടക്കത്തിന് വിധേയമായി പ്രവർത്തിക്കുകയും നിലനിൽക്കുകയും ചെയ്യുന്നു. ഈ പാഠം മനുഷ്യൻ പഠിക്കേണ്ടതാണ്."

അദ്ദേഹം തുടർന്ന് വിശദീകരിക്കുന്നു: "പ്രപഞ്ചത്തിൽ ഒരു ക്രമം ഉണ്ടെന്നും, നിലനിൽക്കുന്ന ഓരോ വസ്തുവിനെയും ഓരോ ജീവിയെയും അചഞ്ചലമായ ഒരു നിയമം നിയന്ത്രിക്കുന്നുണ്ടെന്നും എനിക്ക് അനുഭവപ്പെടുന്നു. അതൊരു അന്ധനിയമമല്ല. ഒരു അന്ധനിയമത്തിനും ജീവജാലങ്ങളുടെ പെരുമാറ്റത്തെ നിയന്ത്രിക്കാനാവില്ല. പദാർത്ഥങ്ങൾക്കുപോലും ജീവനുണ്ടെന്ന് സർ ജെ.സി. ബോസിന്റെ അത്ഭുതകരമായ ഗവേഷണങ്ങൾക്ക് തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എല്ലാ ജീവനേയും ഭരിക്കുന്ന നിയമമാണ് ഈശ്വരൻ എന്നു പറയാം."

പ്രപഞ്ചചലനങ്ങൾക്കും പ്രതിഭാസങ്ങൾക്കും കാരണമാകുന്ന ഒരു അതീതശക്തിയുണ്ട് എന്ന് വിശ്വപ്രസിദ്ധ ശാസ്ത്രകാരനായ ആൽബർട്ട് ഐൻസ്റ്റീൻ തന്റെ ശാസ്ത്രഗവേഷണത്തിന്റെ അവസാനഘട്ടത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഗാന്ധിജിയും ഐൻസ്റ്റീനും ഏകാഭിപ്രായത്തിലെത്തുന്നു. ആത്മീയവാദിക്കും ഭൗതികവാദിക്കും സ്വീകാര്യമായ ഈശ്വരസങ്കല്പമാണിത്.

ഈശ്വരൻ സത്യമാണ് എന്ന യാഥാർത്ഥ്യത്തെ മറ്റൊരുവിധത്തിൽ, സത്യം ഈശ്വരനാണ് എന്ന് ജനോന്മുഖമായി അവതരിപ്പിക്കാൻ സാധിച്ച

താണ് ഗാന്ധിജിയുടെ മഹത്വം. ആദ്ധ്യാത്മിക ശാസ്ത്രത്തിന്റേയും ഭൗതിക ശാസ്ത്രത്തിന്റേയും സംഗമമാണ് പ്രസ്തുത ഈശ്വരദർശനം.

പ്രപഞ്ചത്തിന്റെ സൂക്ഷ്മരൂപമാണ് മനുഷ്യശരീരം. എന്നാൽ, ഈശ്വരൻ സൃഷ്ടിച്ച ജീവികളുടെ കൂട്ടത്തിൽ തന്റെ സ്രഷ്ടാവിനെ അറിയുന്നതിന് പ്രാപ്തനാണെന്ന മട്ടിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ജീവി മനുഷ്യൻ മാത്രമാണ്. ഹൃദയത്തെ കൂടുതൽ കൂടുതൽ പരിശുദ്ധമാക്കുമ്പോൾ അവനവനിൽ തന്നെയുള്ള ഈശ്വരനെ സാക്ഷാത്കരിക്കാൻ പ്രാപ്തിനേടുന്നു.

ഭാരതം വിശ്വസംസ്കാരത്തിന് നൽകിയ സംഭാവനയാണ് അഹിംസ എന്ന ആശയം. ഈശ്വരൻ സർവവ്യാപിയാണ് എന്ന സത്യം മനസ്സിലാക്കിക്കൊണ്ട് സർവ ചരാചരങ്ങളോടും സ്നേഹഭാവത്തോടെ സമീപിക്കുക എന്നതാണ് അഹിംസ.

"ക്രിയാത്മക രൂപത്തിൽ അഹിംസ എന്നത് സർവ ജീവജാലങ്ങളോടുമുള്ള സന്മനോഭാവമാണ്" *(യങ് ഇന്ത്യ, 09.03.1922).* അഹിംസ ഒരു ധർമ്മ മാർഗമാണ്. അതുകാണ്ട് അഹിംസാത്മക ജീവിതവും സർവ ജീവജാലങ്ങൾക്കും സമർപ്പിക്കുന്ന സേവനവും ഈശ്വരാരാധന തന്നെ.

സസ്യജാലങ്ങളുടേയും മൃഗസമ്പത്തിന്റേയും സംരക്ഷണത്തിലും ഈ അഹിംസാസമീപനം സ്വീകരിക്കുക എന്നതാണ് സർവോദയ രീതി.

"സസ്യങ്ങൾ ഇല്ലെങ്കിൽ ഭൂമിക്ക് ഒരു നിമിഷംപോലും മനുഷ്യജീവിതത്തെ നിലനിർത്താനാകില്ല" - *ഗാന്ധിജി (യങ് ഇന്ത്യ, 09.03.1922).* തൊടിയും, കൃഷിയും, വനസമ്പത്തുമെല്ലാം സംരക്ഷിക്കണം.

"ഒരു രാജ്യത്ത് മൃഗങ്ങൾ എങ്ങിനെ പരിപാലിക്കപ്പെടുന്നു എന്നതിൽ നിന്ന് ആ രാജ്യത്തിന്റെ മഹത്വവും സാന്മാർഗിക പുരോഗതിയും വിലയിരുത്താനാകും" എന്നാണ് യങ് ഗാന്ധിജിയുടെ പക്ഷം.

"മനുഷ്യരുടേയും മൃഗങ്ങളുടേയും ജീവിക്കാനുള്ള അവകാശത്തെ അഭിന്നതലത്തിൽ പ്രതിഷ്ഠിക്കുന്ന ചിന്താപദ്ധതിയാണ് ഗോസംരക്ഷണം" *(യങ് ഇന്ത്യ, 06.10.1921).* പശുവെന്നാൽ ഈശ്വരന്റെ മൂകസൃഷ്ടികൾ മുഴുവനുമാണെന്ന് അദ്ദേഹം നമ്മെ ഓർമ്മപ്പെടുത്തുന്നു. വനസംരക്ഷണത്തിനായുള്ള ചിപ്കോ പ്രസ്ഥാനവും പ്രകൃതികൃഷി സംരക്ഷണത്തിനായുള്ള ഹരിത പ്രസ്ഥാനവും ജൈവ-കാർഷിക സമിതികളുമെല്ലാം സർവോദയ ആശയങ്ങളിൽനിന്ന് ഊർജം ഉൾക്കൊണ്ട് സജീവമായതാണ്.

ആവശ്യവും ആർത്തിയും

ആധുനികയുഗത്തിൽ മനുഷ്യന്റെ ആവശ്യങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. നിത്യോപയോഗത്തിന് അധികമധികം സാധനങ്ങൾ വേണമെന്ന് വരുമ്പോഴാണ് മനുഷ്യൻ ഉന്നതാദർശങ്ങൾ കൈവെടിയുന്നത്. വർദ്ധിച്ചുവരുന്ന ജനങ്ങളേയും അവരുടെ ആവശ്യങ്ങളേയും ആസ്പദമാക്കി ഗാന്ധിജി പറയുന്നു: "എല്ലാവരുടേയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ളത് ഭൂമി നൽകുന്നു;

എന്നാൽ ഒരാളുടെ പോലും അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ അത് തികയുകയില്ല."

വിഭവങ്ങളുടെ പരിമിതിയല്ല യഥാർത്ഥ പ്രശ്നം. ഏതൊരു വ്യക്തിക്കും സമൂഹത്തിനും അവരുടെ അത്യാവശ്യം, ആവശ്യം, അത്യാർത്തി എന്നിവയെക്കുറിച്ച് തിരിച്ചറിവുണ്ടാകണം. 'വിഭവങ്ങളെ അത്യാവശ്യത്തിനും ആവശ്യത്തിനും വേണ്ടി മാത്രം ഉപയോഗിക്കുക. ഒരിക്കലും ആർഭാടത്തിനോ അത്യാർത്തി പൂർത്തീകരണത്തിനോ വേണ്ടി ഉപയോഗിക്കാതിരിക്കുക' എന്നതാണ് സർവോദയ സമീപനം. ഏറ്റവും ബുദ്ധിമുട്ടുന്നവർക്ക് അവരുടെ ആവശ്യങ്ങളും അത്യാവശ്യങ്ങളും നിർവഹിക്കാനുള്ള അവസരം ആദ്യം ഒരുക്കണം. സർവോദയ ദർശനത്തിലെ അന്ത്യോദയ പരിപാടിയാണിത്. സർവർക്കും ഉദയം അഥവാ പുരോഗതി എന്നതായിരിക്കണം ലക്ഷ്യം. (ഭൂരിപക്ഷത്തിന് എന്നുപോലുമല്ല). ഏതൊരു പ്രവർത്തനം ഏറ്റെടുക്കുമ്പോഴും സമൂഹത്തിലെ ഏറ്റവും ദീനനായ വ്യക്തിക്ക് അതുകൊണ്ട് പ്രയോജനമുണ്ടോ എന്നാണ് വിലയിരുത്തേണ്ടത്. ധാർമ്മികതയായിരിക്കണം ഉരകല്ല്.

"അദ്ധ്വാനിക്കാതെ ഭക്ഷിക്കുന്നവൻ കളവ് മുതലാണ് ഭക്ഷിക്കുന്നത്" എന്ന് ഗാന്ധിജി ഓർമ്മപ്പെടുത്തും. കായികമായ അദ്ധ്വാനം മനുഷ്യന്റെ കടമയും സ്വധർമ്മവുമാണ്. ആഹാരത്തിനുള്ളത് മാത്രമല്ല; വ്യക്തിക്കും സമൂഹത്തിനും ആവശ്യമായ ഏതൊരു വസ്തുവും ശരീരാദ്ധ്വാനം ഉപയോഗിച്ച് തന്നെ നിർമ്മിക്കുന്നതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. ഇത്തരം ഉല്പാദന രീതി മനുഷ്യന്റെ കായികവും ബുദ്ധിപരവുമായ കഴിവുകളെ വർദ്ധിപ്പിക്കും. വൈവിധ്യമാർന്ന വിഭവങ്ങളുടെ പരസ്പര കൈമാറ്റത്തിലൂടെയും വിപണനത്തിലൂടെയും ഗ്രാമീണ സമ്പദ്വ്യവസ്ഥയും മനുഷ്യബന്ധങ്ങളും സുദൃഢമാകുന്നു. ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് ഉല്പാദകനും ഉപഭോക്താവും തമ്മിലുള്ള അകലം പരമാവധി കുറയ്ക്കുക എന്നതാണ് സർവോദയ മാർഗം. കൂടുതൽ ആളുകൾക്ക് ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കുവാനുള്ള അവസരം ഉണ്ടാക്കുന്ന ആസൂത്രണവും ആവിഷ്കാരവുമാണ് ഉണ്ടാകേണ്ടത്. വൻകിട യന്ത്രങ്ങളെക്കൊണ്ട് വൻതോതിൽ ഉല്പാദിപ്പിക്കുന്നവയല്ല വേണ്ടത്. കൂടുതൽ ആളുകളെ പങ്കാളികളാക്കിക്കൊണ്ട് കൂടുതൽ ഉല്പാദിപ്പിക്കുക. (Not Mass Production - but Production by the Masses.)

തൊഴിലെടുക്കുന്നയാളുടെ അദ്ധ്വാനത്തെ മൂലധനമായി കാണണം എന്നതാണ് സർവോദയ കാഴ്ചപ്പാട്. ഒരു സംരംഭത്തിനായി പണം നിക്ഷേപിക്കുന്നയാളുടെ പണമൂലധനത്തിനും തൊഴിലെടുക്കുന്ന അദ്ധ്വാന മൂലധനത്തിനും തുല്യ പ്രാധാന്യം നൽകിക്കൊണ്ടുള്ള സമന്വിത സംരംഭങ്ങൾ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് സർവോദയം കരുതുന്നു. ഇത്തരം ട്രസ്റ്റിഷിപ്പിന്റെ സാധ്യതകളാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് അഭികാമ്യം.

ഹരിതം, പ്രകൃതിസൗഹൃദം

ഹരിതം, പ്രകൃതിസൗഹൃദപരം എന്നീ വാക്കുകൾ അടുത്ത കാലത്തായി കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഈ വാക്കുകളെക്കൊണ്ട് ഉദ്ദേശിക്കുന്നത് പ്രകൃതിക്ക് ഇണങ്ങുന്നത്, സുസ്ഥിരമായത്, സ്ഥായിയായത് എന്നൊക്കെയാണ്.

പ്രകൃതിക്ക് കോട്ടംതട്ടാതെതന്നെ പ്രകൃതിയിൽനിന്ന് എടുത്തും അതുപോലെ പ്രകൃതിയിലേക്ക് കൊടുത്തും ഉല്പാദന പ്രവർത്തനങ്ങൾ നടത്തും എന്നതാണ് സർവോദയ രീതി. ഭൂമിയിലെ വിഭവങ്ങൾ വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്ന തിരിച്ചറിവോടുകൂടി വിഭവങ്ങളെ മിതമായി ഉപയോഗിക്കുക. അമിത ചൂഷണം ഒഴിവാക്കുക. അമിത ചൂഷണവും ആർത്തിയോടുകൂടിയുള്ള ഉപഭോഗവും ഒരു തരത്തിൽ ഹിംസയാണ്. ചുരുക്കത്തിൽ ഹരിതം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് അഹിംസാത്മകം എന്നാണ്.

അദ്ധ്വാനിക്കാതെ ഭക്ഷിക്കാൻ ശ്രമിക്കുമ്പോഴാണ് സാംസ്കാരിക അധഃപതനം ഉണ്ടാകുന്നത്. ഭക്ഷിക്കാതെ നമുക്ക് ജീവിക്കാൻ സാധിക്കില്ല; അതുപോലെ, കൃഷി ചെയ്യാതേയും. നമുക്കാവശ്യമായ പരമാവധി ഭക്ഷ്യപദാർത്ഥങ്ങൾ നമ്മുടെ ചുറ്റുപാടിൽ ഉല്പാദിപ്പിക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാകണം. ഇതാണ് ഭക്ഷ്യസ്വരാജ്. ഭക്ഷ്യസ്വരാജിനുവേണ്ടിയുള്ള പരിശ്രമം നമ്മുടെ സംസ്കാരമായി വളരണം. കൃത്രിമത്വങ്ങളില്ലാത്ത നാട്ടുഭക്ഷണത്തിലേക്കും നാട്ടുരുചിയിലേക്കും നമുക്ക് മടങ്ങാൻ സാധിക്കണം.

വികേന്ദ്രീകരണം അത്യാവശ്യം

അഹിംസയും വികേന്ദ്രീകരണവും ഭാരതത്തിന്റെ പൈതൃക മൂല്യങ്ങളാണ്. അഹിംസാമാർഗത്തിൽ ഭാരതം പുരോഗമിക്കണമെങ്കിൽ വികേന്ദ്രീകരണം അനിവാര്യമാണ്. ലളിതജീവിതവും വികേന്ദ്രീകൃതമായ ഒരു വ്യവസ്ഥയും ഉണ്ടായാൽ ഹിംസയും അസമത്വവും സാമ്പത്തിക സംഘട്ടനങ്ങളും കുറയ്ക്കാൻ സാധിക്കും. ഭാരതത്തിന്റെ പൈതൃകം പരിശോധിച്ചുകൊണ്ടാണ് ഗാന്ധിജി ഇപ്രകാരം ശക്തമായ നിലപാട് സ്വീകരിച്ചത്.

സ്വാശ്രിതമായ ഒരു സാമൂഹ്യ സംവിധാനം ഭാരതീയ ഗ്രാമങ്ങളിൽ അനാദികാലം മുതൽക്കേ നിലനിന്നിരുന്നു. ഉല്പാദന-വിതരണ സംവിധാനങ്ങളുടേയും സാമ്പത്തിക-രാഷ്ട്രീയ അധികാരത്തിന്റേയും വികേന്ദ്രീകരണം ഭാരതീയ ഗ്രാമസമൂഹത്തിൽ യാഥാർത്ഥ്യമായിരുന്നു.

മഹാഭാരതത്തിലെ ശാന്തിപർവത്തിലും കൗടില്യന്റെ അർത്ഥശാസ്ത്രത്തിലും ഹുയാങ്ങ്സാങ്, മെഗസ്തനിസ് എന്നീ ചൈനീസ് സഞ്ചാരികളുടെ കുറിപ്പുകളിലും ഋഗ്വേദത്തിലും ഗ്രാമസംഘങ്ങൾ, ഗ്രാമിണികൾ, പെന്റാസ് തുടങ്ങിയ വികേന്ദ്രീകൃത ഗ്രാമഭരണസംവിധാനത്തെക്കുറിച്ച് പ്രതിപാദ്യമുണ്ട്. 1830ൽ ബ്രിട്ടീഷ് ഗവർണർ ജനറൽ ആയിരുന്ന സർ ചാൾസ് മെറ്റ്കാഫിന്റെ പഠന റിപ്പോർട്ടിൽ ഇന്ത്യൻ ഗ്രാമങ്ങളിൽ നിലനിന്നിരുന്ന വികേ

ന്ദ്രീകൃതവും സ്വാശ്രിതവുമായ വ്യവസ്ഥയെക്കുറിച്ച് പറയുന്നു.

ജനാധിപത്യത്തിന്റെ മാതാവാണ് ഭാരതം എന്ന് നാം അഭിമാനപൂർവം പറയുന്നത് അതുകൊണ്ടാണ്. സ്വാശ്രയഭാരതം (ആത്മനിർഭർ ഭാരത്) സർവോദയം (സബ്കാ വികാസ്) എന്നിവയെല്ലാം യഥാർത്ഥ്യമാകണമെങ്കിൽ ഗ്രാമതലത്തിൽ കക്ഷിരഹിതമായ വികേന്ദ്രീകൃത ജനാധിപത്യത്തെ തിരികെ കൊണ്ടുവരാൻ നമുക്ക് സാധിക്കണം. കേന്ദ്രീകൃതസ്വഭാവമുള്ള പാർലമെന്ററി ജനാധിപത്യംകൊണ്ട് സ്വാശ്രിതഭാരതം സാധ്യമാകുകയില്ല. അതുകൊണ്ടാണ് ഗാന്ധിജി പറയുന്നത്: "നിയമസഭകൾ വഴി മാത്രമേ അധികാരം ലഭിക്കുകയുള്ളൂ എന്ന് ദീർഘകാലമായി നാം ചിന്തിച്ചുപോരുന്നുണ്ട്. അലസതകൊണ്ടോ മോഹനിദ്രകൊണ്ടോ ഉണ്ടായിട്ടുള്ളതാണ് തികച്ചും തെറ്റായ ഈ വിശ്വാസം എന്ന് ഞാൻ കണക്കാക്കുന്നു. പാർലമെന്റിൽ നിന്നാണ് അധികാരം ഒലിച്ചിറങ്ങുന്നതെന്ന് നമ്മെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചത് ബ്രിട്ടീഷ് ചരിത്രത്തിന്റെ ബാഹ്യതലസ്പർശിയായ പഠനമാണ്. യഥാർത്ഥത്തിൽ അധികാരം ജനങ്ങളിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്."

ഇന്നത്തെ സംവിധാനം തികച്ചും കേന്ദ്രീകൃതമാണ്. തങ്ങളുടെ പ്രതിനിധി ആരായിരിക്കണം എന്ന് തീരുമാനിക്കാൻ ജനങ്ങൾക്ക് അവകാശമില്ല. രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നു. പലപ്പോഴും പാർട്ടിയല്ല തീരുമാനിക്കുന്നത്. പാർട്ടിക്കുള്ളിലെ പ്രബലമായ ഗ്രൂപ്പും ഗ്രൂപ്പിനുള്ളിലെ ശക്തനായ നേതാവും, ഈനേതാവിനെ സ്വാധീനിക്കുന്ന സാമ്പത്തിക-സമ്മർദ്ദ ഗ്രൂപ്പുകളോ ആയിരിക്കും ഒരു വാർഡിലേയോ മണ്ഡലത്തിലേയോ സ്ഥാനാർത്ഥി ആരായിരിക്കണം എന്ന് തീരുമാനിക്കുന്നത്. ജനങ്ങൾ കാഴ്ചക്കാരും കേവലം വോട്ടുകുത്തി യന്ത്രങ്ങളുമായി അധഃപതിക്കുന്നു.

വോട്ട് നേടുന്നതിനായി പണവും, മദ്യവും സാമുദായിക - വർഗീയ പ്രീണനങ്ങളുമെല്ലാം പ്രവഹിക്കുന്നു. സമൂഹത്തിൽ ഭിന്നിപ്പ് സൃഷ്ടിക്കുന്നു. വൻതോതിൽ പണം മുടക്കി, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ തങ്ങൾ നിക്ഷേപിച്ച പണം തിരിച്ചുപിടിക്കുന്നതിനായി അഴിമതിക്കാരായി മാറുന്നു. തനിക്കുവേണ്ടി വോട്ടുബാങ്കുകൾ സൃഷ്ടിച്ച സാമ്പത്തിക-സമ്മർദ്ദ ഗ്രൂപ്പുകളുടെ പ്രീണനക്കാരായി തുടരുന്നു. ജനതാല്പര്യങ്ങൾ അവഗണിക്കപ്പെടുന്നു. ജനാധിപത്യം ചരമമടയുന്നു.

ഈ ദുരവസ്ഥ നേരത്തെ മനസ്സിലാക്കിയതുകൊണ്ടാണ് ഗാന്ധിജി സ്വതന്ത്ര ഭാരതത്തിന് പൈതൃക-വികേന്ദ്രീകൃത ജനാധിപത്യം വേണം എന്ന് നിഷ്കർഷിച്ചത്.

50 വീടുകളുള്ള ഒരു അയൽക്കൂട്ടം. അയൽക്കൂട്ടത്തിലെ പ്രായപൂർത്തിയായവർ ഒരു വീട്ടുമുറ്റത്ത് ഒത്തുചേർന്ന് ഒരു പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു. ഇത്തരം അയൽക്കൂട്ട പ്രതിനിധികൾ ഒത്തുചേർന്ന് വാർഡിലെ പ്രതിനിധിയെ തിരഞ്ഞെടുക്കുന്നു. വാർഡ് പ്രതിനിധികൾ പഞ്ചായത്താഫീസിൽ ഒത്തുചേർന്ന് പഞ്ചായത്ത് അദ്ധ്യക്ഷനേയും ബ്ലോക്കിലേക്കുള്ള പ്രതി

നിധിയേയും തിരഞ്ഞെടുക്കുന്നു. ബ്ലോക്ക് പ്രതിനിധികൾ ബ്ലോക്ക് ആഫീസിൽ ചേർന്ന് അദ്ധ്യക്ഷനേയും ജില്ലാപഞ്ചായത്തിലേക്കുള്ള പ്രതിനിധിയേയും തിരഞ്ഞെടുക്കുന്നു. ഇത്തരത്തിലുള്ള ത്രിതല പഞ്ചായത്ത് സംവിധാനം രൂപീകരിക്കാൻ ബാലറ്റ് പേപ്പറോ മദ്യമോ പണമോ പ്രീണനമോ ഒന്നും ആവശ്യമില്ല. ജനങ്ങളുടെ മുൻകൈയിൽ എല്ലാം നടക്കും.

നമ്മുടെ നാട്ടിലെ എല്ലാ സംഘടനകളിലും മേൽപ്പറഞ്ഞ വിധമുള്ള തിരഞ്ഞെടുപ്പാണ് നടക്കുന്നത്. പ്രാഥമികതലത്തിൽ അംഗങ്ങളിൽനിന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. മുകൾതലങ്ങളിലേക്ക് ഓരോ തലങ്ങളിൽ നിന്നുള്ള പ്രതിനിധിളെയാണ് തിരഞ്ഞെടുക്കുന്നത്. ഇവരിൽ നിന്നാണ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. ഇത്തരം രീതി ഇന്ത്യയിലെ പൊതു തിരഞ്ഞെടുപ്പിലും നടപ്പാക്കണം എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. ഇത്തരം രീതിക്കുവേണ്ടി രാജ്യം മുഴുവൻ പ്രചരണം നടത്താൻ അദ്ദേഹം തയ്യാറായിരുന്നു.

ആദ്യഘട്ടത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം ജനകീയമായിത്തീർന്നാൽ ആവശ്യമെങ്കിൽ സംസ്ഥാനത്തേക്കും അഖിലേന്ത്യാതലത്തിലേക്കും ഇത് വ്യാപിപ്പിക്കാം. പഞ്ചതല പഞ്ചായത്ത് സംവിധാനം യാഥാർത്ഥ്യമാക്കാം.

ഇത്തരം ഒരു വികേന്ദ്രീകൃത ജനകീയ ജനാധിപത്യം ലോകത്ത് എവിടെയെങ്കിലും നടപ്പാക്കുന്നുണ്ടെങ്കിൽ അത് ആദ്യം സംഭവിക്കുക ഭാരതത്തിലാകും എന്നും ഇക്കാര്യത്തിലും ഭാരതം ലോകത്തിന് മാതൃകയാകുമെന്നും ഗാന്ധിജി ഉറച്ച് വിശ്വസിച്ചിരുന്നു. അത്തരം ഒരു സർവോദയ ഭാരതത്തിനായി കടമകൾ നിർവഹിച്ച് ഇച്ഛാശക്തിയോടെ മുന്നേറാം.

❐

ലോകനന്മയ്ക്കായി സർവോദയ ഭാരതം

മഹാത്മാഗാന്ധി വിഭാവനം ചെയ്ത സാമൂഹിക ദർശനങ്ങളെ അദ്ദേഹം തന്നെ ഒറ്റവാക്കിൽ ചുരുക്കി പറഞ്ഞത് 'സർവോദയം' എന്നാണ്. സർവജീവ ജാലങ്ങളുടേയും ഉദയം, പുരോഗതി, നന്മ എന്ന് ഇത് വ്യക്തമാക്കുന്നു. സമസ്ത ജീവജാലങ്ങളിലും സത്യാംശം അഥവാ ഈശ്വരാംശം കുടികൊ ള്ളുന്നു എന്ന തിരിച്ചറിവാണ് സർവോദയ ദർശനത്തിന്റെ ആധാരം. സത്യ സാന്നിദ്ധ്യം അഥവാ ഈശ്വരസാന്നിദ്ധ്യമുള്ളവയുടെ ഉദയത്തിനുവേണ്ടി ഓരോ വ്യക്തിയും അഹിംസയിൽ അധിഷ്ഠിതമായ സേവനപ്രവർത്തനങ്ങ ളിലൂടെ മുന്നേറുമ്പോൾ അത് ഈശ്വരാരാധനയായി മാറുന്നു. സ്വജീവിതം അർത്ഥപൂർണമാകുന്നു എന്നാണ് ഗാന്ധിജിയുടെ പക്ഷം. നിരന്തരമായ സത്യാന്വേഷണ പരീക്ഷണങ്ങളിലൂടെയാണ് ഈയൊരു ദർശനം രൂപപ്പെ ടുന്നത്.

ദീർഘനാളത്തെ സർവോദയ പ്രവർത്തനങ്ങൾക്കുശേഷം ഗാന്ധിജി ഒരു കാര്യം ഊന്നിപ്പറഞ്ഞു: "My cause will Prosper, only when my name has Perished" (എന്റെ പേര് നശിക്കുമ്പോൾ മാത്രമേ എന്റെ തത്വം അഭിവൃദ്ധി പ്രാപിക്കൂ).

ഗാന്ധി എന്ന നാമത്തെ ഉരുവിടുന്നതിനേക്കാൾ ശക്തമായി, സർവോ ദയം എന്ന സാർവജനീനവും ശാശ്വതവുമായ ദർശനത്തെ പ്രയോഗത്തിൽ വരുത്താൻ തക്കവണ്ണം വ്യക്തമായ ദിശാബോധത്തോടുകൂടിയ പ്രവർത്ത നങ്ങളാണ് ഉണ്ടാകേണ്ടത് എന്ന് അദ്ദേഹം സ്പഷ്ടമാക്കുന്നു.

സ്വതന്ത്രഭാരതത്തിലെ കർമ്മപദ്ധതി

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സത്യാഗ്രഹം, നിസ്സഹകരണം, നിയമലംഘനം തുടങ്ങിയ പൊതുസമരപരിപാടികൾ നടന്നുകൊണ്ടിരിക്കു മ്പോൾത്തന്നെ വളരെ പ്രാധാന്യത്തോടുകൂടി ഗാന്ധിജി 18 ഇന നിർമ്മാണ

പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സർവോദയ സമൂഹസൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളായിരുന്നു അവ. ബ്രിട്ടീഷ് സാമ്രാജ്യത്തെ പുറത്താക്കുന്നതോടൊപ്പംതന്നെ സ്വന്തംകാലിൽ നിൽക്കാൻ കെൽപ്പുള്ള ഒരു സ്വാശ്രയ സർവോദയ ഭാരതം സൃഷ്ടിക്കുക എന്നതായിരുന്നു ലക്ഷ്യം. ചൂഷണമനുഭവിച്ചുകൊണ്ടിരിക്കുന്ന അവികസിത-വികസ്വര രാജ്യങ്ങൾക്കും ഭാരതത്തിന്റെ ഈ മുന്നേറ്റം മാതൃകയാകുമെന്നാണ് ഗാന്ധിജി വിശ്വസിച്ചത്. ഭാരതത്തിന്റെ ഈ ഗാന്ധിയൻ സർവോദയ പാത സ്വീകരിച്ച നിരവധി രാജ്യങ്ങൾ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി ദർശിച്ചു. ഇപ്രകാരം സർവോദയ ദർശനം ലോകത്തിന് പ്രതീക്ഷ നൽകി. ഭാരതത്തിന്റെ വികാസത്തോടൊപ്പം ലോകത്തിന്റെ നന്മയും വികാസവും സർവോദയം ലക്ഷ്യമിടുന്നു. 'ജയ് ജഗത്' എന്ന സർവോദയ മുദ്രാവാക്യത്തിന്റെ അടിസ്ഥാനം ഇതാണ്.

സ്വാതന്ത്ര്യാനന്തരം അഞ്ചരമാസക്കാലമാണ് ഗാന്ധിജി സ്വാതന്ത്രഭാരതത്തിൽ ജീവിച്ചത്. മേൽപറഞ്ഞ 18 ഇന സൃഷ്ട്യന്മുഖപരിപാടികളെ സമന്വയിപ്പിച്ചുകൊണ്ട് ത്രിവിധ പ്രവർത്തന പദ്ധതികൾക്ക് നേതൃത്വം നൽകാൻ ഗാന്ധിജി തീരുമാനിച്ചു. താഴെ പറയുന്ന മൂന്ന് പ്രവർത്തനപരിപാടികളാണ് ആവിഷ്കരിച്ചത്.

1. എല്ലാ ഗ്രാമങ്ങളും സന്ദർശിച്ച് കർഷകരേയും ദരിദ്രരായ ഗ്രാമീണജനങ്ങളേയും സ്വതന്ത്ര്യത്തിന്റെ ഉത്തരവാദിത്തത്തെക്കുറിച്ച് ബോധവാന്മാരാക്കുക. അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധ്യമുണ്ടാകുമ്പോൾ അവർ ചൂഷണത്തിൽനിന്ന് വിമുക്തമാകും. സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങൾ എല്ലാവരിലും എത്തിച്ചേരും.
2. രാജ്യത്ത് പത്തുകോടി യുവാക്കളെ സംഘടിപ്പിക്കുക. ഇവർക്ക് രാഷ്ട്ര നിർമ്മാണപ്രവർത്തനങ്ങളിൽ പരിശീലനം കൊടുത്ത് ഭാവിയിലെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കുക.
3. രാജ്യത്തിന് സുവ്യക്തമായ ഒരു രാഷ്ട്രീയപരിതഃസ്ഥിതി ഉണ്ടാക്കുകയും രാഷ്ട്രത്തെ പുതിയ ദിശയിലേയ്ക്ക് നയിക്കുകയും ചെയ്യുക.

ഇതിനുവേണ്ടിയാണ് 1948 ജനുവരി 29, 30 തീയതികളിലായി ഒരു പുതിയ ലോകസേവാപ്രസ്ഥാനത്തിനുവേണ്ടി പുതിയൊരു ഭരണഘടന ഗാന്ധിജി തയ്യാറാക്കിയത്.

(അവലംബം: ഗാന്ധിജിയുടെ പുത്രൻ രാംദാസ് ഗാന്ധിയുടെ മകൾ സുമിത്രാ കുൽക്കർണി (മുൻ സിവിൽസർവീസ് ഉദ്യോഗസ്ഥ) രചിച്ച അമൂല്യ പൈതൃകം എന്ന ഗ്രന്ഥം)

ഗാന്ധിജിയുടെ ഒസ്യത്ത്

മഹാത്മജി രക്തസാക്ഷിത്വം വരിക്കുന്നതിന് തൊട്ടുമുമ്പ് അദ്ദേഹം അവസാനമായി തയ്യാറാക്കിയ ഒരു നിയമാവലി അഥവാ മാർഗനിർദ്ദേശപത്രികയാണ് അദ്ദേഹത്തിന്റെ ഒസ്യത്തായി അറിയപ്പെടുന്നത്. ഇന്ത്യ സ്വതന്ത്രമായതോടെ ഒരു സംഘടന എന്ന നിലയിൽ ഇന്ത്യൻ നാഷണൽ കോൺഗ്ര

സ്സിന്റെ ദൗത്യം പൂർത്തീകരിച്ചുകഴിഞ്ഞു. ഇനി അത് ഒരു രാഷ്ട്രീയ കക്ഷിയെപ്പോലെ തുടരുന്നതിൽ അർത്ഥമില്ല. കോൺഗ്രസ് മാത്രമല്ല, ഒരു രാഷ്ട്രീയപാർട്ടിയും ആവശ്യമില്ല എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. കക്ഷി രഹിതമായ ജനകീയ ജനാധിപത്യ പാരമ്പര്യം നമുക്കുണ്ട്. ബ്രിട്ടീഷുകാർ അവശേഷിപ്പിച്ചുപോയ പാശ്ചാത്യമാതൃകയിലുള്ള ജനാധിപത്യത്തിനുപകരം ഭാരതം പൈതൃക ജനാധിപത്യം പിൻതുടരണമെന്നാണ് ഗാന്ധിജി ആഗ്രഹിച്ചത്. കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പ് സംവിധാനം രാജ്യത്ത് സാമുദായിക-രാഷ്ട്രീയ ധ്രുവീകരണങ്ങൾക്കും സംഘർഷങ്ങൾക്കും കാരണമാകുമെന്നും തിരഞ്ഞെടുപ്പ് ചെലവും അഴിമതിയും വർദ്ധിക്കുമെന്നും ഗാന്ധിജി അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കി. അടുത്ത് ചേരാനിരുന്ന എ.ഐ.സി.സി. യോഗത്തിൽ ഗാന്ധിജി തയ്യാറാക്കിയ മാർഗരേഖ അവതരിപ്പിച്ച് കോൺഗ്രസ് ഒരു ജനസേവാപ്രസ്ഥാനമായി രൂപാന്തരപ്പെടുകയെന്നാണ് ഉദ്ദേശിച്ചത്. പിറ്റേദിവസം അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു. ഒരു മാസത്തിനുശേഷം ചേർന്ന എ.ഐ.സി.സി. യോഗം ഈ മാർഗരേഖ അംഗീകരിച്ചില്ല. അന്നത്തെ സാഹചര്യത്തിൽ ഭരണത്തിന് നേതൃത്വം നൽകുന്ന ഒരു രാഷ്ട്രീയകക്ഷിയായി കോൺഗ്രസ് നിലനിൽക്കണമെന്നാണ് യോഗം തീരുമാനിച്ചത്. ഗാന്ധിജിയുടെ പ്രവചനം ഇപ്പോൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. വർഗീയ-രാഷ്ട്രീയ ധ്രുവീകരണം ശക്തമാകുന്നു. ആര് സ്ഥാനാർത്ഥിയാകണമെന്ന് രാഷ്ട്രീയകക്ഷികൾ തീരുമാനിക്കുന്നു. ജനം നിസ്സഹായരായി നോക്കിനിൽക്കുന്നു; കേവലം വോട്ടുകുത്തി ജീവികളായി അധഃപതിക്കുന്നു.

ഔന്ധിലെ ജനാധിപത്യവും ഗാന്ധിയൻ ഭരണഘടനയും

ഒരു ഗ്രാമത്തിലെ 50-75 വീടുകൾ ഒരു അയൽക്കൂട്ടമായി പരിഗണിക്കുക. ഈ വീടുകളിലെ പ്രായപൂർത്തിയായവർ ഒരിടത്ത് ഒത്തുചേർന്ന് അവരുടെ പ്രതിനിധിയെ തിരഞ്ഞെടുക്കുക. ഇത്തരം അയൽക്കൂട്ട പ്രതിനിധികൾ വാർഡ്തലത്തിൽ കൂടിയിരുന്ന് വാർഡ് മെമ്പർമാരെ നാമനിർദ്ദേശം ചെയ്യുക. വാർഡ് മെമ്പർമാർ ചേർന്ന് ഗ്രാമപഞ്ചായത്ത് സമിതി രൂപീകരിക്കും. ഇതിൽനിന്ന് നിർദ്ദേശിക്കപ്പെടുന്ന പ്രതിനിധികൾ ചേർന്ന് ബ്ലോക്ക് പഞ്ചായത്ത്, അതിനുമീതെ ജില്ലാ പഞ്ചായത്ത് എന്നിങ്ങനെ ഭരണസംവിധാനങ്ങൾ ഉണ്ടാക്കാം.

ഗാന്ധിജിയുടെ ഈ ജനാധിപത്യക്രമം കേവലം സ്വപ്നമായിരുന്നില്ല. പരീക്ഷിച്ച് വിജയിച്ച ജനാധിപത്യക്രമമായിരുന്നു. മഹാരാഷ്ട്രയിലെ പൂനയ്ക്കടുത്തുള്ള 'ഔധ്' എന്ന നാട്ടുരാജ്യത്തിലാണ് ഭാരതത്തിന്റെ പൈതൃകജനാധിപത്യം ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ യാഥാർത്ഥ്യമാക്കിയത്. ഔന്ധിലെ രാജാവായിരുന്ന ഭവൻറാവു ശ്രീനിവാസ റാവു പാന്ത്, പൂന സാർവജനിക സഭയുടെ അദ്ധ്യക്ഷൻകൂടിയായിരുന്നു. ദേശീയപ്രസ്ഥാനത്തോട് അനുഭാവമുണ്ടായിരുന്ന അദ്ദേഹം ഗാന്ധിയുടെ

അടുത്ത അനുയായിയും പോളീഷ് എൻജിനീയറുമായിരുന്ന മൗറീസ് ഫ്രൈഡ്മാന്റെ ഉപദേശപ്രകാരമാണ് അപ്രകാരം ഒരു തീരുമാനമെടുത്ത്.

ഔന്ദിലെ രാജകുമാരൻ പരശുറാം റാവു പാന്ത് (ആബാ സഹദ് പാന്ത്) മൗറീസ് ഫ്രൈഡ്മാൻ (പിൻകാലത്ത് രമണ മഹർഷിയുടെ ശിഷ്യത്വം സ്വീകരിച്ച ഭരതാനന്ദ) എന്നിവർ വാർദ്ധയിൽ എത്തി ഗാന്ധിജിയെ പലവട്ടം കണ്ട് ഗാന്ധിയുടെ സർവോദയജനാധിപത്യപ്രകാരമുള്ള ഒരു ഭരണഘടന എഴുതി തയ്യാറാക്കി. അയൽക്കൂട്ടം മുതൽ പ്രവിശ്യാതലം വരെ മേൽപറഞ്ഞ വിധമുള്ള ഭരണസംവിധാനമാണ് അവിടെയുണ്ടായിരുന്നത്. 1939 ജനുവരി 21 മുതൽ രാജാവ് ഭരണാധികാരം ഒഴിഞ്ഞ് ഒരു ജനകീയ ജനാധിപത്യസംവിധാനം ഔന്ദിൽ നിലവിൽ വന്നു.

1947ൽ സ്വാതന്ത്ര്യം ലഭിച്ച് നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിക്കുന്നതുവരെ ഗാന്ധിജി നിർദ്ദേശിച്ച സർവോദയ സ്വരാജ് ഭരണഘടന അനുസരിച്ചുള്ള ഭരണവും തിരഞ്ഞെടുപ്പ് സമ്പ്രദായവും പ്രസ്തുത നാട്ടുരാജ്യത്ത് തുടർന്നു.ഗാന്ധിജിയുടെ അടുത്ത അനുയായിയും കോളേജ് പ്രിൻസിപ്പലുമായിരുന്ന ശ്രീമൻ നാരായൺ 1946ൽ സ്വതന്ത്ര ഭാരതത്തിനായി ഒരു ഭരണഘടനാ നിർദ്ദേശം തയ്യാറാക്കി. 'സ്വതന്ത്ര ഭാരതത്തിന് ഗാന്ധിയൻ ഭരണഘടന' എന്നായിരുന്നു ഗ്രന്ഥത്തിന്റെ പേര്. ഔന്ദ് എന്ന നാട്ടുരാജ്യത്ത് വിജയകരമായി നടപ്പാക്കിയ തിരഞ്ഞെടുപ്പ് രീതിയും ജനാധിപത്യ സമ്പ്രദായവുമാണ് ഈ ഭരണഘടനാ നിർദ്ദേശകത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സർവോദയ തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു ഭരണഘടനയാണ് പ്രൊഫ. ശ്രീമൻ നാരായൺ തയ്യാറാക്കിയത്. ഗാന്ധിജിയാണ് പ്രസ്തുത ഗ്രന്ഥത്തിന് മുഖവുര എഴുതിയത്. സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന തയ്യാറാക്കിയപ്പോൾ ഇത്തരം നിർദ്ദേശങ്ങൾക്ക് ആവശ്യമായ പരിഗണന ലഭിച്ചില്ല എന്നതാണ് ചരിത്ര യാഥാർത്ഥ്യം.

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

തിരഞ്ഞെടുപ്പ് ചെലവുകൾ, സേവനസമയനഷ്ടം എന്നിവ കുറയ്ക്കാനായി ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്ന നിർദ്ദേശവുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ രംഗത്ത് വരുന്നുണ്ട്. അവർ പറയുന്നപ്രകാരമാണെങ്കിൽ ഒരേസമയം അഞ്ച് തിരഞ്ഞെടുപ്പുകളാണ് നടക്കുക. (വാർഡ്-ബ്ലോക്ക്-ജില്ല-നിയമസഭ-പാർലമെന്റ്) കേന്ദ്രീകൃതസ്വഭാവമുള്ള ഇത്തരം തിരഞ്ഞെടുപ്പുകൾ സങ്കീർണത വർദ്ധിപ്പിക്കും. അഴിമതി, വർഗീയ-രാഷ്ട്രീയ ധ്രുവീകരണം, കക്ഷിരാഷ്ട്രീയ സർവാധിപത്യം എന്നിവയ്ക്ക് ഒരു ലഘൂകരണവും ഉണ്ടാകില്ല.

അയൽക്കൂട്ടങ്ങളിൽ മാത്രം പ്രതിനിധികളെ തിരഞ്ഞെടുക്കുകയും മുകൾതലങ്ങളിൽ പ്രതിനിധികളിൽ നിന്നുള്ള പ്രതിനിധികളെ നാമനിർദ്ദേശം നടത്തുകയും ചെയ്യുന്ന ഗാന്ധിയൻ-സർവോദയ-ജനാധിപത്യ തിരഞ്ഞെടുപ്പ് രീതിയാണ് ഏക തിരഞ്ഞെടുപ്പ് എന്നത് യാഥാർത്ഥമാക്കുന്നത്. ഇത്

കാലികമായ ഭേദഗതികളോടെ സ്വീകരിക്കാനുള്ള ഇച്ഛാശക്തി ബന്ധപ്പെട്ട വർക്ക് ഉണ്ടാകട്ടെ എന്ന് പ്രത്യാശിക്കാം.

പ്രതീക്ഷകൾ, വെല്ലുവിളികൾ

സർവോദയ ചിന്താപദ്ധതിയോടൊത്തുപോകുന്ന നിരവധി മാറ്റങ്ങളും, പരിപാടികളും, കാഴ്ചപ്പാടുകളും, സംസ്ഥാനതലത്തിലും അഖിലേന്ത്യാതലത്തിലും അന്താരാഷ്ട്രരംഗത്തും ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

പഞ്ചായത്ത്‌രാജ് നിയമം, ത്രിതല പഞ്ചായത്ത് സംവിധാനം, ജനകീയാസൂത്രണം, ജൈവകൃഷിപ്രോത്സാഹനം, പ്രകൃതിജീവനം, ട്രസ്റ്റിഷിപ്പ് സിദ്ധാന്തത്തോട് ഒത്തുപോകുന്ന സി.എസ്.ആർ.ഫണ്ട്, പൊതു-സ്വകാര്യ-പങ്കാളിത്തപദ്ധതികൾ, സബ്കാ വികാസ് (സർവരുടേയും പുരോഗതി), കാർഷികമേഖലയിൽ ഇടത്തട്ടുകാരെ ഒഴിവാക്കൽ, സഹകരണ സംഘങ്ങൾ, ആത്മനിർഭർ ഭാരത്, സുസ്ഥിര വികസനം, സ്വയംസഹായസംഘങ്ങൾ, നൂതനാശയ സംരംഭങ്ങൾ, സ്വച്ഛ്ഭാരതം, ഒരു ലോകം ഒരു കുടുംബം, അന്താരാഷ്ട്ര സമന്വയം, ആഗോള അഹിംസാദിനപരിപാടികൾ, നൈപുണി അധിഷ്ഠിത വിദ്യാഭ്യാസം, സമഗ്ര ആരോഗ്യപരിപാലനം, മനുഷ്യമുഖമുള്ള സമ്പദ്‌വ്യവസ്ഥ, മതാതീത ആത്മീയത, ധാർമ്മികതയുടെ മതം, മനുഷ്യത്വത്തിൽ അധിഷ്ഠിതമായ ശാസ്ത്രവും നിർമ്മിതബുദ്ധിയും, അന്താരാഷ്ട്ര സഹകരണാത്മകത, നയതന്ത്രം, സമാധാന പ്രസ്ഥാനങ്ങൾ, പൗരാവകാശമുന്നേറ്റങ്ങൾ എന്നിവയെല്ലാം സർവോദയ ആത്മാംശങ്ങൾ ഉള്ളവയാണ്. സർവോദയ ആശയങ്ങളും പ്രവർത്തനരീതികളും ലോകസമൂഹത്തിൽ ധാരാളമായി സ്വീകരിക്കപ്പെടുന്നു എന്നതിന്റെ ഏതാനും ഉദാഹരണങ്ങളാണിവ.

അതേസമയംതന്നെ കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, ഉയർന്ന ജീവിതനിലവാരം, സൈബർ ആക്രമണങ്ങൾ, സാമുദായിക-രാഷ്ട്രീയ ധ്രുവീകരണങ്ങൾ, യുദ്ധം, സാംക്രമികരോഗങ്ങൾ എന്നീ വെല്ലുവിളികൾ ഈ നൂറ്റാണ്ട് അഭിമുഖീകരിക്കുന്നു.

ഈ വെല്ലുവിളികളെ തരണംചെയ്യാനും, സർവോദയ ആത്മാംശമുള്ള പരിപാടികളേയും ചിന്തകളേയും വികസിപ്പിക്കാനും സമഗ്രമായ ഒരു സർവോദയ പദ്ധതി രൂപംകൊള്ളണം. ഏതെങ്കിലും ചില മേഖലകളിൽ മാത്രം സർവോദയ ആഭിമുഖ്യത്തിലുള്ള എതാനും പദ്ധതികൾ നടപ്പിലാക്കിയതുകൊണ്ട് സർവോദയ സമൂഹരചനയോ സാമൂഹികമാറ്റമോ സാധ്യമായിക്കൊള്ളണമെന്നില്ല. സാമ്പത്തിക-സാമൂഹിക-ധാർമ്മിക-രാഷ്ട്രീയമേഖലകളിലെല്ലാം ഒരേസമയം സർവോദയ ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള വർത്തന വ്യതിയാനം ഉണ്ടാകുമ്പോഴാണ് സമഗ്രമായ സാമൂഹികമാറ്റം സാധ്യമാകുന്നത്. ഗ്രാമതലം മുതൽ അന്താരാഷ്ട്രതലം വരെ ഈയൊരു

സമീപനം പാലിക്കാനാകണം. മറ്റൊരുതരത്തിൽ പറഞ്ഞാൽ സർവോദയം ഒരു ജീവിതശൈലിയായി മാറണം.

ലോകസേവകരും സർവോദയപ്രസ്ഥാനവും

സർവോദയ സമൂഹം സൃഷ്ടിക്കാനുള്ള പൊതുവായ ആശയപ്രചരണങ്ങളും, പ്രവർത്തന പദ്ധതികളുമായി മുന്നേറുമ്പോൾ തന്നെ, അയൽക്കൂട്ടംമുതൽ അന്താരാഷ്ട്രതലംവരെ സർവോദയ ആഭിമുഖ്യമുള്ള ചലനങ്ങൾ ഉണ്ടാകുമ്പോൾ അവയെ തിരിച്ചറിയാനും സ്വീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ലോക്സേവകർക്കും സർവോദയ പ്രസ്ഥാനങ്ങൾക്കും സാധിക്കണം.

കക്ഷിരാഷ്ട്രീയത്തിൽ നിന്നും, അധികാരരാഷ്ട്രീയത്തിൽ നിന്നും വിട്ടുനിന്നുകൊണ്ട് നിഷ്പക്ഷമായും നിർഭയമായും നിസ്വാർത്ഥമായും സാമൂഹികസേവനം തുടരുന്ന പൊതുജനസേവകനാണ് ലോക്സേവകൻ എന്ന് മഹാത്മജി നമ്മെ ഓർമ്മപ്പെടുത്തുന്നു. സർവോദയ സമൂഹസൃഷ്ടിക്കായുള്ള രാസത്വരകങ്ങളായി വർത്തിക്കാൻ ലോക്സേവകനും സർവോദയ പ്രസ്ഥാനത്തിനും സാധിക്കണമെന്നാണ് മഹാത്മജിയുടെ നിർദ്ദേശം. ഔപചാരികതക്കല്ല; ആത്മാർത്ഥതയ്ക്കാണ് പ്രാധാന്യം. ആരെയും കാത്തുനിൽക്കേണ്ടതില്ല. സർവോദയ ബോധ്യത്തോടെ രംഗത്തിറങ്ങുന്ന ഓരോ വ്യക്തിക്കും സർവോദയ സമൂഹസൃഷ്ടിക്കായി സ്വയം സമർപ്പിക്കാൻ സാധിക്കും.

❐

ഗാന്ധിജിയുടെ ഒസ്യത്ത് നിരാകരിച്ചതെന്തിന്?

ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലൂടെ ഭാരതം നേടിയെടുത്ത രാഷ്ട്രീയസ്വാതന്ത്ര്യത്തെ, സാമൂഹിക-സാമ്പത്തിക-ധാർമ്മിക മേഖലയിലേയ്ക്കുകൂടി വികസിപ്പിക്കണമെന്ന കാഴ്ചപ്പാടാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. രാജ്യത്തിന്റെ സമഗ്രപുരോഗതിയിലേയ്ക്കുള്ള പാത അഹിംസയുടേയും വികേന്ദ്രീകരണത്തിന്റേയും ജനകീയ ജനാധിപത്യത്തിന്റേയും ആകണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. രാഷ്ട്രീയ പാർട്ടികളുടേയും മത-സാമുദായിക സംഘടനകളുടേയും അനാരോഗ്യകരമായ മത്സരത്തിൽനിന്ന് രാഷ്ട്രീയപ്രക്രിയയെ മാറ്റിനിർത്തണമെന്ന് ഗാന്ധിജി വ്യക്തമായി നിർദ്ദേശിച്ചിരുന്നു.

1948 ജനുവരി 29ന് തയ്യാറാക്കിയ 'കോൺഗ്രസ്സിന് ഒരു പുതിയ ഭരണ ഘടന' എന്ന കുറിപ്പിലാണ് ഗാന്ധിജി ഇക്കാര്യം വിശദീകരിച്ചത്. ഗാന്ധിജി ഏറ്റവും അവസാനമായി തയ്യാറാക്കിയ രേഖയായതുകൊണ്ട് ഇത് ഗാന്ധിജിയുടെ ഒസ്യത്ത് എന്നും പില്ക്കാലത്ത് അറിയപ്പെട്ടു. രാഷ്ട്രീയകക്ഷികളുടെ മത്സരമില്ലാത്ത പങ്കാളിത്ത ജനകീയ ജനാധിപത്യമാണ് ഗാന്ധിജി വിഭാവനം ചെയ്തത്. വർഗീയ മാത്സര്യങ്ങളെ ഒഴിവാക്കാൻ ഇതു സഹായിക്കുമെന്നും അദ്ദേഹം പ്രത്യാശിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് അതുവരെയുണ്ടായിരുന്ന ഘടനാരൂപത്തിന് മാറ്റംവരുത്തി ജനസേവാപ്രസ്ഥാനമാക്കി മാറ്റുന്നവിധമുള്ള പ്രസ്തുത രേഖ എ.ഐ.സി.സി.യിൽ അവതരിപ്പിച്ച് അംഗീകാരം നേടാമെന്നായിരുന്നു ഗാന്ധിജിയുടെ പ്രതീക്ഷ. ലോകത്തിനു മുഴുവൻ മാതൃകയാക്കാവുന്ന കക്ഷിരഹിതവും വികേന്ദ്രീകൃതവും ജനകീയവുമായ പുതിയൊരു ജനാധിപത്യക്രമം ഭാരതത്തിൽ രൂപംകൊള്ളണമെന്ന വ്യക്തമായ ദിശാബോധം അദ്ദേഹത്തിനുണ്ടായിരുന്നു. നിർഭാഗ്യവശാൽ പിറ്റേദിവസം തന്നെ ഗാന്ധിജി വധിക്കപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുശേഷം നടന്ന എ.ഐ.സി.സി. ഗാന്ധിജിയുടെ നിർദ്ദേശം ചർച്ചചെയ്തെങ്കിലും അംഗീകരിച്ചില്ല.

നിരന്തരമായ നിരീക്ഷണങ്ങളുടെ ഫലമായി ഗാന്ധിജിയിൽ രൂപം കൊണ്ട സുവ്യക്തമായ നിഗമനത്തിന്റെ പ്രതിഫലനമായിരുന്നു ഈ നിർദ്ദേശം. സ്വാതന്ത്ര്യലബ്ധിക്കു തൊട്ടു മുമ്പും പിമ്പുമായി സംസ്ഥാനങ്ങളിൽ രൂപംകൊണ്ട ഗവണ്മെന്റുകളിലെ മന്ത്രിമാരടക്കമുള്ള ജനപ്രതിനിധികളിൽ ഉണ്ടായ സ്വജനപക്ഷപാതം, അഴിമതി, അധികാരത്തർക്കങ്ങൾ, പാർട്ടികളുടെ ആധിപത്യശ്രമങ്ങൾ, വർഗീയപ്രീണനം, ആദർശരാഹിത്യം എന്നിവ വിലയിരുത്തിക്കൊണ്ടാണ് ഗാന്ധിജി ഈ നിർദ്ദേശം മുന്നോട്ടുവച്ചത്.

രാഷ്ട്രീയരംഗത്തും തിരഞ്ഞെടുപ്പുരീതിയിലും സാമൂഹ്യ-ധാർമികമേഖലകളിലും ഭാരതത്തനിമയുള്ള ഭരണസംവിധാനം ലക്ഷ്യമാക്കിയാണ് ഗാന്ധിജി പഞ്ചായത്ത്‌രാജ് സംവിധാനം മുന്നോട്ടുവച്ചത്. ഗ്രാമതലത്തിൽ പ്രത്യക്ഷ ജനാധിപത്യവും മുകൾതലങ്ങളിലേയ്ക്ക് ഗ്രാമതല പ്രതിനിധികളിൽനിന്ന് തിരഞ്ഞെടുക്കുന്ന രീതിയിലുള്ള പരോക്ഷ ജനാധിപത്യവുമാണ് ഗാന്ധിജി നിർദ്ദേശിച്ചത്. അതുകൊണ്ടാണ് ഗാന്ധിജി ഇപ്രകാരം പറഞ്ഞത്: "പരോക്ഷ ജനാധിപത്യത്തിനുവേണ്ടി ഞാൻ തീർച്ചയായും നാടെങ്ങും പോയി വാദിക്കുകയും മിക്കവാറും പൊതുജനങ്ങളിൽ വലിയൊരു വിഭാഗത്തിന്റെ അഭിപ്രായം ആ തിരഞ്ഞെടുപ്പ് രീതിക്ക് അനുകൂലമാക്കി എടുക്കുകയും ചെയ്യും." (The Nations Voice 1931) രാഷ്ട്രീയകക്ഷികൾ അനിവാര്യമല്ലാത്ത ജനകീയ ജനാധിപത്യക്രമമാണത്. കോൺഗ്രസ് മാത്രമല്ല, എല്ലാ രാഷ്ട്രീയപാർട്ടികളും പിരിഞ്ഞുപോകുന്ന പങ്കാളിത്ത ജനകീയ ജനാധിപത്യ പ്രക്രിയയിൽ സമന്വയിക്കുന്ന ഒരു രാഷ്ട്രീയ സാമൂഹ്യ പരിസരമായിരുന്നു ഗാന്ധിജി ലക്ഷ്യമിട്ടത്.

അക്കാലത്തുതന്നെ തിരഞ്ഞെടുപ്പുകളിൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു ലക്ഷം രൂപ വരെ ചെലവഴിച്ചിരുന്നു. "ലോകത്തിലെ ഏറ്റവും ദരിദ്രമായ ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇതൊരു ഭീമമായ തുകയാണ്" (The Nations Voice page 17-18) എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. ഇക്കാലത്തെ തിരഞ്ഞെടുപ്പ് ചെലവുകൾ എത്രയെന്ന് ആലോചിച്ചുനോക്കൂ.

ഗാന്ധിജി നിർദ്ദേശിച്ച വിപ്ലവകരമായ നൂതനാശയം സ്വീകരിക്കാൻ നിർഭാഗ്യവശാൽ കോൺഗ്രസ്സിനു സാധിച്ചില്ല. കോൺഗ്രസ് നേതാക്കളിൽ പലരും കേന്ദ്ര-സംസ്ഥാന മന്ത്രിസഭകളിൽ മന്ത്രിമാരോ, മറ്റേതെങ്കിലും സ്ഥാനമാനങ്ങളോ വഹിച്ചിരുന്നു എന്നതാണ് കാരണം. ഒസ്യത്തിലൂടെ ഗാന്ധിജി നിർദ്ദേശിച്ച പുതിയ സംവിധാനത്തിൽ രാഷ്ട്രീയ പ്രവർത്തനത്തിനുള്ള സാദ്ധ്യത തീരെ ഇല്ല എന്നാണ് ജവഹർലാൽ നെഹ്റു സേവാഗ്രാമിലെ ഒരു യോഗത്തിൽവച്ച് പറഞ്ഞത്.

സർക്കാരിന്റേയും രാഷ്ട്രീയപാർട്ടികളുടേയും സജീവമായ ഇടപെടലുകളുള്ള യൂറോപ്യൻ ഭരണസംവിധാനത്തെ മനസ്സിൽവച്ചുകൊണ്ടായിരിക്കാം അദ്ദേഹം അപ്രകാരം പറഞ്ഞത്. എന്നാൽ ഗാന്ധിജിയാകട്ടെ, വളരെ കുറച്ച്, മാത്രം ഭരിക്കുന്ന സർക്കാർ സംവിധാനത്തെക്കുറിച്ചും കക്ഷിരാഷ്ട്രീയ പാർട്ടികൾ ഇല്ലാത്ത വിപുലമായ പങ്കാളിത്ത ജനാധിപത്യത്തെക്കുറിച്ചുമാണ്

ഒസ്യത്തിൽ പറയുന്നത്. എന്നാൽ, പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കോൺഗ്രസ്സിനു സംഭവിച്ച ദുരവസ്ഥയെക്കുറിച്ച് പരിതപിച്ചുകൊണ്ട് പിന്നീടൊരിക്കൽ ചോദിച്ചു: "കോൺഗ്രസ് നേതാക്കൾ തിരഞ്ഞെടുപ്പിലും അധികാരത്തിലുമാണ് ശ്രദ്ധിക്കുന്നത്. അവർ ജനങ്ങളിൽനിന്നും അകന്നു പോകുന്നു. എങ്ങനെ കോൺഗ്രസ്സിനെ പുനഃസംഘടിപ്പിക്കാനാവും?"

അധികാരരാഷ്ട്രീയത്തിൽനിന്നു മാറിനിന്ന് സാമൂഹ്യസേവനം തുടരാൻ സന്നദ്ധരായ ഗാന്ധിജിയുടെ അനുയായികൾ ഗാന്ധിജി വിഭാവനം ചെയ്ത സാമൂഹ്യക്രമം-സർവോദയസമൂഹം-സാധ്യമാക്കുന്നതിനുവേണ്ടിയുള്ള ബോധവത്കരണ-നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി 1948 മാർച്ച് 15ന് സർവസേവാസംഘം അഥവാ അഖിലേന്ത്യ സർവോദയമണ്ഡലം രൂപീകരിച്ചു.

വൻകിട പദ്ധതികൾ, കേന്ദ്രീകൃത ആസൂത്രണം, പാർലമെന്റ് ഭരണക്രമം എന്നീ ആശയങ്ങളുമായി സ്വതന്ത്രഭാരത ഭരണകൂടം ചലിക്കുമ്പോഴും വികേന്ദ്രീകൃത ആസൂത്രണം, അദ്ധ്വാനസംസ്കാരം, അടിസ്ഥാനവിദ്യാഭ്യാസം, ഭക്ഷ്യസ്വരാജ്, കക്ഷിരഹിത-ജനകീയ ജനാധിപത്യം എന്നീ ഗാന്ധിയൻ-സർവോദയ ആശയങ്ങളെ പ്രചരിപ്പിക്കാൻ സർവോദയ പ്രസ്ഥാനം ശ്രമിച്ചു.

ആചാര്യ വിനോബഭാവെയുടെ നേതൃത്വത്തിൽ നടന്ന ഭൂദാൻ-ഗ്രാമദാൻ പ്രസ്ഥാനം സർവോദയ സാമൂഹ്യക്രമത്തിലധിഷ്ഠിതമായ ഒരു സാമൂഹ്യവിപ്ലവത്തിന്റെ സാധ്യതകളെ ലോകത്തിനു മുമ്പാകെ അവതരിപ്പിച്ചു. നിലനിൽപിന്റെ സമ്പദ്വ്യവസ്ഥ എന്ന സർവോദയ സമ്പദ്വ്യവസ്ഥയിലേയ്ക്ക് ജെ.സി. കുമരപ്പ ശ്രദ്ധ ക്ഷണിച്ചു. സോഷ്യലിസത്തിൽനിന്ന് സർവോദയത്തിലേക്കുള്ള വികാസത്തിന്റെ അനിവാര്യതയെക്കുറിച്ച് ലോക്നായക് ജയപ്രകാശ് നാരായൺ വ്യക്തമാക്കി. സമ്പൂർണ വിപ്ലവം എന്ന സപ്തതല പരിപാടി സർവോദയ സമൂഹത്തിലേയ്ക്കുള്ള മുന്നേറ്റമായാണ് വിഭാവനം ചെയ്തത്.

എന്നാൽ, ആദർശത്തിന്റെ വിശുദ്ധിയേക്കാൾ അധികാരത്തിന്റെ പകിട്ടിനാണ് മുൻകൈ ലഭിച്ചത് എന്നത് വാസ്തവമാണ്. ഗാന്ധിജി മുന്നറിയിപ്പ് നൽകിയതുപോല തന്നെ രാഷ്ട്രീയകക്ഷികൾ, വർഗീയ (സാമുദായിക) സംഘടനകൾ എന്നിവയുടെ മാത്സര്യം ഇപ്പോഴും തുടരുകയാണ്. അഹംഭാവം, പ്രതികാരം, വെറുപ്പ്, ഭയം എന്നീ ഭാവങ്ങളെ സമൂഹത്തിൽ വ്യാപിപ്പിക്കാൻ ഇത്തരം സംഘടനകൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അധികാരവും സമ്പത്തും കേന്ദ്രീകരിക്കുകയാണ് ഇവരുടെ ലക്ഷ്യം. ഇത്തരം വിഭാഗീയപ്രവണതകളെ അതിജീവിക്കാൻ സർവോദയ സമൂഹരചനാപ്രവർത്തനങ്ങൾ സജീവമാക്കേണ്ടിയിരിക്കുന്നു. സമസ്ത ജീവജാലങ്ങളിലും ഒരേ ദൈവീക തേജസ്സിന്റെ സ്ഫുലിംഗങ്ങളാണ് വർത്തിക്കുന്നത് എന്ന ബോദ്ധ്യമാണ് ആദ്യം ഉണ്ടാകേണ്ടത്. അങ്ങനെയെങ്കിൽ മനുഷ്യരെല്ലാം ഏകോദരസഹോദരങ്ങളാണ്. മനുഷ്യനും പ്രകൃതിയും ആദാന-പ്രദാന പ്രക്രിയയിലൂടെ

സമന്വയിക്കേണ്ടതാണ്. സർവ ജീവജാലങ്ങളുടേയും ഉദയം (പുരോഗതി) അഥവാ സർവോദയം സാദ്ധ്യമാകുന്നത് ഇപ്രകാരമാണ്. ഇത്തരം ഒരു സത്യ സാക്ഷാത്കാരത്തിലേയ്ക്കുള്ള മാർഗം അഹിംസയുടെ പ്രതിരൂപങ്ങളായ സ്നേഹം, സഹകരണം, സേവനം, വികേന്ദ്രീകരണം, പങ്കാളിത്തം, വാത്സല്യം എന്നിവയാണ്. ഈ പാതയിലൂടെ സഞ്ചരിക്കുന്ന വ്യക്തിക്ക് അഹംഭാവമോ പ്രതികാരമനോഭവമോ ഉണ്ടാകുകയില്ല. പ്രതികാര മനോഭാവത്തെ അതിജീവിക്കാൻ ഗാന്ധിജി തന്നെ പറഞ്ഞ വാക്കുകൾ ഇവയാണ്:

"എന്നെ ആരെങ്കിലും കൊല്ലുന്നുവെന്ന് വിചാരിക്കുക, പകരം മറ്റൊരാളെ കൊന്നതുകൊണ്ട് നിങ്ങൾക്ക് യാതൊരു ലാഭവുമില്ല. പിന്നെ ആലോചിച്ചുനോക്കിയാൽ ഗാന്ധിയെ കൊല്ലാൻ ഗാന്ധിക്കല്ലാതെ മറ്റാർക്കാണ് കഴിയുക? ആത്മാവിനെ നശിപ്പിക്കാൻ ആരെക്കൊണ്ടുമാവില്ല. അതിനാൽ, പ്രതികാരത്തെക്കുറിച്ചുള്ള സർവ വിചാരവും നാം മനസ്സിൽനിന്ന് ദൂരീകരിക്കുക. ഇത് വ്യക്തമായി മനസ്സിലാക്കിയാൽ സ്വാതന്ത്ര്യത്തിന്റെ നേരെ നാം നീണ്ട ഒരു കാൽവയ്പ് നടത്തിയെന്നു പറയാം." (ഹരിജൻ 17.11.1946; Communal Unity പേജ് 383)

സർവരുടേയും നന്മ (ഉദയം) കാംക്ഷിക്കുന്ന, സർവോദയമനസ്സുള്ള ഒരു വ്യക്തിയിൽ പ്രതികാരചിന്ത ഉണ്ടായിരിക്കില്ല. ഇത്തരം വ്യക്തി സ്വാതന്ത്ര്യം അനുഭവിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കാനുള്ള കഴിവ് നിർഭയത്വത്തിന്റെ സൂചനയാണെന്ന് ഗാന്ധിജി പറയുന്നു.

സത്യസന്ധമായി ജീവിക്കുന്നവനും കർത്തവ്യനിർവഹണം ആത്മാർത്ഥമായി ചെയ്യുന്നവനും അമിതമായി ആഗ്രഹങ്ങളില്ലാത്തവനും നിർഭയനായിരിക്കും. ദൈവീകസമ്പത്തുകളിൽ ആദ്യമായി സമ്പാദിക്കേണ്ട ഒന്നാണ് നിർഭയത്വം എന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. ഈശ്വരവിശ്വാസമുള്ളിടത്താണ് നിർഭയത്വം ഉണ്ടാകുന്നത്. സത്യമാണ് ദൈവം എന്ന് നിർവചിച്ച ഗാന്ധി മറ്റൊരവസരത്തിൽ പറയുന്നു: "നിർഭയത്വമാണ് എന്റെ ദൈവം" എന്ന്.

എവിടെ ഭയമുണ്ടോ, അവിടെ ധർമ്മമില്ല.

ഭയം ഏറ്റവും വലിയ പാപവും രോഗവുമാണ്.

ഭയം വെറുപ്പിനെ ജനിപ്പിക്കുന്നു.

വെറുപ്പിനെക്കുറിച്ച് ഗാന്ധിജി ഇപ്രകാരം പറയുന്നു: "ധീരനായ പുരുഷനോ സ്ത്രീയോ ഒരിക്കലും വെറുക്കുന്നില്ല. ഭീരുവിന്റെ തിന്മയാണ് വെറുപ്പ്. വെറുപ്പ് ദൗർബല്യത്തിന്റെ ലക്ഷണമാണ്." *(സമ്പൂർണകൃതികൾ: വാള്യം 19, പുറം 137)*

ഈശ്വരാനുഭവം നൽകുന്ന മതം ദൗർബല്യത്തെ അതിജീവിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു. "ക്രോധത്തെ ശാന്തികൊണ്ടും, ദുർഗുണങ്ങളെ സദ്ഗുണങ്ങൾകൊണ്ടും, വിദ്വേഷത്തെ സ്നേഹംകൊണ്ടും, തിന്മയെ നന്മകൊണ്ടും നേരിടലാണ് യഥാർത്ഥ മതം" എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. മതാനുഭവത്തിന്റെ അഭാവമാണ് വർഗീയത. മതനിഷേധം കൊണ്ട് വർഗീ

യത അവസാനിപ്പിക്കാനാകില്ല. യഥാർത്ഥ മതബോധവും മതാനുഭവവുമാണ് വർഗീയത അവസാനിപ്പിക്കാനുള്ള മാർഗം.

മതനിഷേധം മതമൗലിക ഭീകരവാദത്തിന് കാരണമാകും എന്നും അദ്ദേഹം മുന്നറിയിപ്പ് നൽകുന്നുണ്ട്. എല്ലാ മതങ്ങളുടേയും അസ്തിവാരമായ സത്യത്തിനും അഹിംസയ്ക്കും നിരക്കാത്തതെന്തും തള്ളിക്കളയാനുള്ള ആർജവം വ്യക്തിക്കും സമൂഹത്തിനും ഉണ്ടാകണം എന്നതാണ് സർവോദയപക്ഷം.

തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഗാന്ധിജി നിർദ്ദേശിച്ചപ്രകാരമുള്ള മാറ്റം അനിവാര്യമാണ്. ഇത് സാദ്ധ്യമായാൽ തന്നെ നിരവധി സാമൂഹ്യതിന്മകളെ ഒഴിവാക്കാനാകും. സർവോദയ സമൂഹം എന്ന ലക്ഷ്യത്തിലേയ്ക്ക് കൂടുതൽ അടുക്കാൻ സാധിക്കും.

കക്ഷിരഹിതവും വികേന്ദ്രീകൃതവുമായ ജനാധിപത്യവും, പ്രകൃതിവിഭവങ്ങളുടെ പൊതു ഉടമസ്ഥതയും, ഊരായ്മയും, അദ്ധ്വാനവും അറിവും സമന്വയിക്കുന്ന വിദ്യാഭ്യാസവും, സർവധർമ്മ സമഭാവവും സമ്മേളിക്കുന്ന സർവോദയ സമൂഹനിർമിതിക്കായി ശക്തമായൊരു ജനകീയമുന്നേറ്റം സാധ്യമാകട്ടെ.

ഗാന്ധിജിയുടെ ഒസ്യത്ത്

ഇന്ത്യ വിഭജിക്കപ്പെട്ടുവെങ്കിലും, ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആവിഷ്കരിച്ച മാർഗത്തിലൂടെ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരിക്കയാൽ, കോൺഗ്രസ്സിന് രൂപത്തിലും ഭാവത്തിലും ഒരു പ്രചരണമാദ്ധ്യമവും ജനാധിപത്യപ്രസ്ഥാനവും എന്ന നിലയിലുള്ള പ്രയോജനം നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നഗരങ്ങളിലും പട്ടണങ്ങളിലും നിന്നു വ്യത്യസ്തമായി, ഏഴുലക്ഷം ഗ്രാമങ്ങളെ പ്രതിനിധീകരിക്കുന്ന ഇന്ത്യ ഇനിയും സാമൂഹിക-ധാർമിക-സാമ്പത്തിക രംഗങ്ങളിൽ സ്വാതന്ത്ര്യം നേടേണ്ടതായിട്ടാണിരിക്കുന്നത്. പൂർണ ജനാധിപത്യത്തിലേക്കുള്ള ഇന്ത്യയുടെ മുന്നേറ്റത്തിൽ, സിവിൽ അധികാരം സൈനിക അധികാരത്തിനു മേൽ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള പോരാട്ടം ഉണ്ടാകും. രാഷ്ട്രീയ കക്ഷികളും വർഗീയ സംഘടനകളുമായുള്ള അനാരോഗ്യകരമായ മത്സരത്തിൽ ഏർപ്പെടാൻ രാജ്യത്തെ അനുവദിക്കരുത്. ഇത്തരത്തിലുള്ള അനേകം കാരണങ്ങൾകൊണ്ട്, നിലവിലുള്ള കോൺഗ്രസ് സംഘടന പിരിച്ചുവിട്ട് താഴെപ്പറയുന്ന ചട്ടങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ലോകസേവാസംഘമായി രൂപാന്തരപ്പെടണമെന്നും, ആവശ്യംവരുന്നപക്ഷം ചട്ടങ്ങളിൽ മാറ്റം വരുത്താനുള്ള അധികാരം ലോകസേവാസംഘത്തിനുണ്ടായിരിക്കണമെന്നും ഏ.ഐ.സി.സി തീരുമാനിക്കുന്നു.

ഗ്രാമീണരോ ഗ്രാമീണ മനോഭാവമുള്ളവരോ ആയ പ്രായപൂർത്തിയെത്തിയ അഞ്ചു സ്ത്രീപുരുഷന്മാരുൾപ്പെട്ട പഞ്ചായത്ത്, ഒരു ലോകസേവാ

സംഘത്തിന്റെ പ്രാഥമിക ഘടകമായിത്തീരും. തൊട്ടു തൊട്ടു കിടക്കുന്ന അത്തരം രണ്ടു പഞ്ചായത്തുകൾ ചേർന്ന് അവരിൽനിന്നു തിരഞ്ഞെടുത്ത ഒരു നേതാവിന്റെ കീഴിൽ പ്രവർത്തകസമിതിയായിത്തീരും.

അത്തരത്തിലുള്ള നൂറുപഞ്ചായത്തുകളിലെ അമ്പത് ഒന്നാംനിര നേതാക്കൾ ഒത്തുചേർന്ന്, അവരിൽ നിന്ന് ഒരു രണ്ടാംനിര നേതാവിനെ തിരഞ്ഞെടുക്കും. ഒന്നാംനിര നേതാക്കൾ തുടർന്ന് രണ്ടാംനിര നേതാവിന്റെ കീഴിൽ പ്രവർത്തിക്കും. ഇരുന്നൂറ് പഞ്ചായത്തുകളുടെ സമാന്തരഗ്രൂപ്പുകൾ രൂപവത്കരിക്കും. ഈ പ്രക്രിയ ഇന്ത്യയിലൊട്ടാകെ വ്യാപിക്കും. ഓരോ ഗ്രൂപ്പു പഞ്ചായത്തുകളും ആദ്യത്തേതുപോലെ തന്നെ രണ്ടാംനിര നേതാവിനെ തിരഞ്ഞെടുക്കും. രണ്ടാംനിര നേതാക്കളെല്ലാവരും ഒത്തുചേർന്ന് ഇന്ത്യക്ക് പൊതുവെയും – തങ്ങളുടെ അതതുപ്രദേശങ്ങളിൽ പ്രത്യേകം പ്രത്യേകമായും സേവനമനുഷ്ഠിക്കും. രണ്ടാംനിര നേതാക്കൾ, ആവശ്യമെന്നു കാണുമ്പോൾ, ഗ്രൂപ്പു പഞ്ചായത്തുകളെ നിയന്ത്രിക്കുന്നതിനായി അവരുടെ ഇടയിൽനിന്നു തന്നെ ഒരു മുഖ്യനെ തിരഞ്ഞെടുക്കും.പ്രവിശ്യകളുടെയും ജില്ലകളുടെയും ആത്യന്തികമായ രൂപവത്കരണം ഇപ്പോഴും അനിശ്ചിതാവസ്ഥയിലിരിക്കയാൽ, ഈ സേവകരുടെ ഗ്രൂപ്പിനെ പ്രവിശ്യാ കൗൺസിലുകളായോ ജില്ലാകൗൺസിലുകളായോ വിഭജിക്കാൻ ശ്രമം നടത്തിയിട്ടില്ല. നിശ്ചിത സമയത്തിനുള്ളിൽ രൂപവത്കരിക്കപ്പെടുന്ന ഗ്രൂപ്പിനോ ഗ്രൂപ്പുകൾക്കോ പ്രത്യേക അധികാര പരിധിയുണ്ടായിരിക്കുകയില്ല. ഇന്ത്യയൊട്ടാകെയുള്ള തങ്ങളുടെ യജമാനന്മാർക്ക്-ജനങ്ങൾക്ക് മുറുമുറുപ്പു കൂടാതെയും ബുദ്ധിപൂർവവും നൽകുന്ന സേവനങ്ങളിൽ നിന്നായിരിക്കും ഈ സേവകസംഘത്തിന് അധികാരം ലഭിക്കുന്നത്.

1. ലോക്സേവാസംഘത്തിന്റ ഓരോ പ്രവർത്തകനും സ്വയം നൂറ്റ നൂൽകൊണ്ടോ എ.ഐ.എസ്.എ (അഖിലഭാരതചർക്കാസംഘം) അംഗീകരിക്കുന്ന നൂൽകൊണ്ടോ നിർമിച്ച ഖാദി, നിഷ്ഠയോടെ ധരിക്കുകയും മദ്യപാനശീലം ഉപേക്ഷിക്കുകയും ചെയ്തിരിക്കണം. അയാൾ ഹിന്ദുവാണെങ്കിൽ ഏതുരൂപത്തിലുള്ള അസ്പൃശ്യതയേയും സ്വന്തം നിലയിലും കുടുംബത്തിൽനിന്നും പരിത്യജിക്കണം. സാമുദായികൈക്യത്തിൽ വിശ്വസിക്കുകയും, എല്ലാ മതങ്ങൾക്കും തുല്യബഹുമാനാദരങ്ങൾ നൽകുകയും, വർഗവർണലിംഗവ്യത്യാസം കൂടാതെ എല്ലാവർക്കും തുല്യാവസരവും പദവിയും ഉണ്ടാകണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തിയും ആയിരിക്കണം.
2. തന്റെ അധികാരപരിധിയിലുള്ള ഓരോ ഗ്രാമീണനുമായും പ്രവർത്തകർ വ്യക്തിപരമായി സമ്പർക്കത്തിലേർപ്പെടും.
3. എല്ലാ പ്രവർത്തകരും ഗ്രാമീണരെ പരിശീലിപ്പിക്കുകയും അവരുടെ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യണം.
4. ഓരോ ദിവസത്തെയും പ്രവർത്തനങ്ങളുടെ രജിസ്റ്റർ ഓരോ പ്രവർത്തകനും സൂക്ഷിക്കണം.

5. കൃഷിയിലും കൈവേലകളിലും സ്വയംപര്യാപ്തരും സ്വാശ്രയശീല മുള്ളവരുമാകത്തക്കവിധം ഗ്രാമീണരെ സംഘടിപ്പിക്കണം.
6. ശുചീകരണവേലകൾ, ശുചിത്വപാലനം എന്നിവ ഗ്രാമീണ ജനതയെ പരിശീലിപ്പിക്കുകയും, അവർക്കിടയിൽ അനാരോഗ്യവും രോഗവും വ്യാപിക്കുന്നത് തടയാൻ എല്ലാ നടപടികളുമെടുക്കുകയും വേണം.
7. ഗ്രാമീണജനതയുടെ ജനനം മുതൽ മരണം വരെ നവീന വിദ്യാഭ്യാസ സമ്പ്രദായത്തിൽ, ഹിന്ദുസ്ഥാനി താലിമി സംഘത്തിന്റെ നിയമമനു സരിച്ചുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
8. നിയമാനുസൃതമുള്ള വോട്ടർമാരുടെ ലിസ്റ്റിൽ വിട്ടുപോയിട്ടുള്ള പേരു കൾ ചേർപ്പിക്കും.
9. നിയമാനുസൃതം വോട്ടവകാശം ലഭിക്കുന്നതിന് അർഹത നേടാൻ ജന ങ്ങളെ പ്രോത്സാഹിപ്പിക്കും.
10. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങളും, കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കുന്ന ലക്ഷ്യങ്ങളും നേടിയെടുക്കുന്നതിനു വേണ്ടി, കർത്തവ്യ നിർവഹണ ത്തിന് ലോകസേവാസംഘം നിശ്ചയിക്കുന്ന ചട്ടങ്ങളനുസരിച്ച്, സ്വയം പരിശീലനം നടത്തി യോഗ്യത നേടേണ്ടതാണ്.

താഴെപ്പറയുന്ന സ്വയംഭരണാവകാശ സ്ഥാപനങ്ങളെ സംഘത്തിൽ അംഗങ്ങളായി ചേർക്കും:

അഖിലഭാരത ചർക്കാസംഘം, അഖിലേന്ത്യാ ഗ്രാമവ്യവസായ അസോ സിയേഷൻ, ഹിന്ദുസ്ഥാനി താലിമി സംഘം, ഹരിജൻ സേവാസംഘം, ഗോസേവാസംഘം.

സംഘത്തിന്റെ ലക്ഷ്യപ്രാപ്തിക്കായി ഗ്രാമീണരിൽ നിന്നും മറ്റുള്ളവ രിൽ നിന്നും ധനശേഖരം നടത്തും; പാവപ്പെട്ടവരുടെ വിഹിതം ശേഖരിക്കു ന്നതിൽ പ്രത്യേക ഊന്നൽ നൽകും. *(ദി ലാസ്റ്റ് ഫേയ്സ്, വാല്യം II, പുറം 819–20)*

❐

മതം; ഗാന്ധിജിയുടെ നിലപാട്

നമ്മുടെ സമൂഹത്തിൽ വിശ്വാസികളുടെ എണ്ണം അനുദിനം കൂടുകയാണ്. ക്ഷേത്രങ്ങളിലും പള്ളികളിലും മറ്റ് ദേവാലയങ്ങളിലും ഭക്തജനത്തിരക്ക് ഏറിക്കൊണ്ടിരിക്കുന്നു. ആത്മീയ സത്സംഗസദസ്സുകളുടെ വലുപ്പം വർദ്ധിച്ചുവരുന്നു. ധ്യാനകേന്ദ്രങ്ങളുടേയും എണ്ണം അതിവേഗം പെരുകുന്നു.

ഈ പ്രവണത സമൂഹത്തിന് നൽകേണ്ടത് ശാന്തിയും സമാധാനവുമാണ്. എന്നാലത് സംഭവിക്കുന്നുണ്ടോ? അക്രമവും അനാശാസ്യങ്ങളും അഴിമതിയും ആത്മഹത്യകളും സമൂഹമനഃസാക്ഷിക്ക് വൻ വിങ്ങലുകൾ ഉണ്ടാക്കുകയല്ലേ? വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും തികച്ചും സ്ഫോടനാത്മകമായ അന്തരീക്ഷം! എവിടെയാണ് പിഴയ്ക്കുന്നത്?

എല്ലാവർക്കും വേണ്ടത് സുഖവും സമാധാനവും തന്നെ! ലക്ഷ്യം നല്ലതുതന്നെ, മാർഗത്തിലാണ് പ്രശ്നം. ദൈവചിന്തയൊക്കെ മനസ്സിലുണ്ടെങ്കിലും ലക്ഷ്യം നേടാൻ ആശ്രയിക്കുന്നത് സമ്പത്തിനേയും സ്ഥാനത്തേയുമാണ്. പണംകൊണ്ട് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സ്ഥാനമാനങ്ങൾകൊണ്ട് പേരും പെരുമയും നേടിയും സുഖം നേടാമെന്ന് നാം കരുതുന്നു. പണവും സ്ഥാനമാനങ്ങളും കീർത്തിയും നേടുന്നതിനും സമൂഹത്തിൽ സ്റ്റാറ്റസ് നിലനിർത്തുന്നതിനും വേണ്ടിയുള്ള നെട്ടോട്ടത്തിൽ മാനുഷികമൂല്യങ്ങളും പ്രകൃതിയുടെ സുസ്ഥിരതയും തകർന്നടിയുകയാണ്. ആത്മസാക്ഷാത്കാരമാണ് മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന കാര്യം ഏവരും വിസ്മരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാട് എന്നാണ് നാം നമ്മുടെ സംസ്ഥാനത്തെ വിശേഷിപ്പിക്കുന്നത്. അത്രമാത്രം പ്രകൃതിവിഭവ സമൃദ്ധി ദൈവം നമുക്ക് കനിഞ്ഞുനൽകിയിട്ടുണ്ട്. ലോകത്ത് നിലവിലുള്ള ഏറെക്കുറെ എല്ലാ മത വിഭാഗങ്ങളുമുള്ള ഒരു സംസ്ഥാനവും കേരളംതന്നെ.

എല്ലാവരും മത്സരിച്ച് ആളെക്കൂട്ടുകയാണ്. മുക്കിലും മൂലയിലും ക്ഷേത്രങ്ങളും പള്ളികളും മോസ്കുകളും കപ്പേളകളും കൊട്ടിലുകളും മദ്ര

സകളുമെല്ലാം ഉയർന്നുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള ദേവാലയങ്ങൾ പൊളിച്ചുമാറ്റി വലിയ ദേവാലയങ്ങൾ നിർമ്മിക്കുന്നതിലും മത്സരം നടക്കുന്നു. ഓരോ മതക്കാരും ഇതൊരു അഭിമാനപ്രശ്നമായി ഏറ്റെടുക്കുന്നു. എല്ലാവർക്കും വേണം വലിയ ദേവാലയങ്ങൾ, എല്ലാവർക്കും വേണം ഗംഭീര ഉത്സവാഘോഷങ്ങൾ.

അതേസമയം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാംസ്ഥാനത്തേയ്ക്ക് കുതിക്കുകയാണത്രേ. മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ശരാശരി ഉപഭോഗം മറ്റ് സംസ്ഥാനങ്ങളേക്കാൾ വളരെ കൂടുതലുള്ളതും കേരളത്തിൽതന്നെ. മദ്യവും മയക്കുമരുന്നും അധമചിന്തകളും അക്രമവാസനകളും വളർത്തും. വ്യക്തിയെ സാംസ്കാരികമായി അധഃപതിപ്പിക്കുന്നു. വിശ്വാസികളുടെ എണ്ണം പെരുകുന്ന ഇവിടെ കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ പാടില്ലാത്തതല്ലേ? പിന്നെയെന്തേ ഇങ്ങനെ സംഭവിക്കുന്നു?

ധാർമ്മികതയുടെ പ്രഭവകേന്ദ്രങ്ങളാണ് ദേവാലയങ്ങൾ. അതുകൊണ്ടുതന്നെ അവ നിർമ്മിക്കുന്നതും ധർമ്മത്തിന്റെ തലത്തിൽ നിന്നുകൊണ്ടാകണം. കുറ്റകൃത്യങ്ങൾ പെരുകാൻ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങൾ ഉണ്ട് എന്നത് വസ്തുതയാണ്. എങ്കിലും ശരിയായ ഈശ്വരവിശ്വാസവും മതബോധവും മൂല്യാധിഷ്ഠിത ജീവിതവും ഉണ്ടെങ്കിൽ കുറ്റകൃത്യങ്ങളെ ഒരളവുവരെ കുറച്ചുകൊണ്ടുവരുവാൻ ആകും.

ഈശ്വരവിശ്വാസവും ആരാധനയും

തന്നിലും മറ്റ് ജീവികളിലുമുള്ള ഈശ്വരസാന്നിദ്ധ്യത്തെക്കുറിച്ച് ബോദ്ധ്യപ്പെടുകയും ആ ചൈതന്യത്തെ അഥവാ ശക്തിയെ ആവിഷ്കരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ഈശ്വരവിശ്വാസി.

ഈശ്വരൻ അനിർവചനീയനും അരൂപിയുമാണെന്ന് മതങ്ങൾ അഭിപ്രായപ്പെടുന്നു. ഗാന്ധിജിയും ഇക്കാര്യം പൂർണമായും ഉൾക്കൊള്ളുന്നു. എങ്കിലും ഈശ്വരൻ എന്താണ് എന്ന് ഗാന്ധിജി ഏകദേശ ധാരണ നൽകുന്നു.

"പ്രപഞ്ചത്തിൽ ഒരു ക്രമം ഉണ്ടെന്നും നിലനിൽക്കുന്ന ഓരോ വസ്തുവിനേയും ഓരോ ജീവിയേയും അചഞ്ചലമായ ഒരു നിയമം നിയന്ത്രിക്കുന്നുണ്ട് എന്നും എനിക്ക് അനുഭവപ്പെടുന്നു. അതൊരു അന്ധനിയമമല്ല. ഒരു അന്ധനിയമത്തിനും ജീവജാലങ്ങളുടെ പെരുമാറ്റത്തെ നിയന്ത്രിക്കാനാകില്ല. പദാർത്ഥങ്ങൾക്കുപോലും ജീവനുണ്ടെന്ന് സർ ജെ.സി. ബോസിന്റെ അത്ഭുതകരമായ ഗവേഷണങ്ങൾക്ക് തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാ ജീവനേയും ഭരിക്കുന്ന നിയമമാണ് ഈശ്വരൻ എന്നു പറയാം."- ഗാന്ധിജി.

പ്രപഞ്ച ചലനങ്ങൾക്കും പ്രതിഭാസങ്ങൾക്കും കാരണമാകുന്ന ഒരു അതീതശക്തിയുണ്ട് എന്ന് വിശ്വപ്രസിദ്ധ ശാസ്ത്രകാരനായ ആൽബർട്ട് ഐൻസ്റ്റീൻ തന്റെ ശാസ്ത്ര ഗവേഷണത്തിന്റെ അവസാനഘട്ടത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഗാന്ധിജിയും ഐൻസ്റ്റീനും ഒരേ അഭി

പ്രായത്തിൽ എത്തുന്നു. ആത്മീയവാദിക്കും ഭൗതികവാദിക്കും സ്വീകാര്യമായ ഈശ്വരസങ്കല്പമാണിത്.

ആദ്ധ്യാത്മിക ശാസ്ത്രത്തിന്റേയും ഭൗതികശാസ്ത്രത്തിന്റേയും സംഗമമാണ് പ്രസ്തുത ഈശ്വര സങ്കല്പം.

ഈശ്വരസക്ഷാത്കാരം തന്നെയാണ് ആത്മസാക്ഷാത്കാരമെന്ന് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് വെളിപ്പെടുത്തിയ പുണ്യഭൂമിയാണ് ഭാരതം. ഹൃദയവിശുദ്ധിയാണ് സാക്ഷാത്കാരത്തിന്റെ കവാടമെന്ന് യുഗപുരുഷന്മാരും ആചാര്യന്മാരും നിരവധി ഉപാധികളിലൂടെയും ഉദാഹരണങ്ങളിലൂടെയും ഓരോ കാലഘട്ടത്തിലും വിശദീകരിച്ചു തന്നിട്ടുണ്ട്. വേദങ്ങളിലും ഉപനിഷത്തുകളിലുമുള്ള ഈ തത്ത്വത്തെ സാധാരണക്കാരന് മനസ്സിലാവുന്ന ഭാഷയിൽ വ്യാഖ്യാനിക്കുകയാണ് രണ്ടായിരത്തി അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് ശ്രീബുദ്ധനും മഹാവീരനും ചെയ്തത്. ബുദ്ധമതത്തിന്റെ അടിസ്ഥാനമായ അഷ്ടാംഗമാർഗവും ജൈനമതത്തിന്റെ ത്രിരത്നങ്ങളും ഹൃദയവിശുദ്ധിയിലൂടെ ആത്മസാക്ഷാത്കാരം നേടാനാകുമെന്ന് വ്യക്തമാക്കി. ഭക്തി-ജ്ഞാന-കർമ്മ യോഗങ്ങളിലൂടെ അനാസക്തിയും ഹൃദയവിശുദ്ധിയും കൈവരിക്കുന്നതെങ്ങനെയാണ് എന്ന് ഭഗവദ്ഗീത വ്യക്തമാക്കുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശു തന്റെ ഗിരിപ്രഭാഷണത്തിനിടയിൽ വിവരിച്ചതും ഇതുതന്നെ.

"ചിത്തശുദ്ധിയുള്ളവർ അനുഗ്രഹീതരാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ സാക്ഷാത്കരിക്കും." *(മത്തായി 5:8)*

"പരിശുദ്ധമായ ഹൃദയവും നിഷ്പക്ഷവും നിഷ്കളങ്കരും നിസ്വാർത്ഥവുമായ ചിന്തയും ഉള്ളവരെ അള്ളാഹു തന്റെ വെളിച്ചത്തിലേയ്ക്ക് ചേർക്കുന്നു"വെന്ന് വിശുദ്ധ ഖുർ ആൻ 24-ാം സൂറത്ത് നൂറിൽ പറയുന്നു.

മനസ്സിനെ വിശുദ്ധമാക്കി ശരീരത്തെ ഈശ്വരാലയമാക്കി നിലനിർത്താനുള്ള അന്തരീക്ഷവും പ്രവർത്തനങ്ങളുമാണ് ദേവാലയങ്ങളിൽ ഉണ്ടാകേണ്ടത്.

മതങ്ങളുടെ ദൗത്യം

ഈശ്വര സാക്ഷാത്കാരത്തിന് അഥവാ ആത്മസാക്ഷാത്കാരത്തിന് പ്രാപ്തമാകുന്ന ഹൃദയവിശുദ്ധി വ്യക്തിയിൽ സൃഷ്ടിക്കുക എന്ന ദൗത്യമാണ് മതങ്ങൾക്കുള്ളത്. ഇത് ഓരോ വ്യക്തിയിലും സംഭവിക്കേണ്ട കാര്യമാണ്.

ഈയൊരു അർത്ഥത്തിൽ ഒരേ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള വിവിധ മാർഗങ്ങളാണ് മതങ്ങൾ. ഗാന്ധിജി പറയുന്നു: "ഇസ്ലാമിന്റെ അള്ളാഹുവും ക്രിസ്ത്യാനിയുടെ ദൈവവും ഹിന്ദുവിന്റെ ഈശ്വരനും എല്ലാം ഒന്നുതന്നെയാണ്. എല്ലാ മതങ്ങളും നന്മയിൽ അധിഷ്ഠിതമാണ്."

ഗാന്ധിജി വിഭാവനം ചെയ്യുന്ന മതത്തെക്കുറിച്ച് അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്: "മറ്റെല്ലാ മതങ്ങളെക്കാളും ഞാൻ ഏറ്റവും അധികം വിലമതിക്കുന്ന ഹിന്ദുമതമല്ല, ഹിന്ദുമതത്തെത്തന്നെ അതിവർത്തിക്കുകയും

മനുഷ്യപ്രകൃതിയെ പരിവർത്തനവിധേയമാക്കുകയും മനുഷ്യനെ ആന്തര സത്യത്തോട് അഭേദ്യമാംവണ്ണം ബന്ധിക്കുകയും നിരന്തരം ശുദ്ധീകരിക്കുകയും ചെയ്യുന്ന മതമാണ് ഞാൻ ഉദ്ദേശിക്കുന്നത്."

ഗാന്ധിജി ഒന്നുകൂടി വ്യക്തമാക്കുന്നു: "മതം എന്ന വാക്കുകൊണ്ട് ഞാൻ വിവക്ഷിക്കുന്നത്, നൈയാമികമോ വ്യാവഹാരികമോ ആയ മതം തന്നെയല്ല. ക്രോധത്തെ ശാന്തികൊണ്ടും ദുർഗുണങ്ങളെ സദ്ഗുണംകൊണ്ടും വിദ്വേഷത്തെ സ്നേഹംകൊണ്ടും തിന്മയെ നന്മകൊണ്ടും നേരിടലാണ് യഥാർത്ഥ മതം."

മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഈശ്വരസാക്ഷാത്കാരം എന്ന ലക്ഷ്യത്തിലേയ്ക്ക് വ്യക്തിയെ നയിക്കുന്ന വാഹനങ്ങളാണ് മതങ്ങൾ. ലക്ഷ്യത്തിലേയ്ക്ക് നമ്മെ എത്തിക്കുക എന്ന കർത്തവ്യംചെയ്യുന്ന വാഹനത്തിന് ഒരു പ്രമുഖ സ്ഥാനമുണ്ട്. അതേസമയം, ലക്ഷ്യത്തേക്കാൾ വലിയ പ്രാധാന്യം വാഹനത്തിന് ഉണ്ടായിക്കൂടാ. ലക്ഷ്യത്തിലെത്തിക്കഴിഞ്ഞാൽ വാഹനത്തിൽ നിന്നിറങ്ങി സ്വതന്ത്രമായി മുന്നോട്ടു പോകാൻ ഒരു സത്യാന്വേഷിക്ക് സാധിക്കണം.

മതാതീതമായ ആത്മീയതയേയും സർവരൂപങ്ങൾക്കും അതീതമായ പരംപൊരുളിനേയും ആവിഷ്കരിക്കാൻ നമുക്ക് സാധിക്കണം. അതുകൊണ്ടുതന്നെയാണ് സ്വാമി വിവേകാനന്ദൻ ഇപ്രകാരം പറഞ്ഞത്: "അമ്പലവും പള്ളിയുമെല്ലാം ആത്മീയജീവിതത്തിലെ നഴ്സറി ക്ലാസ്സുകൾ മാത്രമാണ്."

എല്ലാവരും സ്വന്തം മതത്തെക്കുറിച്ച് നന്നായി പഠിക്കുക, മറ്റ് മതങ്ങളെ കുറിച്ച് മനസ്സിലാക്കുക. അപ്പോൾ എല്ലാം ഒരേ സാരമാണെന്ന് മനസ്സിലാകും. പിന്നെ മതസ്പർദ്ധയും മതവർഗീയതയും ഉണ്ടാകില്ല. രാഷ്ട്രീയ അധികാരത്തിനും പണസമ്പാദനത്തിനും അധികാര രാഷ്ട്രീയത്തിനും വേണ്ടി മതത്തെ ദുരുപയോഗം ചെയ്യുന്നതിനെ പ്രതിരോധിക്കാനാകണം.

ജീവിതവിശുദ്ധിക്കുവേണ്ടിയുള്ള മതം പ്രാവർത്തികവും യാഥാർത്ഥ്യവുമാകുമ്പോൾ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കുറയുക തന്നെ ചെയ്യും.

മതവും രാഷ്ട്രീയവും

മതം രാഷ്ട്രീയത്തിൽ ഇടപെടാമോ? മതകാര്യങ്ങളിൽ രാഷ്ട്രീയം ഇടപെടാമോ?

മേൽപറഞ്ഞ രണ്ട് ചോദ്യങ്ങൾക്കും അനുകൂലമായും പ്രതികൂലമായും ഉത്തരം ലഭിക്കാറുണ്ട്. പലരും ഉത്തരം പറയുന്നത് നിലവിലുള്ള വ്യവസ്ഥാപിത മതഘടനയേയും കക്ഷിരാഷ്ട്രീയ അധികാര സംവിധാനത്തേയും മനസ്സിൽവച്ചുകൊണ്ടാണ്. ഇപ്പോഴത്തെ സംവിധാനത്തിൽ മതം പലപ്പോഴും ഭൗതിക സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുന്നതിനു വേണ്ടിയും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾ അധികാരത്തിലും ശ്രദ്ധയൂന്നുന്നു. രണ്ടുകൂട്ടരും കേന്ദ്രീകരണത്തെ സ്വയംവരിക്കുകയും ചെയ്യുന്നു.

അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി, വോട്ടുബാങ്കുകളിൽ ആധിപത്യം ലഭിക്കുന്നതിനുവേണ്ടി മതങ്ങൾക്കും ജാതികൾക്കും വിവിധ ആനുകൂല്യങ്ങൾ നൽകാൻ രാഷ്ട്രീയപാർട്ടികൾ അവരുടെ ഭരണകാലത്ത് ശ്രമിക്കുന്നു. മതമേധാവികളെ സംബന്ധിച്ച് തങ്ങളുടെ സ്ഥാപനങ്ങളും സമ്പത്തും വർദ്ധിപ്പിക്കുന്നതിന് അനുകൂല നിലപാട് സ്വീകരിക്കുന്നവരോട് കൂറ് പ്രഖ്യാപിക്കുന്നതിന് യാതൊരു മടിയുമില്ല. പക്ഷേ അപ്രകാരം കിട്ടുന്ന അനുകൂല്യങ്ങൾ ഭൂരിഭാഗവും മതത്തിലെ അഥവാ ജാതിയിലെ ഉപരിവിഭാഗത്തിന് (ക്രീമി ലയർ) മാത്രമേ ഉപകാരപ്പെടുന്നുള്ളൂ. മതവിശ്വാസിയായ സാധാരണക്കാരൻ, ദശാബ്ദങ്ങളായി തുടരുന്ന ദൈന്യതയും പ്രശ്നങ്ങളും പേറി ജീവിതം തള്ളിനീക്കുന്നു.

പല സാമൂഹിക പ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ട് ജാതി-മത സംഘടനകൾ ഭരണകൂടത്തിനെതിരെ ആഞ്ഞടിക്കുന്നത് കാണാം. പലപ്പോഴും ഇത് അധികകാലം തുടരാറില്ല. സ്കൂൾ, കോളേജുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ അംഗീകാരം, സ്വാശ്രയകോഴ്സുകളുടെ ഫീസ് ഘടന തീരുമാനം, തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥി നിർണയം എന്നിവ കഴിയുന്നതോടെ പല സമരങ്ങളും താനേ കെട്ടണയും. ഉന്നയിക്കപ്പെട്ട സാമൂഹികപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിലും കിട്ടേണ്ടത് കിട്ടിയാൽ പ്രക്ഷോഭ നാടകങ്ങളുടെ തിരശ്ശീല വീഴും.

രാഷ്ട്രീയ പാർട്ടികളും ജാതി-മതങ്ങൾക്കുമേൽ ഇതുപോലെ സമ്മർദ്ദങ്ങൾ സൃഷ്ടിക്കുന്നു. തങ്ങൾക്കനുകൂലമായി വോട്ടുബാങ്കുകൾ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള തന്ത്രങ്ങളാണവ. സംഘടിതരായ ജാതി-മത വിഭാഗങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകി വോട്ടുബാങ്കുകൾ സുരക്ഷിതമാക്കുന്നു. ഭരണവും സമ്പത്തും ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള ഒത്തുകളിയാണ് ഇവിടെ മതത്തിന്റേയും രാഷ്ട്രീയത്തിന്റേയും പേരിൽ നടക്കുന്നത്. സാധാരണക്കാരായ വിശ്വാസികളും പാർട്ടിപ്രവർത്തകരും മൂകസാക്ഷികളായി നിൽക്കുന്നു. വിശ്വാസവും ദൈവഭയവും പാർട്ടിക്കൂറുംമൂലം ഇവർക്ക് പ്രതികരിക്കാനാകുന്നില്ല.

ഗാന്ധിജിയുടെ നിലപാട്

മതത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും മേൽപറഞ്ഞതിൽ നിന്നും വ്യത്യസ്തമായ നിലപാടാണ് മഹാത്മാഗാന്ധിക്ക് ഉണ്ടായിരുന്നത്.

മതം തികച്ചും വ്യക്തിപരമായ കാര്യമാണെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു. ആത്മശുദ്ധീകരണത്തിലൂടെ അവനവനിൽ തന്നെ കുടികൊള്ളുന്ന ദൈവീകതയുടെ ആവിഷ്കാരത്തിനാണ് മതം സഹായകമാകുന്നത്. ഈ പ്രക്രിയയ്ക്ക് പ്രാർത്ഥന, പ്രത്യേകിച്ച് മൗനപ്രാർത്ഥന ശക്തമായ ഉപകരണമായി വർത്തിക്കുന്നു. ഇപ്രകാരം ഹൃദയശുദ്ധിനേടിയ വ്യക്തിത്വങ്ങൾ സൃഷ്ടിക്കപ്പെടുമ്പോൾ സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ കുടുംബജീവിതവും സാമൂഹികജീവിതവും രൂപപ്പെടും.

ഇത്തരം ഒരു ദൗത്യം നിർവഹിക്കാൻ എല്ലാ മതങ്ങളും പ്രാപ്തരാണെന്ന് ഗാന്ധിജി വിശ്വസിച്ചു. എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യവും സാധ്യതയുമാണുള്ളത്. അതുകൊണ്ട്, മതങ്ങളെ പാശ്ചാത്യം, പൗരസ്ത്യം, ന്യൂനപക്ഷം, ഭൂരിപക്ഷം എന്നിങ്ങനെ വേർതിരിക്കുന്നതിൽ അർത്ഥമില്ല.

ഒരുവ്യക്തിയോ വ്യക്തികളോ സമൂഹത്തിന്റെ നന്മയ്ക്കും ഭദ്രതയ്ക്കും വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളാണ് രാഷ്ട്രീയം. സമൂഹം എത്രമാത്രം ധാർമ്മികവും സത്യസന്ധവും അഹിംസാത്മകവും ആകുന്നു എന്നത് വ്യക്തികളുടെ വിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നു. വ്യക്തികൾക്ക് ഇത്തരം വിശുദ്ധി നൽകുന്നത് മതമാണ്. മൂല്യാധിഷ്ഠിത രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് വ്യക്തിയെ സജ്ജമാക്കുന്നതിൽ മതം പ്രത്യേക പങ്ക് വഹിക്കുന്നു.

ഇവിടെ മതം രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഇടപെടുന്നില്ല, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെടുന്ന വ്യക്തിക്ക് മൂല്യങ്ങൾ പ്രധാനം ചെയ്യുക മാത്രമാണ് മതം ചെയ്യുന്നത്. ഈ ഒരു അർത്ഥത്തിലാണ് ഗാന്ധിജി ഇപ്രകാരം പറയുന്നത്: "രാഷ്ട്രീയത്തെ മതത്തിൽ നിന്ന് നിഷ്കാസനം ചെയ്യാൻ സാധിക്കുകയില്ല." അതേസമയം മതനിഷേധവും ഭരണാധികാരത്തിനു വേണ്ടിയുള്ള മതവത്കരണവും തിന്മയാണെന്ന് ഗാന്ധിജി പ്രഖ്യാപിക്കുന്നു. മതത്തിന്റെ പേരിൽ നടത്തുന്ന ആധിപത്യശ്രമങ്ങളും അക്രമ ആഹ്വാനങ്ങളും അന്ധവിശ്വാസങ്ങളും പ്രതിരോധിക്കപ്പെടേണ്ടതാണെന്നും, ഇവയോട് സമ്പൂർണ നിസ്സഹകരണം പ്രകടിപ്പിക്കാനുള്ള ധീരത നമുക്കുണ്ടാകണമെന്നും ഗാന്ധിജി നമ്മെ ഓർമ്മപ്പെടുത്തുന്നു.

മതാതീതമായ ആത്മീയതയെ വളർത്തിയെടുത്തും സേവനത്തിൽ അധിഷ്ഠിതമായ പ്രവർത്തനത്തിലൂടെ ആദ്ധ്യാത്മികതയെ വീണ്ടെടുത്തും നമുക്ക് സമൂഹത്തിൽ ഐക്യവും സമാധാനവും സംജാതമാക്കാൻ സാധിക്കും. രാഷ്ട്രീയപാർട്ടികളും അവയ്ക്കുള്ളിലെ പ്രബലമായ ഗ്രൂപ്പും ഗ്രൂപ്പിനുള്ളിലെ ശക്തനായ നേതാവും ഏകപക്ഷീയമായി തീരുമാനിക്കുന്ന കാര്യങ്ങളാണ് ഭരണസംവിധാനത്തിലൂടെ നടപ്പാക്കുന്നത് എന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നു. ഇത്തരം അധികാരകേന്ദ്രീകരണം ഗാന്ധിയൻ-സർവോദയ സങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ്.

അധികാരം ജനങ്ങളിൽ നിക്ഷിപ്തമാക്കിക്കൊണ്ടും ജനജാഗ്രത നിലനിർത്തിക്കൊണ്ടും വികേന്ദ്രീകൃത ജനാധിപത്യ പ്രക്രിയയെ സജീവമാക്കുക വഴി ഭരണസംവിധാനത്തെ സുതാര്യവും സംശുദ്ധവുമാക്കാനും അതുവഴി നിരവധി സാമൂഹ്യതിന്മകളെ അകറ്റിനിർത്താനും സാധിക്കുമെന്ന മഹാത്മജിയുടെ ബോധ്യത്തെ നമ്മുടെ ബോധ്യമാക്കി മാറ്റി പ്രയോഗതലത്തിലേയ്ക്ക് കൊണ്ടുവരാനുള്ള ധീരമായ നിലപാടുകളും പ്രവർത്തനങ്ങളുമാണ് അനിവാര്യമായിട്ടുള്ളത്.

❐

മഹാത്മാഗാന്ധിയും തൊഴിൽസമരങ്ങളും

മഹാത്മാഗാന്ധിയുടെ ജീവിതത്തിലും ഭാരതത്തിന്റെ ദേശീയസ്വാതന്ത്ര്യ സമര ചരിത്രത്തിലും ശ്രദ്ധേയമായ സ്ഥാനമാണ് അഹമ്മദാബാദ് മിൽതൊഴിലാളികളുടെ പണിമുടക്കിനുള്ളത്. ചമ്പാരനിൽ കർഷകരുടെ പ്രശ്നം ഏറ്റെടുത്ത് പരിഹരിച്ചതിലൂടെ കർഷകർക്കും ഭരണകൂടത്തിനും ദിശാഗതി നൽകാൻ ഗാന്ധിജിക്ക് സാധിച്ചിരുന്നു. അതിനുശേഷമാണ് മിൽതൊഴിലാളികളുടെ പ്രശ്നത്തിലേയ്ക്ക് ഗാന്ധിജിയുടെ ശ്രദ്ധ തിരിഞ്ഞത്. ഇതുവഴി ഭാരതത്തിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ വിശ്വാസമാർജിക്കാൻ ഗാന്ധിജിക്ക് സാധിച്ചു. ഇത് ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന് കരുത്ത് പകർന്നു. മുതലാളി-തൊഴിലാളി ബന്ധം, തൊഴിലാളി സംഘടനാ രൂപീകരണം, തൊഴിൽസ്ഥാപനത്തോടു തൊഴിലാളിയുടെ മനോഭാവം എന്നിവയെക്കുറിച്ച് ശരിയായ ദിശാബോധം നൽകാൻ അഹമ്മദാബാദ് മിൽതൊഴിലാളികളുടെ സമരത്തിലൂടെ സാധിച്ചു.

അഹമ്മദാബാദിലെ അനുഭവത്തിൽ നിന്നുണ്ടായ ആത്മവിശ്വാസത്തിലാണ് ഗാന്ധിജി ഇപ്രകാരം പറഞ്ഞത്: "ഇന്ത്യയുടെ മുമ്പിൽ രണ്ട് മാർഗങ്ങളാണ് തുറന്നുകിടക്കുന്നത്. ഒന്നുകിൽ 'കൈയൂക്കാണ് ശരി' എന്ന പാശ്ചാത്യസിദ്ധാന്തം സ്വീകരിക്കുക; അല്ലെങ്കിൽ സത്യം മാത്രമേ ജയിക്കൂ; നീതിക്കായി ദുർബലനും ബലവാനും ഒരുപോലെ അവകാശമുണ്ട് എന്ന പൗരസ്ത്യസിദ്ധാന്തം ഉയർത്തിപ്പിടിക്കുക." *(യങ് ഇന്ത്യ, 11.2.1920)*

സത്യത്തിലും നീതിയിലും അടിയുറച്ച്, അഹിംസാപാതയിലൂടെ, അദ്ധ്വാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തി തൊഴിൽപ്രശ്നങ്ങൾ പരിഹരിക്കാൻ ഗാന്ധിജിക്ക് സാധിച്ചു. ഗാന്ധിജി രൂപംനൽകിയ തൊഴിലാളി സംഘടന 'മജൂർ മഹാജൻ' എന്ന് അറിയപ്പെട്ടു. 'മാന്യനായ തൊഴിലാളി' എന്നാണ് ഇതിനർത്ഥം. അനസൂയ ബഹൻ ഈ സംഘടനയുടെ ആദ്യ പ്രസിഡന്റും, ശങ്കർലാൽ ബാങ്കർ ഉപദേശകനുമായിരുന്നു.

പ്രസ്തുത സംഘടനയെ വിലയിരുത്തിക്കൊണ്ട് 20 വർഷത്തിനുശേഷം ഗാന്ധിജി കുറിച്ചു: "ഭാരതത്തിനൊന്നാകെ അനുകരിക്കാവുന്ന മാതൃകയാണ് അഹമ്മദാബാദിലെ തൊഴിലാളി യൂണിയൻ. അതിന്റെ അടിസ്ഥാനം ശുദ്ധവും ലളിതവും അഹിംസാത്മകവുമാണ്. അതിന്റെ ചരിത്രത്തിൽ അപചയമെന്നൊന്ന് ഉണ്ടായിട്ടില്ല. പ്രകടന കോലാഹലങ്ങൾ ഒന്നുംകൂടാതെ അത് ഉത്തരോത്തരം ശക്തമായിത്തീർന്നു. യൂണിയന്റെ വകയായി ആശുപത്രി, തൊഴിലാളികളുടെ കുട്ടികൾക്ക് പഠിക്കാൻ വിദ്യാലയങ്ങൾ, വയോജനവിദ്യാഭ്യാസ ക്ലാസ്സുകൾ, മുദ്രണാലയം, ഖാദി ഡിപ്പോ, താമസസൗകര്യങ്ങൾ എന്നിവ ഉണ്ടാക്കിയിട്ടുണ്ട്. തികച്ചും അക്രമരഹിതമായ പണിമുടക്കുകൾ നടത്തി വിജയംവരിച്ചതിന്റെ പ്രശസ്തി യൂണിയനുണ്ട്. പ്രായേണ, പരപ്രേരണ കൂടാതെയുള്ള ഒത്തുതീർപ്പുകൾ വഴി മില്ലുടമകളും തൊഴിലാളികളും തമ്മിൽ നല്ല ബന്ധം പുലർത്തിയിരുന്നു. ഇന്ത്യയിലെ എല്ലാ തൊഴിലാളി സംഘടനകളേയും അഹമ്മദാബാദ് മാതൃകയിൽ ക്രമീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു." *(കൺസ്ട്രക്ടീവ് പ്രോഗ്രാം, പേജ് 23, 1941)*

തൊഴിലാളികൾ സ്വയം സംഘടിച്ച് രൂപീകൃതമാകുന്നതാകണം തൊഴിലാളി യൂണിയനുകൾ എന്ന് ഗാന്ധിജി വിശ്വസിച്ചു. ഓരോ തൊഴിലാളിയുടേയും ക്ഷേമത്തിനുവേണ്ടിയുള്ള ഒരു ട്രസ്റ്റ് ആയിരിക്കണം തൊഴിലാളി സംഘടന.

തൊഴിൽ സമരങ്ങൾ അക്രമരഹിതമായിരിക്കണം, മദ്യവും മയക്കുമരുന്നും വർജിക്കണം, മുതലാളിയുടെ വ്യാപാരം തങ്ങളുടേതുകൂടിയാണെന്ന് കരുതുകയും അതനുസരിച്ച് ആത്മാർത്ഥതയോടെ, ശ്രദ്ധയോടെ തൊഴിലാളികൾ പ്രവർത്തിക്കണം – ഇതായിരുന്നു ഗാന്ധിജിയുടെ സംഘടനാരീതിശാസ്ത്രം.

ചർച്ചയിലൂടെ തീരുമാനത്തിലെത്താൻ കഴിയാതെ വന്നപ്പോഴാണ് മിൽ തൊഴിലാളികൾക്ക് പണിമുടക്കിലേക്ക് തിരിയേണ്ടിവന്നത്. പണിമുടക്കിന് മുമ്പായി തൊഴിലാളികൾ കൈക്കൊണ്ട പ്രതിജ്ഞ ഏറെ ശ്രദ്ധേയമാണ്.

1. ഒരിക്കലും ഹിംസാമാർഗം അവലംബിക്കില്ല.
2. തൊഴിലെടുക്കാൻ പോകുന്ന തൊഴിലാളിയെ തടസ്സപ്പെടുത്തരുത്.
3. ആരോടും സംഭാവന/ഭിക്ഷ സ്വീകരിക്കില്ല.
4. സമരം എത്ര നീണ്ടാലും ഉറച്ചുനിൽക്കും.
5. കൈവശമുള്ള പണം തീർന്നാൽ വേറെ വല്ല ജോലിയും ചെയ്ത് വിശപ്പടക്കും.

ഈ അഞ്ച് പ്രതിജ്ഞകളും പ്രാവർത്തികമാക്കി മുന്നേറിയപ്പോൾ പുതിയൊരു അവബോധവും ആത്മവിശ്വാസവും ഓരോ തൊഴിലാളിയിലും ഉടലെടുത്തു.

അഹിംസയിൽ അടിയുറച്ച് പരസ്പരസ്നേഹത്തിന്റേയും സഹകരണത്തിന്റേയും സഹനത്തിന്റേയും പാതയിലൂടെ മുന്നേറിയാൽ തൊഴിലാളി

കൾക്കും സമൂഹത്തിനും ശ്രേയസ്സുണ്ടാകും എന്ന് ഗാന്ധിജി നമ്മെ ഓർമിപ്പിക്കുന്നു.

"തൊഴിലാളികൾ തങ്ങളുടെ സംഘബലത്തെ അക്രമത്തിനായി അവലംബിക്കുന്നപക്ഷം അത് ആത്മഹത്യാപരമായിരിക്കും. അങ്ങനെ ചെയ്യുന്നതുകൊണ്ട് രാജ്യത്തെ വ്യവസായത്തിന് അവർ ഉപദ്രവം വരുത്തിവയ്ക്കും. നേരെമറിച്ച് കേവലനീതിയിൽ നിലപാട് ഉറപ്പിക്കുമെങ്കിൽ; നീതിനേടുവാൻ ആത്മക്ലേശങ്ങൾ സഹിക്കുമെങ്കിൽ അവർ എപ്പോഴും വിജയിക്കുമെന്ന് മാത്രമല്ല; തങ്ങളുടെ യജമാനന്മാരിൽ പരിവർത്തനമുളവാക്കാനും വ്യവസായങ്ങളെ പുരോഗമിപ്പിക്കുവാനും അവർക്ക് സാധിക്കും." *(യങ് ഇന്ത്യ, 11.2.1920)*

മുതലാളിയുടെ പണവും സ്വത്തും മൂലധനമായി കരുതുന്നതുപോലെതന്നെ തൊഴിലാളിയുടെ അദ്ധ്വാനവും (പ്രയത്നവും) തുല്യപ്രാധാന്യമുള്ള മൂലധനമാണ് എന്ന വിപ്ലവകരമായ ആശയം മുന്നോട്ടുവയ്ക്കാൻ ഗാന്ധിജിക്ക് സാധിച്ചു. പണമൂലധനവും അദ്ധ്വാനമൂലധനവും നൽകുന്ന രണ്ടു കൂട്ടരും മുതലാളിമാർ തന്നെ അഥവാ സംയുക്ത സംരംഭകരാണ്. ഇത്തരം ഒരു പ്രഖ്യാപനത്തിലൂടെ മുതലാളിയുടെ ആധിപത്യമനോഭാവവും തൊഴിലാളിയുടെ അടിമത്വമനോഭാവവും ലഘൂകരിക്കാൻ സാധിച്ചു. ഗാന്ധിജി പറയുന്നു: "തൊഴിലാളികൾ ഓഹരിഉടമകളെപ്പോലെതന്നെ മില്ലിന്റെ പ്രൊപ്രൈറ്റർമാരാണ്. തങ്ങൾക്ക് ഉള്ളത്ര തൊഴിലാളികൾക്കും മില്ലിന്മേൽ ഉടമസ്ഥതയുണ്ട് എന്ന വസ്തുത മില്ലുടമകൾ മനസ്സിലാക്കുമ്പോൾ ഇരുകൂട്ടരും തമ്മിൽ കലഹം ഉണ്ടാവുകയില്ല. എന്നാൽ എവിടെ അവകാശമുണ്ടോ അവിടെ അതോടൊപ്പം കടമയുമുണ്ട് (കർത്തവ്യം). ഉടമസ്ഥൻ സ്വന്തം വസ്തുക്കൾക്ക് ഒരിക്കലും തകരാറ് വരുത്തുകയില്ല. മില്ല് എത്രത്തോളം മുതലാളിയുടേതാണോ അത്രത്തോളം തൊഴിലാളിയുടേതുമാണെന്ന് തിരിച്ചറിയുമ്പോൾ തൊഴിലാളിയും വസ്തുവകകൾ സംരക്ഷിക്കുകതന്നെ ചെയ്യും." *(യങ് ഇന്ത്യ, 4.8.1927)*

മുതലാളിവർഗവും തൊഴിലാളിവർഗവും തമ്മിലുള്ള സംഘട്ടനത്തിലൂടെ, സംഘർഷത്തിലൂടെ സോഷ്യലിസം സാധ്യമാകും എന്നാണ് പാശ്ചാത്യ സോഷ്യലിസ്റ്റുകൾ എഴുതിവച്ചത്. ഇതിന്റെ പ്രയോഗത്തിനായി ശ്രമിച്ചവർ ഹിംസയിലേയ്ക്ക് കൂപ്പുകുത്തുകയും മുതലാളിത്തത്തിന്റെ പുതുരൂപങ്ങളായി അവതരിക്കുകയുമാണ് ചെയ്തതെന്ന് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ രണ്ട് ദശകങ്ങളും നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

വർഗസംഘട്ടന സിദ്ധാന്തത്തിന്റെ അശാസ്ത്രീയതയേയും അപചയത്തേയും വളരെ സൂക്ഷ്മതയോടെ മനസ്സിലാക്കിയ ഗാന്ധിജി ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽതന്നെ ഇപ്രകാരം പറഞ്ഞുവയ്ക്കുന്നു: "തൊഴിലാളി പലപ്പോഴും പരാജയപ്പെടുന്നതിന്റെ കാരണം മറ്റൊന്നുമല്ല; മുതലാളിത്തത്തെ നിർവീര്യമാക്കുന്നതിനുപകരം തൊഴിലാളി ആ മുതലാ

ളിത്തത്തെ പിടിച്ചുപറ്റാനും കുറേക്കൂടി ദുഷിച്ച അർത്ഥത്തിൽ മുതലാളിയാകാനും ആഗ്രഹിക്കുന്നതുകൊണ്ടാണ്." *(സ്വരാജിലേയ്ക്ക്, ഫെബ്രുവരി 1932)*

ഇത്തരം അപഭ്രംശങ്ങളെക്കൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് വർഗ സമന്വയം എന്ന ആശയം ഗാന്ധിജി മുന്നോട്ടുവച്ചത്. പണമൂലധനവും അദ്ധ്വാനമൂലധനവും സമന്വയിക്കുന്ന സംയുക്ത സംരംഭകരായി തൊഴിലാളിയും മുതലാളിയും മാറുക വഴിയാണ് സോഷ്യലിസത്തിലേയ്ക്ക് മുന്നേറുക എന്ന് അദ്ദേഹം വ്യക്തമാക്കി. സർവോദയ സമൂഹരചനയ്ക്കായി ഈ അഹിംസാത്മക സോഷ്യലിസത്തിന്റെ പാതയാണ് ഗാന്ധിജി നിർദ്ദേശിച്ചത്. വർഗസമന്വയ സിദ്ധാന്തത്തെ അവഗണിക്കാനും മറച്ചുവയ്ക്കാനുമാണ് ഹിംസാത്മക-മുതലാളിത്ത വക്താക്കൾ ശ്രമിച്ചത്.

വർഗങ്ങൾ തമ്മിലുള്ള വൈരുദ്ധ്യവും വൈരാഗ്യവും നിലനിർത്തി, തൊഴിലാളി സംഘടനകളെ ഉപയോഗിച്ച് അധികാരത്തിൽ എത്താനും അധികാരം നിലനിർത്താനുമാണ് ഇക്കാലത്ത് രാഷ്ട്രീയകക്ഷികൾ ശ്രമിക്കുന്നത്. ഇവിടേയും ഗാന്ധിജിയുടെ വാക്കുകൾ നമുക്ക് മുന്നറിയിപ്പായി നിലകൊള്ളുന്നു: "തൊഴിലാളി പണിമുടക്കുകൾ രാഷ്ട്രീയലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തുന്നത് ഏറ്റവും ഗൗരവാവഹമായ ഒരു തെറ്റാണ്. തൊഴിലാളി വർഗത്തെ രാഷ്ട്രീയതാത്പര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഏറ്റവും അപകടകരമാണ്." *(യങ് ഇന്ത്യ, 16.2.1921)*

വ്യവസായ-കാർഷിക രംഗങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള തൊഴിലാളി സംഘടനകൾ സമൂഹത്തിന്റെ പുരോഗതിക്ക് ദോഷകരമായ നിരവധി പ്രതിസന്ധികൾ ഇപ്പോൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. തകർന്നടിയുന്ന വ്യവസായ-കാർഷികരംഗവും കടബാധ്യതകൾ കുമിഞ്ഞുകൂടുന്ന പൊതുമേഖലാ സംരംഭങ്ങളും ഇതിന്റെ സൂചനകളാണ്. സർക്കാർ ജീവനക്കാർപോലും സംഘടിച്ച് സമരവും പണിമുടക്കും നടത്തുക വഴി പൊതുജനക്ഷേമത്തിന് ഭംഗം സൃഷ്ടിക്കുന്നു. നീതിക്കുവേണ്ടി നിലകൊള്ളുന്ന നിഷ്പക്ഷരായ ജനശക്തിയുടെ ഉയിർപ്പും പ്രതികരണവും കാലം ആവശ്യപ്പെടുന്നു.

❐

ഗാന്ധിജിയും ഗാന്ധിയൻ സംഘടനകളും

ഗാന്ധിജി മുന്നോട്ടുവച്ച ആശയങ്ങൾക്ക് ലോകമെമ്പാടും സ്വീകാര്യത വർദ്ധിച്ചുവരികയാണ്. പരിസ്ഥിതി, സമാധാനം, സമത്വം, ചൂഷണരഹിത സമ്പദ്‌വ്യവസ്ഥ, ജനശക്തി, അധികാരം എന്നിവയെക്കുറിച്ചുള്ള ചർച്ചകളിലെല്ലാം ഗാന്ധിയൻ സർവോദയ ആശയങ്ങൾ സജീവമാകുന്നു.

അതേസമയം കേരളത്തിലേയും പൊതുവെ ഇന്ത്യയിലേയും ഗാന്ധിയൻ സംഘടനകളും സ്ഥാപനങ്ങളും ഏറെക്കുറെ ക്ഷീണിച്ചുവരുന്നതായി കാണുന്നു. എന്തായിരിക്കാം ഈ വൈരുദ്ധ്യത്തിന് കാരണം. ദർശനപരവും പ്രയോഗപരവുമായ കാരണങ്ങൾ ഇതിനുണ്ട്.

ഗാന്ധിസം എന്ന പേരിൽ ഒരു ഇസം ഉണ്ടാക്കാൻ താൻ ആഗ്രഹിക്കുന്നില്ല എന്ന് ഗാന്ധിജിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'ഗിരിനിരകളോളം പഴക്കമുള്ള സത്യവും അഹിംസയും കാലദേശങ്ങൾക്കനുസരിച്ച് വ്യാഖ്യാനവും പ്രയോഗവും നൽകാനുള്ള എളിയ ശ്രമം മാത്രമാണ് ഞാൻ നടത്തിയിട്ടുള്ളത്' എന്ന് വിനയാന്വിതനായി ഗാന്ധിജി പറയുമ്പോഴും ഒരു കാര്യം അദ്ദേഹം വ്യക്തമാക്കുന്നു: "എന്റെ സാമൂഹിക ആദർശങ്ങളെയൊക്കെ ഒറ്റവാക്കിൽ ചുരുക്കി പറയാം – സർവോദയം."

ചിന്തകളേയും പ്രവർത്തന പദ്ധതികളേയും ശാസ്ത്രീയമായി ദർശനരൂപത്തിൽ അവതരിപ്പിക്കാത്തത് എന്തുകൊണ്ടെന്ന് ചോദിച്ചപ്പോൾ ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു: "ഒന്നാമത്തെ കാരണം എനിക്ക് അതിന് സമയമില്ല, രണ്ടാമത്, എന്റെ പരീക്ഷണങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. അതിൽനിന്ന് ശാസ്ത്രം സാവധാനത്തിൽ ഉരുത്തിരിയുന്നതോടെ മാത്രമേ അത് സാധിക്കൂ."

മറ്റൊരിക്കൽ, സർവോദയത്തെ വ്യാഖ്യാനിക്കുമ്പോൾ അദ്ദേഹം പറയുന്നു: "My cause will prosper only when my name has perished." തന്റെ

പേരിനേക്കാൾ പ്രസക്തി ഉണ്ടാകേണ്ടത് സർവോദയം എന്ന ദർശനത്തിനും അതിന്റെ സർവതല പ്രയോഗദൗത്യത്തിനുമാണെന്ന് ഗാന്ധിജി കരുതിയിരുന്നു.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നാളുകളിൽ സ്വാതന്ത്ര്യം, സ്വരാജ് എന്നീ പദങ്ങളിലൂടെയാണ് സർവോദയത്തെ അദ്ദേഹം അവതരിപ്പിച്ചത്. ഇതിന്റെ പ്രയോഗത്തിനായി 18 ഇന നിർമ്മാണ പരിപാടികളും സജീവമായി നടന്നിരുന്നു.

സ്വതന്ത്ര ഭാരതത്തിൽ 'സർവോദയ സമൂഹരചന' എന്ന ലക്ഷ്യത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ഇതിനായാണ് ലോക് സേവക് പ്രസ്ഥാനത്തിന് (ജനസേവാപ്രസ്ഥാനം) നിയമാവലി തയ്യാറാക്കിയത്. മഹാത്മജിയുടെ രക്തസാക്ഷിത്വത്തിനുശേഷം അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം രൂപീകൃതമായ സർവോദയ സമാജവും അഖിലേന്ത്യ സർവോദയ മണ്ഡല (സർവസേവാസംഘം)വും സർവോദയ സമൂഹരചനയാണ് ലക്ഷ്യമിടുന്നത്.

സ്വതന്ത്ര ഭാരതത്തിലെ ഭരണകൂടം രാഷ്ട്രീയ സാമ്പത്തിക രംഗങ്ങളിൽ സർവോദയദർശനത്തിൽ നിന്ന് വളരെയധികം വ്യതിചലിച്ചു.

ഭരണകൂടത്തിന്റെ വിവിധ പദ്ധതികളുടെ പ്രവാഹത്തിലും പ്രലോഭനത്തിലും അകപ്പെട്ട ജനതയെ സർവോദയ സാധ്യതകളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിൽ ഗാന്ധിയൻ സംഘടനകൾ വിജയിച്ചില്ല. പാർലമെന്ററി ജനാധിപത്യം, വൻകിട പദ്ധതികൾ എന്നിവ മൂലമുണ്ടാകുന്ന കേന്ദ്രീകരണവും പാർശ്വവത്കരണവും തുറന്നുകാട്ടുന്നതിലും വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞില്ല.

കക്ഷിരഹിതവും വികേന്ദ്രീകൃതവുമായ ജനകീയ ജനാധിപത്യമാണ് ഗാന്ധിജി വിഭാവനം ചെയ്തത് എന്ന് കുറെക്കൂടി ഉറക്കെ പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതായിരുന്നു. പൊതുമേഖലയും സർക്കാർവത്കരണവും മാത്രമാണ് പുരോഗമനപരമെന്നും സ്വകാര്യ സ്വത്തും വിനിയോഗവും ബൂർഷ്വാവത്കരണം ആണെന്നും മസ്തിഷ്കപ്രക്ഷാളനം നടത്താൻ പടിഞ്ഞാറൻ സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ആരാധകർ മുന്നോട്ടിറങ്ങി. ഇവർ ഭരണകൂട ഉപദേശകരും ആസ്ഥാന വിദഗ്ദ്ധരുമായി. നയരൂപീകരണം ഇത്തരക്കാരുടെ കൈയിലായി. ജനപങ്കാളിത്തത്തോടെ സ്വകാര്യ സമ്പത്ത് സമൂഹനന്മയ്ക്കായി വിനിയോഗിക്കാനുള്ള ട്രസ്റ്റിഷിപ്പ് എന്ന വിപ്ലവകരമായ ആശയത്തെ ജനമനസ്സുകളിൽ എത്തിക്കാനും ഗാന്ധിയൻ സംഘടനകൾക്ക് സാധിച്ചില്ല. സർവ മതങ്ങളുടേയും അടിസ്ഥാനമായ ആത്മീയതയുടെ സമാനതയ്ക്ക് (ഏകാത്മകതയ്ക്ക്) മുൻഗണന നൽകുന്ന സർവധർമ്മസമഭാവം അനുഭവയോഗ്യമാക്കി മാറ്റുന്നതിനും മതേതരത്വം എന്ന കേവലമായ പ്രകടനാത്മകതയെ തുറന്നുകാട്ടാനും ഗാന്ധിയൻ പ്രസ്ഥാനങ്ങൾ മുന്നിട്ടിറങ്ങിയില്ല.

സർവോദയസമൂഹരചനയ്ക്കായി ആവഷ്കരിച്ച നിർമ്മാണ പരിപാടികൾ സ്വതന്ത്രഭാരതത്തിലെ പുതിയ സാഹചര്യങ്ങൾക്കനുസൃതമായവിധം

നൂതനമായി അവതരിപ്പിക്കാൻ ഇനിയും ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സമ സ്ത ജീവജാലങ്ങളുടേയും ക്ഷേമം അഥവാ സർവോദയം ആണ് ഭാര തത്തിന്റെ ലക്ഷ്യം എന്ന് പ്രഖ്യാപിക്കാൻ ധൈര്യമുള്ള ധിഷണാപരമായ പരിസരം രൂപപ്പെടുകതന്നെ വേണം. സർവോദയ ലക്ഷ്യത്തിലധിഷ്ഠിതമായി ആചാര്യ വിനോബഭാവെ നേതൃത്വം നൽകിയ ഭൂദാൻ-ഗ്രാമദാൻ പ്രസ്ഥാന ങ്ങൾ സ്വതന്ത്രഭാരതത്തിലെ ജനസമൂഹത്തിൽ വലിയ പ്രതീക്ഷയുണർത്തി. ഗാന്ധിയൻ-സർവോദയ ആശയങ്ങൾ ആത്മനിഷ്ഠവും കേവലം ആശ്രമ കേന്ദ്രീകൃതവുമാണെന്ന പരിഹാസത്തെ മിറകടക്കാൻ ഈ സാമൂഹിക വിപ്ല വത്തിന് സാധിച്ചു.

ഇന്ത്യൻ ജനാധിപത്യം അപകടത്തിലായ സന്ദർഭത്തിൽ ശക്തമായ ജനമുന്നേറ്റത്തിന് നേതൃത്വം നൽകി ജനാധിപത്യ പ്രക്രിയ സുഗമമാക്കിയ ലോക്നായക് ജയപ്രകാശ് നാരായൺ എഴുതിച്ചേർത്ത ചരിത്രം അത്യുജ്ജ്വ ലമാണ്. ഇത്തരം കാലാനുസൃതവും സൃഷ്ടിപരവുമായ പരിപാടികളുടെ തുടർച്ച ഉണ്ടായില്ല എന്നതായിരുന്നു പ്രധാന അപാകത.

മഹാത്മഗാന്ധിയുടെ ജീവിതത്തിന്റെ മഹത്വത്തെക്കുറിച്ചും, സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ അദ്ദേഹം വഹിച്ച അത്ഭുതാവഹമായ നേതൃത്വത്തെക്കു റിച്ചും വിവരിക്കുന്നതിനും സമർത്ഥിക്കുന്നതിനുമാണ് ഗാന്ധിയൻ സംഘട നകളും സ്ഥാപനങ്ങളും പ്രധാനമായും ശ്രമിച്ചത്. അദ്ദേഹം മുന്നോട്ടുവച്ച സർവോദയം എന്ന ദർശനത്തെ ശക്തിയായി അവതരിപ്പിക്കുന്നതിനും കർമ്മ പരിപാടികൾ രൂപപ്പെടുത്തുന്നതിനും ത്യാഗപൂർണവും ഉത്തരവാദിത്തപര വുമായ പങ്ക് തുലോം കുറവായിരുന്നു.

അതുകൊണ്ടുതന്നെ ഗാന്ധിജിയുടെ അടുത്ത അനുയായികളും സന്ത തസഹചാരികളുമായിരുന്നവർ സ്വതന്ത്രഭാരതത്തിന്റെ ഭരണസാരഥികൾ ആയപ്പോൾ അവർ ആവിഷ്കരിച്ച വികസന നയവും പദ്ധതികളും ഗാന്ധി യൻ നയങ്ങളിൽ അധിഷ്ഠിതമായവയാണെന്ന് സ്വാതന്ത്ര്യാനന്തര തലമുറ തെറ്റിദ്ധരിച്ചു. വാസ്തവത്തിൽ ഗാന്ധിജി നിരാകരിക്കാൻ ശ്രമിച്ച സംസ്കാ രമാണ് ഇത്തരം പദ്ധതികളിലൂടെ തിരിച്ചുവന്നത്. ഈ പദ്ധതികളുടെ പ്രത്യാ ഘാതങ്ങളും പരാജയവും ഗാന്ധിയൻ പരിപാടികളുടെ വൈകല്യമായി ഉയർത്തിക്കാണിക്കുന്നതിന് ചിലർ നടത്തിയ ബോധപൂർവമായ ശ്രമങ്ങൾ വിജയിക്കുകയും ഗാന്ധിജി 'പിന്തിരിപ്പ'നായി അറിയപ്പെടുകയും ചെയ്തു.

സർവ ജീവജാലങ്ങളിലും ഈശ്വര സാന്നിദ്ധ്യമുണ്ടെന്നും അതുകൊണ്ട് നാമെല്ലാം ആത്മബന്ധുക്കളാണെന്നും സർവരുടേയും ക്ഷേമമാണ് സർവോ ദയം എന്ന തിരിച്ചറിവോടുകൂടിയ സഹകരണാത്മകവും സേവനനിരതവു മായ ജീവിതം ക്രമപ്പെടുത്തുന്നതിലും ഗാന്ധിയന്മാർ എന്നവകാശപ്പെടുന്ന വർക്ക് സൂക്ഷ്മതക്കുറവുണ്ടായി.

സത്യം, സ്നേഹം, അഹിംസ, കായികാദ്ധ്വാനം, സേവനതത്പരത എന്നീ മൂല്യങ്ങളിൽ ഉൾക്കൊള്ളുന്ന, ധാർമ്മികതയിൽ അടിസ്ഥാനമിട്ട ജന സേവകർ നമ്മുടെ ഓരോ പ്രദേശത്തുമുണ്ടായിരുന്നു. സഹജീവി സ്നേഹ

ത്തിന്റേയും ഒരുമയുടേയും സന്ദേശവുമായി സ്വജീവിതം സമർപ്പിച്ച അവർ ആ പ്രദേശത്തിന്റെ പ്രതീക്ഷയും കരുത്തുമായിരുന്നു. സ്വാഭാവികമായും ജനമനസ്സുകളിൽ ഇത്തരക്കാർ തങ്ങളുടെ പ്രദേശത്തെ 'ഗാന്ധി'മാരായി മാറുകയായിരുന്നു.

നിസ്വാർത്ഥവും ത്യാഗപൂർണവുമായ ഇത്തരം സമർപ്പണങ്ങൾ കുറഞ്ഞുവന്നതാണ് ഗാന്ധിയൻ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സംഭവിച്ച അപചയത്തിന്റെ മറ്റൊരു കാരണം.

അധികാരത്തിന്റേയും അംഗീകാര ചിഹ്നങ്ങളുടേയും പിറകെ പോകാതെ കർമ്മനിരതരായിരുന്ന ഇത്തരക്കാർക്ക് അകമഴിഞ്ഞ പിന്തുണ നൽകുന്നതിനു പകരം അവരെ സ്വപ്നജീവികളായി ചൂണ്ടിക്കാട്ടി വിസ്മയം കൂറാനാണ് പലരും തയ്യാറായത്.

യഥാർത്ഥ ജനസേവകർ ജനങ്ങളുടെ അഭിനന്ദനമല്ല ഈശ്വരന്റെ അനുഗ്രഹമാണ് ലക്ഷ്യമിടേണ്ടത് എന്ന ഗാന്ധിയൻ മാർഗനിർദ്ദേശം ഇപ്പോഴും പ്രസക്തമാണ്.

ഗാന്ധിയൻ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഉണ്ടായ മുഖ്യമായ അപചയകാരണം ധർമ്മച്യുതിയാണ്. പരസ്പരബഹുമാനവും സഹകരണവും അപരിഗ്രഹഭാവവുമെല്ലാം കൈവിടുമ്പോൾ, ദുർബല ശരീരത്തെ രോഗങ്ങൾ ആക്രമിക്കുന്നതുപോലെ, പരനിന്ദയും അനാവശ്യ വ്യവഹാരങ്ങളുമെല്ലാം ആധിപത്യം സ്ഥാപിച്ച് നിലകൊള്ളുന്നു. ഈ സ്ഥിതിവിശേഷം മാറുകതന്നെ വേണം. ഇരുപത്തിഒന്നാം നൂറ്റാണ്ടിന് മാർഗനിർദ്ദേശം നൽകാൻ സാധിക്കുന്നത് മഹത്തായ സർവോദയദർശനത്തിന് തന്നെയാണ്.

സമൂഹത്തിൽ ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്ന മാറ്റം ആദ്യം സംഭവിക്കേണ്ടത് നമ്മിൽതന്നെയാണ് എന്ന ഗാന്ധിയൻ മന്ത്രദീക്ഷയെ ഉൾക്കൊണ്ട് സർവോദയം എന്ന ദർശനത്തേയും കർമ്മപദ്ധതികളേയും മുൻനിർത്തി ധർമ്മനിഷ്ഠയോടെ മുന്നേറുക എന്നതാണ് കാലം നമ്മോട് ആവശ്യപ്പെടുന്ന ദൗത്യം.

❐

ഗുരുവായൂർ സത്യാഗ്രഹവും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനവും

ഭാരതത്തിന്റെ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഉജ്ജ്വലവും സുപ്രധാനവുമായ ഒരു അദ്ധ്യായമാണ് ഗുരുവായൂർ ക്ഷേത്ര സത്യാഗ്രഹം. ജാതിയുടേയും മതത്തിന്റേയും പേര് പറഞ്ഞ് ഭാരതീയരെ ഭിന്നിപ്പിച്ച് നിർത്താനുള്ള ശ്രമങ്ങൾക്കെതിരെ പ്രതിരോധം തീർക്കലായിരുന്നു ഈ സത്യാഗ്രഹത്തിന്റെ ഒരു തലം.

തദ്ദേശീയരായ ഒരു വിഭാഗം വച്ചുപുലർത്തിയിരുന്ന ആധിപത്യം, അന്ധ വിശ്വാസം, സ്വാർത്ഥത എന്നിവ മൂലം ദശാബ്ദങ്ങളായി പൊതു ഇടങ്ങളിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരെ സമത്വത്തിന്റേയും സാഹോദര്യത്തിന്റേയും ജനാധിപത്യത്തിന്റേയുമായ അന്തരീക്ഷത്തിലേക്ക് ആനയിക്കുക എന്നതാണ് മറ്റൊരു തലം.

സത്യാഗ്രഹത്തിലൂടെ ആത്മശക്തി പ്രോജ്ജ്വലിപ്പിച്ച് ആധിപത്യ ശക്തി കളിൽ ആത്മശുദ്ധീകരണം, പ്രായശ്ചിത്തം, കടംവീട്ടൽ എന്നീ അന്തഃകരണ പ്രക്രിയകളിലൂടെ മനഃപരിവർത്തനം സാധ്യമാക്കുക എന്നതാണ് മഹാത്മാ ഗാന്ധി നിർദ്ദേശിച്ച സത്യാഗ്രഹത്തിന്റെ രീതിശാസ്ത്രം.

സമഗ്ര സ്വാതന്ത്ര്യം അഥവാ സ്വരാജ് സംജാതമാകുന്നതിനുവേണ്ടി യാണ് ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശനം, പൊതുവീഥികളിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യം എന്നിവയ്ക്കായുള്ള സത്യാഗ്രഹ പരിപാടികൾ ആരം ഭിക്കാൻ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനം തീരുമാനിച്ചത്. സംസ്ഥാന കോൺ ഗ്രസ് കമ്മിറ്റിയും ചർച്ച ചെയ്താണ് സത്യാഗ്രഹത്തിന് നേതൃത്വം നൽകാൻ കെ. കേളപ്പനെ ചുമതലപ്പെടുത്തിയത്. ഇതിനായി മഹാത്മാഗാന്ധിയുടെ അനുമതിയും അനുഗ്രഹവും ബോംബെ ഐ.എ.സി.സി. സമ്മേളനത്തിൽ വച്ചുതന്നെ കേളപ്പജി നേടിയിരുന്നു.

തികച്ചും സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായിരിക്കണം സത്യാഗ്രഹം എന്ന് ഗാന്ധിജി നിർദ്ദേശിച്ചു. ഒരുതരത്തിലുമുള്ള നിർബന്ധമോ ഭീഷണിയോ കായികമായ ചെറുത്തുനിൽപ്പോ ഉണ്ടാകരുതെന്നും ഗാന്ധിജി ഓർമ്മപ്പെടുത്തി. ശുചിത്വം, പ്രാർത്ഥന, ഭഗവദ്ഗീതാ പാരായണം, നൂൽനൂൽപ്പ് എന്നിവയാൽ ചൈതന്യപൂരിതമായിരിക്കണം സത്യാഗ്രഹ പരിസരം. സത്യാഗ്രഹ ചിട്ടകൾ കൃത്യമായി പാലിക്കപ്പെടുന്നില്ലേ എന്ന് ഗാന്ധിജി നിരന്തരം നിരീക്ഷിച്ചിരുന്നു. എന്തെങ്കിലും അപാകതകളും വീഴ്ചകളും ഉണ്ടായാൽ ഉടൻതന്നെ ഇക്കാര്യം തുറന്നുപറഞ്ഞ് ടെലിഗ്രാം ചെയ്തോ, കത്തയച്ചോ, പ്രത്യേക പ്രതിനിധിയെ അയച്ചോ ദിശാഗതി നിർണയത്തിന് ഗാന്ധിജി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

സത്യാഗ്രഹത്തിന്റെ ആരംഭം

ഒരു വിഭാഗം ഹിന്ദുക്കൾക്ക് ക്ഷേത്രദർശന സ്വാതന്ത്ര്യം വിലക്കുന്നതിന്റെ യുക്തിരാഹിത്യം, അശാസ്ത്രീയത എന്നിവയെക്കുറിച്ചും ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിന്റെ അനിവാര്യതയെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും അനുഭാവം ആർജിക്കുന്നതിന് വേണ്ടിയും ആദ്യഘട്ടത്തിൽ ഗുരുവായൂർ ക്ഷേത്രം സ്ഥിതിചെയ്തിരുന്ന പൊന്നാനി താലൂക്കിലും പിന്നീട് കന്യാകുമാരി മുതൽ കാസറഗോഡ് വരെയും പ്രചാരണ പൊതുയോഗങ്ങൾ നടന്നു.

കെ. കേളപ്പൻ, എ.കെ. ഗോപാലൻ, ഒയ്യാരത്ത് ശങ്കരൻ, കെ. രാമൻ മേനോൻ, ആഗമാനന്ദ സ്വാമികൾ, വൈശ്രവണത്ത് രാമൻ നമ്പൂതിരി, മന്നത്ത് പത്മനാഭൻ, കെ.പി. കയ്യാലയ്ക്കൽ, എം. കാർത്ത്യായനിയമ്മ, കുട്ടൻ നായർ, കമലദേവി, സി. ദേവകിഅമ്മ, രുക്മിണി അമ്മ, വി.ടി. ഭട്ടതിരിപ്പാട്, കെ.എൻ. കുഞ്ഞുകൃഷ്ണൻ, ടി. സുബ്രഹ്മണ്യൻ തിരുമുമ്പ്, കെ.എ. ദാമോദരമേനോൻ, പി. കൃഷ്ണപിള്ള എന്നിവർ വിവിധ പൊതുയോഗങ്ങളിൽ പ്രസംഗിച്ചു. കണ്ണൂരിൽ നിന്ന് ഗുരുവായൂരിലേക്ക് സത്യാഗ്രഹ വിളംബരജാഥ യാത്ര 1931 ഒക്ടോബർ 21 ന് ആരംഭിച്ചു. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വളണ്ടിയർമാരാണ് യാത്രയിലുടനീളം പങ്കെടുത്തിരുന്നത്. കണ്ണൂർ താഴേക്കാട് മനക്കൽ ടി. സുബ്രഹ്മണ്യൻ തിരുമുമ്പ് പദയാത്ര നയിച്ചു. എ.കെ. ഗോപാലൻ ആയിരുന്നു വളണ്ടിയർ ക്യാപ്റ്റൻ. കെ. കേളപ്പൻ പദയാത്ര ഉദ്ഘാടനം ചെയ്തു. വി. ഗോപാലൻ, വിഷ്ണു ഭാരതീയൻ, എം. കൃഷ്ണൻ, കെ. കൃഷ്ണൻ, വി.വി. കരുണാകരൻ, കെ. മാധവൻ, എൻ.പി. അമ്പു, കെ. കുമാരൻ, പി.ആർ. പരമേശ്വരൻ, കെ. നാരായണൻ, എം. ഗോപാലൻ, എൻ.കെ. അമ്പു, കുഞ്ഞൻ, എൻ. മാധവൻ തുടങ്ങിയവർ പദയാത്രാസംഘത്തിലുണ്ടായിരുന്നു. ഒക്ടോബർ 31 ന് വൈകുന്നേരം പദയാത്രാസംഘം ഗുരുവായൂരിലെത്തി.

നാട്ടുകാർ ആവേശപൂർവം സ്വീകരണം നൽകി. 1931 നവംബർ ഒന്നിനാണ് സത്യാഗ്രഹം ആരംഭിച്ചത്. പുലർച്ചെ തന്നെ കെ. കേളപ്പജിയുടെ

നേതൃത്വത്തിൽ സത്യാഗ്രഹികൾ കിഴക്കേ നടയിലുള്ള മഞ്ജുളാൽ പരിസരത്തുനിന്ന് കീർത്തനങ്ങളും ഭജനയുമായി ക്ഷേത്രം ലക്ഷ്യമാക്കി നടന്നു നീങ്ങി. ക്ഷേത്രത്തിൽ നിന്നും 50 മീറ്റർ അകലെ സത്യാഗ്രഹികളെ തടഞ്ഞു. അവിടെ നിന്നുകൊണ്ട് സത്യാഗ്രഹം തുടർന്നു. മറ്റ് നടകളിലും ഇതുപോലെ സത്യാഗ്രഹം രൂപപ്പെട്ടു.

വ്യാപകമായ പിന്തുണ

നമ്പൂതിരി യുവജന സഭ ഉൾപ്പെടെ നിരവധി സാമൂഹിക സംഘടനകൾ സത്യാഗ്രഹത്തിന് എല്ലാവിധ പിന്തുണയും നൽകി. ഗാന്ധിജിയുടെ ധർമ്മപത്നി കസ്തൂർബാഗാന്ധി സത്യാഗ്രഹത്തിന് സമ്പൂർണ പിന്തുണ പ്രഖ്യാപിച്ചു.

കേരളത്തിലെ അമ്മമാരുടെയും സഹോദരിമാരുടെയും പിന്തുണ സത്യാഗ്രഹത്തിന് അഭ്യർത്ഥിച്ചുകൊണ്ട് 'ധീര കേരള പുത്രിമാരേ' എന്ന് തുടങ്ങുന്ന ഒരു പ്രസ്താവനയും കസ്തൂർബാഗാന്ധി പ്രസിദ്ധീകരിച്ചിരുന്നു. ജവഹർലാൽ നെഹ്റു, കെ.എം. മുൻഷി, സർദാർ വല്ലഭ്ഭായി പട്ടേൽ, സി. രാജഗോപാലാചാരി തുടങ്ങി നിരവധി ദേശീയ നേതാക്കൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സന്ദേശം അയച്ചിരുന്നു. ഗുരുവായൂർ സത്യാഗ്രഹം ഉന്നയിക്കുന്ന സമത്വത്തിൽ ഊന്നിയ സാമൂഹ്യ പരിഷ്കരണത്തിന്റെ അനിവാര്യതയെക്കുറിച്ച് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകമാനം ചർച്ചചെയ്യപ്പെട്ടു. ഇതിന്റെ ധാർമ്മികതയെ ഏവരും സ്വാഗതം ചെയ്തു.

ഇതിനിടെ സത്യാഗ്രഹകളിൽ ഒരാളായിരുന്ന ടി. സുബ്രഹ്മണ്യൻ തിരുമുമ്പിനെ അറസ്റ്റ് ചെയ്തു. ദേശീയ പ്രസ്ഥാനത്തെ ശക്തമാക്കുന്നതിന് വേണ്ടി മഹാത്മാഗാന്ധി പ്രസിദ്ധീകരിച്ചിരുന്ന യങ് ഇന്ത്യയെപ്പോലെ പാലക്കാട്ടുനിന്ന് സ്വാതന്ത്ര്യ സമര സേനാനിയും ഗാന്ധിജിയുടെ അടുത്ത അനുയായിയും ആയിരുന്ന ടി.ആർ. കൃഷ്ണസ്വാമി അയ്യരുടെ 'യുവ ഭാരതം' എന്ന പത്രത്തിൽ ഒരു കവിത പ്രസിദ്ധീകരിച്ചതിനായിരുന്നു കൃഷ്ണസ്വാമിയേയും സുബ്രഹ്മണ്യൻ തിരുമുമ്പിനേയും അറസ്റ്റ് ചെയ്തത്.

ക്ഷേത്രത്തിന് പുറത്ത് സത്യാഗ്രഹം തുടരുമ്പോൾതന്നെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുമതി ഉണ്ടായിരുന്നവരിൽ ചിലർ ക്ഷേത്രമതിൽക്കെട്ടിനകത്ത് സത്യാഗ്രഹം ആരംഭിച്ചു. അഹിംസാത്മക സത്യാഗ്രഹ പരിപാടിയുടെ സൂക്ഷ്മാർത്ഥത്തിൽ ഇത്തരം സമ്മർദ്ദ സമീപനങ്ങൾ ഒത്തുപോകുന്നതല്ല എന്ന് ഗാന്ധിജി തന്നെ പിന്നീട് വ്യക്തമാക്കിയിരുന്നു.

അനുകൂലവും പ്രതികൂലവുമായ സമ്മർദ്ദങ്ങൾ സംഘർഷത്തിലേയ്ക്ക് നയിച്ചു. 1931 ഡിസംബർ അവസാന വാരത്തിൽ എ.കെ.ജി.ക്കും പി. കൃഷ്ണപിള്ളക്കും മർദ്ദനമേറ്റു. സത്യാഗ്രഹികളായിരുന്ന രണ്ടുപേരും യാതൊരു പ്രതിരോധവും തീർക്കാതെ ക്രൂരമായ മർദ്ദനം ത്യാഗപൂർണമായി ഏറ്റുവാങ്ങുകയാണ് ചെയ്തത്. അന്തരീക്ഷം സംഘർഷഭരിതമായതോടെ ഡിസംബർ 28 മുതൽ 1932 ജനുവരി 28 വരെ ഗുരുവായൂർ ക്ഷേത്രം അടച്ചിട്ടു.

രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻ ഗാന്ധിജി ലണ്ടനിൽ പോയിരുന്ന സമയമായിരുന്നു അത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് അനുകൂലമായ യാതൊരു തീരുമാനവും വട്ടമേശസമ്മേളനത്തിൽ ഉണ്ടായില്ല. നേരത്തേ ഉറപ്പുനൽകിയിരുന്ന ഗാന്ധി-ഇർവിൻ ഉടമ്പടിയും അട്ടിമറിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ ദേശീയ സ്വാതന്ത്ര്യ സമര പരിപാടികൾ കൂടുതൽ ശക്തമാക്കുകയാണ് എന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. 1932 ജനുവരി നാലിന് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് യർവാദ ജയിലിലാക്കി. രാജ്യവ്യാപകമായ അറസ്റ്റ് നടന്നു. കോൺഗ്രസ്സിനെ നിരോധിച്ചു.

ഗുരുവായൂർ സത്യാഗ്രഹം ലക്ഷ്യം കാണുന്നതുവരെ തുടരണമെന്ന് ഗാന്ധിജി പ്രത്യേകം നിർദേശിച്ചു. സത്യാഗ്രഹ കാര്യങ്ങൾ മാത്രം ശ്രദ്ധിക്കുന്നതിനായി കെ. കേളപ്പൻ അദ്ധ്യക്ഷനായ ഒരു സമിതി രൂപീകരിക്കുകയും ചെയ്തു. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനത്തിന് അനുകൂലമായ ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 1931 ജനുവരി 27 ന് കോഴിക്കോട് സാമൂതിരിക്ക് കേളപ്പജി കത്തുനൽകി. 1932 ജനുവരി 28 ന് ക്ഷേത്രം തുറന്നപ്പോൾ സത്യാഗ്രഹവും പുനഃരാരംഭിച്ചു. ക്ഷേത്രപരിസരത്ത് നിരോധനാജ്ഞയും പ്രഖ്യാപിച്ചു.

കേളപ്പജിയുടെ ഉപവാസം

1932 ആഗസ്റ്റ് മാസത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി റാംസെ മാക് ഡൊണാൾഡ് നടത്തിയ കമ്മ്യൂണൽ അവാർഡ് പ്രഖ്യാപനത്തെ ഗാന്ധിജി ശക്തിയായി പ്രതിഷേധിച്ചു. അധഃസ്ഥിതർക്ക് പ്രത്യേകം വോട്ടർ പട്ടികയും നിയോജക മണ്ഡലങ്ങളും നിർദ്ദേശിക്കുന്നതാണ് കമ്മ്യൂണൽ അവാർഡ്. ജാതി തിരിച്ച് ആളുകളെ ഭിന്നിപ്പിച്ച് നിർത്തി അനൈക്യം ഉണ്ടാക്കുക എന്നതായിരുന്നു ബ്രിട്ടീഷ് ഗൂഢലക്ഷ്യം. മുഖ്യധാരയിൽ ഉൾപ്പെടുത്താതെ മാറ്റി നിർത്താനുള്ള ശ്രമത്തെ ആണ് ഗാന്ധിജി എതിർത്തത്. ഹരിജനങ്ങൾ ഉൾപ്പെടെയുള്ളവരെ വേർതിരിച്ച് നിർത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്ന ആവശ്യവുമായി ഗാന്ധിജി സെപ്തംബർ 20 മുതൽ ഉപവാസം ആരംഭിക്കുകയാണ് എന്ന് പ്രഖ്യാപിച്ചു. അധഃസ്ഥിതരുടെ അവകാശ സംരക്ഷണത്തിനായി ഗാന്ധിജി ഉപവാസം ആരംഭിക്കുന്ന പശ്ചാത്തലത്തിൽ 1932 സെപ്തംബർ 21 മുതൽ അധഃസ്ഥിതർക്ക് വേണ്ടിയുള്ള ഗുരുവായൂർ ക്ഷേത്രപ്രവേശനം എന്ന ആവശ്യവുമായി ഉപവാസം ആരംഭിക്കാൻ കേളപ്പജിയും തീരുമാനിച്ചു. പൊതുവായ വോട്ടർപട്ടിക എന്ന നിർദേശവുമായി കമ്മ്യൂണൽ അവാർഡിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചതിനെ തുടർന്ന് സെപ്തംബർ 26 ന് ഗാന്ധിജി ഉപവാസം അവസാനിപ്പിച്ചു. ഗുരുവായൂരിൽ കേളപ്പജിയുടെ ഉപവാസം ഉഗ്രതപസ്സായി മാറി. ഒന്നുകിൽ വിജയം അല്ലെങ്കിൽ മരണം എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് അദ്ദേഹം ഉപവാസം ആരംഭിച്ചത്. ഉപവാസം ഇരിക്കാൻ ഒരു പന്തൽപോലും വേണ്ടെന്നുവച്ച്

വെയിലും മഴയും കാറ്റും ഏറ്റ് കേളപ്പജി ഉപവാസം തുടർന്നു. ശക്തമായ ഈ സത്യാഗ്രഹം ഇന്ത്യ മുഴുവൻ ചർച്ചചെയ്യപ്പെട്ടു ഉപവാസം ആപദ്മേഖലയിലേക്ക് കടന്നു. ക്ഷേത്രം ഉടനടി തുറന്നുകൊടുത്തുകൊണ്ട് കേളപ്പജിയുടെ ജീവൻ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യയുടെ നാനാഭാഗത്തുനിന്നും നേതാക്കൾ അയച്ച നിരവധി കമ്പിസന്ദേശങ്ങൾ സാമൂതിരിപ്പാടിന് ലഭിച്ചുകൊണ്ടിരുന്നു.

ഗാന്ധിജിയുടെ ശക്തമായ ഉപദേശത്തെ തുടർന്ന് ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ കേളപ്പജി ഉപവാസം തൽക്കാലത്തേക്ക് നിർത്തിവച്ചു. സാമൂതിരിക്കയച്ച കമ്പിസന്ദേശത്തിലും കത്തിലും ഗാന്ധിജി രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു – മൂന്നുമാസത്തിനുള്ളിൽ എല്ലാവർക്കും ക്ഷേത്രപ്രവേശനം സാധ്യമാക്കണം, കേളപ്പന് ഇനി ഉപവസിക്കേണ്ടിവരികയാണെങ്കിൽ ഗാന്ധിജിയും ഉപവസിക്കും എന്നും കത്തിൽ വ്യക്തമാക്കി.

ഹിതപരിശോധന

വീണ്ടും ഉപവാസം ഉണ്ടാകാതിരിക്കാൻ എത്രയും പെട്ടെന്ന് എല്ലാവർക്കും ക്ഷേത്രപ്രവേശനം സാധ്യമാക്കാനായി വ്യാപകമായ പ്രചാരണ പരിപാടികൾ വീണ്ടും ആരംഭിച്ചു. ഇതിനിടെ ഗാന്ധിജി പുതിയ ഒരു നിർദ്ദേശം മുന്നോട്ടു വച്ചു – ക്ഷേത്രദർശനം നടത്തിക്കൊണ്ടിരിക്കുന്നവരിൽ ഒരു ഹിത പരിശോധന. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം നൽകുന്നതിൽ ഇപ്പോൾ ക്ഷേത്രത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നവരുടെ അഭിപ്രായം ആരായാൻ ആണ് ഹിതപരിശോധന. ഗാന്ധിജിയുടെ ഈ നിർദ്ദേശം രാജാജി മുഖേന കേരള നേതാക്കളെ അറിയിച്ചു. ഹിതപരിശോധനയുടെ വിജയത്തിനായി കെ. മാധവൻനായർ, യു. ഗോപാലമേനോൻ, കെ.എസ്. ദാമോദര മേനോൻ, എ.സി.വി. രാമൻ എന്നിവർ ഉൾപ്പെടുന്ന പ്രത്യേക കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഹിതപരിശോധനയിൽ എല്ലാം കുടുംബങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രചാരണത്തിൽ പങ്കെടുക്കാനായി ഗാന്ധിജിയുടെ ധർമ്മപത്നി കസ്തൂർബാഗാന്ധി, ദേശബന്ധു സി.ആർ. ദാസിന്റെ സഹോദരി ഊർമിളാദേവി, രാജാജി എന്നിവരും എത്തിയിരുന്നു. 1932 ഡിസംബർ 3 മുതൽ 20 വരെയാണ് ഹിതപരിശോധന നടന്നത്. 8414 വീടുകളിൽ നടത്തിയ ഹിതപരിശോധനയിൽ 27,465 പേർ പങ്കെടുത്തു. 77 ശതമാനം പേരും എല്ലാ ഹിന്ദുക്കളുടെയും ക്ഷേത്രപ്രവേശനത്തെ അനുകൂലിച്ചു. ഇത് വലിയ ഒരു ധാർമികവിജയമായി മാറി.

ക്ഷേത്രപ്രവേശനം നിയമപ്രകാരം സാധുവാകുന്നതിന് മദിരാശി നിയമസഭയിൽ ഡോക്ടർ സുബ്ബരായൻ ബിൽ അവതരിപ്പിച്ചു. 1933 ജനുവരി രണ്ടിന് കെ. കേളപ്പൻ, രാജാജി, കെ. മാധവൻനായർ എന്നിവർ യർവാദ ജയിലിൽ ഗാന്ധിജിയെ സന്ദർശിച്ചപ്പോൾ ഗാന്ധിജിതന്നെ ഡയറിയിൽ ജനുവരിയിൽ

ഉപവാസം നടത്തുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് കാണിച്ചു കൊടുത്തു. നിയമസഭയിൽ ബിൽ അവതരിപ്പിച്ചിരിക്കുന്ന സമയം ആയതുകൊണ്ട് ഉടൻ ഉപവാസത്തിന് തയ്യാറാകേണ്ട എന്ന് ഗാന്ധിജിയോട് ഇവർ അഭ്യർത്ഥിച്ചു.

ഇനിയുള്ള നാളുകളിൽ പ്രവേശനത്തിനായി ഉള്ള നിയമനിർമ്മാണം, പൊതുജനാഭിപ്രായ രൂപീകരണം, സ്വകാര്യ ക്ഷേത്രങ്ങൾ എല്ലാവർക്കും തുറന്നുകൊടുക്കാൻ പ്രോത്സാഹിപ്പിക്കൽ എന്നീ കാര്യങ്ങളിൽ ഊന്നൽ നൽകണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു. അതനുസരിച്ച് നിരവധി സ്വകാര്യ ക്ഷേത്രങ്ങൾ സ്വമേധയാ എല്ലാവർക്കും പ്രവേശനം അനുവദിച്ചു.

ഹരിജനോദ്ധാരണ പ്രവർത്തനം

ഗുരുവായൂർ സത്യാഗ്രഹത്തിന് അനുഭവങ്ങളിൽനിന്ന് ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് ഗാന്ധിജി തീരുമാനിച്ചു. ഭാരതത്തിലാകെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ സജീവമാക്കി. 1933 ഏപ്രിൽ 30 ഹരിജൻ ദിനമായി ആചരിച്ചു. ഹരിജനോദ്ധാരണ പ്രവർത്തനങ്ങളിൽ ജനമനസ്സ് ഉണർത്തുന്നതിനുവേണ്ടി ഗാന്ധിജി 21 ദിവസത്തെ ഉപവാസം പ്രഖ്യാപിച്ചു; 1933 മെയ് 8 മുതൽ 29 വരെയായിരുന്നു ഉപവാസം.

1. സവർണർക്ക് ഹരിജനങ്ങളിൽ സഹഭാവം ഉദിക്കാൻ.
2. ഹരിജനങ്ങൾക്ക് ക്ഷേത്രങ്ങളിലും പൊതുസ്ഥലങ്ങളിലും പ്രവേശനം ലഭിക്കാൻ.
3. സത്യമായും കൃത്യമായും സേവനം അനുഷ്ഠിക്കാത്ത ഹരിജനസേവകർക്ക് കൃത്യബോധമുളവാക്കാൻ.

ഇതിനുവേണ്ടിയായിരുന്നു ഉപവാസം. ഗാന്ധിജിയെ ശുശ്രൂഷിച്ചിരുന്ന കസ്തൂർബാഗാന്ധിയും ഏറെക്കുറെ ഉപവാസത്തിൽ ആയിരുന്നു. പ്രാർത്ഥനാനിർഭരമായ ആ ദിവസങ്ങളിൽ ഒരു നേരം മാത്രമാണ് കസ്തൂർബ ഭക്ഷണം കഴിച്ചിരുന്നത്. അതും പഴങ്ങൾ മാത്രം.

ഗാന്ധിജിയുടെ ഉപവാസം പ്രതിഫലനങ്ങൾ ഉണ്ടാക്കി രാജ്യമെമ്പാടും ഹരിജനങ്ങളോട് അനുകൂലഭാവം വർദ്ധിച്ചു. നിയമനിർമ്മാണങ്ങൾക്കായുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1934 ജനുവരി 11 ന് ഗാന്ധിജി ഗുരുവായൂരിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചു. ഇന്ന് ആചരിക്കപ്പെടുന്ന അയിത്തത്തിന് യാതൊരു ശാസ്ത്രീയ അടിസ്ഥാനവും ഇല്ലെന്നും എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം സാധ്യമാക്കുന്നതുവരെ ഈ പ്രവർത്തനങ്ങൾ തുടരണമെന്നും ഗാന്ധിജി ആഹ്വാനം ചെയ്തു. 1936 നവംബർ 12 ന് തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരം ഗാന്ധിജിക്കും ഭാരതത്തിനാകമാനവും സന്തോഷം ഉണ്ടാക്കി. കൊച്ചിയിൽ 1947 ഡിസംബറിലും, മലബാറിൽ 1947 ജൂണിലും നിയമനിർമ്മാണം ഉണ്ടായി.

ക്ഷേത്രപ്രവേശനം യാഥാർത്ഥ്യമായി

മലബാറിലെ ക്ഷേത്രങ്ങളിൽ മാറ്റിനിർത്തപ്പെട്ടവരെക്കൂടി പ്രവേശിപ്പിക്കുന്നതിന് എല്ലാ വ്യവസ്ഥകളും ചെയ്തു. ആ മഹോത്സവം കൊണ്ടാടാൻ നിശ്ചയിച്ച തീയതി 1947 ജൂൺ 2 ആയിരുന്നു. ഗുരുവായൂരിൽ ക്ഷേത്രപ്രവേശനം കെ. കേളപ്പജിയുടെ നേതൃത്വത്തിൽ ആയിരുന്നു. നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ ആയിരക്കണക്കിന് ആളുകളുടെ അകമ്പടിയോടെ വിനയാന്വിതനായി അദ്ദേഹം ക്ഷേത്രത്തിലേക്ക് നടന്നു. പ്രാർത്ഥനാനിർഭരമായ മനസ്സോടെ അദ്ദേഹം പറഞ്ഞു: ''ഇന്ന് ആദ്യമായാണ് യഥാർത്ഥത്തിൽ ഹിന്ദുസമുദായം മുഴുവൻ ഒരു ഘടകം എന്ന നിലയിൽ ദൈവത്തിന്റെ പാദങ്ങളിൽ നമ്രശിരസ്കരായി ആരാധന നടത്തുന്നത്. അത്ഭുതാവഹമായ ഈ വ്യതിയാനം കഴിഞ്ഞ കാൽനൂറ്റാണ്ടുകാലം ത്യാഗം കൊണ്ടും തപസ്സുകൊണ്ടും കൈവരുത്തിയത് ഗാന്ധിജിയാണ്.''

മഹാത്മജിയും കേരളഗാന്ധിയും, ഇന്ത്യാരാജ്യം മുഴുവനും അഭിമാനംകൊണ്ട നിമിഷമായിരുന്നു അത്. ഈ ചരിത്രമുഹൂർത്തത്തിനായി ത്യാഗങ്ങൾ അനുഷ്ഠിച്ച എല്ലാവർക്കും വന്ദനം.

❐

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

ഗാന്ധിജി നിർദ്ദേശിച്ച തിരഞ്ഞെടുപ്പ് സമ്പ്രദായം നടപ്പാക്കണം

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്നത് യാഥാർത്ഥ്യമാക്കാൻ ഗാന്ധിജി നിർദ്ദേശിച്ചവിധമുള്ള തിരഞ്ഞെടുപ്പ് സമ്പ്രദായം ഭാരതത്തിൽ നടപ്പാക്കണം.

ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം മഹാരാഷ്ട്ര മേഖലയിലുള്ള ഔന്ത് എന്ന നാട്ടുരാജ്യത്തിൽ 1939 ൽ തയ്യാറാക്കിയ സ്വരാജ് ഭരണഘടനയിലും കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ശ്രീമൻനാരായൺ ഗാന്ധിജിയുടെ അനുമതിയോടെ 1946 ൽ തയ്യാറാക്കിയ 'സ്വതന്ത്ര ഭാരതത്തിന് ഗാന്ധിയൻ ഭരണഘടന' എന്ന ഗ്രന്ഥത്തിലും ഏക തിരഞ്ഞെടുപ്പ് രീതിയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

1939 ജനുവരി 21 മുതൽ മഹാരാഷ്ട്രയിലെ ഔന്ത് എന്ന നാട്ടുരാജ്യത്തിൽ ഗാന്ധിജിയുടെ നിർദ്ദേശവും ഉപദേശവും അടിസ്ഥാനമാക്കിയുള്ള സ്വരാജ് ഭരണഘടനയും ഏക തിരഞ്ഞെടുപ്പ് സമ്പ്രദായവും നിലവിൽവന്നു.

ഗ്രാമതലത്തിൽ (അയൽക്കൂട്ട തലത്തിൽ) ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. പ്രസ്തുത പ്രതിനിധികളിൽ നിന്ന് ഗ്രാമപഞ്ചായത്ത്, താലൂക്ക്, പ്രവിശ്യ തലങ്ങളിലേയ്ക്ക് പ്രതിനിധികളെ നിർദ്ദേശിച്ച് ഭരണസമിതികൾ രൂപീകരിച്ചിരുന്നു.

1947 ൽ ഭാരതം സ്വതന്ത്രമാകുന്നതുവരെ ഈ ഗാന്ധിയൻ റിപ്പബ്ലിക് നിലനിന്നിരുന്നു. പുതിയ ഭരണഘടന നിർമ്മാണ ഘട്ടത്തിൽ ഈ സമ്പ്രദായം അവഗണിക്കപ്പെട്ടു. വിദേശ ഭരണഘടനകളെ നാം അനുകരിച്ചു.

ഈ തെറ്റ് തിരുത്തി ഭാരതീയവും തദ്ദേശീയവും ആയ തിരഞ്ഞെടുപ്പ് സമ്പ്രദായം ആവിഷ്കരിക്കാനും ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് എന്നത് യാഥാർത്ഥ്യമാക്കാനും സാധിക്കണം. നിലവിലുള്ള ഗ്രാമപഞ്ചായത്ത് വാർഡുകളെ 50–75 വീടുകളുള്ള അയൽക്കൂട്ടങ്ങളായി തിരിച്ച് അവരിൽനിന്നും ഓരോ പ്രതിനിധികളെ തിരഞ്ഞെടുക്കുക. ഗ്രാമപഞ്ചായത്ത് വാർഡ്, ബ്ലോക്ക് പഞ്ചായത്ത് വാർഡ്, ജില്ലാ പഞ്ചായത്ത് ഡിവിഷൻ, അസംബ്ലി നിയോജക

മണ്ഡലം, പാർലമെൻറ് നിയോജകമണ്ഡലം എന്നീ തലങ്ങളിൽ ഉൾപ്പെടുന്ന അയൽക്കൂട്ട പ്രതിനിധികളെ ഒരു ഹാളിൽ വിളിച്ചിരുത്തി അവരിൽനിന്ന് പ്രസ്തുത തലങ്ങളിലേക്കുള്ള പ്രതിനിധികളെ നിർദ്ദേശിക്കാം.

അയൽക്കൂട്ട തലത്തിൽ (അടിസ്ഥാന തലത്തിൽ) മാത്രം തിരഞ്ഞെടുപ്പ്. മുകൾതലങ്ങളിലേക്കുള്ള പ്രതിനിധികളെ ഒരു ഹാളിൽ കൂടിയിരുന്ന് വോട്ടർമാർക്ക് തീരുമാനിക്കാം. രാജ്യത്തെ ഭൂരിഭാഗം സംഘടനകളും ഈ തിരഞ്ഞെടുപ്പ് രീതിയാണ് പിന്തുടരുന്നത്. ഇത്തരം തിരഞ്ഞെടുപ്പ് സമ്പ്രദായം വഴി തിരഞ്ഞെടുപ്പ് ചെലവ് കുറയ്ക്കാം; ധനനഷ്ടവും സമയനഷ്ടവും ഒഴിവാക്കാം; അഴിമതി കുറയ്ക്കാം; രാഷ്ട്രീയപാർട്ടികളുടെ അമിതാധികാര പ്രയോഗങ്ങളും കക്ഷിരാഷ്ട്രീയ സംഘർഷങ്ങളും ഒഴിവാക്കാം; വോട്ടിന് വേണ്ടിയുള്ള ജാതി-മത പ്രീണനങ്ങളും വർഗീയ ധ്രുവീകരണവും ഒഴിവാക്കാം.

ഭരണഘടനാലംഘനം നടത്തുന്നവരെ അയൽക്കൂട്ട തലത്തിൽ തിരിച്ചു വിളിക്കാം. ഭാരതത്തിന്റെ പൈതൃകത്തെ അടിസ്ഥാനമാക്കിയാണ് ഇത്തരം ഒരു തിരഞ്ഞെടുപ്പ് സമ്പ്രദായം ഗാന്ധിജി നിർദ്ദേശിച്ചത്.

❐

രാമസങ്കല്പം ഗാന്ധിജിയിൽ

രാമനാമം മഹാത്മാഗാന്ധിയുടെ ജീവിതത്തിൽ ശ്വാസോച്ഛ്വാസം പോലെ തന്നെ സ്ഥായീഭാവം ഉള്ളതായിരുന്നു. ബാല്യം മുതൽ ജീവിതാന്ത്യം വരെ ഇത് തുടർന്നു. മോഹൻദാസിൽനിന്ന് മഹാത്മാവിലേക്കുള്ള വ്യക്തിത്വ വികാസം സംഭവിച്ചതുപോലെ രാമനാമ സങ്കല്പത്തിലും വികാസം ഉണ്ടായി.

മോഹൻദാസ് കുട്ടിയായിരുന്നപ്പോൾ ഇരുട്ടിനെ ഭയപ്പെട്ടിരുന്നു. ഇതിൽ നിന്ന് മോചനം കിട്ടാൻ, ധൈര്യം നിലനിർത്താൻ വീട്ടിലെ ആയയായിരുന്ന രംഭയാണ് രാമനാമം ഉപദേശിച്ചത്. രാമനാമത്തിലൂടെ കുട്ടി ധൈര്യം അവ ലംബിച്ചു, ഒപ്പംതന്നെ രാമനാമം ഒരു ജീവിതചര്യയായി അദ്ദേഹം സ്വീകരിച്ചു. ദൈവചിന്ത നിറഞ്ഞ ഗൃഹാന്തരീക്ഷവും മാതാവായ പുത്‌ലിഭായിയുടെ വ്രതാനുഷ്ഠാനങ്ങളും സദ്ചിന്തകളും ഉപദേശങ്ങളും എല്ലാം ഇതിന് സഹാ യകമായി. ധൈര്യവും ആത്മവിശ്വാസവും നൽകുന്ന ഒരു ശക്തിസാന്നിധ്യ മായിട്ടാണ് ആ ബാലന് രാമനാമം ആദ്യം അനുഭവമായത്. പിന്നീട് അത് ഇതിഹാസ നായകൻ, ദശരഥ പുത്രൻ, ജാനകീവല്ലഭൻ, പുത്രധർമ്മപാല കൻ, ഉത്തമ ഭരണാധികാരി, അവതാരപുരുഷൻ എന്നീ നിലകളിലേയ്ക്ക് വികസിക്കുന്നു. ശാസ്ത്രകാരന്റെ സൂക്ഷ്മനിരീക്ഷണപാടവത്തോടെ ജീവി തത്തെ സത്യാന്വേഷണമാക്കി മാറ്റിയ ഗാന്ധിജിയിൽ മനുഷ്യൻ, ഈശ്വരൻ, പ്രപഞ്ചം എന്നിവയെക്കുറിച്ച്, ആത്മീയവികാസത്തിലൂടെ, വ്യക്തമായ ബോധ്യപ്പെടലുകൾ ഉണ്ടായിട്ടുണ്ട്. ഇത്തരം ഒരു ഘട്ടത്തിലാണ് ഗാന്ധിജി ഇപ്രകാരം പറയുന്നത്: "എന്റെ രാമൻ, എന്റെ പ്രാർത്ഥനാ വിഷയമായ രാമൻ, ദശരഥ പുത്രനോ അയോദ്ധ്യാപതിയോ അല്ല. അദ്ദേഹം ചരിത്ര പുരുഷനും അല്ല. അദ്ദേഹം അനശ്വരനും ജന്മരഹിതനും അദ്വിതീയനും ആണ്." *(ഹരിജൻ, 28.4.1946)*

ഇതിഹാസ സന്ദർഭങ്ങളേയും സ്ഥലങ്ങളേയും ദേവാലയങ്ങളേയും ആരാധനയേയും നിഷേധിക്കണം എന്നല്ല ഇതുകൊണ്ട് ഗാന്ധിജി അർത്ഥമാക്കുന്നത്. ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്ക് ഭൂമിയെ കുറിച്ച് ധാരണയുണ്ടാക്കാൻ അദ്ധ്യാപിക ഒരു പന്തിന്റെ രൂപമാണ് പരിചയപ്പെടു

ത്തുന്നത്. ഹൈസ്കൂളിലും കോളേജിലും ഭൂമിയെക്കുറിച്ച് പഠിപ്പിക്കുന്നതിന് കൂടുതൽ മികവുള്ള സങ്കേതങ്ങളാണ് ഉപയോഗപ്പെടുത്തുക. പിന്നീട് ഈ കുട്ടി ബഹിരാകാശ ശാസ്ത്രജ്ഞൻ ആയാലും ഒന്നാം ക്ലാസ്സിലെ അദ്ധ്യാപിക അവലംബിച്ച മാർഗം തെറ്റാണെന്ന് പറയാറില്ലല്ലോ? ഇതുതന്നെയാണ് ഗാന്ധിജിയും ഉദ്ദേശിച്ചത്. അഞ്ചു മാസങ്ങൾക്ക് ശേഷം, മറ്റൊരു സന്ദർഭത്തിൽ, ഗാന്ധിജി ഇപ്രകാരം വിശദീകരിക്കുന്നു: "ഞാൻ ആദ്യമൊക്കെ സീതാകാന്തനായ രാമനെയാണ് ആരാധിച്ചിരുന്നത്. പിന്നീട് അറിവും അനുഭവവും വർദ്ധിച്ചപ്പോൾ എന്റെ രാമൻ അനശ്വരനും സർവവ്യാപിയും ആയിത്തീർന്നു. അതിനർത്ഥം, രാമൻ സീതാകാന്തൻ അല്ലാതായിത്തീർന്നു എന്നല്ല. സീതാകാന്തൻ എന്ന സങ്കൽപ്പത്തിന്റെ അർത്ഥം രാമനെക്കുറിച്ചുള്ള ദർശനത്തോടൊപ്പം വികസിച്ചു. ലോകത്തിന്റെ പരിണാമവും അങ്ങനെയാണല്ലോ സംഭവിക്കുന്നത്?"

"രാമനെ ദശരഥപുത്രനായി മാത്രം കാണുന്ന ഒരാൾക്ക് അദ്ദേഹം സർവവ്യാപി ആകുകയില്ല. പക്ഷേ, രാമൻ ഈശ്വരനാണെന്ന് കരുതുന്ന ആളിന് സർവവ്യാപിയായ രാമന്റെ പിതാവും സർവവ്യാപിയായിത്തീരും. പിതാവും പുത്രനും ഒന്നായിത്തീരും." *(ഹരിജൻ, 22.9.1946.)*

വേദാന്തപ്പൊരുളിന്റെ പ്രയോഗത്തെക്കുറിച്ച് സമാജത്തെ ഉദ്ബോധിപ്പിച്ച സ്വാമി വിവേകാനന്ദനെപ്പോലെ, ഗാന്ധിജി ഇവിടെ ആദ്ധ്യാത്മികതയുടെ നിത്യജീവിത സാധ്യതകളെക്കുറിച്ചാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. അദ്ദേഹം പറയുന്നു: "രാമനാമത്തെ വിശ്വസിക്കുന്നവനെ സംബന്ധിച്ചിടത്തോളം ശരീരം ഈശ്വരസേവനത്തിനുള്ള ഉപാധി മാത്രമാണ്." *(രാമനാമം, പുറം 41.)*

'ഗീതയിലെ സ്ഥിതപ്രജ്ഞൻ തന്നെയാണ് രാമഭക്തൻ.' *(ഹരിജൻ, 26.9.1947.)* പ്രാർത്ഥന, ക്ഷേത്രദർശനം എന്നിവയുടെ ആവശ്യകതകളെക്കുറിച്ച് അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു: "ഈശ്വരൻ നമ്മിൽനിന്ന് ഭിന്നമായ ഒരു വ്യക്തിയല്ല; പ്രപഞ്ചത്തിൽ നിന്നും അകന്നുനിൽക്കുന്ന ഒരാളും അല്ല. അദ്ദേഹം എങ്ങും വ്യാപിച്ച് നിൽക്കുന്നു. അദ്ദേഹം സർവജ്ഞനും സർവശക്തനും ആണ്. അദ്ദേഹത്തിന് കീർത്തനങ്ങളോ പ്രാർത്ഥനകളോ ഒന്നും ആവശ്യമില്ല. എല്ലാറ്റിന്റേയും ഉള്ളിൽ കുടികൊള്ളുന്നതുകൊണ്ട് അദ്ദേഹം എല്ലാം കേൾക്കുന്നു. നമ്മുടെ അത്യഗാധമായ ചിന്തകൾ പോലും മനസ്സിലാക്കുന്നു. അദ്ദേഹം നമ്മുടെ ഹൃദയങ്ങളിൽ സ്ഥിതിചെയ്യുന്നു. നഖങ്ങൾ കൈവിരലുകളോട് എത്ര അടുത്താണോ അതിലേറെ അടുപ്പം അദ്ദേഹത്തിന് നമ്മളോട് ഉണ്ട്. അതുകൊണ്ട് അദ്ദേഹത്തോട് എന്തെങ്കിലുമൊക്കെ അഭ്യർത്ഥിക്കേണ്ട കാര്യമുണ്ടോ? ഈ ഒരു വൈഷമ്യം (ആശയക്കുഴപ്പം) ഉള്ളതുകൊണ്ടാണ് പ്രാർത്ഥനയെ ആത്മശുദ്ധീകരണം എന്ന് പരാവർത്തനം ചെയ്യുന്നത്. പ്രാർത്ഥനാവേളയിൽ ഉറക്കെ കീർത്തനങ്ങൾ ചൊല്ലുമ്പോൾ നാം ഈശ്വരനെ അല്ല നമ്മെ തന്നെയാണ് അഭിസംബോധന ചെയ്യുന്നത്. അത്

നമ്മുടെ ജഡതയെ അകറ്റിക്കളയുന്നു. നമ്മിൽ ചിലർക്കൊക്കെ ബുദ്ധി പരമായി ഈശ്വരനെക്കുറിച്ച് അറിവുണ്ട്. പലരും സംശയഗ്രസ്തരുമാണ്. ആരും അദ്ദേഹത്തെ അഭിമുഖമായി കണ്ടിട്ടില്ല. അദ്ദേഹം ആരെന്ന് അറി യുന്നതിനും, അദ്ദേഹത്തെ സാക്ഷാത്കരിക്കുന്നതിനും അദ്ദേഹത്തോട് സാത്മ്യം പ്രാപിക്കുന്നതിനും നാമാഗ്രഹിക്കുന്നു. ആ ആഗ്രഹം പ്രാർത്ഥന യിലൂടെ നിറവേറ്റുന്നതിന് നാം ശ്രമിക്കുന്നു." *(ഗാന്ധിജി, ആശ്രമാനുഷ്ഠാ നങ്ങൾ, പേജ്, 36.)*

തിരുവതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരത്തിന് ശേഷം സാമൂഹ്യ പരിഷ്കർത്താവായ അയ്യങ്കാളിയുടെ ഗ്രാമമായ വെങ്ങാനൂരിൽ 1937ൽ ഗാന്ധിജി സന്ദർശനം നടത്തിയിരുന്നു. അവിടെ നടത്തിയ പ്രസംഗത്തിൽ, ക്ഷേത്രദർശനത്തിന്റെ അനിവാര്യതയേയും പ്രയോജന ത്തെയും കുറിച്ച് ഗാന്ധിജി ഇപ്രകാരം വ്യക്തമാക്കുന്നു: "നമ്മൾ ക്ഷേത്രങ്ങളെ സമീപിക്കേണ്ടത് വിനയത്തോടെ, പശ്ചാത്താപത്തോടെ ആയിരിക്കണം. ഈശ്വരന് പല പാർപ്പിടങ്ങളും ഉണ്ട്. ഓരോ മനുഷ്യരൂപത്തിലും അദ്ദേഹം കുടികൊള്ളുന്നു. സൃഷ്ടിയുടെ ഓരോ തരിയിലും ഈ ഭൂമുഖത്തുള്ള എല്ലാത്തിലും അദ്ദേഹം സ്ഥിതിചെയ്യുന്നു. പക്ഷേ, ഈശ്വരൻ എല്ലായിടത്തും ഉണ്ടെന്ന് മനസ്സിലാക്കാൻ നമ്മെപ്പോലെ പിഴ പറ്റാവുന്ന നശ്വര ആത്മാക്കൾക്ക് സാധിക്കുന്നില്ല. അതുകൊണ്ട് ക്ഷേത്ര ങ്ങൾക്ക് നാം പ്രത്യേകമായ പരിശുദ്ധി കല്പിക്കുന്നു. ഈശ്വരൻ അവിടെ കുടികൊള്ളുന്നുണ്ട് എന്ന് കരുതുന്നു. അതുകൊണ്ട് ക്ഷേത്രങ്ങൾ സന്ദ ർശിക്കുമ്പോൾ നാം നമ്മുടെ മനസ്സും ഹൃദയവും ശരീരവും എല്ലാം ശുദ്ധമാ ക്കണം. പ്രാർത്ഥനാനിർഭരമായ മനോഭാവത്തോടെ വേണം നാം ക്ഷേത്ര ങ്ങളിൽ പ്രവേശിക്കാൻ. നമ്മെ കൂടുതൽ ബുദ്ധിയുള്ള സ്ത്രീ-പുരുഷന്മാർ ആക്കി തീർക്കണമെന്ന് നാം ഈശ്വരനോട് അപേക്ഷിക്കണം. വൃദ്ധനായ ഈ ഞാൻ പറയുന്ന ഉപദേശം നിങ്ങൾ കൈക്കൊള്ളുന്നുവെങ്കിൽ നിങ്ങൾക്ക് ഇന്ന് ലഭിച്ചിരിക്കുന്ന ഭൗതികമായ വിമോചനം ആത്മീയമായ വിമോചനം കൂടിയായിത്തീരും." *(ഗാന്ധിജി 14.1.1937.)*

ആത്മീയതയുടെ പാതയിൽ ആരംഭം കുറിക്കുന്നവരും ഏറെ വികാസം സിദ്ധിച്ചവരും ഒരേ രീതീശാസ്ത്രമല്ല സ്വീകരിക്കേണ്ടത് എന്നാണ് ഗാന്ധിജി വ്യക്തമാക്കുന്നത്.

❐

ഭൂദാനം സാമൂഹ്യവിപ്ലവത്തിന്

സർവോദയ സമൂഹരചനാപ്രക്രിയയിൽ ദാനത്തിന് വലിയ സ്ഥാനമാണുള്ളത്. ധാരാളം ഭൂമികൈവശമുള്ളവർ അതിൽ ഒരു പങ്ക് ഭൂമി ഇല്ലാത്തവർക്കായി ദാനം ചെയ്യുന്നതാണ് ഭൂദാനം. സർവോദയ ആചാര്യനായ വിനോബജിയുടെ അഭ്യർത്ഥനപ്രകാരം ലക്ഷക്കണക്കിന് ഏക്കർ ഭൂമി ദാനമായി ലഭിച്ചു. മണ്ണിൽ പണിയെടുത്ത് ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ തയ്യാറുള്ളവർക്കാണ് പൊതു ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ ഭൂമി നൽകിയത്. ഇതുവഴി ആത്മാഭിമാനത്തോടെ അദ്ധ്വാനിക്കാനുള്ള അവസരം ലഭിച്ചു. 'ഭൂമി പൊതുസ്വത്താണ്' എന്ന ചിന്ത വളർത്താൻ സാധിച്ചു. ഏതാനും വ്യക്തികളിൽ ഭൂമിയുടെ ഉടമസ്ഥത കേന്ദ്രീകരിക്കുന്നത് ലഘൂകരിക്കാനായി. ദാരിദ്ര്യനിർമാർജനവും രാഷ്ട്രസമ്പത്തിന്റെ വർദ്ധനവും സാധ്യമായി.

ഒരു പ്രദേശം മുഴുവനായും പൊതുഉടമസ്ഥതയിലേക്ക് മാറുന്ന വിധമുള്ള ഭൂദാനമാണ് ഗ്രാമദാനം. എല്ലാവരും അദ്ധ്വാനിക്കുന്നു. ഗ്രാമീണരുടെ പൊതുവായ ഗ്രാമസമിതി ഗ്രാമീണരുമായി ചർച്ച ചെയ്ത് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി കൂട്ടായ പ്രവർത്തനത്തിലൂടെ അവ നിർവഹിച്ച് മുന്നോട്ട് പോകുന്നു. ഭൂദാനത്തിന്റെ വികസിതരൂപമാണ് ഗ്രാമദാനം. ഭൂമി, പണം തുടങ്ങിയ ഭൗതിക സമ്പത്തിനെപ്പോലെ പ്രാധാന്യമുള്ളതാണ് അദ്ധ്വാനശേഷി. സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി, സാമൂഹ്യ നിർമാണ പ്രവർത്തനങ്ങൾക്ക് വേണ്ടി തന്റെ അദ്ധ്വാനം പ്രതിഫലം കൂടാതെ നൽകുന്നതാണ് ശ്രമദാനം. സഹകരണാത്മക സമൂഹത്തിലൂടെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ ശ്രമദാനം സഹായകരമാകുന്നു. തന്റെ പക്കലുള്ള പണത്തിന്റെ ഒരു ഭാഗം സമൂഹത്തിന് നന്മയുണ്ടാകുന്ന കാര്യങ്ങൾക്കായി സംഭാവന നൽകുന്നതാണത്. സമ്പത്ത് ദാനം നൽകുന്ന ആൾ ഇത് ഒരു ഔദാര്യമായി കരുതുന്നില്ല. സമ്പത്തീദാനം തന്റെ അനിവാര്യകടമയായാണ് കരുതുന്നത്. സർവോദയ സമൂഹരചനയ്ക്കായി തന്റെ സമയവും ശ്രമവും സേവനവും പരിപൂർണമായി സമർപ്പിക്കുന്നതാണ് ജീവൻദാൻ. ശരിയായ ദിശയിലുള്ള ദാനധർമ്മങ്ങൾ സാമൂഹ്യവിപ്ലവത്തിലേക്ക് നയിക്കുന്നു.

ഭൂദാന പ്രസ്ഥാനം

ഏപ്രിൽ 18 – ഭൂദാന ദിനം

മഹാത്മാഗാന്ധിയുടെ ദർശനമായ 'സർവോദയം' പ്രയോഗത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് 1951 ൽ ആചാര്യ വിനോബഭാവെയുടെ നേതൃത്വത്തിൽ ഭൂദാൻ പ്രസ്ഥാനം ആരംഭിക്കുന്നത്.

അഖിലേന്ത്യാ സർവോദയ മണ്ഡലത്തിന്റെ മൂന്നാമത് വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാനായാണ് വിനോബജി ഹൈദരാബാദിനടുത്തുള്ള ശിവറാംപള്ളി ഗ്രാമത്തിലെത്തിയത്. സ്വന്തമായി കിടപ്പാടമില്ലാത്ത ലക്ഷക്കണക്കിന് കുടുംബങ്ങൾ അന്ന് ഇന്ത്യയിൽ ഉണ്ടായിരുന്നു. ഭൂമിക്ക് വേണ്ടി രക്തച്ചൊരിച്ചൽ നടത്തുന്ന സമരങ്ങൾ അവിടെ ആരംഭിച്ചിരുന്നു. ഹിംസയിൽ താൽപര്യമില്ലാതിരുന്ന ഗ്രാമവാസികൾ വിനോബജിയെ ഗ്രാമത്തിലേയ്ക്ക് ക്ഷണിച്ചു.

ഇന്നത്തെ തെലുങ്കാന സംസ്ഥാനത്ത് നൽഗോണ്ട ജില്ലയിൽ പോച്ചമ്പിള്ളി ഗ്രാമത്തിൽ 1951 ഏപ്രിൽ 18 ന് വിനോബജി എത്തി. വീട് ഇല്ലാത്ത 40 ഹരിജൻ കുടുബങ്ങൾ വിനോബജിയോട് പ്രയാസങ്ങൾ അറിയിച്ചു. വൈകുന്നേരം പ്രാർത്ഥനായോഗത്തിൽ ഭൂമിയില്ലാത്തവർക്ക് അദ്ധ്വാനിച്ച് ജീവിക്കാൻവേണ്ടി രണ്ട് ഏക്കർ വീതം നൽകാൻ ആരെങ്കിലും തയ്യാറുണ്ടോ എന്ന് വിനോബ ചോദിച്ചു. ഒ. രാമചന്ദ്രറെഡ്ഡി എന്നൊരു ഭൂവുടമ മുന്നോട്ടുവന്ന് 100 ഏക്കർ നൽകാമെന്ന് സമ്മതിച്ചു. ഇപ്രകാരം ഭൂദാനയജ്ഞം ആരംഭിച്ചു.

വിനോബജി തന്റെ പദയാത്ര തുടർന്നു. പൗനാറിൽ തിരിച്ചെത്തിയപ്പോഴേക്കും 12 ലക്ഷം ഏക്കർ ഭൂമി ദാനമായി ലഭിച്ചു. ഇവയെല്ലാം ഭൂമി ഇല്ലാത്തവർക്ക് നൽകി, സഹകരണാത്മക ഗ്രാമസമൂഹങ്ങൾ സജീവമായി. രക്തച്ചൊരിച്ചിലിനെ ഭയപ്പെട്ടിട്ടാണ് ചിലർ ഭൂമി ദാനം ചെയ്യുന്നത് എന്ന് വ്യാഖ്യാനമുണ്ടായി. ഒരുതരത്തിലുമുള്ള ഭീഷണി ഇല്ലാത്തിടത്തും ഈ പ്രസ്ഥാനത്തിന്റെ ആദർശം ഉൾക്കൊണ്ട്, വിനോബാജിയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടാണ് ആളുകൾ ഭൂമി ദാനം ചെയ്തത്.

പൗനാറിലെത്തിയ വിനോബജിയെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഡൽഹിയിലേക്ക് ക്ഷണിച്ചു. ആസൂത്രണ കാര്യങ്ങളെ സംബന്ധിച്ച യോഗത്തിലേക്ക് വിനോബാജി നടന്നാണ് പോയത്. ഡൽഹിയിലെത്തുമ്പോഴേക്കും 18 ലക്ഷം ഏക്കർ ഭൂമി വാഗ്ദാനം ലഭിച്ചു. മൊത്തം 40 ലക്ഷത്തിലധികം ഏക്കർ ഭൂമി ദാനമായി ലഭിച്ചു. രക്തച്ചൊരിച്ചിലോ നിയമനിർമ്മാണങ്ങളോ ഒന്നും ഇല്ലാതെ, സ്നേഹപൂർവമുള്ള അഭ്യർത്ഥനകൊണ്ട്, ഉന്നതമായൊരു ആദർശത്തിനുവേണ്ടി ഭൂമി ദാനമായി സമർപ്പിക്കപ്പെട്ടു. ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് സ്വന്തമായി കിടപ്പാടവും, അദ്ധ്വാനിക്കാൻ ഭൂമിയും ലഭിച്ചു. 'വായുവും വെള്ളവും വെളിച്ചവും പോലെ ഭൂമിയും പൊതുമുതലാണ്; സ്വകാര്യ ഉടമസ്ഥത പാടില്ല.' – ഇതായിരുന്നു ഭൂദാന യജ്ഞത്തിന്റെ മുദ്രാവാക്യം.

പിന്നീട്, ഗ്രാമങ്ങൾ മുഴുവനായും തന്നെ ദാനം ചെയ്യപ്പെടുന്ന 'ഗ്രാമ ദാൻ' പ്രസ്ഥാനമായി ഇത് വികസിച്ചു. യു.പി.യിലെ മാംഗ്രോത്ത് ആയിരുന്നു ആദ്യ ദാന ഗ്രാമം. പിന്നീട് 5000 ദാനഗ്രാമങ്ങളുണ്ടായി.

വിദേശത്ത് വിദ്യാർത്ഥിയായിരിക്കുമ്പോൾ ഒരു കമ്മ്യൂണിസ്റ്റായി പൊതുപ്രവർത്തനം ആരംഭിച്ച്, ഇന്ത്യയിലെത്തിയപ്പോൾ സോഷ്യലിസ്റ്റ് നേതാവായി മാറിയ ലോക്നായക് ജയപ്രകാശ് നാരായൺ 1953 ൽ പ്രസ്താവിച്ചു: "നമുക്ക് അനുയോജ്യമായ സോഷ്യലിസം സർവോദയമാണ്. സർവോദയത്തിന്റെ ഒരു പ്രയോഗരൂപമാണ് ഭൂദാനയജ്ഞം." തുടർന്ന് ജെ.പി. സർവോദയത്തിനുവേണ്ടി സ്വജീവിതം സമർപ്പിച്ചു (ജീവൻ ദാൻ).

കേരളത്തിൽ സർവശ്രീ കെ. കേളപ്പൻ, ഇ. ഇക്കണ്ടവാര്യർ, ടി.വി. അനന്തൻ, പ്രൊഫ. എം.പി. മന്മഥൻ തുടങ്ങിയവർ ഭൂദാന പ്രസ്ഥാനത്തിന് നേതൃത്വം നൽകി. 'ഭൂദാന കാഹളം' എന്ന പ്രസിദ്ധീകരണവും ഉണ്ടായി. പാണപ്പുഴ, വാതിൽമട, ഏച്ചൂർ, കുറ്റ്യാട്ടൂർ, മയ്യിൽ, എച്ചിയാട്, ഉളിക്കൽ, പാല, മുഴക്കുന്ന്, ശിവപുരം എന്നിവയാണ് കണ്ണൂർജില്ലയിലെ ഭൂദാന ഗ്രാമങ്ങൾ.

മദ്ധ്യകേരളത്തിലെ ഭൂദാനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനുള്ളവർക്കുള്ള ഒരു മാസത്തെ പരിശീലനക്യാമ്പ് പുത്തൂർ (നടത്തറ) പഞ്ചായത്തിലെ കൈന്നൂർ വില്ലേജിലെ പറമ്പത്ത്പാടത്ത് നടന്നു. പാലായിൽ മറ്റൊരു ക്യാമ്പും നടന്നു.

ലോകം മുഴുവൻ വലിയ പ്രതീക്ഷയോടെ ഈ അഹിംസാത്മക സാമൂഹ്യവിപ്ലവപ്രസ്ഥാനത്തെ ശ്രദ്ധിച്ചു. 'കിഴക്കുനിന്നുള്ള ക്രിയാത്മക ചിന്ത' എന്നാണ് അമേരിക്കൻ ചിന്തകനായ ലൂയി ഫിഷർ പറഞ്ഞത്. ഇംഗ്ലീഷ് ഗ്രന്ഥകാരനായ ഹല്ലാം ടെന്നിസൺ വിനോബജിയുടെ ജീവിതത്തെ ആസ്പദമാക്കി *The Saint on the March* എന്ന ഗ്രന്ഥം രചിച്ചു. അമേരിക്കൻ അംബാസിഡറായിരുന്ന ചെസ്റ്റർ ബൗൾസ് *The Dimensions of the Peace* എന്ന ഗ്രന്ഥത്തിലൂടെ ഭൂദാന പ്രസ്ഥാനത്തിന്റെ സാധ്യതകളെ വിവരിച്ചു.

❐

ഗാന്ധി – ജെ.പി : ജീവിതത്തിലെ സമാനതകൾ

വളരെയേറെ സമാനതകളുള്ള രണ്ട് സവിശേഷ വ്യക്തിത്വങ്ങളായിരുന്നു ലോകാരാധ്യനായ മഹാത്മജിയും ലോക്നായക് ജയപ്രകാശ് നാരായണും. കുട്ടിക്കാലത്ത് മോനിയ എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന മോഹൻദാസ് കരംചന്ദ് ഗാന്ധിയും ബാവുൽജി എന്ന വിളിപ്പേരിൽ അറിയപ്പെട്ടി രുന്ന ജയ പ്രകാശ് നാരായണും മൂല്യങ്ങളിലും സദ്പ്രവൃത്തികളിലും കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്ന കുട്ടികളായിരുന്നു. ഗാന്ധിജി ഉപരിപഠനം നടത്തിയത് ഇംഗ്ലണ്ടിലാണ്. ജെ.പി. ഉപരിപഠനം തിരഞ്ഞെടുത്തത് അമേരിക്കയിലാണ്. ഉപരിപഠന കാലഘട്ടത്തിൽ സാധ്യമായ വൈവിധ്യമായ വായനയും ലോക പരിചയവും ഇരുവരുടേയും ചിന്താമണ്ഡലത്തിൽ ശ്രദ്ധേയമായ മാറ്റങ്ങളു ണ്ടാക്കി. ഇംഗ്ലണ്ടിലും തുടർന്ന് ദക്ഷിണാഫ്രിക്കയിലും ഗാന്ധിജിക്കുണ്ടായ വായനയും അനുഭവങ്ങളും ഏറ്റെടുത്ത് സാമൂഹ്യ സേവന-പൗരാവകാശ പ്രവർത്തനങ്ങളും ഗാന്ധിജിയെ കൂടുതൽ വ്യക്തിത്വതലത്തിലേയ്ക്ക് ഉയർത്തി. നിസ്സഹകരണ പ്രസ്ഥാനകാലത്ത് ഗാന്ധിജിയിൽ നിന്ന് ആവേശം ഉൾക്കൊണ്ടുകൊണ്ട് പൊതുപ്രവർത്തന രംഗത്ത് ഇറങ്ങിയ ജെ.പി. ഉപരി പഠനത്തിനായി അമേരിക്കയിൽ എത്തിയപ്പോൾ ഉണ്ടായ അനുഭവങ്ങൾ അദ്ദേഹത്തെ ഒരു കമ്മ്യൂണിസ്റ്റ് മനോഭാവത്തിലേയ്ക്ക് എത്തിച്ചു. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗമായി സോഷ്യലിസ്റ്റ് ഗ്രൂപ്പിനെ നയിച്ചു കൊണ്ട് സ്വാതന്ത്ര്യലബ്ധിക്കായി സമ്പൂർണ സമർപ്പണം നടത്തിയ ജെ.പി. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മഹാത്മജിയുടെ രക്തസാക്ഷിത്വത്തിനു ശേഷം ചിന്താവിപ്ലവത്തിന്റെ മൂന്നാം തലത്തിലേയ്ക്ക് എത്തുന്നു. ആധിപ ത്യത്തിന്റേയും പാർട്ടിമേധാവിത്വത്തിന്റേയും ഹിംസയുടേയും അകമ്പടി യോടെ യൂറോപ്പിലും മറ്റ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലും അരങ്ങേറിയിരുന്ന ഭരണസംവിധാനങ്ങൾക്ക് സമത്വമോ സമാധാനമോ സഹകരണാത്മകമായ ജനകീയ അന്തരീക്ഷമോ രൂപപ്പെടുത്താൻ സാധിച്ചില്ല എന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു.

ഭൗതികതയോടൊപ്പം ആത്മീയ യാഥാർത്ഥ്യങ്ങളെക്കൂടി ഉൾക്കൊണ്ടുകൊണ്ട് അഹിംസയിൽ വികേന്ദ്രീകൃത ജനാധിപത്യമാണ് ഭാരതത്തിനും ഭാവിലോകത്തിനും കരണീയമെന്നും ഇതിനായി മഹാത്മജി മുന്നോട്ടുവച്ച സർവോദയദർശനമാണ് യാഥാർത്ഥ്യമാകേണ്ടത് എന്നും അദ്ദേഹത്തിന് ബോധ്യപ്പെട്ടു. അപ്രകാരമാണ് 1950-കളിൽ ഭൂദാൻ തുടങ്ങിയ സാമൂഹ്യ വിപ്ലവപ്രസ്ഥാനങ്ങൾക്കായി ജീവൻദാൻ പ്രഖ്യാപിച്ച് ജെ.പി. രംഗത്തുവരുന്നത്.

സ്വജീവിതം സത്യാന്വേഷണമാക്കിയ ഗാന്ധിജിയും സാധാരണക്കാരന്റേയും സമൂഹത്തിന്റേയും നന്മയും സുസ്ഥിരതയും ലക്ഷ്യമാക്കി മുന്നേറിയ ജെ.പി.യും പുതിയ ചിന്താതലത്തിലേയ്ക്കും തിരിച്ചറിവിലേയ്ക്കും എത്തുമ്പോൾ പുതിയതിനെ സ്വീകരിക്കാൻ സദാ സന്നദ്ധമായിരിക്കും. നേരത്തേ പറഞ്ഞ കാര്യത്തിനും സ്വീകരിച്ച നിലപാടുകളിലും അപാകതകൾ ഉണ്ടെന്ന് അറിഞ്ഞാൽ അത് തിരുത്താനും അത് തുറന്ന് പറയാനുമുള്ള ആർജവം ഗാന്ധിജിയുടേയും ലോക്നായക് ജയപ്രകാശ് നാരായണിന്റേയും പ്രത്യേകതയായിരുന്നു. സുഹൃദ്ബന്ധങ്ങൾക്ക് വലിയ പ്രാധാന്യം നൽകിയവരാണ് ഗാന്ധിജിയും ജെ.പിയും. ആശയപരമായി തന്നോട് വിയോജിക്കുന്നവരോടുപോലും വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുന്നതിൽ രണ്ടുപേരും പ്രത്യേകം താല്പര്യം കാണിച്ചിരുന്നു.

പൊതുജനസേവനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി വ്യക്തിജീവിതത്തിൽ സത്യാഗ്രഹം, ഉപവാസം, ബ്രഹ്മചര്യം തുടങ്ങിയ നിഷ്ഠകൾ പാലിച്ച് വ്യക്തിശുദ്ധി നിലനിർത്തുന്നതിൽ ഗാന്ധിജിയും ജെ.പിയും ഒരുപോലെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഗാന്ധിജിയുടെ പത്നി കസ്തൂർബയും ജയപ്രകാശിന്റെ പത്നി പ്രഭാവതി ദേവിയും തങ്ങളുടെ ഭർത്താക്കന്മാർ ഏറ്റെടുത്തിരിക്കുന്ന സാമൂഹ്യസേവന യജ്ഞത്തെ ഫലപ്രാപ്തിയിലെത്തിക്കാനായി സർവ പിന്തുണയും നൽകിയ യഥാർത്ഥ സഹധർമ്മിണികളായിരുന്നു. ആശ്രമം സംബന്ധമായും ഗൃഹസംബന്ധമായും ഉള്ള എല്ലാ ഉത്തരവാദിത്തങ്ങളും മാതൃകാപരമായി നിറവേറ്റുന്നതൊടൊപ്പംതന്നെ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ നിർണായകഘട്ടത്തിൽ ധാരാളമായി സമരങ്ങൾക്ക് നേതൃത്വം വഹിക്കാനും പലതവണ ജയിൽവാസമനുഷ്ഠിക്കാനും തയ്യാറായ ധീരവനിതകൾ ആയിരുന്നു കസ്തൂർബയും പ്രഭാവതി ദേവിയും.

സ്വാതന്ത്ര്യസമരകാലത്തും സ്വതന്ത്രഭാരതത്തിലും അധികാരം കൈയാളാനുള്ള അവസരം ഏറെ ഉണ്ടായിരുന്നിട്ടും, ഒരു അധികാരസ്ഥാനവും ഗാന്ധിജിയോ ജയപ്രകാശ് നാരായണനോ സ്വീകരിച്ചില്ല. ഒരു തിരഞ്ഞെടുപ്പിലും മത്സരിച്ചില്ല. അധികാരം എവിടേയും കേന്ദ്രീകരിക്കാതെ അത് ജനങ്ങളിൽ തന്നെ നിലനില്ക്കുന്ന പൂർണസ്വരാജിനുവേണ്ടി, ഒരു സർവോദയ സമൂഹരചനയ്ക്കുവേണ്ടി തങ്ങളുടെ പ്രവർത്തനങ്ങളുമായി മുന്നേറുകയായിരുന്നു ഗാന്ധിജിയും ജെ.പിയും.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ആധിപത്യത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിച്ച് രാഷ്ട്രീയവും, സാമ്പത്തികവും, സാമൂഹികവും, ആത്മീയവുമായ

നാല് തലങ്ങളിലും സ്വാതന്ത്ര്യം വികസിപ്പിച്ചെടുത്ത് പൂർണസ്വരാജ് കൈവരിക്കാനുള്ള പ്രവർത്തനങ്ങളുമായാണ് ഗാന്ധിജി മുന്നേറിയത്. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ സവിശേഷതകൾകൂടി കണക്കിലെടുത്ത് സ്വരാജിന്റെ നാല് തലങ്ങൾക്ക് പുറമെ സാംസ്കാരികം, ആശയപരം, വിദ്യാഭ്യാസപരം എന്നിങ്ങനെ മൂന്ന് മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സപ്തതല പ്രവർത്തനപദ്ധതി അഥവാ സമ്പൂർണ വിപ്ലവപദ്ധതികൾക്ക് രൂപകല്പന നൽകിക്കൊണ്ടാണ് ലോക്നായക് ജെ.പി. പ്രയാണം തുടർന്നത്.

സ്വാതന്ത്ര്യസമരകാലത്ത് ഭാരതത്തിന്റെ ശബ്ദമായിരുന്നു ഗാന്ധിജി. ലോകം ശ്രദ്ധിച്ചിരുന്നത് ഗാന്ധിജി എന്ത് പറയുന്നു എന്നതാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ദേശീയതലത്തിലും അന്തരാഷ്ട്രതലത്തിലും സമാധാന ദൗത്യങ്ങൾ ഏറ്റെടുത്തുകൊണ്ടും പൗരാവകാശത്തിനായുള്ള ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടും ലോകരാഷ്ട്രങ്ങൾ ശ്രദ്ധിക്കുന്ന ഇന്ത്യയുടെ ശബ്ദമാകാൻ ലോക്നായക് ജയപ്രകാശിന് സാധിച്ചു. ഗാന്ധിജിക്ക് ശേഷം അഹിംസയുടേയും സാഹോദര്യത്തിന്റേയും സാധാനത്തിന്റേയും മൂർത്തിമദ്ഭാവമായി മാറിയ ജെ.പി.യുടെ മുമ്പാകെ ചമ്പൽ താഴ്വരയിലെ കൊള്ളക്കാർപോലും ആയുധംവച്ച് കീഴടങ്ങി പുതിയ, നല്ല മനുഷ്യരായി മാറുന്നത് ലോകം കണ്ടു.

അന്താരാഷ്ട്ര സമാധാനദൗത്യത്തിന്റെ ഭാഗമായി 1956 ൽ ഹംഗറിയിലും 1959 ൽ ടിബറ്റിലും 1960 ൽ നാഗാലാന്റിലും തദ്ദേശീയരായ ജനങ്ങളുടെ പൗരാവകാശങ്ങൾ ബാഹ്യശക്തികളാൽ ധ്വംസിക്കപ്പെട്ടപ്പോൾ അതിനെതിരെ ശക്തമായ മുന്നറിയിപ്പ് നൽകി ലോകശ്രദ്ധയെ പ്രസ്തുത വിഷയത്തിലേയ്ക്ക് കേന്ദ്രീകരിപ്പിക്കാൻ ജെ.പി.ക്ക് സാധിച്ചു. 1971 ൽ ബംഗ്ലാദേശ് വിമോചനത്തിന്റെ അനിവാര്യതയെക്കുറിച്ച് ലോകത്തെ ബോധ്യപ്പെടുത്താൻ വിവിധ ലോകരാഷ്ട്രങ്ങൾ സന്ദർശിച്ചുകൊണ്ട് ആദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾക്ക് സാധിച്ചു. ഗാന്ധിജിയെപ്പോലെ ജെ.പിയും ഒരു അധികാരസ്ഥാനത്തും ഇരിക്കാതെ നീതിയുടേയും രാജ്യത്തിന്റേയും ശബ്ദമായി മാറുകയായിരുന്നു. 'ഒരുനാൾ ജയപ്രകാശ് നാരായൺ എന്റെ ഭാഷയിൽ സംസാരിക്കും' എന്ന് ഗാന്ധിജി ദശാബ്ദങ്ങൾക്ക് മുമ്പ് പറഞ്ഞത് ഇവിടെ യാഥാർത്ഥ്യമാകുകയായിരുന്നു.

രണ്ട് ദശാബ്ദങ്ങൾ പിന്നിട്ട സ്വതന്ത്രഭാരതത്തെ വിലയിരുത്തിക്കൊണ്ട് ജെ.പി. ഇപ്രകാരം പറഞ്ഞു: "സ്വാതന്ത്ര്യത്തിന്റെ ചാരമാണ് നാം ഇന്ന് അനുഭവിക്കുന്നത്. സർവോദയത്തിലേയ്ക്ക് ഉയർത്തിയില്ലെങ്കിൽ സോഷ്യലിസത്തിന്റെ ചാരമായിരിക്കും വരും തലമുറ രുചിക്കേണ്ടിവരുക." തീർച്ചയായും ലോക്നായക് ജയപ്രകാശ് നാരായണിന്റെ ഈ വാക്കുകൾ നമുക്കുള്ള മുന്നറിയിപ്പാണ്. നമ്മുടെ രാജ്യവും ലോകവും അഭിമുഖീകരിക്കുന്ന വർത്തമാനകാല പ്രതിസന്ധികളെ അതിജീവിക്കാൻ സർവോദയത്തിന്റെ മാർഗം പിൻതുടരണമെന്നാണ് ഗാന്ധിജിയും ജെ.പിയും നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

❐

കേരള പാഠ്യപദ്ധതി ചട്ടക്കൂട്

ഗാന്ധിയൻ – സർവോദയ പരിപ്രേക്ഷ്യം

ആമുഖം

കേരള പാഠ്യപദ്ധതി ചട്ടക്കൂടുകളെ സംബന്ധിച്ച് കേരളത്തിൽ വ്യാപകമായി ചർച്ച നടക്കുകയാണ്. 2020 ൽ രൂപംകൊടുത്ത ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിക്കൂടിയാണ് പാഠ്യപദ്ധതി ചട്ടക്കൂട് ചർച്ചയ്ക്ക് വിധേയമാകുന്നത്. ഇതിനുമുമ്പ് അവസാനമായി 2005 ൽ ആണ് ദേശീയതലത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകിയത് (NCF 2005). ഇതിനെത്തുടർന്ന് കേരളത്തിൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന് (KCF 2007) രൂപം കൊടുത്തു. ഇതനുസരിച്ച് പാഠപുസ്തകങ്ങളിലും രീതിശാസ്ത്രത്തിലും മാറ്റങ്ങളുണ്ടായി. പിന്നീട് 2013 ൽ പാഠപുസ്തക പരിഷ്കരണത്തിന്റെ ഭാഗമായി ഒരു നയസമീപനരേഖ തയ്യാറാക്കി. വിദ്യാഭ്യാസരംഗത്ത് സമഗ്രമായ മാറ്റങ്ങൾക്ക് വേണ്ടി ദേശീയതലത്തിലും സംസ്ഥാനതലത്തിലും സജീവമായ ചർച്ചകളും ശ്രമങ്ങളും നടക്കുന്ന ഈ വേളയിൽ ഗാന്ധിയൻ-സർവോദയ സമീപനത്തിൽ അധിഷ്ഠിതമായ ഏതാനും നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണ്.

പാശ്ചാത്തലം അനിവാര്യത

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ കേവലം ഒരു രാഷ്ട്രീയ സമരമായിട്ടല്ല ഗാന്ധിജി ദർശിച്ചത്. ഭാരതത്തിന് സ്വരാജ് അഥവാ സമഗ്ര സ്വാതന്ത്ര്യം നേടാൻ സാധിക്കണമെങ്കിൽ സാമ്പത്തികരംഗത്തും ധാർമ്മികരംഗത്തും ആത്മീയരംഗത്തും അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് സ്വാതന്ത്ര്യം സമഗ്രമാക്കാൻ സാധിക്കണമെന്നാണ് ഗാന്ധിജി ലക്ഷ്യമിട്ടത്. സ്വാതന്ത്ര്യസമര പരിപാടികൾ നടക്കുമ്പോൾത്തന്നെ ഗാന്ധിജി തന്റെ 18 ഇന നിർമ്മാണ പരിപാടികൾ (കൺസ്ട്രക്ടീവ് പ്രോഗ്രാം) നടപ്പാക്കാൻ പ്രത്യേകമായി ശ്രദ്ധിച്ചതും ഈ ഉൾക്കാഴ്ചകൊണ്ടാണ്.

ഖാദി, സ്വദേശി, അയിത്തോച്ചാടനം എന്നിങ്ങനെയുള്ള കർമ്മപരിപാടികളിൽ ഉൾപ്പെട്ടതായിരുന്നു ഗാന്ധിജിയുടെ വിദ്യാഭ്യാസ പദ്ധതിയും.

പാശ്ചാത്യ നാഗരികയുടെ അധിനിവേശത്തെ പ്രതിരോധിക്കാനും, പൗരസ്ത്യ-തദ്ദേശിയ നാഗരികതയെ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതി.

അന്നേവരെ ലോകത്ത് വിവിധ രാജ്യങ്ങളിലായി വിദ്യാഭ്യാസ ചിന്തകർ മുന്നോട്ടുവച്ചിരുന്ന ആശയങ്ങൾ ഗാന്ധിജി പരിഗണിച്ചിരുന്നു. സ്വദേശത്തുനിന്ന് പൈതൃക വിദ്യാഭ്യാസം, സ്വാമി വിവേകാനന്ദൻ, രവീന്ദ്രനാഥ ടാഗോർ എന്നിവരുടെ വിദ്യാഭ്യാസ ആശയങ്ങൾ, മറ്റുനാടുകളിൽ നിന്നുള്ള വിദ്യാഭ്യാസ ആശയങ്ങൾ - വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞരായ പെസ്റ്റലോസ്സി, ഫ്രോബൽ, റൂസ്സോ, മറിയ മോണ്ടിസോറി, ജോൺ ഡ്യൂയി എന്നിവരുടെ വിദ്യാഭ്യാസ ചിന്തകൾ എല്ലാം ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ പദ്ധതിയാണ് ഗാന്ധിജി വിഭാവനം ചെയ്തത്.

1937 ഒക്ടോബറിൽ വാർദ്ധയിൽ ചേർന്ന സമ്മേളനമാണ് പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയത്. ഡോ. സക്കീർ ഹുസൈൻ, ആചാര്യ വിനോബ ഭാവെ, ശ്രീമൻ നാരായൺ, മഹാദേവ് ദേശായ്, ജെ.സി. കുമരപ്പ തുടങ്ങിയ പ്രമുഖ ചിന്തകർ പങ്കെടുത്തിരുന്നു.

മനുഷ്യരിലെ ഉത്തമഗുണങ്ങളെ ഉയർത്തുന്നതും, സേവനമനോഭാവവും അദ്ധ്വാനസംസ്കാരവും വളർത്തുന്നതും, സ്വഭാവശുദ്ധിക്ക് പ്രാധാന്യം നൽകുന്നതുമായ വിദ്യാഭ്യാസം - അതായത് ശരീരത്തിനും മനസ്സിനും ആത്മാവിനും ഉന്നമനം ഉണ്ടാകുന്ന വിദ്യാഭ്യാസ പദ്ധതിയാണ് പ്രസ്തുത യോഗം നിർദ്ദേശിച്ചത്. അടിസ്ഥാന വിദ്യാഭ്യാസ പദ്ധതി, നവീന വിദ്യാഭ്യാസ പദ്ധതി എന്നീ പേരുകളിൽ ഇത് അറിയപ്പെട്ടു.

പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽക്കൂടി തന്നെയായിരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. അടിസ്ഥാന വിദ്യാഭ്യാസ പരിപാടിയെ ജൂനിയർ, സീനിയർ എന്നീ ഘട്ടങ്ങളായും നിർദ്ദേശിച്ചു. പ്രൈമറിഘട്ടം കഴിയുന്നതോടുകൂടി കുട്ടിയുടെ അഭിരുചിക്കനുസരിച്ച് മേഖലകൾ തിരഞ്ഞെടുക്കുവാനുള്ള അവസരം ഉണ്ടാകണം. തന്റെ അഭിരുചിക്കനുസരിച്ച് പ്രസ്തുത മേഖലയിൽ ഒരു തൊഴിൽ തിരഞ്ഞെടുക്കുവാനും പ്രസ്തുത തൊഴിലിലൂടെ അനുബന്ധ വിഷയങ്ങൾ പഠിക്കുവാനുമുള്ള അവസരം ഉണ്ടാകണം. ഉദാഹരണത്തിന്, ഒരാൾ കൃഷി തിരഞ്ഞെടുക്കുന്നുവെങ്കിൽ ചെടിയെക്കുറിച്ചുള്ള ജീവശാസ്ത്രവും വിത്ത് പാകാനുള്ള മണ്ണിനെക്കുറിച്ചും, സമയത്തെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും പഠിക്കുമ്പോൾ ഭൂമിശാസ്ത്രവും കാലാവസ്ഥാശാസ്ത്രവും പഠിക്കണം. ഇതിൽനിന്നുള്ള വിളവിന്റെ വില്പനയെക്കുറിച്ച് പഠിക്കുമ്പോൾ ധനതത്വശാസ്ത്രവും വാണിജ്യശാസ്ത്രവും സ്വാഭാവികമായി മനസ്സിലാക്കുന്നു. ഇത് താൻ തിരഞ്ഞെടുക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായതുകൊണ്ട് ഈ പഠനം അധികപ്പറ്റായി തോന്നുകയുമില്ല.

ഇതുപോലെ ഏത് മേഖലയിലും സാധിക്കും. ഇത്തരം പഠനം അനിവാര്യമായാണ് തോന്നുക. ഒരിക്കലും ഭാരമായി തോന്നുകയില്ല. പ്രവൃത്തിയിലൂടെ സജീവമായ പഠനം സാധ്യമാക്കുന്നു.

ഈ നവീന വിദ്യാഭ്യാസ പദ്ധതിയെ ദേശീയ വിദ്യാഭ്യാസ പദ്ധതിയായി അംഗീകരിക്കുകയും സ്വാതന്ത്ര്യത്തിന് തൊട്ടു മുമ്പും ശേഷവുമുള്ള അഞ്ച് വർഷക്കാലം ഈ സമൂഹബന്ധ വിദ്യാഭ്യാസ പരിപാടിക്ക് വ്യാപകമായ പ്രചാരം ലഭിക്കുകയും ചെയ്തു.

എന്നാൽ ഈ നവീനപദ്ധതിയെ കേവലം തൊഴിൽപരിശീലനമായി മാത്രം കുറച്ച് കാണുകയും അവഗണിക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണ് പിന്നീട് കണ്ടത്. പാശ്ചാത്യ വിദ്യാഭ്യാസ പ്രക്രിയയോടുള്ള അന്ധമായ അനുകരണമാണ് ഈ തിരിച്ചുപോക്കിന് കാരണമായത്.

അദ്ധ്യാപകൻ വിദ്യാർത്ഥിക്ക് അറിവ് പകർന്നുനൽകുന്നു എന്നാണ് പല പാശ്ചാത്യ ചിന്തകരും വ്യാഖ്യാനിച്ചിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഇത്തരം ഒരു കാഴ്ചപ്പാട് വ്യാപകമായിരുന്നു. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ വ്യാഖ്യാനമാണ് ഗാന്ധിജി നൽകിയത്. 'അറിവ് പകർന്നു നൽകലല്ല വിദ്യാഭ്യാസം' എന്ന് ഗാന്ധിജി വ്യക്തമാക്കി.

ഓരോരുത്തരിലും സ്വതവേതന്നെ നിലകൊള്ളുന്ന ഗുണവിശേഷങ്ങളെ അഥവാ ജ്ഞാനത്തെ ആവിഷ്കരിക്കാൻ അഥവാ വെളിപ്പെടുത്താൻ ഉത്തേജനം നൽകുകയും സാഹചര്യം ഒരുക്കുകയും ആണ് അദ്ധ്യാപകൻ ചെയ്യുന്നതെന്നാണ് ഗാന്ധിജിയുടെ പക്ഷം. വിവിധതരം ബുദ്ധികളും നൈപുണികളും മേൽപറഞ്ഞ ഗുണങ്ങളുടെ പ്രകടിത രൂപങ്ങളാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതി ആയപ്പോൾ പാശ്ചാത്യചിന്തകരും സമൂഹബന്ധ-സൃഷ്ട്യുന്മുഖ നിർമ്മാണ വിദ്യാഭ്യാസ പ്രക്രിയയെ അംഗീകരിക്കാൻ ആരംഭിച്ചു.

സ്വിറ്റ്സർലാന്റിലെ സസ്യശാസ്ത്രജ്ഞനും വിദ്യാഭ്യാസ പ്രവർത്തകനുമായ ജീൻപിയാഷെയുടെ വൈജ്ഞാനിക നിർമ്മിതിവാദവും, ജെറോം എസ്. ബ്രൂണറുടേയും, റോബർട്ട് ഗാഗ്നെയുടേയും വ്യാഖ്യാനവും 1990-കളിൽ ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ യുനസ്കോ അംഗീകരിച്ച പഠനത്തിന്റെ നാല് തൂണുകൾ എന്ന വ്യാഖ്യാനവും ഗാന്ധിജി നിർദ്ദേശിച്ച അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയുടെ സമഗ്രതയിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

വിദ്യാഭ്യാസം വൈവിധ്യവത്കരിക്കുമ്പോൾ തങ്ങൾക്ക് അനുയോജ്യമായ ഏത് തൊഴിലും അനുബന്ധ പഠനവും തിരഞ്ഞെടുക്കാൻ വിദ്യാർത്ഥിക്ക് അവസരമുണ്ടാകണം. പഠനകാലത്തുതന്നെ തൊഴിലിൽ നിന്ന് വരുമാനവും ഉണ്ടാകും. ഇത് വിദ്യാഭ്യാസ ചെലവുകൾക്കായി നൽകാം. താൻ അദ്ധ്വാനിച്ച പണംകൊണ്ടാണ് പഠിക്കുന്നത് എന്ന അഭിമാനബോധവും കൂടുതൽ ഉത്തരവാദിത്തബോധവും കുട്ടിയിൽ വളർത്താൻ ഇത് സഹായിക്കും

സമീപനം

വിജ്ഞാനത്തേയും വിവേകത്തേയും നൈപുണിയേയും വികസിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ പ്രക്രിയയെ പ്രയോഗത്തിൽ കൊണ്ടുവരാൻ നാം ഇനിയെങ്കിലും തയ്യാറാകണം. ഗാന്ധിജി നിർദ്ദേശിച്ചതുപോലെ വ്യക്തിയുടെ സമ

ഗ്രമായ വികാസം സാധ്യമാകുന്ന വിദ്യാഭ്യാസം, സ്വാമി വിവേകാനന്ദൻ നിർദ്ദേശിച്ച മനുഷ്യനെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം നാം ഉറപ്പുവരുത്തണം.

'ഏറ്റവും ഉയർന്ന തരത്തിലുള്ള വിദ്യാഭ്യാസംപോലും നൽകുന്നത് മാതൃഭാഷയിലൂടെയായിരിക്കണം' എന്ന ഗാന്ധിവചനം മാർഗദർശകമാകട്ടെ. മൂല്യങ്ങളെ വളർത്താനും സാംസ്കാരിക നവോത്ഥാനത്തിനും ഇത്തരം വിദ്യാഭ്യാസം കരുത്തുനല്കും.

ബിരുദം നേടി പുറത്തിറങ്ങുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ കട ബാധ്യത പേറുന്ന യുവത്വം പെട്ടെന്ന് പണം സമ്പാദിക്കാനുള്ള വ്യഗ്രതയിലേയ്ക്ക് വഴി മാറുമ്പോൾ മാനവികതയും സാമൂഹ്യബോധവുമൊക്കെ വിസ്മരിക്കപ്പെടുക സ്വാഭാവികമാണ്.

പഠനകാലത്ത് വിദ്യാർത്ഥി ചെയ്യുന്ന സേവന-തൊഴിൽ പ്രവർത്തനങ്ങളിലൂടെ പഠനച്ചെലവ് കണ്ടെത്താനുള്ള അവസരം സൃഷ്ടിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസപദ്ധതി പുനഃസൃഷ്ടിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ തന്റെ തൊഴിൽ രാഷ്ട്രസേവനത്തിനുള്ള ഒരു അവസരമായി യുവാക്കൾക്ക് ബോധ്യപ്പെടുകയുള്ളൂ. തൊഴിലിനെ സാമൂഹ്യ സമർപ്പണമായി കാണാൻ സാധിക്കുന്ന ആദർശാത്മക മനസ്സുള്ളവർക്കാണ് ഉല്പാദനപരമായ തൊഴിലിനെ സ്വീകരിക്കാനും ഉല്പാദനപരമല്ലാത്ത തൊഴിലുകളെ നിരാകരിക്കാനും സാധിക്കുക. പലിശ, ദല്ലാൾപണി, ചൂതാട്ടം, ലോട്ടറി, കളവ്, അനാശാസ്യങ്ങൾ എന്നിവയാണ് നിരാകരിക്കേണ്ടത്. ഉല്പാദകപരമല്ലാത്ത തൊഴിലുകളായി ഗാന്ധിജി ചൂണ്ടിക്കാണിച്ച ഇത്തരം തൊഴിലുകൾ അധഃപതനത്തിലേക്കാണ് നയിക്കുക.

ബഹുരാഷ്ട്ര കുത്തകക്കമ്പനികളും മറ്റ് വിഭാഗക്കാരും ഏറ്റവും കൂടുതൽ കച്ചവടവത്കരണം നടത്തുന്ന മേഖലയാണ് വിദ്യാഭ്യാസം.

വൻതോതിൽ ഫീസും തലവരി പണവും ഇത്തരക്കാർ ഈടാക്കുന്നു. ലക്ഷക്കണക്കിന് രൂപ കടഭാരവുമായാണ് വിദ്യാർത്ഥികൾ പുറത്തുവരുന്നത്. പേര് സ്വാശ്രയ വിദ്യാഭ്യാസം. ഒരു ആശ്രയവുമില്ലാത്തവരായി ചെറുപ്പക്കാരേയും അവരുടെ കുടുംബത്തേയും മാറ്റുന്നു.

ഐ.ടി.സ്ഥാപനങ്ങളിലും, മണ്ണിൽ അദ്ധ്വാനിക്കുന്നത് ഒഴികെയുള്ള കായികാദ്ധ്വാനം കുറവുള്ള എല്ലാ ജോലികളിലും ഏറ്റവും കുറഞ്ഞ ശമ്പളത്തിന് താത്കാലിക ജീവനക്കാരായി യാതൊരുവിധ ആനുകൂല്യങ്ങളുമില്ലാത്ത മേൽപറഞ്ഞ നിരാശ്രയരായ ചെറുപ്പക്കാരെ നിയമിക്കുന്നു. കമ്പനികൾ വൻ ലാഭമുണ്ടാക്കുന്നു.

- സമൂഹത്തിന് ഗുണം ചെയ്യുന്ന ഏതൊരു തൊഴിലും അഭിമാനകരമാണെന്ന് ചിന്തിക്കുന്ന യുവാക്കളെ സൃഷ്ടിക്കുന്നതാവണം വിദ്യാഭ്യാസം.
- ഏതെങ്കിലും ഒരു തൊഴിലിലൂടെ വിദ്യാഭ്യാസം, വിദ്യാർത്ഥിയിൽ അഭിമാനബോധം ഉണ്ടാക്കാനും ആത്മവിശ്വാസമുണ്ടാക്കാനും സാധിക്കുന്നു.
- സെക്കന്ററിതലം മുതൽ ഉന്നത വിദ്യാഭ്യാസക്കാലം മുഴുവൻ ഏതെങ്കിലും ഒരു ഉത്പാദനത്തിലൂടെയോ സേവനം നൽകുന്നതിലൂടെയോ വരുമാനം ഉണ്ടാക്കാൻ സാധിക്കണം.

- സെക്കന്ററിതലം തൊട്ട് തനിക്ക് താത്പര്യമുള്ള തൊഴിൽമേഖല തിരഞ്ഞെടുത്ത് ഉപജീവനവുമായി മുന്നോട്ട് പോകാൻ സാധിക്കണം.
- അദ്ധ്വാനിച്ചുണ്ടാക്കുന്ന പണംകൊണ്ട് ഉപരിപഠനം സാധ്യമാകണം.
- പരീക്ഷാസമ്പ്രദായങ്ങളിലും മാറ്റം വരണം.
- വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, മാനേജ്മെന്റ്, പ്രാദേശിക ഗവൺമെന്റ് എന്നിവർ ഉൾപ്പെട്ട ഒരു ട്രസ്റ്റിനായിരിക്കണം സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പ് ചുമതല.
- സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള അത്യാവശ്യ പണം മാത്രം ലക്ഷ്യമാക്കണം. അമിതലാഭം സ്വരൂപിക്കരുത്.
- വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകളെ ആവിഷ്കരിക്കാനുള്ള അവസരവും വിദ്യാഭ്യാസകാലത്ത് ഉണ്ടാകണം.
- ഓർമ്മശക്തിയെ മാത്രം പരീക്ഷിക്കാൻ പര്യാപ്തമായ ഇന്നത്തെ പരീക്ഷാസമ്പ്രദായം പൂർണമായും മാറണം.
- തുടർച്ചയായ അവലോകന സംവിധാനം ഏർപ്പെടുത്തണം.
- വിദ്യാഭ്യാസവും ബിരുദവും സർവീസും (തൊഴിലും) ആയുള്ള ഇന്നത്തെ ബന്ധം അവസാനിപ്പിക്കണം.
- സർവകലാശാല ബിരുദം സർവീസിൽ പ്രവേശിക്കാനുള്ള പാസ് പോർട്ടോ മിനിമം യോഗ്യതയോ ആയിരിക്കാൻ പാടില്ല. അതിനുപകരം ബിരുദ സർട്ടിഫിക്കറ്റിൽ വ്യക്തിയുടെ മികവിനെ സംബന്ധിച്ച് വിശദീകരണം മാത്രം നൽകുക (ജയം/തോൽവി എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതില്ല)
- ഗവൺമെൻറ് സ്ഥാപനങ്ങൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ജോലിക്കാരെ തിരഞ്ഞെടുക്കാൻ സ്വന്തമായ മാർഗങ്ങൾ ആവിഷ്കരിക്കണം.

ഫോക്കസ് മേഖലകൾ

1. വിദ്യാഭ്യാസത്തിന്റെ ദർശനം

- ഓരോ വ്യക്തിയിലുമുള്ള പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം.
- ശാരീരികവും മാനസികവും ആത്മീയവുമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് സാധ്യമാകേണ്ടത്.
- സാമൂഹിക അവബോധവും സദ്സ്വഭാവ രൂപീകരണവും സാദ്ധ്യമാകുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.
- പ്രവൃത്തിയിലൂടേയും തൊഴിലിലൂടേയും പഠനം.
- പ്രീപ്രൈമറി തലം, പ്രാഥമിക തലം, സെക്കന്ററി തലം, ഉന്നതവിദ്യാഭ്യാസ തലം എന്നീ ഘട്ടങ്ങളിലെല്ലാം അതത് നിലവാരത്തിന് അനുസൃതമായ പ്രവർത്തനങ്ങളാണ് നൽകേണ്ടത്.

- ഒരു തൊഴിലുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പ്രവൃത്തിയിലൂടെ ചെയ്യാൻ ശ്രമിക്കുമ്പോൾ വിവിധങ്ങളായ മേഖലകളെക്കുറിച്ച് അറിവ് ലഭിക്കുന്നു. സ്വാഭാവികമായും ഒരു ഉദ്ഗ്രഥിത സമീപനം സാധ്യമാകുന്നു.
- മാതൃഭാഷയിലൂടെയായിരിക്കണം പഠനം; പ്രീപ്രൈമറി, പ്രൈമറി തലങ്ങളിൽ പ്രത്യേകിച്ചും.
- വിദ്യാഭ്യാസം തൊഴിലിനു വേണ്ടിയുള്ളതാണ് എന്ന രീതി മാറണം. സമഗ്ര വികാസത്തിനും സമർപ്പിത സേവനത്തിനുമുള്ളതാണ് എന്ന ചിന്താഗതി വളരണം.
- ദേശീയബോധം, ജനാധിപത്യ ജീവിതശൈലി, സ്വാശ്രയത്വം, തനത് സംസ്കാര പോഷണം എന്നിവ സാധ്യമാക്കണം.
- സമസ്ത ജീവജാലങ്ങളുടേയും നന്മ അഥവാ പുരോഗതി ലക്ഷ്യമിടുന്ന സർവോദയ മനസ്സ് രൂപപ്പെടാൻ സാധിക്കുന്നതായിരിക്കണം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

2. ശൈശവകാല പരിചരണം

- മൂന്ന് വയസ്സിന് മുമ്പുള്ള വിദ്യാർത്ഥിയെ സ്വാധീനിക്കുന്നത് ഗൃഹാന്തരീക്ഷമാണ്. ആരോഗ്യപൂർണവും സംസ്കാരസമ്പന്നവും സംതൃപ്തവുമായ ഒരു കുടുംബാന്തരീക്ഷം നിലനിർത്താൻ മുതിർന്ന കുടുംബാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.
- മൂന്ന് വയസ്സിന് ശേഷമുള്ള മൂന്ന് വർഷം പ്രീ സ്കൂളിലായിരിക്കും. പ്രസന്നപൂർണമായ അന്തരീക്ഷമായിരിക്കണം പ്രീസ്കൂളിന്റേത്. കഥ, പാട്ട്, കളികൾ, പ്രകൃതിനിരീക്ഷണം എന്നിവയിലൂടെ മുന്നേറണം. എഴുത്തും വായനയും ആവശ്യമില്ല. മാതൃഭാഷയിലൂടെയായിരിക്കണം വിനിമയം.

3. പാഠ്യപദ്ധതിയും ബോധനശാസ്ത്രവും

- ആധുനിക കാലഘട്ടത്തിലെ പ്രതിസന്ധികളെ അതിജീവിക്കുന്നതിനുതകുന്ന ശാസ്ത്രീയവും മൂല്യാധിഷ്ഠിതവുമായ പ്രവർത്തന വ്യതിയാനങ്ങളും വികാസ ലക്ഷ്യങ്ങളും സാധ്യമാകുന്ന പഠനപ്രവർത്തനങ്ങളുടെ ആകെ തുകയാണ് പാഠ്യപദ്ധതി.
- സിലബസ്സിന്റെ ഉള്ളടക്കം വർദ്ധിപ്പിക്കുകയല്ല വേണ്ടത്.
- വിദ്യാർത്ഥിക്കുമുമ്പിൽ വിശാലമായ സാധ്യതകൾ തുറക്കുന്നതും മാർഗനിർദ്ദേശം നൽകുന്നതുമായ മിതമായ സിലബസ്സാണ് അഭികാമ്യം.
- എന്ത് അറിയുന്നില്ല എന്ന് പരിശോധിക്കുന്നതിനു പകരം എന്ത് അറിയാം എന്നും എന്ത് സ്വാംശീകരിച്ചു എന്നും പ്രകടമാക്കാൻ സാധിക്കുന്നതും തുടർ പ്രോത്സാഹനത്തിന് ഉതകുന്നതുമായിരിക്കണം മൂല്യനിർണയം.
- വിദ്യാർത്ഥിയിലുള്ള അറിവുകളെ പ്രചോദിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നതിന് ഉപകാരപ്രദമാകണം സിലബസ്സും മൂല്യനിർണയവും.

4. സാമൂഹ്യശാസ്ത്രം വിദ്യാഭ്യാസം

- സർവ ജീവജാലങ്ങളുടേയും സുസ്ഥിരതയും, ക്ഷേമവും, പുരോഗതിയും ലക്ഷ്യമിടുന്ന ഒരു സാമൂഹീകരണ അവബോധം ശക്തമാക്കുന്നതായിരിക്കണം സാമൂഹ്യശാസ്ത്ര വിദ്യാഭ്യാസം.
- വ്യക്തിതലത്തിൽ സ്നേഹവാത്സല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതും കുടുംബതലത്തിൽ കർത്തവ്യനിർവഹണവും ധർമ്മ സംസ്ഥാപനവും സമൂഹതലത്തിൽ അതിജീവനവും സാധ്യമാക്കാൻ സാമൂഹ്യശാസ്ത്ര പഠനത്തിന് സാധിക്കണം.
- കാലാവസ്ഥ വ്യതിയാനം, ആഗോളതാപനം, ദാരിദ്ര്യം, വിവിധതലത്തിലുള്ള ആധിപത്യശ്രമങ്ങൾ ഇവയെ തരണംചെയ്യാനുള്ള ത്രാണി വളർത്തണം.
- ട്രസ്റ്റിഷിപ്പ് മനോഭാവം വളർത്തുന്നതായിരിക്കണം സാമൂഹ്യശാസ്ത്ര പഠനം.
- സിലബസ്സും ബോധനരീതിയും സാമൂഹികാഭിമുഖ്യവും സ്പർശവുമുള്ളതായിരിക്കണം.

5. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

- അദ്ധ്വാന സംസ്കാരത്തോട് ആഭിമുഖ്യം വളർത്തുന്നതും നൈപുണി വികാസം സാധ്യമാകുന്നതും രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ സ്വയം സമർപ്പിക്കുന്നതിനും ഉപജീവനത്തിന് ഉതകുന്നതുമായ പ്രവൃത്തിയിലൂടെ(തൊഴിലിലൂടെ)യുള്ള വിദ്യാഭ്യാസമാണ് ആവശ്യം.
- ശൈശവത്തിൽ കളിപ്പാട്ടങ്ങളെ കണ്ടും കൈകാര്യം ചെയ്തും, പ്രൈമറിതലത്തിൽ സാമൂഹ്യ ഉപയോഗമുള്ള വസ്തുക്കൾ നിർമ്മിച്ചും, സെക്കന്ററിതലത്തിൽ അഭിരുചി അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുമാണ് തൊഴിലിലൂടെയുള്ള പഠനം സാധ്യമാക്കേണ്ടത്.
- സെക്കന്ററി തലം മുതൽ ഇത് അനുബന്ധ പ്രവർത്തനമാകരുത്. അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന പ്രവർത്തനം (തൊഴിൽ) മുഖ്യമായി മുന്നോട്ടുപോകണം.
- തിരഞ്ഞെടുക്കപ്പെടുന്ന പ്രവർത്തന(തൊഴിൽ)ത്തിന് ആവശ്യമായ ഭൗതിക-വൈജ്ഞാനിക സാഹചര്യങ്ങൾ, അസംസ്കൃത വസ്തുക്കൾ, വിപണനം, സാമൂഹ്യബന്ധം എന്നിവയിലൂടെയെല്ലാം വിദ്യാർത്ഥി സ്വാഭാവികമായും കടന്നുപോകുന്നു. അതുവഴി ശാസ്ത്രവും, ഗണിതവും, വാണിജ്യവും, കൈകാര്യമികവും, നേതൃപാടവവും വിദ്യാർത്ഥി ആർജിക്കുന്നതാണ് ഉദ്ഗ്രഥിത പഠനം.
- ഹയർസെക്കന്ററി തലത്തിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും വിദ്യാഭ്യാസച്ചെലവിന് ആവശ്യമായ പണം ഇത്തരം മേഖലയിൽ നിന്ന് ലഭ്യമാകുന്ന വിധം പ്രസ്തുത മേഖല പുനഃക്രമീകരിക്കണം.
- പ്രത്യേക പരിഗണനയർഹിക്കുന്നവർക്ക് ലഘൂകരണവും വ്യതിയാനങ്ങളും ആവശ്യമായി വരും.

6. ശാസ്ത്രവിദ്യാഭ്യാസം

- പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ നിഗമനത്തിലെത്താൻ സഹായിക്കുന്ന ഭൗതിക-വൈജ്ഞാനിക സൗകര്യങ്ങളും പരിസരവും ലഭ്യമാക്കിക്കൊണ്ട് വേണം ശാസ്ത്രവിദ്യാഭ്യാസത്തെ സജീവമാക്കാൻ.
- ശാസ്ത്രാവബോധം ആധിപത്യത്തേയും ചൂഷണത്തേയും വളർത്താനല്ല. മാനവികതയേയും സാമൂഹ്യനന്മയേയും വളർത്താൻ സഹായിക്കുന്നതാകണം.
- യുക്തിചിന്ത, വിമർശനാത്മകത, അവലോകനം, വിശകലനം എന്നിവയ്ക്ക് ശാസ്ത്രവിദ്യാഭ്യാസം ശക്തിപകരണം.
- ശാസ്ത്രപഠനത്തിനായി പ്രൊജക്ട്, ഇന്റേൺഷിപ്പ്, പഠനയാത്ര എന്നിവ ഫലപ്രദമായി ഉപയോഗിക്കണം.
- നവീന ആശയങ്ങളും കണ്ടെത്തലുകളും തത്സമയം വിദ്യാർത്ഥികളെ അറിയിക്കാനുള്ള വേദികൾ ഉണ്ടാകണം.

7. കലാവിദ്യാഭ്യാസം

- വിദ്യാർത്ഥിയുടെ സമഗ്രവികാസത്തിനും ബഹുവിധബുദ്ധിയെ പ്രചോദിപ്പിക്കാനും പ്രകടിപ്പിക്കാനും കലാവിദ്യാഭ്യാസം സഹായിക്കുന്നു.
- വ്യക്തിമനസ്സിന്റെ നന്മയേയും വിശുദ്ധിയേയും സൗന്ദര്യത്തേയും വർദ്ധിപ്പിക്കാൻ കലാവിദ്യാഭ്യാസത്തിന് സാധിക്കുന്നു.
- പഠനരംഗത്തും സമൂഹത്തിലും സന്തോഷവും സന്തുഷ്ടിയും നിലനിർത്താൻ കലാപഠനം അനിവാര്യമാണ്.
- മത്സരാധിഷ്ഠിതമാകാതെ സഹകരണാധിഷ്ഠിതമായ കലാപോഷണമാണ് സ്കൂൾ അന്തരീക്ഷത്തിൽ ആവശ്യം.

8. ഗണിത വിദ്യാഭ്യാസവും ഗണിത ചിന്തയും

- ഗണിത പ്രശ്നങ്ങളുടെ പരിഹാരം ജീവിതപ്രശ്നങ്ങളുടെ പരിഹാരത്തിന് സഹായിക്കും.
- ഗണിതം ലളിതമാക്കിയും പ്രവർത്തനാധിഷ്ഠതമാക്കിയും മധുരമുള്ളതാക്കാൻ സഹായിക്കുന്ന ഗണിത ലാബുകൾ സജ്ജമാക്കണം.
- നിത്യജീവിതത്തിലെ അവസരങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുക വഴി ഗണിതഭയം ഇല്ലാതാക്കാം.
- അടിസ്ഥാന ഗണിതം എല്ലാവർക്കും, മറ്റ് ഗണിതങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന തൊഴിൽ (പ്രവർത്തന) മേഖലയ്ക്കനുസരിച്ച് നൽകാം.

9. ഭാഷാവിദ്യാഭ്യാസം

- അറിവിന്റെ പ്രകാശത്തിനും വ്യക്തിവികാസത്തിനും ഭാഷ അനിവാര്യമാണ്.
- മാതൃഭാഷയിലൂടെ പഠനം എന്നത് അടിസ്ഥാനതത്വമാകണം.
- എത്ര ഉന്നതവിദ്യാഭ്യാസവും മാതൃഭാഷയിലൂടെ സാധ്യമാക്കണം.

- രാഷ്ട്രഭാഷയായ ഹിന്ദിയും ലോകഭാഷയായ ഇംഗ്ലീഷും നന്നായി കൈകാര്യം ചെയ്യാനുള്ള പ്രത്യേക ശില്പശാലകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കണം.

10. പരിസ്ഥിതി വിദ്യാഭ്യാസം

- മനുഷ്യനുൾപ്പടെ സർവ ജീവജാലങ്ങളുടേയും ഉദയം -സർവോദയം- ലക്ഷ്യമിടുന്ന ഒരു തലമുറയെ സൃഷ്ടിക്കുന്ന പരിസ്ഥിതി വിദ്യാഭ്യാസം വേണം.
- മനുഷ്യൻ പ്രകൃതിയുടെ അധിപൻ അല്ലെന്നും താത്കാലിക നോട്ടക്കാരൻ മാത്രമാണെന്ന അവബോധം വളർത്തണം.
- ആർത്തി ഉപേക്ഷിച്ച് സഹകരണാത്മക ജീവിതത്തിന് പരിസ്ഥിതി പഠനം സഹായിക്കുന്നു.
- ഇന്റേൺഷിപ്പ്, സഹവാസക്യാമ്പ്, പ്രൊജക്ട്, പ്രകൃതി നിരീക്ഷണം എന്നിവ പരിസ്ഥിതി പഠനത്തിന് കരുത്ത് നൽകും.

11. ആരോഗ്യ-കായിക വിദ്യാഭ്യാസം

- ശാരീരികം, മാനസികം, സാമൂഹികം, വൈകാരികം, വൈജ്ഞാനികം എന്നീ മേഖലകളിലെല്ലാമുള്ള സുസ്ഥിതിയാണ് ആരോഗ്യം.
- ഇത്തരം മേഖലയുടെ സുസ്ഥിതി വിദ്യാർത്ഥിയുടെ സമഗ്രവികാസത്തിന് ഇടയാക്കുന്നു.
- ശുചിത്വബോധം, ആരോഗ്യശീലങ്ങൾ, ഭക്ഷണക്രമം, സഹകരണാത്മക ജീവിതം, കളികൾ, യോഗ, ലഘുവ്യായാമങ്ങൾ, കൗൺസിലിങ് എന്നിവയിലൂടെയെല്ലാം വിദ്യാർത്ഥിക്ക് അറിവും അനുഭവവും ഉണ്ടാകുമ്പോഴാണ് ആരോഗ്യ-കായിക വിദ്യാഭ്യാസം ഫലപ്രദമാകുന്നത്.
- മാനസിക പിരിമുറുക്കങ്ങൾ അകറ്റി, പ്രസന്നഭാവം നിലനിർത്തി സന്തുഷ്ട വിദ്യാർത്ഥിജീവിതം സാധ്യമാക്കാൻ കല-ആരോഗ്യ-കായിക വിദ്യാഭ്യാസം അത്യാവശ്യമാണ്. ഇതിനുള്ള അദ്ധ്യാപകരേയും വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തണം.

12. വിലയിരുത്തൽ സംവിധാനത്തിലെ പരിഷ്കരണവും കുട്ടിയുടെ സമഗ്ര പുരോഗതി രേഖയും

- പഠനാനുഭവങ്ങളിലൂടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ശേഷികളും എത്ര മാത്രം കൈവരിച്ചു എന്നാണ് വിലയിരുത്തുന്നത്.
- പഠനോല്പന്നങ്ങൾ മാത്രമല്ല, വിദ്യാർത്ഥിയുടെ മൂല്യാവബോധവും സാംസ്കാരിക വികാസവും വിലയിരുത്തപ്പെടണം.
- വർഷാന്ത്യ പരീക്ഷകളെ മാത്രം ആശ്രയിക്കാതെ നിരന്തരമായ മൂല്യനിർണയവും അവലോകനവും വിലയിരുത്തലും ഉണ്ടാകണം.
- ഓർമ്മശക്തിയെ മാത്രമല്ല വിലയിരുത്തേണ്ടത്. മൂല്യങ്ങൾ, നൈപുണി, അവതരണ പാടവം, പ്രശ്നപരിഹാരശേഷി എന്നിവയെല്ലാം വിലയിരുത്തപ്പെടണം.

- വ്യക്തിപരമായും സംഘമായും ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് സമഗ്ര പുരോഗതിരേഖ തയ്യാറാക്കുന്നത്.

13. ഇന്ത്യയെക്കുറിച്ചുള്ള അറിവ്

- ആത്മീയതയാണ് ഇന്ത്യയുടെ കരുത്ത്. ഈ അടിസ്ഥാനഭാവം ഭാരതീയനിൽ ഉള്ളതുകൊണ്ടാണ് എല്ലാറ്റിനേയും ഉൾക്കൊള്ളാനുള്ള കരുത്ത് നമുക്കുണ്ടാകുന്നത്. നന്മയെ സ്വീകരിക്കുന്നു, തിന്മയെ അകറ്റുന്നു.
- പ്രകൃതിയെ മാനിച്ചുകൊണ്ടുള്ള ജീവിതശൈലി, അടിസ്ഥാനതല ജനാധിപത്യം, സനാതനമൂല്യങ്ങളോടുള്ള ആഭിമുഖ്യം എന്നിവയെല്ലാം ഭാരതത്തെ വ്യത്യസ്തമാക്കുന്നു.
- ഈ കരുത്തും സന്മനോഭാവവും ഉൾക്കൊള്ളാൻ ചരിത്രപഠനം സഹായിക്കും.

14. മൂല്യവിദ്യാഭ്യാസം

- മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളേയും ചലനാത്മകമാക്കുന്നത് അവയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന ശക്തി (ഊർജം) ആണ്. ഇത് എല്ലാ ജീവജാലങ്ങളിലുമുള്ള പൊതുഘടകമാണ്. ഇത്തരം ഒരു പൊതുഘടകം എല്ലാവരിലും കുടികൊള്ളുന്നതുകൊണ്ട് നാമെല്ലാം ഏകോദര സഹോദരങ്ങളാണ്. ഐക്യപ്പെടേണ്ടവരാണ്. മനുഷ്യൻ മാത്രമല്ല, പ്രകൃതിയും. ഇതാണ് നമ്മളിൽ വളർന്നുവരേണ്ട ഏകാത്മമൂല്യബോധം, സർവോദയ മനോഭാവം.
- ഈ ഐക്യബോധമാണ് നമ്മളിൽ സ്നേഹം, വാത്സല്യം, കരുണ, ആർദ്രത, മുതിർന്നവരോടുള്ള ബഹുമാനം, പാരിസ്ഥിതിക അവബോധം, ജനാധിപത്യശൈലി, സ്വാതന്ത്ര്യം തുടങ്ങിയ മൂല്യങ്ങൾ വളരുന്നതിന് സഹായിക്കുന്നത്.
- നമ്മളെ ചലനാത്മകമാക്കുന്ന ശക്തിയെ (ഊർജത്തെ) ക്ഷയിപ്പിക്കുന്നതാണ് മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയവ എന്ന് ബോധ്യമുള്ളതുകൊണ്ട് അവയെ അകറ്റിനിർത്തണമെന്ന അടിസ്ഥാനബോധ്യം വിദ്യാർത്ഥികൾക്ക് നൽകുന്ന അവസരങ്ങൾ ഉറപ്പുവരുത്തണം.

15. ഉൾച്ചേരുന്ന വിദ്യാഭ്യാസം

- വിദ്യാഭ്യാസം എല്ലാവരുടേയും അവകാശമാണ് എല്ലാവരും നമ്മുടെ സഹോദരങ്ങൾ, മക്കൾ തന്നെ എന്ന സഹഭാവം വളരണം.
- സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളാൽ കാലാകാലങ്ങളായി പാർശ്വവത്കരിക്കപ്പെട്ടവർക്കും വിദ്യാലയങ്ങളിൽ അവസരവും പരിഗണനയും നൽകി മുഖ്യധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം.

- വിദ്യാലയങ്ങൾ പൂർണമായി ഭിന്നശേഷി സൗഹൃദമാകണം.
- ഇതിനായി പ്രത്യേകം പരിശീലനങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കണം.

16. ലിംഗനീതിയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം

- ഒരേശക്തിയാണ് നമ്മെ ചലനാത്മകമാക്കുന്നത് എന്ന ബോധ്യമുണ്ടാകുമ്പോൾ ഏകോദരസഹോദരങ്ങൾ നാം ഒന്നാണ് എന്ന ഐക്യബോധം ഉണ്ടാകുന്നു. നാം ഒന്നാണ് എന്ന ഐക്യബോധം ലിംഗബോധത്തെ മറികടക്കുന്നു. സമത്വപൂർണമായ വിദ്യാലയാന്തരീക്ഷം ഉണ്ടാകുന്നു.
- മനസ്സിലാണ് ഈ ഐക്യബോധവും സമത്വബോധവും ഉണ്ടാകേണ്ടത്; വേഷവിധാനത്തിലല്ല.

17. സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

- പഠനം, അദ്ധ്യാപനം എന്നിവയുടെ ആസൂത്രണം, പ്രവർത്തനം, മൂല്യനിർണയം രേഖപ്പെടുത്തൽ എന്നീ ഇടങ്ങളിലെല്ലാം സാങ്കേതികവിദ്യ നമുക്ക് സഹായകമായി വർത്തിക്കുന്നു.
- പാഠങ്ങളെ കാര്യക്ഷമമായി മനസ്സിലാക്കാനും അനുബന്ധ വിശാല മേഖലകളെ പരിചയപ്പെടാനും സാങ്കേതിക വിദ്യയെ ഫലപ്രദമായി വിനിയോഗിക്കണം.
- സാങ്കേതികവിദ്യ എത്രതന്നെ വികസിച്ചാലും അദ്ധ്യാപകരുടെ ഇടവും സാന്നിദ്ധ്യവും അനിവാര്യമാണ്.
- വിവരശകലങ്ങളെ വിജ്ഞാനതലത്തിലേയ്ക്കും വിവേകത്തിലേയ്ക്കും വികസിപ്പിക്കാനുള്ള പ്രചോദനോർജം പ്രദാനംചെയ്യുന്നത് അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ നടക്കുന്ന മാനസിക സംവേദനത്തിലൂടെയാണ്.

18. അദ്ധ്യാപകവിദ്യാഭ്യാസം

- അദ്ധ്യാപകൻ സൃഷ്ടിക്കുന്ന പഠനാന്തരീക്ഷത്തിനും ഉപരിയായി നിരവധി സാങ്കേതിക സംവിധാനങ്ങൾ വിദ്യാർത്ഥിയിൽ വൈവിധ്യമാർന്ന വിവരങ്ങൾ എത്തിക്കുന്നു.
- വിവരപ്രവാഹത്തിന്റെ കുത്തൊഴുക്കിൽ നിസ്സഹായനാകാതെ, സ്വന്തം കാലിൽ നിർത്താനും വിദ്യാർത്ഥികൾ ആർജിക്കുന്ന വിവരങ്ങളെ, വിജ്ഞാന-വിവേക-നൈപുണി തലങ്ങളിലേക്ക് വികസിപ്പിക്കുക എന്ന വളരെ ശ്രമകരവും ശ്രേഷ്ഠവുമായ ദൗത്യമാണ് ആധുനികകാലത്തെ അദ്ധ്യാപകർക്ക് ഏറ്റെടുക്കാനുള്ളത്. അതുകൊണ്ട് അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ പ്രധാന്യം വർദ്ധിക്കുകയാണ്.

- അഭിരുചിയുള്ളവർ മാത്രം ഈ മേഖലയിലേയ്ക്ക് വരിക എന്നത് ഉറപ്പുവരുത്താൻ നാലുവർഷത്തെ സംയോജിത കോഴ്സുകൾ (ഇന്റഗ്രേറ്റഡ്) സഹായിക്കും.
- അദ്ധ്യാപക വിദ്യാഭ്യാസ പ്രക്രിയയിലും കാലികമായ മാറ്റങ്ങൾ വരുത്തണം.
- അദ്ധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികച്ച സേവനം നൽകാനുള്ള സൗകര്യമുണ്ടാകണം, അവിടുത്തെ അദ്ധ്യാപകർ മികവുള്ളവരും സംതൃപ്തരും ആകണം.
- തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം എന്നതിൽ അദ്ധ്യാപക പരിശീലനം ശാസ്ത്രീയമായി നൽകണം.
- പണം കൊടുത്താൽ അദ്ധ്യാപകജോലി ലഭിക്കും എന്ന അവസ്ഥ മാറിയാൽ മാത്രമേ അദ്ധ്യാപക വിദ്യാഭ്യാസത്തിനായി അഭിരുചിയും ആത്മാർത്ഥതയും ഉള്ളവർ എത്തിച്ചേരുകയുള്ളൂ.

19. ഗൈഡൻസും കൗൺസിലിങ്ങും

- ഗൈഡൻസും കൗൺസിലിങ്ങും പ്രാഥമികമായി നൽകേണ്ടത് അദ്ധ്യാപകർ തന്നെയാണ്.
- ഇക്കാര്യത്തിൽ അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനുള്ള വ്യക്തമായ പാഠ്യപദ്ധതി അദ്ധ്യാപകപരിശീലനത്തിന്റെ ഭാഗമാക്കണം.
- സർവീസിലുള്ള അദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ ശാക്തീകരണ ഇൻസർവീസ് കോഴ്സുകൾ നൽകണം.
- ഗൈഡൻസ് കൗൺസിലിങ്ങിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കൾക്ക് പൊതുവായ അവബോധം ഉണ്ടാക്കണം.
- ഇത്തരം കാര്യങ്ങൾക്ക് വിദ്യാർത്ഥികൾക്ക് സങ്കോചം കൂടാതെ സമീപിക്കാവുന്ന ഹൃദയബന്ധം അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും ഉണ്ടാകണം.
- ഓരോ ഗ്രാമപഞ്ചായത്തിലും പരിശീലനം സിദ്ധിച്ച സേവനസന്നദ്ധരായ കൗൺസിലർമാർ ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

20. സ്കൂൾ ഭരണവും നേതൃത്വവും

- സ്കൂളിന്റെ ഭരണപരമായ നേതൃത്വം നൽകുന്നതിന് അദ്ധ്യാപകരുടെ കൂട്ടായ നേതൃത്വം ഉണ്ടാകണം.
- ഇത്തരം കൂട്ടായ നേതൃത്വം നിലനിർത്താനും ഉപയോഗപ്പെടുത്താനുമുള്ള ഭരണപരമായ/നേതൃത്വപരമായ മികവ് രൂപപ്പെടുത്തുന്നതിനാവശ്യമായ ഹ്രസ്വകാല പരിശീലനങ്ങൾ പ്രധാന അദ്ധ്യാപകരാകുന്നവർക്ക് നൽകണം.
- തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജനകീയ മേധാവികൾക്കും വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള സ്ഥിരംസമിതി അദ്ധ്യക്ഷന്മാർക്കും സ്കൂൾ

ഭരണത്തെ സഹായിക്കാനുള്ള സാധ്യതകളെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ നൽകണം.

- സ്കൂൾ ഭരണത്തെ മെച്ചപ്പെടുത്താനും സ്കൂളിനെ മികവിലെത്തിക്കാനും പി.ടി.എ, പൂർവ വിദ്യാർത്ഥി സംഘടന, എസ്.എം.സി. എന്നിവയെ ഉപയോഗപ്പെടുത്തുന്നതിനുമായുള്ള ഹ്രസ്വ-ദീർഘകാല പരിപാടികൾ ആസൂത്രണം ചെയ്യണം.
- ബി.ആർ.സി., സി.ആർ.സി., പ്രാദേശിക വിദഗ്ദ്ധർ എന്നിവരുടെ സേവനവും ഫലപ്രദമായി വിനിയോഗിക്കാം.

21. ഗുണമേന്മയുള്ള പഠന സാമഗ്രികളുടെ രൂപീകരണം

- നാടൻ കരകൗശല ഉല്പന്നങ്ങൾ മുതൽ ആധുനിക ഡിജിറ്റൽ ഉപകരണങ്ങൾ വളരെ പഠന സാമഗ്രികളായി ഉപയോഗപ്പെടുത്താം.
- അദ്ധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, മികവുള്ള വിദ്യാർത്ഥികൾ എന്നിവരുടെയെല്ലാം സമ്പർക്ക ക്ലാസ്സുകളും അവതരണങ്ങളും ശില്പശാലകളും വഴി ഇത്തരം പഠന സാമഗ്രികൾ വികസിപ്പിച്ചെടുക്കാം. ഇതിനായുള്ള കൃത്യമായ ആസൂത്രണം അദ്ധ്യാപകരുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

22. സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള ബന്ധം

- സ്കൂൾ പഠന കാലത്തുതന്നെ ഉന്നതവിദ്യാഭ്യാസത്തിന്റെ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അറിയാനുള്ള അവസരം ഉണ്ടാകണം.
- സെക്കന്ററി തലത്തിൽതന്നെ വിദ്യാർത്ഥിയുടെ അഭിരുചി നിർണയിക്കാനും അഭിരുചിക്കനുസരിച്ച് കൂടുതൽ കാര്യങ്ങൾ അറിയാനും പങ്കാളികളാകാനുമുള്ള പ്രത്യേക ശില്പശാലകളും ഇന്റേൺഷിപ്പുകളും സന്ദർശനങ്ങളും പഠനയാത്രകളും ആവശ്യമാണ്.
- ഉന്നതവിദ്യാഭ്യാസരംഗത്തെ സാങ്കേതിക വൈവിധ്യങ്ങളും വിഭവങ്ങളും ഗ്രാമീണമേഖലയിലെ വിദ്യാലയങ്ങൾക്ക് പരിചയപ്പെടാനും പങ്കാളികളാകാനുമുള്ള അവസരം ഉണ്ടാകണം.
- ഏതെങ്കിലും ഒരു ഘട്ടത്തിൽ കോഴ്സുകൾ മാറി പഠനം തുടരാനുള്ള സൗകര്യം ഏർപ്പെടുത്തണം.

23. ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾ

- എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ബദൽ വിദ്യാഭ്യാസ സംവിധാനങ്ങൾക്ക് സാധിക്കും.
- ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, ബഡ്സ് സ്കൂളുകൾ, സ്പെഷൽ സ്കൂളുകൾ സമാന്തര വിദ്യാകേന്ദ്രങ്ങൾ എന്നിവ ഇക്കാര്യത്തിൽ സഹായിക്കും.

- മുഖ്യധാരാവിദ്യാഭ്യാസം എത്തിപ്പെടാത്ത മേഖലകളിലും സന്നദ്ധ സംഘടനകൾക്ക് ഈ കർത്തവ്യം നിർവഹിക്കാം.

24. വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ പങ്ക്

- വിദ്യാലയത്തിന്റെ സേവനം സമൂഹത്തിലേയ്ക്കും, സമൂഹത്തിലെ വൈദഗ്ദ്ധ്യം വിദ്യാലയത്തിലേയ്ക്കും എത്തിച്ചേരുന്നതിനായുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യണം.
- പി.ടി.എ. കമ്മിറ്റി, പൂർവ വിദ്യാർത്ഥി സംഘടനകൾ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, അയൽക്കൂട്ട വിദ്യാഭ്യാസ സമിതി, വാർഡ് വിദ്യാഭ്യാസ സമിതി, സ്കൂൾ വികസന സമിതി എന്നിവയുടെ വൈദഗ്ദ്ധ്യവും സേവനവും പ്രയോജനപ്പെടുത്താൻ സാധിക്കണം.
- അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നുള്ള വൈവിധ്യമാർന്ന സേവനങ്ങൾ സമൂഹത്തിനും നൽകണം.

25. മുതിർന്നവരുടെ വിദ്യാഭ്യാസവും തുടർപ്രവർത്തനങ്ങളും

- വയോജന വിദ്യാഭ്യാസം, തുടർ സാക്ഷരതാ പരിപാടി, തുല്യതാ പരിപാടി, നൈപുണി വികസനപരിപാടി, കമ്പ്യൂട്ടർ സാക്ഷരത, അതിജീവന വൈദഗ്ദ്ധ്യം ശാന്തി-സമാധാന പ്രവർത്തനങ്ങൾ, മദ്യം-മയക്കുമരുന്ന് എന്നിവയ്ക്ക് എതിരായ പ്രവർത്തനം എന്നിവയെല്ലാം സജീവമായി നിലനിൽക്കണം.
- വിദ്യാലയങ്ങൾക്ക് ഇക്കാര്യത്തിൽ മാതൃകാപരമായ സേവനം അനുഷ്ഠിക്കാൻ സാധിക്കും.

26. രക്ഷാകർത്തൃ വിദ്യാഭ്യാസം

- വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും, സാധ്യതകളെക്കുറിച്ചും, സമൂഹത്തിലെ മൂല്യച്യുതികളെക്കുറിച്ചും, വിദ്യാർത്ഥികൾക്ക് തുണയായി നിൽക്കാൻ സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ചും, മാതൃഭാഷാവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ആർഭാടരഹിത-ലളിതജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, വാത്സല്യസ്രോതസ്സായി രക്ഷിതാക്കൾ നിലനിൽക്കേണ്ടതിനെക്കുറിച്ചും, രക്ഷാകർത്താക്കൾക്ക് നിരന്തരമായ ബോധവത്കരണ പരിപാടികൾ ഉണ്ടാകണം.

❐

സ്വാശ്രയ കേരളത്തിനായി സർവോദയ നിർദ്ദേശങ്ങൾ

കേരള നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് ഭാവി കേരളത്തിനായി ഗാന്ധിയൻ-സർവോദയ നിർദ്ദേശങ്ങൾ. തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോവിലും ചർച്ചകളിലും ഭരണനയം രൂപീകരിക്കുമ്പോഴും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും പരമാവധി നടപ്പിലാക്കാൻ ശ്രമിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

1. നമ്മുടെ ഈ കൊച്ചുകേരളത്തിന് 14 മന്ത്രിമാർ മതി. മന്ത്രിതുല്യ പദവികൾ വേണ്ടെന്ന് വയ്ക്കുക.
2. സമാന സ്വഭാവമുള്ള കോർപ്പറേഷനുകളും ക്ഷേമനിധികളും കമ്മീഷനുകളും ഏകീകരിച്ച് എണ്ണം കുറയ്ക്കുക. പി.എസ്.സി അംഗങ്ങൾ പരമാവധി 10 പേർ മതി.
3. ഗ്രാമസഭാ തീരുമാനങ്ങൾ നിർബന്ധമായും നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുക.
4. സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകുന്ന എല്ലാ നിയമനങ്ങളും പി.എസ്.സി. വഴി മാത്രം നടത്തുക. പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെ എല്ലാ താൽകാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമാക്കുക.
5. അയൽസഭകളും ഗ്രാമവികസന കേന്ദ്രങ്ങളും നിർബന്ധമായും പ്രാവർത്തികമാക്കുക.
6. തിരഞ്ഞെടുപ്പിനായുള്ള വൻ ചെലവ് ഒഴിവാക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അയൽസഭാ കൺവീനർമാരെ തിരഞ്ഞെടുത്ത് മുകൾതലങ്ങളിലേയ്ക്കുള്ള ജനപ്രതിനിധികളെ ഇവരിൽനിന്ന് നാമനിർദ്ദേശം ചെയ്യുക.
7. പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളും, ബിനാമി ഭൂമികളും, ഒഴിഞ്ഞുകിടക്കുന്ന വീടുകളും സർക്കാർ ഏറ്റെടുത്ത് ഉപയോഗപ്രദമാക്കുക.

8. ടോൾരഹിത റോഡുകളും പാലങ്ങളും ഉറപ്പുവരുത്തുക.
9. തരിശായികിടക്കുന്ന ഭൂമികളിൽ പാട്ടക്കൃഷി നടപ്പിലാക്കുക.
10. പാറ, മണൽ, വെള്ളം തുടങ്ങിയ പ്രകൃതിവിഭവങ്ങൾ പൊതു ഉടമ സ്ഥതയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരിക.
11. കാർഷിക വിഭവങ്ങൾക്ക് താങ്ങുവില, പരമാവധി വില ഉറപ്പുവരുത്തുക.
12. ഗ്രാമച്ചന്തകൾ, കാർഷികവിഭവ മൂല്യവർദ്ധന സംരംഭങ്ങൾ എന്നിവ, കർഷകരുടെ സ്വയംസഹായസംഘങ്ങൾ, കർഷക സഹകരണ സംഘ ങ്ങൾ എന്നിവയിലൂടെ നടപ്പാക്കുക.
13. അയൽക്കൂട്ട അടിസ്ഥാനത്തിലുള്ള മൃഗസംരക്ഷണം, ക്ഷീരവികസനം, നാടൻ ഉത്പന്നങ്ങൾ, നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക.
14. പണമൂലധനത്തിനും, തൊഴിലാളിയുടെ അദ്ധ്വാനത്തിനും തുല്യ മൂല്യം കണക്കാക്കുന്നവിധത്തിൽ ഗാന്ധിയൻ ട്രസ്റ്റിഷിപ്പ് വ്യവസ്ഥയിൽ കാർഷിക-വ്യവസായ-സേവന മേഖലകളിൽ സംരംഭങ്ങൾ ആരംഭി ക്കുക.
15. കോവിഡ് അതിജീവനം സാധ്യമാകുന്നതുവരെയ്ക്ക് മേളകൾ വേണ്ട; ലളിതമായ പരിപാടികൾ മതി.
16. മദ്യം, ചൂതാട്ടം (ലോട്ടറി) എന്നിവയിൽനിന്നുള്ള വരുമാനത്തെ ആശ്ര യിക്കാതെ തന്നെ സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തണം. ഈ മേഖല യിൽ ഇപ്പോൾ ജോലിചെയ്യുന്നവർക്ക് ബദൽ ജോലി ഉറപ്പ് വരുത്തുക.
17. തൊഴിലിലൂടെയുള്ള വിദ്യാഭ്യാസം നടപ്പാക്കുക.
18. ഉന്നതവിദ്യാഭ്യാസരംഗത്ത് മികവുള്ളവർക്ക് അവസരം ഉറപ്പുവരുത്തുക.
19. ഗ്രാമതലങ്ങളിൽ പിരിക്കുന്ന നികുതിയുടെ നിശ്ചിത ശതമാനം മാത്രം മുകൾത്തട്ടിലേയ്ക്ക് കൊടുത്ത് ബാക്കിയുള്ളത് ഗ്രാമപദ്ധതികൾക്കായി ഉപയോഗിക്കുക.
20. വൻകിട വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളി ലേക്കുള്ള സാങ്കേതിക പരിജ്ഞാനമുള്ളവരെ പരിശീലിപ്പിച്ചെടുക്കാ നുള്ള ഉത്തരവാദിത്തം അതത് സ്ഥാപനങ്ങളുടേതാകണം.

(2021 കേരള നിയമസഭ തിരഞ്ഞെടുപ്പ് സമയത്ത് തയ്യാറാക്കിയത്)

❐

വഴിതെറ്റുന്ന കക്ഷിരാഷ്ട്രീയം?

ഇക്കഴിഞ്ഞ ആഗസ്റ്റ് പതിനൊന്നാം തീയതി ഇന്ത്യയിലെ ഏറ്റവും പക്വമതികളും വിവേകശാലികളുമായ ജനപ്രതിനിധികൾ ഒത്തുചേരുന്നതെന്ന് നാം അഭിമാനിക്കുന്ന, അപ്രകാരം ഭരണഘടനയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള രാജ്യസഭയിൽ സഭയുടെ അദ്ധ്യക്ഷനായ ഇന്ത്യയുടെ ഉപരാഷ്ട്രപതി വിതുമ്പിക്കരയുന്ന ചിത്രം നമ്മൾ മാധ്യമങ്ങളിൽ കണ്ടു; വായിച്ചു. പാർലമെന്റ് അംഗങ്ങൾ അവരുടെ ഉത്തരവാദിത്തം ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ല എന്ന നൈരാശ്യമാണ് ആ വിതുമ്പലിന് അടിസ്ഥാനം.

ഒരു പാർലമെന്റ് അംഗത്തിന് ശമ്പളവും അലവൻസുമായി ഒരു ലക്ഷത്തി അൻപതിനായിരം രൂപയാണ് പ്രതിമാസം ചെലവ്. മറ്റ് ആനുകൂല്യങ്ങൾ വേറെ. 790 പാർലമെന്റ് അംഗങ്ങൾ രണ്ട് സഭകളിലുമായി നമുക്കുണ്ട്. എത്രയോ കോടി രൂപയാണ് ഓരോ മാസവും പാർലമെന്റ് അംഗങ്ങൾക്കായി നാം ചെലവഴിക്കുന്നത്. പാർലമെന്റ് സമ്മേളനത്തിനു വേണ്ടി ചെലവഴിക്കുന്ന സംഖ്യ അളവറ്റതാണ്. നമ്മുടെ നികുതിപ്പണം ഉപയോഗിച്ച് തയ്യാറാക്കുന്ന ഇത്തരം വേദികൾ ശരിയായ രീതിയിലല്ലാതെ കക്ഷിരാഷ്ട്രീയ അതിപ്രസരം മൂലം ശക്തിപ്രകടനവേദികളായി മാറുന്നത് ഒരിക്കലും ഭൂഷണമല്ല.

നിയമസഭയും പാർലമെന്റും നിയമനിർമ്മാണത്തിനും നയരൂപീകരണത്തിനുമുള്ള വേദികളാണ്. ഇതിനുവേണ്ടിയുള്ള ചർച്ചകളും തീരുമാനങ്ങളുമാണ് ഇവിടെ ഉണ്ടാകേണ്ടത്. ഏതെങ്കിലും തരത്തിലുള്ള സമരത്തിനും അക്രമങ്ങൾക്കുമുള്ള വേദിയായി ഇത് മാറരുത്. സഭയിൽ അവതരിപ്പിക്കുന്ന വിഷയത്തെക്കുറിച്ച് മൗലികമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിൽ സഭയ്ക്കുള്ളിൽ ഭരണ-പ്രതിപക്ഷ അംഗങ്ങൾ പരസ്പര ബഹുമാനത്തോടെ, വിശ്വാസത്തോടെ വിഷയം ശരിയായി പഠിച്ച് ചർച്ചകളിൽ പങ്കെടുക്കുക, പ്രമേയങ്ങളും ബദൽ ബില്ലുകളും കൊണ്ടുവരിക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തങ്ങൾക്കുള്ള വിയോജിപ്പ് സഭയുടെ രേഖയിൽ ഔദ്യോഗിക

മായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയാണ് വേണ്ടത്. നിയമ നിർമ്മാണ സഭകളിൽ അടുത്തകാലത്തായി വർദ്ധിച്ചുവരുന്ന ഹിംസാത്മക മായ പ്രകടനപരത സഭയുടേയും ജനാധിപത്യ സംവിധാനത്തിന്റേയും അടി സ്ഥാന മൂല്യങ്ങൾക്കും അന്തഃസത്തയ്ക്കും വിരുദ്ധമാണ്. സഭയിൽ രൂപം കൊണ്ട ഒരു നിയമത്തോടോ തീരുമാനത്തോടോ വിയോജിപ്പുണ്ടെങ്കിൽ സഭ യ്ക്ക് പുറത്ത് പ്രചാരണ-സമരപരിപാടികളിലൂടെ പൊതുജനാഭിപ്രായം രൂപീ കരിക്കാം.

ഇന്ത്യയെപ്പോലെ ഒരു ദരിദ്രരാജ്യത്തിന് കേന്ദ്ര-സംസ്ഥാന തലത്തിൽ നിയമനിർമ്മാണ സഭകൾക്ക് ഉപരിസഭ ആവശ്യമില്ലെന്ന സുവ്യക്തമായ അഭി പ്രായമാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. ഭരണഘടന രൂപംകൊള്ളുന്നതിനു മുമ്പുതന്നെ ഗാന്ധിജി ഇക്കാര്യം വ്യക്തമാക്കുകയും ചെയ്തിരുന്നു. ബ്രിട്ടൻ പോലുള്ള പാശ്ചാത്യരാജ്യങ്ങളെ അനുകരിച്ചാണ് ചില സംസ്ഥാനങ്ങൾക്കും പാർലമെന്റിനും രണ്ട് സഭകൾ എന്ന ആശയം ഭരണഘടനയിൽ ഉൾപ്പെടു ത്തിയത്. അതിൽ ഏറ്റവും വിവേകമതികളായ മെമ്പർമാർ ഉള്ള രാജ്യസഭ യുടെ സ്ഥിതിയാണ് നമ്മൾ കണ്ടത്.

രാഷ്ട്രീയപാർട്ടികളുടേയും ബിസിനസ് ഗ്രൂപ്പുകളുടെയും മറ്റ് സ്വാർത്ഥ താല്പര്യ ലോബികളുടെയും ഇച്ഛയ്ക്കനുസരിച്ച് തിരക്കഥ രചിച്ച് അഭിന യിക്കുന്ന വേദികളായി നമ്മുടെ ജനപ്രതിനിധിസഭകൾ മാറിക്കൊണ്ടിരി ക്കുകയാണ്.

ഇതേ കാലഘട്ടത്തിൽ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുരു തരമായ പല പ്രശ്നങ്ങളും രാഷ്ട്രീയമായി സമാനതകളുള്ളതാണ്. കേര ളീയ സമൂഹത്തിൽ പരസ്പര സഹായത്തിന്റേയും പങ്കാളിത്തത്തിന്റേയും സ്വാശ്രയത്വത്തിന്റേയും പ്രതീകമാണ് സഹകരണസംഘങ്ങൾ. ജനങ്ങൾ അവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനു വേണ്ടി പരസ്പരം സഹക രിച്ച് സ്വയം രൂപീകരിക്കുകയും നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ് തിരുന്ന സ്വാവലംബ സംവിധാനം.

സമസ്ത മേഖലയിലെയും പുരോഗതിക്കായി മഹത്തായ സംഭാവന നൽകിയ സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നത് ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാന കാലത്താണ്. സഹകരണ സംഘങ്ങളെ അധികാരത്തിന്റെ ലാവ ണങ്ങളാക്കി മാറ്റാൻ രാഷ്ട്രീയകക്ഷികൾ ശ്രമം ആരംഭിച്ചപ്പോഴാണ് സുന്ദര മായ ഈ സമൂഹ സുരക്ഷാ സംവിധാനം തകരാൻ തുടങ്ങിയത്. വോട്ടു ബാങ്ക് വർദ്ധിപ്പിച്ച് അധികാരം പിടിച്ചെടുക്കാൻ വേണ്ടി, സംഘത്തിന്റെ സ്ഥാ പിത ലക്ഷ്യങ്ങളുമായി യാതൊരു ബന്ധവും മമതയും ഇല്ലാത്തവരെ പോലും അംഗങ്ങളായി ചേർക്കാൻ തുടങ്ങി. യഥാർത്ഥ സഹകാരികൾ അപ്രസക്ത മായി. സംഘത്തിന്റെ തീരുമാനങ്ങളും നിയന്ത്രണങ്ങളും രാഷ്ട്രീയപാർട്ടിക ളുടെ വരുതിയിലായി.

രാഷ്ട്രീയപാർട്ടികളിൽ തന്നെ ശക്തമായ ഗ്രൂപ്പിന്റേയും ഗ്രൂപ്പിലെ ശക്ത നായ നേതാവിന്റേയും ആജ്ഞയ്ക്കനുസരിച്ച് മാത്രം മുന്നേറുന്ന സ്വാർത്ഥ

താല്പര്യ സ്ഥാപനങ്ങളായി സഹകരണസംഘങ്ങൾ മാറി. ജനകീയത നഷ്ട പ്പെട്ടതോടുകൂടി സാമ്പത്തിക ക്രമക്കേടുകളും സർവസാധാരണമായി. ഈ ജനകീയ സ്ഥാപനങ്ങളുടെ തകർച്ച സാധാരണ ജനങ്ങളിലുണ്ടാക്കിയിരി ക്കുന്ന ആശങ്ക അളവറ്റതാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ നമ്മുടെ സമൂഹത്തിൽ വളർന്നുവന്ന ജനകീയ മാതൃകാ സംരംഭങ്ങൾ ആയിരുന്നു സ്വയംസഹായ സംഘങ്ങൾ. നബാർഡിന്റെ ഉപദേശ-നിർദ്ദേശങ്ങൾക്കനുസരിച്ച് ഗ്രാമീണ മേഖലയിലെ 20 വീടുകളിലെ വനിതകൾ ചേർന്നുകൊണ്ടാണ് വനിതാ സ്വയം സഹായ സംഘങ്ങൾ രൂപീകൃതമായത്. 20 കുടുംബങ്ങളിലെയും വനിതാ പ്രതിനിധികൾ ആഴ്ചയിലൊരിക്കൽ പരസ്പരം മാറി മാറി ഏതെങ്കിലും ഒ രു വീട്ടിൽ ഒത്തുചേർന്ന് ഓരോരുത്തരും ചെറിയ ഒരു സംഖ്യ പൊതുവായി സമർപ്പിക്കുന്നു. ഇപ്രകാരം ലഭിച്ച പൊതു സമർപ്പണ സംഖ്യ പിറ്റേദിവസം തന്നെ ബാങ്കിൽ നിക്ഷേപിക്കുന്നു. നബാർഡിന്റെ പിന്തുണയുള്ളതുകൊണ്ട് ബാങ്കുകൾ ഈ സംരംഭത്തെ പ്രോത്സാഹിപ്പിക്കുകയും സ്വാശ്രയ സംഘ ങ്ങൾക്ക് പലവിധ സഹായങ്ങൾ നൽകുകയും ചെയ്തു.

കുടുംബങ്ങൾ തമ്മിലുള്ള ഐക്യബോധം, സാമ്പത്തിക സ്വാശ്രയത്വം, സ്വന്തമായി സംരംഭങ്ങൾ ഏറ്റെടുക്കാനുള്ള നേതൃത്വപരമായ വളർച്ച, തങ്ങൾ ഒറ്റയ്ക്കല്ലെന്നും അത്യാവശ്യഘട്ടത്തിൽ സംഘാംഗങ്ങൾ കൂടെയുണ്ട് എന്ന ആത്മവിശ്വാസം എന്നിവ വളർത്താൻ ഇത്തരം സ്വയംസഹായസംഘ ങ്ങൾക്ക് സാധിച്ചു. ഇതിനെ പിന്തുടർന്ന് പുരുഷ സ്വയംസഹായസംഘ ങ്ങളും രൂപംകൊള്ളാൻ തുടങ്ങി. ജാതി-മത-കക്ഷി-രാഷ്ട്രീയ വിഭാഗീയത കൾ ഇല്ലാതെ മാനവികതയുടെ സംഗമവേദികളായി മാറുകയായിരുന്നു സ്വാശ്രയസംഘങ്ങൾ. സ്വാശ്രയത്തിൽ അധിഷ്ഠിതമായ സ്വതന്ത്ര സാമൂഹ്യ നവോത്ഥാന മുന്നേറ്റമായി ഇത് മാറുമായിരുന്നു.

രാഷ്ട്രീയപാർട്ടികൾ ഈ ജനകീയ വികാസ പ്രക്രിയയും തളർത്തുന്ന നിലപാടാണ് സ്വീകരിച്ചത്. അധികാരത്തിൽ ഇരിക്കുന്നവർ, സർക്കാരിന്റെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് വനിതാ സ്വാശ്രയസംഘങ്ങളെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരാൻ ശ്രമിച്ചു. മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവര വരുടേതായ പ്രത്യേക ബാനറുകൾ നൽകിക്കൊണ്ട് ഈ പ്രസ്ഥാനത്തി ലേയ്ക്ക് വലവീശാൻ തുടങ്ങി. ഇതോടെ ഈ ജനകീയ വികാസപ്രക്രിയയും വികലമായി.

നിഷ്പക്ഷമായ ജനകീയ പ്രസ്ഥാനങ്ങളേയും സംരംഭങ്ങളേയും ഇരുകൈയും നീട്ടി സ്വീകരിക്കുന്ന പാരമ്പര്യമാണ് കേരളത്തിനുള്ളത്. 1990ൽ സമ്പൂർണ സാക്ഷരതായജ്ഞത്തിനും 1997 ൽ ജനകീയ ആസൂത്രണ പ്രസ്ഥാ നത്തിനുമെല്ലാം ഇവിടെ യുവാക്കളും സർവീസിൽനിന്ന് വിരമിച്ചവരും പൊതു സമൂഹവും സമ്പൂർണ സഹകരണം നൽകി. ഇതിന്റെ ഭാഗമായി രംഗത്ത് വന്ന സന്നദ്ധപ്രവർത്തകരെ തൊട്ടടുത്ത് വന്ന പൊതുതിരഞ്ഞെടുപ്പുകളിൽ തങ്ങൾക്ക് അനുകൂലമായി ഉപയോഗിക്കാൻ രാഷ്ട്രീയപാർട്ടികൾ ശ്രമിച്ചപ്പോ

ഴാണ് ഈ പ്രസ്ഥാനങ്ങളുടെ ഗതിവേഗം കുറഞ്ഞത്. 2018 ലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും 2020 ലെ ഒന്നാംഘട്ട കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും കേരളജനതയുടെ ജനകീയ സന്നദ്ധ സേവന മനസ്സ് ഏവർക്കും ബോധ്യപ്പെട്ടതാണ്.

ജനകീയ അഭിപ്രായത്തിനും അടിസ്ഥാന ജനാധിപത്യവേദികൾക്കും മുൻഗണനയും പരിഗണനയും നൽകുന്നതിന് മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ വിമുഖരാണ്. ഒരു പ്രദേശത്ത് മദ്യഷോപ്പ് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അധികാരം നൽകുന്ന വകുപ്പുകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിൽനിന്ന് വളരെ പെട്ടെന്നുതന്നെ ഒഴിവാക്കപ്പെട്ടു. അധികാരത്തിനും സമ്പത്തിനും വേണ്ടിയുള്ള അബ്കാരി പ്രീണനവും ഇതിന് കാരണമായി.

പശ്ചിമഘട്ട സംരക്ഷണത്തിനായി പ്രൊഫ. മാധവ് ഗാഡ്ഗിൽ സമർപ്പിച്ച റിപ്പോർട്ടിലെ ഊന്നൽ അതത് മേഖലകളിലുള്ള ഗ്രാമസഭകളുടെ തീരുമാനങ്ങൾക്ക് മുൻഗണന നൽകണം എന്നതായിരുന്നു. ഇക്കാരണംകൊണ്ടുതന്നെ ഇതും അട്ടിമറിക്കപ്പെട്ടു. ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ പൊതുവേദിയായ പഞ്ചായത്ത് അസോസിയേഷനുകൾ വികേന്ദ്രീകരണത്തേയും ജനാധിപത്യ പ്രക്രിയയേയും ശക്തിപ്പെടുത്തുന്നതിനുള്ള രാസത്വരകങ്ങളായി വർത്തിക്കുമെന്നാണ് വിഭാവനം ചെയ്തിരുന്നത്. നിഷ്പക്ഷമായ ഇത്തരം ഒരു ഊർജഘടകം ഇനിയും ഉരുത്തിരിയേണ്ടിയിരിക്കുന്നു.

സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടേയും അക്കാദമികളുടേയും, ഭരണഘടനാ സ്ഥാപനമായ പബ്ലിക് സർവീസ് കമ്മീഷന്റേയും (പി.എസ്.സി.) നേതൃത്വ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെടുന്നവർ ധിഷണാശാലികളും അതതു മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായിരുന്നു. പ്രസ്തുത സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട് സ്ഥാപനത്തിന്റെ പൊതു ലക്ഷ്യസാക്ഷാത്കാരത്തിനായി സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരവും അനുമതിയും ഇവർക്ക് എല്ലാ അർത്ഥത്തിലും ഉണ്ടായിരുന്നു. അടുത്തകാലത്തായി ഈ മേഖലയിലും പക്ഷപാതപരമായ ഇടപെടലുകൾ വർദ്ധിച്ചുവരുന്നു.

ഗ്രാമീണ വായനശാലകളിൽ പോലും താലൂക്ക് കൗൺസിലിലേക്കുള്ള പ്രതിനിധി, വ്യക്തമായ രാഷ്ട്രീയ അനുഭാവമുള്ള ആൾ ആയിരിക്കും എന്നത് അലിഖിത കീഴ്വഴക്കമായി മാറിക്കഴിഞ്ഞു. ഗ്രന്ഥശാലാ പ്രവർത്തനങ്ങളിൽ പോലും പരോക്ഷമായ ഈ സ്വാധീനം തുടർന്നുകൊണ്ടിരിക്കുകയാണ്. സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിലൂടെ സ്വരൂപിക്കേണ്ട സവിശേഷമായ സാംസ്കാരിക വളർച്ചയ്ക്കും സ്വാതന്ത്ര്യത്തിനുമുള്ള സാധ്യതയാണ് ഇവിടെ നഷ്ടമാകുന്നത്. കേരളത്തിന്റെ സാംസ്കാരിക മേഖലയിലുണ്ടാകുന്ന ഈ വൈകല്യം സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളെയെല്ലാം ദോഷകരമായി ബാധിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ പല കാര്യങ്ങളും കേരളത്തിന്റെ മാത്രം പ്രശ്നമല്ല. മറ്റ് സംസ്ഥാനങ്ങളിലും ചെറിയ വ്യത്യാസങ്ങളോടെ ഇത്തരം ജനവിരുദ്ധമായ പ്രതിഭാസങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നുണ്ട്. ആദർശശൂന്യമായ കക്ഷി രാഷ്ട്രീയം തന്നെയാണ് ഇതിനും കാരണമായി മാറുന്നത്.

ഗ്രാമപ്പഞ്ചായത്ത് വാർഡ് മെമ്പർ മുതൽ പാർലമെന്റ് അംഗം വരെയും ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് മുതൽ ഇന്ത്യൻ പ്രധാനമന്ത്രി വരെയും ആരായിരിക്കണമെന്ന് രാഷ്ട്രീയപാർട്ടികളാണ് തീരുമാനിക്കുന്നത്. ഓരോ വാർഡിലും രാഷ്ട്രീയ പാർട്ടികൾ മുന്നോട്ടുവയ്ക്കുന്ന സ്ഥാനാർഥികളിൽനിന്നും ഏതെങ്കിലും ഒരാളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മാത്രമേ ജനാധിപത്യസംവിധാനത്തിലെ 'പരമാധികാരികൾ' എന്നവകാശപ്പെടുന്ന വോട്ടർമാർക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ളൂ. സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നത് രാഷ്ട്രീയ പാർട്ടികളാണ്.

പലപ്പോഴും പാർട്ടി അല്ല ഇത് തീരുമാനിക്കുന്നത്. പാർട്ടിയിലെ പ്രബലമായ ഗ്രൂപ്പോ, ഗ്രൂപ്പിലെ പ്രബലമായ നേതാവോ ആയിരിക്കും സ്ഥാനാർത്ഥിപട്ടിക തയ്യാറാക്കുന്നത്. ജനപ്രതിനിധിസഭയിൽ ആര് മുഖ്യമന്ത്രിയോ മന്ത്രിയോ ആകണം എന്ന് തീരുമാനിക്കുന്നതും ഗ്രൂപ്പ് സമവാക്യങ്ങളും ഗ്രൂപ്പ് മേധാവിയും തന്നെ. ഇവിടെ ജനങ്ങൾക്ക് പങ്കില്ല. ഏകാധിപതിയെപ്പോലെയുള്ള ഒരു ഗ്രൂപ്പ് നേതാവ്, നേതാവിനെ നിയന്ത്രിക്കുന്ന പ്രബലരായ ജാതി-മത മേലദ്ധ്യക്ഷന്മാരും ബിസിനസ് ഗ്രൂപ്പുകളും. ഇവരുടെ തീരുമാനങ്ങൾ രാഷ്ട്രീയപാർട്ടിയിലൂടെ നടപ്പാക്കുന്നു എന്ന് മാത്രം. അധികാരവും സമ്പത്തും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏത് രാഷ്ട്രീയപാർട്ടിയുമായും കൂട്ടുകൂടാനും ഒരു പാർട്ടിക്കും മടിയില്ല. അധികാരത്തിനുവേണ്ടി അല്ലെങ്കിൽ സ്വാർത്ഥലാഭത്തിനുവേണ്ടി പരസ്പരം കൂട്ടുകൂടാത്ത ഒരു പാർട്ടിപോലും ഇന്ത്യയിലില്ല. മുന്നണി രൂപീകരിച്ചോ മുന്നണിയുടെ ഗവൺമെന്റിനെ പിന്തുണച്ചോ ബാന്ധവം സ്ഥാപിച്ച് ഓരോ പാർട്ടിയും അതാത് കാലങ്ങളിൽ കാര്യം നേടിയിട്ടുണ്ട്. ആദർശം പലപ്പോഴും പ്രസംഗത്തിൽ മാത്രം. നയസമീപനങ്ങളിലും ഇവർ ഒരേ തൂവൽപക്ഷികൾ തന്നെ.

ഇത്തരം ഒരു അവസ്ഥ മുന്നിൽകണ്ടുകൊണ്ടാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്ന അവസരത്തിൽ കോൺഗ്രസ് പിരിച്ചുവിടണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടത്. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിനുവേണ്ടി രൂപീകൃതമായ ഒരു പ്രസ്ഥാനം എന്ന നിലയ്ക്ക് കോൺഗ്രസ് അതിന്റെ ഉത്തരവാദിത്തം പൂർത്തീകരിച്ചു കഴിഞ്ഞു. അതിനാൽ കോൺഗ്രസ് ഒരു രാഷ്ട്രീയ പാർട്ടിയായി മാറി ഗവൺമെന്റിൽ പങ്കാളിയാകരുത് എന്നാണ് ഗാന്ധിജി ഉദ്ദേശിച്ചത്. വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഗാന്ധിജി ഈ നിർദ്ദേശം വച്ചത്. അന്ന് ഇന്ത്യയുടെ ഭരണഘടന ഔപചാരികമായി നിലവിൽ വന്നിരുന്നില്ല. കോൺഗ്രസ് പാർട്ടി മാത്രമല്ല മറ്റ് രാഷ്ട്രീയപാർട്ടികളും പിരിച്ചുവിടണം എന്നുതന്നെയാണ് ഗാന്ധിജി ഉദ്ദേശിച്ചത്. കാരണം സ്വതന്ത്രഭാരതത്തിലെ ജനാധിപത്യ സംവിധാനത്തിൽ ഗാന്ധിജി രാഷ്ട്രീയപാർട്ടികൾക്ക് വലിയ സ്ഥാനം

കല്പിച്ചിരുന്നില്ല. നിലവിലുള്ള രാഷ്ട്രീയപാർട്ടികൾ, ജനസേവനത്തിനും സാമൂഹ്യ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി, മുൻകൈ എടുക്കുന്ന പ്രസ്ഥാനങ്ങളും സമിതികളുമായി രൂപാന്തരപ്പെടണം എന്നാണ് ഗാന്ധിജി ഉദ്ദേശിച്ചത്.

ഗ്രാമ റിപ്പബ്ലിക്കുകളുടെ ഒരു കൂട്ടായ്മയായി (യൂണിയൻ ഓഫ് വില്ലേജ് റിപ്പബ്ലിക്) ഭാരതം നിലകൊള്ളണം എന്നാണ് ഗാന്ധിജി വിഭാവനം ചെയ്തത്. അൻപതോ നൂറോ വീടുകളുള്ള ഒരു അയൽസഭയിൽനിന്നും പൊതുസമ്മതപ്രകാരം ജനപ്രതിനിധികൾ തിരഞ്ഞെടുക്കപ്പെടുകയും ഇത്തരം അയൽസഭാ പ്രതിനിധികൾ കൂടിയിരുന്ന് വാർഡ് മെമ്പറേയും വാർഡ് മെമ്പർമാർ ചർച്ച ചെയ്ത് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷനേയും തിരഞ്ഞെടുക്കണം. ഇത്തരത്തിൽ തികച്ചും ലളിതവും ജനാധിപത്യപൂർണവുമായ ഒരു തിരഞ്ഞെടുപ്പ് സമ്പ്രദായമാണ് ഗാന്ധിജി വിഭാവനം ചെയ്തത്.

ഇത്തരം ഒരു തിരഞ്ഞെടുപ്പ് സമ്പ്രദായം പ്രായോഗികമല്ല എന്നാണ് പല രാഷ്ട്രീയ പാർട്ടികളും ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. അതേസമയം പാർട്ടികളും നാട്ടിൽ പ്രവർത്തിക്കുന്ന സംഘടനകളും അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് അടിസ്ഥാനതല യൂണിറ്റുകളിൽ നിന്നാണ്. യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ പഞ്ചായത്തുതല ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. പഞ്ചായത്തുതലത്തിൽ നിന്നുള്ള പ്രതിനിധികൾ ബ്ലോക്കിലെയും ബ്ലോക്ക് പ്രതിനിധികൾ ജില്ലയിലെയും ജില്ലയിൽ നിന്നുള്ള പ്രതിനിധികൾ സംസ്ഥാനത്തെയും ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ഇവിടെയൊന്നും തിരഞ്ഞെടുപ്പ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുകൊണ്ട് രഹസ്യമായ വോട്ടിംഗ് രീതി സ്വീകരിച്ചല്ല; പൊതുസമ്മതപ്രകാരം തന്നെയാണ് എന്നു കാണാം. സംഘടനകളിലും പാർട്ടികളിലും ഇത് സാധ്യമാണെങ്കിൽ യഥാർത്ഥത്തിലുള്ള ജനാധിപത്യവേദികളായ അയൽസഭകളിലും ഗ്രാമപഞ്ചായത്തുകളിലും തീർച്ചയായും ഇത് നടപ്പാക്കാവുന്നതുതന്നെയാണ്. കക്ഷിരാഷ്ട്രീയ വിമുക്തമായ ഒരു നിഷ്പക്ഷ വേദി രൂപീകരിക്കാൻ ജനങ്ങൾ ഉറച്ച നിലപാട് സ്വീകരിച്ചാൽ അത് സാധ്യമാകുകതന്നെ ചെയ്യും.

പുത്തൻ കോളനീകരണം, അഴിമതി, വർഗീയത, കൊലപാതക രാഷ്ട്രീയം എന്നിവയിൽ നിന്നും മുക്തമായ ഒരു നവഭാരതം (നവകേരളം) സൃഷ്ടിക്കണമെങ്കിൽ ഗാന്ധിജിയുടെ സർവോദയ ദർശന പ്രകാരമുള്ള കക്ഷിരഹിത ജനാധിപത്യം യാഥാർത്ഥ്യമാകണം.

❐

തിരഞ്ഞെടുപ്പുകാലത്തെ ചില ചിന്തകൾ

ആറുമാസത്തിനിടയിൽ രണ്ട് പൊതുതിരഞ്ഞെടുപ്പുകളാണ് കേരളത്തിൽ നടന്നത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കും സംസ്ഥാന നിയമസഭയിലേക്കും. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇവിടെ നടന്നതും നടക്കുന്നതുമായ കാര്യങ്ങൾ പരിശോധിക്കുമ്പോൾ, ഇതിൽ പലതും ജനാധിപത്യവിരുദ്ധമാണെന്നും സാമൂഹ്യതിന്മകൾക്ക് കാരണമാകുന്നതാണെന്നും കാണാവുന്നതാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽപോലും അതതു വാർഡുകളിലെ/ഡിവിഷനുകളിലെ നിവാസികളല്ല പലയിടത്തും സ്ഥാനാർത്ഥികളായത്. രാഷ്ട്രീയപാർട്ടികൾ പ്രഖ്യാപിക്കുന്ന സ്ഥാനാർത്ഥികളിൽ ഒരാൾക്ക് വോട്ടുചെയ്യാൻ വോട്ടർമാർ നിർബന്ധിതരാകുന്നു. രാഷ്ട്രീയപാർട്ടികളിൽ തന്നെ ശക്തമായ ഗ്രൂപ്പും അതിന്റെ നേതാവും, ഇവരെ സ്വാധീനിക്കുന്ന നിക്ഷിപ്ത താല്പര്യശക്തികളും നിർദ്ദേശിക്കുന്നവരാണ് പലപ്പോഴും സ്ഥാനാർത്ഥികളായി വരുന്നത്.

തങ്ങളുടെ പ്രദേശത്തുനിന്നുള്ളവരിൽനിന്ന് ഒരാളെ സ്ഥാനാർത്ഥിയാക്കാനോ പ്രതിനിധിയാക്കാനോ ഉള്ള അടിസ്ഥാനപരമായ ജനാധിപത്യ അവസരംപോലും ഇത്തരം തിരഞ്ഞെടുപ്പുകളിൽ ജനങ്ങൾക്ക് ലഭിക്കുന്നില്ല. അതുകൊണ്ടാണ് ഇപ്പോഴത്തെ തിരഞ്ഞെടുപ്പുരീതി ജനാധിപത്യവിരുദ്ധമാണെന്ന് പറയുന്നത്.

ജാതി-മത വിഭാഗങ്ങളുടെ ഇടപെടലുകളും വോട്ട് നേടുന്നതിനായുള്ള പ്രീണനങ്ങളും ഇവിടെ 'വർഗീയത' എന്ന സാമൂഹ്യതിന്മയുടെ ഉത്ഭവത്തിന് വഴിയൊരുക്കുന്നു. കേന്ദ്രീകൃതവും ആധിപത്യത്തിൽ അധിഷ്ഠിതവുമായ മത-കക്ഷി-രാഷ്ട്രീയ കൂട്ടുകെട്ടുകളിലൂടെ മതവും രാഷ്ട്രീയവും അവയുടെ അടിസ്ഥാനമൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നു. ആത്മീയ ശുശ്രൂഷയും

മാനവസേവയും മതങ്ങൾക്ക് അപ്രധാനമാകുന്നു. സ്ഥാപനവത്കരണവും അധികാരമോഹവും പാർട്ടികളിൽ ശക്തമാകുന്നു.

തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കായി സ്ഥാനാർത്ഥികൾ ചെലവഴിക്കുന്ന പണം, ഭാവിയിൽ, അഴിമതിക്ക് കാരണമാകുന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്ന തുകയുടെ പത്ത് മുതൽ പതിനഞ്ച് മടങ്ങ് വരെയുള്ള തുകയാണ് ഓരോ സ്ഥാനാർത്ഥിയും ചെലവിടുന്നത്. പഞ്ചായത്തുതലത്തിൽ ഓരോ സ്ഥാനാർത്ഥിയും രണ്ട് ലക്ഷം മുതൽ ഏഴ് ലക്ഷം രൂപ വരെ ചെലവിടുന്നുവത്രെ. നിയമസഭയിലേക്കാകുമ്പോൾ, ഇത് മൂന്ന് കോടി മുതൽ പത്ത് കോടി വരെ ഉയരുന്നു. തിരഞ്ഞെടുപ്പ് ചെലവുകൾ സംബന്ധിച്ച കണക്കാണ് ഒരു ജനപ്രതിനിധി, തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ ആദ്യമായി നൽകുന്ന രേഖ. പ്രവർത്തനം ആരംഭിക്കുന്നത് തന്നെ ഇത്തരം ഒരു അസത്യ പ്രസ്താവനയോടുകൂടിയാണ് എന്ന് വ്യക്തം.

പല തരത്തിലുള്ള നിക്ഷിപ്ത താല്പര്യക്കാരിൽ നിന്നാണ് പാർട്ടികൾ ഇത്രയും പണം സ്വരൂപിക്കുന്നത്. പിന്നീട് ഇവരുടെ താല്പര്യങ്ങൾക്കനുസരിച്ച് നിലകൊള്ളാൻ ജനപ്രതിനിധി നിർബന്ധിതനാകുമ്പോൾ 'അഴിമതി' എന്ന മറ്റൊരു സാമൂഹ്യതിന്മ ശക്തമാകുന്നു. സ്വതന്ത്രമായ നിലപാട് സ്വീകരിച്ച്, നീതിക്കുവേണ്ടി നിലകൊള്ളാൻ ജനപ്രതിനിധികൾക്ക് സാധിക്കാതെ വരുന്നു. പാർട്ടികളുടെ സ്ഥിതിയും ഇതുതന്നെ. ആത്മീയ-സാമ്പത്തിക-രാഷ്ട്രീയ മേഖലകളെ മാത്രമല്ല, സാംസ്കാരിക മണ്ഡലത്തേയും ഇത് മലിനീകരിക്കുന്നു.

ഇന്നത്തെ പ്രതിസന്ധിഘട്ടത്തിൽ സമൂഹത്തിന് ദിശാഗതി നിർണയിക്കാൻ, മൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന, സജീവവും ധീരവുമായ ഒരു സാംസ്കാരിക നേതൃത്വം അനിവാര്യമാണ്. മേൽസൂചിപ്പിക്കപ്പെട്ട മത-കക്ഷിരാഷ്ട്രീയ ആധിപത്യശക്തികളുടെ സ്വാധീനത്തിൽപെട്ട്, സാംസ്കാരികരംഗത്തുള്ള വ്യക്തികളും സ്ഥാപനങ്ങളും പക്ഷപാതികളായി മാറുന്നു. അധർമത്തിന് നേരെ അസ്തപ്രജ്ഞരായി നിലകൊള്ളുന്ന ഇത്തരം വ്യക്തികളും സ്ഥാപനങ്ങളും സമൂഹത്തിന് ഭാരമായി മാറുന്നു.

തിരഞ്ഞെടുപ്പ് നടത്തിപ്പിനായി പൊതുഖജനാവിൽ നിന്ന് ആയിരക്കണക്കിന് കോടി രൂപയാണ് സർക്കാർ ചെലവാക്കുന്നത്. ഇത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു എന്നതും മറ്റൊരു സാമൂഹ്യപ്രശ്നമാണ്.

ഇത്തരം സാമൂഹ്യദുരന്തങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടാണ് ഗാന്ധിജിയും ജെ.പിയും വികേന്ദ്രീകൃത ജനാധിപത്യം എന്ന ആശയം മുന്നോട്ടുവച്ചത്. വികേന്ദ്രീകൃത-പങ്കാളിത്ത ജനാധിപത്യത്തിന് ഏറ്റവും കൂടുതൽ സാധ്യതയുള്ളത് ഭാരതത്തിനാണ് എന്ന് ഗാന്ധിജി വ്യക്തമാക്കി.

ലോകത്ത് നിലവിലുള്ള ഏതൊരു ജനാധിപത്യ സംഘടനയിലും തിരഞ്ഞെടുപ്പ് നടക്കുന്നത് അടിസ്ഥാനഘടകത്തിൽ നിന്ന് (യൂണിറ്റിൽനിന്ന്) ആരംഭിച്ചുകൊണ്ടാണ്. ഓരോ യൂണിറ്റിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ചേർന്ന് അടുത്ത തലത്തിലുള്ള ഭാരവാഹികളെ തിരഞ്ഞെ

ടുക്കുന്നു. ജില്ല-സംസ്ഥാന-ദേശീയ തലങ്ങളിലേയ്ക്കെല്ലാം ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത് തൊട്ടുതാഴെയുള്ള ഘടകങ്ങളിൽനിന്നു വരുന്ന പ്രതിനിധികളിലൂടെയാണ്.

എങ്കിൽപിന്നെ, പൊതു തിരഞ്ഞെടുപ്പിലും ഈ രീതി സ്വീകരിച്ചുകൂടേ? അമ്പത് വീടുകളുള്ള ഓരോ അയൽസഭകളിൽനിന്നും ഓരോ പ്രതിനിധിയെ തിരഞ്ഞെടുക്കുക പ്രയാസമുള്ള കാര്യമല്ല. അയൽസഭയിലുള്ള നൂറോ നൂറ്റമ്പതോ പേർക്ക് ഒരു വീടിന്റെ മുറ്റത്തോ സാമൂഹ്യസ്ഥാപനത്തിന്റെ ഹാളിലോ ഇരുന്ന് കൂട്ടായി ആലോചിച്ച് ഒരു പ്രതിനിധിയെ നിർദ്ദേശിക്കാവുന്നതേയുള്ളൂ. ഇവർ കൂടിയിരുന്ന് അടുത്ത തലത്തിലേക്കുള്ള ഭാരവാഹികളേയും മുകൾ തട്ടിലേക്കുള്ള പ്രതിനിധിയേയും നിർദ്ദേശിക്കാവുന്നതാണ്. കാര്യമായ പണച്ചെലവില്ലാതെ, പ്രീണനങ്ങളില്ലാതെ, അഴിമതി ഇല്ലാതെ വികേന്ദ്രീകൃതവും പങ്കാളിത്തപൂർണവുമായ തിരഞ്ഞെടുപ്പ് നടത്താൻ ഇതുവഴി സാധിക്കും. ഇത്തരം തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കുവേണ്ടിയുള്ള ജനാഭിപ്രായം ഉയർന്നുവരണം. ജനപങ്കാളിത്തത്തോടുകൂടിയ തിരഞ്ഞെടുപ്പ് പ്രക്രിയ വഴി പല സാമൂഹ്യതിന്മകളേയും ഒഴിവാക്കാൻ നമുക്ക് സാധിക്കും.

പഞ്ചായത്തീരാജ് - നഗരപാലിക നിയമ (1993) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന ഭൂരിഭാഗം വകുപ്പുകളുടേയും നടത്തിപ്പ് ത്രിതല പഞ്ചായത്തുകൾ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിക്കഴിഞ്ഞു. അതുകൊണ്ട് മുൻകാലങ്ങളിലേതുപോലെ സംസ്ഥാന മന്ത്രിസഭയിൽ ഇത്രയേറെ മന്ത്രിമാരുടെ ആവശ്യമില്ല. കേരളം ഭരിക്കാൻ പതിന്നാല് മന്ത്രിമാർ തന്നെ കൂടുതലാണ്. എന്നിട്ടും നമുക്ക് 21 മന്ത്രിമാർ. മന്ത്രിതുല്യപദവികൾ ഉള്ളവരുടെ എണ്ണം വേറെയും. സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് മന്ത്രിമാർ, കോർപ്പറേഷനുകൾ, ബോർഡുകൾ, കമ്മീഷനുകൾ, പി.എസ്.സി. അംഗങ്ങൾ എന്നിവരുടെ എണ്ണം കുറയ്ക്കണം.

ഗ്രാമപഞ്ചായത്തുകളിൽ അയൽസഭകളും ഗ്രാമകേന്ദ്രങ്ങളും ശക്തമാകുകയും ഗ്രാമസഭാ തീരുമാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുന്ന വിധം മാൻഡേറ്ററി പവർ ഗ്രാമസഭകൾക്ക് നൽകുകയും വേണം.

ഓരോ പ്രദേശത്തേയും മണ്ണ്, മണൽ, പാറ തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണ-നിരീക്ഷണ ചുമതലകൾ ഗ്രാമസഭകളിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും നിക്ഷിപ്തമാകണം.

തരിശായിക്കിടക്കുന്ന സ്ഥലങ്ങളും പാട്ടക്കാലാവധി കഴിഞ്ഞ വൻകിട തോട്ടങ്ങളും ബിനാമി ഭൂമികളും ഏറ്റെടുത്ത് കൂട്ടുകൃഷിക്കും തൊഴിൽ അവസര വർദ്ധനവിനും ഉപയോഗപ്പെടുത്തണം.

വിദ്യാഭ്യാസരംഗത്തെ നവീകരണത്തിന്റെ ഭാഗമായി തൊഴിലധിഷ്ഠിതമായതും തൊഴിലിലൂടെ ഉള്ളതുമായ വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കിക്കൊണ്ട് അമിതമായ വിദ്യാഭ്യാസ വായ്പാഭാരത്തിൽനിന്ന് വിദ്യാർത്ഥികളെ മോചിപ്പിക്കണം. വ്യവസായ സ്ഥാപനങ്ങൾക്കും വൻകിട ആരോഗ്യ

സ്ഥാപനങ്ങൾക്കും ആവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ളവരെ പരിശീലിപ്പിക്കാനുള്ള ഉത്തരവാദിത്തം ഇത്തരം സ്ഥാപനങ്ങൾക്ക് തന്നെയായിരിക്കണം.

ധനികരുടെ പണമൂലധനവും ജോലിക്കാരുടെ അദ്ധ്വാന മൂലധനവും സമഞ്ജസമായി സമന്വയിപ്പിക്കുന്ന ഗാന്ധിയൻ-ട്രസ്റ്റിഷിപ്പ് സംരംഭങ്ങൾക്കുള്ള സാധ്യത നാം ഉപയോഗപ്പെടുത്തണം.

സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകുന്ന എല്ലാ തസ്തികകളിലേക്കുമുള്ള നിയമനം പി.എസ്.സി. മുഖേന നടക്കണം. എല്ലാ മേഖലകളേയും ടൂറിസത്തിന് തുറന്നുകൊടുത്തുകൊണ്ട് നമ്മുടെ ജീവിതശൈലിയേയും സംസ്കാരത്തേയും നഷ്ടപ്പെടുത്തുന്ന പ്രവണതയെ പ്രതിരോധിക്കാൻ നമുക്ക് സാധിക്കണം, കാർഷിക-വ്യവസായ-സേവന മേഖലകളിൽ നമ്മുടെ തനത് ഉത്പാദനശൈലിയേയും പൈതൃകത്തേയും സവിശേഷതകളേയും നിലനിർത്താൻ സാധിക്കണം.

കർഷകരുടെ സ്വയംസഹായ സംഘങ്ങൾ, കർഷകസഹകരണ സംഘങ്ങൾ എന്നിവയിലൂടെ കാർഷികരംഗത്ത് വരുമാനം വർദ്ധിപ്പിക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും സാധിക്കും.

ഉത്പാദനരംഗം ഇപ്രകാരം സജീവമാകുമ്പോൾ, മദ്യം, ലോട്ടറി, പുകയില എന്നിവയിൽ നിന്നുള്ള വരുമാനമില്ലാതെ തന്നെ സമ്പദ്ഘടന ശക്തമാകും.

അദ്ധ്വാനത്തിനുള്ള പ്രതിഫലമായല്ലാതെ, പണവും സൗജന്യക്കിറ്റുകളും സ്ഥിരമായി കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന സാമൂഹ്യാന്തരീക്ഷം ഒഴിവാക്കാൻ സാധിക്കണം.

സങ്കീർണമായ സാങ്കേതിക പദങ്ങളും സംജ്ഞകളും ഉപയോഗിച്ച് പൊതുഖജനാവിൽനിന്നും നേടിയെടുക്കുന്ന പണമുപയോഗിച്ച് റോഡുകളും പാലങ്ങളും നിർമിച്ചശേഷം യാത്രക്കാരിൽ നിന്ന് ടോൾപിരിച്ച് സ്വകാര്യക്കമ്പനികൾ കൊള്ളലാഭം ഉണ്ടാക്കുന്നത് അവസാനിപ്പിക്കാൻ സാധിക്കണം.

കാൽനടക്കാർക്കും സൈക്കിൾ സവാരിക്കാർക്കും പ്രത്യേക പരിഗണന എന്നത് നമ്മുടെ റോഡ് സംസ്കാരത്തിന്റെ ഭാഗമാകണം.

ഗാന്ധിയൻ-സർവോദയ ദിശയിലുള്ള ഇത്തരം സാമൂഹികമാറ്റത്തിനായുള്ള ബോധവത്കരണ-സാമൂഹ്യസമ്മർദ്ദ പരിപാടികൾ ഈ കാലഘട്ടത്തിൽ അത്യാവശ്യമാണ്.

❐

കേറെയിലും കേരളത്തിന്റെ ഭാവിയും

കേരളം കോവിഡ് മഹാമാരിയോട് പൊരുതിക്കൊണ്ടിരിക്കുമ്പോഴും നാട്ടിൽ പ്രധാനമായും ചർച്ചയും തർക്കങ്ങളും നടക്കുന്നത് കേറെയിലിനെക്കുറിച്ചാണ്. കേറെയിലിന് അനുകൂലവും പ്രതികൂലവുമായി പലരും രംഗത്ത് വരുന്നുണ്ട്. ഇത്തരം ഒരു സംശയഘട്ടത്തിൽ നിർണയത്തിനായി നമുക്ക് ആശ്രയിക്കാവുന്നത് ഗാന്ധിജി നൽകിയ ഒരു മാന്ത്രിക സൂക്തമാണ്:

"ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം. നിങ്ങൾ സംശയഗ്രസ്തനാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി. നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനും നിസ്സഹായനുമായ മനുഷ്യന്റെ മുഖം മനസ്സിൽ സങ്കൽപ്പിച്ചുനോക്കുക; എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്കേതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിത ഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരുരീതിയിൽ പറഞ്ഞാൽ നമ്മുടെ നാട്ടിൽ ആദ്ധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിനാളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ? അപ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും."

മേൽപറഞ്ഞ മാന്ത്രികസൂക്തത്തിൽ സൂചിപ്പിച്ചവിധം ഏറ്റവും ദരിദ്രരും നിസ്സഹായരുമായ നിരവധി പേരെ നമുക്ക് കേരളത്തിൽ കാണാൻ സാധിക്കും. പിന്നിട്ട ഏതാനും വർഷങ്ങളിലെ സംഭവവികാസങ്ങൾ മൂലം ഇത്തരക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരികയാണ്.

കേരളത്തിൽ 2018, 2019 വർഷങ്ങളിലുണ്ടായ അതിവർഷത്തിലും വെള്ളപ്പൊക്കത്തിലും ദുരിതമനുഭവിച്ചവരും ഇപ്പോഴും തീരാദുരിതത്തിൽ കഴി

യുന്നവരുമായ ലക്ഷക്കണക്കിന് ആളുകളുണ്ട്. കിടപ്പാടവും കൃഷിയിടങ്ങളും ഉപജീവനമാർഗങ്ങളും ആർജിതസമ്പത്തും എല്ലാം നഷ്ടപ്പെട്ട ഇവരാണ് നിസ്സഹായർ. ഇവരുടെ അതിജീവനം എങ്ങുമെത്താതെ അവശേഷിക്കുന്നു. ഇവർക്ക് കൈത്താങ്ങാകാനും ദിശാബോധം നൽകാനും തകർന്നടിഞ്ഞ കാർഷികമേഖലയേയും ചെറുകിട സംരംഭങ്ങളേയും പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾക്കാണ് സർക്കാർ മുൻഗണന നൽകേണ്ടത്. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയ്ക്ക് കാരണമാകുന്ന പാരിസ്ഥിതിക ഘടകങ്ങളെ തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള ദൗത്യങ്ങളാണ് അടിയന്തരമായി ഏറ്റെടുക്കേണ്ടത്. പശ്ചിമഘട്ടവും വയലേലകളും തീരപ്രദേശങ്ങളും ജാഗ്രതയോടെ സംരക്ഷിക്കുക എന്നതിനായിരിക്കണം നമ്മുടെ മുൻഗണന.

കോവിഡ് 19 എന്ന മഹാമാരിമൂലം ദുരിതമനുഭവിക്കുന്നവരാണ് നിസ്സഹായരായവരുടെ പട്ടികയിൽ വരേണ്ട മറ്റൊരു കൂട്ടർ. 2020 ൽ ആരംഭിച്ച് രണ്ടുവർഷക്കാലമായി തുടരുന്ന കോവിഡ് ജനങ്ങളുടെ ഉപജീവനമാർഗത്തേയും സാമ്പത്തികഭദ്രതയേയും മാനസികാരോഗ്യത്തേയും സാരമായി ബാധിച്ചിരിക്കുന്നു.

സ്ഥിരവരുമാനമുള്ള സർക്കാർ-അർദ്ധസർക്കാർ ജീവനക്കാരായ അഞ്ചോ ആറോ ലക്ഷം പേരൊഴിച്ചാൽ ബാക്കി ബഹുഭൂരിപക്ഷവും സാമ്പത്തികമായ അനിശ്ചിതാവസ്ഥയിലാണ്. ഇത്തരക്കാർക്ക് സ്ഥിരമായ ഒരു ഉപജീവനമാർഗം സാദ്ധ്യമാക്കുന്നതിനാണ് നമ്മുടെ മുൻഗണനയും പരിഗണനയും ഉണ്ടാകേണ്ടത്.

കൃഷി, വ്യവസായം, അടിസ്ഥാന സൗകര്യ വിപുലീകരണം എന്നീ മേഖലകളിൽ വികസനത്തിന്റെ പേരിൽ വിവിധതരം ദുരിതങ്ങളിലേക്ക് പിഴുതെറിയപ്പെടുന്നവരും പാർശ്വവത്കരിക്കപ്പെടുന്നവരും നിസ്സഹായർ തന്നെ. വല്ലാർപാടം പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട മൂലമ്പിള്ളിക്കാർ ഒന്നര ദശാബ്ദം പിന്നിട്ടിട്ടും പുനരധിവാസത്തിനായി സമരരംഗത്ത് തന്നെയാണ്.

സർക്കാരിന്റെ ഭാഗമായ പ്ലാന്റേഷൻ കോർപ്പറേഷന്റെ ബുദ്ധിശൂന്യമായ അതിവേഗ പദ്ധതിയുടെ ഭാഗമായാണ് കാസറഗോഡ് കശുമാവിൻതോട്ടങ്ങളിൽ, ഹെലികോപ്റ്റർവഴി എൻഡോസൾഫാൻ കീടനാശിനി തളിച്ചത്. അവിടത്തുകാർ കഴിഞ്ഞ മൂന്ന് തലമുറകളായി ദുരിതം സഹിക്കുകയാണ്. ഇതിനുള്ള നഷ്ടപരിഹാരം (പരിഹരിക്കാനാവാത്ത നഷ്ടമാണ് സംഭവിച്ചത്) നൽകാൻപോലും സർക്കാരിന് സാധിച്ചിട്ടില്ല.

കൊക്കക്കോള കമ്പനി പാലക്കാട് ജില്ലയിലെ ഏതാനും ഗ്രാമപഞ്ചായത്തുകളിൽ നാശങ്ങൾ സൃഷ്ടിച്ചു. കോടതി നിശ്ചയിച്ച നഷ്ടപരിഹാരത്തുകപോലും ദുരിതബാധിതർക്ക് ഇതുവരെയും ലഭിച്ചില്ല. ഇത്തരം പാർശ്വവത്കരിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും, ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുമാണ് അതിവേഗ പദ്ധതികൾ ഉണ്ടാകേണ്ടത്.

നമ്മുടെ യുവതീയുവാക്കൾ ഏതെങ്കിലും പ്രൊഫഷണൽ ബിരുദമെടുത്ത് പുറത്തുവരുമ്പോഴേക്കും ലക്ഷക്കണക്കിന് രൂപയുടെ ബാങ്ക് വായ്പ

യുടേയോ മറ്റ് കടബാധ്യതകളുടേയോ ഭാരംപേറുന്നവരായി മാറിയിരിക്കുമെന്നതാണ് ഇന്നത്തെ അവസ്ഥ. സാധാരണ ബിരുദമെടുത്തവർ യാതൊരു പ്രതീക്ഷയുമില്ലാതെ അലയുന്നു. ഒരുകാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ, പി.എസ്.സി.യിലോ ഉണ്ടായിരുന്ന പ്രതീക്ഷയും ഇന്ന് അസ്തമിച്ചിരിക്കുന്നു. അധികാരത്തിന്റെ ഭാഗമായി നിൽക്കുന്ന ചുരുക്കം ചിലർക്കുമാത്രം ഇതെല്ലാം പിൻവാതിലിലൂടെ ലഭിക്കുന്നു. ലക്ഷക്കണക്കിന് അഭ്യസ്തവിദ്യർക്ക് തൊഴിലോ തൊഴിൽ നൽകുന്ന സംരംഭങ്ങളോ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് കേരളത്തിൽ അതിവേഗം ഉണ്ടാകേണ്ടത്.

സംസ്ഥാനത്ത് മാറി മാറി വരുന്ന സർക്കാരുകൾ ആഡംബരത്തിനും ആർഭാടത്തിനും വോട്ട് ബാങ്ക് പ്രീണനത്തിനും വേണ്ടി കോടിക്കണക്കിന് രൂപ വായ്പവാങ്ങി ധൂർത്തടിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം ഓരോ കേരളീയനും അരലക്ഷം രൂപ കാണാകടം പേറിയാണ് ജീവിക്കുന്നത്. ഇത്തരം കടബാദ്ധ്യതകൾ ലഘൂകരിക്കാനും അധികരിക്കാതിരിക്കാനുമുള്ള അടിയന്തര പദ്ധതികളാണ് കേരളത്തിന് അനിവാര്യമായിട്ടുള്ളത്. ആദ്ധ്യാത്മികമായ ദാരിദ്ര്യംമൂലം ബുദ്ധിമുട്ടുന്നവരാണ് പരിഗണിക്കപ്പെടേണ്ട മറ്റൊരു കൂട്ടം നിസ്സഹായർ. ഓരോ വ്യക്തിക്കും അവന്റെ ഉൺമയെ തിരിച്ചറിയാനും സ്വതന്ത്രമായ നിലപാട് സ്വീകരിക്കുവാനും ആത്മവിശ്വാസത്തോടെയും ആത്മധൈര്യത്തോടെയും മുന്നേറുവാനും സാധിക്കുന്ന അവസ്ഥയാണ് ആദ്ധ്യാത്മിക സമ്പന്നത. ആദ്ധ്യാത്മിക ദാരിദ്ര്യത്തിലേയ്ക്ക് നയിക്കുന്ന സാഹചര്യങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരികയാണ്. നന്മയുടെ ഉറവകൾ വറ്റിവരളുന്നു. മദ്യവും മയക്കുമരുന്നും കൊലപാതകങ്ങളും അതിക്രമങ്ങളും പീഡനങ്ങളും അഴിമതിയും കൈക്കൂലിയും കൺസൾട്ടൻസി കമ്മീഷനും മതസ്പർദ്ധകളും പൊങ്ങച്ചങ്ങളുമെല്ലാം ദാരിദ്യത്തിന്റെ വിവിധ ഭാവങ്ങളാണ്. പെരുകിവരുന്ന ആദ്ധ്യാത്മികദാരിദ്ര്യത്തെ നിർമ്മാർജനം ചെയ്യാൻ മൂല്യാധിഷ്ഠിതവും സർഗാത്മകവും സഹജീവിസ്നേഹത്തിലധിഷ്ഠിതവുമായ പദ്ധതികളാണ് അടിയന്തരാവശ്യം.

മേൽപറഞ്ഞ യാഥാർത്ഥ്യങ്ങളെ മനസ്സിൽ ഉൾക്കൊള്ളുകയും, ഇവയ്ക്ക് പരിഹാരം ഉണ്ടാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്ന ഒരാൾപോലും കേറെയിൽ പദ്ധതി അടിയന്തരമായി നടപ്പാക്കണമെന്നോ അവസാനത്തെ പരിഗണന നൽകിപ്പോലും നടപ്പാക്കേണ്ടതാണെന്നോ ആഗ്രഹിക്കുകയില്ല. കേരളത്തിന് സാമ്പത്തികമായും പാരിസ്ഥിതികമായും സാമൂഹ്യഘടനാപരമായും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാനിടയുള്ള കേറെയിൽ നന്മയുടെ പദ്ധതിയായി അംഗീകരിക്കാനാകില്ല.

പശ്ചിമഘട്ടത്തിനും അറബിക്കടലിനും ഇടയിൽ കിടക്കുന്ന വീതികുറഞ്ഞ നമ്മുടെ കൊച്ചു സംസ്ഥാനത്ത് 41 നദികളും കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നവയാണ്. നീർച്ചാലുകളുടെ ഗതിയും ഇതുതന്നെ. ഇവയ്ക്കെല്ലാം കുറുകെയാണ് തിരുവനന്തപുരത്തുനിന്ന് കാസറഗോഡ് വരെ 530 കിലോമീറ്റർ നീളത്തിൽ കേറെയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ

293 കിലോമീറ്റർ തറയിലൂടെയും, 88 കിലോമീറ്റർ തൂണുകളിലൂടെയും, 12 കിലോമീറ്റർ തുരങ്കത്തിലൂടേയും, 13 കിലോമീറ്റർ പാലങ്ങളിലൂടേയുമാണ് വിഭാവനം ചെയ്യുന്നത്. റയിൽപാളത്തിന്റെ വീതി 1.435 മീറ്ററാണ്. പാളത്തിന് ഇരുവശങ്ങളിലും സംരക്ഷണാർത്ഥം 30 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കും. വടക്ക് നിന്ന് തെക്കോട്ടുള്ള ഈ പദ്ധതിയുടെ വീതി 65-70 മീറ്ററായിരിക്കും. 65-70 മീറ്റർ വീതിയിൽ 530 കിലോമീറ്റർ നീളത്തിൽ നിലവിലുള്ള എല്ലാറ്റിനേയും ഇത് ബാധിക്കും. തിട്ടയിലൂടെ പോകുന്ന 293 മീറ്റർ ദൂര ത്തിൽ റയിൽപാളം 4 മീറ്റർ മുതൽ 8 മീറ്റർ വരെ ഉയരത്തിലായിരിക്കും. 530 കിലോമീറ്റർ ഉടനീളം പാളത്തിന്റെ ഇരുവശത്തും 2.5 മീറ്റർ ഉയരത്തിൽ മതിൽ ഉണ്ടായിരിക്കും. തൂണുകളിലൂടെ പോകുന്ന പട്ടണപ്രദേശങ്ങളിൽ താഴെയുള്ള ജനങ്ങളുടെ ജീവിത്തെ ഇത് ബാധിക്കും. കോഴിക്കോട് പട്ടണ ത്തിന്റേയും കല്ലായിപ്പുഴയുടേയും അടിയിലൂടെയാണ് കേറെയിൽ ടണൽ പോകുന്നത്. ഇത്തരം ഒരു ടണൽ നിർമ്മിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാ തങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. മുഖ്യമായും ഇടനാട്ടിലൂടെയാണ് കേറെയിൽ കടന്നുപോകുന്നത്. വയലുകളിലൂടേയും മറ്റ് കൃഷിയിടങ്ങളി ലൂടേയും റയിൽതിട്ട ഒരുക്കുന്നതിനും ഇരുവശവുമുള്ള മതിൽ നിർമ്മിക്കു ന്നതിനുമായി 50 ലക്ഷം ലോഡ് മണ്ണും 80 ലക്ഷം ലോഡ് കല്ലും വേണ്ടി വരുമത്രേ. കാലാവസ്ഥ-ഭൂഘടനാ സംരക്ഷണത്തിന് അനിവാര്യമായ വലുതും ചെറുതുമായ കുന്നുകളും വയലുകളും ഇതിനകം തന്നെ ആർത്തി പൂണ്ടവരുടെ ചൂഷണത്തിനിരയായി കഴിഞ്ഞിരിക്കുന്നു. ശേഷിക്കുന്ന കുന്നു കളും മലകളും കൂടി കേറെയിലിന്റെ പേരിൽ ഇടിച്ചുനിരത്തപ്പെടും. വയലു കൾ നികത്തപ്പെടും. അവശേഷിക്കുന്ന പശ്ചിമഘട്ടവും കേറെയിലിന്റെ പേരിൽ അപ്രത്യക്ഷമായിക്കൂടെന്നില്ല. അതോടെ പ്രളയവും ചുഴലി ക്കാറ്റുമെല്ലാം ആവർത്തിച്ചുകൊണ്ടിരിക്കും.

ഇത്രയും ദുരന്തങ്ങളൊക്കെയുണ്ടാക്കുന്ന ഈ പദ്ധതിക്ക് 63,941 കോടി ചെലവുവരുമെന്നാണ് സർക്കാർ കണക്ക്. ഇത് ഒന്നരലക്ഷം കോടി രൂപ യെങ്കിലും ആവുമെന്നാണ് പൊതുവെ കണക്കാക്കുന്നത്. ഇത്രയും ഭീമമായ സംഖ്യ സംസ്ഥാന സർക്കാരിന്റെ പക്കലുണ്ടോ?

ഇല്ല. കടമെടുക്കുമത്രേ. ആര് തിരിച്ചടയ്ക്കും എന്ന ചോദ്യത്തിന് ലാഭ ത്തിൽ നിന്ന് തിരിച്ചടയ്ക്കുമെന്നാണ് മറുപടി. ഓരോ ദിവസവും ഒന്നരലക്ഷം ആളുകൾ കേറെയിൽ ഉപയോഗിച്ചാൽ 1605 കോടി രൂപ വാർഷിക വരുമാന മുണ്ടാകുമെന്നാണ് ഡി.പി.ആറിൽ പറയുന്നത്.

മൂന്ന് വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കുമെന്നു പറയുന്നു. ദേശീയ പാത കുതിരാനിൽ രണ്ടര കിലോമീറ്റർ ദൈർഘ്യമുള്ള ടണൽ നിർമ്മിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. ഇതുവരേയും സുരക്ഷിതമായ ടണൽ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. വർഷങ്ങളെടുത്ത് രണ്ടര കിലോമീറ്റർ ടണൽ നിർമ്മിക്കാൻ സാധിക്കാത്ത സർക്കാർ സംവിധാനം മൂന്ന് വർഷംകൊണ്ട്

530 കിലോമീറ്റർ കേറെയിൽ ഉണ്ടാക്കുമെന്ന് പറയുന്നതിന്റെ യുക്തി ആർക്കാണ് ഉൾക്കൊള്ളാനാവുക.

കേറെയിലിന്റെ നേട്ടമായി പറയുന്നത് നാല് മണിക്കൂർകൊണ്ട് കേരളത്തിന്റെ ഒരറ്റത്തുനിന്ന് മറ്റൊരറ്റത്തേയ്ക്ക് എത്താമെന്നതാണ്. ഇതിന് മറ്റ് പല മാർഗങ്ങളും വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നുണ്ട്. നിലവിലുള്ള റയിൽ സംവിധാനം കാര്യക്ഷമമാക്കുകയാണ് ആദ്യം വേണ്ടത്. മൂന്നാമത്തേയും നാലാമത്തേയും റയിൽവേ ലൈൻ നിർമിക്കുന്നതിനുള്ള ഭൂമി ഇപ്പോൾ തന്നെ റയിൽവെ വകുപ്പിന്റെ പേരിൽ അക്വയർ ചെയ്തിട്ടുണ്ട്. ഈ പാതകളിൽ ഒന്ന് അതിവേഗ റയിലിനായി മാറ്റിവച്ചാൽ കേറെയിൽ അവകാശപ്പെടുന്നതിനേക്കാൾ വേഗത്തിൽ സഞ്ചരിക്കാമെന്നാണ് വിദഗ്ദ്ധാഭിപ്രായം. വളവുകളുള്ള റയിൽപാളത്തിലൂടേപോലും അതിവേഗതയിൽ സഞ്ചരിക്കാവുന്ന ടിൽടിങ്ങ് റയിൽവേ (സ്വിറ്റ്സർലാന്റ്) മാതൃകയാക്കാമെന്നും പറയുന്നു.

ജനങ്ങളെ ഇനിയും ബുദ്ധിമുട്ടിക്കാതെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വളരെ കുറഞ്ഞ ബദൽമാർഗങ്ങൾ ഉണ്ടായിട്ടും കേറെയിൽ തന്നെ വേണമെന്ന പിടിവാശിയും തിടുക്കവും കാണിക്കുന്നത് തിന്മയുടെ പ്രലോഭനങ്ങൾ കൊണ്ടാണ്. കേറെയിൽ എന്ന ആശയരൂപീകരണം മുതൽ നിർമ്മാണം വരെ ഓരോ ഘട്ടത്തിലുമായി നിരവധി കൺസൽട്ടൻസികളെ ഏൽപ്പിച്ച് കമ്മീഷൻ വകയിൽ ചിലർക്ക് ലാഭമുണ്ടാക്കാനും ഇഷ്ടക്കാരുടെ കമ്പനികൾക്ക് നിർമ്മാണച്ചുമതല ഏൽപ്പിച്ച് പണം വെളുപ്പിക്കാനും പൊതുമുതൽ കൊള്ളയടിക്കാനുമുള്ള വ്യഗ്രതയാണ് ഇതിന് പിന്നിലെന്ന് ജനങ്ങൾ കരുതിയാൽ തെറ്റ് പറയാനാവില്ല.

1909 ൽ 'ഹിന്ദ്സ്വരാജ്' എന്ന ഗ്രന്ഥത്തിൽ മഹാത്മജി പറഞ്ഞ വാക്കുകൾ ഇപ്പോഴും പ്രസക്തമാണ്:

"ഒച്ചിന്റെ ഗതിയാണ് നന്മയ്ക്കുള്ളത്. പോക്ക് മെല്ലെ. അതുകൊണ്ട് നന്മയുടെ വ്യാപനത്തിന് തീവണ്ടിയുമായി ബന്ധമില്ല. നന്മ ചെയ്യാനാഗ്രഹിക്കുന്നവർ സ്വാർത്ഥികളല്ല. അവർക്ക് ധൃതിയില്ല. അവർക്കറിയാം ജനങ്ങളിൽ നന്മയുണ്ടാക്കാൻ തിരക്കിട്ടിട്ട് കാര്യമില്ലെന്ന്. എന്നാൽ തിന്മയ്ക്ക് ചിറകുണ്ട്." *(ഗാന്ധിജി; ഹിന്ദ്സ്വരാജ്-ഇന്ത്യയുടെ അവസ്ഥ)*

ഇത്തരം തിന്മകൾക്കെതിരെ പ്രതിരോധം തീർക്കേണ്ടത് ജനാധിപത്യത്തിൽ ജനങ്ങളുടെ ധർമ്മമാണ്.

❐

കാർഷിക നിയമം 2020

ഗാന്ധിമാർഗ സർവോദയ സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണവും നിർദ്ദേശങ്ങളും

ഗാന്ധിയൻ സർവോദയ സമീപനം

- മണ്ണിൽ പണിയെടുക്കുന്നവരാണ് കർഷകൻ.
- ഭൂമി ന്യായമായും കർഷകന്റേതാണ്; അല്ലെങ്കിൽ ആയിരിക്കണം.
- കർഷകൻ ഭൂമിയുടെ ഉപ്പാണ്.
- ഇടനിലക്കാരെ ഒഴിവാക്കി പരമാവധി പ്രതിഫലം (കാർഷികോല്പന്ന വില) യഥാർത്ഥ കർഷകന് ലഭിക്കണം.
- ഉല്പാദനപരം അല്ലാത്ത തൊഴിൽ (ബ്രോക്കർ, ദല്ലാൾ, കമ്മീഷൻ ഏജൻറ്, അർഹദിയകൾ) അധാർമ്മികമാണ്. ഇത് ഒഴിവാക്കപ്പെടണം, തുറന്നുകാട്ടപ്പെടണം.
- കർഷക തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കണം.
- കക്ഷിരാഷ്ട്രീയത്തിന്റേയും മൂലധന ശക്തിയുടേയും ആധിപത്യം ഒഴിവാക്കണം.
- ഭൂമിയും സമ്പത്തും അധികാരവും വികേന്ദ്രീകരിക്കപ്പെടണം.

കർഷകർക്ക് ഒപ്പം നിൽക്കണം: എങ്ങനെ?

കർഷകർക്കൊപ്പം നിൽക്കുക എന്നത് എല്ലാ ഗാന്ധിമാർഗ പ്രവർത്തകരുടെയും ഗാന്ധിയൻ സർവോദയ സംഘടനകളുടെയും കടമയാണ്. കർഷകർക്ക് അവരുടെ ദുരിതങ്ങളിൽ നിന്ന് മോചനം നേടി സ്വന്തം കാലിൽ നിൽക്കാനും അഭിമാനത്തോടെ കാർഷികവൃത്തി തുടരാനും സാധിക്കണം.

കർഷകരുടെ പ്രധാന പ്രശ്നങ്ങൾ ഇവയാണ്

- മുതൽമുടക്കാൻ പണമില്ലാത്ത സ്ഥിതി.
- അർഹദിയ എന്ന ദല്ലാൾമാരുടെ നിരന്തര ചൂഷണവും കടക്കെണിയും.
- കുത്തകകളുടെ കടന്നുകയറ്റം.
- വൻതുക പാട്ടമായി കൊടുക്കാനുള്ള ശേഷിക്കുറവ്.
- ഒറ്റപ്പെടലും സാമൂഹ്യസുരക്ഷ ഇല്ലെന്നുള്ള തോന്നലും.

ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാധ്യതകൾ കാർഷിക നിയമം 2020 (മൂന്ന് നിയമങ്ങൾ) ഇതിൽ ഉണ്ടോ?

ഗാന്ധിയൻ സർവോദയ മാനദണ്ഡങ്ങൾ മനസ്സിൽവച്ച് ഈ നിയമങ്ങൾ വായിച്ച് ബ്രോക്കർമാരുടെ ചൂഷണത്തിൽനിന്നും മോചനം; കർഷക സഹകരണ സംഘങ്ങളിലൂടെ സംഘബലം, സാമ്പത്തിക സഹായം എന്നിവ ആർജിക്കൽ; കരാറുകളിൽ ഏർപ്പെടുമ്പോൾ ഇത്തരം സംഘങ്ങളുടെ മേൽനോട്ടവും നിരീക്ഷണവും എന്നീ കാര്യങ്ങൾക്കുള്ള സാധ്യതകൾ ഈ നിയമങ്ങളിൽ കാണുന്നുണ്ട്.

കാർഷിക നിയമം 2020 (മൂന്ന് നിയമങ്ങൾ) പിൻവലിക്കുകയല്ല വേണ്ടത്. സത്യസന്ധമായി നടപ്പിൽ വരുത്തുകയും ആവശ്യമായ കൂട്ടിച്ചേർക്കലുകളും നവീകരണങ്ങളും വരുത്തണം.

ഭേദഗതി നിർദ്ദേശങ്ങൾക്കും അനുബന്ധ നിയമനിർമ്മാണത്തിനും താഴെ പറയുന്ന നിരീക്ഷണങ്ങൾ സഹായകരമാകും.

കാർഷിക നിയമം 2020 നിരീക്ഷണം

1. കർഷകന് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കണം.
2. കർഷകന്റെ ബാങ്ക് അക്കൗണ്ട് പബ്ലിക് ഫിനാൻസ് മാനേജ്മെൻറ് സിസ്റ്റ (PFMS)വുമായി ബന്ധിപ്പിക്കണം. അതുവഴി കർഷകർക്കുള്ള ആനുകൂല്യങ്ങളും കാർഷിക ഉല്പന്ന വിലയും യഥാർത്ഥത്തിൽ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനാകും (കമ്മീഷൻ ഏജന്റുമാരായ അർഹദിയകൾ ഇതിനെ എതിർക്കുന്നു).
3. ഓരോ പ്രദേശത്തും കർഷകരുടെ സ്വയം സഹായ സംഘങ്ങൾ രൂപം കൊള്ളണം. ഉത്പാദനരംഗത്ത് പരസ്പര സഹകരണത്തോടെ പ്രവർത്തിക്കാൻ കർഷകർക്ക് സാധിക്കുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കുകയും ഉൽപാദന മികവിന് കാരണമാകുകയും ചെയ്യും.
4. സ്വയം സഹായ സംഘങ്ങൾ വഴി കർഷകർക്ക് ആവശ്യമായ മുൻകൂർ മൂലധനം ബാങ്കുകളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കണം.
5. നിലം ഒരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സഹകരിച്ച് ചെയ്യുമ്പോൾ ഉല്പാദനച്ചെലവ് കുറയും.
6. ഇത്തരം അഞ്ചോ പത്തോ കർഷക സ്വയംസഹായ സംഘങ്ങൾ ചേർന്ന് കാർഷികോല്പാദന വിപണന കേന്ദ്രങ്ങൾ (എ.പി.എം.സി) ഒരുക്കാം. ഓരോ സ്വയം സഹായസംഘത്തിൽ നിന്നുമുള്ള പ്രതിനിധികൾ അയൽസഭ, ഗ്രാമസഭ പ്രതിനിധികൾ എന്നിവരുൾപ്പെട്ടുകൊണ്ടുള്ള സമിതിയായിരിക്കണം APMCയുടെ ചുമതല. കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ ഇപ്രകാരം രൂപീകരിക്കപ്പെടുന്ന കാർഷികോല്പാദന വിപണന കേന്ദ്രങ്ങൾ വഴി വിൽപ്പന നടത്താം.
7. കർഷക സ്വയം സഹായ സംഘങ്ങൾ, ഉല്പാദന വിപണന കേന്ദ്രങ്ങൾ എന്നിവയുടെ കാര്യങ്ങൾ അയൽസഭ, ഗ്രാമസഭ, ഗ്രാമപഞ്ചാ

യത്ത് വികസന സമിതി എന്നിവയിലെല്ലാം ചർച്ച ചെയ്യപ്പെടുന്ന സംവിധാനമുണ്ടാകണം.

8. എ.പി.എം.സി (മണ്ഡികൾ) അഥവാ കാർഷികോല്പാദന വിപണന കേന്ദ്രങ്ങൾക്ക് പുറത്തും ഉല്പന്നങ്ങൾ വിൽക്കാനുള്ള സ്വാതന്ത്ര്യം കർഷകന് ഉണ്ടായിരിക്കണം. അത്തരം വിൽപ്പന അനിവാര്യമല്ലാത്ത വിധം മെച്ചപ്പെട്ട വില എ.പി.എം.സി (മണ്ഡികൾ) യിൽ നിന്ന് ലഭിക്കുന്ന സാഹചര്യം നിലനിൽക്കണം.
9. കർഷകരുടെ തന്നെ സംരംഭമായ സ്വയം സഹായ സംഘങ്ങളും എ.പി.എം.സി (മണ്ഡികൾ)യും നല്ല രീതിയിൽ തുടരേണ്ടത് കർഷകരുടെ ഉത്തരവാദിത്തമാണെന്ന ബോധം കർഷകർക്ക് ഉണ്ടാകണം.
10. ഇത്തരം സാഹചര്യങ്ങൾ ഉറപ്പുവരുത്താനുള്ള നിയമപരമായ വ്യവസ്ഥകൾ കർഷക നിയമം1 ൽ FPTC Act 2020 ൽ (Farmers Produce Trade and commerce - Promotion & Facilitation - Act 2020) ഉണ്ടാകണം.
11. കമ്മീഷൻ ഏജന്റുമാരുടെ (അർഹദിയകളുടെ) നീരാളിപ്പിടുത്തത്തിൽ നിന്ന് കർഷകർ മോചിപ്പിക്കപ്പെടണം. കർഷകരുടെ അക്കൗണ്ട് പി.എഫ്.എം.എസുമായി ലിങ്ക് ചെയ്യുന്നതിനേയും കർഷകർ നേരിട്ട് ഓൺലൈൻ വിപണന സാധ്യത ഉപയോഗപ്പെടുത്തുന്നതിനേയും കമ്മീഷൻ ഏജന്റുമാർ (അർഹദിയകൾ) വിലക്കുകയാണ്.
ഭൂരിഭാഗം കർഷകരും കമ്മീഷൻ ഏജന്റുമാരുടെ വായ്പാകെണിയിലാണ്. കർഷകരുടെ നിലവിലുള്ള കടങ്ങൾ ചൂണ്ടിക്കാട്ടി പുതിയ സംവിധാനം വന്നാൽ നിലവിലുള്ള വായ്പ തിരിച്ചടവിന്റെ ഭാഗമായി കൃഷിഭൂമി തങ്ങൾക്ക് തരേണ്ടിവരും എന്ന ഭീഷണിയും വ്യാപകമാകുന്നു.
12. ഓരോ കമ്മീഷൻ ഏജന്റിന്റേയും കീഴിൽ 100 മുതൽ 200 വരെ കർഷകർ ഉണ്ട്. പഞ്ചാബിലെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട 48,000 അർഹദിയകളുടെ കീഴിൽ 18 ലക്ഷം കർഷകരാണ് ഉള്ളത്.
13. കാർഷികോല്പന്ന വിപണന കേന്ദ്രങ്ങൾ (മണ്ഡികൾ) സംഘടിപ്പിക്കുന്നതിന് യഥാർത്ഥ കർഷകരുടെ പ്രാതിനിധ്യം ഉൾപ്പെടുന്ന, കക്ഷിരാഷ്ട്രീയം ഇല്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങൾ ഉണ്ടാക്കുന്നത് നല്ലതാണ്.
14. ഇത്തരം പ്രാഥമിക സംഘങ്ങളുടെ ക്രോഡീകൃത സംവിധാനമായി (അപ്പക്സ് ബോർഡ്) ബ്ലോക്ക്/ജില്ലാ തലത്തിൽ കർഷക സഹകരണ സംഘങ്ങളും ഉണ്ടാക്കാം.
15. കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും ഗതാഗതത്തിനും ഉള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇത്തരം സംഘങ്ങൾക്ക് വിവിധ പദ്ധതികൾ വഴി വിവിധ തലത്തിലുള്ള ഗവൺമെന്റുകളുടെ സാമ്പത്തിക സഹായം ഉണ്ടാകണം.
16. കാർഷിക ഉല്പന്നങ്ങളുടെ ശേഖരണം, സംഭരണം, മൂല്യവർദ്ധിത പ്രവർത്തനങ്ങൾ എന്നീ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായ

യൂണിറ്റുകൾ, ബിസിനസ് ഗ്രൂപ്പുകൾ എന്നിവയുമായി കരാറിൽ ഏർപ്പെടുന്നത് ഇത്തരത്തിലുള്ള ബ്ലോക്ക്/ജില്ലാ തലത്തിലുള്ള കാർഷിക സഹകരണ സംഘങ്ങൾ വഴി ആയിരിക്കണം.

17. സ്വകാര്യ കുത്തക കമ്പനികളുടെ അനിയന്ത്രിതമായ കടന്നുകയറ്റം ഒഴിവാക്കാൻ ജനകീയ സഹകരണ സംഘങ്ങൾക്ക് സാധിക്കും. ഇത്തരം സംഘങ്ങൾ കക്ഷിരാഷ്ട്രീയത്തിന് അടിമപ്പെടാതെയിരിക്കാനുള്ള ജാഗ്രത കർഷകർക്ക് ഉണ്ടായിരിക്കണം.
18. കർഷകർക്ക് തറവില മാത്രം നൽകുകയും അതിന്റെ അനവധി മടങ്ങ് വിലയ്ക്ക് ഉല്പന്നം മറിച്ചുവിൽക്കുകയും ചെയ്യുന്ന കമ്മീഷൻ ഏജന്റുമാർ (അർഹദിയകൾ), ബ്രോക്കർമാർ എന്നിവരെ ഒഴിവാക്കാൻ കർഷക സഹകരണ സംഘങ്ങൾക്ക് സാധിക്കണം
19. കാർഷികോല്പന്നങ്ങളുടെ വാണിജ്യ-വ്യവസായ പ്രവർത്തനങ്ങളിൽ സ്വകാര്യ ഗ്രൂപ്പുകളോ കമ്പനികളോ അധാർമികമായി ഇടപെടാതിരിക്കാനുള്ള നിയമപരമായ വ്യവസ്ഥകളും കർഷക സംരക്ഷണ നിബന്ധനകളും കാർഷിക നിയമം രണ്ടിൽ (FAPAFS Act 2020) Farmer's (Empowerment & Protection) Agreement of Price Assistance and Farm Services Act 2020 ഉറപ്പു വരുത്താൻ സാധിക്കണം.
20. കാർഷികോല്പന്നങ്ങൾക്ക് തറവില ഉറപ്പുവരുത്തുന്നതുപോലെതന്നെ ഏറ്റവും കൂടിയ വിലയും നീതിപൂർവകമായി നിശ്ചയിക്കാനും ജാഗ്രതയോടെ നിരീക്ഷിക്കാനും ആവശ്യമെങ്കിൽ ഇടപെടാനും അവശ്യ വസ്തുക്കൾ ഉറപ്പു വരുത്തുവാനും ഗവണ്മെൻറിന് സാധിക്കുന്ന വ്യക്തമായ വ്യവസ്ഥകൾ കാർഷിക നിയമം 3 ൽ The Essential Commodities (Amendment) Act 2020 ൽ (ECA Act 2020) ഉൾപ്പെടുത്തണം.
21. ഭൂമി, മണ്ണിൽ പണിയെടുക്കുന്ന കർഷകന്റേതാകുന്ന വിധത്തിൽ ഭൂപരിഷ്കരണ നടപടികൾ ശക്തിപ്പെടുത്തണം. അമിതമായി ഭൂമി കൈവശംവയ്ക്കുന്നത് ഒഴിവാക്കണം.
22. കർഷക സംഘങ്ങൾക്ക് മൂലധനം ഉറപ്പുവരുത്തിക്കൊണ്ട് കർഷകർ തന്നെ ഉല്പാദകർ ആകുന്നു എന്ന സ്ഥിതിവിശേഷം നിലനിർത്തണം.
23. വികേന്ദ്രീകൃത കക്ഷിരഹിത ജനാധിപത്യ സംവിധാനം ശക്തിപ്പെടണം.
24. സ്വകാര്യകമ്പനികളെ പങ്കാളികളാക്കുമ്പോൾ ഗാന്ധിയൻ ട്രസ്റ്റിഷിപ്പ് സംവിധാന പ്രകാരം അവരെ ഉൾക്കൊള്ളാൻ സാധിക്കണം.
25. യഥാർത്ഥ കർഷകരെ കടക്കെണിയിൽപെടുത്തിയും ഗ്രാമതലം മുതൽ അഖിലേന്ത്യാതലം വരെയുള്ള അധികാരികളെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തെയും സ്വാധീനിച്ചും സ്വാർത്ഥപൂരണം നടത്തുന്ന കമ്മീഷൻ ഏജന്റുമാർ ഇല്ലാത്ത ഒരു യഥാർത്ഥ കാർഷിക മേഖല നമുക്ക് സാധ്യമാകണം.

❐

കേരളത്തിന്റെ രക്ഷയ്ക്കായി ഇപ്പോൾ ചെയ്യേണ്ടത്

ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ കേരളം നരബലിയുടെ നാടായി അറിയപ്പെടാൻ ആരും ആഗ്രഹിക്കുന്നില്ല. നാം പ്രബുദ്ധമെന്ന് അഭിമാനിച്ചിരുന്ന കേരളം എന്തുകൊണ്ട് ഇങ്ങനെ മാറുന്നു? എന്താണ് ഇതിന് പരിഹാരം?

ആർത്തിയും ലഹരിയുമാണ് കേരളത്തിന്റെ തകർച്ചയ്ക്ക് പ്രധാന കാരണങ്ങൾ. പണം, പദവി, പ്രശസ്തി, ഉപഭോഗങ്ങൾ എന്നിവയ്ക്കായുള്ള ആർത്തി പെരുകിക്കൊണ്ടിരിക്കുന്നു. വ്യക്തിയിലും സാമൂഹ്യസ്ഥാപനങ്ങളിലും, സംഘടനകളിലും ആർത്തിയുടെ ആധിക്യം മഹാവ്യാധിയായി പടരുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരികളും അധഃപതനത്തിന്റെ ആക്കം വർദ്ധിപ്പിക്കുകയാണ്. തീർച്ചയായും ഒരു മാറ്റം അനിവാര്യമാണ്.

നമ്മുടെ ഓരോരുത്തരുടേയും മനസ്സിൽ നിന്നാണ് ഈ പ്രക്രിയ ആരംഭിക്കേണ്ടത്. സർവ ജീവജാലങ്ങളുടേയും നന്മ അഥവാ പുരോഗതി അല്ലെങ്കിൽ ഉദയം ആഗ്രഹിക്കുന്ന മനസ്സാണ് ഇതിന് ആധാരമാകേണ്ടത്. ഇത്തരം സർവോദയമനസ്സിൽ രൂപംകൊള്ളുന്ന വാക്കും പ്രവൃത്തിയും മറ്റുള്ളവരുടെ നന്മയ്ക്കും ഉദയത്തിനും ഉതകുന്നത് തന്നെയായിരിക്കും. മാനസിക പരിവർത്തനം സംഭവിച്ച വ്യക്തിയിലൂടെ കുടുംബത്തിലും സമൂഹത്തിലും പുരോഗതി സാധ്യമാകുന്നു. ഇതുവഴി സംസ്ഥാനത്തിന്റെ ഉണർവും പുനരുദ്ധാരണവും യാഥാർത്ഥ്യമാകും.

ആർത്തിയെ പെരുപ്പിക്കുന്ന കക്ഷിരാഷ്ട്രീയം

"കേരളത്തെ രക്ഷിക്കുവാൻ കക്ഷിരാഷ്ട്രീയക്കാർക്കല്ല, സർവോദയത്തിനുമാത്രമാണ് സാധിക്കുക." ദശാബ്ദങ്ങൾക്കുമുമ്പ് ഭൂദാനയാത്രയ്ക്കിടെ കേരളത്തിൽവച്ച് ആചാര്യ വിനോബഭാവെ പറഞ്ഞ വാക്കുകളാണിത്. ഇന്നത്തെ കേരള സാഹചര്യത്തിൽ ആചാര്യ വിനോബഭാവെയുടെ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്. അന്ധവും അമിതവുമായ കക്ഷിരാഷ്ട്രീയം കേരളത്തിന് ഏറ്റവും ദോഷകരമായ ദൗർബല്യമായി മാറിയിരിക്കുന്നു. എല്ലാ രാഷ്ട്രീയ കക്ഷികളും ആർത്തിയെ പെരുപ്പിക്കുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രഥമമായും അധികാരം, ആധിപത്യം എന്നിവയെ ലക്ഷ്യമാക്കിയാണ്

മുന്നേറുന്നത്. വിരളമാകുന്ന സേവനദൗത്യങ്ങൾതന്നെ മേൽപറഞ്ഞവയിലേയ്ക്കുള്ള പടവുകളായി പരിഗണിക്കപ്പെടുന്നു.

ആർത്തി പെരുകുമ്പോൾ രൂപപ്പെടുന്ന മൂന്ന് ഭാവതലങ്ങളാണ് വിഭ്രാന്തി, വിധേയത്വം, വെറുപ്പ് എന്നിവ. ഈ മൂന്ന് ഭാവങ്ങളും മനസ്സിന്റെ സ്വതന്ത്രാവസ്ഥയെ നഷ്ടപ്പെടുത്തുന്നു. അടിമമനസ്സിന്റെ ഉടമകളായി പാർട്ടി പ്രവർത്തകരും സാമാന്യജനങ്ങളും മാറുന്നു. മനസ്സിന്റെ ഈ അവസ്ഥയാണ് കൊലപാതകം ഉൾപ്പെടെയുള്ള ഹിംസാത്മക പ്രവർത്തനങ്ങളിലേയ്ക്ക് മനുഷ്യരെ നയിക്കുന്നത്. തികച്ചും അപകടകരമായ ഈ സാമൂഹ്യപരിസരത്തെ അതിജീവിക്കുകയും മാറ്റിത്തീർക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ കേരളത്തിന് മുന്നേറാനാവൂ. സ്വതന്ത്രവും നീതിയുടെ പക്ഷത്ത് നിൽക്കുന്നതുമായ സാമൂഹ്യ പരിസരത്തെ നാം വീണ്ടെടുക്കണം. ജനങ്ങളുടെ ജാഗ്രതയേയും ജനശക്തിയേയും ഉത്തേജിപ്പിക്കുകയും ജനകീയ ജനാധിപത്യം ശക്തമാക്കുകയുമാണ് ഇതിനുള്ള മാർഗം.

1990 ലെ സമ്പൂർണ സാക്ഷരതാ പ്രസ്ഥാനം, 95 കാലഘട്ടത്തിൽ രൂപം കൊണ്ട സ്വയംസഹായസംഘങ്ങൾ, 97 ലെ ജനകീയാസൂത്രണ പ്രസ്ഥാനം എന്നിവയെല്ലാം ആരംഭത്തിൽ സ്വതന്ത്രവും നിക്ഷ്പക്ഷവുമായ ജനകീയ മുന്നേറ്റങ്ങളായിരുന്നു. ഇത് തങ്ങളുടെ സ്വാർത്ഥതാല്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് മനസ്സിലാക്കിയ രാഷ്ട്രീയ കക്ഷികൾ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഈ സ്വതന്ത്ര ജനകീയപ്രസ്ഥാനങ്ങളെല്ലാം തങ്ങളുടെ വർണക്കുടകൾക്ക് കീഴിൽ ഒതുക്കിനിർത്തി. കേരള സമൂഹത്തിന് ഏറെ ഗുണകരമാകുമായിരുന്ന സ്വതന്ത്ര ജനാധിപത്യ സംസ്കാരത്തെയാണ് രാഷ്ട്രീയകക്ഷികൾ തങ്ങളുടെ വർണക്കുടകൾക്ക് കീഴിൽ ഒതുക്കി നിർവീര്യമാക്കിയത്. ഇക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ തമ്മിൽ മത്സരമുണ്ടായിരുന്നു. എന്നാൽ ജനമുന്നേറ്റത്തിന്റെ മുനയൊടിക്കുന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു ഇക്കൂട്ടർ.

വ്യക്തിമനസ്സുകളെ വിധേയത്വം, വിഭ്രാന്തി, വെറുപ്പ് എന്നിവയിൽനിന്ന് മോചിപ്പിച്ച്, ഗാന്ധിജിയും ജെ.പി.യും നിർദ്ദേശിച്ച സ്വതന്ത്ര ജനാധിപത്യ പരിസരം സൃഷ്ടിക്കാനുള്ള ശ്രദ്ധാപൂർവമുള്ള പരിശ്രമങ്ങളാണ് ഇന്നത്തെ ആവശ്യം.

വിദ്യാഭ്യാസവും തൊഴിലും

വിജ്ഞാനത്തേയും വിവേകത്തേയും നൈപുണിയേയും വികസിപ്പിക്കുന്ന ഒരു വിദ്യാഭ്യാസപ്രക്രിയയെ പ്രയോഗത്തിൽ കൊണ്ടുവരാൻ നാം ഇനിയെങ്കിലും തയ്യാറാകണം. ഗാന്ധിജി നിർദ്ദേശിച്ചതുപോലെ വ്യക്തിയുടെ സമഗ്രമായ വികാസം സാധ്യമാകുന്ന വിദ്യാഭ്യാസം-സ്വാമി വിവേകാനന്ദൻ നിർദ്ദേശിച്ച മനുഷ്യനെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം നാം ഉറപ്പുവരുത്തണം.

'ഏറ്റവും ഉയർന്ന തരത്തിലുള്ള വിദ്യാഭ്യാസംപോലും നൽകുന്നത് മാതൃഭാഷയിലൂടെയായിരിക്കണം' എന്ന ഗാന്ധിവചനം മാർഗദർശകമാകട്ടെ. മൂല്യങ്ങളെ വളർത്താനും സാംസ്കാരിക നവോത്ഥാനത്തിനും ഇത്തരം വിദ്യാഭ്യാസം കരുത്തുനൽകും.

ബിരുദം നേടി പുറത്തിറങ്ങുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ കട ബാധ്യത പേറുന്ന യുവത്വം പെട്ടെന്ന് പണം സമ്പാദിക്കാനുള്ള വ്യഗ്രതയി ലേയ്ക്ക് വഴിമാറുമ്പോൾ മാനവികതയും സാമൂഹ്യബോധവുമൊക്കെ വിസ്മ രിക്കപ്പെടുക സ്വാഭാവികമാണ്. പഠനകാലത്ത് വിദ്യാർത്ഥിചെയ്യുന്ന സേവന-തൊഴിൽ പ്രവർത്തനങ്ങളിലൂടെ പഠനച്ചെലവ് കണ്ടെത്താനുള്ള അവസരം സൃഷ്ടിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസപദ്ധതി പുനഃസൃഷ്ടിക്കേണ്ടിയിരി ക്കുന്നു. എങ്കിൽമാത്രമേ തന്റെ തൊഴിൽ, രാഷ്ട്രസേവനത്തിനുള്ള ഒരു അവ സരമായി യുവാക്കൾക്ക് ബോധ്യപ്പെടുകയുള്ളൂ. തൊഴിലിനെ സാമൂഹ്യ സമർ പ്പണമായി കാണാൻ സാധിക്കുന്ന ആദർശാത്മക മനസ്സുള്ളവർക്കാണ് ഉല്പാ ദനപരമായ തൊഴിലിനെ സ്വീകരിക്കാനും ഉല്പാദനപരമല്ലാത്ത തൊഴിലു കളെ നിരാകരിക്കാനും സാധിക്കുക. പലിശ, ദല്ലാൾ പണി, ചൂതാട്ടം, ലോട്ടറി, കളവ്, അനാശാസ്യങ്ങൾ എന്നിവയാണ് നിരാകരിക്കേണ്ടത്. ഉല്പാദകപര മല്ലാത്ത തൊഴിലുകളായി ഗാന്ധിജി ചൂണ്ടിക്കാണിച്ച ഇത്തരം കാര്യങ്ങൾ സമൂഹത്തെ അധഃപതനത്തിലേയ്ക്കാണ് നയിക്കുക.

മതവും വിശ്വാസവും

എല്ലാ മതങ്ങളും ലക്ഷ്യമിടുന്നത് വ്യക്തിമനസ്സിന്റെ ശുദ്ധീകരണവും സാക്ഷാത്കാരവുമാണ്. ഈ അർത്ഥത്തിൽ മതങ്ങൾ സാംസ്കാരിക നവോ ത്ഥാനത്തിന് ശക്തിപകരുന്നു. അതുകൊണ്ടാണ് ഗാന്ധിജി ഇപ്രകാരം പറ യുന്നത്: "എല്ലാ മതങ്ങളും നന്മയിലധിഷ്ഠിതമാണ്. തിന്മ മതത്തിന്റേതല്ല; മതാനുയായിയുടേതാണ്."

ജീവിതത്തിന് ഒരു ചിട്ടയും ദിശാബോധവും നൽകാൻ എല്ലാ മതങ്ങളും സഹായിക്കുന്നു. യഥാർത്ഥമതം മതാന്ധതയിലേയ്ക്കും മതമൗലികതയി ലേയ്ക്കും വഴിപിഴയ്ക്കാതിരിക്കാൻ നിതാന്ത ജാഗ്രത ഉണ്ടാകണം. "അവ നവനാത്മസുഖത്തിനാചരിക്കുന്നവ അപരന്റെ സുഖത്തിനായി വരേണം" എന്ന ശ്രീനാരായണഗുരുവചനം ഇതിന് നമ്മെ സഹായിക്കും. വിശ്വാസം അന്ധവിശ്വാസത്തിലേയ്ക്ക് വഴിമാറാതിരിക്കാനുള്ള കരുതലും ഈ കാല ഘട്ടത്തിന്റെ അനിവാര്യതയാണ്. "ഒരാളുടേയും വിശ്വാസത്തെ തകർക്കരുത്. നിലവിലുള്ള തലത്തിൽനിന്ന് ഉയർന്നതലത്തിലേയ്ക്ക് വികസിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്" എന്ന സ്വാമിവിവേകാനന്ദ സന്ദേശം നമുക്ക് വഴികാട്ടട്ടെ.

ആഡംബരവും ആർഭാടവും

ലളിതജീവിതവും മിതമായ ഭക്ഷണവുമാണ് ഉന്നതവും സമ്പന്നവുമായ സംസ്കാരത്തിലേയ്ക്കുള്ള പാത. പുനരുത്ഥാനത്തിനുള്ള അവശ്യഘടക ങ്ങളാണ് ഇവ. എന്നാൽ ഇപ്പോൾ വ്യാപകമായി കേൾക്കുന്ന അടിപൊളി, ഭയങ്കരം, കട്ടക്കലിപ്പ് എന്നീ വാക്കുകൾ വർത്തമാനകാല ജീവിതത്തിലു ണ്ടാകുന്ന അർത്ഥഭേദങ്ങളുടെ സാക്ഷിപത്രങ്ങളാണ്.

ഇന്ത്യൻ ജനസംഖ്യയുടെ രണ്ടര ശതമാനം മാത്രമുള്ള കേരളത്തിലാണ് സ്വർണവ്യാപാരത്തിന്റെ 20%വും നടക്കുന്നതെന്നത് നമ്മുടെ അനാവശ്യമായ ആഡംബരത്തിന്റെ സൂചികയാണ്. വിവാഹവും വിജയവും മരണവുമെല്ലാം ഇവിടെ ആഘോഷങ്ങളാകുന്നു. ഇത്തരം ആർഭാടങ്ങൾ കടബാധ്യതകളിലേയ്ക്കും അസ്വസ്ഥതകളിലേയ്ക്കും സമൂഹത്തെ നയിക്കുന്നു.

വിവാഹം എന്നത് രണ്ട് മനസ്സുകളുടെ സംയോഗവും ഒറ്റ വ്യക്തിത്വത്തിലേയ്ക്ക് ഏകീഭവിക്കലുമാണെന്ന ഉദാത്തമായ സങ്കൽപ്പത്തെ അറിഞ്ഞ് ആചരിക്കാതിരിക്കുമ്പോഴാണ് താൻപോരിമയും വിവാഹമോചനവും കുടുംബകലഹങ്ങളുമെല്ലാം വ്യാപകമാകുന്നത്. സാംസ്കാരിക നവോത്ഥാനത്തെ പ്രചോദിപ്പിക്കുന്ന ആചരണങ്ങൾ ഏതൊരു സമൂഹത്തിനും അവശ്യഘടകമാണ്. വിവാഹം എന്നതിനു പകരം 'ലിവ് ടുഗെതർ' എന്നാണ് ചിലർ ഉപയോഗിക്കുന്നത്. പൈതൃകത്തെ അവഗണിച്ച് പരിഷ്കാരത്തെ വരിക്കാനുള്ള വ്യഗ്രത, വേഗം വേർപിരിയലിലേക്കാണ് പലപ്പോഴും നയിക്കുന്നത്. വിവാഹം എന്ന പ്രക്രിയയിലൂടെ രണ്ട് വ്യക്തിമനസ്സുകൾ ഒന്നാകുന്നതോടൊപ്പം കുടുംബം എന്ന സാന്മാർഗിക ദേവാലയത്തിന്റെ സംരക്ഷണം എന്ന ധാർമ്മിക ദൗത്യം കൂടി ദമ്പതിമാർ ഏറ്റെടുക്കുമ്പോൾ വിവാഹജീവിതവും കുടുംബജീവിതവും സുഭദ്രമാകും.

മദ്യവും ലഹരിയും

1968 ലെ തിരുനാവായ സർവോദയ മേളയിൽ പ്രസംഗിക്കുമ്പോൾ വി.ടി. ഭട്ടതിരിപ്പാട് പറഞ്ഞു: "ജഗദ്ഗുരു ശ്രീശങ്കരന്റെ പിൻതലമുറക്കാർ കേരളത്തിലെങ്ങും തണ്ണീർ പന്തലുകളുണ്ടാക്കി. ഇന്നത്തെ ശങ്കരൻ നമ്പൂതിരി അതിന്റെ സ്ഥാനത്ത് സർവത്ര മദ്യഷാപ്പുകളാണ് ഉണ്ടാക്കുന്നത്."

ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള അന്നത്തെ സർക്കാർ മദ്യനിരോധനം പിൻവലിച്ച് ഷാപ്പുകൾ ആരംഭിക്കാൻ അനുമതി നൽകിയിരുന്നു. ഇതിൽ പ്രതിഷേധിച്ച് കേരളഗാന്ധി കെ. കേളപ്പന്റെ നേതൃത്വത്തിൽ മലബാർ മേഖലയിൽ, പ്രത്യേകിച്ച് പയ്യോളിയിൽ മദ്യഷാപ്പ് പിക്കറ്റിംഗ് ശക്തിപ്പെടുത്തിയിരുന്നു. സർവോദയ മേളയ്ക്ക് തൊട്ടുമുമ്പാണ് തത്കാലത്തേയ്ക്ക് പിക്കറ്റിംഗ് പരിപാടികൾ നിർത്തിവച്ചത്. ഈ സാഹചര്യത്തെ പരാമർശിച്ചുകൊണ്ടാണ് സാമൂഹ്യ പരിഷ്കർത്താവായ വി.ടി. ഭട്ടതിരിപ്പാട് ഇങ്ങനെ പറഞ്ഞത്. കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ല. എല്ലായിടത്തും മദ്യഷാപ്പുകൾ സ്ഥാപിക്കുന്നു. സർക്കാർ തന്നെ വിദേശമദ്യമെന്ന പേരിൽ സ്വദേശത്ത് മദ്യം നിർമ്മിച്ച് നിർമ്മാണ ചെലവിന്റെ 10–15 ഇരട്ടി വിലയ്ക്ക് സാധാരണക്കാരന് നൽകുന്നു. സർക്കാരിന് 15 ഇരട്ടി ലാഭം. പാവപ്പെട്ട ജനത്തിന് അത്രയും പണവും ആരോഗ്യവും സൈര്യവും സുസ്ഥിരതയും കുടുംബജീവിതവും നഷ്ടപ്പെടുന്നു.

ലഹരിപെരുപ്പിക്കുന്ന മദ്യവും ആർത്തിപെരുപ്പിക്കുന്ന ലോട്ടറിയുമാണ് കേരള സർക്കാരിന്റെ മുഖ്യവരുമാനമാർഗമെന്ന് അധികൃതർ അവകാശപ്പെടുന്നു. ഭരണകൂടം സാംസ്കാരികമായി എത്രമാത്രം അധഃപതിച്ചതും ഉത്

പാദനക്ഷമമല്ലാത്തതുമാണെന്ന് ഇത് വ്യക്തമാക്കുന്നു. അവിഹിതമായ ഇത്തരം വരുമാനംകൊണ്ടാണ് സർക്കാർ ജീവനക്കാർക്കും വിവിധ ക്ഷേമ പെൻഷൻകാർക്കും പണം നൽകുന്നത് എന്നും അതുകൊണ്ട് ഇത്തരം വിഭാഗക്കാർ മദ്യത്തിനെതിരെ പറയരുതെന്നും പരോക്ഷമുന്നറിയിപ്പുകൾ ഭരണാനുകൂലികളിൽ നിന്നും ഉണ്ടാകുന്നു. പണംകൊടുത്ത് മദ്യം വാങ്ങിക്കുമ്പോൾ സർക്കാർ ഖജനാവിനെ പോഷിപ്പിക്കുകയെന്ന മഹത്തായ സാമൂഹ്യസേവനമാണ് ചെയ്യുന്നത് എന്നുപോലും ചിലർ തട്ടിവിടുന്നു. കാർഷിക-വ്യവസായ-സേവന മേഖലകളെ ശക്തിപ്പെടുത്തി ഉല്പാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിൽ പരാജയപ്പെടുമ്പോഴാണ് ഇത്തരം അപഹാസ്യ കഥാപാത്രങ്ങളായി സർക്കാരിനും ബന്ധപ്പെട്ടവർക്കും മാറേണ്ടിവരുന്നത്.

മദ്യപിക്കുന്ന ഒരാളിൽ ലഹരിയും വിഭ്രാന്തിയുമാണ് രൂപംകൊള്ളുന്നത്. ഇതുമൂലം ആത്മനിയന്ത്രണവും സ്വബോധവും നശിച്ച് നിരവധി അനർത്ഥങ്ങൾക്ക് ഇടയാകുന്നു. അപകടം, ആത്മഹത്യ, കൊലപാതകം, ഭീകരപ്രവർത്തനങ്ങൾ, അനാശാസ്യങ്ങൾ എന്നിവയിലേയ്ക്ക് മദ്യപാനം നയിക്കുന്നു. മദ്യം നിരോധിച്ചാൽ ലഹരിപദാർത്ഥങ്ങൾ പെരുകും എന്നാണ് സർക്കാർ വ്യത്തങ്ങൾ പറയുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും മദ്യം വിതരണം ചെയ്തിട്ടും കേരളത്തിൽ ലഹരി പദാർത്ഥങ്ങൾ കുറഞ്ഞിട്ടില്ല, വർദ്ധിക്കുകയാണ് ഉണ്ടായിട്ടുള്ളത്. മദ്യപാനിയുടെ കുടുംബം അന്തഃഛിദ്രം നിറഞ്ഞതായിരിക്കും. കുടുംബത്തിലെ ഇത്തരം അസ്വസ്ഥതകൾ കുടുംബാംഗങ്ങളെ ലഹരി വിപണിയിലേയ്ക്കും, ലഹരി ഉപഭോഗത്തിലേയ്ക്കും നയിക്കുകയാണ് ചെയ്യുന്നത്. മറ്റ് ലഹരി പദാർത്ഥങ്ങളെ വർദ്ധിപ്പിക്കുന്നത്, ബൂസ്റ്റ് ചെയ്യുന്നത്, മദ്യത്തിന്റെ ഉപയോഗമാണ്. എന്നിട്ടും, ജനങ്ങളുടെ പണംകൊണ്ട് സർക്കാർ ആർഭാടത്തോടെ നടത്തുന്ന ലഹരിവിരുദ്ധ പ്രചാരണ പരിപാടികളിൽ, മദ്യം ലഹരിയാണെന്നും അപകടമാണെന്നും പറയാൻ ആസ്ഥാന പ്രചാരകരൊന്നും തയ്യാറാകുന്നില്ല.

ജീവിതം ലഹരിയാണ്, അറിവ് ലഹരിയാണ് എന്നിങ്ങനെയുള്ള പരസ്യപ്രചാരണങ്ങളിലൂടെ ലഹരിയെ സുപരിചിതമാക്കാൻ മറ്റ് ചിലരും ശ്രമിക്കുന്നു. ഒരു തരം ലഹരിയും നല്ലതല്ല. ലഹരി സ്വബോധത്തേയും സുസ്ഥിരതയേയും തകർക്കുന്നു. അതുകൊണ്ട് നമുക്ക് വേണ്ടത് ലഹരിയല്ല; ആനന്ദവും ആത്മവിശ്വാസവും ആത്മധൈര്യവുമാണ്. അത് മദ്യത്തിൽനിന്നോ ലഹരിയിൽനിന്നോ ലഭിക്കില്ല.

തെറ്റായ കാര്യങ്ങൾ ചെയ്യാനുള്ള പ്രലോഭനം സദാസമയവും മനസ്സിൽ ഉണ്ടായിക്കൊണ്ടേയിരിക്കും. അതിനെ അതിജീവിക്കാൻ ഗാന്ധിജി ഒരു ഉപായം നിർദ്ദേശിച്ചിട്ടുണ്ട്. നമ്മെക്കാൾ ബുദ്ധിമുട്ടുന്നവരെ കുറിച്ച് ആലോചിക്കുക. അവർക്ക് ആശ്വാസം നൽകാൻ നമുക്ക് എന്തുചെയ്യാനാകും എന്ന് ചിന്തിക്കുക. അതിനായി ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും പ്രവർത്തിക്കുക. അപ്പോൾപിന്നെ ദുഷ്ടവികാരങ്ങൾക്കും വിചാരങ്ങൾക്കും നമ്മുടെ മനസ്സിൽ കയറിയിരിക്കാൻ നേരവും ഇടവും ഉണ്ടാകില്ല.

❐

അടിസ്ഥാനതത്വങ്ങൾ

സർവോദയ ദർശനം : അടിസ്ഥാന ആശയങ്ങൾ

സർവോദയം

സർവ ജീവജാലങ്ങളേയും ചലനാത്മകമാക്കുന്നത് അവയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഈശ്വരാംശമാണ്. ഇത് ആത്മാവ്, അരൂപി, ഊർജം, ബ്രഹ്മാംശം, നൂർ എന്നീ പല പേരുകളിൽ അറിയപ്പെടുന്നു. രക്തബന്ധമുള്ളവർ ബന്ധുക്കളാണ് എന്ന് പറയുന്നതുപോലെ, ഈശ്വരാംശം കുടികൊള്ളുന്ന സമസ്ത ജീവജാലങ്ങളും ഏകോദര സഹോദരങ്ങളാണ്. സഹോദരങ്ങൾ പരസ്പരം സ്നേഹിക്കുന്നു, സഹകരിക്കുന്നു, സഹായിക്കുന്നു, വാത്സല്യപൂർവം പെരുമാറുന്നു. ഈ അടിസ്ഥാന സത്യത്തെക്കുറിച്ചുള്ള തിരിച്ചറിവിൽനിന്നാണ് അഹിംസ രൂപംകൊള്ളുന്നത്.

സ്നേഹവാത്സല്യങ്ങളുടെ സക്രിയ രൂപമാണ് അഹിംസ. അഹിംസയിലൂടെ സത്യത്തെ അറിയാനും സാക്ഷാത്കരിക്കാനും സാധിക്കുന്നു. നമ്മൾ ഒന്നാണ്. അതുകൊണ്ട് സർവരുടെയും നന്മയ്ക്ക്, പുരോഗതിക്ക്, ഉദയത്തിന്, സർവോദയത്തിന് നാം ഒത്തൊരുമിച്ച് മുന്നേറുന്നു. ഇതാണ് സർവോദയത്തിന്റെ അടിസ്ഥാന തത്വം.

സമഗ്രം; സുസ്ഥിരം

സമഗ്രതയാണ് സർവോദയസമൂഹത്തിന്റെ സവിശേഷത. രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക-ധാർമ്മിക മേഖലകളിലെല്ലാം ഒരേസമയം സർവോദയ ദർശനത്തിന്റെ അടിസ്ഥാനത്തിലുള്ള മുന്നേറ്റങ്ങൾ ഉണ്ടാകുമ്പോഴാണ് സർവോദയ സമൂഹം സംസ്ഥാപിതമാകുന്നത്. 'ലോകാഃ സമസ്തഃ സുഖിനോ ഭവന്തു, വസുധൈവ കുടുംബകം, സർവ്വേ ഭവന്തു സുഖിനഃ' തുടങ്ങിയ ചിന്തകൾ സർവോദയ ദർശനത്തിന്റെ സുസ്ഥിരതയെ സൂചിപ്പിക്കുന്നു.

സർവോദയം: രാഷ്ട്രീയം

അധികാരം ജനങ്ങളിൽ നിലനിൽക്കണം എന്നാണ് സർവോദയ കാഴ്ചപ്പാട്. തീരുമാനം എടുക്കുന്നതിലും നടപ്പാക്കുന്നതിലും ജനപങ്കാളിത്തം ഉണ്ടാകണം. താനുംകൂടി ഉൾപ്പെട്ടതാണ് ഇവിടത്തെ ഭരണസംവിധാനം എന്ന് ഓരോ പൗരനും ബോധ്യപ്പെടണം. 50 വീടുകൾ ഉള്ള ഒരു അയൽക്കൂട്ടത്തിലെ പ്രായപൂർത്തിയായവർ ഒരിടത്ത് ഒത്തുചേർന്ന് അവരുടെ പ്രതിനിധിയെ തീരുമാനിക്കുന്നു. ഇത്തരം അയൽക്കൂട്ട പ്രതിനിധികൾ ചേർന്ന് വാർഡ് പ്രതിനിധിയേയും വാർഡ് പ്രതിനിധികൾ ചേർന്ന് പഞ്ചായത്ത് സമിതിയേയും. മേൽ തലത്തിലേക്ക് പ്രതിനിധികളെ അയച്ച് പ്രസ്തുത തലങ്ങളിൽ ഭരണ സംവിധാനം ഉണ്ടാക്കുന്നു.

ഭൂരിഭാഗം കാര്യങ്ങളും ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് തലത്തിൽ നടപ്പാക്കാനാകും. രാജ്യരക്ഷ, വിദേശകാര്യം തുടങ്ങിയ വിഷയങ്ങൾ മാത്രം അഖിലേന്ത്യാ തലത്തിലേക്ക്. ജനങ്ങളുടെ സേവകർ ആയിരിക്കും ജന പ്രതിനിധികൾ. തെറ്റായി പ്രവർത്തിച്ചാൽ തിരിച്ചുവിളിക്കാനുള്ള അധികാരം അയൽക്കൂട്ടത്തിന് ഉണ്ടായിരിക്കും. ഇത്തരം ഒരു ഭരണസംവിധാനം ഒരുക്കുന്നതിന് കക്ഷിരാഷ്ട്രീയപ്പാർട്ടികളുടെ ആവശ്യമില്ല.

കർത്തവ്യബോധമുള്ള ജനതയ്ക്ക് ഇത് സാധിക്കും. വോട്ട് നേടുന്നതിനായുള്ള വർഗീയ ധ്രുവീകരണം, അഴിമതി എന്നിവ ഒഴിവാക്കാനും സഹായിക്കും. ഔന്ദ് എന്ന പ്രവിശ്യയിൽ ഗാന്ധിജിയുടെ ഉപദേശപ്രകാരം, 1939 മുതൽ 1948 വരെ ഇത് നിലനിന്നിരുന്നു.

സർവോദയം: സാമ്പത്തികം

കായിക അദ്ധ്വാനം മനുഷ്യത്വത്തിന്റെ മുഖമുദ്രയായി അംഗീകരിച്ചുകൊണ്ട് എല്ലാവരും ഏതെങ്കിലും ഒരു വിധത്തിലുള്ള കായിക-ഉല്പാദന പ്രവർത്തനത്തിൽ ഏർപ്പെടുന്നത് കടമയായി ഏറ്റെടുക്കുക. വൻ യന്ത്രങ്ങൾ കൊണ്ട് വൻതോതിൽ ഉല്പാദിപ്പിക്കുകയല്ല; കൂടുതൽ ആളുകളെ ഉൾപ്പെടുത്തി ഉല്പാദിപ്പിക്കുക. സമൂഹത്തിന് ആവശ്യമുള്ളതാണ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യേണ്ടത്. ലാഭം മാത്രം മാനദണ്ഡം ആകരുത്.

സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, നാട്ടു വിപണികൾ എന്നിവയെ ഇതിനായി ഉപയോഗപ്പെടുത്താം. മുതലാളിയുടെ പണ മൂലധനത്തിനും തൊഴിലാളിയുടെ അദ്ധ്വാന മൂലധനത്തിനും തുല്യ പരിഗണന നൽകണം. ഇതുവഴി വർഗസമന്വയത്തിലൂടെ സാമ്പത്തിക പ്രവർത്തനങ്ങളെ സജീവമാക്കുകയാണ് സർവോദയ സാമ്പത്തിക സമീപനം.

സർവോദയം: സാമൂഹ്യരംഗം

അഭിരുചിയെ തിരിച്ചറിഞ്ഞും നൈപുണികൾ വികസിപ്പിച്ചും ഉത്തമ വ്യക്തിത്വം രൂപപ്പെടുത്തുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയായിരിക്കണം

സർവോദയ സാമൂഹിക ക്രമത്തിന്റെ ആധാരം. മികവാർന്ന വ്യക്തികളിലൂടെ സംസ്കാരസമ്പന്നമായ സമൂഹസൃഷ്ടി എന്നതാണ് രീതിശാസ്ത്രം.

ചിന്ത, വാക്ക്, പ്രവൃത്തി എന്നിവ സത്യത്തിലും ധർമ്മത്തിലും അഹിംസയിലും അധിഷ്ഠിതമാക്കികൊണ്ട് ആർത്തിയെ ലഘൂകരിക്കാനും, സാമൂഹ്യസേവനത്തെ ദൗത്യമായി സ്വീകരിക്കാനും സാധിക്കണം. മന സ്സാക്ഷിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് മുന്നേറുക. സ്വന്തം കടമകൾ ആത്മാർത്ഥമായി നിർവഹിച്ച് അവകാശങ്ങൾക്കുള്ള അർഹത നിലനിർത്തുക. ഈശ്വരാംശം കുടികൊള്ളുന്ന ജീവജാല ശൃംഖലയിലെ ഒരു കണ്ണി മാത്രമാണ് മനുഷ്യൻ. അധീശത്വം ഇല്ല.

സ്വതന്ത്രമായ കൈകളും സവിശേഷബുദ്ധിയും സഹകരണാത്മക ജീവിതത്തിനും വിശ്വനന്മയ്ക്കും ഉപയോഗിക്കുക എന്നതാണ് സർവോദയ സാമൂഹിക വീക്ഷണം.

സർവോദയം: ആത്മീയരംഗം

സർവ ജീവജാലങ്ങളെയും സചേതനമാക്കി നിലനിർത്തുന്നതും, പ്രപഞ്ച ചലനങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്നതും ഈശ്വരാംശമാണ്. ഈശ്വരചൈതന്യത്താൽ സജീവമാക്കപ്പെടുന്ന എല്ലാ മനുഷ്യരും ഏകോദര സഹോദരങ്ങളാണ്. ജാതി, മതം, വർണം എന്നിവയുടെ പേരിൽ ഭിന്നത കൽപ്പിക്കുന്നതിൽ ഒരു യുക്തിയുമില്ല. (മനുഷ്യൻ മാത്രമല്ല, സർവ ജീവജാലങ്ങളും) അവനവനിലുള്ള ഈശ്വരാംശത്തെ തിരിച്ചറിയാനും അനുഭവിക്കാനും ആദ്യമായി വേണ്ടത് ഹൃദയ വിശുദ്ധിയാണ്. ചിന്ത, വാക്ക്, പ്രവൃത്തി ഇവ പവിത്രമാകുമ്പോൾ ഹൃദയം വിശുദ്ധമാകുന്നു. ഹൃദയ വിശുദ്ധിയിലൂടെയുള്ള ദൈവസാക്ഷാത്കാരമാണ് എല്ലാ മതങ്ങളും ലക്ഷ്യമിടുന്നത്. ഇതിനായുള്ള ആചാരാനുഷ്ഠാനങ്ങൾക്ക് കാലദേശങ്ങൾക്കനുസരിച്ച് വ്യത്യാസമുണ്ടെങ്കിലും ആത്യന്തികമായി അവയെല്ലാം ഒരേ ലക്ഷ്യത്തിലേക്കുള്ള വ്യത്യസ്ത പാതകളാണ്. മതനിഷേധം അല്ല; മതത്തിലൂടെ മതാതീതമായ ആത്മീയതലത്തിലേക്ക് എത്തുക എന്നതാണ് സർവോദയ സമീപനം.

സർവോദയ ദർശനത്തെക്കുറിച്ച് ദാദാ ധർമ്മാധികാരി

മാനുഷിക മഹത്വത്തിന്റെ വിജ്ഞാനത്തിൽ സർവോദയം വിശ്വസിക്കുന്നു. മനുഷ്യനും ഇതര സൃഷ്ടികളും രാജ്യവും കാലവും മഹത്താണ്. ഫലേച്ഛ കൂടാതെയുള്ള പ്രവൃത്തിയാണ് നമ്മുടെ ധർമ്മം എന്ന് സർവോദയം വിശ്വസിക്കുന്നു. അദ്ധ്വാനം മനുഷ്യന്റെ സമ്പത്ത്. അദ്ധ്വാനിക്കുക മനുഷ്യന്റെ ധർമ്മമാണ്. ഫലം സമൂഹത്തിനും. അയൽക്കാരന് വേണ്ടി ജീവിക്കുന്നു. അയൽക്കാരന് വേണ്ടി ഉല്പാദിപ്പിക്കുന്നു. അയൽക്കാരന്റെ സുഖ ദുഃഖങ്ങൾ പങ്കുവയ്ക്കുന്ന കല അത് പഠിപ്പിക്കുന്നു. സകലരിലും നന്മയുണ്ട്.

ഓരോരുത്തരിലുമുള്ള നന്മയുടെ അംശങ്ങളെ വളർത്തി വികസിപ്പിച്ചെടുക്കാൻ സർവോദയം പ്രതിജ്ഞാബദ്ധമാണ്.

വെറുക്കേണ്ടത് പാപത്തെയാണ്; പാപിയെ അല്ല എന്ന് സർവോദയം നിഷ്കർഷിക്കുന്നു. ആരും ചെറുതല്ല, ആരും വലുതല്ല, ആരും ഉന്നതന്മാർ അല്ല, ആരും അധമൻമാരും അല്ല. സകലരുടെയും സാർവജനീനമായ വികാസമാണ് അതിന്റെ ലക്ഷ്യം. ജന്തുജാലങ്ങളുമായി താദാത്മ്യം പ്രാപിക്കുകയാണ് അതിനുള്ള മാർഗം.

❐

ജയ് ജഗത്

ബൾബിൽ പ്രകാശം, ഫാനിൽ കാറ്റ്, ഇസ്തിരിപ്പെട്ടിയിൽ ചൂട്, ഫ്രിഡ്ജിൽ തണുപ്പ് എന്നിങ്ങനെ വിവിധ ഭാവങ്ങളിൽ പ്രകടിതമാകുന്നത് ഒരേ വൈദ്യുതോർജം തന്നെ. അതുപോലെ, വൈവിധ്യമാർന്ന സമസ്ത ജീവജാലങ്ങളേയും ചലനാത്മകമായി നിർത്തുന്നത് അവരുടെ ഉള്ളിൽ കുടികൊള്ളുന്ന സവിശേഷമായ ഊർജമാണ്. നാം ഇതിനെ ജീവൻ, ആത്മാവ്, അരൂപി എന്നൊക്കെ വിശേഷിപ്പിക്കുന്നു.

ഒരേ കുടുംബത്തിലുള്ളവരെ രക്തബന്ധമുള്ളവരാണെന്ന് പറയാറുണ്ട്. ഈ രക്തബന്ധസ്മരണ നമ്മിൽ ഏകോദരസഹോദരഭാവവും ഐക്യവും ഉണർത്തുന്നു. നമ്മേയും മറ്റുള്ളവരേയും മറ്റ് ജീവജാലങ്ങളേയും എല്ലാം സജീവമാക്കി നിർത്തുന്നത് ഒരേ ആത്മാവാണെങ്കിൽ (ഊർജമാണെങ്കിൽ) നമ്മളെല്ലാം ഏകോദരസഹോദരങ്ങളാണ്. രക്തബന്ധത്തേക്കാൾ വിപുലവും ശാസ്ത്രീയവുമായ ആത്മബന്ധം നമുക്ക് തമ്മിലുണ്ട് എന്ന് കാണാം. ഈ ആത്മബന്ധമാണ് എല്ലാവരുടേയും നന്മയ്ക്കും ഉദയത്തിനും വേണ്ടി നിലകൊള്ളാൻ നമ്മെ ശക്തരാക്കുന്നത്. ഇതാണ് സർവോദയം.

ഈ തിരിച്ചറിവ് ഉണ്ടാകുമ്പോൾ വർണം, വംശം, വർഗം, ജാതി, മതം, ലിംഗം, ഭാഷ, രാഷ്ട്രം എന്നിങ്ങനെയുള്ള ബാഹ്യമായ അതിർവരമ്പുകൾക്കപ്പുറം നാം എല്ലാം ഒന്നാണെന്ന് വ്യക്തമാകുന്നു. മനുഷ്യനും മറ്റ് ജീവജാലങ്ങളും ഭിന്നമല്ല എന്നും പ്രകൃതിസംരക്ഷണം നമ്മുടെതന്നെ സംരക്ഷണമാണെന്നും ബോധ്യപ്പെടുന്നു.

നാം നമ്മുടെ കുടുംബത്തിന്റേയും ഗ്രാമത്തിന്റേയും ജില്ലയുടേയും സംസ്ഥാനത്തിന്റേയും രാജ്യത്തിന്റേയും മുഴുവൻ ലോകത്തിന്റേയും പ്രപഞ്ചത്തിന്റേയും നന്മയ്ക്കുവേണ്ടി നിലകൊള്ളുന്നു.

'ജയ് ജഗത്' എന്ന മന്ത്രത്തിന്റെ അടിസ്ഥാനം ഇതാണ്. 'ജയ് ഹിന്ദ്' എന്നതിന്റെ സ്വാംശീകരണവും വിപുലീകരണവും നടക്കുമ്പോഴാണ് 'ജയ് ജഗത്' എന്നതിലേയ്ക്ക് വികസിക്കുന്നത്.

❐

വികേന്ദ്രീകരണം

സർവോദയ സമൂഹരചനയ്ക്ക് അത്യന്താപേക്ഷിതമായ രീതിശാസ്ത്രമാണ് വികേന്ദ്രീകരണം. സമ്പത്ത്, അധികാരം, ഉല്പാദനം, വിതരണം, ആസൂത്രണം, നിർവഹണം എന്നിവയെല്ലാം വികേന്ദ്രീകരിക്കപ്പെടണം. മണ്ണിൽ അദ്ധ്വാനിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഭൂമി ലഭ്യമാകണം. ഏതാനും വ്യക്തികളിൽ മാത്രം ഭൂമി കേന്ദ്രീകരിക്കുന്നത് ഒഴിവാക്കണം. നിത്യോപയോഗ വസ്തുക്കളെല്ലാം ജനകീയമായി, പങ്കാളിത്തത്തോടെ ഉല്പാദിപ്പിക്കണം. സമീപപ്രദേശങ്ങളിൽ വിതരണം ചെയ്ത് ഉപജീവനമാർഗം സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം ഉണ്ടാകണം.

ഓരോ പ്രദേശത്തിനും ആവശ്യമുള്ള വസ്തുക്കൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെക്കുറിച്ച് പ്രാദേശികമായ ചർച്ചയിലൂടെ പട്ടിക തയ്യാറാക്കി അവ ഉല്പാദിപ്പിക്കാനുള്ള സംയുക്ത ജനകീയ ശ്രമങ്ങൾ ഉണ്ടാകണം. ജനകീയമായി ഉല്പാദിപ്പിക്കാൻ സാധിക്കാത്തതും സങ്കീർണമായ സാങ്കേതികവിദ്യ അനിവാര്യമായതും അപകടസാധ്യതയുള്ളതുമായ ഉല്പാദന പ്രക്രിയയ്ക്ക് മാത്രമേ കേന്ദ്രീകരണം ആവശ്യമുള്ളൂ. അതും ജനകീയ സർക്കാരിന്റെ നിയന്ത്രണത്തിലാണ് നടക്കുക.

ഉല്പാദന വിതരണ പ്രക്രിയകളുടെ ആസൂത്രണവും നിർവഹണവും നടത്തുന്നതിനുള്ള അധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കണം. അയൽക്കൂട്ട സമിതികൾ, വാർഡ് സമിതികൾ, ഗ്രാമപ്പഞ്ചായത്തുകൾ എന്നിവയ്ക്ക് ഇതിനുള്ള സമ്പൂർണ അധികാരം ഉണ്ടായിരിക്കണം. ഉല്പന്നങ്ങൾക്ക് പ്രാദേശികമായി കൊടുത്തുവാങ്ങലുകൾ പരമാവധി പ്രോത്സാഹിപ്പിക്കണം.

കാർഷിക-വ്യവസായ-സേവന മേഖലകളിലെല്ലാം വികേന്ദ്രീകൃത ഉല്പാദനവും വിതരണവും ഉറപ്പുവരുത്തണമെങ്കിൽ ജനകീയമായ ആസൂത്രണവും നിർവഹണവും അധികാര വികേന്ദ്രീകരണവും അനിവാര്യമാണ്.

❐

ഹൃദയവിശുദ്ധി

ജീവിതം സഫലമാകണമെന്നാണ് നമ്മൾ എല്ലാവരും ആഗ്രഹിക്കുന്നത്. ഇത്തരമൊരു ഫലപ്രാപ്തിക്ക് ആവശ്യമായ അടിസ്ഥാനയോഗ്യത ഹൃദയ വിശുദ്ധിയാണ്. വേദങ്ങളിലും ഉപനിഷത്തുകളിലുമുള്ള ഈ തത്വത്തെ സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിൽ വ്യാഖ്യാനിക്കുകയാണ് 2500 വർഷങ്ങൾക്കു മുമ്പ് ശ്രീബുദ്ധനും വർദ്ധമാന മഹാവീരനും ചെയ്തത്. ബുദ്ധമതത്തിന്റെ അടിസ്ഥാനമായ അഷ്ടാംഗമാർഗവും ജൈനമതത്തിന്റെ ത്രിരത്നങ്ങളും ഹൃദയവിശുദ്ധിയിലൂടെ ആത്മസാക്ഷാത്കാരം നേടാനാകുമെന്നാണ് വ്യക്തമാക്കിയത്.

2000 വർഷങ്ങൾക്ക് മുമ്പ് ശ്രീയേശുദേവൻ ഗിരിപ്രഭാഷണത്തിനിടയിൽ വിവരിച്ചതും ഇതുതന്നെ. 'ചിത്തശുദ്ധിയുള്ളവർ അനുഗ്രഹീതരാവുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ സാക്ഷാത്കരിക്കും.'

'പരിശുദ്ധമായ ഹൃദയവും നിഷ്പക്ഷവും നിഷ്കളങ്കവും നിസ്വാർത്ഥവുമായ ചിന്തയും ഉള്ളവരെ അള്ളാഹു തന്റെ വെളിച്ചത്തിലേയ്ക്ക് ചേർക്കു'മെന്ന് വിശുദ്ധ ഖുർആൻ ഇരുപത്തിനാലാം സൂറത്ത് നൂറിൽ പറയുന്നു.

നിരവധി ആദ്ധ്യാത്മികപരീക്ഷണങ്ങളിലൂടെ മതങ്ങളുടെ സമാനതകളെക്കുറിച്ച് ലോകത്തിന് വെളിപ്പെടുത്തിയ ശ്രീരാമകൃഷ്ണ പരമഹംസൻ പറയുന്നത് ഇങ്ങനെയാണ്: 'ചെളിപുരണ്ട ഒരു കണ്ണാടിയിൽ സൂര്യരശ്മി പ്രതിബിംബിക്കുന്നില്ല. അതുപോലെ അശുദ്ധവും അശുചിയും ആയ ഹൃദയമുള്ളവർ ഭഗവദ് മഹിമ ഒരിക്കലും അറിയുകയില്ല. തെളിവുള്ള കണ്ണാടി സൂര്യനെ പ്രതിബിംബിക്കുന്നതുപോലെ ശുദ്ധഹൃദയർ ഭഗവാനെ കാണുന്നു. അതിനാൽ ഹൃദയവിശുദ്ധി നിലനിർത്തൂ.'

'പരിശുദ്ധമായ ഹൃദയത്തോടെ നിസ്വാർത്ഥമായ സാമൂഹിക പ്രവർത്തനം നടത്തുന്ന ഒരാളിൽ ഈശ്വരീയഭാവം ശക്തമാകുന്നു. അത്തരം ഒരാളുടെ ശരീരംതന്നെ പവിത്രമായ ക്ഷേത്രം ആണ്' എന്ന് ശ്രീമദ് വിവേകാനന്ദസ്വാമികൾ പറയുന്നു.

മഹാത്മാഗാന്ധി ഇതേ ആശയംതന്നെയാണ് മറ്റു വാക്കുകളിൽ പ്രകടമാക്കുന്നത്. 'മനുഷ്യസേവനത്തിലൂടെ ഈശ്വരനെ കണ്ടെത്താൻ ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, ഈശ്വരൻ സ്വർഗത്തിലോ ഭൂമിയിലോ അല്ല; ഓരോ മനുഷ്യരിലുമാണ് കുടികൊള്ളുന്നത് എന്ന് എനിക്കറിയാം.'

മോക്ഷം അഥവാ മോചനം ജീവിതലക്ഷ്യമാണെങ്കിൽ അത് എങ്ങനെ നേടാമെന്നും ഗാന്ധിജി പറയുന്നു. 'ശാശ്വതവും ആരോഗ്യകരവുമായ മോചനം ഉള്ളിൽനിന്നുതന്നെയാണ് വരുന്നത്. അത് ആത്മശുദ്ധീകരണമാണ്.' ഹൃദയവിശുദ്ധിയെ നിലനിർത്താൻ ഓരോ വ്യക്തിയും കാത്തുസൂക്ഷിക്കേണ്ട ഗുണങ്ങളെക്കുറിച്ച് ശ്രീമദ് ഭഗവദ്ഗീതയിൽ പതിനാറാം അദ്ധ്യായത്തിലെ ആദ്യത്തെ മൂന്ന് ശ്ലോകങ്ങളിൽ ഇപ്രകാരം പ്രതിപാദിക്കുന്നു: 'ഭയമില്ലായ്മ, മനസ്സിന്റെ സുപ്രസന്നത, ആത്മജ്ഞാനോപായത്തെ അന്വേഷിച്ചറിഞ്ഞ് ആത്മനിഷ്ഠയിൽത്തന്നെ ഇരിക്കുക, സൽപാത്രത്തിൽ ദാനം ചെയ്യുക, ബാഹ്യേന്ദ്രിയങ്ങളെ അടക്കുക, യജ്ഞങ്ങൾ ചെയ്യുക, തപസ്സ്, അവക്രത, അഹിംസ, സത്യം, കോപമില്ലായ്മ, ഔദാര്യം, മനസ്സിനെ അടക്കൽ, അന്യന്റെ ദോഷത്തെ പറയാതിരിക്കുക, ദീനരായ പ്രാണികളിൽ ദയ, വിഷയങ്ങളിൽ ഇച്ഛയില്ലായ്മ, ക്രൂരഭാവമില്ലായ്മ, പ്രാഗത്ഭ്യം, ക്ഷമ, ധൈര്യം, ശരീരത്തിന്റേയും മനസ്സിന്റേയും ശുദ്ധി, അന്യന് ദ്രോഹം ചെയ്യാതിരിക്കുക, ഗർവില്ലായ്മ' എന്നിവയാണ് ഹൃദയശുദ്ധിക്ക് ആധാരമാക്കുന്ന സാത്വികഗുണങ്ങൾ അഥവാ ദൈവീകഗുണങ്ങൾ.

❐

ആദ്ധ്യാത്മികതയെ വീണ്ടെടുക്കുക

എല്ലാവർക്കും വേണ്ടത് സുഖവും സമാധാനവും തന്നെ! ലക്ഷ്യം ശരിയാണ്. മാർഗത്തിലാണ് പ്രശ്നം.

ദൈവചിന്തയൊക്കെ മനസ്സിലുണ്ടെങ്കിലും ലക്ഷ്യം നേടാൻ ആശ്രയിക്കുന്നത് സമ്പത്തിനേയും സ്ഥാനമാനങ്ങളേയുമാണ്. പണംകൊണ്ട് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും സ്ഥാനമാനങ്ങൾ കൊണ്ട് പേരും പെരുമയും നേടിയും സുഖവും സമാധാനവും നേടാമെന്ന് നാം കരുതുന്നു. പണവും സ്ഥാനങ്ങളും നേടുന്നതിനും സമൂഹത്തിൽ സ്റ്റാറ്റസ് നിലനിർത്തുന്നതിനും വേണ്ടിയുള്ള നെട്ടോട്ടത്തിൽ മാനുഷിക മൂല്യങ്ങളും പ്രകൃതിയുടെ സുസ്ഥിരതയും തകർന്നടിയുകയാണ്. ആത്മസാക്ഷാത്കാരമാണ് മനുഷ്യജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം എന്ന കാര്യം ഏവരും വിസ്മരിക്കുന്നു.

ഇവിടെയാണ് മതം അനിവാര്യമാകുന്നത്. 'ധർമ്മത്തിൽ അടിയുറച്ചു നിന്നുകൊണ്ട് തെളിമയോടെ മോക്ഷം എന്ന ലക്ഷ്യത്തിൽ കണ്ണുനട്ടുകൊണ്ടായിരിക്കണം അർത്ഥകാമങ്ങൾ അനുഭവിക്കാൻ' എന്ന ഹിന്ദു സംസ്കാരവും, 'മറ്റെല്ലാം നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ പിന്നെ എന്ത് കാര്യം' എന്ന ക്രിസ്തുവചനവും 'സമ്പാദിച്ചു കൂട്ടുന്നതിലല്ല കാര്യം എന്നും സക്കാത്തിലൂടെ മറ്റുള്ളവർക്ക് നൽകുമ്പോഴാണ് ഒരുവൻ അല്ലാഹുവിനോട് അടുക്കുന്നത്' എന്ന നബിവചനവും അതത് മതക്കാർക്ക് മാർഗനിർദ്ദേശങ്ങൾ ആയി വർത്തിക്കേണ്ടതുണ്ട്.

എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നത് ഒരേ ഈശ്വരാംശം തന്നെയാണെന്നും ആത്യന്തികമായി എല്ലാം ഈശ്വരമയം തന്നെ എന്ന ഉൾക്കാഴ്ചയാണ് മതങ്ങൾ മനുഷ്യന് നൽകേണ്ടത്. അപ്പോഴാണ് നരനെ നാരായണൻ ആയി കരുതാനും, മാനവസേവ മാധവസേവയായി കരുതാനും, നല്ല അയൽക്കാരനായി മാറാനും സാധിക്കുന്നത്. വ്യക്തിയുടെ ആത്മീയ വികാസത്തിലൂടെയാണ് ഈ ലക്ഷ്യം സാധ്യമാകുക. ഇന്ദ്രിയങ്ങളെയും മന

സ്സിനെയും ബുദ്ധിയെയും നിയന്ത്രിക്കാൻ കെൽപ്പുള്ള ആത്മബലത്തിന്റെ ഉടമയാക്കി മനുഷ്യനെ മാറ്റലാണ് മതത്തിന്റെ ധർമ്മം. എന്നാൽ ഇന്ന് മതങ്ങൾ വ്യക്തിവികാസത്തേക്കാൾ സംഘബലത്തിനാണ് മുൻഗണന നൽകുന്നത്. അതിനുവേണ്ടിയുള്ള പ്രകടനാത്മകമായ പരിപാടികളിലാണ് കൂടുതൽ ഊന്നൽ നൽകുന്നതും. ഇത്തരം പ്രകടനാത്മകത സ്ഥാപനവത്കരണത്തിലേയ്ക്കാണ് നയിക്കുക. സ്ഥാപനവത്കരണം വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുമെന്ന് മാത്രമല്ല ആത്യന്തിക ലക്ഷ്യത്തിൽനിന്ന് വ്യക്തിയേയും സമൂഹത്തേയും അകറ്റുകയും ചെയ്യും. ആത്മീയതയിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ശാശ്വതമായ ശാന്തിയും സമാധാനവും കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ക്ഷേത്രങ്ങളുടേയും മറ്റ് ദേവാലയങ്ങളുടേയും ഭൗതികമായ വലിപ്പത്തേക്കാൾ അവിടെ നടക്കുന്ന സർവസമർപ്പണത്തോടു കൂടിയ പൂജകൾക്കും പ്രാർത്ഥനകൾക്കും ആണ് പ്രാധാന്യം നൽകേണ്ടത്. അതത് മതങ്ങൾ തങ്ങളുടെ മതതത്വങ്ങളെ കുട്ടികൾക്കും മുതിർന്നവർക്കും പഠിക്കാനുള്ള അവസരം ഉണ്ടാക്കുക. സ്വന്തം മതത്തെക്കുറിച്ച് പഠിച്ചവർ മറ്റ് മതഗ്രന്ഥങ്ങളും വായിച്ച് മനസ്സിലാക്കുക. താൻ വിശ്വസിക്കുന്ന മതത്തെ കൂടുതലായി മനസ്സിലാക്കാൻ മറ്റ് മതഗ്രന്ഥ പാരായണം തീർച്ചയായും സഹായിക്കും. ഓണം പോലുള്ള ദേശീയ ഉത്സവവേളകളിലും സ്വാതന്ത്ര്യദിനം പോലുള്ള സുപ്രധാന ദേശീയദിനങ്ങളിലും എല്ലാ മതസ്ഥരും ഒരുമിച്ചുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതും നന്നായിരിക്കും. അതുവഴി സമൂഹത്തിൽ പരസ്പരസഹകരണവും സൗഹാർദ്ദവും വളർത്താൻ സാധിക്കും.

ആത്മീയ വികാസവും മതാതീതമായ ആത്മീയതയും ലക്ഷ്യമാക്കിയുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെയും മൂല്യാധിഷ്ഠിതമായ നിലപാടുകളിലൂടെയും ശാന്തിയും സമാധാനവും ഉറപ്പാക്കാൻ നമുക്ക് സാധിക്കും. ❐

ത്യാഗം

ജീവിതത്തിൽ സുഖവും സന്തോഷവും ഉണ്ടാകണം എന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇഷ്ടപ്പെട്ട ഭക്ഷണം ലഭിക്കുമ്പോൾ, ഇഷ്ടപ്പെട്ട ഒരാളുമായി സംസാരിക്കുമ്പോൾ, നല്ല കാലാവസ്ഥ ഉണ്ടാകുമ്പോൾ എല്ലാം നമുക്ക് സുഖവും സന്തോഷവും ഉണ്ടാകുന്നു. മറിച്ചാണെങ്കിൽ ദുഃഖവും നിരാശയും ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ ഇത്തരം സുഖ-സന്തോഷങ്ങൾ ക്ഷണികങ്ങളും ആപേക്ഷികങ്ങളും ആണ്. അല്പനേരത്തെ സുഖത്തിന് ശേഷം നഷ്ടബോധം അനുഭവപ്പെടുന്നു. കൂടുതൽ സുഖത്തിനും സന്തോഷത്തിനും വേണ്ടി ആർത്തിയോടെ അന്വേഷിക്കുന്നു. മനസ്സിന്റെ കടിഞ്ഞാണില്ലാത്ത ഈ അവസ്ഥ കൂടുതൽ അസ്വസ്ഥതകളിലേക്ക് ഏതൊരു വ്യക്തിയെയും കൊണ്ടെത്തിക്കുന്നു.

ജനങ്ങൾ ആർത്തരും അസ്വസ്ഥരും ആകുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചുകൊണ്ടാണ് ശ്രീബുദ്ധൻ തന്റെ ആദ്ധ്യാത്മിക ജീവിതം ആരംഭിക്കുന്നത്. ആഗ്രഹങ്ങളും ആശകളുമാണ് നിരാശയ്ക്ക് കാരണമാകുന്നതെന്ന് അദ്ദേഹം കണ്ടെത്തി. 'ആശയാണ് നിരാശയ്ക്ക് കാരണമാകുന്നത്. അതുകൊണ്ട് ആശയെ പരിമിതപ്പെടുത്തിക്കൊണ്ട് സത്യസന്ധമായ ജീവിതം നയിച്ച് ദുഃഖങ്ങൾ ഒഴിവാക്കാം' എന്ന് ശ്രീബുദ്ധൻ നിർദ്ദേശിക്കുന്നു.

'നിനക്കുള്ളതെല്ലാം ഉപേക്ഷിച്ച് എന്റെ കൂടെ വരിക' എന്ന് യേശു ക്രിസ്തുവും ഉപദേശിക്കുന്നു. നമുക്കുള്ളതിനെ ത്യജിക്കുമ്പോൾ അഥവാ ഉപേക്ഷിക്കുമ്പോൾ മനസ്സിന് കൂടുതൽ വിശുദ്ധിയും ആഭിമുഖ്യവും ഉണ്ടാകുന്നു.

ത്യജനം അഥവാ ത്യാഗം വ്യക്തിയേയും സമൂഹത്തേയും ശ്രേഷ്ഠമാക്കി നിലനിർത്തുന്നു. ആർത്തിയോടെ സംഭരിക്കുവാൻ ശ്രമിക്കുമ്പോൾ മനസ്സിന്റെ വിശുദ്ധിയും സമാധാനവും നഷ്ടപ്പെടും. അതേസമയം, ഭൗതിക സമ്പത്തിനെ ഉപേക്ഷിക്കുമ്പോൾ അഥവാ മറ്റുള്ളവർക്കായി പങ്കുവയ്ക്കുമ്പോൾ ശാശ്വതമായ സുഖവും സന്തോഷവും ഉണ്ടാകുകയും ആത്മീയ സമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്നു. വേദങ്ങളും ഉപനിഷത്തുക്കളും ഇതി

ഹാസങ്ങളും എല്ലാം ഇത്തരമൊരു യജ്ഞസംസ്കാരത്തെയാണ് നമ്മളോട് ഉപദേശിക്കുന്നത്.

പ്രഥമ ഉപനിഷത്തായി പരിഗണിക്കപ്പെടുന്ന ഈശാവാസ്യ ഉപനിഷത്തിലെ പ്രഥമ ശ്ലോകംതന്നെ നമ്മെ ഓർമ്മപ്പെടുത്തുന്നത് ഈശ്വരമയമായ ഈ ലോകത്തിലെ ത്യാഗത്തിന്റെ അഥവാ ത്യജനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ്.

ഭഗവദ്ഗീതയുടെ മുഖ്യസന്ദേശമെന്തെന്ന് ഒരു ജിജ്ഞാസു സ്വാമി വിവേകാനന്ദനോട് ചോദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "ഗീത, ഗീത, ഗീത എന്ന് വളരെ വേഗത്തിൽ ആവർത്തിച്ച് ഉച്ചരിക്കുക. അപ്പോൾ ഗീതയുടെ മുഖ്യ സന്ദേശം കിട്ടും. ഇപ്രകാരം ഉച്ചരിക്കുമ്പോൾ അവസാനം ത്യാഗി, ത്യാഗി എന്നായി മാറും. ത്യാഗിയാകുക എന്നതാണ് ഭഗവദ് ഗീതയുടെ മുഖ്യ സന്ദേശം" എന്ന് അദ്ദേഹം വ്യക്തമാക്കി. ജീവിതം ആനന്ദപൂർണമാകണമെങ്കിൽ ത്യാഗം അനിവാര്യമാണെന്ന് ഗാന്ധിജി നമ്മെ ഓർമ്മപ്പെടുത്തുന്നു.

ജീവിതത്തെ ആനന്ദപൂർണമായി നിലനിർത്തുക എന്നത് ഒരു കലയാണ്. അതുകൊണ്ട് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ കലയാണ് ത്യാഗം എന്ന് അദ്ദേഹം പറയുന്നു. കലയെ ജീവിതത്തിൽനിന്നും മാറ്റിനിർത്താനാവില്ല. ത്യാഗത്തെ ജീവിതത്തിൽ നിന്ന് മാറ്റുന്നുവെങ്കിൽ അത് ജീവിതം അല്ലാതാകും. ത്യാഗം എന്ന കലയാണ് ജീവിതത്തെ സജീവമാക്കി നിർത്തുന്നത്. ഭോഗത്തിന്റെ ഫലം നാശവും ത്യാഗത്തിന്റെ ഫലം അനശ്വരതയും ആണെന്ന് ഗാന്ധിജി നമ്മെ ഓർമ്മപ്പെടുത്തുന്നു.

❐

വികസിത വ്യക്തിത്വം

നമ്മുടെ ജീവിതത്തിൽ ഓരോ ഘട്ടത്തിലും താൽകാലികമായ ഓരോ ലക്ഷ്യങ്ങൾ ഉണ്ടാകും. ബിരുദം എടുക്കുക, ജോലി നേടുക, കുടുംബമായി ജീവിക്കുക, ഭൗതിക സുഖസൗകര്യങ്ങൾ പരമാവധി അനുഭവിക്കുക എന്നിങ്ങനെ പോകുന്നു താൽകാലിക ലക്ഷ്യങ്ങൾ. ഇതിനെല്ലാം അപ്പുറം ഓരോ വ്യക്തിക്കും ഒരു ആത്യന്തികലക്ഷ്യം ഉണ്ട്, ഈശ്വരസാക്ഷാത്കാരം. അവനവനിൽ കുടികൊള്ളുന്ന ഈശ്വരാംശത്തെ തിരിച്ചറിയുക എന്നതാണ് ഈശരസാക്ഷാത്കാരം. ഇതാണ് സമഗ്രമായ ജീവിതലക്ഷ്യം. മറ്റ് മനുഷ്യരിലും ജീവജാലങ്ങളിലും സ്ഥിതിചെയ്യുന്ന ഈശ്വരനെ കാണുകയും സേവിക്കുകയും ചെയ്യുകയാണ് അതിനുള്ള മാർഗം. ഇത്തരമൊരു ലക്ഷ്യം ഉറപ്പിക്കുന്ന വ്യക്തി സ്വതന്ത്രനായിത്തീരുന്നു. സ്വാതന്ത്ര്യം ആ വ്യക്തിയുടെ ഊർജ സ്രോതസ്സായി മാറുന്നു. വർദ്ധമാനമായ കരുത്തോടെ മാനവസേവ എന്ന മാർഗത്തിലൂടെ ലക്ഷ്യത്തിലേയ്ക്ക് നീങ്ങാൻ ഇത്തരം വ്യക്തികൾക്ക് സാധിക്കുന്നു.

സ്വാർത്ഥതകളെ അതിജീവിച്ച വ്യക്തി, കുടുംബത്തിന്റെ നന്മയ്ക്കും സമൂഹത്തിന്റെ നന്മയ്ക്കും രാജ്യത്തിന്റെയും ലോകത്തിന്റെയും നന്മയ്ക്കും വേണ്ടി പ്രവർത്തിക്കുമ്പോഴാണ് പൗരനായി വികസിക്കുന്നത്. മാനവികമൂല്യത്തിന്റെ അഥവാ ആത്മീയതയുടെ വികാസമാണ് ഇത്തരം സാമൂഹിക ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കുന്നത്. വ്യക്തിക്ക് കുടുംബത്തോടുള്ള ഉത്തരവാദിത്തം രാഷ്ട്രത്തോടും സമൂഹത്തോടും ഉള്ളതായി വികസിക്കുന്നു. പക്ഷേ, ആദ്യത്തേത് ഇല്ലാതാകുന്നില്ല. മനുഷ്യന്റെ പൂർണമായ വികാസത്തിന്റേയും സാക്ഷാത്കാരത്തിന്റേയും ഭാഗമായാണ് പ്രബുദ്ധ പൗരത്വം സംജാതമാകുന്നത് എന്ന് വേദാന്തം വെളിപ്പെടുത്തുന്നു. വിവിധതരം പ്രത്യയശാസ്ത്രങ്ങളും ഭരണരീതികളും ലോകരാഷ്ട്രങ്ങളിൽ പ്രയോഗിക്കപ്പെട്ടു. ഭരണകൂടത്തിന്റെ അധികാര പ്രയോഗങ്ങളും നിയന്ത്രണങ്ങളും കൊണ്ടുമാത്രം മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുകയില്ല എന്ന് ഇതിനകം ലോകസമൂഹത്തിന് വ്യക്തമായിട്ടുണ്ട്. ഇവിടെയാണ് ഗാന്ധിജിയുടെ

വാക്കുകൾ ശ്രദ്ധേയമാകുന്നത്. 'അവകാശത്തിന്റെ യഥാർത്ഥമായ ഉത്ഭവസ്ഥാനം കടമയാണ്. കടമ ശരിയായി നിറവേറ്റിയാൽ അവകാശങ്ങൾ തേടി ദൂരെ പോകേണ്ടിവരികയില്ല.' പൗരാവകാശ സംസ്ഥാപനത്തിന്റെ അടിസ്ഥാനശില ആകേണ്ടത് കടമകൾ നിർവഹിക്കുന്ന വ്യക്തിയാണ് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകുമ്പോഴാണ് കടമകളെക്കുറിച്ച് തിരിച്ചറിവുണ്ടാകുന്നത്.

ഇന്ദ്രിയങ്ങളുടെ അടിമയാകാതെ മനസ്സിന്റേയും ബുദ്ധിയുടേയും അപ്പുറമുള്ള ആത്മീയ വികസനത്തിന്റെ പാതയിലൂടെ സഞ്ചരിച്ച് സാക്ഷാത്കാരം നേടലാണ് ജീവിതലക്ഷ്യം എന്ന് മഹാത്മാക്കൾ വ്യക്തമാക്കുന്നു. കർത്തവ്യനിർവഹണത്തിലൂടെ ഒരു വ്യക്തി പൗരനായി വികസിക്കുന്നു. കർത്തവ്യത്തിന്റെ മേഖല വികസിക്കുംതോറും പൗരത്വവും വികസിതമാകുന്നു. വികസിത പൗരത്വത്തിന് ഉടമകളായ വ്യക്തികൾ ഉള്ള സമൂഹത്തിൽ പൗരാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു.

ഓരോ വ്യക്തിയും അവനവന്റെ കർത്തവ്യങ്ങൾ ശരിയായി അനുഷ്ഠിക്കുകയും, സംയമനത്തിലൂടെ മനസ്സിനെ സ്വതന്ത്രാവസ്ഥയിൽ അഥവാ നിഷ്പക്ഷാവസ്ഥയിൽ എത്തിക്കുകയും വേണം. മനസ്സിന്റെ ഈ സ്വതന്ത്രാവസ്ഥയാണ് വ്യക്തിയിൽ നിർഭയത്വവും, നിശ്ചയദാർഢ്യവും, സ്വതന്ത്രബുദ്ധിയും, മനുഷ്യസ്നേഹവും സൃഷ്ടിക്കുന്നത്. ഇത്തരം ആത്മീയവികസനം ഏവരുടെയും ജന്മാവകാശമാണെന്ന് വേദാന്തം പറയുന്നു. ആത്മീയ വികാസം സാധ്യമായ വ്യക്തികളുടെ സമൂഹത്തിൽ പൗരാവകാശങ്ങൾ സംരക്ഷിക്കപ്പെടുകതന്നെ ചെയ്യും.

അവകാശ ധ്വംസനങ്ങൾ നടക്കുന്നുവെങ്കിൽ അതിനെതിരെ ശക്തിയായി പ്രതികരിക്കാനുള്ള ധാർമികശക്തി നമുക്ക് ലഭിക്കുന്നതും ആത്മീയ വികാസത്തിൽ കൂടിയാണ്.

❐

സത്യം, അഹിംസ

രക്തബന്ധത്തെക്കാൾ സ്ഥായിയായതും മഹത്തരവുമാണ് ആത്മബന്ധുത്വം. നമ്മളിലെല്ലാം ഒരേ ആത്മചൈതന്യം അഥവാ ഈശ്വരാംശം കുടികൊള്ളുന്നു. അതുകൊണ്ട് നമ്മളെല്ലാം ഏകോദരസഹോദരങ്ങളാണ്. ആത്മബന്ധുക്കളാണ്. ഒരേ ചൈതന്യമാണ് നമ്മളിൽ കുടികൊള്ളുന്നത്.

അതുകൊണ്ടുതന്നെ നാം ഒന്നാണ്. ഈ തിരിച്ചറിവാണ് ആത്മബന്ധുത്വബോധം. അവനവനിലും മറ്റുള്ളവരിലും കുടികൊള്ളുന്ന ചൈതന്യം ഒന്നുതന്നെയാണെന്ന് മനസ്സിലാക്കുമ്പോൾ നാം രണ്ടല്ല; ഒന്നുതന്നെയാണ് എന്ന ഏകത്വബോധം രൂപംകൊള്ളുന്നു.

'അഹം ബ്രഹ്മാസ്മി', 'തത്ത്വമസി' എന്നീ ഉപനിഷത്ത് ആശയങ്ങളുടെ മഹത്വം ഉൾക്കൊള്ളാൻ സാധിക്കണമെങ്കിൽ മേൽപ്പറഞ്ഞ ആത്മബന്ധുത്വം നമുക്ക് ബോധ്യപ്പെടണം.

നമ്മുടെ ശരീരത്തിലുള്ള ഈശ്വരസാന്നിധ്യം ആണ് സത്യം. ഈ സത്യത്തെക്കുറിച്ച് മനസ്സിലാക്കുകയും അതിനെ ആവിഷ്കരിക്കുകയുമാണ് യഥാർത്ഥ ജീവിതലക്ഷ്യം. ബാഹ്യമായ നേത്രങ്ങളെക്കൊണ്ടല്ല നാം ഇതിനെ കാണുന്നത്; അകക്കണ്ണ് കൊണ്ടാണ്. സത്യദർശനത്തിന്റെ കവാടം തുറക്കുവാനുള്ള താക്കോൽ 'പ്രാർത്ഥന'യാണ്. പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പുറംകണ്ണുകൾ അടയുകയും, ഉൾക്കണ്ണുകൾ തുറക്കുകയും ചെയ്യുന്നു. കേവലം ഭൗതികമായ വസ്തുക്കളെ കാണാൻ മാത്രമാണ് പുറംകണ്ണുകൾ നമ്മെ സഹായിക്കുന്നത്. നമ്മിലുള്ള ഈശ്വരാംശത്തെ അന്വേഷിക്കാൻ അകക്കണ്ണുകൾ സഹായിക്കുന്നു. ഇത്തരമൊരു അന്വേഷണം വഴി ആത്മതത്ത്വത്തെ നമുക്ക് അനുഭവിക്കാൻ സാധിക്കുന്നു. ഇത് കേവലം കാണൽ അല്ല; അനുഭവിക്കൽ ആണ്. ആത്മാന്വേഷണം കൂടുതൽ കൂടുതൽ ഏകാഗ്രവും ശക്തവുമാകുമ്പോൾ കൂടുതൽ വ്യക്തമായ അനുഭവങ്ങൾ ഉണ്ടാകുന്നു. ഇതാണ് സത്യദർശനം അഥവാ ഈശ്വരദർശനം.

സത്യമാണ് ദൈവം എന്ന് ഗാന്ധിജി വ്യാഖ്യാനിക്കുന്നത് ഇപ്രകാരമാണ്. ആത്മാന്വേഷണത്തിന്റെ ഭാഗമായി, നാം മറ്റുള്ളവരിൽ നിന്ന് ഭിന്ന

മല്ല എന്ന് തിരിച്ചറിയുന്നു. നാമും അവരും ഒന്നാണെന്നതുകൊണ്ടുതന്നെ അവർക്ക് ദോഷമുണ്ടാക്കുന്ന, അവർക്ക് വേദനയുണ്ടാക്കുന്ന ഒന്നുംതന്നെ നാം ചെയ്യുന്നില്ല. അവർ എന്നു പറയുന്നത് കേവലം ശരീരരൂപമല്ല, അതിനുള്ളിലുള്ള ഈശ്വരനാണ് എന്ന് നാം സത്യദർശനത്തിലൂടെ മനസ്സിലാക്കുന്നു. അതുകൊണ്ട്, മനസാ വാചാ കർമ്മണാ മറ്റുള്ളവർക്ക് ദോഷമായ യാതൊന്നും നാം ചെയ്യുന്നില്ല. ഇതാണ് യഥാർത്ഥ അഹിംസ. തിരിച്ചറിവിന്റെയും വ്യക്തിവികാസത്തിന്റെയും ഫലമായുണ്ടാകുന്ന ധനാത്മകമായ അഥവാ പോസിറ്റീവ് ആയ സദ്ഗുണം ആണ് അഹിംസ.

ഈശ്വരചൈതന്യം എല്ലാവരിലുമുണ്ട്. പക്ഷേ, പലരിലും അത് മൂടപ്പെട്ടിരിക്കുന്നു എന്നു മാത്രം. വെണ്ണീറുകൊണ്ട് തീക്കനൽ മൂടപ്പെട്ടതുപോലെ. ഇവിടെ വെണ്ണീറിന്റെ രൂപത്തിൽ വർത്തിക്കുന്നത് നമ്മളിലുള്ള അസൂയ, വിദ്വേഷം, അഹങ്കാരം, അത്യാർത്തി, സ്ഥാനമോഹം, കീർത്തിഭ്രമം എന്നിവയാണ്. മനുഷ്യരോടും മറ്റ് ജീവജാലങ്ങളോടും ആത്മബന്ധുത്വബോധം വളർത്തിയെടുക്കുക വഴി അവയോടുള്ള വിദ്വേഷം, അസൂയ, ആധിപത്യം, ചൂഷണങ്ങൾ എന്നിവ ഒഴിവാക്കാനാകും. ഒപ്പംതന്നെ നമ്മുടെ കർത്തവ്യങ്ങൾ കൃത്യമായി നിർവഹിക്കുകയും വേണം. കർത്തവ്യങ്ങൾ ഈശ്വരാർപ്പണമായി നിർവഹിക്കുക വഴി അഹങ്കാരവും അത്യാർത്തിയും ഒഴിവാക്കാൻ സാധിക്കും. ഇത്തരം ഒരു ജീവിതശൈലി വളർത്തിയെടുക്കുക വഴി സർവ ജീവജാലങ്ങളുടേയും പുരോഗതി അഥവാ സർവോദയം സാദ്ധ്യമാകും. ❐

സർവോദയ സൗന്ദര്യ വീക്ഷണം

എന്താണ് സൗന്ദര്യം എന്നതിനെക്കുറിച്ച് അനാദികാലം മുതൽക്കുതന്നെ ഭിന്നമായ അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. സൗന്ദര്യം വസ്തുനിഷ്ഠമാണോ ആത്മനിഷ്ഠമാണോ ഇവ രണ്ടും ചേർന്നതാണോ എന്നിങ്ങനെയുള്ള സന്ദേഹപ്രകടനങ്ങളും ഏറെക്കാലമായി നിലനിൽക്കുന്നു. എന്നാൽ വ്യക്തമായ ഒരു സൗന്ദര്യവീക്ഷണം ഗാന്ധിജിക്ക് ഉണ്ടായിരുന്നു. അദ്ദേഹം മുന്നോട്ടുവച്ച സർവോദയ ദർശനത്തിന് ആധാരമായി ഈ സൗന്ദര്യ വീക്ഷണം എക്കാലവും നിലകൊണ്ടു. ഹൃദയശുദ്ധി, സദാചാരം, അഹിംസ, വിശക്കുന്നവന് അന്നം, അദ്ധ്വാന സംസ്കാരം, സേവനം എന്നിങ്ങനെ സത്യത്തിന്റെ പ്രയോഗതലങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം സൗന്ദര്യത്തെ നിർണയിച്ചിരിക്കുന്നത്. മേൽപ്പറഞ്ഞവയെല്ലാം എക്കാലത്തും പ്രസക്തവും സുന്ദരവുമാണ്. സുന്ദരമായതിന് സ്ഥായീഭാവം ഉണ്ട് എന്നർത്ഥം. സ്ഥായിയായത് സത്യമായിരിക്കും.

മറ്റൊരുതരത്തിൽ സത്യമായതാണ് സുന്ദരം. സത്യമാണ് ദൈവം എന്നും ദൈവമാണ് സത്യം എന്നും ഗാന്ധിജിതന്നെ ജീവിതത്തിലൂടെ വ്യക്തമാക്കി. സത്യത്തിന് അഥവാ ദൈവീകതയുടെ ആവിഷ്കാരമാണ് സൗന്ദര്യം എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അതുകൊണ്ട് സൗന്ദര്യം സ്ഥായിയായതും നിത്യനൂതനവും നിത്യാനന്ദദായകവുമാണ്.

സർവോദയ വീക്ഷണപ്രകാരം ഒരു വസ്തുവിന്റെ ഗുണത്തിലാണ് സൗന്ദര്യം സ്ഥിതിചെയ്യുന്നത്. പ്രകൃതിയുടെ താളാത്മകതയും മാനവികതയും നിലനിർത്തുന്നതും പോഷിപ്പിക്കുന്നതുമായ വസ്തുക്കളിലാണ് സൗന്ദര്യം ഉള്ളത്. പ്രകൃതിയുമായി ഒരു ആദാനപ്രദാന പ്രക്രിയ അഥവാ സ്വാഭാവികമായ കൊടുത്തുവാങ്ങൽ നടക്കുമ്പോഴാണ് താളാത്മകത അനുസ്യൂതം തുടരുന്നത്. ഇത്തരമൊരു താളത്തിനും ഉണ്ട് സൗന്ദര്യം.

പ്രകൃതിയുടെ താളത്തിനൊപ്പം ഉള്ള സംഗീതവും സുന്ദരമാണ്. അദ്ധ്വാനത്തിന്റെ പ്രതീകമായ ചർക്കയുടെ ശബ്ദം മനോഹരമായ സംഗീതമായാണ് ഗാന്ധിജിക്ക് അനുഭവപ്പെട്ടത്. യഥാർത്ഥ കലയും സാഹിത്യവും വ്യക്തി

യുടെയും സമൂഹത്തിന്റെയും ശുദ്ധീകരണം ത്വരിതപ്പെടുത്തും എന്ന് ഗാന്ധിജി വിശ്വസിച്ചു. കല മനുഷ്യനിലെ ഈശ്വരീയ ഗുണങ്ങളെ ആവിഷ്കരിക്കുന്നു. ഇപ്രകാരം സദ്ഗുണങ്ങളെ പരിപോഷിപ്പിക്കുക വഴി ലഭ്യമാകുന്ന ജീവിത പരിശുദ്ധിയാണ് ഏറ്റവും ഉന്നതമായ കല. ആത്മ സാക്ഷാത്കാരത്തിലേയ്ക്കുള്ള യാത്രയിൽ പാഥേയം ആയി കല നിലകൊള്ളുന്നു.

രാഷ്ട്രീയമീമാംസയുടെ കാര്യത്തിലും സൗന്ദര്യദർശനം പ്രസക്തമാകുന്നു. അധികാരവും ആധിപത്യവും പ്രയോഗിക്കുന്ന രാജ്യതന്ത്രത്തേക്കാൾ സൗന്ദര്യം ഉള്ളത് ജനതന്ത്രത്തിനാണ് എന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. സ്വമേധയാ അച്ചടക്കത്തെ ജീവിതശൈലിയാക്കുന്നത് ഭരണത്തേക്കാൾ സുന്ദരമാണ്. തികച്ചും സ്വതന്ത്രമായ അവസ്ഥയാണ് അധികാരപ്രയോഗത്തേക്കാൾ സുന്ദരമായിട്ടുള്ളത്. മുകളിൽനിന്നുള്ള നിയന്ത്രണത്തേക്കാൾ സൗന്ദര്യമുള്ളത് സ്വയം തീരുമാനിച്ച് പാലിക്കുന്ന സംയമനത്തിനാണ്. അധികാരത്തെ കൈയടക്കാനും നിലനിർത്താനുമുള്ള മത്സരത്തേക്കാൾ സൗന്ദര്യം ഉള്ളത് കടമകളും കർത്തവ്യാനുഷ്ഠാനങ്ങളും ശരിയായി നിർവഹിച്ചു മുന്നേറുന്ന ജീവിതത്തിനാണ്. അധികാരവും സമ്പത്തും കേന്ദ്രീകരിക്കുമ്പോൾ സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ സംജാതമാകുന്ന അസന്തുലിതാവസ്ഥയും അസമത്വവും സമൂഹത്തെ വികൃതമാക്കുന്നു. എന്നാൽ ഇവ വികേന്ദ്രീകരിക്കപ്പെടുമ്പോൾ സമൂഹത്തിൽ ആത്മവിശ്വാസവും പരസ്പര സഹകരണവും പൊതുജനസേവനവും സജീവമാകുന്നു. ഇതുവഴി സമൂഹജീവിതം ദീപ്തവും സുന്ദരവുമാകുന്നു.

❐

സർവധർമ്മ സമഭാവം

ദേശ-കാലങ്ങളെ അതിജീവിച്ചുകൊണ്ട് രാഷ്ട്രങ്ങളേയും വ്യക്തികളേയും ഒന്നിപ്പിക്കുന്നതിന് വിവരസാങ്കേതികവിദ്യയുടെ വ്യാപനം വളരെയേറെ സഹായിക്കുന്നുണ്ട്. ആധുനികശാസ്ത്രം മാനവ ഐക്യത്തിന്റെ സാധ്യതകളെ പ്രദാനംചെയ്യുമ്പോൾതന്നെ രാഷ്ട്രങ്ങളേയും വ്യക്തികളേയും ഭിന്നിപ്പിച്ച് നിർത്താനുള്ള കുത്സിതശ്രമങ്ങളും ഇവിടെ നടക്കുകയാണ്. പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണംചെയ്ത് പരമാവധി ലാഭം ഉണ്ടാക്കുക എന്നതാണ് ഭിന്നിപ്പുണ്ടാക്കുന്നവരുടെ പ്രധാന ലക്ഷ്യം. മതം എന്ന മഹത്തായ സംവിധാനത്തെയാണ് ഇക്കൂട്ടർ ദുരുപയോഗം ചെയ്യുന്നത്. വിശ്വശാന്തിക്ക് വിഘ്നമായി നിൽക്കുന്ന വർഗീയവാദവും ഭീകരവാദവും ഇപ്രകാരം മതങ്ങളുടെ മറവിൽ വിലസുകയാണ്. മതങ്ങളെ നിഷേധിച്ചുകൊണ്ട് ലോകം നേരിടുന്ന ഈ വെല്ലുവിളിയെ അതിജീവിക്കാനാവില്ല.

യഥാർത്ഥ മതത്തെ വീണ്ടെടുക്കുകയാണ് വേണ്ടത്. ആദ്ധ്യാത്മികതലത്തിൽ മതങ്ങൾ തമ്മിലുള്ള ഏകത്വത്തെ ഉയർത്തിക്കാണിക്കാൻ നമുക്ക് സാധിക്കണം. മതങ്ങളുടെ നാടായ ഭാരതത്തിന് ഇക്കാര്യത്തിൽ ലോകത്തിനു തന്നെ മാർഗദർശകമാകാനാകും. മതത്തെ ധർമ്മം എന്ന പദം കൊണ്ടാണ് നാം വിശേഷിപ്പിക്കാറുള്ളത്.

എല്ലാറ്റിനേയും നിലനിർത്തുന്നതാണ് ധർമ്മം. എല്ലാറ്റിനും ധാരകം ഈശ്വരൻ ആകയാൽ ധർമ്മത്തിന് ഈശ്വരൻ എന്നും അർത്ഥമുണ്ട്. ഈശ്വരന്റെ പ്രകടഭാവങ്ങളായ സത്യം, സ്നേഹം, അഹിംസ എന്നിവയാണ് ലോകസുസ്ഥിരതയ്ക്ക് അടിസ്ഥാനമായി വർത്തിക്കുന്നത്. ഇത്തരം നന്മകൾക്കായി നിലകൊള്ളുന്ന സംവിധാനങ്ങളാണ് യഥാർത്ഥ മതങ്ങൾ. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിനും അടിസ്ഥാനമായി വർത്തിക്കേണ്ട മൂല്യങ്ങളെ സംബന്ധിച്ച് എല്ലാ മതങ്ങൾക്കും ഒരേ അഭിപ്രായമാണ് ഉള്ളത് എന്ന് ലളിതമായ താരതമ്യങ്ങളിലൂടെ നമുക്ക് വ്യക്തമാകും.

'തനിക്ക് അഹിതമായ എന്തോ അത് അന്യനും അഹിതമാണെന്ന് ധരിച്ച് പ്രവർത്തിക്കണം, തനിക്ക് ഇഷ്ടം ഇല്ലാത്തത് അന്യനിലും ഏൽപ്പി

ക്കരുത്' - ഇതാണ് ധർമ്മത്തിന്റെ സാരം എന്ന് ശ്രീമദ് മഹാഭാരതം പറയുന്നു.

'നീ നിനക്കുവേണ്ടി എന്ത് ഇഷ്ടപ്പെടുന്നുവോ അത് മറ്റുള്ളവർക്കു വേണ്ടിയും ഇഷ്ടപ്പെടണം. നിനക്ക് നീ എന്ത് ഇഷ്ടപ്പെടുന്നില്ലയോ അത് മറ്റുള്ളവർക്കുംവേണ്ടിയും ഇഷ്ടപ്പെടരുത്' എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്.

'മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ അവരോടും നിങ്ങൾ പെരുമാറുക' എന്ന് വിശുദ്ധ ബൈബിളിലും പറയുന്നു.

വ്യക്തിയും സമൂഹവും തമ്മിലുള്ള പാരസ്പര്യത്തിലും വിവിധ മതങ്ങളിൽ ഇതേ സമാനതകൾ നമുക്ക് കാണാനാകും. സമൂഹത്തിനുവേണ്ടി ദാനം ചെയ്യാനും, ത്യജിക്കാനും തയ്യാറുള്ള യജ്ഞസംസ്കാരം നിലനിർത്തണമെന്നാണ് ഹൈന്ദവധർമ്മം ഉപദേശിക്കുന്നത്.

സക്കാത്ത്, സദക്ക എന്നീ പുണ്യകർമ്മങ്ങളിലൂടെ സമൂഹത്തിനു വേണ്ടി ത്യജിക്കാനുള്ള മഹത്തായ ദർശനമാണ് വിശുദ്ധ ഖുർആൻ നൽകുന്നത്.

'ഉള്ളവനിൽനിന്ന് എളിയവന് നൽകുമ്പോൾ എനിക്ക് തന്നെ നൽകുന്നു' എന്ന ശ്രീയേശുദേവന്റെ വചനവും ഈ പാരമ്പര്യത്തെ ഉയർത്തിക്കാണിക്കുന്നു.

എല്ലാ മതങ്ങളുടേയും മൗലികമായ ആശയങ്ങൾ ഒന്നാണെന്ന് ഇത്തരം വിശകലനങ്ങളിലൂടെ മനസ്സിലാകും. അതുകൊണ്ടുതന്നെ ഒരേ ധർമ്മത്തിന് വേണ്ടി നിലകൊള്ളുന്ന മതങ്ങളുടെ ആത്മീയ സമാനതകളെ പറ്റി വ്യാപകമായി ചർച്ചകൾ നടക്കണം. ഇത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഓരോ വ്യക്തിയും ആദ്യംതന്നെ സ്വന്തം മതത്തെക്കുറിച്ച് നല്ലപോലെ പഠിക്കുകയും അത് ആചരിക്കുകയും ചെയ്യുക. ഒപ്പം തന്നെ മറ്റ് മതങ്ങളെ തുല്യ ബഹുമാനത്തോടുകൂടി പഠിക്കുകയും സമീപിക്കുകയും ചെയ്യുമ്പോൾ ഇത്തരം സമാനതകളെക്കുറിച്ച് തിരിച്ചറിവ് ഉണ്ടാകുന്നു. ഇപ്രകാരം സർവ ധർമ സമഭാവം വളർത്തിക്കൊണ്ട് മാനവ ഐക്യം ഊട്ടിയുറപ്പിക്കാനും വിശ്വ ശാന്തി സംസ്ഥാപിക്കാനും നമുക്ക് സാധിക്കും.

❐

ഹരിത സമ്പദ്‌വ്യവസ്ഥ

ഹരിത സമ്പദ്‌വ്യവസ്ഥ എന്ന പദം അടുത്തകാലത്തായി കൂടുതൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ഒരു സമൂഹത്തിലെ ഉല്പാദന വിതരണ സംവിധാന ക്രമത്തെയാണ് സമ്പദ്‌വ്യവസ്ഥ എന്ന് പറയുന്നത്. ഹരിതം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രകൃതിക്ക് ഇണങ്ങുന്നത്, സുസ്ഥിരമായത്, സ്ഥായിയായത് എന്നൊക്കെയാണ്. പ്രകൃതിക്ക് കോട്ടംതട്ടാതെതന്നെ പ്രകൃതിയിൽനിന്ന് എടുത്തും അതുപോലെ പ്രകൃതിയിലേക്ക് കൊടുത്തും ഉല്പാദന പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് 'ഹരിതം' എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്.

ഭൂമിയിലെ വിഭവങ്ങൾ വരുംതലമുറകൾക്കുകൂടി അവകാശപ്പെട്ടതാണ്. ഇത്തരം ഒരു തിരിച്ചറിവ് ഉണ്ടാകുമ്പോൾ വിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യുകയില്ല. അമിത ചൂഷണവും കൂടിയ ഉപഭോഗവും ഒരുതരത്തിൽ ഹിംസയാണ്. ചുരുക്കത്തിൽ ഹരിതം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് അഹിംസാത്മകം എന്നാണ്. ഗാന്ധിജി മുന്നോട്ടുവച്ച സർവോദയ ദർശനത്തിൽ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഒരു ധാർമിക അടിസ്ഥാനം ഉണ്ടായിരിക്കണം എന്ന് നിർദ്ദേശിക്കുന്നു.

മനുഷ്യനെപ്പോലെ മറ്റ് ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ട്. കായികവും ബുദ്ധിപരവുമായ ശേഷി ഉപയോഗിച്ച് മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുകയും, വരും തലമുറകൾക്കുകൂടി ലഭ്യമാക്കാൻ അവസരം സൃഷ്ടിക്കാതിരിക്കുകയും ചെയ്യുന്നത് അധാർമികമാണ്.

മനുഷ്യന്റെ ആഗ്രഹങ്ങൾ അളവറ്റതാണ്. ആഗ്രഹങ്ങളെ ലഘൂകരിക്കുകയും, പ്രകൃതിവിഭവങ്ങളെ പരിമിതമായി മാത്രം ഉപയോഗിക്കുകയും, വരുംതലമുറയ്ക്ക് വേണ്ടി മാറ്റിവയ്ക്കുകയും ചെയ്യുന്നത് സംസ്കാരത്തിന്റെ ലക്ഷണമാണ്. ഇത് സാധ്യമാകണമെങ്കിൽ വ്യക്തിയിൽ ക്ഷമയും അഹിംസാവബോധവും രൂപപ്പെടണം.

പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ പല ജീവികളിലും ഹിംസാത്മകമായ ഉപജീവന പ്രവർത്തനങ്ങൾ നടത്തുന്നത് കാണാം.

അതുകൊണ്ട് ഹിംസയെ പൂർണമായും ഒഴിവാക്കിക്കൊണ്ടുള്ള ഒരു സമ്പദ് വ്യവസ്ഥ രൂപംകൊള്ളണം എന്ന് നിർബന്ധം പിടിക്കുന്നത് തന്നെ പ്രകൃതിവിരുദ്ധമായ സമീപനമല്ലേ എന്ന ചോദ്യം ഉയരാറുണ്ട്. ചൂഷണ സമ്പദ്ഘടനയുടെ വക്താക്കളാണ് ഇത്തരം ചോദ്യം ഉന്നയിക്കാറുള്ളത്. ഇവിടെ ഓർമ്മിക്കേണ്ടതായ ഒരു പ്രധാന കാര്യമുണ്ട്.

ചൂഷണാധിഷ്ഠിതമായ ഒരു വ്യവസ്ഥയിൽനിന്ന് സഹകരണാധിഷ്ഠിതമായ ഒരു വ്യവസ്ഥയിലേക്കോ, സേവനാധിഷ്ഠിതമായ ഒരു അവസ്ഥയിലേക്കോ മാറാൻ സാധിക്കുന്നത് മനുഷ്യന് മാത്രമാണ്. അതുകൊണ്ടുതന്നെ കാലാനുസൃതമായ പുരോഗതി അഥവാ സാംസ്കാരിക ഔന്നത്യം സ്വയം വരിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. ഉദാഹരണത്തിന്, ഒരു തവള പ്രാണികളെ തിന്ന് ജീവിക്കുന്നു. സിംഹം മാനിനെ തിന്ന് ജീവിക്കുന്നു. ഇതെല്ലാം ഒരു തരത്തിൽ നോക്കുമ്പോൾ ഹിംസാധിഷ്ഠിതം അല്ലേ എന്ന് തോന്നാം. ഭൂമുഖത്ത് ജീവനുണ്ടായത് മുതൽ ഇന്നുവരെ ഈ ജീവികൾ ഇങ്ങനെത്തന്നെയാണ് ഉപജീവിക്കുന്നത്. മറ്റെന്തെങ്കിലും ഭക്ഷണം സ്വയം ഉല്പാദിപ്പിക്കാൻ ഇവയ്ക്ക് സാധിക്കില്ല. എന്നാൽ മനുഷ്യന്റെ കാര്യം അങ്ങനെയല്ല. പ്രകൃതിയിലെ കായ്കനികൾ ശേഖരിച്ച് ഭക്ഷിച്ചിരുന്ന മനുഷ്യൻ ക്രമേണ കൃഷി ആരംഭിച്ച്, ഉല്പാദിപ്പിച്ച് ഭക്ഷിക്കാൻ ആരംഭിക്കുന്നു. ശിലായുധവും അമ്പും വില്ലും ഉപയോഗിച്ചിരുന്ന മനുഷ്യൻ ഇന്ന് ബഹിരാകാശപേടകങ്ങൾ വരെ നിർമ്മിക്കുന്നു.

വിശേഷബുദ്ധിയും സ്വതന്ത്രമായ കൈകളും മനുഷ്യനെ പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് മുന്നേറാൻ സഹായിക്കുന്നു. ഹിംസാധിഷ്ഠിതമായ ഒരു അവസ്ഥയിൽ നിന്നും അഹിംസാധിഷ്ഠിതമായ ഒരു തലത്തിലേയ്ക്ക് ഉയരാൻ ധാർമികവും ചരിത്രപരവുമായ ഉത്തരവാദിത്തം മനുഷ്യനുണ്ട്. സാംസ്കാരിക ഔന്നത്യത്തിന്റെ സൂചകമായ ഹരിത സമ്പദ് വ്യവസ്ഥ സാധ്യമാകണമെങ്കിൽ തികച്ചും സഹകരണാത്മകവും സേവന സന്നദ്ധവും അഹിംസാത്മകവുമായ ഒരു അന്തരീക്ഷവും വികേന്ദ്രീകൃതമായ ഉല്പാദന വിതരണ സംവിധാനവും, വികേന്ദ്രീകൃതമായ ഭരണസംവിധാനവും അനിവാര്യമാണ്.

❐

ആധിപത്യം അപകടമാണ്

സഹകരണവും സമന്വയവുമാണ് സർവോദയത്തിലേക്കുള്ള പാത. സർവരിലുമുള്ള നന്മയെ സ്വീകരിക്കാനും തിന്മയോട് നിസ്സഹകരിക്കാനുള്ള ധീരത അഥവാ നിർഭയത്വം ആണ് നമുക്കുണ്ടാകേണ്ടത്. സമൂഹനന്മയ്ക്കായുള്ള സമ്പൂർണ സമർപ്പണ പ്രവർത്തനങ്ങളിൽ ആധിപത്യത്തിന് സ്ഥാനമില്ല. ഏതെങ്കിലും ഒരു മതത്തിന്റെ ആധിപത്യമോ രാഷ്ട്രീയപാർട്ടിയുടെ ആധിപത്യമോ സമൂഹത്തിന് ഗുണം ചെയ്യില്ല. ഇത്തരം ആധിപത്യത്തിന്റെ ഭീകരതയെക്കുറിച്ച് സ്വയം ഭയപ്പെടുകയോ മറ്റുള്ളവരെ ഭയപ്പെടുത്തുകയോ ചെയ്യുന്നതിൽ അർത്ഥമില്ല.

ആധിപത്യത്തിന്റെ ആപത്തുകളെ അതിജീവിക്കാൻ അർത്ഥപൂർണമായ പ്രവർത്തനങ്ങളാണ് ആവശ്യം. എല്ലാ മതങ്ങളുടെയും അടിസ്ഥാനമൂല്യങ്ങളെക്കുറിച്ച് മനസ്സിലാക്കുകയാണ്, മതാധിപത്യത്തെ ഒഴിവാക്കാൻ, ആദ്യം ചെയ്യേണ്ടത്. ഇതുവഴി, എല്ലാ മതങ്ങളുടെയും അടിസ്ഥാനമൂല്യങ്ങൾ ഒന്നാണ് എന്ന് മനസ്സിലാകും. സമാന മൂല്യങ്ങളുള്ള മതങ്ങളോട് തുല്യമായ ബഹുമാനം അഥവാ സർവധർമ്മ സമഭാവം വളർത്തിയെടുക്കലാണ് രണ്ടാംഘട്ട പ്രവർത്തനം. എല്ലാ മതങ്ങളും ശാശ്വതമായ സത്യത്തിലേക്കുള്ള പാതകൾ ആണെന്ന് തിരിച്ചറിഞ്ഞ് മതാതീതമായ ആത്മീയതയെ വികസിപ്പിച്ചെടുക്കുകയാണ് മൂന്നാംഘട്ടം. വ്യക്തിയിൽ മൂല്യബോധം വളർത്തിയെടുത്ത് വികസിത വ്യക്തിത്വങ്ങൾ ആക്കുക എന്നതാണ് മതത്തിന്റെ ദൗത്യം. ഒരു പ്രദേശത്തിന്റെയോ രാജ്യത്തിന്റെയോ ഭരണകാര്യങ്ങളിൽ നേരിട്ട് ഇടപെടാനുള്ള ഉത്തരവാദിത്തം മതത്തിന് ഇല്ല. സമൂഹത്തിലെ കാര്യനിർവഹണം അഥവാ ഭരണസംവിധാനം ജനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പരസ്പരസഹകരണത്തിലൂടെ സ്വാഭാവികമായി രൂപംകൊള്ളേണ്ടതാണ്. ഇക്കാര്യത്തിന് രാഷ്ട്രീയ പാർട്ടികൾ അനിവാര്യമല്ല എന്നതാണ് ഗാന്ധിയൻ സർവോദയ നിലപാട്.

രാഷ്ട്രീയ പാർട്ടികൾ ഇല്ലാതെതന്നെ സമൂഹത്തിൽ കാര്യനിർവഹണം സുരക്ഷിതമായി മുന്നേറിയ ധാരാളം മുൻ അനുഭവങ്ങൾ ഭാരതത്തിലുണ്ട്.

അതുകൊണ്ടാണ് സ്വാതന്ത്ര്യലബ്ധിയുടെ നാളുകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വയം പിരിഞ്ഞുപോകണമെന്നും പുതിയൊരു ജനസേവ പ്രസ്ഥാനം രൂപപ്പെടണമെന്നും ഗാന്ധിജി ആഗ്രഹിച്ചത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് മാത്രമല്ല, ഒരു രാഷ്ട്രീയ പാർട്ടിയും അത്യാവശ്യം ഇല്ല എന്നാണ് ഉദ്ദേശിച്ചത്. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാന മായ കോൺഗ്രസ്സിനോട് കൂടുതൽ അടുപ്പം ഉള്ളതുകൊണ്ടാണ് കോൺഗ്ര സ്സിന്റെ കാര്യം തുറന്നുപറയുകയും, ബദൽ പ്രസ്ഥാനത്തിനുള്ള ഭരണഘടന തയ്യാറാക്കി ദേശീയ നേതാക്കളെ ഏൽപ്പിക്കുകയും ചെയ്തത്. ഗാന്ധിജി ഉദ്ദേശിച്ച വികേന്ദ്രീകൃത സർവോദയ ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടി കളുടെ ആവശ്യമില്ല.

അടിസ്ഥാനതലം മുതൽ ദേശീയതലം വരെയുള്ള കാര്യനിർവഹണ ത്തിന് ജനങ്ങളുടെ സഹകരണവും സമർപ്പണബോധവും സന്നദ്ധതയുമാണ് പ്രധാനം. വികേന്ദ്രീകൃതവും സ്വാഭാവികവുമായ ജനാധിപത്യപ്രക്രിയയെ കേന്ദ്രീകൃതവും ആധിപത്യത്തിൽ അധിഷ്ഠിതവും ആക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ ചെയ്യുന്നത്. രാഷ്ട്രീയ പാർട്ടികളെ അടിസ്ഥാനമാക്കിയുള്ള ഇന്നത്തെ പാർലമെന്ററി ജനാധിപത്യം ജാതി-മത-പണാധിപത്യ പ്രവണ തകളേയും അഴിമതിയേയും വളർത്തുന്നു. സാമൂഹ്യനീതിയും സമത്വവും നഷ്ടപ്പെടുത്തുന്നു. സമത്വപൂർണമായ സർവോദയ സമൂഹരൂപീകരണത്തിന് കക്ഷിരഹിതമായ ജനാധിപത്യ അന്തരീക്ഷമാണ് ആവശ്യം.

❐

ഭരണകൂടവും പൊതുസമൂഹവും

ഭരണകൂടവും പൊതുസമൂഹവും (State and Civil Society) തമ്മിലുള്ള വൈരുദ്ധ്യം ഒഴിവാക്കാൻ ഗാന്ധിജി നിർദ്ദേശിച്ച സമന്വയത്തിന്റെ മാർഗം അധികാരം ജനങ്ങളിൽ നിക്ഷിപ്തമാകുന്ന വികേന്ദ്രീകൃത-പങ്കാളിത്ത ജനാധിപത്യമാണ്. ഭരണകൂടം നിരായുധീകരിക്കപ്പെടുന്നതും ഇങ്ങനെയാണ്. ജാതിയേയും മതത്തേയും ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നത് പാർലമെന്ററി സംവിധാനത്തിലെ അധികാര ദല്ലാൾമാരാണ്.

പാർലമെന്ററി ജനാധിപത്യത്തിനുപകരം വികേന്ദ്രീകൃത-പങ്കാളിത്ത ജനാധിപത്യം നടപ്പാക്കുമ്പോൾ ജാതിയുടേയും മതത്തിന്റേയും പേരിൽ ഭിന്നിപ്പിച്ച് നിർത്തലും വോട്ടുബാങ്കുകൾ സൃഷ്ടിക്കലും ഇല്ലാതാകുന്നു. ജാതീയതയേയും മതവിഭാഗീയതയേയും ലഘൂകരിക്കാൻ ഇത് സഹായകമാകും.

പങ്കാളിത്ത ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി എല്ലാ വിഭാഗം ജനങ്ങളും അയൽക്കൂട്ടത്തിൽ ഒന്നിച്ചിരിക്കുന്ന പ്രക്രിയ തുടരുമ്പോൾ ജാതി-മത സ്പർധയും അയിത്തവും പോലുള്ള അനാചാരങ്ങളും ഇല്ലാതാകാൻ കാരണമാകും.

അദ്ധ്വാനത്തെ മൂലധനമായി കാണക്കാക്കുകയും പണമൂലധനത്തിന് തുല്യമായ സ്ഥാനം അദ്ധ്വാനമൂലധനത്തിന് നൽകുകയും വേണം. പണമൂലധനം ആവശ്യമാകുമ്പോൾ വ്യക്തി-കുത്തക മൂലധനങ്ങളെ ആശ്രയിക്കാതെ പങ്കാളിത്തത്തിന്റേയും ട്രസ്റ്റിഷിപ്പിന്റേതുമായ പൊതുസമാഹരണ സംവിധാനം ഉണ്ടാകണം.

പ്രകൃതിവിഭവങ്ങളെ പൊതു ഉടമസ്ഥതയിൽ ആക്കണം. ഇതുവഴി അദ്ധ്വാനത്തിന്റെ മഹത്വം വർദ്ധിക്കുകയും മൂലധനത്തിന്റെ സാമൂഹ്യവത്കരണം സാധ്യമാകുകയും ചെയ്യും.

ഇപ്രകാരം അദ്ധ്വാനവും (Labour) മൂലധനവും (Capital) തമ്മിലുള്ള സംഘർഷത്തിനുപകരം സമന്വയം സംഭവിക്കും. സംഘർഷങ്ങളില്ലാത്ത സർവോദയ സമൂഹ രചനയുടെ ഒരു പാതയാണിത്.

❐

സംവരണം ശാശ്വത പരിഹാരമല്ല

കക്ഷിരാഷ്ട്രീയ കേന്ദ്രീകൃത ജനാധിപത്യം നിലനിൽക്കുമ്പോൾ സാമ്പത്തികസംവരണം കൊണ്ടോ സാമൂഹികസംവരണം കൊണ്ടോ മാത്രം സാമൂഹികനീതി കൈവരിക്കാനാകില്ല. 70 വർഷം പിന്നിടുന്ന സ്വതന്ത്രഭാരതം നമുക്ക് നൽകുന്ന പാഠം ഇതാണ്.

പഞ്ചായത്ത് തിരഞ്ഞെടുപ്പ് മുതൽ പാർലമെന്റ് തിരഞ്ഞെടുപ്പ് വരെ രാഷ്ട്രീയ പാർട്ടികളും അതിനുള്ളിലെ ശക്തമായ ഗ്രൂപ്പും ഗ്രൂപ്പിനുള്ളിലെ ശക്തനായ നേതാവും നിശ്ചയിക്കുന്നവരാണ് സ്ഥാനാർത്ഥികളായി എത്തുന്നത്. അവരിലൊരാളെ തിരഞ്ഞെടുക്കുവാൻ ജനങ്ങൾ നിർബന്ധിതരാകുന്നു. ജാതി-മത-കുത്തക-പ്രീണനങ്ങൾ അരങ്ങേറുന്നു. ജനങ്ങൾക്ക് പങ്കാളിത്തം ഇല്ലാത്തതുകൊണ്ടുതന്നെ സാമൂഹിക നീതി നടപ്പാകുന്നില്ല. സംവരണത്തിന്റെ പേരിൽ ജാതി-മത-വിഭാഗങ്ങളെ വോട്ടുബാങ്കുകളാക്കി നിലനിർത്തുവാനാണ് ശ്രമം നടക്കുന്നത്. സംവരണ കവാട്ടകളിലും സെറ്റിൽമെന്റ് കോളനികളിലുമായി പാർശ്വവത്കരിക്കപ്പെട്ടവർ തുടരുന്നു.

സമുദായ നേതാക്കളും രാഷ്ട്രീയ നേതൃത്വവും കുത്തകകളും തമ്മിലുള്ള ഒത്തുകച്ചവടം തുടരുന്നു. (കോളേജുകൾ, ആശുപത്രികൾ, വിദേശ ഫണ്ട്, കൈയേറ്റം, അംഗീകരിക്കൽ എന്നിങ്ങനെ) എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുമിച്ചിരിക്കാനും പ്രദേശത്തിന്റെ പ്രശ്നങ്ങൾ അയൽക്കൂട്ടത്തിൽ ചർച്ചചെയ്യാനും തീരുമാനങ്ങൾ എടുക്കാനും സഹകരിച്ച് നടപ്പിലാക്കാനും സാധിക്കുന്ന വികേന്ദ്രീകൃത-പങ്കാളിത്ത ജനാധിപത്യമാണ് ആദ്യം യാഥാർത്ഥ്യമാകേണ്ടത്. പങ്കാളിത്ത ജനാധിപത്യത്തിലൂടെ അവസരസമത്വവും സാമൂഹികനീതിയും ഉറപ്പുവരുത്താൻ സാധിക്കുന്നു. കൂട്ടായ പ്രവർത്തനത്തിലൂടെ അയിത്തവും മറ്റ് സാമൂഹിക അവഗണനകളും ഇല്ലാതാകും. വിദ്യാഭ്യാസം, തൊഴിൽ, സമ്പത്ത് എന്നീ കാര്യങ്ങളിൽ ഇപ്പോൾ പിന്നാക്കം നിൽക്കുന്നവർക്കും തുല്യ അവസരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സാധിക്കണം. പാർശ്വവത്കരിക്കപ്പെടുന്നവന്റെ മോചനം ഇത്തരം സർവോദയ സമൂഹസൃഷ്ടിയിലൂടെ സാധ്യമാക്കാം.

❐

യഥാർത്ഥ ജനാധിപത്യം

ആധുനിക സമൂഹത്തിന് ഏറ്റവും അനുയോജ്യമായ ഭരണസംവിധാനവും ജീവിതരീതിയും ജനാധിപത്യത്തിന്റേതാണ്. പണാധിപത്യം, മതാധിപത്യം, പാർട്ടി ആധിപത്യം, വർഗാധിപത്യം ഇവയ്ക്കൊന്നിനും ജനാധിപത്യത്തിൽ സ്ഥാനമില്ല.

താനുംകൂടി അറിഞ്ഞുകൊണ്ടും പങ്കുവഹിച്ചുകൊണ്ടുമാണ് ഇവിടത്തെ ഭരണം നടക്കുന്നത് എന്ന് ഏതൊരു പൗരനും സംതൃപ്തിയോടുകൂടി തോന്നുന്ന സാഹചര്യമാണ് യഥാർത്ഥ ജനാധിപത്യം. ഇതിന് തിരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ മാറ്റം വരണം. ഇതിനായി ഭരണഘടനാഭേദഗതിയും വേണം. ഓരോ 50 കുടുംബങ്ങളിലേയും 18 വയസ്സ് പൂർത്തിയായ അംഗങ്ങൾ ഒരു വീട്ടുമുറ്റത്തോ പൊതുസ്ഥലത്തോ ഒത്തുചേരുക - ഇതാണ് അയൽക്കൂട്ടം. ആ പ്രദേശത്തെ കാര്യങ്ങൾ ചർച്ചചെയ്യാനും തീരുമാനമെടുക്കാനും നടപ്പാക്കാനും ഈ അയൽക്കൂട്ടത്തിന് സാധിക്കും.

അയൽക്കൂട്ടത്തിൽ നിന്നും ഒരു പ്രതിനിധിയെ ഗ്രാമപഞ്ചായത്ത് ജനറൽ കൗൺസിലിലേയ്ക്ക് പൊതു അഭിപ്രായപ്രകാരമോ ഭൂരിപക്ഷ അഭിപ്രായപ്രകാരമോ തിരഞ്ഞെടുക്കാം. ബാലറ്റോ കൊട്ടിഘോഷങ്ങളോ ഇല്ലാതെതന്നെ ഇത് നടത്താം. ഇപ്രകാരം അയൽക്കൂട്ടങ്ങളിൽനിന്നു വരുന്ന പ്രതിനിധികൾ ഗ്രാമപഞ്ചായത്ത് ഹാളിൽ ഒത്തുചേർന്ന് പഞ്ചായത്ത് ഭരണത്തിനുള്ള 5 പേരെ നിർദ്ദേശിക്കാം. ഒരു പ്രതിനിധിയെ ബ്ലോക്ക് പഞ്ചായത്തിലേക്ക് നിർദ്ദേശിക്കാം. ഇപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികൾ ചേരുന്നതാണ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി. ഇതിൽ നിന്നും ഒരാളെ ജില്ലയിലേയ്ക്ക് നിർദ്ദേശിക്കാം. ബ്ലോക്കുകളിൽ നിന്നുള്ളവർ ചേർന്ന് ജില്ലാപഞ്ചായത്ത് ഭരണസംവിധാനം, ഓരോ ജില്ലയിൽനിന്നും നിർദ്ദേശിക്കപ്പെടുന്നവർ ചേർന്ന് സംസ്ഥാന മന്ത്രിസഭ. ഓരോ സംസ്ഥാനത്തുനിന്നുള്ള പ്രതിനിധികൾ ചേർന്ന് കേന്ദ്ര മന്ത്രിസഭ.

രഹസ്യ ബാലറ്റോ, കോടികൾ മുടക്കിയുള്ള പ്രചരണമോ, ജാതി-മത-കുത്തക പ്രീണനമോ, മദ്യം ഒഴുക്കലോ ഇല്ലാതെതന്നെ അയൽക്കൂട്ടം മുതൽ

ഓരോ ഘട്ടത്തിലും പ്രതിനിധിയെ തിരഞ്ഞെടുക്കാം. ഇവരിലാരെങ്കിലും ജനാധിപത്യവിരുദ്ധമായോ ഭരണഘടനാ വിരുദ്ധമായോ സദാചാര വിരുദ്ധമായോ പെരുമാറിയാൽ പ്രസ്തുത പ്രതിനിധിയെ ബന്ധപ്പെട്ട അയൽക്കൂട്ടം ചേർന്ന് തിരിച്ചുവിളിക്കാനുള്ള അധികാരവും ഉണ്ടാകണം. അഴിമതി, അക്രമം, വർഗീയത എന്നിവയെ ഒഴിവാക്കാൻ ഇത്തരം ഒരു ജനാധിപത്യ സമ്പ്രദായം ഉപകരിക്കും. രാഷ്ട്രീയ കക്ഷികൾ, സാമൂഹ്യ വിദ്യാഭ്യാസ-സേവന സംഘങ്ങളായി നിലകൊള്ളുക.

❐

കലാലയ രാഷ്ട്രീയം

ഒരു ജനാധിപത്യ സമൂഹത്തിന്റെ ഭാഗമായുള്ള കലാലയത്തിൽ രാഷ്ട്രീയം നിരോധിക്കാനാവില്ല. തിരഞ്ഞെടുപ്പും മറ്റ് ജനാധിപത്യ പ്രക്രിയകളും വിദ്യാർത്ഥികളുടെ അവകാശവും അനിവാര്യവുമാണ്. രാഷ്ട്രീയവും രാഷ്ട്രമീമാംസയും ഐച്ഛിക വിഷയമായും ഉപവിഷയമായും ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ പഠിക്കുന്ന കലാലയത്തിൽ രാഷ്ട്രീയം മിണ്ടരുത് എന്ന് പറയുന്നതിൽ ഒരു യുക്തിയുമില്ല.

പക്ഷേ, ഇത്തരം ചർച്ചകളും പ്രവർത്തനങ്ങളും കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലാകരുത്. കലാലയത്തിലെ ജനാധിപത്യപ്രവർത്തനങ്ങൾ ഏതെങ്കിലും കക്ഷിരാഷ്ട്രീയത്തെ പിൻപറ്റിക്കൊണ്ടാകരുത്. അന്ധമായ കക്ഷിരാഷ്ട്രീയവും അവർ നിയന്ത്രിക്കുന്ന യൂണിയൻ തിരഞ്ഞെടുപ്പും പ്രവർത്തനങ്ങളുമാണ് കലാലയത്തെ കലാപശാലയാക്കി മാറ്റുന്നത്. ഇത് ഒഴിവാക്കാൻ തിരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരണം.

ഓരോ ക്ലാസ്സിൽ നിന്നും ഓരോ പ്രതിനിധിയെ പൊതുസമ്മതപ്രകാരമോ ഭൂരിപക്ഷ അഭിപ്രായപ്രകാരമോ തിരഞ്ഞെടുക്കുക. ഒരു അദ്ധ്യാപകന്റെ സാന്നിദ്ധ്യത്തിൽ ഇത് നടത്താം. രഹസ്യ ബാലറ്റോ, ദിവസങ്ങളോളമുള്ള പ്രചരണങ്ങളോ ഇതിന് വേണ്ട. ജനാധിപത്യബോധമുള്ള വിദ്യാർത്ഥികൾക്ക് പ്രതിനിധിയെ തിരഞ്ഞെടുക്കാൻ പരമാവധി പത്ത് മിനിറ്റ് മതി.

ക്ലാസ്സ് പ്രതിനിധികൾ പ്രിൻസിപ്പാളിന്റെയോ സ്റ്റാഫ് അഡ്വൈസറുടെയോ നേതൃത്വത്തിൽ ഒരു മുറിയിൽ ഒത്തുചേർന്ന് കലാലയത്തിന്റെ വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നാലോ അഞ്ചോ പേരെ പൊതുസമ്മതപ്രകാരമോ കൂടിയിരിക്കുന്നവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമോ തിരഞ്ഞെടുക്കുക (യൂണിവേഴ്സിറ്റി യൂണിയനിലേയ്ക്കുള്ള പ്രതിനിധിയും ഇതിൽപ്പെടാം). ഇപ്രകാരം കോലാഹലങ്ങളില്ലാതെ ശാന്തമായി തിരഞ്ഞെടുപ്പും തുടർന്നുള്ള യൂണിയൻ പ്രവർത്തനങ്ങളും ഭംഗിയായി നടത്താം. ഇത്തരം വികേന്ദ്രീകൃത-പങ്കാളിത്ത ജനാധിപത്യമാണ് കലാലയങ്ങളിലും പൊതുസമൂഹത്തിലും നിലവിൽ വരേണ്ടത്.

❐

ലഹരി വിരുദ്ധ സന്ദേശം

നമസ്തേ,

ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായി ആചരിക്കുകയാണ്. ലോകരാഷ്ട്രങ്ങളുടെ അംഗീകൃത പൊതുവേദിയായ ഐക്യരാഷ്ട്രസംഘടനയുടെ പൊതുസഭയാണ് 1987 മുതൽ ജൂൺ 26 മയക്കുമരുന്ന് ദുരുപയോഗത്തിനും അനധികൃത കടത്തിനും എതിരായുള്ള ബോധവത്കരണ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. (International day against Drug abuse and Illicit Trafficking) മയക്കുമരുന്നിന്റെ പിടിയിൽനിന്ന് വ്യക്തിയേയും സമൂഹത്തേയും രാഷ്ട്രങ്ങളെയും മോചിപ്പിക്കുക എന്നതാണ് ഈ സുപ്രധാന ദിനാചരണത്തിന് ലക്ഷ്യം. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് ഓരോ വർഷവും പ്രത്യേക മുദ്രാവാക്യങ്ങൾ ഐക്യരാഷ്ട്രസംഘടന മുന്നോട്ടുവയ്ക്കുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ സാമ്രാജ്യത്വ കുത്തകകളും ആധിപത്യ ശക്തികളും വ്യക്തിയേയും സമൂഹത്തേയും രാഷ്ട്രത്തേയും തകർക്കാൻ മയക്കുമരുന്നിനെ ദുരുപയോഗിച്ചിരുന്നു. ചരിത്രത്തിൽ നാം വായിക്കുന്ന കറുപ്പ്യുദ്ധങ്ങൾ ഉൾപ്പെടെ ഇതിന്റെ പ്രതിഫലനങ്ങളാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എത്തിയിട്ടും ലഹരിവസ്തുക്കളുടെ ദുരുപയോഗവും കടത്തും പുതിയ രൂപത്തിലും ഭാവത്തിലും ആവർത്തിച്ചുകൊണ്ടിരിക്കുന്നതായി കാണാം. പണത്തിനും ആധിപത്യത്തിനും വേണ്ടി ആർത്തിപൂണ്ട് നെട്ടോട്ടമോടുന്ന സാമൂഹ്യ വിരുദ്ധരും ഭീകര സംഘടനകളുമാണ് ലഹരിയുടെ വ്യാപനത്തിന് രംഗത്തുള്ളത്.

ഇതിനെതിരെയാണ് ശക്തമായ പ്രതിരോധം തീർക്കേണ്ടത്. ഇതിന് ആദ്യമായി വേണ്ടത് മനുഷ്യനായി ജനിച്ച നാം നമ്മുടെ പ്രാധാന്യം തിരിച്ചറിയുക എന്നതാണ്. രണ്ട് കാലിൽ നിൽക്കാനും വിശേഷബുദ്ധിയും സ്വതന്ത്രമായ കൈകളും ഉപയോഗപ്പെടുത്തിക്കൊണ്ട് സവിശേഷമായ നേട്ടങ്ങളിലേയ്ക്ക് മുന്നേറാൻ മനുഷ്യന് മാത്രമാണ് സാധിക്കുന്നത്. ഭക്ഷണം ശേഖരിക്കാൻ പ്രാകൃതമനുഷ്യൻ ഉപയോഗിച്ച കവണയും അമ്പും വില്ലും മുതൽ

ആധുനിക മനുഷ്യൻ രൂപപ്പെടുത്തിയ ബഹിരാകാശ പേടകങ്ങളും മിസൈലുകളും വരെ മനുഷ്യന്റെ വിശേഷബുദ്ധിയുടെയും അദ്ധ്വാനത്തിന്റെയും ഫലമാണ്. മനുഷ്യത്വത്തിന്റെ ലക്ഷണമാണ് വിശേഷബുദ്ധിയും പരസ്പര സഹകരണവും വായനയും അദ്ധ്വാനവുമെല്ലാം. മയക്കുമരുന്ന് ഉള്ളിൽ ചെന്നാൽ ഈ ലക്ഷണങ്ങൾ എല്ലാം ഇല്ലാതാകുന്നു. നാല് കാലിലേയ്ക്ക് അധഃപതിക്കുന്നു. നിലത്തിഴയുന്നു. വിഭ്രാന്തികളുടെ ലോകത്ത് അസ്വസ്ഥചിത്തനാകുന്നു. അതുകൊണ്ടാണ് മദ്യവും ജൈവ ലഹരിവസ്തുക്കളും രാസ ലഹരിവസ്തുക്കളും നിരോധിക്കണം; അകറ്റണം എന്ന് പറയുന്നത്.

എല്ലാ മതങ്ങളും മതങ്ങളുടെ വിശുദ്ധ ഗ്രന്ഥങ്ങളും മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ ഉപയോഗിക്കരുത് എന്ന് തന്നെയാണ് ഓർമ്മിപ്പിക്കുന്നത്. മനുഷ്യശരീരത്തെ ക്ഷേത്രത്തോട്, ദേവാലയത്തോട്, വിശുദ്ധ നൂറിന്റെ അഥവാ വിശുദ്ധ പ്രകാശത്തിന്റെ ആസ്ഥാനം എന്നെല്ലാമായാണ് ഉപമിക്കുന്നത്. ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധി മനുഷ്യത്വത്തിന്റെ അനിവാര്യഘടകമായി മതങ്ങൾ ഉദ്ബോധിപ്പിക്കുന്നു. പ്രസ്തുത പവിത്രതയ്ക്ക് കളങ്കമുണ്ടാക്കുന്ന മദ്യവും ലഹരിവസ്തുക്കളും നിഷിദ്ധമാണെന്ന് സർവ മത-ശാസ്ത്രങ്ങളും വ്യക്തമാക്കുന്നു. സാംസ്കാരിക നവോത്ഥാനത്തിന്റെ ദീപവാഹകരായി വന്ന മഹാന്മാരെല്ലാം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അത്യാപത്തുകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. വ്യക്തിവിശുദ്ധി നിലനിർത്തിക്കൊണ്ട് മാത്രമേ കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ശ്രേയസ് സാധ്യമാകുകയുള്ളൂ എന്ന ഉറച്ച ബോധ്യത്തോടെയാണ് ശ്രീനാരായണഗുരുദേവനും മഹാത്മാഗാന്ധിയുമെല്ലാം മദ്യത്തിനും മയക്കുമരുന്നിനും എതിരായ നിലപാട് സ്വീകരിച്ചത്. മയക്കുമരുന്നും മരുന്നും തമ്മിലുള്ള വ്യത്യാസം നമുക്കും നമ്മുടെ കൂട്ടുകാർക്കും ബോദ്ധ്യപ്പെടണം. മയക്കുമരുന്ന് അഥവാ ഡ്രഗ് ഒരു വ്യക്തിയുടെ മനസ്സിന്റേയും ശരീരത്തിന്റേയും സർവ നിയന്ത്രണങ്ങളും സന്തുലിതാവസ്ഥയും തകർക്കുന്നു. എന്നാൽ മരുന്ന് അഥവാ മെഡിസിൻ മനുഷ്യമനസ്സിനും ശരീരത്തിനും സ്വസ്ഥതയും ശാന്തിയും സുസ്ഥിരതയും നൽകുന്നു. മനസ്സിന്റേയും ശരീരത്തിന്റേയും സ്വസ്ഥതയും സുസ്ഥിരതയും നിയന്ത്രണവും തകർക്കുന്ന എല്ലാ വസ്തുക്കളെയും പ്രതിരോധിക്കുക എന്ന മുഖ്യദൗത്യം നാം ഏറ്റെടുക്കണം. 'കുറച്ച് ഉപയോഗിച്ചു നോക്കുക,' 'ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് നോക്കുക' എന്നീ പ്രലോഭനങ്ങളുമായാണ് ചില സാമൂഹ്യവിരുദ്ധ ഏജൻസികൾ വിദ്യാർത്ഥികളെയും യുവാക്കളെയും സമീപിക്കുന്നത്. കുറച്ച് ഉപയോഗിച്ചാലും ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ചാൽപോലും തിരിച്ചുവരാൻ പറ്റാത്ത വിധത്തിലുള്ള ഭ്രാന്തമായ മാനസികാവസ്ഥയിലേക്കാണ് ചെന്നുപെടുക. അതുകൊണ്ട്, ഇത്തരം പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധിക്കണം. ഇതിനായി നമ്മുടെ മനസ്സാക്ഷിയെ ശക്തമായി നിലനിർത്താൻ സാധിക്കുമ്പോഴാണ് നാം യഥാർത്ഥ ധീരന്മാരും ധീരകളും ആയിത്തീരുന്നത്. വിശേഷബുദ്ധിയിലൂടെയും അദ്ധ്വാനത്തിലൂടെയും സ്വാതന്ത്ര്യത്തിലേയ്ക്കും

ആനന്ദത്തിലേയ്ക്കുമാണ് യഥാർത്ഥ മനുഷ്യൻ മുന്നേറേണ്ടത്. ലഹരി അല്ല ആനന്ദമാണ് നമുക്ക് വേണ്ടത്.

ആർത്തിയും അടിമത്തവും പെരുപ്പിക്കുന്നതാണ് എല്ലാ ലഹരിവസ്തുക്കളും. ലഹരിയിലൂടെ സ്വാതന്ത്ര്യവും ആനന്ദവും ഒരിക്കലും ലഭിക്കുകയില്ല. അതുകൊണ്ട്, മനുഷ്യത്വത്തിന്റെ സവിശേഷ ഭാവങ്ങളായ സ്വസ്ഥതയെയും സ്വാതന്ത്ര്യത്തെയും സുസ്ഥിരതയെയും തകർക്കുന്ന ഒരു തരത്തിലുള്ള ലഹരിയും നമുക്ക് വേണ്ട. ലഹരി അധാർമ്മികവും അടിമപ്പെടുത്തുന്നതും ദുർബലപ്പെടുത്തുന്നതുമാണ് എന്ന് നാം തിരിച്ചറിയണം. അഭിമാനവും ആത്മവിശ്വാസവും ആത്മശക്തിയും വർദ്ധിപ്പിക്കുന്ന കർത്തവ്യാനുഷ്ഠാനങ്ങളിലൂടെയും അദ്ധ്വാനത്തിലൂടെയും പഠനത്തിലൂടെയും സ്വാതന്ത്ര്യത്തിലേയ്ക്കും ആനന്ദത്തിലേയ്ക്കും വികസിക്കലാണ് മാനവധർമ്മം എന്ന തിരിച്ചറിവിനെ ശക്തമാക്കാൻ ഈ ദിനം നമുക്ക് നിമിത്തമാകട്ടെ.

❐

ദാരിദ്ര്യം

'ദാരിദ്ര്യം' - ഇതാണ് ലോകം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ഭാരതത്തിന്റെ പ്രധാന പ്രശ്നവും ഇതുതന്നെ.

ഗാന്ധിജിയുടെ വാക്കുകൾ വീണ്ടും നമുക്ക് ഓർക്കാം: "എല്ലാ മനുഷ്യരുടേയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള വിഭവങ്ങൾ ഈ ഭൂമിയിലുണ്ട്. പക്ഷേ, അത്, ഒരാളുടെ പോലും അത്യാർത്തിക്ക് തികയുകയില്ല."

അത്യാർത്തി മൂലം ഏതാനും ചിലർ പ്രകൃതിവിഭവങ്ങളെ അടക്കി വാഴാൻ സകല സാധ്യതകളും പ്രയോഗിക്കുന്നു. അധികാരം, കായികശക്തി, ജാതി, മതം എന്നിവയെല്ലാം ഇതിനായി ദുരുപയോഗം ചെയ്യുന്നു. ഇതിന്റെ ഫലമാണ് 'ദാരിദ്ര്യം' എന്ന പ്രധാന പ്രശ്നം. ഈ പ്രക്രിയയുടെ ഉപോല്പന്നങ്ങളായി സൃഷ്ടിക്കപ്പെടുന്നതാണ് 'അഴിമതി, വർഗീയത, ഭീകരവാദം' എന്നിവ. പ്രധാന പ്രശ്നം പരിഹരിച്ചാൽ - ദാരിദ്യ നിർമ്മാർജനം സാധ്യമായാൽ - ഉപോല്പന്നങ്ങൾ താനേ ഇല്ലാതാകും.

പ്രകൃതിവിഭവങ്ങളുടെമേൽ എല്ലാ മനുഷ്യർക്കും തുല്യ അവകാശം, എല്ലാവർക്കും ഭൂമിയും അദ്ധ്വാനിക്കാനുള്ള അവസരവും, ഉല്പന്നങ്ങൾ പ്രാദേശികമായി വിറ്റഴിക്കാനുള്ള അവസരം, കൃഷിചെയ്യുന്നവർക്കുതന്നെ സംഭരിച്ചുവയ്ക്കാനുള്ള സൗകര്യം, ഗ്രാമതലത്തിൽതന്നെ തീരുമാനങ്ങൾ എടുക്കാനും അത് നടപ്പിലാക്കാനും അധികാരമുള്ള യഥാർത്ഥ വികേന്ദ്രീകൃത ജനാധിപത്യം, ഉല്പാദനത്തിലും വിതരണത്തിലും സമ്പൂർണ പങ്കാളിത്തം, ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരിക്കാനും മൂല്യവർദ്ധിത ഉല്പന്നങ്ങളായി പരിവർത്തിപ്പിക്കാനുമുള്ള സംവിധാനം, ജനകീയ വിദ്യാഭ്യാസ-ആരോഗ്യപ്രവർത്തനങ്ങൾ എന്നിവയിലൂടെ ദാരിദ്യമില്ലാത്ത സർവോദയ സമൂഹം സൃഷ്ടിക്കാം.

❐

അനുസ്മരണങ്ങൾ



കസ്തൂർബാഗാന്ധി

സമൂഹത്തിന് വേണ്ടി സമ്പൂർണ സമർപ്പണം നടത്തിയ വനിതകളിൽ പ്രഥമ ഗണനീയയാണ് കസ്തൂർബാഗാന്ധി. മോഹൻദാസിൽ നിന്ന് മഹാത്മാവിലേയ്ക്കുള്ള വികാസപരിണാമത്തിൽ ഗാന്ധിജിക്ക് ഏറെ സഹായകരമായത് ഈ സമർപ്പണമാണ്. ലളിതജീവിതം, ത്യാഗം, സേവനം, ധീരത എന്നീ സദ്ഗുണങ്ങളുടെ മൂർത്തിമദ്ഭാവമായിരുന്നു കസ്തൂർബാഗാന്ധി.

1869 ഏപ്രിൽ 11 ന് പോർബന്തറിലാണ് കസ്തൂർ കപാഡിയ ജനിച്ചത്. പിതാവ് ഗോകുൽദാസ് മഖൻജി, മാതാവ് വ്രജകുംവർ, ഏക സഹോദരൻ മാധവദാസ്. ധനികനായ വസ്ത്രവ്യാപാരിയുടെ മകളെന്നനിലയിൽ ആഹ്ലാദകരവും സന്തുഷ്ടവുമായ ബാല്യകാല ജീവിതമായിരുന്നു കസ്തൂറിന്റേത്. ജാതകദോഷത്തെ അതിജീവിക്കാനായി കുടുംബക്കാരുടെ നിർദ്ദേശപ്രകാരം ആറാംവയസ്സിൽത്തന്നെ വിവാഹനിശ്ചയം നടന്നു.

1883 ൽ പതിമൂന്നാമത്തെ വയസ്സിൽ മോഹൻദാസ് കരംചന്ദ്ഗാന്ധിയുമായുള്ള വിവാഹം നടന്നു. ആത്മാർത്ഥമായ കർത്തവ്യനിർവഹണത്തിന് പേരുകേട്ട ദിവാനായിരുന്നു മോഹൻദാസിന്റെ പിതാവ് കരംചന്ദ്ഗാന്ധി.

കസ്തൂർ മഖൻജിക്ക് ഔപചാരിക വിദ്യാഭ്യാസം കാര്യമായി ലഭിച്ചിരുന്നില്ല എങ്കിലും അളവറ്റ യുക്തിബോധവും സ്ഥിരോത്സാഹവും പൈതൃകമായിത്തന്നെ കിട്ടിയിരുന്നു. കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കിക്കൊണ്ട് ശരിയായ തീരുമാനങ്ങൾ എടുക്കാനും വ്യക്തമായ നിലപാട് സ്വീകരിക്കുവാനുള്ള കഴിവ് കുട്ടിക്കാലം മുതലേ കസ്തൂറിന്റെ പ്രത്യേകതയാണ്. വിവാഹശേഷം മോഹൻദാസ് നിയമപഠനത്തിനും ജോലിക്കുമെല്ലാം ശ്രമിക്കുമ്പോഴും സർവവിധ സഹായസഹകരണങ്ങളും നൽകാൻ കസ്തൂർബാഗാന്ധിക്ക് സാധിച്ചു.

ത്യാഗപൂർണമായ സേവനം

സത്യാന്വേഷണപരീക്ഷണങ്ങളിലൂടെയാണ് മോഹൻദാസ് എന്ന പൊതുപ്രവർത്തകൻ മഹാത്മാഗാന്ധിയാകുന്നത്. വ്രതനിഷ്ഠമായ ഈ വികാസ

പ്രക്രിയക്ക് അനുകൂലമായ അന്തരീക്ഷവും പരിസരവും നിലനിർത്തുന്നതിന് ഏറെ സഹായിച്ചത് കസ്തൂർബയുടെ നയനൈപുണ്യങ്ങളാണ്. ദക്ഷിണാഫ്രിക്കയിലാണ് കസ്തൂർബയുടെ സാമൂഹ്യസേവന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പിന്നീട് ഇന്ത്യയിലേക്ക് വ്യാപിക്കുന്നു. ഗാന്ധിയോടൊപ്പം 1896 ൽ ദക്ഷിണാഫ്രിക്കയിലേയ്ക്ക് പോകുമ്പോൾ ഹരിലാൽ, മണിലാൽ എന്നീ മക്കൾ വളരെ ചെറിയ കുട്ടികളായിരുന്നു. ദക്ഷിണാഫ്രിക്കയിൽ വച്ചാണ് രാമദാസും ദേവദാസും ജനിക്കുന്നത്. നാല് മക്കളെ പോറ്റിവളർത്തുന്നതോടൊപ്പംതന്നെ ദക്ഷിണാഫ്രിക്കയിൽ ഫിനിക്സ്, ടോൾസ്റ്റോയ് ഫാം എന്നീ സാമൂഹിക ജീവിതപദ്ധതികളുടെ സംയോജകയായി വർത്തിച്ചു. വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച വംശീയ വിഭാഗീയ നിയമത്തിനെതിരെ പൗരാവകാശ സംരക്ഷണപ്രവർത്തനം ഗാന്ധിയുടെ നേതൃത്വത്തിൽ നടന്നപ്പോൾ താനും, പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുമെന്ന് കസ്തൂർബ സ്വയം പ്രഖ്യാപിക്കുകയുണ്ടായി. കസ്തൂർബയുടെ പങ്കാളിത്തം അത്യാവശ്യമില്ല എന്നായിരുന്നു ഗാന്ധിജിയുടെ ആദ്യപ്രതികരണം. മറ്റ് വനിതകൾ പങ്കെടുക്കുമ്പോൾ താനും പങ്കെടുക്കേണ്ടത് ധാർമ്മിക ബാധ്യതകൂടിയാണ് എന്ന് കസ്തൂർബ സൗമ്യമായി സമർത്ഥിച്ചപ്പോൾ ഗാന്ധിജിക്കും അംഗീകരിക്കേണ്ടിവന്നു.

വർണവിവേചനത്തിനെതിരെ ദക്ഷിണാഫ്രിക്കയിൽ, ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സാമൂഹിക മുന്നേറ്റങ്ങളിലും ഭാരതത്തിൽ നടന്ന ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തിലും വനിതാ പങ്കാളിത്തം വർദ്ധിക്കാനും അഹിംസാധിഷ്ഠിതമായ ധർമ്മസമരത്തിന്റെ ശക്തി പതിന്മടങ്ങ് വർദ്ധിക്കാനുമുള്ള പ്രധാന കാരണം നിർണായകഘട്ടങ്ങളിലെ കസ്തൂർബാഗാന്ധിയുടെ സജീവ നേതൃത്വമാണ്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യത്തെ സത്യാഗ്രഹമായ ചമ്പാരൻ സത്യാഗ്രഹത്തിന്റെ ഭാഗമായി സാമൂഹ്യ-സാമ്പത്തിക സർവെ നടത്തിയിരുന്നു. ചമ്പാരനിലെ സാമാന്യ ജനങ്ങൾ ശുചിത്വം, സാക്ഷരത എന്നീ കാര്യങ്ങളിൽ വളരെ പിറകിലാണെന്ന് പ്രസ്തുത സർവെ വ്യക്തമാക്കി. ഈ രണ്ട് ന്യൂനതകളും പരിഹരിക്കാനുള്ള ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് കസ്തൂർബാഗാന്ധിയാണ്. അവരുടെ സജീവമായ സാന്നിദ്ധ്യം സ്ത്രീകൾ ഉൾപ്പടെയുള്ള ഗ്രാമീണ സമൂഹത്തിന് പുത്തനുണർവ് പകർന്നു.

ഖേഡ-ബർദോളി സത്യാഗ്രഹങ്ങളിലും നികുതി ബഹിഷ്കരണത്തിനായി കസ്തൂർബ നൽകിയ പ്രത്യേക സന്ദേശം അമ്മമാർ ആവേശത്തോടെ ഉൾക്കൊണ്ടു.

നിസ്സഹകരണ സമരകാലത്ത് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചപ്പോഴും കസ്തൂർബാഗാന്ധി പ്രത്യക്ഷ പ്രസ്താവനയുമായി രംഗത്ത് വന്ന് സമരത്തെ തളരാതെ സംരക്ഷിച്ചു. ഖാദിവസ്ത്രങ്ങൾക്കായുള്ള നൂൽനൂൽപ്പും നെയ്ത്തും സജീവമാക്കുക, എല്ലാവരും ഖാദി ശീലമാക്കുക,

വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കുക, വ്യാപാരികൾ വിദേശ വസ്ത്രങ്ങൾ വിൽക്കില്ല എന്ന് പ്രതിജ്ഞ ചെയ്യുക തുടങ്ങിയ നിർദ്ദേശങ്ങളുമായാണ് കസ്തൂർബ രംഗത്തെത്തിയത്.

ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ അനുബന്ധമായ ഒരു കർമ്മപദ്ധതി യായിരുന്നു അയിത്തോച്ചാടനം. എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രത്തിൽ പ്രവേ ശിക്കാൻ അവസരം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1931 ൽ ഗുരു വായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹം നടന്നത് അയിത്തോച്ചാടന സാമൂ ഹ്യപരിഷ്കരണപ്രവർത്തനങ്ങളുടെ ഭാഗമായാണ്. സത്യാഗ്രഹപരിപാടി കളെ അടിച്ചമർത്താൻ പല ശ്രമങ്ങളും നടന്ന സാഹചര്യത്തിൽ കസ്തൂർബാ ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു സന്നദ്ധപ്രവർത്തകസമിതി ഗുരുവായൂർ ഉൾപ്പെടുന്ന പൊന്നാനി താലൂക്കിൽ വന്ന് താമസിച്ച് പ്രചാരണപ്രവർത്തന ങ്ങൾ നടത്തി. പൊന്നാനിയിലെ അമ്മമാരോടും സഹോദരിമാരോടുമായി കസ്തൂർബാഗാന്ധിയുടെ പരസ്യപ്രസ്താവന ഏവരേയും ആവേശംകൊള്ളി ക്കുന്നതായിരുന്നു.

മഹത്തായ സാമൂഹ്യപരിഷ്കരണ പ്രവർത്തനമായ ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തിനായി തങ്ങളുടെ വീട്ടിലെ പുരുഷന്മാർ രംഗത്തുവരുമ്പോൾ അവരെ നേരിടുന്നത് ലാത്തിയോ, അറസ്റ്റോ, ജയിൽ വാസമോ എല്ലാം ആയിരിക്കാം. എങ്കിലും അവർക്ക് സമ്പൂർണസഹകരണം നൽകിക്കൊണ്ട് ഒപ്പം നിൽക്കുക എന്നതാണ് ദേശസ്നേഹികളായ ധീരവ നിതകളുടെ ദൗത്യം എന്നാണ് കസ്തൂർബാഗാന്ധി ഓർമ്മിപ്പിച്ചത്. സമരഭൂമി യിൽ നിന്നുകൊണ്ടുള്ള അവരുടെ ആഹ്വാനം അമ്മമാർ ഏറ്റെടുത്തു.

ഉപ്പ് സത്യാഗ്രഹസമയത്ത് ഗാന്ധിജിയെ അറസ്റ്റ് ചെയ്തപ്പോൾ നേതൃ ത്വപരമായ പദവി വഹിക്കാൻ കസ്തൂർബ രംഗത്തെത്തി. ധരാസന ഉപ്പു കേന്ദ്രത്തിലേക്കുള്ള മാർച്ചിന്റെ ഭാഗമായി നിരവധി സ്വതന്ത്ര്യസമര ഭടന്മാർ മർദ്ദനമേറ്റ് ആശുപത്രിയിലായപ്പോൾ ഓരോരുത്തരുടേയും അടുത്തെത്തി സമാശ്വാസം പകർന്നു.

കസ്തൂർബാഗാന്ധിയുടെ സ്വദേശമായ രാജ്കോട്ടിലെ ഠാകൂർ ഭരണാ ധികാരികൾ ദുർഭരണത്തിലേയ്ക്ക് വഴുതിയപ്പോൾ അവിടെ ബഹുജന സമരം ശക്തിപ്പെട്ടിരുന്നു. സർദാർ വല്ലഭ്ഭായ് പട്ടേൽ അടക്കമുള്ളവർ സമര രംഗത്തുണ്ടായിരുന്നു. അനാരോഗ്യം മൂലം കഷ്ടപ്പെടുന്ന കസ്തൂർബാഗാന്ധി സമരരംഗത്തേയ്ക്ക് വരേണ്ടതില്ല എന്ന് ഗാന്ധിജിയും പട്ടേലും അഭിപ്രായ പ്പെട്ടു.

'തന്റെ സ്വന്തം നാട്ടിൽ അനീതി വ്യാപിക്കുമ്പോൾ സ്വസ്ഥമായിരിക്കാൻ തനിക്ക് സാധിക്കില്ല' എന്ന് പറഞ്ഞുകൊണ്ട് കസ്തൂർബാഗാന്ധി രാജ്കോ ട്ടിലെത്തി സമരത്തിൽ പങ്കാളിയായി.

ക്വിറ്റ് ഇന്ത്യ സമരപ്രഖ്യാപനത്തെത്തുടർന്ന് 1942 ആഗസ്റ്റ് 8-ാം തീയതി രാത്രിതന്നെ ഗാന്ധിജി ഉൾപ്പടെയുള്ള ദേശീയനേതാക്കളെയെല്ലാം ബ്രിട്ടീഷ് പോലീസ് അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ആഗസ്റ്റ് 9 ന് ബോംബെയിലെ

ഗോവാലിയ ടാങ്ക് മൈതാനിയിൽ ഗാന്ധിജി പ്രസംഗിക്കുമെന്ന് നേരത്തേ പ്രസ്താവിച്ചിരുന്നു.

ഗാന്ധിജിയെ അറസ്റ്റ്ചെയ്ത പശ്ചാത്തലത്തിൽ മുൻനിശ്ചയപ്രകാരം പ്രസ്തുത സ്ഥലത്തും സമയത്തും യോഗം നടക്കുമെന്നും താൻ പ്രസംഗിക്കുമെന്നും കസ്തൂർബാഗാന്ധി പ്രസ്താവിച്ച് മുന്നോട്ടുപോയി. ഇതേത്തുടർന്നാണ് കസ്തൂർബാഗാന്ധിയേയും അറസ്റ്റ്ചെയ്ത് ജയിലിലടച്ചത്. പ്രസ്തുത ജയിൽവാസം തുടരുമ്പോഴാണ് 1944 ഫെബ്രുവരി 22 ന് ആ ധീരവനിത അന്തരിച്ചത്.

ധീരത എന്ന സഹജഭാവം

ധീരത കസ്തൂർബാഗാന്ധിയുടെ സഹജഭാവമായിരുന്നു. മഹത്തായ ലക്ഷ്യവുമായി മുന്നേറിയ മഹാത്മാഗാന്ധിയുടെ ധാർമ്മിക പ്രവർത്തനങ്ങൾക്ക് സർവ പിന്തുണയും പ്രോത്സാഹനവും നൽകിയ സഹധർമ്മിണിയായിരുന്നു കസ്തൂർബാഗാന്ധി.

പ്രവർത്തനങ്ങളുടെ ഭാഗമായി 1929ൽ ഗാന്ധിജി അൽമോറയിലെ കൗസാനിയിൽ തങ്ങുകയുണ്ടായി. രാത്രിയിൽ തന്റെ കുടിലിന് പുറത്ത് തുറസ്സായ സ്ഥലത്താണ് ഗാന്ധിജി ഉറങ്ങാൻ കിടന്നത്. നേരം പുലർന്നപ്പോൾ ഗാന്ധിജി കിടന്നതിന് ചുറ്റുമായി നിലത്ത് സിംഹത്തിന്റെ കാൽപ്പാടുകൾ കണ്ടു. പിറ്റേരാത്രിയിൽ ഗാന്ധിജി കുടിലിനകത്ത് കിടന്നുറങ്ങിയാൽ മതി എന്നായി കൂടെയുള്ളവർ. തന്റെ കുടിലിനുപുറത്ത് തുറസ്സായ സ്ഥലത്തു തന്നെ കിടക്കണമെന്നായിരുന്നു ഗാന്ധിജിയുടെ തീരുമാനം.

അങ്ങനെയെങ്കിൽ ഗാന്ധിയുടെ സംരക്ഷണത്തിനായി താനും തുറസ്സായ സ്ഥലത്ത് കിടക്കുന്നതാണെന്ന് കസ്തൂർബാഗാന്ധി അറിയിച്ചു. ഗാന്ധിജി ഉൾപ്പടെ എല്ലാവരും കസ്തൂർബയെ പിൻതിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും പിന്മാറിയില്ല. തുറസ്സായ സ്ഥലത്ത് തന്നെ കസ്തൂർബാഗാന്ധിയും ഉറങ്ങി. ഏതൊരു അപകടഘട്ടവും ധീരമായി അഭിമുഖീകരിക്കാൻ കസ്തൂർബാഗാന്ധി സദാ സന്നദ്ധയായിരുന്നു.

ഗാന്ധിജിയെ തെറ്റിദ്ധരിച്ച തീവ്ര ഹിന്ദുമൗലികവാദികൾ ഗാന്ധിജിയോട് ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. 1929 ൽ കാശിയിൽ നടന്ന പൊതുയോഗത്തിൽ ഗാന്ധി പ്രസംഗിക്കുകയാണെങ്കിൽ അദ്ദേഹത്തെ ആക്രമിക്കുമെന്ന് അവർ പ്രഖ്യാപിച്ചു. ഇതറിഞ്ഞ കസ്തൂർബാഗാന്ധി പ്രസ്തുത യോഗസ്ഥലത്ത് എത്തണം എന്ന് തീരുമാനിച്ചു. പിൻതിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും ഫലം ഉണ്ടായില്ല. തുടർന്ന് നെഹ്റുവും ഗാന്ധിയുടെ പുത്രൻ ദേവദാസ് ഗാന്ധിയും വാഹനത്തിൽ അനുഗമിച്ചു. യോഗസ്ഥലത്തിന് വളരെയകലെതന്നെ തടിച്ചുകൂടിയ ആൾക്കൂട്ടം വാഹനം തടഞ്ഞിട്ടു. മൂവരും പുറത്തിറങ്ങി. തുടർന്നുണ്ടായ ഉന്തിലും തള്ളിലും ബഹളത്തിലും മൂന്ന് പേരും മൂന്ന് സ്ഥലത്തായി. ഗാന്ധിയുടെ പ്രസംഗം ആരംഭിക്കുന്നതിന് മുമ്പു തന്നെ കസ്തൂർബാഗാന്ധി പ്രസംഗവേദിയിൽ എത്തി, ഗാന്ധിയോടൊപ്പം

നിന്നു. ഉത്തമമായ ലക്ഷ്യത്തിനുവേണ്ടി ഗാന്ധിജി നടത്തുന്ന ഏതൊരു പ്രവർത്തനത്തോടും ഒപ്പം നിൽക്കുക എന്നത് തന്റെ കർത്തവ്യമായി കരുതി. അതുകൊണ്ടുതന്നെ പലതവണ ദീർഘകാല ജയിൽവാസം അനുഭവിക്കേണ്ടിവന്നു.

സുപ്രധാന കാര്യങ്ങൾക്കായി ഗാന്ധിജി ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന ഉപവാസം നടത്തുമ്പോഴെല്ലാം ഗാന്ധിജിയുടെ ശുശ്രൂഷ കസ്തൂർബതന്നെ ഏറ്റെടുത്തു. എന്നുമാത്രമല്ല, ഇത്തരം വേളകളിലെല്ലാം കസ്തൂർബാഗാന്ധിയും ഏറെക്കുറെ ഉപവാസം നടത്തിക്കൊണ്ടാണ് ലക്ഷ്യ പ്രാപ്തിക്കായി പ്രവർത്തിക്കാറുള്ളത്. അത്തരം ദിവസങ്ങളിൽ ഒരു പഴം മാത്രമാണ് കസ്തൂർബ ഭക്ഷിച്ചിരുന്നത്.

ലാളിത്യത്തിലും മുന്നിൽ

അഹിംസയുടെ ആഴത്തെക്കുറിച്ച് താൻ പഠിച്ചത് കസ്തൂർബാഗാന്ധിയിൽനിന്നാണ് എന്ന് ഗാന്ധിജി പറയാറുണ്ട്. ലാളിത്യത്തിന്റെ കാര്യത്തിലും കസ്തൂർബ നമ്മെയെല്ലാം തോൽപ്പിക്കുന്നു എന്ന് അത്ഭുതപൂർവം അദ്ദേഹം പറഞ്ഞു. പരമാവധി ലളിതമായ ഭക്ഷണവും വസ്ത്രവും എന്നതായിരുന്നു കസ്തൂർബാഗാന്ധിയുടെ ശൈലി. ദീർഘയാത്രയ്ക്ക് ഒരുങ്ങുമ്പോൾ എല്ലാവരും വലിയ ബാഗുകളിൽ നിരവധി വസ്തുക്കൾ തയ്യാറാക്കിവയ്ക്കുമ്പോൾ ഒരു ചെറിയ സഞ്ചിയിൽ രണ്ട് ജോടി വസ്ത്രങ്ങൾ മാത്രമായിരിക്കും കസ്തൂർബാഗാന്ധിയുടെ കരുതൽ. അതേസമയം ശുചിത്വത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരുന്നില്ല.

എല്ലാവരുടേയും അമ്മ

മോഹൻദാസ്-കസ്തൂർബ ദമ്പതികളുടെ വിവാഹജീവിതം 61 വർഷം നിലനിന്നു. കുടുംബകാര്യങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിൽ കസ്തൂർബാഗാന്ധി എക്കാലവും തല്പരയായിരുന്നു. 13-ാം വയസ്സിൽ വിവാഹിതയായ കസ്തൂർ, ഭർത്തൃഗൃഹമായ കരംചന്ദ് ഗാന്ധിയുടെ കൂട്ടുകുടുംബത്തിലെത്തി. ബന്ധുക്കളും, അതിഥികളുമായി ധാരാളംപേർ ഓരോ ദിവസവും വീട്ടിലുണ്ടാകും. അവർക്കെല്ലാം സൗകര്യമൊരുക്കുന്നതിനും ഭക്ഷണം തയ്യാറാക്കിനൽകുന്നതിനുമെല്ലാം കസ്തൂർബ തന്നെ മുൻകൈ എടുത്തു. ഗാന്ധിജി നിയമപഠനത്തിനായി ദക്ഷിണാഫ്രിക്കയിൽ പോയപ്പോഴും ജോലിക്കായി ആദ്യതവണ ദക്ഷിണാഫ്രിക്കയിൽ പോയപ്പോഴും കസ്തൂർബ തന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിച്ച് ഭർത്തൃഗൃഹത്തിൽ തന്നെയായിരുന്നു. തന്റെ മക്കളായ ഹരിലാൽ, മണിലാൽ എന്നീ കുട്ടികളെ വാത്സല്യപൂർവം വളർത്തിക്കൊണ്ടുവരേണ്ട ഉത്തരവാദിത്തവും ഉണ്ടായിരുന്നു.

ദക്ഷിണാഫ്രിക്കയിലെത്തിയപ്പോൾ മോഹൻദാസ്-കസ്തൂർബാ ദമ്പതികളുടെ പിതൃ-മാതൃ ഭാവങ്ങൾ വികസിച്ച് വലിയൊരു സമൂഹത്തിന്റെ മാതാപിതാക്കളായി. ഫിനിക്സ് സെറ്റിൽമെന്റ്, ടോൾസ്റ്റോയ് ഫാം,

സബർമതി, സേവാഗ്രാം എന്നീ ആശ്രമങ്ങളിലുള്ളവർക്കും പൊതുസമൂഹത്തിനും ഗാന്ധിജി, ബാപ്പു (പിതാവ്) ആയിരുന്നു. കസ്തൂർ എല്ലാവർക്കും ബാ (മാതാവ്) ആയിരുന്നു. കസ്തൂർ ക്രമേണ കസ്തൂർബാഗാന്ധിയാകുന്നത് ഇപ്രകാരമാണ്.

നെഹ്റു, ഡോ. രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭ്ഭായ് പട്ടേൽ, ഖാൻ അബ്ദുൾ ഗാഫർഖാൻ, ജയപ്രകാശ് നാരായൺ എന്നിവർക്കെല്ലാം കസ്തൂർബയുടെ ആതിഥേയത്വം സന്തോഷവും സമാധാനവും പകർന്നിരുന്നു. സി. രാജഗോപാലാചാരിയോട് (രാജാജി) ഇംഗ്ലീഷിൽ സംസാരിക്കുന്നതും കസ്തൂർബയ്ക്ക് കൗതുകമുള്ള കാര്യമായിരുന്നു.

ആശയപരമായി വൈജാത്യങ്ങളുള്ള ദേശീയ നേതാക്കളെപ്പോലും ഒന്നിപ്പിച്ച് നിർത്തി ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ ശക്തമാക്കുന്നതിന് കസ്തൂർബാഗാന്ധിയുടെ മാതൃസ്നേഹവും ആതിഥേയത്വവും പലപ്പോഴും തുണയായിട്ടുണ്ട്.

ഹൃദയ സ്പർശിയായ വിടവാങ്ങൽ

ബ്രിട്ടീഷുകാരുടെ ദുർഭരണവും അടിച്ചമർത്തലും രൂക്ഷമായപ്പോൾ 1943 ഫെബ്രുവരി 10 മുതൽ മാർച്ച് 2 വരെ 21 ദിവസം നിരാഹാര സത്യാഗ്രഹമനുഷ്ഠിക്കാൻ ഗാന്ധിജി തീരുമാനിച്ചു. പതിവുപോലെ കസ്തൂർബാഗാന്ധി ദിവസത്തിൽ ഒരു പഴം മാത്രം കഴിച്ച് ഗാന്ധിജിയുടെ ശുശ്രൂഷകളെല്ലാം ചെയ്ത് പ്രാർത്ഥനയോടെ മുന്നേറി. ഫെബ്രുവരി 22 ന് ഗാന്ധിജിയുടെ ആരോഗ്യനില ഗുരുതരമായി, മരിക്കുമെന്ന ഘട്ടമായി. കസ്തൂർബ ഉപവാസം ശക്തമാക്കി, ആഗാഖാൻ ജയിലിന്റെ മുറ്റത്തുള്ള ഒരു തുളസിക്ക് ജലം നൽകിക്കൊണ്ട് അതിതീവ്രമായി പ്രാർത്ഥിച്ചു. ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ ഗാന്ധിജിയുടെ ആരോഗ്യനിലയിൽ അല്പം ആശ്വാസം ഉണ്ടായി. മാർച്ച് 2 ന് ഉപവാസം സമാപിച്ചു. ഗാന്ധിജിയുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനായി കസ്തൂർബ പൂർണമായും ശ്രദ്ധകൊടുത്തു.

ഇതിനിടെ ഫെബ്രുവരി 16 ന് കസ്തൂർബയ്ക്ക് ഹൃദയാഘാതം ഉണ്ടായി. മാർച്ച് 25 ന് വീണ്ടും നാലുമണിക്കൂർ നീണ്ടുനിന്ന ഹൃദയാഘാതമുണ്ടായി. കസ്തൂർബയുടെ ആരോഗ്യം ക്ഷയിക്കുകയായിരുന്നു. ഇതറിഞ്ഞുകൊണ്ടുതന്നെ കസ്തൂർബ തന്റെ കർത്തവ്യത്തിൽ കൂടുതൽ ശ്രദ്ധകൊടുത്തു.

ക്വിറ്റ് ഇന്ത്യ സമരത്തെ തുടർന്ന് 1942 മുതൽ അവർ ആഗാഖാൻ ജയിലിലായിരുന്നു. ആരോഗ്യം ക്ഷയിക്കുന്നതുമൂലം കസ്തൂർബയെ ജയിലിൽനിന്ന് മോചിപ്പിക്കാൻ അപേക്ഷ കൊടുക്കുന്നതിനെക്കുറിച്ച് ചർച്ചവന്നു. കസ്തൂർബ അത് ശക്തമായി നിഷേധിച്ചു.

1943 ഒക്ടോബർ 2 ന് ഗാന്ധിജയന്തി ജയിലിൽവച്ച് തന്നെ ആഘോഷിച്ചു. ഗാന്ധിജിതന്നെ പ്രത്യേകമായി നെയ്തെടുത്ത ചുവന്ന കരയുള്ള

ഖദർസാരി അവർ അന്ന് ധരിച്ചു. ജയിലിലുള്ളവർക്കെല്ലാം പലഹാരങ്ങൾ വിതരണം ചെയ്തു.

1944 ജനുവരി 14 ന് മകരസംക്രാന്തി ദിനത്തിൽ ജയിലിലുള്ളവർക്കെല്ലാം എള്ളുണ്ട സമ്മാനിച്ചു. 1944 ഫെബ്രുവരി 14 ന് മൂത്തമകൻ ഹരിലാൽ അമ്മയെ സന്ദർശിച്ചു. മറ്റൊരു ദിവസം ഗാന്ധിജിയുടെ സുഹൃത്തും വ്യാപാരിയുമായിരുന്ന രേവാശങ്കർ ഝവേരിയുടെ പുത്രൻ ധീരുഭായ് ഝവേരി ജയിലിലെത്തി ഒരു പഴയ പൗഡർ ടിൻ കസ്തൂർബയുടെ പക്കൽ ഏൽപ്പിച്ചു. ടിൻ തുറന്നപ്പോൾ അതിൽ 2 സ്വർണവളകളും 4 ചെറിയ സ്വർണാഭരണവുമായിരുന്നു. ഇതുകണ്ട് ഗാന്ധിജി അത്ഭുതപ്പെട്ടു. താനറിയാതെ എന്ത് ഇടപാടാണ് കസ്തൂർബയ്ക്ക് വ്യാപാരിയുമായുള്ളത് എന്ന് തമാശയായി ചോദിച്ചു. തുടർന്ന് ഗാന്ധിജി പറഞ്ഞു: "ഈ ആഭരണങ്ങൾ നമ്മുടെ ഹരിജൻ ഫണ്ടിലേയ്ക്ക് നൽകാം."

കസ്തൂർബ പറഞ്ഞു: "വേണ്ട! ഇത് മുംഹ്ദിഖായി ലഭിച്ച ആഭരണങ്ങളാണ് (വിവാഹശേഷം ഭർത്താവിന്റെ വീട്ടിൽ ആദ്യമായി എത്തുമ്പോൾ ഭർത്താവിന്റെ പിതാവ് നൽകുന്ന സമ്മാനം). ഇത് പവിത്രമായ സ്ത്രീധനമാണ്. പവിത്രമായ ഈ സമ്മാനം 1902 ൽ സുരക്ഷിതമായി സൂക്ഷിക്കാൻ വ്യാപാരിയായ രേവാശങ്കർ ഝവേരിയെ ഏർപ്പിച്ചതാണ്. ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ അത് തിരിച്ചേൽപ്പിച്ചിരിക്കുകയാണ്. ഇത് പെൺമക്കളായ പേരക്കുട്ടികൾക്കിരിക്കട്ടെ."

സമ്മാനത്തിന്റെ പവിത്രതകൊണ്ടാണ് കസ്തൂർബ ഇത്തരം ഒരു തീരുമാനമെടുത്തത് എന്ന് ഗാന്ധിജിക്ക് മറ്റാരേക്കാൾ കൂടുതൽ അറിയാം. (നിയമപഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോകാൻ പണം തികയാതെ വന്നപ്പോൾ, വിവാഹസമ്മാനമായി കസ്തൂർബയുടെ സ്വന്തം വീട്ടുകാർ നൽകിയ സ്വർണാഭരണങ്ങൾ വിറ്റിട്ടാണ് പണം സ്വരൂപിച്ചത്. യാതൊരു പരിഭവവും സങ്കോചവുമില്ലാതെ സന്തോഷപൂർവമാണ് കസ്തൂർബ അന്ന് അവരുടെ മറ്റ് ആഭരണങ്ങൾ എല്ലാം നൽകിയത്.)

സ്വന്തമായി നെയ്തെടുത്ത നല്ല ഖാദിസാരികളും മറ്റ് ഉപകാരപ്രദമായ എന്തെങ്കിലും പേരക്കുട്ടികൾക്ക് നൽകാൻ കസ്തൂർബ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നാൽ സ്വന്തം മക്കൾ വലുതായി ജോലിക്കാരായി മാറിയശേഷം അവരോ അവരുടെ മക്കളോ ആശ്രമത്തിൽ വന്ന് കൂടുതൽ ദിവസം താമസിക്കുന്നു എങ്കിൽ ഭക്ഷണച്ചെലവിനുള്ള സംഖ്യ മക്കളിൽ നിന്ന് വാങ്ങി ആശ്രമത്തിന്റെ രശീതി നൽകണമെന്നതായിരുന്നു കീഴ്വഴക്കം. ആദ്യമൊക്കെ മനഃപ്രയാസമുണ്ടായിരുന്നെങ്കിലും ഈ ആശ്രമനിയമം കൃത്യമായി പാലിക്കാൻ അവർ മക്കളെ പ്രോത്സാഹിപ്പിച്ചു.

ഫെബ്രുവരി 21ന് ഇളയ മകൻ ദേവദാസ് പൂനയിൽ നിന്ന് എത്തി. 'ഇനി നീ വേണം എല്ലാം നോക്കിനടത്താൻ' എന്ന് കസ്തൂർബ ദേവദാസിനോട് പറഞ്ഞു.

1944 ഫെബ്രുവരി 22-ാം തീയതി ശിവരാത്രിയായിരുന്നു. രാവിലെ ഗാന്ധിജി പതിവുപോലെ നടക്കാൻ പോകാനായി കസ്തൂർബയുടെ അനുമതി ചോദിച്ചു. പക്ഷേ, കസ്തൂർബ വിലക്കി. സമീപത്ത് ഇരിക്കാനായി അഭ്യർത്ഥിച്ചു. ഗാന്ധിജിയുടെ നെഞ്ചിൽ തലവച്ച് കസ്തൂർബ കിടന്നു. സമയം അടുക്കുകയാണെന്ന് ഗാന്ധിക്കും കസ്തൂർബയ്ക്കും അറിയാമെന്നപോലെ.

കസ്തൂർബയുടെ ആരോഗ്യം വീണ്ടെടുക്കാൻ അക്കാലത്ത് സുലഭമല്ലാതിരുന്ന പെൻസിലിൻ ഇൻജക്ഷൻ ബ്രിട്ടനിൽ നിന്ന് വരുത്തണമെന്ന് ദേവദാസും കൂട്ടരും ആഗ്രഹിച്ചു. വൈകുന്നേരം 5 മണിയായപ്പോൾ കേണൽ ഭണ്ഡാരി പെൻസിലിൻ ഇൻജക്ഷനുമായി വന്നു.

കസ്തൂർബയ്ക്ക് ഇത്തരം ഒരു മരുന്ന് ഇഷ്ടമുണ്ടായിരുന്നില്ല. അവസാനസമയത്ത് ഇഞ്ചക്ഷൻ നൽകി വേദനിപ്പിക്കേണ്ടെന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. ദൈവത്തിന്റെ ഇഷ്ടപ്രകാരം സമാധാനപരമായ വിടവാങ്ങലിന് അവസരം ഉണ്ടാകട്ടെ എന്നായിരുന്നു ഗാന്ധിജിയുടെ ആഗ്രഹം.

രാത്രിയായപ്പോൾ കസ്തൂർബ ഗാന്ധിജിയുടെ മടിയിലേയ്ക്ക് തല ചായ്ച്ചു. അല്പനിമിഷത്തിനുള്ളിൽ സ്വസ്ഥമായി വിടവാങ്ങി. (കൃത്യം ഒരു വർഷം മുമ്പ് 1943 ഫെബ്രുവരി 22 നാണ് ഉപവാസത്തിനിടയിൽ ഗാന്ധിജി അത്യാസന്ന നിലയിലായത്.)

മഹാശിവരാത്രി നാളിലെ വിടവാങ്ങൽ പതിവ്രതകളായ സ്ത്രീകൾക്ക് മാത്രം ലഭിക്കുന്ന വിശിഷ്ട ഭാഗ്യമാണെന്ന് പലരും പറഞ്ഞു. കസ്തൂർബ ജയിൽവാസത്തിലായിരുന്നതിനാൽ പൊതുജനങ്ങൾക്ക് അദരാഞ്ജലി അർപ്പിക്കാനായില്ല. ബന്ധുക്കളും ദേശീയ നേതാക്കളും സുഹൃത്തുക്കളും ഉൾപ്പെടെ കുറച്ചുപേർ മാത്രമാണ് ഉണ്ടായിരുന്നത്. ദേവദാസ്ഗാന്ധി സംസ്കാര ശുശ്രൂഷകൾ നടത്തി.


കസ്തൂർബയുടെ മരണം ഗാന്ധിജിയിൽ അഗാധമായ ശൂന്യത സൃഷ്ടിച്ചു. അദ്ദേഹം സ്വയം പറഞ്ഞുകൊണ്ടിരുന്നു:

"കസ്തൂർബ, എനിക്ക് പത്നിയും കൂട്ടുകാരിയും എല്ലാമാണ്, അതിനേക്കാൾ ഉപരി കസ്തൂർബ എനിക്ക് അമ്മതന്നെയാണ്."

"എന്റെ ഈ ജീവിതംകൊണ്ട് എന്തെല്ലാം നല്ല കാര്യങ്ങൾ ഉണ്ടായിട്ടുണ്ടോ അതിലെല്ലാം കസ്തൂർബയുടെ മഹത്തരമായ പങ്കുണ്ട്" ഗാന്ധിജി പറഞ്ഞു.

കസ്തൂർബജിയുടെ പവിത്രമായ ജീവിതം നമുക്ക് എന്നും പ്രചോദനമാകട്ടെ.

❐



ആചാര്യ വിനോബഭാവെ

ആത്മശക്തികൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാമെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയ അപൂർവ വ്യക്തിത്വത്തിനുടമയായിരുന്നു ആചാര്യ വിനോബ ഭാവെ. ഗാന്ധിജിയുടെ ആത്മീയ ശിഷ്യൻ എന്നാണ് വിനോബജിയെ സാധാരണ പരിചയപ്പെടുത്താറുള്ളത്. വിനേബയാകട്ടെ തന്റെ ജീവിതത്തിൽ ഗാന്ധി, ഗാന്ധി എന്ന് വളരെ കുറച്ചുമാത്രം പറയുകയും അതേസമയം ഗാന്ധിയൻ ചിന്തയെ അഥവാ സർവോദയ ദർശനത്തെ പ്രയോഗത്തിൽ വരുത്തുന്നതിന് വേണ്ടി സമ്പൂർണ ജീവിതസമർപ്പണം നടത്തുകയും ചെയ്തു. വിനോബ യുവാവായിരിക്കുമ്പോൾത്തന്നെ ഗാന്ധിജി വിനായെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: "ആത്മീയതയുടേയും ആത്മബലത്തിന്റേയും കാര്യത്തിൽ ഒരുപക്ഷേ എന്നേക്കാൾ ഏറെ മുന്നോട്ടുപോകുന്ന ഉത്തമ ശിഷ്യനാണ് വിനോബ."

ആത്മീയപ്രഭാവം ഏറെയുള്ള ഒരു കുടുംബത്തിലായിരുന്നു വിനോബജി ജനിച്ചത്. മഹാരാഷ്ട്രയിലെ രായ്ഗഢ് ജില്ലയിൽ ഗാഗോദഗ്രാമത്തിൽ നരഹരി ശംഭുറാവുഭാവെയുടേയും രുഗ്മിണി ദേവിയുടേയും പുത്രനായി 1895 സെപ്തംബർ മാസം 11-ാം തീയതി അദ്ദേഹം ജനിച്ചു. വിനായകൻ, വിനൃാ എന്നീ പേരുകളിൽ വിളിക്കപ്പെട്ടു. മാതാപിതാക്കൾ ആത്മീയ ഔന്നത്യം പുലർത്തുന്നവരായിരുന്നു.

മുത്തച്ഛനായ ശംഭുറാവു ഭാവെ തങ്ങളുടെ തറവാടിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ക്ഷേത്രം അക്കാലത്തുതന്നെ എല്ലാ വിഭാഗം ആളുകൾക്കും ദർശനത്തിനായി പ്രവേശനം അനുവദിച്ചുകൊണ്ട് മാനവികതയുടെ ഏകത്വം പ്രകടമാക്കിയ മഹദ്വ്യക്തിയായിരുന്നു. ചൈതന്യപൂർണമായ ഗൃഹാന്തരീക്ഷത്തിൽ വളർന്നുവന്ന വിനൃായും സഹോദരങ്ങളും ബ്രഹ്മനിഷ്ഠകളിൽ അടിയുറച്ചവരായിരുന്നു.

1907 ൽ വിനൃ, ബറോഡ ഹൈസ്കൂളിൽ പഠനം ആരംഭിച്ചു. ചെറുപ്പത്തിൽത്തന്നെ പഠനത്തിൽ വളരെ താല്പര്യമുണ്ടായിരുന്ന വിനൃ, ഗണിത

ശാസ്ത്രത്തിൽ പ്രകടിപ്പിച്ച മികവിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പോട് കൂടിയാണ് പഠനം തുടർന്നത്.

1913 ൽ മെട്രിക്കുലേഷൻ പാസ്സായ ഉടൻതന്നെ ഇന്റർമീഡിയേറ്റിനും ചേർന്നു. വായനയും നടത്തവുമായിരുന്നു വിനോബയുടെ പ്രധാന വിനോദം. ദിവസവും പത്തും പന്ത്രണ്ടും മൈലുകൾവരെ നടക്കും. ലൈബ്രറികൾ സന്ദർശിക്കും. ബറോഡ ലൈബ്രറിയിലെ നിത്യസന്ദർശകനായിരുന്നു. നിരന്തരമായ വായന ആ ബാലന്റെ കാഴ്ചശക്തിക്ക് മങ്ങലേൽപ്പിച്ചു, എന്നാൽ ഓർമ്മശക്തി പതിന്മടങ്ങ് തിളങ്ങി.

ഇന്റർമീഡിയേറ്റിന് പഠിക്കുമ്പോൾ മാനസികമായ ഒരുതരം വിരക്തിയോ അസ്വസ്ഥതയോ അദ്ദേഹത്തെ ബാധിച്ചു. ജീവിതം ഇങ്ങനെ പോയാൽ പോരെന്നും വീട് വിട്ടിറങ്ങി മഹത്തായ ലക്ഷ്യത്തിനുവേണ്ടി ജീവിതം വിനിയോഗിക്കണമെന്നും ഉള്ള ചിന്ത സജീവമായി. ഒരു ദിവസം അമ്മ അടുക്കളയിൽ പണിയിൽ വ്യാപൃതയായിക്കൊണ്ടിരുന്നപ്പോൾ മാതൃഭക്തനായ ആ ബാലൻ ഒരു ചുരുൾ കടലാസ് അടുപ്പിന് സമീപം കൊണ്ടുവന്ന് വിറയാർന്ന കൈകളോടെ കത്തിക്കാൻ തുടങ്ങി. കത്തിച്ചാമ്പലാകുന്നത് തന്റെ ഹൈസ്കൂൾ സർട്ടിഫിക്കറ്റുകൾ ആണെന്ന് അമ്മയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. മകന്റെ ചെയ്തിയുടെ അപാകത്തെക്കുറിച്ച് മാതാവ് സൂചിപ്പിച്ചപ്പോൾ, താൻ കോളേജ് പഠനം ഉപേക്ഷിക്കുകയാണെന്നും ഇനിയൊരിക്കലും ഈ സർട്ടിഫിക്കറ്റുകളുടെ ആവശ്യമില്ല എന്നും പറഞ്ഞു. ഒരു ദിവസം വിനോബ ഇറങ്ങിത്തിരിച്ച് വാരണാസിയിൽ (കാശിയിൽ) എത്തി. മഹത്തായ ലക്ഷ്യത്തിലേക്ക് രണ്ട് സാധ്യതകൾ ആണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ഒന്ന്, തപസ്സിനായി ഹിമാലയത്തിലേക്ക് പോകുക. രണ്ട്, തീവ്രവും സജീവവുമായ രാഷ്ട്രീയ സമരങ്ങൾ നടന്നിരുന്ന ബംഗാളിലേക്ക് പോകുക.

അപ്പോഴാണ് ഒരു പത്രവാർത്ത വിനായുടെ ശ്രദ്ധയിൽ പെട്ടത്. 1914 ഫെബ്രുവരി നാലിന് കാശി ഹിന്ദു വിശ്വവിദ്യാലയത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധി നടത്തിയ ഉജ്ജ്വലമായ പ്രസംഗത്തിന്റെ പത്ര റിപ്പോർട്ട് ആയിരുന്നു അത്. ആത്മീയതയുടെ പ്രയോഗവും സജീവമായ സാമൂഹ്യസേവനത്തിന്റെ രീതിശാസ്ത്രവും സമന്വയിപ്പിച്ചുകൊണ്ട് യുവാക്കളേയും രാജ്യസ്നേഹികളേയും ആവേശംകൊള്ളിക്കുന്നതായിരുന്നു ഗാന്ധിജിയുടെ പ്രസംഗം. ഇതുതന്നെയാണ് താൻ അന്വേഷിച്ച മാർഗമെന്ന് വിനോബഭാവെക്ക് ബോധ്യപ്പെട്ടു. തന്റെ മാനസികാവസ്ഥയെ വിവരിച്ചുകൊണ്ടുള്ള ഒരു കത്ത് അദ്ദേഹം ഗാന്ധിജിക്ക് എഴുതി.

ദക്ഷിണാഫ്രിക്കയിലെ ഐതിഹാസികമായ പ്രവർത്തനങ്ങൾക്ക് ശേഷം ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി അഹമ്മദാബാദിലെ കൊച്ച്റബിൽ ഒരു ആശ്രമം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഗാന്ധിജിയിൽ നിന്നും ലഭിച്ച മറുപടിക്കത്തിനെ തുടർന്ന് 1916 ജൂൺ ഏഴിന് വിനോബ കൊച്ച്റബ് ആശ്രമത്തിൽ എത്തി. ഗാന്ധിയുടെയും വിനോബയുടെയും ആദ്യസമാഗമം നടന്നു. പിൽക്കാലത്ത് സ്വാമി വിവേകാനന്ദൻ ആയി വികസിച്ച നരേന്ദ്രൻ തന്റെ

ഗുരുവായിത്തീർന്ന ശ്രീരാമകൃഷ്ണ പരമഹംസരെ കണ്ടുമുട്ടിയപ്പോഴത്തെ പോലെ വികാരഭരിതമായിരുന്നു ആ സമാഗമം. മഹാത്മജിയുടെ നിർദ്ദേശമനുസരിച്ച് കുറച്ചുനാൾ വിനോബ ആശ്രമനിഷ്ഠകൾ അനുസരിച്ചുകൊണ്ട് അവിടെ താമസിച്ചു. രാജ്യസേവനത്തിന് സഹായകമായ രീതിയിൽ ശിക്ഷണവും രാജ്യത്തെക്കുറിച്ചുള്ള അവബോധവും ആവശ്യമാണെന്ന് മനസ്സിലാക്കിയ വിനോബ, ഗാന്ധിജിയുടെ അനുമതിയോടുകൂടി ഒരു വർഷക്കാലം രാജ്യസഞ്ചാരം നടത്തി. കൃത്യം ഒരു വർഷം തികയുന്ന ദിവസം ആശ്രമത്തിൽ തിരിച്ചെത്തി.

പിന്നിട്ട ഒരു വർഷക്കാലം താൻ എന്ത് ചെയ്തു എന്നതിനെക്കുറിച്ച് ഒരു കത്തെഴുതി ഗാന്ധിജിക്ക് സമർപ്പിച്ചു. ഉപനിഷത്തുകൾ, ഭഗവദ്ഗീത, ബ്രഹ്മസൂത്രം, ശാങ്കരഭാഷ്യം, പതഞ്ജലി യോഗ ദർശനം മുതലായ ഗ്രന്ഥങ്ങൾ ഈ കാലഘട്ടത്തിൽ വായിച്ചു. ഉപ്പോ, മസാലയോ ഭക്ഷണത്തിൽ തൊടുകപോലും ചെയ്തില്ല. ദൂരയാത്ര ചെയ്ത് ഭഗവദ്ഗീത, ജ്ഞാനേശ്വരി തുടങ്ങിയ ഗ്രന്ഥങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തി. പിന്നീട് കൊച്ച്റബ് ആശ്രമത്തിൽനിന്ന് വാർദ്ധയിലേക്ക് താമസം മാറ്റി. വാർദ്ധയിൽ ശ്രീജ ജമ്നലാൽ ബജാജ് നിർമ്മാണം ആരംഭിച്ച പുതിയൊരു ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ നോക്കുന്നതിനുവേണ്ടിയായിരുന്നു 1921 ൽ വിനോബ വാർദ്ധയിലെത്തിയത്. 1921 മുതൽ 1947 വരെ വിനോബ, പൗനാറിലെ പരംധാം ആശ്രമത്തിലായിരുന്നു. സംഭവബഹുലമായ ഈ കാൽനൂറ്റാണ്ട് കാലം തന്റെ ആത്മീയ പരീക്ഷണങ്ങൾ അദ്ദേഹം തുടർന്നു. ഈ കാലഘട്ടത്തിൽ ദിവസേന 10 മുതൽ 12 മണിക്കൂർ വരെ നൂൽനൂൽക്കുകയോ മറ്റ് ശരീര അദ്ധ്വാന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തു. 1923 ൽ നാഗ്പൂരിൽ ആരംഭിച്ച പതാക സത്യാഗ്രഹത്തിന്റെ സൂത്രധാരൻ വിനോബജി ആയിരുന്നു. ഇതേത്തുടർന്ന് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു.

1924 ൽ കേരളത്തിൽ വൈക്കം സത്യാഗ്രഹം ശക്തിപ്രാപിച്ചിരുന്ന സമയത്ത് ഗാന്ധിജി നിരീക്ഷകനായി വിനോബജിയെ കേരളത്തിലേയ്ക്ക് അയച്ചു. 1940 ൽ രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലത്ത് ഇന്ത്യക്ക് പൂർണസ്വരാജ് ലഭ്യമാക്കാതെ ബ്രിട്ടൻ സ്വീകരിക്കുന്ന അധാർമിക നിലപാടിൽ പ്രതിഷേധിക്കുന്നതിന് ഗാന്ധിജി വ്യക്തി സത്യാഗ്രഹം പ്രഖ്യാപിച്ചു. ആത്മശക്തിയെ മുൻനിർത്തിയുള്ള പ്രസ്തുത സത്യാഗ്രഹ പരിപാടിയിൽ ആദ്യത്തെ സത്യാഗ്രഹി ഉത്തമനായ ഒരാൾ ആയിരിക്കുമെന്ന് എല്ലാവർക്കും ബോധ്യമുണ്ടായിരുന്നു. ലോകം മുഴുവൻ ആദ്യത്തെ സത്യാഗ്രഹി ആരെന്ന് ചർച്ചചെയ്യപ്പെട്ടു. ആദ്യത്തെ വ്യക്തി സത്യാഗ്രഹി ആയി ഗാന്ധിജി പ്രഖ്യാപിച്ചത് വിനോബഭാവെയുടെ പേരാണ്. വ്യക്തി സത്യാഗ്രഹത്തിൽ പങ്കെടുത്തതിനെ തുടർന്ന് മൂന്ന് തവണയായി അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ജയിൽവാസം വിനോബജിയെ സംബന്ധിച്ച് കർമ്മനിരതമായിരുന്നു. ജയിലിൽ സാമാന്യം ഭേദപ്പെട്ട രണ്ടാം ക്ലാസ് സൗകര്യ

ങ്ങൾ വിനോബയ്ക്ക് കൊടുക്കാൻ ജയിലധികൃതർ തയ്യാറായിരുന്നു. പക്ഷേ വിനോബജി അത് സ്വീകരിച്ചില്ല. മറ്റ് സാധാരണ തടവുകാർക്ക് കൊടുക്കുന്ന മൂന്നാം ക്ലാസ് സൗകര്യം തന്നെ തനിക്കും മതി എന്ന് വിനോബജി നിർബന്ധിച്ചു. മാത്രവുമല്ല, ഏതെങ്കിലും തരത്തിലുള്ള ഒരു ജോലി അഥവാ കായികാദ്ധ്വാനം ചെയ്യാൻ ജയിലിൽ അവസരം ഉണ്ടാകണമെന്ന് വിനോബജി അധികൃതരോട് ആവശ്യപ്പെട്ടിരുന്നു. അദ്ധ്വാനിക്കാനുള്ള അവസരം ജയിലിൽ ഇല്ലായെങ്കിൽ താൻ ഭക്ഷണം കഴിക്കില്ല എന്ന് അദ്ദേഹം അധികൃതരെ അറിയിച്ചു. അദ്ധ്വാനിക്കാതെ ഭക്ഷണം കഴിക്കരുത് എന്ന ഗാന്ധിയൻ സർവോദയ ദർശനത്തെ അദ്ദേഹം ജയിൽവാസക്കാലത്തും പൂർണമായി പരിപാലിച്ചു. കൂടാതെ, ദർശനപരവും ആത്മീയവുമായ പ്രവർത്തനങ്ങൾ ജയിൽവാസകാലത്ത് അദ്ദേഹം തുടർന്നു. 1932 ൽ ദൂലിയ ജയിലിൽ വസിക്കുമ്പോൾ ആണ് ഭഗവദ്ഗീതയെ ആസ്പദമാക്കി ജയിലിലുള്ളവർക്ക് പ്രഭാഷണം നടത്തിയത്. ക്വിറ്റ് ഇന്ത്യ സമരത്തെ തുടർന്ന് 1942 ൽ സിയോണി ജയിലിൽ താമസിക്കുമ്പോൾ അവിടെവച്ച് സ്ഥിതപ്രജ്ഞ ദർശനത്തെ കുറിച്ച് അദ്ദേഹം പ്രഭാഷണം നടത്തി. 1946 ലാണ് വീണ്ടും വിനോബ പൗനാറിലേക്ക് മടങ്ങിയത്. ശുചീകരണ പ്രവർത്തനത്തിൽ അദ്ദേഹം കൂടുതൽ ശ്രദ്ധിച്ചു. ഇന്ത്യാവിഭജനനാളുകളിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള ഗാന്ധിജിയുടെ ശ്രമങ്ങളെ സഹായിക്കുന്നതിനായി പൂർണമായും വ്യാപൃതനായി. ബാപ്പുജിയുടെ മരണശേഷം കൂടുതൽ ഉത്തരവാദിത്തങ്ങൾ വിനോബയെ തേടിയെത്തി. ബാപ്പുജിക്ക് ശേഷം എല്ലാവരും പ്രതീക്ഷയോടെ നോക്കിയത് വിനോബജിയെയാണ്. മഹാത്മാഗാന്ധിയുടെ അവസാന നാളുകളിൽ മനസ്സുകൊണ്ട് അദ്ദേഹം ലോക്സേവാ പ്രസ്ഥാനത്തിന് രൂപംകൊടുത്തു. ഇതിനായി ബൈലോ തയ്യാറാക്കി. ഗാന്ധിജിയുടെ ആഗ്രഹപ്രകാരമുള്ള ഒരു ലോക് സേവാ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിന് വിനോബ മുൻകൈയെടുത്തു. 1948 ൽ സർവോദയ സമാജം, സർവസേവാസംഘം എന്നീ സർവോദയ സംഘടനകൾ ഉണ്ടാക്കുന്നതിനും വിനോബജി നേതൃത്വവും നിർദ്ദേശങ്ങളും നൽകി.

ഒരു സംഘടനയുടെയും ഭാരവാഹിയാകാതെ പരിപാടികളുമായി മുന്നോട്ടുപോകുക എന്നതാണ് വിനോബജിയുടെ ശൈലി. ഒരു തരത്തിലുള്ള സ്ഥാനമാനങ്ങളും അധികാരവും അദ്ദേഹം ആഗ്രഹിച്ചില്ല. അവയെല്ലാം അകറ്റി നിർത്തി. അതേസമയം പുതിയൊരു ഭാരതത്തിനും ലോകത്തിനും വേണ്ടിയും ജനങ്ങളുടെ വിമോചനത്തിന് വേണ്ടിയും നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു.

സർവ സേവാ സംഘത്തിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ പങ്കെടുക്കാനായി വിനോബഭാവേ 1951 ഏപ്രിലിൽ ശിവറാംപിള്ളിയിലേക്ക് പോയി. ഭൂമിയുടെ ഉടമസ്ഥതയ്ക്ക് വേണ്ടി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സമീപപ്രദേശമായ തെലുങ്കാനയിൽ രക്തരൂഷിതവും ഹിംസാത്മകവുമായ സമരം നടന്നുകൊണ്ടിരിക്കുന്ന സമയമായിരുന്നു. തന്റെ മട

ക്കയാത്ര പദയാത്രയായി തെലുങ്കാനയിലൂടെ ആയിരിക്കുമെന്ന് വിനോബജി പ്രഖ്യാപിച്ചു. തെലുങ്കാനയിൽ പ്രവേശിച്ച് മൂന്നാംദിവസം 1951 ഏപ്രിൽ പതിനെട്ടാം തീയതി പോച്ചംപള്ളി എന്ന ഗ്രാമത്തിൽ അദ്ദേഹം എത്തിയപ്പോൾ 40 ഹരിജന കുടുംബങ്ങൾ അദ്ദേഹത്തിന് ചുറ്റും കൂടി തങ്ങൾക്ക് കൃഷിചെയ്യാൻ കുറച്ച് ഭൂമി തരണമെന്ന് ആവശ്യപ്പെട്ടു. പ്രശ്നപരിഹാരത്തിനായി വിനോബ ചിന്തിച്ചു. അന്നത്തെ പ്രാർത്ഥനായോഗത്തിൽ വിനോബജി ഈ ആവശ്യം പൊതുവായി അവതരിപ്പിച്ചു. ഈ പാവങ്ങൾക്ക് വേണ്ടി സദസ്സിലുള്ള ആരെങ്കിലും ഭൂമി നൽകാൻ തയ്യാറുണ്ടോ എന്ന് അദ്ദേഹം ആരാഞ്ഞു. സദസ്സിൽനിന്ന് രാമചന്ദ്ര റെഡ്ഡി എന്ന ഒരു ഭൂവുടമ എഴുന്നേറ്റ് നിന്ന് പറഞ്ഞു, "തന്റെ പക്കൽ 200 ഏക്കർ ഭൂമിയുണ്ട്. അതിൽ പകുതി 100 ഏക്കർ ഭൂമി ദാനമായി നൽകാ"മെന്ന് അദ്ദേഹം അറിയിച്ചു. സദസ്സ് മുഴുവൻ അത്ഭുതപ്പെട്ടു, സ്നേഹമസൃണമായ ഒരു അഭ്യർത്ഥനയ്ക്ക് ഇത്രയും ഫലപ്രദമായ പ്രതികരണം ഉണ്ടായതിൽ. ഒരുതുള്ളി രക്തം ചിന്താതെ, ഹിംസയില്ലാതെ, സൗഹൃദ അന്തരീക്ഷത്തിൽ ഭൂദാനം എന്ന സാമൂഹ്യ വിപ്ലവപ്രസ്ഥാനം പിറവി എടുക്കുകയായിരുന്നു. പദയാത്രയായി പൗനാറിൽ തിരിച്ചെത്തിയപ്പോഴേയ്ക്കും 12,00,000 ഏക്കർ ഭൂമി ദാനമായി ലഭിച്ചു. പൗനാറിലെത്തിയ വിനോബജിയെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഡൽഹിയിലേക്ക് ക്ഷണിച്ചു. രാജ്യത്തിന്റെ ആസൂത്രണ കാര്യങ്ങളെ സംബന്ധിച്ചുള്ള യോഗത്തിലേക്കാണ് വിനോബജിയെ ക്ഷണിച്ചത്.


വിനോബജി ഡൽഹിയിലേക്ക് പദയാത്രയായാണ് പോയത്. ഡൽഹിയിൽ എത്തുമ്പോഴേയ്ക്കും 18 ലക്ഷം ഏക്കർ ഭൂമി വാഗ്ദാനം ലഭിച്ചു. മൊത്തം 47 ലക്ഷം ഏക്കർ ഭൂമി ഭൂദാനം ആയി ഇതിനകം ലഭിച്ചു. രക്തച്ചൊരിച്ചിലും നിയമനിർമാണങ്ങളും ഒന്നുമില്ലാതെ സ്നേഹപൂർവമായ അഭ്യർത്ഥന കൊണ്ട് ഉന്നതമായൊരു ആദർശത്തിനുവേണ്ടി ഭൂമി ദാനമായി സമർപ്പിക്കപ്പെട്ടു. ലക്ഷക്കണക്കിന് പാവങ്ങൾക്ക് സ്വന്തമായി കിടപ്പാടവും അദ്ധ്വാനിക്കാൻ ഭൂമിയും ലഭിച്ചു. 'വായുവും വെള്ളവും വെളിച്ചവും പോലെ ഭൂമിയും പൊതുമുതൽ ആണ്. സ്വകാര്യ ഉടമസ്ഥത പാടില്ല' – ഇതായിരുന്നു ഭൂദാനയജ്ഞത്തിന്റെ മുദ്രാവാക്യം. ഭൂദാനം പിന്നീട് ഗ്രാമദാനമായി വികസിച്ചു. അയ്യായിരത്തോളം ഗ്രാമങ്ങൾ ദാനമായി ലഭിച്ചു. 1952 മെയ് 23 ന് ഉത്തർപ്രദേശിലെ മാംഗ്രോത്ത് എന്ന ഗ്രാമമാണ് ആദ്യമായി പ്രഖ്യാപിക്കപ്പെട്ട ദാനഗ്രാമം. ഭരണകൂടത്തിന്റെ ആധിപത്യവും ഹിംസാശക്തികളും സമൂഹത്തെ ദുരിതത്തിലാഴ്ത്തിയ സാഹചര്യത്തിൽ വിമോചനത്തിനുവേണ്ടി അഹിംസാധിഷ്ഠിതമായ ആത്മശക്തിയെ പ്രോജ്ജ്വലിപ്പിച്ചുകൊണ്ട് സാമൂഹ്യനന്മക്കായുള്ള മൂന്നാംശക്തിയാക്കി വളർത്തിയെടുക്കാൻ വിനോബജി മുൻകൈയെടുത്തു. ഇതിന്റെ ഭാഗമായി 1954 ൽ ജീവൻദാൻ പ്രഖ്യാപനം നടത്തി. 1957 ആഗസ്റ്റ് 23 ന് ശാന്തിസേന രൂപീകരിച്ച് കാശ്മീരിലും അതിർത്തി പ്രദേശങ്ങളിലും സമാധാനത്തിന്റെ, സ്നേഹത്തിന്റെ സന്ദേശം അദ്ദേഹം എത്തിച്ചു.

വിനോബജിയുടെ വാത്സല്യപൂർവമായ സമീപനത്തിന്റെ ഫലമായി ചമ്പൽ താഴ്വരയിലും, ഉത്തർപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളിലെ വനമേഖലകളിലും കൊടുംഭീകരർ ആയിരുന്ന കൊള്ളക്കാർ വിനോബയ്ക്ക് മുമ്പിൽ ആയുധം വച്ച് കീഴടങ്ങി, സാധാരണ ജീവിതത്തിലേക്ക് തിരിഞ്ഞു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനകാലത്ത് ഉജ്ജ്വലമായ മുന്നേറ്റം നടത്തിയിരുന്ന ഭാരതത്തിലെ വനിതാശക്തിയെ സ്വതന്ത്ര ഭാരതത്തിന്റെ ക്രിയാത്മക പ്രവർത്തനങ്ങൾക്ക് അനുഗുണമായ രീതിയിൽ സജീവമാക്കുന്നതിൽ വിനോബജി പ്രത്യേകം ശ്രദ്ധിച്ചു.

വനിതാശക്തിയെ വലിയ പ്രതീക്ഷയോടെയാണ് അദ്ദേഹം കണ്ടത്. സ്വതന്ത്രമായ ജനാധിപത്യ പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയകക്ഷികളുടെ അധികാരരാഷ്ട്രീയം തടസ്സമാകുന്നു എന്ന് അദ്ദേഹം വിലയിരുത്തി. കക്ഷിരഹിതമായ ജനാധിപത്യ പ്രവർത്തനങ്ങളിലൂടെ ഗ്രാമങ്ങളെ സ്വാശ്രിതമാക്കുകയും ഗ്രാമങ്ങളുടെ ഒരു ഫെഡറേഷൻ ആയി ഭാരതത്തെ ഐക്യത്തോടെ നിലനിർത്താനും ഉള്ള സർവോദയ കാഴ്ചപ്പാടാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. മുതലാളിത്തത്തിന്റേയും കമ്യൂണിസത്തിന്റേയും ദോഷങ്ങൾ ഇല്ലാത്ത ഉത്തമ സോഷ്യലിസം ആയ സർവോദയത്തിലൂടെയാണ് ഭാവി ഭാരതവും ലോകസമൂഹവും മുന്നേറേണ്ടത് എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു.

1982 നവംബർ 15 ന് ബ്രഹ്മ നിർവാണം പ്രാപിച്ച ആദരണീയനായ ആ കർമ്മയോഗി, ആചാര്യ വിനോബഭാവേയുടെ പ്രതീക്ഷകളെ പ്രാവർത്തികമാക്കാൻ നമുക്ക് ഒരുമിച്ച് മുന്നേറാം.

❐



കേരളഗാന്ധി കെ. കേളപ്പൻ

പൂർണമായും ഉൾക്കൊണ്ട് പ്രാവർത്തികമാക്കിയ മഹദ്വ്യക്തിയാണ് കെ. കേളപ്പൻ. നിർഭയത്വം, ആദർശനിഷ്ഠ, ആത്മാർത്ഥത എന്നിവയുടെ മൂർത്തി മദ്ഭാവമായിരുന്ന കേളപ്പജി എന്ന ദേശീയ സ്വാതന്ത്ര്യസമരസേനാനിയെ കേരളജനത ആദരപൂർവം വിളിച്ചത് 'കേരളഗാന്ധി' എന്നാണ്.

പഴയ കുറുമ്പ്രനാട് താലൂക്കിലെ മുചുകുന്നിൽ കൊഴപ്പിള്ളി പുത്തൻപുരയിൽ കുഞ്ഞമ്മയുടേയും കീഴരിയൂർ തേൻപൊയിൽ കണാരൻ നായരുടേയും മകനായി 1889 ആഗസ്റ്റ് 24ന് ജനിച്ചു.

കീഴരിയൂരിലെ എഴുത്ത് പള്ളിക്കൂടം, അയനിക്കാട്ടുള്ള അയ്യപ്പൻകാവ് എലിമെന്ററി സ്കൂൾ, കൊയിലാണ്ടി ബാസൽ മിഷൻ സ്കൂൾ, തലശ്ശേരിയിലെ പാർസി സ്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസവും നേടി 1907 ൽ മെട്രിക്കുലേഷൻ ജയിച്ചു. തുടർന്ന് കോഴിക്കോട് സാമൂതിരി കോളേജ്, മദ്രാസ് ക്രിസ്ത്യൻ കോളേജ് എന്നിവിടങ്ങളിൽ പഠിച്ച് ഊർജതന്ത്രത്തിൽ ബിരുദം നേടി. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പഠനത്തിലും ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പൊതുവിജ്ഞാന പരീക്ഷകളിലും ഒന്നാംസ്ഥാനത്തെത്തി. സ്കോളർഷിപ്പോടുകൂടിയാണ് കേളപ്പൻ പഠനം പൂർത്തീകരിച്ചത്.

കേളപ്പൻ ഒരു വക്കീലായി കാണണമെന്നാണ് അച്ഛൻ ആഗ്രഹിച്ചത്. എന്നാൽ വക്കീൽ, മജിസ്ട്രേറ്റ് എന്നീ ജോലികളിൽ ഒളിഞ്ഞിരിക്കുന്ന അധാർമ്മികതകളെക്കുറിച്ച് ഓർത്തപ്പോൾ അത്തരം ഒരു തൊഴിൽ സ്വീകരിക്കാൻ കേളപ്പന് താല്പര്യമുണ്ടായിരുന്നില്ല. അച്ഛന്റെ ആഗ്രഹത്തിന് എതിരുനിൽക്കണ്ട എന്നുകരുതി അദ്ദേഹം തിരുവനന്തപുരം ലോ കോളേജിൽ ചേർന്നെങ്കിലും പഠനം പൂർത്തിയാക്കാൻ സാഹചര്യം അനുവദിച്ചില്ല. പിന്നീടൊരിക്കൽ മുംബൈ ലോ കോളേജിൽ ചേർന്നെങ്കിലും ഗാന്ധിജി ആഹ്വാനം

ചെയ്ത നിസ്സഹകരണപ്രസ്ഥാനത്തിന്റെ വിജയത്തിനുവേണ്ടി പഠനം നിർത്തിവച്ച് സ്വാതന്ത്ര്യസമരത്തിലിറങ്ങുകയായിരുന്നു.

അദ്ധ്യാപകജോലി സ്വീകരിക്കാനാണ് കേളപ്പൻ ആഗ്രഹിച്ചിരുന്നത്. അദ്ധ്യാപനത്തോടൊപ്പം സാമൂഹ്യപ്രവർത്തനവും തുടരാം എന്ന സാധ്യതയാണ് അദ്ദേഹം മനസ്സിൽ കണ്ടത്. സ്കൂൾ പഠനകാലത്തുതന്നെ ബാസൽ മിഷന്റെ സേവനപ്രവർത്തനങ്ങളിൽ കേളപ്പൻ സജീവമായിരുന്നു. കോളേജിലെത്തിയപ്പോൾ സോഷ്യൽ സർവീസ് ലീഗിൽ ചേർന്ന് സാമൂഹ്യ പ്രവർത്തനം തുടർന്നു. ആനിബസന്റിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ബ്രഹ്മവിദ്യാസംഘത്തിന്റെ സേവനപ്രവർത്തനങ്ങളിലും പങ്കാളിയായി.

ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് ഹൈസ്കൂൾ, കറുകച്ചാൽ എൻ.എസ്.എസ്. സ്കൂൾ, പൊന്നാനി ഹൈസ്കൂൾ എന്നിവിടങ്ങളിൽ കേളപ്പൻ അദ്ധ്യാപകനായി പ്രവർത്തിച്ചു. സമർപ്പണബുദ്ധിയോടെ പ്രവർത്തിച്ച ആ അദ്ധ്യാപകൻ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നാട്ടുകാർക്കും ഏറെ പ്രിയപ്പെട്ടവനായിരുന്നു. കുട്ടിയുടെ ഏറ്റവും നല്ല പാഠപുസ്തകം അദ്ധ്യാപകൻ തന്നെയാണ് എന്ന ഗാന്ധിജിയുടെ വചനത്തെ അന്വർത്ഥമാക്കുന്നതായിരുന്നു കേളപ്പന്റെ അദ്ധ്യാപകവൃത്തി. അദ്ദേഹത്തിന്റെ സദ്ഗുണങ്ങളെ വിദ്യാർത്ഥികൾ മാതൃകയാക്കി.

നായർ സമുദായത്തിനുള്ളിലെ അനൈക്യവും, അനാചാരങ്ങളും കേളപ്പനെ വിഷമിപ്പിച്ചു. അദ്ദേഹവും സുഹൃത്തായ മന്നത്ത് പത്മനാഭപിള്ളയും കൂടിയാലോചിച്ചാണ് നായർ സർവീസ് സൊസൈറ്റി (എൻ.എസ്.എസ്) രൂപീകരിച്ചത്. ഇതിന്റെ പ്രഥമ പ്രസിഡന്റും കെ. കേളപ്പനായിരുന്നു. നായർ സമുദായ പരിഷ്കരണം, ഹരിജനോദ്ധാരണം, സർവസമുദായമൈത്രി എന്നീ പ്രധാന ലക്ഷ്യങ്ങളാണ് എൻ.എസ്.എസ്സിന്റെ ഭരണഘടനയിൽ ഊന്നിപ്പറഞ്ഞിരിക്കുന്നത്.

തൊങ്ങയിൽ പുനത്തിൽ അമ്മാളുഅമ്മയാണ് കേളപ്പന്റെ ഭാര്യ. ഭർത്താവിന്റെ സാമൂഹ്യദൗത്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ്, ആവശ്യമായ സേവനം നൽകുന്നതിൽ അമ്മാളുഅമ്മ പ്രത്യേകം ശ്രദ്ധിച്ചു. സ്വാതന്ത്ര്യസമരത്തോടുള്ള ആഗ്രഹംകൊണ്ട് തന്റെ കൈയിൽ ആകെ ഉണ്ടായിരുന്ന ഒരു സ്വർണ മോതിരം സ്വരാജ് ഫണ്ടിലേയ്ക്ക് കൊടുക്കാൻ അമ്മാളു അമ്മയ്ക്ക് ഒരു മടിയും ഉണ്ടായില്ല.

നിയമപഠനം നിർത്തിവച്ച് ബോംബെയിൽനിന്ന് നാട്ടിലെത്തിയ കേളപ്പൻ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മലബാറിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന കെ.പി.കേശവമേനോൻ, കെ. മാധവൻനായർ എന്നിവരുടെ നിർദ്ദേശപ്രകാരം പൊന്നാനി മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ ശക്തമാക്കുന്നതോടൊപ്പം ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ഖിലാഫത്തിനോടുള്ള അനുഭാവം സജീവമാക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. അതുവഴി ഹിന്ദു-മുസ്ലീം ഐക്യം ഊട്ടി ഉറപ്പിക്കുന്നതിനും സാധിച്ചു. ബ്രിട്ടീഷ് സാമ്രാജ്യ

ത്തിനെതിരായ പ്രവർത്തനങ്ങൾക്ക് പൊന്നാനി മേഖലയിലും പൊതുവെ മലബാറിലും ലഭിച്ച ശക്തമായ ജനകീയ പിന്തുണയെക്കുറിച്ച് മനസ്സിലാക്കിയ പോലീസ്, കേളപ്പനെ അറസ്റ്റുചെയ്ത് ജയിലിലാക്കി. ഇതൊരു തുടക്കം മാത്രമായിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ നിർണായക ഘട്ടങ്ങളിലെല്ലാം കേളപ്പൻ നൽകിയ ശക്തമായ നേതൃത്വം ബ്രിട്ടീഷ് പോലീസിനെ വിറകൊള്ളിക്കുകയും അനവധി തവണ അദ്ദേഹത്തെ അറസ്റ്റുചെയ്ത് ജയിലിലടയ്ക്കുകയും ചെയ്തു.

1921 ആഗസ്റ്റിൽ ആരംഭിച്ച് 18 മാസം നീണ്ടുനിന്ന മലബാർ കലാപം പൊന്നാനി മേഖലയിലേയ്ക്ക് വ്യാപിക്കാതിരിക്കാൻ കേളപ്പൻ നടത്തിയ ശ്രമങ്ങൾ ഐതിഹാസികമാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തെറ്റായ നയങ്ങളും ബ്രിട്ടീഷ് പോലീസിന്റെ ഗൂഢശ്രമങ്ങളും കലാപത്തെ ശക്തിപ്പെടുത്തി. ഒരു വിഭാഗം മുസ്ലീമുകളാണ് കലാപത്തിന് നേതൃത്വം നൽകിയിരുന്നത്. ഇത് ക്രമേണ ഹിന്ദു-മുസ്ലീം ഐക്യത്തെ തകർക്കുമെന്ന ഘട്ടത്തിലെത്തിച്ചു. ഇത്തരം ഒരു നശീകരണ പ്രസ്ഥാനത്തെ പൊന്നാനി മേഖലയിലേയ്ക്ക് കടത്താതിരിക്കാൻ ഖിലാഫത്ത് നേതാക്കളായ മുസ്ലീം സുഹൃത്തുക്കളുടെ സഹായം കേളപ്പൻ അഭ്യർത്ഥിച്ചു. അവരുടെ കൂടി സഹകരണത്തോടെ പൊന്നാനി താലൂക്കിന്റെ അതിർത്തിയിൽ മനുഷ്യസ്നേഹമതിൽ തീർത്തുകൊണ്ടാണ് ലഹളക്കാരെ പ്രതിരോധിച്ചത്. കേളപ്പനെന്ന സത്യാഗ്രഹിയുടെ നിർഭയത്വവും സ്നേഹമസൃണമായ അഭ്യർത്ഥനയും വിവേകജനകമായ ഉപദേശങ്ങളും കലാപക്കാരെ ഒരു നിമിഷം ഇരുത്തിച്ചിന്തിപ്പിച്ചു. വിവേകം വീണ്ടെടുത്ത അവർ പിന്നീട് പൊന്നാനിക്കാർ വാത്സല്യപൂർവം നൽകിയ ഉച്ചഭക്ഷണവും കഴിച്ച് പിൻവാങ്ങുകയായിരുന്നു.

മലബാർ കലാപം സൃഷ്ടിച്ച കെടുതികളും 1924 ൽ മലബാറിൽ ഉണ്ടായ ശക്തമായ വെള്ളപ്പൊക്കം മൂലമുണ്ടായ നാശനഷ്ടങ്ങളും പരിഹരിക്കാൻ കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സേവനപ്രവർത്തനങ്ങൾ ആർത്തരായ ജനസഞ്ചയത്തിന് ആശ്വാസമേകി.

സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ ഒരു മാധ്യമം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞ ഘട്ടത്തിൽ കെ.പി. കേശവമേനോൻ, ടി.ആർ. കൃഷ്ണസ്വാമി അയ്യർ, പി. അച്യുതൻ, ടി.വി. ചാത്തുക്കുട്ടി നായർ എന്നിവരോടൊപ്പം ചേർന്ന് 1923 മാർച്ച് 18 ന് മാതൃഭൂമി പത്രം ആരംഭിക്കുന്നതിലും കേളപ്പൻ മുൻകൈയെടുത്തു. മാതൃഭൂമിയുടെ മാനേജർ, പത്രാധിപർ, ഡയറക്ടർ ബോർഡ് അംഗം എന്നീ സ്ഥാനങ്ങളിലിരുന്ന് ദേശീയ പ്രസ്ഥാനത്തെ ശക്തമാക്കാൻ അദ്ദേഹം ശ്രമിച്ചു.

1923 ൽ കാക്കിനഡയിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനം ഇന്ത്യയുടെ ശാപമായ അയിത്തത്തെ ഉച്ചാടനം ചെയ്യാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകി. അയിത്തോച്ചാടന പ്രവർത്തനങ്ങൾക്കായി കേരളത്തിൽ രൂപീകൃതമായ രണ്ട് കമ്മിറ്റികളുടേയും സംയുക്ത കൺവീനർ കേളപ്പൻ ആയിരുന്നു. അയിത്തോച്ചാടന പ്രവർത്തനങ്ങൾക്കുവേണ്ടി കൊയിലാ

ണ്ടിക്കടുത്ത് പവൂർകുന്നിൽ ഒരു പഞ്ചമസ്കൂൾ സ്ഥാപിച്ചു. മഹാകവി വള്ളത്തോളാണ് സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ചത്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലക്ഷ്യമിട്ട് പയ്യോളിക്കടുത്ത് നല്ലമ്പ്രക്കുന്നിൽ (പാക്കനാർപുരത്ത്) മറ്റൊരു വിദ്യാലയവും സ്ഥാപിച്ചു.

വൈക്കം മഹാദേവക്ഷേത്രത്തിന് ചുറ്റുമുള്ള റോഡുകളിലൂടെ നടക്കാൻ എല്ലാവിഭാഗം ജനങ്ങൾക്കും അനുമതി നൽകണമെന്നാവശ്യപ്പെട്ട് 1924 ൽ നടന്ന വൈക്കം സത്യാഗ്രഹത്തിലും എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് 1931 ൽ ആരംഭിച്ച ഗുരുവായൂർ സത്യാഗ്രഹത്തിലും കേളപ്പൻ മുഖ്യ പങ്കുവഹിച്ചു. ശ്രീനാരായണഗുരുവും എസ്.എൻ.ഡി.പി. യോഗവും മന്നത്ത് പത്മനാഭനും എൻ.എസ്.എസും വൈക്കം സത്യാഗ്രഹത്തിന് സംയുക്ത പിന്തുണ നൽകി. ഹിന്ദുക്കളിൽ ഐക്യമുണ്ടാക്കുന്നതിനും വൈക്കം സത്യാഗ്രഹത്തിന് അഖിലേന്ത്യ ശ്രദ്ധ ലഭിക്കുന്നതിനും കേളപ്പൻ, ടി.കെ. മാധവൻ എന്നിവരുടെ ശ്രമങ്ങൾ വളരെ ഗുണം ചെയ്തു. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഭാഗമായി കേളപ്പൻ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു. മഹാത്മഗാന്ധിയും പ്രശ്നത്തിൽ ഇടപെട്ടു.

അധികാരസ്ഥാനങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ പ്രത്യേകം ശ്രമിച്ചിരുന്ന കേളപ്പന്, സഹപ്രവർത്തകരുടെ നിർബന്ധത്തെ തുടർന്ന് ഏതാനും വർഷങ്ങൾ അധികാരസ്ഥാനത്ത് ഇരിക്കേണ്ടിവന്നു. 1937 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് സ്ഥാനാർത്ഥിയായി കൊയിലാണ്ടിയിൽ നിന്ന് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. ഡിസ്ട്രിക്ട് ബോർഡ് പ്രസിഡന്റ് എന്ന നിലയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിയത്. 1952 ൽ പൊന്നാനിയിൽ നിന്ന് പാർലമെന്റ് അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. അധികാരവും ആദർശവും ഒത്തുപോകാൻ പ്രയാസമാണെന്നും അധികാരം നിക്ഷ്പക്ഷ സാമൂഹ്യപ്രവർത്തനങ്ങൾക്ക് പരിമിതി ഉണ്ടാക്കുമെന്നും ഒരിക്കൽകൂടി ബോധ്യപ്പെട്ട അദ്ദേഹം പിന്നീടൊരിക്കലും അധികാരസ്ഥാനത്ത് ഇരുന്നില്ല. കക്ഷിരാഷ്ട്രീയ പ്രവർത്തനവും ഉപേക്ഷിച്ച് സർവോദയ പ്രവർത്തകനായി.


വിനോബജിയുടെ ആഹ്വാനപ്രകാരം ശങ്കർറാവുദേവിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിയ ഭൂദാന പദയാത്രയിൽ കേളപ്പൻ പൂർണ സമയം പങ്കെടുത്തു. കേളപ്പന്റെ സാന്നിദ്ധ്യവും പ്രസംഗവും ഭൂദാനപ്രസ്ഥാനത്തെ ശക്തിപ്പെടുത്തി. ഗാന്ധിയൻ ദിശയിലുള്ള സാമൂഹ്യമാറ്റത്തിനായി പ്രവർത്തിക്കുന്ന കേരള സർവോദയ മണ്ഡലത്തിന്റെ പ്രസിഡന്റായി 1957 മുതൽ 12 വർഷക്കാലം പ്രവർത്തിച്ചു. ആചാര്യ വിനോബഭാവെയുടെ നിർദ്ദേശമനുസരിച്ച് ശാന്തിസേനയുടെ പ്രവർത്തനങ്ങൾക്ക് കേളപ്പനും ഇക്കണ്ടവാര്യരും ആണ് കേരളത്തിൽ നേതൃത്വം നൽകിയത്. 1957 ൽ കാലടിയിൽ നടന്ന അഖിലേന്ത്യാ സർവോദയ സമ്മേളനത്തിന്റെ സ്വാഗതസംഘം ചെയർമാനായിരുന്നു. ഗാന്ധി സ്മാരകനിധി, ഗാന്ധി പീസ് ഫൗണ്ടേഷൻ

എന്നിവയ്ക്കും നേതൃത്വം നൽകി. ഖാദി സർട്ടിഫിക്കേഷൻ സമിതി അംഗമായിരുന്നു. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളെയും ഒരുമിപ്പിച്ചുകൊണ്ട് ഐക്യകേരളം രൂപീകരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് കേളപ്പൻ നേതൃത്വം നൽകി. തൃശ്ശൂരിൽ ചേർന്ന ഐക്യകേരള സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതും കേളപ്പനാണ്.

തവനൂരിൽ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനും അദ്ദേഹം മുൻകൈ എടുത്തു. ഹരിജനോദ്ധാരണം, അയിത്തോച്ചാടനം എന്നീ പ്രവർത്തനങ്ങളിൽ വ്യാപൃതമായപ്പോൾ 'പുലയൻ കേളപ്പൻ' എന്ന് വിളിച്ച് ചിലർ അദ്ദേഹത്തെ ആക്ഷേപിച്ചു. 1959 ൽ ചാവക്കാടുള്ള മുസ്ലീംപള്ളി ചില അക്രമകാരികൾ തകർത്തപ്പോൾ അത് പുനർനിർമ്മിക്കാൻ ഹിന്ദുക്കളുടെ കൂടി സഹകരണം അദ്ദേഹം തേടി. ഹിന്ദുക്കളുടെ സഹകരണത്തോടെ പള്ളി പുനർനിർമ്മിച്ചു. അക്കാലത്ത് 'കേളപ്പൻ ഹാജി' എന്ന് വിളിച്ചാണ് അദ്ദേഹത്തെ ആക്ഷേപിച്ചത്. 1968 ൽ അങ്ങാടിപ്പുറം തളിക്ഷേത്ര നിർമ്മാണത്തിന് അദ്ദേഹം പിന്തുണ നൽകി. സമീപത്ത് ഒരു മുസ്ലീം ദേവാലയമുണ്ട് എന്നു പറഞ്ഞ് ഇതിനെ ചിലർ എതിർത്തുവെങ്കിലും കേളപ്പൻ ദൗത്യവുമായി മുന്നോട്ട്പോയി. അക്കാലത്ത് 'ഹിന്ദു വർഗീയവാദി' എന്നും അദ്ദേഹം ആക്ഷേപിക്കപ്പെട്ടു. ഭൂരിപക്ഷ വർഗീയതയും ന്യൂനപക്ഷ വർഗീയതയും ഒരുപോലെ സമൂഹത്തിന് ദോഷം ചെയ്യുമെന്ന് അദ്ദേഹം വിശ്വസിച്ചു. വർഗീയതയെ ചെറുക്കാൻ മതനിരാസമല്ല വേണ്ടത്. മതത്തെ യഥാർത്ഥത്തിൽ അറിയുകയും മതമൂല്യങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോഴാണ് വർഗീയത ഇല്ലാതാകുന്നത് എന്ന നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. എങ്കിലും അവസാന ശ്വാസംവരെ മാനവമൈത്രിക്കും സമുദായ സൗഹാർദ്ദത്തിനുംവേണ്ടിയാണ് അദ്ദേഹം പരിശ്രമിച്ചത്. കേരളത്തിൽ സൗഹാർദ്ദ അന്തരീക്ഷം ഉണ്ടാക്കുന്നതിന് വേണ്ടി 1959 മെയ് 18 മുതൽ 26 വരെ അദ്ദേഹം തവനൂർ ശാന്തികുടീരത്തിൽ ഉപവാസം നടത്തിയിരുന്നു. 1971 ഒക്ടോബർ 7 ന് കെ. കേളപ്പൻ അന്തരിച്ചു.

ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയും ഐക്യത്തിന് വേണ്ടിയും സർവോദയ സമൂഹ രചനയ്ക്ക് വേണ്ടിയും ധീരവും സമ്പൂർണവുമായ സമർപ്പണമായിരുന്നു കേരളഗാന്ധി കേളപ്പജിയുടെ ജീവിതം.

❐



ഇ. ഇക്കണ്ടവാര്യർ

സ്വാതന്ത്ര്യസമര സേനാനി, കൊച്ചിരാജ്യത്തിന്റെ പ്രധാനമന്ത്രി, ഭക്ഷ്യ-ജല സേചന-റവന്യു വകുപ്പ് മന്ത്രി, തൃശ്ശൂർ മുനിസിപ്പൽ ചെയർമാൻ, ഖാദി ബോർഡ് മെമ്പർ, ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാൻ, സർവോദയ നേതാവ് എന്നീ നിലകളിലെല്ലാം നിസ്വാർത്ഥമായ സേവനമനുഷ്ഠിച്ച മഹാനാണ് ഇ. ഇക്കണ്ടവാര്യർ. 1890 മെയ് 4 ന് (1065 മേടം 22-ചോതി നക്ഷത്രം) തൃശ്ശൂർ ജില്ലയിലെ ഒല്ലൂരിനടുത്ത് ഇടക്കുന്നി വാര്യത്ത് ജനിച്ചു. മേലേടത്ത് ശങ്കരൻനമ്പൂതിരിയാണ് പിതാവ്. മാതാവ് ഇടക്കുന്നി വാര്യത്ത് പാർവതിക്കുട്ടി വാരസ്യാർ (പാറുക്കുട്ടി വാരസ്യാർ).

ബി.എൽ. പാസായി തൃശ്ശൂരിൽ അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചതു മുതൽ അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തുപോന്നു. പലതവണ ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശനം, അയിത്തോച്ചാടനം, കുടിയാൻ പ്രശ്നപരിഹാരം, ഭൂദാൻ-ഗ്രാമദാൻ പ്രസ്ഥാനം എന്നീ രംഗങ്ങളിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചുപോന്നു.

കൊച്ചിരാജ്യത്ത് രാജഭരണം നിലനിൽക്കുമ്പോൾത്തന്നെ ജനകീയഭരണത്തിനും അവസരം ഒരുക്കുന്നതിന്റെ ഭാഗമായി 1925 ൽ നിയമസഭ രൂപീകൃതമായപ്പോൾ മുതൽ ഇക്കണ്ടവാര്യർ നിയമസഭാംഗമായിരുന്നു. 17 വർഷക്കാലം ഇത് തുടർന്നു. കിറ്റ് ഇന്ത്യ സമരകാലത്ത് നിയമസഭാംഗത്വം രാജിവച്ചൊഴിഞ്ഞു.

1922 മുതൽ 18 വർഷക്കാലം ഇക്കണ്ടവാര്യർ തൃശ്ശൂർ മുനിസിപ്പൽ കൗൺസിൽ അംഗമായിരുന്നു. അവസാനത്തെ മൂന്നുവർഷം ചെയർമാനുമായിരുന്നു.

ദേശീയസ്വാതന്ത്ര്യസമരത്തെ സഹായിക്കുന്നതിനുവേണ്ടി കൊച്ചി രാജ്യത്ത് 1941 ൽ കൊച്ചി രാജ പ്രജാമണ്ഡലം രൂപീകൃതമായപ്പോൾ അദ്ദേഹം അതിന്റെ സജീവപ്രവർത്തകനായി. 1945 ൽ അദ്ദേഹം പ്രജാമണ്ഡലത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. സ്വതന്ത്ര്യലബ്ധിയെ തുടർന്ന് 1948 ൽ

പ്രജാമണ്ഡലം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ലയിക്കുന്നതുവരെ ഇക്കണ്ടവാര്യർ ആ സ്ഥാനത്ത് തുടർന്നു.

1948 ൽ കൊച്ചി സംസ്ഥാന നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ നിന്ന് അദ്ദേഹം വിജയം വരിക്കുകയും കൊച്ചിരാജ്യത്തിന്റെ പ്രധാനമന്ത്രിയാകുകയും ചെയ്തു. 1949 ജൂണിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങൾ സംയോജിക്കപ്പെടുന്നതുവരെ അദ്ദേഹം പ്രധാനമന്ത്രി പദം വഹിച്ചു. തിരു-കൊച്ചി രൂപീകൃതമായതിനുശേഷം അധികാരത്തിൽ വന്ന മന്ത്രിസഭയിലും ഇക്കണ്ടവാര്യർ മന്ത്രിയായിരുന്നു. ഭക്ഷ്യം-ജലസേചനം-റവന്യൂ വകുപ്പുകളുടെ ചുതലയായിരുന്നു അദ്ദേഹത്തിന്.

കൊച്ചിയുടെ പ്രധാനമന്ത്രി എന്ന നിലയിൽ ദീർഘവീക്ഷണത്തോടുകൂടിയ ഒട്ടേറെ പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിച്ചു. ഭക്ഷ്യസുരക്ഷയ്ക്കും തൊഴിലിലായ്മ പരിഹരിക്കുന്നതിനുമാണ് അദ്ദേഹം മുൻഗണന നൽകിയത്. ഇതിനായി കൃഷിയും ഗ്രാമവ്യവസായങ്ങളും വ്യാപകമാക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. അണക്കെട്ടുകൾ സ്ഥാപിച്ചും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയും തരിശുഭൂമികൾ കൃഷിഭൂമിയാക്കിയും ഭക്ഷണവും തൊഴിലും ഉറപ്പുവരുത്താൻ ശ്രമം നടത്തി. പീച്ചി അണക്കെട്ടുൾപ്പെടെ കേരളത്തിലെ പ്രധാന ജലസേചന പദ്ധതികൾ അക്കാലത്താണ് ആരംഭിച്ചത്. കുട്ടനാടിന്റേയും തൃശ്ശൂർ കോൾ നിലങ്ങളുടേയും വികസനത്തിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. കേരളത്തിന് നെല്ലറകൾ സൃഷ്ടിച്ചുകൊണ്ട് ഭക്ഷ്യക്ഷാമം പരിഹരിക്കുകയായിരുന്നു ലക്ഷ്യം.


മന്ത്രിസ്ഥാനം രാജിവച്ചശേഷം ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ ചെയർമാൻസ്ഥാനം അദ്ദേഹത്തിന് വഹിക്കേണ്ടിവന്നു. രാജ്യം മുഴുവൻ ഭക്ഷ്യക്ഷാമം നേരിടുന്ന ഒരു കാലഘട്ടം കൂടിയായിരുന്നു അത്. കപ്പയം (മക്രോണി) എന്ന ഒരു പുതിയ ഉല്പന്നം രംഗത്തിറക്കി പട്ടിണി മാറ്റാനുള്ള അടിയന്തര നടപടികൾ അദ്ദേഹം സ്വീകരിച്ചു. കപ്പയും നിലക്കടലയുടെ അംശവും ചേർത്തുകൊണ്ടാണ് പ്രസ്തുത ഉല്പന്നം നിർമ്മിച്ചിരുന്നത്. തുടർന്ന് കക്ഷിരാഷ്ട്രീയവും ഔദ്യോഗിക സ്ഥാനങ്ങളും എല്ലാം ഉപേക്ഷിച്ച അദ്ദേഹം സർവോദയ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

സ്വന്തമായി ഒരു കിടപ്പാടം പോലുമില്ലാത്തവരെ സഹായിക്കുന്നതിനുവേണ്ടി ആചാര്യ വിനോബഭാവെയുടെ നേതൃത്വത്തിൽ നടന്ന സാമൂഹ്യ വിപ്ലവപ്രസ്ഥാനമായി ഭൂദാൻ-ഗ്രാമദാൻ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ നേതൃത്വം നൽകിയതും ഇക്കണ്ടവാര്യർ ആയിരുന്നു. 1953 ൽ ഭൂദാൻ പ്രചരണത്തിനായി ശങ്കർറാവുദേവിന്റെ നേതൃത്വത്തിൽ പാലക്കാട്ടുനിന്ന് ചെങ്ങന്നൂരിലേക്കും കാഞ്ഞങ്ങാട്ടുനിന്ന് നെയ്യാറ്റിൻകരയിലേക്കും നടന്ന പദയാത്രയ്ക്കും ജയപ്രകാശ് നാരായണിന്റെ പര്യടനത്തിനും 1957 ൽ ആചാര്യ വിനോബഭാവെയുടെ നേതൃത്വത്തിൽ നടന്ന ഭൂദാന പദയാത്രയ്ക്കും, 1957 മെയ് 27, 28, 29 തീയതികളിൽ കാലടിയിൽവച്ച് നടന്ന അഖിലേന്ത്യാ സർവോ

ദയസമ്മേളനത്തിനും സംഘാടന ചുമതല വഹിച്ചിരുന്നത് കെ. കേളപ്പൻ അദ്ധ്യക്ഷനും ഇ. ഇക്കണ്ടവാര്യർ കൺവീനറുമായ സമിതിയാണ്.

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി നിർദ്ദേശിച്ച സൃഷ്ട്യന്മുഖ പ്രവർത്തനങ്ങളിൽ ഏറെക്കുറെ എല്ലാ മേഖലകളിലും ഇക്കണ്ടവാര്യർ സജീവമായിരുന്നു. ഖാദി, മദ്യനിരോധനം, ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശനം, പ്രക്ഷോഭം, അയിത്തോച്ചാടനം എന്നീ രംഗങ്ങളിൽ പ്രവർത്തിച്ച അദ്ദേഹം ഐക്യകേരളത്തിന്റെ രൂപീകരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടേയും മുഖ്യസംഘാടകനായിരുന്നു. 1977 ജൂൺ 8 ന് അദ്ദേഹം അന്തരിച്ചു.

ആദർശാധിഷ്ഠിത പൊതുപ്രവർത്തനവും ലളിതജീവിതവും ജീവിതാന്ത്യംവരെ നിലനിർത്തിയ കർമയോഗിയായിരുന്നു ഇ. ഇക്കണ്ടവാര്യർ. ❐



പി. ഗോപിനാഥൻ നായർ

മഹാത്മാഗാന്ധി വിഭാവനം ചെയ്ത സ്വതന്ത്രഭാരതത്തേയും വിശ്വസൗഹൃദത്തേയും യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സ്വജീവിതത്തെ സമ്പൂർണ സമർപ്പണം നടത്തിയ കർമ്മയോഗിയാണ് സർവോദയ ആചാര്യനായ പി. ഗോപിനാഥൻനായർ. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ഗാന്ധിയൻ ആഹ്വാനത്തെ ഉൾക്കൊണ്ടുകൊണ്ട് 1942 ൽ ദേശീയപ്രസ്ഥാനത്തിൽ അണിചേർന്നതു മുതൽ 2022 ൽ നൂറാം വയസ്സുവരെയും കർമ്മനിരതമായിരുന്നു ആ ധന്യ ജീവിതം. നെയ്യാറ്റിൻകരയിലെ പ്രമുഖ അഭിഭാഷകനായിരുന്ന എം. പത്മനാഭപിള്ളയുടേയും കെ.പി. ജാനകിയമ്മയുടേയും മകനായി 1822 ജൂലൈ 7 ന് മിഥുനമാസത്തിലെ തൃക്കേട്ട നക്ഷത്രത്തിലാണ് അദ്ദേഹത്തിന്റെ ജനനം. ദൈവഭക്തിയും സേവന തത്പരതയും ആവോളമുണ്ടായിരുന്ന മാതാപിതാക്കളുടെ സ്വാധീനത്തിൽ വളർന്നുവന്ന അദ്ദേഹം നെയ്യാറ്റിൻകര സർക്കാർ വിദ്യാലയത്തിൽ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. പത്താം വയസ്സുമുതൽതന്നെ സ്വാമി വിവേകാനന്ദന്റെ വാക്കുകളും സന്ദേശവും അദ്ദേഹത്തെ ഏറെ ആകർഷിച്ചു. 'മാനവസേവ തന്നെയാണ് മാധവസേവ' എന്ന വിവേകാനന്ദ വാക്യം ആ കുട്ടിയുടെ മനസ്സിൽ അങ്കുരിച്ച് വളരാൻ വായനശീലം വളരെ സഹായിച്ചു. പിൽക്കാലത്ത് വേദോപനിഷത്തുക്കളും ഭഗവദ്ഗീതയും, ബൈബിളും, ഖുറാനും മറ്റ് മതഗ്രന്ഥങ്ങളും വിശ്വസാഹിത്യകൃതികളുമെല്ലാം ഹൃദിസ്ഥമാക്കാൻ സാധിച്ചതാണ് ഗോപിനാഥൻ നായരെ അപൂർവ വ്യക്തിത്വത്തിന്റെ ഉടമയാക്കിയത്. നവോത്ഥാന സേവന പ്രവർത്തനങ്ങളുടെ അടിത്തറ ആദ്ധ്യാത്മികതയായിരിക്കണമെന്ന ഭാരതീയ പൈതൃകത്തിന്റെ പൊരുൾ മനസ്സിൽ ആവാഹിച്ച് ഉറപ്പിക്കാൻ ഗാന്ധിജിയുടേയും വിനോബജിയുടേയും സമ്പർക്കം ഗോപിനാഥൻ നായരെ ഏറെ സഹായിച്ചു. ഗാന്ധിജിയുടെ കേരള സന്ദർശന സമയത്ത് 1934 ലും 1937 ലും – പത്താമത്തേയും പതിനഞ്ചാമത്തേയും വയസ്സിൽ – ഗാന്ധിജിയെ കാണാനുള്ള ഭാഗ്യം അദ്ദേഹത്തിന് പ്രചോദനമായി.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്ന കാലത്ത്, സ്റ്റുഡന്റ് സെറ്റിൽമെന്റിന്റെ സെക്രട്ടറി എന്ന നിലയിൽ സജീവമായിരിക്കുമ്പോഴാണ് കിറ്റ് ഇന്ത്യ സമരാഹ്വാനം ഉണ്ടാകുന്നത്. കോഴ്സ് ബഹിഷ്കരിച്ച് ഉപവാസം അനുഷ്ഠിക്കുകയും കിറ്റിന്ത്യാ സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തതിന്റെ പേരിൽ അറസ്റ്റിലായി. ബിരുദം നേടിയാൽ, മികച്ച സർക്കാർ ജോലി അക്കാലത്ത് കിട്ടാനുള്ള സാധ്യത ഉണ്ടായിരുന്നിട്ടും അത് വേണ്ടെന്ന് വച്ച് അദ്ദേഹം വിശ്വകവി രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച ശാന്തിനികേതനിൽ ഗവേഷണ വിദ്യാർത്ഥിയായി. 1946-48 കാലയളവിൽ ഇന്ത്യ-ചൈന സംസ്കാരത്തെക്കുറിച്ചായിരുന്നു ഗവേഷണം. സ്വതന്ത്രഇന്ത്യയുടെ ആ നാളുകളിലാണ് ഇന്ത്യാവിഭജനത്തെ തുടർന്ന് വർഗീയകലാപം വ്യാപിക്കുകയും ശാന്തിക്കായി മഹാത്മജി ഉപവാസം അനുഷ്ഠിക്കുകയും ചെയ്തത്. ആയിടയ്ക്കാണ് ഗാന്ധിജിയെ മൂന്നാമതും കണ്ടത്. മറ്റ് ഗവേഷണ വിദ്യാർത്ഥികളും കൂടെ ഉണ്ടായിരുന്നു. ഏതാനും മിനിട്ടുകൾ മാത്രം നീണ്ട സന്ദർശനത്തിനിടയിൽ ഗാന്ധിജി ആ യുവാക്കളോട് ചോദിച്ചു, 'നിങ്ങൾ ഹിന്ദുവാണോ മുസ്ലീമാണോ?' ഗാന്ധിജിതന്നെ മറുപടിയും പറഞ്ഞു, 'നിങ്ങൾ ഹിന്ദുവുമല്ല മുസ്ലീമുമല്ല, അതിലുപരി മനുഷ്യനാണ്. ഇപ്രകാരം മനുഷ്യരായി സേവനനിരതരാകാൻ നിങ്ങൾക്ക് സാധിക്കണം' എന്ന ഗാന്ധിജിയുടെ വാക്കുകൾ ശിരസാവഹിച്ചുകൊണ്ടാണ്, അത് മന്ത്രവാക്യമായി മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് ഗോപിസാറിന്റെ തുടർപ്രവർത്തനങ്ങൾ.

ഇന്ത്യാവിഭജന കാലത്തുതന്നെ കൽക്കത്തയിൽ സമാധാന സന്ദേശ പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായി. പിന്നീട് പഞ്ചാബിൽ ഖാലിസ്ഥാൻവാദത്തെ തുടർന്ന് കലാപങ്ങളുണ്ടായപ്പോഴും ബംഗ്ലാദേശ് യുദ്ധകാലത്ത് പശ്ചിമബംഗാളിലേയ്ക്ക് അഭയാർത്ഥിപ്രവാഹം ഉണ്ടായപ്പോഴും സമാധാന-ശാന്തി സേവനപ്രവർത്തനങ്ങളുമായി അദ്ദേഹം അവിടെയെത്തി ദിവസങ്ങളും മാസങ്ങളും സേവനനിരതനായി. ഇപ്രകാരം ഇന്ത്യയിൽ പലയിടത്തുമായി സ്വാതന്ത്ര്യത്തിന്റെ പ്രകാശമായിത്തീരാൻ അദ്ദേഹത്തിന് സാധിച്ചു. ഈ അനുഭവത്തിൽ നിന്നുള്ള ആത്മവിശ്വാസത്തോടെയാണ് കേരളത്തിൽ മാറാട് കലാപം കത്തിപ്പടരാതിരിക്കാനുള്ള പ്രവർത്തനങ്ങളിൽ സമാധാനദൂതനായി മധ്യസ്ഥനായി വിജയം വരിക്കാൻ സാധിച്ചത്. വർഗീയലഹള വ്യാപിക്കുമായിരുന്ന നിലയ്ക്കലിലും കാർഷികമേഖലയിൽ അക്രമം പടർന്നിരുന്ന കുട്ടനാട്ടിലും തീവ്രരാഷ്ട്രീയഭീതി പടർന്നിരുന്ന കിളിമാനൂരിലും സമാധാനത്തിന്റെ സമാശ്വാസം വീണ്ടെടുക്കാൻ ആദ്ദേഹത്തിന്റെ സാന്നിധ്യം സഹായമായി.

ഭാരതത്തിന്റെ സമഗ്രസ്വാതന്ത്ര്യത്തിന് അഥവാ സ്വരാജിലേക്ക് വികസിപ്പിക്കാൻ മഹാത്മജി നിർദ്ദേശിച്ച നിർമ്മാണപരിപാടികളിലെല്ലാം ഗോപിനാഥൻനായർ ആജീവനാന്ത സന്നദ്ധപ്രവർത്തന സാരഥിയായിരുന്നു. ഗാന്ധിജി സ്ഥാപിച്ച സേവാഗ്രാം ആശ്രമം, ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങൾ സ്വതന്ത്രഭാരതത്തിൽ സജീവമാക്കുന്നതിനായി രൂപംകൊണ്ട ഗാന്ധി

സ്മാരകനിധി, സർവോദയ സമൂഹരചനയ്ക്കായി ഗാന്ധിജിയുടെ നിർദ്ദേശ പ്രകാരം രൂപീകൃതമായ സർവ സേവാ സംഘം എന്നിവയുടെ അഖിലേന്ത്യാ അദ്ധ്യക്ഷനും ഗാന്ധിയൻ തത്വപ്രചരണത്തിനായി രൂപംകൊണ്ട ഗാന്ധി പീസ് ഫൗണ്ടേഷന്റെ ആൾ ഇന്ത്യ സ്ഥിരാംഗവും ആയിരുന്നു അദ്ദേഹം.

വിനോബജിയുടെ നേതൃത്വത്തിൽ നടന്ന അഹിംസാത്മക വിപ്ലവ പ്രവർത്തനമായ ഭൂദാൻ-ഗ്രാമദാൻ പ്രവർത്തനങ്ങളെ കേരളത്തിൽ സജീവവും മാതൃകാപരവുമാക്കാൻ കേളപ്പജിയുടേയും ഇക്കണ്ടവാര്യരുടേയും നേതൃത്വത്തിൽ നടന്ന പ്രവർത്തനത്തിൽ സന്നദ്ധ സേവകനായി മുഴുവൻ സമയം പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ലോക്നായക് ജയപ്രകാശ് നാരായണുമായി അടുത്ത സൗഹൃദം ഉണ്ടായത് ഇക്കാലത്താണ്.


വിനോബജിയുടെ ബ്രഹ്മവിദ്യാമന്ദിരത്തിൽ താമസിക്കുമ്പോൾ ലഭിച്ച പ്രചോദനമായി, വിനോബജിയുടെ അനുഗ്രഹത്തോടെ ശ്രീമദ് ഭഗവദ്ഗീത പ്രവചന ദൗത്യം ഏറ്റെടുത്ത് ഗീതാപ്രഭാഷകനായും ആചാര്യനായും ആദ്ധ്യാത്മിക മേഖലയിൽ അദ്ദേഹം സേവനം തുടർന്നിരുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണി വനിതാക്ഷേമ വകുപ്പിൽ ഉദ്യോഗസ്ഥയായിരുന്ന എൽ. സരസ്വതിയമ്മ, ഗാന്ധിജിക്ക് കസ്തൂർബയെപ്പോലെ ഗോപിസാറിന് താങ്ങും തണലുമായി വർത്തിച്ചു.

പത്മശ്രീ പുരസ്കാരം നൽകി രാഷ്ട്രം പി. ഗോപിനാഥൻ നായരെ ആദരിച്ചു. സമാധാന പ്രവർത്തനങ്ങൾക്കുള്ള അന്താരാഷ്ട്ര ബഹുമതിയായ ജംനലാൽ ബജാജ് അവാർഡും, മറ്റ് നിരവധി പുരസ്കാരങ്ങളും നൽകി പൊതുസമൂഹം അദ്ദേഹത്തെ ആദരിച്ചിരുന്നു. 2022 ജൂലായ് 5 ന് അദ്ദേഹം അന്തരിച്ചു.

സ്ഥിതപ്രജ്ഞപ്രഭാവം സ്വജീവിതത്തിൽ അനുഭവമാക്കി മാറ്റിയ ഗോപിനാഥൻ നായർ രചിച്ച 'ആകാശഗീതം' എന്ന ശതകത്തെക്കുറിച്ച് സുപ്രസിദ്ധ കവയിത്രി സുഗതകുമാരി ടീച്ചറുടെ പ്രതികരണം ഇപ്രകാരമായിരുന്നു: "അഗാധതയും ഔന്നത്യവുമാണ് ഈ ശ്ലോകങ്ങളുടെ പ്രത്യേകത. സൗന്ദര്യമല്ല; ഗഹനതയാണ് ഇവിടെ ദൃശ്യമാകുന്നത്. പൂർവസൂരികളുടെ മുഴങ്ങുന്ന ശബ്ദമാണിവിടെ നാം ശ്രവിക്കുന്നത്. ആ സന്ദേശങ്ങളാണ് നാം ശ്രദ്ധിക്കുന്നത്. ചന്ദനം തൊട്ടവയല്ല; ഭസ്മം പൂശിയവയാണ് ഈ വാക്കുകൾ. ഗോപിനാഥൻ സാറിന് എന്റെ പ്രണാമം."

അതെ, മലയാളത്തിലെ മഹനീയ കവയിത്രിയോടൊപ്പംതന്നെ സ്ഥിതപ്രജ്ഞനായ, ആചാര്യനായ, കർമ്മയോഗിയായ ഗോപിനാഥൻ നായർക്ക് നമ്മുടെ പ്രണാമം.

❐



തിരുവത്ര ദാമോദരൻ

സ്വാതന്ത്ര്യസമര സേനാനി, സർവോദയ മണ്ഡലം സംസ്ഥാന അധ്യക്ഷൻ, സർവോദയമേള കമ്മിറ്റി ചെയർമാൻ, ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളുടെ സാരഥി, സമാധാന സന്ദേശവാഹകൻ എന്നീ നിലകളിലെല്ലാം നമ്മുടെ സമൂഹത്തിന് മഹത്തായ സംഭാവനകൾ നൽകിയ സേവനനിരതനായ മഹദ് വ്യക്തിയായിരുന്നു തിരുവത്ര ദാമോദർജി.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് അടുത്ത്, അന്നത്തെ മലബാർ മേഖലയിൽ, തിരുവത്ര ഗ്രാമത്തിൽ 1918 ജനുവരി അഞ്ചിന് ജനിച്ചു. അച്ഛൻ, കൂർക്കപറമ്പിൽ അപ്പു. അമ്മ, ശ്രീമതി. അമ്മു അമ്മ. സ്കൂൾ വിദ്യാഭ്യാസം ചാവക്കാട് ഗവൺമെന്റ് സ്കൂളിൽ ആയിരുന്നു. പിതാവിന്റെ പ്രത്യേകമായ ദേശസ്നേഹ മനോഭാവമാണ് ഗാന്ധിജിയെ കുറിച്ച് കൂടുതൽ മമത ദാമോദർജിക്ക് ഉണ്ടാക്കിയത്. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് 1934 ൽ ഗുരുവായൂർ സത്യാഗ്രഹത്തിന് ശേഷം ഗാന്ധിജി ഗുരുവായൂരിൽ എത്തിയപ്പോൾ അന്ന് അദ്ദേഹത്തെ കാണാനുള്ള വലിയ വ്യഗ്രത ദാമോദർജിക്ക് ഉണ്ടായിരുന്നു.

പക്ഷേ, അന്നത്തെ പ്രത്യേക സാഹചര്യത്തിൽ വളരെ മുതിർന്നവർക്ക് മാത്രമേ ആ യോഗത്തിൽ പങ്കെടുക്കാൻ കഴിയൂ എന്ന് അച്ഛൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് പോകാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ അച്ഛൻ ഗാന്ധിജി പങ്കെടുത്ത യോഗത്തിൽ ശ്രോതാവായി പങ്കെടുക്കുകയും പ്രസ്തുത യോഗത്തെക്കുറിച്ച് പിറ്റേദിവസംതന്നെ മകന് വളരെ വിശദമായി വിവരിച്ചുകൊടുക്കുകയും ചെയ്തു.

ഹൈസ്കൂൾ പഠനത്തെ തുടർന്ന്, 1938 കാലഘട്ടത്തിൽ, തമിഴ്നാട്ടിലെ അണ്ണാമല സർവകലാശാലയിൽ നിന്ന് സംസ്കൃതത്തിൽ സാഹിത്യ ശിരോമണി ബിരുദം എടുക്കുന്നതിനു വേണ്ടി അദ്ദേഹം തമിഴ്നാട്ടിലെത്തി. തമിഴ്നാട്ടിൽ ആയിരിക്കുമ്പോഴും ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തോടുള്ള ആശയപരമായ സമർപ്പണം അദ്ദേഹത്തിനുണ്ടായിരുന്നു.

സാഹിത്യ ശിരോമണി പാസായ ശേഷം കുറച്ചുകാലം കോഴിക്കോട് മഹാബോധി ബുദ്ധ മിഷൻ നടത്തിക്കൊണ്ടിരുന്ന സംസ്കൃത വിദ്യാലയ

ത്തിൽ പ്രധാന അധ്യാപകനായും ദാമോദർജി സേവനമനുഷ്ഠിച്ചു. സംസ്കൃതത്തിൽത്തന്നെ ഉപരിപഠനം നടത്താനായി ആഗ്രഹിച്ചിരുന്നു. ഇതിനുവേണ്ടിയുള്ള ശ്രമങ്ങളും അദ്ദേഹം നടത്തി. ബനാറസ് ഹിന്ദു സർവകലാശാലയിൽ സംസ്കൃതത്തിൽ പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് ഉയർന്ന ബിരുദം എടുക്കാനുള്ള അവസരത്തിനുവേണ്ടി അദ്ദേഹം പ്രാഥമികമായ ശ്രമങ്ങൾ നടത്തുകയും ചെയ്തു. അക്കാലത്ത് ഡോ. എസ്. രാധാകൃഷ്ണൻ അവർകളായിരുന്നു ആ സർവകലാശാലയുടെ വൈസ് ചാൻസലർ. വലിയ പ്രതീക്ഷയോടെ അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ് പെട്ടെന്ന് ഒരു മാറ്റം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടാകുന്നത്. പൊതുവേ സേവനപ്രിയനായിരുന്ന അദ്ദേഹം, കോഴിക്കോട് താമസിക്കുന്ന സമയത്ത് ബ്രഹ്മസമാജത്തിന്റെ പ്രചാരകനായി കോഴിക്കോട്ടെത്തിയ സുബ്ബകൃഷ്ണയുമായി പരിചയപ്പെട്ടു. ഏതാനും നാളുകൾ സംസാരിച്ചപ്പോൾ ഉപരിപഠനത്തിനുവേണ്ടിയുള്ള ദാമോദർജിയുടെ ആഗ്രഹത്തെക്കുറിച്ച് മനസ്സിലാക്കിയ കൃഷ്ണ അദ്ദേഹത്തെ ക്ഷണിക്കുകയായിരുന്നു.

കൽക്കത്തയിൽ സൗജന്യമായി സംസ്കൃത പഠനം തുടരാനുള്ള അവസരം ഉണ്ടാക്കാം എന്ന നിർദേശവും വച്ചു. ഇതനുസരിച്ചാണ് 1943 ൽ അദ്ദേഹം കൽക്കത്തയിൽ എത്തുന്നത്. അവിടെ സംസ്കൃത പഠനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയെങ്കിലും കുറേക്കൂടി മെച്ചപ്പെട്ട സൗകര്യം വേണം എന്ന ഒരു തോന്നൽ ഉണ്ടായിരുന്നു. ആ സമയത്താണ് ഒരു ഹോമിയോ കോളേജിൽ ഹോമിയോ വൈദ്യശാസ്ത്രം പഠിക്കാനുള്ള അവസരം ഉണ്ട് എന്ന് അറിയുകയും ആ നിർദ്ദേശം അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഹോമിയോ കോളേജിൽ പഠിച്ച അദ്ദേഹം ഹോമിയോ ഡിഗ്രി എടുക്കുകയും ചെയ്തു. ഒരുകാലത്ത് അദ്ദേഹത്തിന്റെ സാമൂഹിക സേവന പ്രവർത്തനങ്ങളിൽ, സാന്ത്വന പ്രവർത്തനങ്ങളിൽ, സമാധാന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഒക്കെ ഈ ഹോമിയോ പഠനം വളരെയേറെ സഹായം ചെയ്തിട്ടുണ്ട്.

1946 കാലഘട്ടത്തിൽ കൽക്കത്ത മേഖല വളരെയേറെ സങ്കീർണമായ സാഹചര്യത്തിലേക്ക് പോവുകയായിരുന്നു. ഇന്ത്യയുടെ വിഭജനത്തെ സംബന്ധിച്ച ചർച്ചകൾ നടക്കുന്ന വേളയിൽ. കിഴക്കൻ ബംഗാളിലെ നവഖാലിയിൽ വർഗീയലഹള പൊട്ടിപ്പുറപ്പെടുന്നു. കൽക്കട്ടയിൽ ഉണ്ടായ കലാപങ്ങളിൽ ദുരിതബാധിതരായ, നിരാലംബരായ നിരവധി സ്ത്രീകൾ അവിടെ ഉണ്ടായിരുന്നു. ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സേവനപ്രവർത്തനങ്ങൾ നടത്താനാണ് ദാമോദർജി പിന്നീട് ശ്രമിച്ചത്. ബ്രഹ്മസമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന സുചേതാ കൃപലാനിയുടെ നേതൃത്വത്തിൽ അവിടെ നിരാലംബരായ 34 വനിതകളെ പങ്കെടുപ്പിച്ചുകൊണ്ട് അവർക്കുവേണ്ടി ഒരു മഹിളാഭവൻ ആരംഭിക്കുകയും പ്രവർത്തനങ്ങൾ വളരെ സജീവമാക്കി മുന്നോട്ടുപോവുകയും ചെയ്തു. ഭാരതം വർഗീയ കലാപത്തിൽ കത്തിക്കൊണ്ടിരുന്ന നാളുകളിൽ, ജിജ്ഞാസയുടെ മുൾമുനയിൽ

നിൽക്കുന്ന ആ നാളുകളിൽ, ദാമോദർജി സമാധാനദൗത്യവുമായി ഈ മേഖലയിലായിരുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ ധീരതയും ത്യാഗസന്നദ്ധതയും വെളിപ്പെടുത്തുന്നതാണ്. നവഖാലിയിലേക്കുള്ള യാത്രാമധ്യേ കൽക്കത്തയിൽ ഗാന്ധിജി എത്തുന്നു എന്ന് അറിഞ്ഞപ്പോൾ ദാമോദർജിക്ക് അത് വലിയ ഒരു ആവേശമായി.

കൽക്കത്തയിലെ സോദാപ്പൂർ ആശ്രമത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോഗത്തിൽ ഗാന്ധിജിക്ക് സമീപം ഇരുന്നുകൊണ്ട് ചർക്കയിൽ നൂൽനൂൽക്കാൻ സാധിച്ചു എന്നത് ജീവിതത്തിലെ ഏറ്റവും ധന്യമായ ഒരു നിമിഷമായി അദ്ദേഹം കണക്കാക്കി. ഗാന്ധിജിയോട് നിരവധി കാര്യങ്ങൾ ചോദിച്ചറിയണം എന്നുള്ള ആഗ്രഹം അക്കാലത്ത് അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു. എന്നാൽ പ്രാർത്ഥനയ്ക്കുശേഷം ഗാന്ധിജി നടത്തിയ പ്രഭാഷണത്തോടെ അദ്ദേഹത്തിന്റെ എല്ലാ സംശയങ്ങളും ദൂരീകരിച്ചു. വളരെ സജീവമായി സേവനപ്രവർത്തനങ്ങൾ തുടരാൻ ഇത് പ്രചോദനമായി. തുടർന്ന് സർവ സേവാ സംഘത്തിന്റെ നേതൃത്വത്തിലുള്ള ഖാദി ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളിൽ അദ്ദേഹം പരിശീലനം നേടുകയും, 1952 കാലഘട്ടത്തിൽ, പാലക്കാട് ജില്ലയിൽ, പേരൂരിലെ ഖാദി വിദ്യാലയത്തിലെ പ്രിൻസിപ്പാൾ ആയി സേവനം തുടരുകയും ചെയ്തു. ഖാദി മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സമയത്താണ് ഈ മേഖലയിൽ വലിയൊരു മാറ്റത്തിന് കാരണമായ പുതിയ ഇനം ചർക്കയെക്കുറിച്ച് അധികൃതരുടെ ശ്രദ്ധയിൽപെടുത്താൻ ദാമോദർജിക്ക് അവസരമുണ്ടായത്. തമിഴ്നാട്ടിലെ തൊഴിലാളിയായിരുന്ന ഏകാംബരനാഥൻ ഒരു പുതിയ തരം ചർക്ക വികസിപ്പിച്ചെടുക്കുകയായിരുന്നു. മില്ലിൽ നൂൽ ഉല്പാദിപ്പിക്കുന്ന വിധം റിംഗ് ട്രാവലറുകൾ ഉപയോഗിച്ച് നാല് കതിരുകൾ ഉള്ള ചർക്ക ആയിരുന്നു വിഭാവനം ചെയ്തിരുന്നത്. ഏകാംബരനാഥന്റെ ഈ ആശയത്തെ വളരെ കൃത്യമായി മനസ്സിലാക്കാനും അത് പഠിച്ചെടുത്ത് അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ തന്നെ ഇത് സംബന്ധിച്ച് ഒരു അവതരണം നടത്താനും ദാമോദർജിക്ക് സാധിച്ചു. ദാമോദർജിയുടെ അവതരണ പാടവവും ഭാഷാ നൈപുണ്യവും സർവ സേവാ സംഘത്തിന്റെ നേതൃത്വത്തിന് ചർക്കയുടെ പുതിയ രൂപത്തെ ബോധ്യപ്പെടുത്താൻ വളരെയധികം സഹായകമായി. അങ്ങനെയാണ് അംബർ ചർക്ക അംഗീകരിക്കപ്പെടുന്നത്.

ഖാദി മേഖലയുടെ ത്വരിതഗതിയിലുള്ള പുരോഗതിക്കും ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവന മാർഗം സുരക്ഷിതമാക്കുന്നതിനും അംബർ ചർക്കയുടെ രംഗപ്രവേശം സഹായകമായി. തുടർന്നുള്ള നാളുകളിൽ അദ്ദേഹം ഭൂദാന പ്രസ്ഥാനത്തിലും സജീവമായി. ആചാര്യ വിനോബ ഭാവെ, ശങ്കർറാവു ദേവ്, ജയപ്രകാശ് നാരായൺ തുടങ്ങിയവരുമായി വളരെ അടുത്ത് പ്രവർത്തിക്കാനുള്ള അവസരവും ഉണ്ടായിരുന്നു.

കേരളത്തിൽ ഭൂദാനത്തിനു വേണ്ടി പദയാത്ര നടന്ന സന്ദർഭങ്ങളിലും ഈ ശ്രമത്തെ പിന്തുണച്ചുകൊണ്ട് സന്നദ്ധ പ്രവർത്തകനായി എല്ലായിടത്തും

ദാമോദർജി എത്തിച്ചേർന്നു. ആചാര്യ വിനോബഭാവെ ഓരോ പ്രദേശത്തുള്ളവരെ കാണുമ്പോഴും അവരവരുടെ പ്രാദേശിക ഭാഷ പഠിച്ചെടുക്കാനുള്ള ഒരു ശ്രമം നടത്താറുണ്ടായിരുന്നു. ഇപ്രകാരം മലയാളം പഠിച്ചെടുക്കാൻ ആചാര്യ വിനോബഭാവെ പലപ്പോഴും ദാമോദർജിയുടെ സാമീപ്യം ഉപയോഗപ്പെടുത്തിയിരുന്നു എന്ന് വളരെ വിനയത്തോടെ, അതിലേറെ വലിയൊരു ചാരിതാർത്ഥ്യത്തോടെ, അഭിമാനത്തോടെ ദാമോദർജി പറയാറുണ്ടായിരുന്നു. തുടർന്ന് കേരളത്തിലെ സർവോദയ പ്രസ്ഥാന പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി. കേരളഗാന്ധി കെ. കേളപ്പൻ, കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിയായിരുന്ന ഇ. ഇക്കണ്ടവാര്യർ എന്നിവരുമായും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഭാഗമായിരുന്ന ചാവക്കാട് മേഖലയിൽ ഗാന്ധിയൻ നിർമ്മാണപ്രവർത്തനങ്ങൾ കേളപ്പജിയെപ്പോലുള്ളവരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് മുന്നോട്ട് കൊണ്ടുപോകുവാൻ അദ്ദേഹത്തിന് സാധിച്ചു. തിരുവത്രയിൽ ഗ്രാമോദയ ഖാദി സംഘം സ്ഥാപിച്ചുകൊണ്ട് ഗാന്ധിജി ലക്ഷ്യമിട്ട ഗ്രാമ നിർമാണപ്രവർത്തനങ്ങൾക്ക് അദ്ദേഹം ഊന്നൽ നൽകി. വളരെ സജീവമായ സാമൂഹികക്ഷേമ പ്രവർത്തനങ്ങളോടൊപ്പം തന്നെ നല്ലൊരു ഗൃഹനാഥനായി തുടരാനും അദ്ദേഹത്തിന് സാധിച്ചു. അമ്മിണി അമ്മ ആയിരുന്നു ഭാര്യ. ശിവൻ, രമേശ് ഭായ്, സുരേഷ്, സതീശൻ, ഗിരി, സുധ, ജയന്തി, ജയറാം എന്നിവർ മക്കളായിരുന്നു.

വീട്ടിൽ ഗാന്ധിയൻ സർവോദയ അന്തരീക്ഷം നിലനിർത്താനും സർവമത പ്രാർത്ഥനയടക്കം പവിത്രമായ ഒരു അന്തരീക്ഷം കാത്തുസൂക്ഷിക്കാനും അദ്ദേഹത്തിന് സാധിച്ചിരുന്നു. ചാവക്കാട് മേഖലയിൽ അദ്ദേഹത്തിന്റെ ഗ്രാമോദയ സംഘത്തിന്റെ ഓഫീസ്, പിന്നീടുവന്ന വൈദ്യശാല എല്ലാം സമാധാന പ്രവർത്തനങ്ങളുടെയും സാംസ്കാരിക പ്രവർത്തനങ്ങളുടെയും കേന്ദ്രമായിരുന്നു. ഈ പ്രദേശത്തെ സംഘർഷരഹിതമായി നിലനിർത്താനും, നിത്യസമാധാനം ഈ മേഖലയിൽ പുനഃസ്ഥാപിക്കുന്നതിനും വേണ്ടി ദാമോദർജിയുടെ നേതൃത്വത്തിൽ നടത്തിയിരുന്ന ശ്രമങ്ങൾ വളരെ വിലപ്പെട്ടതായിരുന്നു.


സർവ സേവാ സംഘം, പല സമാധാന ദൗത്യങ്ങളുടെയും ഉത്തരവാദിത്തം ദാമോദർജിയെ ഓരോ കാലങ്ങളിലും ഏല്പിച്ചിരുന്നു. 1980-കളിൽ, പഞ്ചാബിൽ ഖാലിസ്ഥാൻ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ, വളരെ ഭീകരമായ അന്തരീക്ഷം നിലനിന്നിരുന്ന സാഹചര്യത്തിൽ, അവിടെ സമാധാന പ്രവർത്തനങ്ങൾ നടത്താൻ, ബ്ലൂസ്റ്റാർ ഓപ്പറേഷന് ശേഷമുള്ള ആ കാലഘട്ടത്തിൽ, സർവസേവാ സംഘം തീരുമാനമെടുത്തിരുന്നു. ഇത്രയും രൂക്ഷമായ അപകടാവസ്ഥ നിലനിന്നിരുന്ന ആ സ്ഥലത്തേക്ക് സമാധാന ദൗത്യവുമായി കടന്നുചെല്ലാനും അദ്ദേഹത്തിന് യാതൊരു മടിയുമുണ്ടായിരുന്നില്ല. സമാധാന സംഘത്തിലെ അംഗം എന്ന നിലയ്ക്ക് ദിവസങ്ങളോളം അവിടെ തങ്ങാനും, ഹിന്ദു-സിഖ് വിഭാഗങ്ങളുടെ വീടുകളിൽ കയറിയിറങ്ങി സമാ

ധാനം പുനഃസ്ഥാപിക്കാനും, സർവ സേവാ സംഘത്തിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നതിനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ സാധിച്ചു.

പ്രായമേറെ ആയപ്പോഴും, 2003 കാലഘട്ടത്തിൽ മാറാട് കലാപം ഉണ്ടായപ്പോഴും, അദ്ദേഹം സേവനനിരതനായി. സർവോദയ പ്രസ്ഥാനത്തിന്റെ ആരാധ്യനായ പി. ഗോപിനാഥൻ നായരുടെയും, കെ.പി.എ. റഹീം മാസ്റ്ററുടെ ഒക്കെ നേതൃത്വത്തിൽ നടന്ന സമാധാന ദൗത്യത്തിന് വാർദ്ധക്യസഹജമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽപോലും അവിടെ എത്തി ആ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. സർവോദയ മണ്ഡലത്തിൽ ദീർഘകാലം സംസ്ഥാന അധ്യക്ഷൻ ആയിരുന്നു അദ്ദേഹം. കേരളത്തിലെ സർവോദയ പ്രസ്ഥാനത്തെ സജീവമാക്കി നിലനിർത്തുന്നതിന് അദ്ദേഹത്തിന് സാധിച്ചു. തുടർന്ന് ദീർഘകാലം സർവോദയ മേള ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചു. സ്വാതന്ത്ര്യസമരകാലത്തെ, ഖാദി-ഹിന്ദി പ്രവർത്തകർക്കായി പിന്നീട് ഒരു സംയുക്ത വേദിയുണ്ടാക്കുന്നതിനും അദ്ദേഹം മുൻകൈയെടുത്തു. പൊതുവേദികളിൽപോലും ചർക്കയിൽ നൂൽ നൂറ്റിരുന്ന അദ്ദേഹം പുതുതലമുറയ്ക്കും മഹത്തായ സന്ദേശം കൈമാറുകയായിരുന്നു.

സർവോദയ മണ്ഡലത്തിന്റെയും സർവോദയ മേള കമ്മിറ്റിയുടേയും അദ്ധ്യക്ഷനായിരുന്ന തിരുവത്ര ദാമോദർജിയുടെ നേതൃത്വത്തിലുള്ള സർവോദയ മേളയും ശാന്തിയാത്രയുമെല്ലാം ഗാന്ധിയൻ കാലഘട്ടത്തിന്റെ ചൈതന്യത്തെ പകർന്ന് നൽകുന്നതായിരുന്നു. 2008 സെപ്തംബർ 6 ന് അദ്ദേഹം അന്തരിച്ചു. കർമ്മയോഗിയായിരുന്ന ആ ധന്യാത്മാവിന് മുമ്പിൽ സ്മരണാഞ്ജലികൾ.

❐



പി. അച്യുതൻ നായർ

സ്വാതന്ത്ര്യസമര സേനാനി, ഗാന്ധിയൻ, സർവോദയ പ്രവർത്തകൻ, ഹരിജന-ഗിരിജന വനവാസി സേവകൻ, ഖാദി-ഹിന്ദി പ്രചാരകൻ എന്നീ നിലകളിലെല്ലാം സമ്പൂർണ സമൂഹ സമർപ്പിതജീവിതം നയിച്ച ആദരണീയനായ അടാട്ട് പി. അച്യുതൻ നായരുടെ ജന്മശതാബ്ദി ദിനമാണ് 2023 ജൂലൈ 28. ദേശീയ സ്വാതന്ത്ര്യത്തിനും ഭാരത പുനരുദ്ധാരണത്തിനുമായി മഹാത്മാഗാന്ധി നിർദ്ദേശിച്ച സമര പരിപാടികളിലും സൃഷ്ട്യുന്മുഖ പ്രവർത്തനങ്ങളിലും ഒരുപോലെ വ്യാപൃതനായി ത്യാഗനിർഭരമായ ജീവിതത്തെ സ്വയം വരിച്ച ധീരനായ പൊതുജന സേവകനായിരുന്നു അടാട്ട് പി. അച്യുതൻ നായർ.

ജനനം, വിദ്യാഭ്യാസം

പഴയ കൊച്ചി രാജ്യത്തെ തൃശ്ശൂർ താലൂക്കിൽ അടാട്ട് വില്ലേജിൽ പൊറ്റെക്കാട്ട് നാരായണി അമ്മയുടെയും തുരുത്തിക്കാട്ട് കുഞ്ഞൻ നായരുടെയും മകനായി 1923 ജൂലൈ മാസം ഇരുപത്തിയെട്ടാം തീയതി ജനിച്ചു. പുറനാട്ടുകര ശ്രീരാമകൃഷ്ണ വിദ്യാമന്ദിരത്തിൽ ആയിരുന്നു സ്കൂൾ പഠനം. സ്വാതന്ത്ര്യ സമരത്തിനും ഗാന്ധിയൻ ആശയങ്ങൾക്കും വളരെയേറെ പ്രചാരമുള്ള കാലത്തായിരുന്നു അദ്ദേഹത്തിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം. രാഷ്ട്രഭാഷയായ ഹിന്ദിയുടെ പ്രചരണം അക്കാലത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. ഹൈസ്കൂളിൽ പഠിക്കുമ്പോൾത്തന്നെ ഹിന്ദി സ്വയം പഠിച്ച് ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ രാഷ്ട്രഭാഷ ബിരുദം നേടി. സ്വാതന്ത്ര്യസമര സേനാനികളായ പല ദേശീയ നേതാക്കളും തൃശ്ശൂരിൽ എത്തിയാൽ ശ്രീരാമകൃഷ്ണാശ്രമത്തിൽ സന്ദർശനം നടത്തിയിരുന്നു. ഡോ. രാജേന്ദ്ര പ്രസാദ്, പട്ടാഭി സീതാരാമയ്യ, താക്കർ ബാപ്പ, ആര്യനായകം, മിസ്സിസ് ആര്യനായകം തുടങ്ങിയ ദേശീയ നേതാക്കളുടെ സാന്നിധ്യം അനുഭവിക്കാനും പ്രഭാഷണങ്ങൾ ശ്രവിക്കാനും വിദ്യാർത്ഥിയായിരുന്ന അച്യുതൻ നായർക്ക് ഭാഗ്യ

മുണ്ടായി. എല്ലാ വിഭാഗം ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം നൽകുന്നതിനെക്കുറിച്ചും ഗുരുവായൂർ സത്യാഗ്രഹത്തെക്കുറിച്ചുമുള്ള ചർച്ചകൾ അക്കാലത്ത് നാട്ടിൽ സജീവമായിരുന്നു. അയിത്ത നിവാരണം, ഹരിജനോദ്ധാരണ ഫണ്ട് എന്നീ സന്ദേശങ്ങളുമായി 1934 ൽ ഗാന്ധിജി നടത്തിയ ഭാരത പര്യടനത്തിന്റെ ഭാഗമായി ജനുവരി 16 ന് പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിൽ ഗാന്ധിജി എത്തുകയും അന്ന് രാത്രി അവിടെ താമസിക്കുകയും ചെയ്തു. തന്റെ വിദ്യാലയത്തിൽ എത്തിയ ഗാന്ധിജിയെ നേരിട്ട് കാണാനായതും അന്ന് ഗാന്ധിജിക്ക് നൽകിയ വിപുലമായ സ്വീകരണത്തിന്റെ സംഘാടനത്തിൽ എളിയ രീതിയിൽ എങ്കിലും പങ്കാളിത്തം വഹിക്കാൻ സാധിച്ചതും അവിസ്മരണീയ അനുഭവവും ജീവിത വഴിത്തിരിവും ആയെന്ന് അച്യുതൻ നായർ പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. 1941 ൽ അദ്ദേഹം എസ്.എസ്.എൽ.സി ജയിച്ചു. അപ്പോഴേക്കും സ്വാതന്ത്ര്യസമരത്തിന്റെ സന്ദേശങ്ങളും ഗാന്ധിജിയുടെ ആഹ്വാനങ്ങളും അച്യുതൻ നായരെ തികഞ്ഞ ദേശഭക്തനും ഗാന്ധിയനും സ്വാതന്ത്ര്യസമര പ്രവർത്തകനുമാക്കിത്തീർത്തിരുന്നു.

ഗ്രാമംവിട്ട് കോഴിക്കോട്ടേക്ക്

രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന കാലം. എല്ലാ ചെറുപ്പക്കാരെയും നിർബന്ധമായി ബ്രിട്ടീഷ് പട്ടാളത്തിൽ ചേർക്കുക പതിവായിരുന്നു. അച്യുതൻ നായർക്കും അത്തരമൊരു വാറണ്ട് കിട്ടി. ഭാരതത്തെ ദുരിതത്തിലാഴ്ത്തിക്കൊണ്ടിരുന്ന ബ്രിട്ടന്റെ പട്ടാളത്തിൽ ചേരാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചില്ല. നാട്ടിൽ നിന്നാൽ പിടിച്ചുകൊണ്ടുപോകും. അതുകൊണ്ട് വീട്ടുകാരെപ്പോലും അറിയിക്കാതെ കോഴിക്കോട്ടേക്ക് വണ്ടികയറി. അവിടെ അച്ഛന്റെ പരിചയക്കാരൻ ആയിരുന്ന മുൻസിഫ് പത്മനാഭമേനോന്റെ വീട്ടിൽ കുറച്ചുകാലം താമസിച്ചു. ഈ അവസരത്തിൽ ടൈപ്പ് റൈറ്റിംഗ് & ഷോർട്ട്ഹാൻഡ് പഠിച്ചു. മലബാറിന്റെ ഭാഗമായിരുന്ന കോഴിക്കോട്, ദേശീയ സ്വാതന്ത്ര്യസമരം കൊച്ചിയിലേതിനേക്കാൾ സജീവമായിരുന്നു. ക്വിറ്റിന്ത്യാ പ്രഖ്യാപനത്തിൽ ആവേശഭരിതനായ അച്യുതൻ നായർ സ്വന്തം ഗ്രാമത്തിലെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിൽ സജീവമാകാനായി അടാട്ടേക്ക് തിരിച്ചുവന്നു.

ക്വിറ്റ് ഇന്ത്യ, ജയിൽവാസം

തൃശ്ശൂരിലും കൊച്ചി രാജ്യത്തും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന അടാട്ട് സ്വദേശി കൂടിയായ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടിനോടൊപ്പം ചേർന്ന് ക്വിറ്റ് ഇന്ത്യ സമരത്തിൽ അദ്ദേഹം വ്യാപൃതനായി. 1942 ൽ അറസ്റ്റിലായി. 65 ദിവസം പോലീസ് കസ്റ്റഡിയിൽ കഴിഞ്ഞ ശേഷമാണ് വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയത്. ആറ് മാസം കഠിന തടവ് ആയിരുന്നു ശിക്ഷ. വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, കെ. കരുണാകരൻ, ഇ. ഇക്കണ്ടവാരിയർ, എം.കെ.എസ്. എഴുത്തച്ഛൻ, കെ.എൻ. നമ്പീശൻ തുട

ങ്ങിയ നേതാക്കളും സ്വാതന്ത്ര്യസമര തടവുകാരായി വിയ്യൂർ സെൻട്രൽ ജയിലിൽ അക്കാലത്ത് ഉണ്ടായിരുന്നു.

ഹരിജന-ഗിരിജന ക്ഷേമപ്രവർത്തനങ്ങൾ

ജയിൽ വിമോചിതനായ അച്യുതൻനായർ നാട്ടിൽ തിരിച്ചെത്തി സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങളിൽ സജീവമായി. അയിത്തോച്ചാടനം, ഹരിജനോദ്ധാരണം, രാഷ്ട്രഭാഷ പോഷണം എന്നിങ്ങനെ ഗാന്ധിജി നിർദ്ദേശിച്ച രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിൽ ആവേശപൂർവം പങ്കെടുത്തു. അടാട്ട് ഹരിജൻ കോളനി നിവാസികളുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾക്കാണ് കൂടുതൽ ഊന്നൽ നൽകിയത്. അവരിലൊരാളായി അവിടെ താമസിച്ച് ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. കുട്ടികൾക്കും, അക്ഷരാഭ്യാസം ഇല്ലാതിരുന്നവർക്കും എഴുത്തും വായനയും അഭ്യസിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അങ്ങനെ എല്ലാവരുടെയും പ്രിയപ്പെട്ട അച്യുതൻ മാഷായി മാറി. അടാട്ട് ഉള്ള അമ്പലംകാവ് ക്ഷേത്രത്തിലേക്ക് ഹരിജൻ ബാലികാബാലന്മാരുമായി പോയി ക്ഷേത്രദർശനം നടത്തിയതും അക്കാലത്തെ ഒരു വിപ്ലവകരമായ സംഭവമായിരുന്നു. അച്യുതൻ നായരുടെ ആത്മാർത്ഥമായ സാമൂഹ്യസേവന പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കിയ അന്നത്തെ പിന്നാക്ക വിഭാഗ ഉന്നമന കമ്മീഷണർ കെ.ആർ. വിശ്വംഭരൻ അദ്ദേഹത്തെ ഗിരിജന ക്ഷേമപ്രവർത്തനങ്ങൾക്കായി ക്ഷണിച്ചു. തന്റെ വസ്തുവകകൾകൂടി കിട്ടിയ കാശിന് വിറ്റ്, ആ പണവുമായിയാണ് അന്നത്തെ കോട്ടയം ജില്ലയിലെ കുമളിയിൽ എത്തിയത്. ഇന്നത്തെ ഇടുക്കി ജില്ലയിൽ വിവിധഭാഗങ്ങളിലായി ചിന്നിച്ചിതറിക്കിടന്നിരുന്ന ഗിരിവർഗക്കാരുടേയും വനവാസികളുടേയും ഇടയിൽ ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചു. ഗിരിജനങ്ങൾക്കായി വിദ്യാകേന്ദ്രങ്ങൾ തുടങ്ങി. തന്റെ പക്കലുണ്ടായിരുന്ന പണംകൂടി ഇതിനായി വിനിയോഗിച്ചു. തേക്കടിയിൽ ആദിവാസികൾക്കായി സ്ഥാപിച്ച വിദ്യാകേന്ദ്രം ആണ് ഇന്ന് ഗവൺമെന്റ് ട്രൈബൽ യു.പി.സ്കൂളായി മാറിയത്. 1952 മുതൽ 1966 വരെ ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ തുടർന്നു.

ഖാദി-സർവോദയ പ്രവർത്തനം

ഭാരത പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ അഖിലേന്ത്യാ ഗാന്ധിസ്മാരകനിധിയുടെ കേരള ഘടകം ആയ കേരള ഗാന്ധിസ്മാരക നിധി നടത്തിക്കൊണ്ടിരുന്ന ഖാദി-ഗ്രാമ വ്യവസായ പ്രവർത്തനങ്ങളിലാണ് പിന്നീട് അച്യുതൻ നായർ പങ്കാളിയായത്. തൃശ്ശൂർ ജില്ലയിലെ പൂവത്തൂരിലെ പൂച്ചകുന്നിൽ മാതൃകാപരമായ ഒരു ഗ്രാമസേവാ കേന്ദ്രം പ്രവർത്തിച്ചിരുന്നു. സർവോദയ നേതാവായിരുന്ന കരുമാഞ്ചേരി മാധവൻ നായരാണ് നേതൃത്വം നൽകിയിരുന്നത്. പൂവത്തൂർ ഗാന്ധി സ്മാരക ഗ്രാമസേവാ കേന്ദ്രത്തിന്റെ ഗ്രാമസേവകൻ ആയി പ്രവർത്തനം ഏറ്റെടുത്ത് കുടുംബ സമേതം അവിടെ താമസിച്ചു. ഖാദി നൂൽനൂൽപ്പ്, നെയ്ത്ത് എന്നിവയ്ക്കു

പുറമേ ഗ്രാമത്തിനാവശ്യമായ നിത്യോപയോഗ വസ്തുക്കൾ ഏല്ലാം പൂവത്തൂർ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ചിരുന്നു. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു നേഴ്സറി സ്കൂളും അംഗൻവാടിയും പൂവത്തൂർ കേന്ദ്രത്തിൽ ഉണ്ടായിരുന്നു. 1976 വരെ ഗ്രാമസേവകൻ ആയി പ്രവർത്തിച്ചു. സ്വന്തം ഗ്രാമമായ അടാട്ടേക്ക് 1977 ൽ അച്യുതൻ നായർ മടങ്ങിയെത്തി. തറവാട്ടുകാർ അദ്ദേഹത്തിനായി മാറ്റിവച്ചിരുന്ന സ്ഥലത്ത് ഒരു കൂര കെട്ടി കുടുംബസമേതം താമസമാരംഭിച്ചു. പിന്നീട് വർഷങ്ങൾ എടുത്താണ് അതിന് ഒരു വീടിന്റെ രൂപം കൈവന്നത്. അതിനാവശ്യമായ ഒട്ടുമിക്കവാറും സാമഗ്രികളും അച്യുതൻ നായർ സ്വന്തം അദ്ധ്വാനംകൊണ്ട് നിർമ്മിച്ചതാണ്. വെള്ളത്തിന് ക്ഷാമം ഉണ്ടായിരുന്ന പ്രദേശം ആയിരുന്നിട്ടുപോലും നിത്യജീവിതത്തിന് ആവശ്യമായ പച്ചക്കറികളെല്ലാം സ്വന്തം പുരയിടത്തിൽ തന്നെ ഉല്പാദിപ്പിച്ചു. സർവോദയ മണ്ഡലത്തിന്റെ ജില്ലാ സെക്രട്ടറി, സംസ്ഥാന ഓർഗനൈസർ, സംസ്ഥാന സെക്രട്ടറി എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രവർത്തിച്ചു. ദീർഘകാലത്തെ ഈ പ്രവർത്തനത്തിനിടയിൽ ശ്രീരാമകൃഷ്ണാശ്രമം, ഗാന്ധിസ്മാരക നിധി, ഹരിജൻ സേവാ സംഘം, ആദിമ ജാതി സേവാ സംഘം തുടങ്ങിയ അഖിലേന്ത്യാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടന്ന ഒട്ടനേകം അഖിലേന്ത്യാ യോഗങ്ങളിൽ അച്യുതൻ നായർ സജീവ സാന്നിധ്യമായിരുന്നു അടാട്ട് ഗ്രന്ഥശാല & വായനശാല പ്രവർത്തനങ്ങളെയും അദ്ദേഹം താല്പര്യപൂർവം പിന്തുണച്ചു. കേരളഗാന്ധി കെ. കേളപ്പൻ, ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ജെ.സി. കുമരപ്പ, ആചാര്യ വിനോബ ഭാവെ എന്നിവരുടെ ജന്മശതാബ്ദി ആഘോഷങ്ങളുടെ സംഘാടക സെക്രട്ടറിയായി പ്രവർത്തിച്ചു.

ശ്രീരാമകൃഷ്ണ മിഷൻ

പുറനാട്ടുകരയിലെ ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരത്തിലാണ് അച്യുതൻനായർ സ്കൂൾ പഠനം നടത്തിയത്. അക്കാലത്തും തുടർന്നും അവിടത്തെ ഒരു അന്തേവാസിയെ പോലുള്ള ആത്മബന്ധം ആശ്രമവുമായി ഉണ്ടായിരുന്നു. സർവധർമ്മ സമഭാവം, സേവനമാണ് ഈശ്വരാരാധന എന്നീ മഹത്തായ ആശയങ്ങൾ ഗാന്ധിജിയിൽ രൂഢമൂലമായത് ശ്രീരാമകൃഷ്ണ-വിവേകാനന്ദ ദർശനങ്ങളുടെ സ്വാധീനംകൊണ്ടാണെന്ന് സുവ്യക്തമാണ്. ശ്രീരാമകൃഷ്ണ-വിവേകാനന്ദ ആശയങ്ങളേയും ഗാന്ധിയൻ ദർശനത്തേയും അനുപൂരകമായിയാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്. 'മാനവസേവ തന്നെയാണ് മാധവസേവ' എന്ന മഹദ്വാക്യത്തെ മന്ത്രദീക്ഷപോലെ മനസ്സിൽ ആവാഹിച്ച് കർമ്മപഥങ്ങളിൽ സാക്ഷാത്കരിക്കുകയായിരുന്നു പ്രിയപ്പെട്ട അച്യുതൻ മാഷ്. ശ്രീരാമകൃഷ്ണാശ്രമം പൊതുജനസേവക്കായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ എല്ലാം സഫലമാക്കുന്നതിന് അദ്ദേഹം മുൻപന്തിയിലുണ്ടായിരുന്നു. ശക്രാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ 150 വീടു

കൾ സൗജന്യമായി നിർമ്മിച്ച് നൽകുന്ന പ്രവർത്തനങ്ങളിലും അദ്ദേഹം ആദ്യന്തം സേവനം അർപ്പിച്ചു.

സഹധർമ്മിണി തങ്കമ്മ

ഹരിജന-ഗിരിജന ക്ഷേമപ്രവർത്തനങ്ങൾ ഒരു ജീവിത സപര്യയായി കണക്കാക്കിയിരുന്ന അച്യുതൻ നായർ പ്രസ്തുത വിഭാഗത്തിൽ നിന്നുള്ള ഒരാളെയാണ് തന്റെ ജീവിതസഖിയായി തിരഞ്ഞെടുത്തത്. തിരുവല്ല കുന്നന്താനം സ്വദേശിയായ തങ്കമ്മ ചെറുപ്പം മുതൽ പുരോഗമന ആശയങ്ങളോടും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളോടും ആഭിമുഖ്യം പുലർത്തിയിരുന്നു. സാമൂഹ്യസേവനമാണ് പരമമായ സ്വധർമ്മം എന്ന് ഉറച്ചു വിശ്വസിച്ച് പരിപാലിച്ചുപോന്നിരുന്ന അച്യുതൻനായർക്ക് ഏറ്റവും അനുയോജ്യയായ സഹധർമ്മിണി ആയിരുന്നു തങ്കമ്മ. ത്യാഗപൂർണമായ സേവനപാതയിൽ പരസ്പരം താങ്ങും തണലുമായി ഇരുവരും വർത്തിച്ചു. രാജലക്ഷ്മി, ജ്യോതിലക്ഷ്മി, മായാലക്ഷ്മി, പി. രാജേശ്വരൻ (അടാട്ട് ഗ്രാമപഞ്ചായത്ത്, പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് മുൻ അംഗം), പരേതനായ ജഗദീശ്വരൻ എന്നിവരാണ് മക്കൾ. രാമകൃഷ്ണൻ, വിജയകുമാർ, മനോജ്കുമാർ എന്നിവർ മരുമക്കൾ. 2023 ജൂലൈ 19 ന് തങ്കമ്മ അന്തരിച്ചു. 2002 ജൂലൈ ഒന്നാം തീയതിയാണ് അച്യുതൻ നായർ ജീവിതയാത്ര പൂർത്തിയാക്കിയത്.

സർവോദയത്തിനായി സമർപ്പിക്കപ്പെട്ട ഉജ്ജ്വല ജീവിതം, ജന്മശതാബ്ദിവേളയിലും, വർത്തമാനകാല സമൂഹത്തിന് ഉത്തമ മാതൃകകളും സന്ദേശങ്ങളും പ്രദാനംചെയ്തുകൊണ്ടിരിക്കുന്നു.

❐



പ്രൊഫ. ജി. കുമാരപിള്ള

വാത്സല്യനിധിയായ അദ്ധ്യാപകൻ, സൗരഭ്യമാർന്ന ഓർമ്മകൾ സമ്മാനിച്ച കവി, സൂക്ഷ്മനിരീക്ഷകനായ ഗ്രന്ഥകാരൻ, കർമ്മനിരതനായ പൊതുജന സേവക നേതാവ്, മനുഷ്യാവകാശ പ്രവർത്തകൻ, സർവോദയ മദ്യ നിരോധന പ്രസ്ഥാനത്തിന്റെ ഉജ്ജ്വലനായ സാരഥി, പ്രഭാഷകൻ, വാഗ്മി എന്നീ നിലകളിലെല്ലാം ഇന്നും ആദരപൂർവം ഏവരും സ്മരിക്കുന്ന ഉത്കൃഷ്ട വ്യക്തിത്വമാണ് പ്രൊഫ.ജി. കുമാരപിള്ള. അദ്ദേഹത്തിന്റെ ജന്മശതാബ്ദിദിന മാണ് 2023 ആഗസ്റ്റ് 22. പ്രവർത്തിച്ച മേഖലകളിലെല്ലാം അനന്യമായൊരു ശൈലിയും പവിത്രമായൊരു പരിസരവും ആവിഷ്കരിക്കാൻ സാധിച്ചതാണ് അദ്ദേഹത്തിന്റെ മഹത്വം.

ജനനം, വിദ്യാഭ്യാസം

കോട്ടയം പുതുപ്പള്ളിയിൽ വെന്നിമല എന്ന സ്ഥലത്ത് പഴേടത്ത് പി.ജി. പാർവതി അമ്മയുടേയും പത്തനംതിട്ട ജില്ലയിൽ നെടുമ്പ്രം പടിഞ്ഞാറ്റുമുറി യിൽ കാട്ടേഴത്ത് വീട്ടിൽ പെരിങ്ങര പി. ഗോപാലപിള്ളയുടേയും മൂത്തമക നായി 1923 ആഗസ്റ്റ് 22 ന് (1099 ചിങ്ങം 6, പൂരാടം നക്ഷത്രം) കുമാരപിള്ള ജനിച്ചു. പിതാവ് സ്കൂൾ അദ്ധ്യാപകനും സാഹിത്യകാരനുമായിരുന്നു. പി. ഗോപാലപിള്ള രചിച്ച 'ഹരിച്ചന്ദ്രൻ' പഴയ തിരുവിതാംകൂറിലെ മിഡിൽ സ്കൂൾ പാഠപുസ്തകമായിരുന്നു. മുത്തച്ഛൻ വൈരവന വീട്ടിൽ കുഞ്ഞൻ പിള്ളയും സാഹിത്യകാരനായിരുന്നു.

കാട്ടേഴത്തുള്ള അച്ഛന്റെ വീട്ടിൽ താമസിച്ച് പെരിങ്ങര ഗവൺമെന്റ് സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. 1939 ൽ എസ്.എസ്.എൽ.സി. പാസ്സായി. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ പഠിച്ച് 1943 ൽ സാമ്പത്തികശാസ്ത്രത്തിൽ ബി.എ. ബിരുദമെടുത്തു. എല്ലാ വിഷയ ങ്ങൾക്കും ഒന്നാം ക്ലാസ്സും സ്വർണമെഡലും നേടിയിരുന്നു. 1947 ൽ നാഗ്പൂർ

യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷിൽ എം.എ. ബിരുദവും നേടി. ഇതിനിടയിൽ ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവേശിക ഉൾപ്പെടെയുള്ള പരീക്ഷകളും ജയിച്ചു. ബി.എ. പരീക്ഷാഫലം വരുന്നതിനുമുമ്പുതന്നെ 1943ൽ ബോംബെയിൽ പോയി ഗുമസ്തനായി ജോലി ചെയ്തു. 1944 ജനുവരിയിൽ തിരുവിതാംകൂർ സെക്രട്ടേറിയറ്റിൽ (ഹജൂർ കച്ചേരിയിൽ) ഗുമസ്തനായി ജോലിക്ക് കയറി. 1945 ൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ അസിസ്റ്റന്റ് ലക്ചററായി ജോലി സ്വീകരിച്ചു. 1946 അദ്ധ്യയനവർഷം ആരംഭിച്ചപ്പോൾ അച്ഛന്റെ കർശന നിർദ്ദേശപ്രകാരം തിരുവല്ലയിലേക്ക് തിരിച്ചെത്തി, പെരിങ്ങര പ്രിൻസ് മാർത്താണ്ഡവർമ്മ സ്കൂളിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു.

ഇക്കാലത്താണ് എം.എ. പാസ്സായത്. അല്പകാലം പെരുന്നാന്നി എൻ. എസ്.കോളേജിൽ (മഹാത്മാഗാന്ധി കോളേജിൽ) ലക്ചററായി. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിയമനം ലഭിച്ചു. മടപ്പിള്ളി ഗവ. കോളേജ് (1968 – 71) തലശ്ശേരി ബ്രണ്ണൻ കോളേജ് (1974 – 77) തിരുവനന്തപുരം വിമൻസ് കോളേജ് (1977–79) എന്നിവിടങ്ങളിൽ പ്രവർത്തിച്ച് 1979 ൽ റിട്ടയർ ചെയ്തു. 1994 വരെ കോഴിക്കോട് സർവകലാശാലയുടെ ബിരുദാനന്തര വകുപ്പിൽ വിസിറ്റിങ് പ്രൊഫസർ, ഗസ്റ്റ് ലക്ചറർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചു.

സമാദരണീയനായ ആചാര്യൻ

മികച്ച പാണ്ഡിത്യം, ആത്മാർത്ഥമായ മുന്നൊരുക്കം, ആകർഷണീയമായ അവതരണം, എല്ലാ നിലവാരത്തിലുള്ള വിദ്യാർത്ഥികൾക്കും ഹൃദ്യമാകുന്ന അദ്ധ്യാപന രീതിശാസ്ത്രം, വാത്സല്യപൂർവമുള്ള സമീപനം, സേവനതല്പരത എന്നീ ഗുണങ്ങളെല്ലാം ഒത്തിണങ്ങിയ സർവാദരണീയനായ ആചാര്യനായിരുന്നു പ്രൊഫ. ജി. കുമാരപിള്ള. 'അച്ചടിച്ച് ഇറക്കുന്ന പാഠപുസ്തകങ്ങളേക്കാൾ മികച്ച ഒരു പാഠപുസ്തകമാകാൻ ഒരു അദ്ധ്യാപകന് സാധിക്കണം' എന്ന ഗാന്ധിവചനം സമ്പൂർണമായി ആവിഷ്കരിക്കാൻ ഈ ആചാര്യന് സാധിച്ചു. ശിഷ്യരുടെ അന്വേഷണത്വരയെ പ്രോത്സാഹിപ്പിച്ച് അവർക്ക് ആത്മവിശ്വാസവും അഭിമാനബോധവും വളർത്തുന്നതിൽ സദാ ശ്രദ്ധാലുവായിരുന്നു അദ്ദേഹം.

ഈ ആചാര്യന്റെ ഓർമ്മയെക്കുറിച്ചും ശിഷ്യരോടും സാധാരണ ജനങ്ങളോടുമുള്ള കരുതലിനെക്കുറിച്ചും പറയാൻ ശിഷ്യർക്ക് ആയിരം നാവുകളാണ്.

ഒരാളെ പരിചയപ്പെടുമ്പോൾ അയാളുടെ പേര്, വീട്, ബന്ധുക്കൾ, ജോലികാര്യങ്ങൾ, ആരോഗ്യവിവരം എന്നിങ്ങനെ വിശദമായ പരിചയപ്പെടലാണ് പ്രൊഫ. കുമാരപിള്ളയുടെ സവിശേഷത. അദ്ദേഹത്തിന്റെ എല്ലാ വിദ്യാർത്ഥികളേയും പേരുചൊല്ലി വിളിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

വർഷങ്ങൾക്ക് ശേഷം കണ്ടാലും പേര് ചൊല്ലി വിളിച്ച് കുടുംബാംഗങ്ങളുടെ വിശേഷങ്ങൾ കൂടി അന്വേഷിക്കുന്ന അനന്യമായ സവിശേഷത ഈ ആചാര്യനുണ്ടായിരുന്നു. കലാലയങ്ങളിൽ മാത്രമല്ല, പൊതുപ്രവർത്തനരംഗത്തും ഇത്തരം ഒരു ആത്മബന്ധം കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ലളിതജീവിതം, ഉന്നത ചിന്ത

അദ്ധ്യാപകരെല്ലാം, പ്രത്യേകിച്ച് ഇംഗ്ലീഷ് അദ്ധ്യാപകർ, പാന്റ്സും ഷർട്ടും പറ്റുമെങ്കിൽ കോട്ടും എല്ലാം ധരിച്ച് കലാലയങ്ങളിൽ എത്തുന്ന അക്കാലത്ത് ഒരു ഖദർ മുണ്ടും ഖദർ ഷർട്ടുമാണ് കുമാരപിള്ള എന്ന പ്രൊഫസർ ധരിച്ചിരുന്നത്. വസ്ത്രധാരണത്തിലെ ഈ ലാളിത്യം ജീവിതത്തിലുടനീളം പുലർത്തിയിരുന്ന ആന്തരികമായ സാരള്യത്തിന്റേയും മഹത്തായ ചിന്തയുടേയും നിദർശനമായിരുന്നു. ഭാരതത്തിലെ പാവപ്പെട്ട ജനങ്ങളുമായി താദാത്മീകരണത്തിനായി തന്റെ വക്കീൽ കോട്ടും ഡ്രസ്സുമെല്ലാം ഉപേക്ഷിച്ച് ഖാദിയുടെ ഒറ്റ മുണ്ടിലേക്ക് മാറിയ മഹാത്മാഗാന്ധിയായിരുന്നു ഇക്കാര്യത്തിൽ കുമാരപിള്ളയ്ക്ക് മാതൃകയായത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ലാളിത്യവും സാരള്യവും നിലനിർത്തുമ്പോഴും, ഗാന്ധിജിയെപ്പോലെ തന്നെ, താൻ വ്യാപൃതനായ എല്ലാ മണ്ഡലങ്ങളിലും മഹത്തായ ആദർശങ്ങളെ ആവിഷ്കരിക്കാനും സാക്ഷാത്കരിക്കാനുമുള്ള അശ്രാന്ത പരിശ്രമം അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. കർത്തവ്യനിർവഹണത്തിലെ കാർക്കശ്യം ധർമ്മാനുഷ്ഠാനുങ്ങളിലും നിലനിർത്തി. അധാർമ്മികതയ്ക്കെതിരെ സന്ധിയില്ലാത്ത നിലപാട് സ്വീകരിക്കാനുള്ള നിശ്ചയദാർഢ്യവും സ്ഥൈര്യവും അദ്ദേഹത്തിന്റെ സഹജഭാവമായിരുന്നു. ദ്വേഷഭാവങ്ങളോ ആക്രോശങ്ങളോ ഇല്ലാതെ തന്റെ ധാർമ്മിക നിലപാടിനെ മറ്റുള്ളവർക്ക് ബോധ്യപ്പെടുത്താൻ അദ്ദേഹത്തിന് സാധിച്ചു.

ഒരു മന്ത്രിയുടെ ബന്ധുവായ വിദ്യാർത്ഥിക്ക് വേണ്ടത്ര ഹാജർ ഉണ്ടാകാതിരുന്നിട്ടും പരീക്ഷ എഴുതാനുള്ള അനുമതി നൽകണമെന്ന സമ്മർദ്ദം എല്ലാ ഭാഗത്തുനിന്നും ഉണ്ടായപ്പോഴും ഈ അധർമ്മത്തിനെതിരെ സൗമ്യവും ശക്തവുമായ വിയോജിപ്പ് അദ്ദേഹം പ്രകടിപ്പിക്കുകതന്നെ ചെയ്തു. തൊട്ടുപിന്നാലെ തലസ്ഥാനത്തുനിന്ന് ഉത്തര മലബാറിലേക്ക് അദ്ദേഹത്തിന് സ്ഥലംമാറ്റം കിട്ടിയപ്പോഴും അത് ധാർമ്മികതയ്ക്കുള്ള പൂച്ചെണ്ടായി മാത്രം കരുതി.

മറ്റൊരവസരത്തിൽ, മദ്യനിരോധനത്തെക്കുറിച്ച് സംസാരിക്കാനായി ഒരു പ്രതിനിധിസംഘം മുഖ്യമന്ത്രിയെ കാണാൻ ചെന്നപ്പോൾ സ്വതഃസിദ്ധമായ ശൈലിയിൽ മദ്യനിരോധനത്തെ പരിഹസിച്ചുകൊണ്ട് സംസാരിച്ച മുഖ്യമന്ത്രിയോട്, "താങ്കൾ കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്നും, തറവാട്ടിലെ പൂമുഖത്തല്ല, മുഖ്യമന്ത്രിയുടെ ചേംബറിലാണെന്നും, മാന്യമായി സംസാരിക്കണമെന്നും" പറയാനുള്ള തന്റേടം ഈ ഗാന്ധിമാർഗ ജനനേതാവിനു

ണ്ടായിരുന്നു. സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിലെ ദിവാനായിരുന്ന കാലത്ത് ഇന്ത്യൻ സിവിൽ സർവീസ് (ഐ.സി.എസ്) പോലെ തിരുവിതാംകൂർ സിവിൽ സർവീസ് (ടി.സി.എസ്) ആരംഭിക്കാനുള്ള നീക്കമുണ്ടായി. ഇതിനായുള്ള പ്രവേശന പരീക്ഷകൾ ജി. കുമാരപിള്ളക്ക് ഒന്നാം റാങ്ക് ഉണ്ടായിട്ടും ഗാന്ധിമാർഗ്ഗ പ്രവർത്തകനായതുകൊണ്ട് നിയമനം നിഷേധിക്കുകയായിരുന്നു. അവിടേയും സ്ഥാനമാനങ്ങൾക്കും സൗകര്യങ്ങൾക്കും വേണ്ടി ആദർശത്തിൽ വെള്ളം ചേർക്കാതെ ഉറച്ച നിലപാട് സ്വീകരിക്കുന്നതിൽ ജി. കുമാരപിള്ളക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ഈ സാരള്യവും സ്ഥൈര്യവും ജീവിതാന്ത്യം വരെ പരിപാലിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

സ്വാതന്ത്ര്യസമരം, പൊതുപ്രവർത്തനം

കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ജി. കുമാരപിള്ള പൊതുപ്രവർത്തനത്തിൽ തല്പരനായിരുന്നു. തിരുവല്ല ആസ്ഥാനമാക്കി 'രവീന്ദ്ര സമാജം' എന്ന സംഘടന രൂപീകരിച്ചു. രവീന്ദ്രനാഥ ടാഗോറിനെ കുറിച്ചുള്ള പഠനം, യുവാക്കളിൽ ദേശീയബോധം വളർത്തൽ എന്നിവയായിരുന്നു ലക്ഷ്യം. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ പങ്കെടുക്കണമെന്ന അദമ്യമായ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. തിരുവിതാംകൂർ സെക്രട്ടേറിയറ്റിലെ (ഹജൂർ കച്ചേരിയിലെ) ഗുമസ്ത ജോലി ഉപേക്ഷിച്ച് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ ജൂനിയർ ലക്ചററായി സേവനം അനുഷ്ഠിക്കാനുള്ള തീരുമാനത്തിനു പിന്നിലെ പ്രചോദനവും ഇതു തന്നെയായിരുന്നു. തൃശ്ശൂരിലെ അദ്ധ്യാപക ജോലി കഴിഞ്ഞുള്ള മുഴുവൻ സമയവും അദ്ദേഹം സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു. കൊച്ചിരാജ്യ പ്രജാമണ്ഡലം എന്നായിരുന്നു അക്കാലത്തെ കൊച്ചിയിലെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ പേര്. അഡ്വ. വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, അഡ്വ. ഇ. ഇക്കണ്ടവാര്യർ എന്നിവർ നേതൃത്വം നല്കിയിരുന്ന പ്രജാമണ്ഡലത്തിൽ ജി. കുമാരപിള്ളയും സജീവമായി.

പ്രജാമണ്ഡലം ഓഫീസിൽ തന്നെയാണ് താമസിച്ചിരുന്നതും. പ്രസ്ഥാനത്തിന്റെ മുഖപത്രമായ ദീനബന്ധുവിന്റെ പത്രാധിപസമിതി അംഗം എന്ന നിലയിലും പ്രവർത്തിച്ചു. പെരുന്ന കെ.എൻ. നായരും കൂടെയുണ്ടായിരുന്നു. പിന്നീട് മുഖ്യമന്ത്രിയായ കെ. കരുണാകരൻ, കെ.എൻ. നമ്പീശൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, ഐ.എം. വേലായുധൻ മാസ്റ്റർ എന്നിവരും പ്രവർത്തനരംഗത്ത് സജീവമായിരുന്നു. ഒന്നരവർഷം പിന്നിടുമ്പോഴേക്കും പിതാവിന്റെ നിർബന്ധത്തെ തുടർന്ന് പെരിങ്ങരയിൽ തിരിച്ചെത്തി സ്കൂൾ അദ്ധ്യാപക ജോലി ഏറ്റെടുക്കേണ്ടതായിവന്നു. നെടുമ്പ്രത്ത് വായനശാല സ്ഥാപിക്കുന്നതിന് മുൻകയ്യെടുത്തു. സോഷ്യലിസ്റ്റ് ആശയങ്ങളോട് പ്രത്യേക താല്പര്യമുണ്ടായിരുന്ന അദ്ദേഹം 1948-51 കാലയളവിൽ യംഗ് സോഷ്യലിസ്റ്റ് ലീഗിൽ സജീവമായി. നവസംസ്കാര സമിതി, കവിതാസമിതി എന്നീ സാംസ്കാരിക സംഘടനകളും രൂപീകരിച്ചു. ആശയ പ്രചാര

ണത്തിന്റെ ഭാഗമായി നാടകപ്രസ്ഥാനത്തിലും സജീവമായി. ഡ്രമാറ്റിക് ബ്യൂറോയുടെ ഉപദേശക സമിതി അംഗവുമായിരുന്നു.

അൻപതുകളിൽ ലോക്നായക് ജയപ്രകാശ് നാരായണന്റെ പ്രസ്താവനകൾ അദ്ദേഹത്തെ ഏറെ ആകർഷിച്ചു. ഇന്ത്യക്ക് അനുയോജ്യമായ സോഷ്യലിസം സർവോദയമാണെന്ന ജെ.പി.യുടെ പ്രസ്താവനയും ഭൂദാനം എന്ന സാമൂഹ്യ വിപ്ലവ പ്രസ്ഥാനത്തിനായി ജെ.പി. ജീവൻദാൻ സമർപ്പിച്ചതും ശ്രദ്ധേയമായ വഴിത്തിരിവായി. കക്ഷിരഹിത ജനാധിപത്യം എന്ന ഗാന്ധിജിയുടേയും ജെ.പി.യുടേയും സങ്കല്പത്തിലൂന്നിയുള്ള സർവോദയ സമൂഹനന്മയ്ക്കായി സേവനമനുഷ്ഠിക്കാൻ പ്രൊഫ. ജി. കുമാരപിള്ള തീരുമാനിച്ചു. ഗാന്ധിവിചാരപരിഷത്തിന്റെ കാര്യദർശി, ഗാന്ധി പീസ് ഫൗണ്ടേഷൻ ഉപദേശക സമിതി അദ്ധ്യക്ഷൻ, ഗാന്ധിസ്മാരകനിധി പ്രസിദ്ധീകരണ സമിതി അംഗം, കേരള സർവോദയമണ്ഡലം അദ്ധ്യക്ഷൻ, പൂർണോദയ ബുക് ട്രസ്റ്റ് പ്രഥമ ചെയർമാൻ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചു. എഴുപതുകളിൽ ജയപ്രകാശ് നാരായൺ നേതൃത്വം നൽകിയ 'പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ്' (PUCL) എന്ന പ്രസ്ഥാനത്തിന്റെ സംസ്ഥാന അദ്ധ്യക്ഷനായും മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ സജീവമായി. തൃശ്ശൂർ മാനസികാരോഗ്യാശുപത്രിയിലെ രോഗികളുടെ ക്ഷേമത്തിനായി 'മാനസി' എന്ന സംഘടന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. മാനസിക രോഗികളുടെ ജീവൽപ്രധാന പ്രശ്നങ്ങൾ അധികൃതരുടേയും സമൂഹത്തിന്റേയും മുന്നിലെത്തിക്കാൻ ഇതുമൂലം സാധിച്ചു. ജനങ്ങളിൽ കാവ്യനുശീലനസംസ്കാരം വളർത്തുന്നതിനായി അന്തഃരംഗം എന്ന കാവ്യാസ്വാദക സമിതിയും രൂപീകരിച്ചു. കോളേജ് അദ്ധ്യാപകനായിരുന്നപ്പോൾ അദ്ധ്യാപക സംഘടനയുടെ സംസ്ഥാന സെക്രട്ടറിയും കേരള സർവകലാശാല സെനറ്റ് അംഗവും ആയിരുന്നിട്ടുണ്ട്. പ്രൊഫ. എം.പി. മന്മഥൻ ട്രസ്റ്റ്, വൈലോപ്പിള്ളി സ്മാരക ട്രസ്റ്റ്, വിലാസിനി സ്മാരക ട്രസ്റ്റ് എന്നിവയുടെയും അദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ചു.

മദ്യനിരോധനം

ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി നിർദ്ദേശിച്ച 18 ഇന രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ ഒന്നായ 'മദ്യനിരോധനം' ആണ്, സർവീസിൽ നിന്ന് വിരമിച്ച ശേഷം, മുഖ്യ കർമ്മമണ്ഡലമായി ജി. കുമാരപിള്ള സ്വീകരിച്ചത്. സർവോദയ സമൂഹ രചനയ്ക്ക് സഹായകരമായ വിധമാണ് 1961 ൽ അഖിലേന്ത്യ മദ്യനിരോധന സമിതി രൂപീകൃതമാകുന്നത്. ഇതിന്റെ സംസ്ഥാന ഘടകമായ കേരള മദ്യനിരോധന സമിതി രൂപീകൃതമായത് 1978 ൽ.

മുൻ കേന്ദ്രമന്ത്രിയും അന്തർദേശീയ പ്രശസ്തി നേടിയ സാമൂഹ്യ പ്രവർത്തകയുമായ ലക്ഷ്മി എൻ. മേനോനായിരുന്നു പ്രഥമ അദ്ധ്യക്ഷ.

കോളേജ് അദ്ധ്യാപകനും പ്രിൻസിപ്പാളും കാഥികനും നടനുമെല്ലാമായിരുന്ന സർവോദയ നേതാവ് പ്രൊഫ. എം.പി. മന്മഥൻ 1980 ൽ മദ്യനിരോധന സമിതിയുടെ അദ്ധ്യക്ഷനായി. മദ്യനിരോധന സമിതിയുടെ പ്രഥമ സംസ്ഥാന സമിതിയിൽ സംസ്ഥാന നിർവാഹക സമിതി അംഗമായിരുന്നു കുമാരപിള്ള. പ്രൊഫ. എം.പി. മന്മഥൻ പ്രസിഡണ്ടായപ്പോൾ കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ടായി. ഉജ്ജ്വല വാഗ്മികളായ കാഥികനും കവിയും ചേർന്നുള്ള യുഗ്മ നേതൃത്വം സത്യാഗ്രഹങ്ങളിലൂടെയും പ്രചാരണ ജാഥകളിലൂടെയും പദയാത്രകളിലൂടെയും ഗ്രാമതലങ്ങളിൽ പോലും മദ്യനിരോധന പ്രസ്ഥാനത്തെ ശക്തമാക്കി.

മാഹി മദ്യവിരുദ്ധ സമരം (1983), ഊരമന സമരം (1984), മട്ടാഞ്ചേരി കൂവപ്പാടം സത്യാഗ്രഹം (1984), പാളയം സത്യാഗ്രഹം (1986), അഴിമാവ് മദ്യവിരുദ്ധ സമരം (1987) എന്നിവ കേരളത്തിന്റെ മുഴുവൻ ശ്രദ്ധയും ആകർഷിച്ച സത്യാഗ്രഹങ്ങളായിരുന്നു. മാഹിയിൽ ഒഴിച്ച് മറ്റിടങ്ങളിലെല്ലാം പ്രൊഫ. ജി. കുമാരപിള്ളയ്ക്ക് അനിശ്ചിതകാല നിരാഹാരവും അനുഷ്ഠിക്കേണ്ടിവന്നു. പ്രൊഫ. എം.പി. മന്മഥന്റെ മരണത്തെ തുർന്ന് 1994 ൽ പ്രൊഫ. കുമാരപിള്ള കേരള മദ്യനിരോധന സമിതിയുടെ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. മരണംവരേയും പ്രസ്തുത സേവനം തുടർന്നു.

സാഹിത്യ സംഭാവനകൾ

കവി, ഗദ്യകാരൻ, കഥാകാരൻ, വാഗ്മി, സാമൂഹ്യവിമർശകൻ, സാഹിത്യ വിമർശകൻ എന്നീ നിലകളിലെല്ലാം പ്രൊഫ. കുമാരപിള്ള മലയാള സാഹിത്യത്തെ സമ്പന്നമാക്കി. 'ജി. കുമാർ' എന്ന പേരിലാണ് എഴുതിതുടങ്ങിയത്. ഹൈസ്കൂളിൽ പഠിക്കുമ്പോൾ, 1936 ൽ ആദ്യ സാഹിത്യസൃഷ്ടി മലയാള രാജ്യം വാരാന്ത്യപതിപ്പിൽ പ്രസിദ്ധീകൃതമായി. 'പുരോഹിതന്റെ പത്നി' എന്ന ചെറുകഥയുടെ പരിഭാഷയായിരുന്നു അത്. മൗലികങ്ങളായ ചില ചെറുകഥകളും പിൽക്കാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'എന്റെ അമ്മ' എന്ന ആദ്യ കവിത 1938 ൽ 'പൗരധ്വനി' വാരാന്ത്യപതിപ്പിൽ പ്രസിദ്ധീകരിച്ചു. ആദ്യകാല കാല്പനിക കവിതകളിൽ ഗ്രാമീണസൗന്ദര്യവും സജീവതയും പട്ടണത്തിലെ വികലവികസനവുമെല്ലാം പ്രമേയമായി. വാക്കുകളെ ഏറ്റവും യുക്തമായി ഉപയോഗിച്ച് ഭാവാത്മകവും ശക്തവുമാക്കുന്നതിൽ അദ്ദേഹത്തിന്റെ സിദ്ധി മികച്ചതാണ്. സ്വാതന്ത്ര്യസമരകാലത്തും മദ്യനിരോധന പ്രവർത്തനകാലത്തും സത്യാഗ്രഹ പദയാത്ര താളത്തിനനുസരിച്ചുള്ള മുദ്രാവാക്യ ഗീതങ്ങളും, സ്വാതന്ത്ര്യാനന്തരകാലത്ത് മൂല്യച്യുതിക്ക് നേരെയും ഭരണകൂട ആധിപത്യത്തിന് നേരെയും വിരൽചൂണ്ടുന്ന ആക്ഷേപഹാസ്യങ്ങളും അർത്ഥസമ്പൂർണമായ പാരഡികളുമെല്ലാം മലയാളനാടിനെ തട്ടിയുണർത്തുന്നതായിരുന്നു. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് രചനകൾ ഹൈസ്കൂൾ ക്ലാസ്സുകളിലും സർവകലാശാലകളിലും പാഠപുസ്തകങ്ങളായി.

അരളിപ്പൂക്കൾ (1951), മരുഭൂമിയുടെ കിനാവുകൾ (1960), കവിത – കേരളാ ഗ്രന്ഥാവരി (1978, 1979, 1982), ഓർമ്മയുടെ സുഗന്ധം (1979), സപ്ത സ്വരം (1983), ഇരുപത്തഞ്ച് കവിതകൾ (1986), ശതാബ്ദങ്ങളുടെ ശബ്ദം (1997), കാലത്തിന്റെ കോലങ്ങൾ (1998), എന്നിവയാണ് കവിതാസമാഹാരങ്ങൾ.

മൗലാനാ അബുൾകലാം ആസാദ് (1946), ലോകചരിത്ര സംഗ്രഹം രണ്ടാം ഭാഗം (1947), ലോചരിത്ര സംഗ്രഹം മൂന്നാം ഭാഗം (1948), തെരഞ്ഞെടുത്ത ലേഖനങ്ങൾ (1984), ആചാര്യ നരേന്ദ്ര ദേവ് (1989), മനുഷ്യത്വത്തിന്റെ മാർഗങ്ങൾ (1994), കേരളത്തിലെ മദ്യ വിരുദ്ധ പ്രസ്ഥാനം (1998), ലക്ഷ്മി. എൻ. മേനോൻ (1999), ഇന്നും ഇന്നലേയും നാളേയും (1999) എന്നിവ ഗദ്യ കൃതികളാണ്. സി.ജെ. തോമസിനോടൊപ്പം ചേർന്ന് 1955 ൽ ആന്റിഗനി എന്ന നാടകം വിവർത്തനം ചെയ്തു. സർവോദയത്തിന്റെ ദീപശിഖകൾ തുടർപരമ്പരയിൽ ജയപ്രകാശ് നാരായൺ, ഗാന്ധി സാഹിത്യം: സാമൂഹ്യ ജീവിതം (1961), മദ്യനിരോധനം (1989), എം.പി. മന്മഥൻ എന്ന മനുഷ്യൻ (1997), മഹാത്മാഗാന്ധിയുടെ തെരഞ്ഞെടുത്ത കൃതികൾ (1997) സമ്പാദനം, സംശോധനം എന്നീ വിഭാഗത്തിൽ പെടുന്നു.

ഇംഗ്ലീഷ് കൃതികളായ കുമാരനാശാൻ (1972) ദി മെമ്മയേഴ്സ് ഓഫ് മഹാത്മാഗാന്ധി (1990), എ ഹാൻഡ് ബുക്ക് ഓഫ് ഇംഗ്ലീഷ് ഗ്രാമർ ആൻഡ് കോമ്പോസിഷൻ (1979), ദി റിഥം ഓഫ് ലൈഫ് (1970), എ ബുക്ക് ഓഫ് മോഡേൺ ഷോർട്ട് സ്റ്റോറീസ് (1977) എന്നിവ ഹൈസ്കൂൾ-കോളേജ് തലങ്ങളിൽ പാഠപുസ്തകങ്ങളായിരുന്നു.

സഹധർമ്മിണി പ്രൊഫ. എം. ലീല

പ്രൊഫ. ജി. കുമാരപിള്ളയുടെ സഹധർമ്മിണി പ്രൊഫ. എം. ലീലയാണ്. വിവാഹം 1969 ൽ. ആലപ്പുഴ സെന്റ് ജോസഫ് കോളേജിൽ മാത്തമാറ്റിക്സ് പ്രൊഫസറായിരുന്നു. വിരമിച്ചശേഷം ചിന്മയാ മിഷൻ കോളേജിൽ പ്രൊഫസറായും ചിന്മയാ മിഷൻ ട്രസ്റ്റ് മെമ്പറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൃശ്ശൂർ വടക്കേ കുറുപ്പത്ത് പി.കെ. അമ്മുണ്ണിമേനോനാണ് പിതാവ്. മാരാത്ത് ലക്ഷ്മിക്കുട്ടിയമ്മ മാതാവും.

പുരസ്കാരങ്ങൾ


വിവിധ മേഖലകളിലെ ആത്മാർത്ഥമായ സേവനങ്ങളെ മാനിച്ചുകൊണ്ട് സ്ഥാപനങ്ങളും സംഘടനകളും പ്രൊഫ. ജി. കുമാരപിള്ളയ്ക്ക് പുരസ്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പുരസ്കാരം, ഓടക്കുഴൽ പുരസ്കാരം, ഉള്ളൂർ സ്മാരക പുരസ്കാരം, വൈലോപ്പിള്ളി അവാർഡ് എന്നിവ കവിതയ്ക്കും, ഹൃദയകുമാരി പുരസ്കാരം അദ്ധ്യാപനത്തിനും, രാമാശ്രമം പുരസ്കാരം, എം.കെ.കെ. നായർ പുരസ്കാരം,

കെ. കുഞ്ഞിരാമക്കുറുപ്പ് പുരസ്കാരം, വി.എ. കേശവൻ നായർ പുരസ്കാരം എന്നിവ സാമൂഹ്യസേവനത്തിനും ലഭിച്ചിട്ടുണ്ട്. മലയാളത്തിലെ ഗാന്ധി സാഹിത്യശാഖയ്ക്ക് നൽകിയ സമഗ്ര സംഭാവനയ്ക്കുള്ള ദക്ഷിണഭാരത ഹിന്ദി പ്രചാരസഭാ പുരസ്കാരവും ശങ്കരനാരായണൻ തമ്പി സാംസ്കാരിക പുരസ്കാരവും അദ്ദേഹത്തിന് നൽകി ആദരിച്ചു.

ജി. കുമാരപിള്ള 2008 സെപ്തംബർ 17ന് അന്തരിച്ചു. അധാർമ്മികത അതിരുവിട്ട് അലയടിക്കുന്ന ഈ വർത്തമാനകാലത്ത് ധാർമ്മികതയുടെ ഉൾക്കരുത്ത് നൽകുന്ന ഓർമ്മയുടെ സുഗന്ധമായി ഈ ഗുരുശ്രേഷ്ഠൻ നിലകൊള്ളുന്നു.

❐



കെ.പി.എ. റഹീം മാസ്റ്റർ

സ്വാതന്ത്ര്യാനന്തര തലമുറയിൽ, കേരളത്തിൽ, ശ്രദ്ധേയനായ ഗാന്ധിമാർഗ പ്രചാരകനും, സർവ ധർമ്മ സമഭാവന പ്രഭാഷകനും മികച്ച അദ്ധ്യാപകനും ആയിരുന്നു കെ.പി.എ. റഹീം മാസ്റ്റർ. 1948 ജൂൺ ഒന്നിന് കണ്ണൂർ പാനൂരിന ടുത്ത പുത്തൂരിൽ ആണ് ജനനം. പിതാവ് പൈക്കാട്ട് അബൂബക്കർ. മാതാവ് കുഞ്ഞിപ്പറമ്പത്ത് കുഞ്ഞാമിയ. പുത്തൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ, തീരുവാൽ യു.പി. സ്കൂൾ, പാനൂർ ഹൈസ്കൂൾ, നിർമ്മലഗിരി കോളേജ്, തലശ്ശേരി ട്രെയിനിങ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. മധുര കാമരാജ് സർവകലാശാലയിൽ നിന്ന് ഗാന്ധി തത്വചിന്തയിൽ ബിരുദാനന്തര ബിരുദം നേടി. പാനൂർ കെ.കെ.വി. മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂളിൽ അദ്ധ്യാപകനായിരുന്ന അദ്ദേഹം 2003 ലാണ് വിരമിച്ചത്. വിദ്യാഭ്യാസ കാലം മുതൽ നല്ലൊരു വായനക്കാരൻ ആയിരുന്ന അദ്ദേഹം ഏവരെയും ആവേശം കൊള്ളിക്കുന്ന പ്രഭാഷകനും പൊതുപ്രവർത്തകനും ആയി. സോഷ്യലിസ്റ്റ് പാർട്ടി കോൺഗ്രസ് തുടങ്ങിയ രാഷ്ട്രീയകക്ഷികളിൽ കുറച്ചുകാലം പ്രവർത്തിച്ചു. എങ്കിലും അധികം വൈകാതെ കക്ഷി രാഷ്ട്രീയത്തിൽ നിന്ന് പൂർണമായും പിൻവാങ്ങി മുഴുവൻ സമയവും ഗാന്ധിയൻ ആശയ പ്രചരണങ്ങൾക്കായി നീക്കിവച്ചു. ഗാന്ധി യുവ മണ്ഡലം, കേരള സർവോദയ മണ്ഡലം എന്നിവയുടെ സംസ്ഥാന പ്രസിഡന്റായും ഹിന്ദ് സ്വരാജ് ശതാബ്ദി കമ്മിറ്റി, കണ്ണൂർ ജില്ല ഗാന്ധി സെന്റിനറി സൊസൈറ്റി എന്നിവയുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചു. ഗാന്ധിയൻ ആദർശങ്ങളുടെ പ്രചാരകനായി കേരളത്തിനകത്തും പുറത്തും വിദേശത്തും നിരവധി വേദികളിൽ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

'സർഗധാരയിലെ സാരസൗന്ദര്യങ്ങൾ, നന്മയുടെ മന്ദസ്മിതങ്ങൾ' എന്നിവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ. നിരവധി ലേഖനങ്ങളും പ്രബന്ധങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്. 'നിത്യചൈതന്യം' എന്ന ഗ്രന്ഥത്തിന്റെ എഡിറ്ററാണ്. കേരള ഗാന്ധി സ്മാരകനിധിയുടെ ചെയർമാ

നായിരുന്ന കെ. ജനാർദ്ദനൻ പിള്ള സ്മാരക പുരസ്കാരം, സി.എച്ച്. മൊയ്തു മാസ്റ്റർ സ്മാരക പുരസ്കാരം എന്നിവ നൽകി സമൂഹം റഹിം മാസ്റ്ററെ ആദരിച്ചു.

റഹീം മാസ്റ്ററുടെ തിരക്കേറിയ സേവന പ്രവർത്തനങ്ങൾക്കിടയിലും സംതൃപ്തിയോടെ, ലളിതജീവിതത്തോടെ അദ്ദേഹത്തിന്റെ കുടുംബവും ഒപ്പം നിന്നു. അദ്ദേഹത്തിന്റെ ഭാര്യ നഫീസ. മക്കൾ : ജലീൽ, കബീർ, ലൈല. മരുമക്കൾ : ശബ്നാസ്, ജമീല, നാസർ.

സർവ ധർമ്മ സമഭാവം എന്നതായിരുന്നു റഹിം മാസ്റ്റർക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിഷയം. ഗുരു നിത്യചൈതന്യയതിയുമായി വളരെ ആത്മബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. ശ്രീനാരായണഗുരു ദർശനം, ശ്രീരാമകൃഷ്ണ വചനാമൃതം, സ്വാമി വിവേകാനന്ദ ചിന്തകൾ, ഭക്തിപ്രസ്ഥാനം, സൂഫിസം എന്നിവയെല്ലാം ഗാന്ധിയൻ ചിന്തകളെപ്പോലെത്തന്നെ അദ്ദേഹത്തിന് ഹൃദ്യമായിരുന്നു.

ലോക ക്ലാസിക്കുകൾ, വിവിധ ഭാഷകളിലെ കവിതകൾ എല്ലാം അദ്ദേഹത്തിന് ഹൃദിസ്ഥമായിരുന്നു. പ്രഭാഷകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ വാക്ധോരണികളിൽ ഇവയെല്ലാം അനർഗളം പ്രവഹിച്ചിരുന്നത് അനേകായിരങ്ങളെ ആവേശഭരിതരാക്കി. കേരളത്തിന്റെ സർവോദയ പ്രസ്ഥാനത്തിന് പുതിയൊരു ദിശാബോധം നൽകാൻ കെ.പി.എ. റഹീം മാസ്റ്റർക്ക് സാധിച്ചു. അദ്ദേഹം സംസ്ഥാന പ്രസിഡന്റായിരുന്ന സമയത്താണ് കൊച്ചിയിൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്താൻ സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപനം ഉണ്ടാകുന്നത്.

ബഹുരാഷ്ട്ര കുത്തക കമ്പനികളെ കേരളത്തിലേയ്ക്ക് വിളിച്ചുവരുത്തിക്കൊണ്ട് ഗ്രാമീണമേഖലയിൽപോലും കുത്തക കമ്പനികളെ കടന്നു കയറുന്നതിന് സൗകര്യമൊരുക്കുന്നതിനായിരുന്നു ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്. ഇതിനെതിരെ ശക്തമായ പ്രചരണവും ജനാഭിപ്രായ രൂപീകരണവും നടത്താൻ റഹീം മാസ്റ്ററുടെ നേതൃത്വത്തിൽ കേരള സർവോദയ മണ്ഡലത്തിന് സാധിച്ചു. ഗ്രാമീണ, ചെറുകിട ഉല്പാദകരെയും സംരംഭകരെയും കോർത്തിണക്കിക്കൊണ്ട് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് സമാന്തരമായി കൊച്ചിയിൽത്തന്നെ ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചുകൊണ്ട് ജനശ്രദ്ധ ഉണർത്തി. മാറാട് കലാപത്തെ തുടർന്ന് കേരളത്തിൽ വർഗീയ സംഘർഷങ്ങൾ വ്യാപകമാകും എന്ന് ഏവരും ഭയപ്പെട്ടിരുന്ന സാഹചര്യത്തിൽ ഗാന്ധിയൻ ശാന്തി പ്രവർത്തനങ്ങളെ സജീവമാക്കാൻ അന്നത്തെ സർവോദയ മണ്ഡലം സംസ്ഥാന പ്രസിഡന്റ് എന്ന നിലയിൽ മികച്ച പങ്കു വഹിക്കാൻ റഹിം മാസ്റ്റർക്ക് സാധിച്ചു. സർവോദയ ആചാര്യനായ പി. ഗോപിനാഥൻ നായരെ മധ്യസ്ഥനാക്കിക്കൊണ്ട് കലാപ അന്തരീക്ഷത്തെ തണുപ്പിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചപ്പോൾ, ഗോപിനാഥൻ നായരുടെ നേതൃത്വത്തിൽ മാറാട് ക്യാമ്പ് ചെയ്തു. മാസങ്ങളോളം നീണ്ടുനിന്ന സമാ

ധാന പ്രവർത്തനങ്ങൾക്ക് സർവ സഹകരണവും നൽകാൻ റഹിം മാസ്റ്റ റുടെ നേതൃത്വത്തിലുള്ള സർവോദയ പ്രവർത്തകർക്ക് സാധിച്ചു.

കർമ്മനിരതനായിരുന്ന കെ.പി.എ. റഹീം മാസ്റ്റർ പ്രസംഗത്തിനിട യിലാണ് കുഴഞ്ഞുവീണു മരിച്ചത്. 1934 ൽ ഹരിജനോദ്ധാരണ പ്രവർത്തന ങ്ങളുടെ പ്രചരണാർത്ഥം മഹാത്മാഗാന്ധി ജനുവരി 13 ന് മാഹിയിലെ പുത്തലം ക്ഷേത്രമൈതാനിയിൽ എത്തിയിരുന്നു. മഹാത്മാഗാന്ധിയുടെ സന്ദർശനത്തിന്റെ 85-ാം വാർഷികത്തോടനുബന്ധിച്ച് സർക്കാർ ഉദ്യോഗ സ്ഥരുടെ സംഘടനയായ 'കൗൺസിൽ ഓഫ് സർവീസ് ഓർഗനൈസേഷൻ' സംഘടിപ്പിച്ച ഗാന്ധിസ്മൃതി യാത്രയുടെ സമാപന സമ്മേളനത്തിൽ 2019 ജനുവരി 13 ന് രാവിലെ 10.30 ന് മുഖ്യപ്രഭാഷണം നടത്തുമ്പോഴാണ് അന്ത്യം സംഭവിക്കുന്നത്. നിരവധി യുവാക്കളെ ഗാന്ധിയൻ സർവോദയ മേഖല യിലേക്ക് ആകർഷിച്ച ഉജ്ജ്വല വാഗ്മിയും വാത്സല്യനിധിയുമായിരുന്നു കെ.പി.എ. റഹീം മാസ്റ്റർ.

❐



പരിവ്രാജിക കെ. രാജമ്മ

പരിവ്രാജിക രാജമ്മ ഗാന്ധിമാർഗ സാരഥിയും, ആചാര്യ വിനോബഭാവെയുടെ ശിഷ്യയും, തിരുവനന്തപുരത്തെ വിനോബാനികേതൻ ആശ്രമത്തിന്റെ സ്ഥാപകയുമാണ്. ഗാന്ധിമാർഗ പ്രവർത്തനരംഗത്ത് അനന്യമായ ഒരു മാതൃകയാണ് സേവനത്തിനായി ജീവിതം സമർപ്പിച്ച രാജമ്മ ബഹൻ സൃഷ്ടിച്ചത്.

ശ്രീനാരായണഗുരുവിന്റെ ശിഷ്യനും ഗാന്ധിഭക്തനുമായിരുന്ന നെയ്യാറ്റിൻകര സി.ആർ. അയ്യപ്പൻ വൈദ്യരുടെയും സി. കല്യാണി അമ്മയുടെയും മകളായി 99 വർഷം (1924) മുമ്പ് വൃശ്ചികമാസത്തിലെ തൃക്കാർത്തിക നാളിലാണ് രാജം ജനിച്ചത്.

1934 ൽ മഹാത്മാഗാന്ധി നെയ്യാറ്റിൻകര സന്ദർശിച്ച വേളയിലാണ് കുട്ടിയായിരുന്ന രാജം പിതാവിനോടൊപ്പം ഗാന്ധിജിയെ ആദ്യമായി കാണുന്നത്. അന്നത്തെ പരിപാടിയുടെ മുഖ്യ സംഘാടകരിൽ ഒരാളായിരുന്നു അയ്യപ്പൻ വൈദ്യർ. അതുകൊണ്ടുതന്നെ ഗാന്ധിജിയെ വളരെ അടുത്തുനിന്ന് കാണുവാനും വളരെനേരം ആ മുഖത്തേയ്ക്ക് നോക്കിനിൽക്കാനും കുട്ടിയായ രാജത്തിന് സാധിച്ചു. അന്നുമുതലാണ് ഗാന്ധിമാർഗത്തോടുള്ള മാനസികമായ അടുപ്പം ആരംഭിച്ചത്.

ബിരുദമെടുത്തശേഷം വക്കീൽപഠനം നടത്തി ഒരു മജിസ്ട്രേറ്റാകാൻ മകൾക്ക് സാധിക്കണമെന്നാണ് മാതാപിതാക്കൾ ആഗ്രഹിച്ചത്. എന്നാൽ അത്തരം ഔദ്യോഗിക പദവികൾ സ്വീകരിക്കുന്നതിനേക്കാൾ ഗാന്ധിയൻ കർമ്മപാത സ്വീകരിച്ചുകൊണ്ട് ജനസേവനനിരതയാകാനാണ് മകളുടെ മനസ്സ് വെമ്പൽകൊണ്ടിരുന്നത്. മകളുടെ മനസ്സറിഞ്ഞ് മാതാപിതാക്കൾ സേവന ദൗത്യത്തിന് സമ്മതമേകി.

ബിരുദപഠനത്തിനുശേഷം രാജം, ഗാന്ധിജിയുടെ ആശ്രമമായ സേവാഗ്രാം സന്ദർശിച്ചു. നെയ്യാറ്റിൻകര സ്വദേശിയും പ്രമുഖ ഗാന്ധിയനുമായിരുന്ന ജി. രാമചന്ദ്രന്റെ മരുമകളും ഗാന്ധിജിയുടെ ചെറുമകനായ കാന്തിലാലിന്റെ

പത്നിയുമായ സരസ്വതിയുടെ ഒപ്പമാണ് രാജം സേവാഗ്രാമിൽ എത്തിയത്. ഇതിനിടെ ഹിമാലയസാനുക്കളിൽ നാളുകളോളം ഏകാന്തവാസവും ധ്യാനവും അനുഷ്ഠിക്കുകയും ലൗകികജീവിത വിരക്തമായ പരിവ്രാജക ജീവിതം സ്വീകരിക്കുകയും ചെയ്തിരുന്നു. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന് ശേഷം പരിവ്രാജിക രാജമ്മ ആചാര്യ വിനോബഭാവെയെ ഗുരുവായി സ്വീകരിച്ചു. മഹാത്മജിയെ പിന്തുടർന്നുകൊണ്ട് സത്യം, അഹിംസ എന്നീ ആദർശങ്ങളെയും ആത്മീയതയിൽ അധിഷ്ഠിതമായ സാമൂഹ്യപ്രവർത്തനങ്ങളെയും 'ജയ് ജഗത്' എന്ന വിശ്വവിശാലവീക്ഷണത്തെയും മനസാ വരിച്ച വിനോബഭാവെ ആരംഭിച്ച സാമൂഹ്യവിപ്ലവ പ്രസ്ഥാനമായ ഭൂദാൻ-ഗ്രാമദാൻ പ്രസ്ഥാനത്തിന്റെ പ്രചാരകയായി രാജമ്മ ബഹൻ ഇന്ത്യ മുഴുവൻ വിനോബജിയോടൊപ്പം പദയാത്രയായി സഞ്ചരിച്ചു.

ഭൂദാന സന്ദേശത്തിന്റെ കാഹളം മലയാളനാട്ടിലും അലയടിച്ചിരുന്നു. 1954 ൽ തിരുവനന്തപുരത്തെ അഗസ്ത്യമലയുടെയും പൊന്മുടി മലനിരകളുടെയും താഴ്വാരത്തിലുള്ള ചുള്ളിയാൻ മലയടിവാരത്തിൽ ദാനമായി ലഭിച്ച 23 സെന്റ് ഭൂമിയിൽ രാജമ്മ ബഹൻ സ്ഥാപിച്ച ആശ്രമത്തിന് 'വിനോബാ നികേതൻ' എന്നാണ് നാമകരണം ചെയ്തത്. വിശ്വശാന്തി, വിശ്വസാഹോദര്യം എന്നിങ്ങനെ വിനോബജി മുന്നോട്ടുവച്ച ആശയങ്ങളുടെ സഫലീകരണത്തിന് വേണ്ടിയുള്ള സ്വയം സമർപ്പണമാണ് വിനോബാനികേതൻ എന്ന് രാജമ്മ ബഹൻ വിശദീകരിച്ചിരുന്നു.

ഭൂദാന പദയാത്രക്കിടയിൽ 1957 ൽ വിനോബജി മലയടിയിലെ വിനോബാനികേതൻ ആശ്രമത്തിലെത്തി താമസിച്ചപ്പോൾ അന്നത്തെ കേരള മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് വിനോബജിയെ സന്ദർശിച്ചു. തുടർന്ന് വിനോബാനികേതൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 10 ഏക്കർ ഭൂമി കൂടി സർക്കാർ നൽകി. ഭൂദാന പദയാത്രക്കാലത്ത് വിനോബാനികേതൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ സാമൂഹ്യ പ്രവർത്തകർക്കുള്ള പരിശീലനക്കളരിയായി മാറി. ഭൂദാനപ്രസ്ഥാനത്തിന്റെ ആത്മീയ ശക്തിസ്രോതസ്സായി ആശ്രമം നിലകൊണ്ടു.

ദശാബ്ദങ്ങൾക്ക് മുൻപ് തന്നെ ആദിവാസികളുടെ വിദ്യാഭ്യാസ-സാമ്പത്തിക പരിപോഷണത്തിനായി നിരവധി പ്രവർത്തനങ്ങൾ ആശ്രമത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. ആദിവാസി പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ 1975ൽ ആരംഭിച്ചു. കേരളത്തിലെ ആദ്യ അംഗൻവാടി അദ്ധ്യാപിക പരിശീലനകേന്ദ്രം വിനോബാനികേതനിലാണ് ആരംഭിച്ചത്. 1982 ൽ ഗ്രാമസേവിക പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി വനിതകൾക്ക് തൊഴിൽ ലഭിക്കാൻ ഈ പരിശീലന കേന്ദ്രങ്ങൾ സഹായകമായി. ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രം, അനാഥക്കുട്ടികൾക്കായുള്ള വിശ്വമന്ദിർ, കൊച്ചുകുട്ടികൾക്കുള്ള ക്രെഷ്, നഴ്സറി, അപ്പർ പ്രൈമറി സ്കൂൾ എന്നിവയും ആശ്രമത്തിൽ പ്രവർത്തിച്ചു വരുന്നു. 1975 ലെ അന്തർദേശീയ വനിതാവർഷത്തിൽ, അന്തർദേശീയ

വനിതാകേന്ദ്രമായി വിനോബാനികേതൻ മാറി. ഇക്കാലത്ത് എല്ലാ ആഴ്ചകളിലും പഠനപരിപാടികളും സമ്മേളനങ്ങളും പ്രാർത്ഥനായോഗങ്ങളും നടന്നു.

ഭൂദാന പദയാത്ര കേരള അതിർത്തിയായ തലപ്പാടിയിൽ എത്തിയപ്പോൾ വിനോബജി മറ്റൊരു സാമൂഹ്യ നവീകരണ വേദിയായ ശാന്തിസേനയ്ക്ക് രൂപം നൽകി. കേരളത്തിൽനിന്നുള്ള ആറ് പേരെയാണ് ശാന്തിസൈനികരായി അദ്ദേഹം തിരഞ്ഞെടുത്തത്; കേരളഗാന്ധി കെ. കേളപ്പൻ, ഇ. ഇക്കണ്ടവാരിയർ, ഐ.കെ. കുമാരൻ, കെ. ജനാർദ്ദനൻപിള്ള, കെ.സി. കർത്താ എന്നിവരോടൊപ്പം പരിവ്രാജിക രാജമ്മയും.

ആശ്രമത്തോടനുബന്ധിച്ച് 2005 ൽ വിനോബാ വിശ്വമന്ദിർ എന്ന അന്തർദേശീയ ഗ്രാമീണ സർവകലാശാലയ്ക്ക് അന്നത്തെ പ്രധാനമന്ത്രി മൻമോഹൻസിംഗ് ശിലാസ്ഥാപനം നിർവഹിച്ചു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി അദ്ധ്യക്ഷത വഹിച്ചു. എന്നാൽ സർവകലാശാല യാഥാർത്ഥ്യമാക്കാൻ അനാരോഗ്യം മൂലം രാജമ്മ ബഹന് സാധിക്കാതെപോയി. 2023 ഡിസംബർ 15 ന് അന്തരിച്ചു.

മഹാത്മജി നിർദ്ദേശിച്ച സർവോദയ സമൂഹ രചനയ്ക്കായി ആചാര്യ വിനോബഭാവെ തുടങ്ങിവച്ച ഭൂദാന-ഗ്രാമ നിർമ്മാണപ്രവർത്തനങ്ങൾ അവസാനശ്വാസം വരെയും തുടരും എന്ന പ്രതിജ്ഞ ആത്മാർത്ഥമായി നിറവേറ്റാൻ വിനോബാനികേതനിലെ അമ്മയ്ക്ക് സാധിച്ചു.

❐



പി. രാമചന്ദ്രൻ നായർ

ഭാരതം സമ്പൂർണ സ്വാതന്ത്ര്യം കൈവരിക്കുന്നതിന് മഹാത്മാഗാന്ധി നിർദ്ദേശിച്ച സർവോദയ സമൂഹരചനയ്ക്കായി സ്വയംസമർപ്പിച്ച ധന്യമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു പി. രാമചന്ദ്രൻ നായർ. സൂക്ഷ്മനിരീക്ഷണ പാടവം, ശാസ്ത്രീയമായ വിശകലനവൈഭവം, മികവാർന്ന നേതൃശേഷി എന്നീ വിശിഷ്ടഗുണങ്ങൾ അദ്ദേഹത്തിന് ലഭിച്ചതുതന്നെ ഈ സമ്പൂർണ സമർപ്പണത്തിനുള്ള ഗുരുത്വമായിട്ടാകാം.

തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലത്ത് 1933 ഡിസംബർ 21-നാണ് പി. രാമചന്ദ്രൻ നായർ ജനിച്ചത്. വിതുര സർക്കാർ പ്രാഥമിക വിദ്യാലയം, ശാസ്തമംഗലം രാജാ കേശവദാസ് ഇംഗ്ലീഷ് എലിമെന്ററി സ്കൂൾ, കവടിയാർ സാൽവേഷൻ ആർമി ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സെക്കന്ററി വിദ്യാഭ്യാസം പൂർത്തീകരിച്ചശേഷം തുടർവിദ്യാഭ്യാസത്തിനായി രാമചന്ദ്രൻ നായർ, ഗാന്ധിജി സ്ഥാപിച്ച സേവാഗ്രാം ആശ്രമം തിരഞ്ഞെടുക്കുകയായിരുന്നു. തിരുവനന്തപുരത്ത് വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ സ്വാതന്ത്ര്യസമരത്തിന്റെ ഊഷ്മളതയെ ഉൾക്കൊള്ളാനും അനുഭാവപൂർവം നിരവധി പ്രവർത്തനങ്ങൾ നടത്താനും അദ്ദേഹത്തിന് സാധിച്ചിരുന്നു.

രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വം അദ്ദേഹത്തെ ആഴത്തിൽ സ്പർശിച്ചു. തുടർന്ന്, മഹാത്മജി നിർദ്ദേശിച്ച ഖാദി-ഗ്രാമ നിർമാണപ്രവർത്തനങ്ങൾക്കായി ജീവിതം സമർപ്പിക്കാൻ രാമചന്ദ്രൻ നായർ തീരുമാനിക്കുകയായിരുന്നു. അനന്തപുരിയിലെ അന്നത്തെ സാഹചര്യത്തിൽ ഏതെങ്കിലും സർക്കാർ സർവീസിൽ കയറാനുള്ള സാധ്യതകൾ ഏറെയുണ്ടായിരുന്നിട്ടും അതെല്ലാം ഉപേക്ഷിച്ച് അദ്ദേഹം ഖാദി-ഗ്രാമവ്യവസായമേഖല തിരഞ്ഞെടുക്കുകയായിരുന്നു.

വർഷങ്ങൾക്ക്ശേഷം ഖാദി-ഗ്രാമവ്യവസായമേഖലയിൽ സമർത്ഥനായ പരിശീലകൻ, പ്രിൻസിപ്പാൾ എന്നീ നിലകളിലെല്ലാം നേതൃത്വനിരയിൽ നിലകൊള്ളുമ്പോളാണ് ഖാദിമേഖലയിൽ ഗവണ്മെന്റിന്റെ കടന്നുവരവുണ്ടായത്.

സർക്കാർവക ഖാദിമേഖല വേണോ ജനകീയസേവനത്തിനായിയുള്ള ഖാദി മേഖല വേണോ എന്ന രണ്ട് സാധ്യതകൾ വന്നപ്പോൾ; സർക്കാർഖാദി ജോലി വേണ്ടെന്നുവയ്ക്കാനും ജനകീയ ഖാദിസേവനമേഖല സ്വീകരിക്കാനും പി. രാമചന്ദ്രൻ നായർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. സർവോദയദർശനത്തെ സമഗ്രതയിൽ സ്വാംശീകരിക്കാൻ സാധിച്ചതാണ് രാമചന്ദ്രൻ നായരുടെ ജീവിതവിജയത്തിന് അടിസ്ഥാനം. ഖാദിയെ അറിഞ്ഞ്, ആദരിച്ച് ആ മേഖലയിൽ അദ്ധ്യാപികയായി മുന്നേറിയ വി.കെ. സത്യഭാമടീച്ചർ സഹ ധർമ്മിണി ആയതോടെ പി. രാമചന്ദ്രൻ നായരുടെ സേവനരംഗം പതിന്മ ടങ്ങ് വികസിച്ചു.

വിപുലമായ പരിശീലനം

ഗാന്ധിജിയുടെ ആശ്രമത്തിൽനിന്ന് ലഭിച്ച നിർമ്മാണ പ്രവർത്തന പരിശീ ലനം അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് ശക്തമായ ഒരു അടിത്തറയായി. ബനാറസിലെ (കാശി) ഗ്രാമസ്വരാജ് & ശാന്തിസേന അദ്ധ്യാ പക ട്രെയിനിങ്, മഹാരാഷ്ട്ര നാസിക്കിലെ ടീച്ചേഴ്സ് ട്രെയിനിങ് കോഴ്സ്, തമിഴ്നാട് കല്ലുപെട്ടിയിലെ സംയോജിത ഗ്രാമവികസന പദ്ധതി പരിശീലനം, കേരളത്തിലും തമിഴ്നാട്ടിലും ബീഹാറിലും ഭൂദാന-ഗ്രാമദാന സർവോദയ പരി ശീലന ക്യാമ്പുകൾ, വാർദ്ധയിലെ ഖാദി-ഗ്രാമവ്യവസായ പരിശീലനം, സബർ മതി ആശ്രമത്തിലെ അംബർ ചർക്ക പരിശീലനം, പശ്ചിമ ബംഗാളിലെ മൂർ ഷിദബാദിൽ മസ്ലിൻ ചർക്ക പരിശീലനം എന്നിങ്ങനെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ നിന്ന് സാങ്കേതികവിദ്യ ഹൃദി സ്ഥമാക്കാൻ അദ്ദേഹത്തിന് പ്രത്യേകമായ ഉത്സാഹം ഉണ്ടായിരുന്നു. ഇത്തരം പരിശീലന കാലഘട്ടത്തിൽ സർവോദയ ഖാദി-ഗ്രാമവ്യവസായമേഖലയിലെ ദേശീയ ആചാര്യന്മാരെയും മഹാത്മാഗാന്ധിയുടെ മക്കളെയും പേരക്കുട്ടിക ളിൽ ചിലരെയും പരിചയപ്പെടാനും അനുഭവങ്ങൾ പങ്കിടാനും സാധിച്ചത് പുണ്യനിമിഷങ്ങളായി അദ്ദേഹം കരുതിയിരുന്നു.

ശങ്കർറാവുദേവ്, ജഗന്നാഥൻജി, ജയപ്രകാശ് നാരായൺ, ശ്രീകൃഷ്ണദാസ് ഗാന്ധി, ഡോ. ജി. രാമചന്ദ്രൻ, കെ. കേളപ്പജി, കെ. അരുണാചലം, ശ്രീമൻ നാരായൺ, സിദ്ധരാജ ദഡ്ഢ തുടങ്ങിയവർ ഇതിൽപ്പെടുന്നു. പിൽക്കാലത്ത് ചർക്ക നവീകരണമേഖലയിൽ ഇന്ത്യയിൽ അറിയപ്പെടുന്ന ഗവേഷകനും ശാസ്ത്രകാരനുമായി പി. രാമചന്ദ്രൻ നായർ അംഗീകരിക്കപ്പെട്ടു.

ഔദ്യോഗികസേവനങ്ങൾ

കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ ഖാദി-ഗ്രാമവ്യവസായ കേന്ദ്രങ്ങളിൽ അദ്ധ്യാപകൻ, പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ എന്നീ നിലകളിൽ സ്ഥാപനങ്ങൾക്ക് സമർത്ഥമായ നേതൃത്വം നൽകാൻ അദ്ദേഹ ത്തിന് സാധിച്ചു. വാർദ്ധയിലെ മഗൻവാടി സ്പിന്നിംഗ് ഇൻസ്ട്രക്ടർ, തിരു

പ്പൂരിലെ വീരപാണ്ടി ഖാദി-ഗ്രാമവ്യവസായ വിദ്യാലയം, ആന്ധ്ര, മൈലാപ്പൂർ, ചെന്നൈ റീജനൽ ഖാദി വിദ്യാലയങ്ങൾ എന്നിവിടങ്ങളിലെ പ്രിൻസിപ്പാൾ, കോഴിക്കോട് ഗാന്ധി ആശ്രമത്തിൽ അമ്പർചർക്ക പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ ജില്ലയിലെ നടത്തറയിൽ ഖാദി-ഗ്രാമവ്യവസായവിദ്യാലയത്തിലെ അദ്ധ്യാപകൻ, കോയമ്പത്തൂരിലെ ഗ്രാമസ്വരാജ് വിദ്യാലയത്തിന്റെ വൈസ് പ്രിൻസിപ്പാൾ, പാലക്കാട് പറളി ഗ്രാമസ്വരാജ് വിദ്യാലയത്തിലെ ലക്ചറർ, ഖാദി-ഗ്രാമവ്യവസായ ഉല്പാദന-വിപണന കേന്ദ്രം സംസ്ഥാനതല ഓർഗനൈസർ, കേരള ഖാദി-ഗ്രാമവ്യവസായ ഫെഡറേഷൻ സ്ഥാപക അംഗം & വൈസ് ചെയർമാൻ, കേരള ഖാദി മിഷൻ സംസ്ഥാന കൺവീനർ, ഭാരതീയ ഖാദി ഗ്രാമോദ്യോഗ് സംഘത്തിന്റെ എക്സിക്യൂട്ടീവ് അംഗം, ഖാദി-ഗ്രാമവ്യവസായ കമ്മീഷൻ പർച്ചേസ് കമ്മിറ്റി അംഗം, ഖാദി-ഗ്രാമവ്യവസായ കമ്മീഷൻ സ്റ്റേറ്റ് ലെവൽ സർട്ടിഫിക്കേഷൻ ഉപദേശകസമിതി അംഗം, ഹരിജൻ സേവാസംഘം എക്സിക്യൂട്ടീവ് മെമ്പർ, വൈസ് പ്രസിഡന്റ്, കേരള സർവോദയ സംഘം ചെയർമാൻ തുടങ്ങിയ സ്ഥലങ്ങളിൽ ആത്മാർത്ഥമായ സേവനം അനുഷ്ഠിക്കാൻ പി. രാമചന്ദ്രൻ നായർക്ക് സാധിച്ചു. കേരള സർവോദയമണ്ഡലത്തിന്റെ സംസ്ഥാന അദ്ധ്യക്ഷനായി രണ്ടുതവണ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

ഇംഗ്ലീഷിലും ഹിന്ദിയിലും മറ്റ് പ്രാദേശിക ഭാഷകളിലും അനായാസേന സംസാരിക്കാനും കാര്യങ്ങളെ കൃത്യതയോടെ അവതരിപ്പിക്കാനുമുള്ള അദ്ദേഹത്തിന്റെ മികവ് ഖാദിപ്രസ്ഥാനത്തിന് മുതൽക്കൂട്ടായി. ചർക്കയുടെയും നൂൽനൂൽപ്പിന്റെയും രംഗത്ത് നൂതനങ്ങളായ പല ഘട്ടങ്ങളെക്കുറിച്ചും, ഖാദി പ്രവർത്തകർക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ സംബന്ധിച്ചും ആധികാരികമായി അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കാൻ അദ്ദേഹത്തിന്റെ ഈ വൈഭവം ഏറെ സഹായിച്ചു. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രത്യേക പ്രശംസയ്ക്കുപോലും പാത്രമാകാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു.

ഭൂദാന-ഗ്രാമദാന സംഘാടകൻ

ലോകം ഇതുവരെ ദർശിച്ചിട്ടുള്ളതിൽവച്ച് ഏറ്റവും മഹത്തായതും അത്ഭുതകരവുമായ അഹിംസാത്മക സാമൂഹ്യ പ്രസ്ഥാനമായ ഭൂദാന പ്രസ്ഥാനത്തിന്റെ നാളുകളിൽ ആചാര്യ വിനോബഭാവെയുടെയും ശങ്കർ റാവുദേവിന്റെയും നേതൃത്വത്തിൽ കേരളത്തിൽ നടന്ന ഭൂദാന-ഗ്രാമദാന പ്രവർത്തനങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ രാമചന്ദ്രൻ നായർക്ക് സാധിച്ചിരുന്നു. ഭൂദാന പ്രചരണത്തിനായുള്ള വളണ്ടിയർമാരെ സജ്ജമാക്കുന്നതിന് തൃശ്ശൂർജില്ലയിലെ കൈനൂർവില്ലേജിലെ പറമ്പത്ത് പാടത്ത് സംഘടിപ്പിച്ച ഒരുമാസം നീണ്ടുനിന്ന സന്നദ്ധ സേവക പരിശീലന ക്യാമ്പിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

കേരളഗാന്ധി കെ. കേളപ്പൻ, ഇ. ഇക്കണ്ടവാര്യർ, കെ. ജനാർദ്ദനൻ പിള്ള, പ്രൊഫ. എം.പി. മന്മഥൻ തുടങ്ങിയ സർവോദയ നേതാക്കളുമായി അടുത്ത ബന്ധം പുലർത്താൻ ഈ പ്രവർത്തനങ്ങൾ സഹായകമായി.

സർവതല പ്രവർത്തനങ്ങൾ

ഖാദിമേഖലയിൽ ഉത്തരവാദിത്തങ്ങൾ വഹിക്കുമ്പോൾതന്നെ ഹരിജനോദ്ധാരണം, മദ്യനിരോധനം, ശാന്തിസേന പ്രവർത്തനങ്ങൾ, സർവോദയ മണ്ഡലം എന്നീ മേഖലകളിലെല്ലാം സംസ്ഥാനതലത്തിൽ സേവനം അനുഷ്ഠിക്കാനും നിരവധി സ്ഥാപനങ്ങൾക്കും സമരങ്ങൾക്കും നേതൃത്വവും പ്രചോദനവും നൽകാനും രാമചന്ദ്രൻ നായർക്ക് സാധിച്ചു.

തമിഴ്നാട്ടിലും കേരളത്തിലും രാഷ്ട്രീയ സാമുദായികസംഘർഷങ്ങളുണ്ടായപ്പോളെല്ലാം അവിടെ ഓടിയെത്തി ശാന്തിസേന, സമാധാന ക്യാമ്പുകൾ സംഘടിപ്പിച്ചു. സമൂഹത്തിൽ ഐക്യം പുനഃസ്ഥാപിക്കാൻ അദ്ദേഹം മുന്നിട്ട് നിന്നിരുന്നു.

രണ്ടാം ഉപ്പുസത്യാഗ്രഹം

ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലെ ശ്രദ്ധേയമായ അദ്ധ്യായമാണ് ഉപ്പ്സത്യാഗ്രഹം. ഇതിലൂടെ കല്ലുപ്പ് നമ്മുടെ രാജ്യത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മാറി. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 1996 ൽ, ബഹുരാഷ്ട്ര കുത്തക കമ്പനികളെ പ്രീണിപ്പിക്കുതിനുവേണ്ടി കല്ലുപ്പ് നിരോധിക്കാൻ അന്നത്തെ കേന്ദ്ര സർക്കാർ തീരുമാനിച്ചു. അഖിലേന്ത്യാതലത്തിൽ സർവ സേവാ സംഘവും സംസ്ഥാനതലത്തിൽ സർവോദയമണ്ഡലങ്ങളും അതിനെതിരെ ശക്തമായ ബഹുജന മുന്നേറ്റത്തിന് പദ്ധതി തയ്യാറാക്കി. സ്വാതന്ത്ര്യസമരകാലത്ത് കെ. കേളപ്പന്റെ നേതൃത്വത്തിൽ ഉപ്പുസത്യാഗ്രഹം നടന്ന പയ്യന്നൂരിലെ ഉളിയത്ത്കടവിലേക്ക് ബഹുജന മാർച്ച് നടത്തി വീണ്ടും ഉപ്പുകുറുക്കി രണ്ടാം ഉപ്പുസത്യാഗ്രഹത്തിന് നേതൃത്വം നൽകാൻ അന്നത്തെ സർവോദയമണ്ഡലം പ്രസിഡന്റ് ആയിരുന്ന പി. രാമചന്ദ്രൻ നായർക്ക് സാധിച്ചു. സാമൂഹ്യസമ്മർദ്ദം ശക്തമായപ്പോൾ കല്ലുപ്പ് നിരോധനം പിൻവലിക്കാൻ സർക്കാർ നിർബന്ധിതമായി.

പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി ജലചൂഷണം ആരംഭിച്ചപ്പോൾ തദ്ദേശീയരായ ജനങ്ങൾ നടത്തിയ ചെറുത്തുനിൽപ്പുകൾക്ക് മുഖ്യമായും പിന്തുണ നൽകിയത് സർവോദയമണ്ഡലം ആയിരുന്നു. പ്രസ്തുത രംഗത്തും രാമചന്ദ്രൻ നായരുടെ സാന്നിധ്യം സർവോദയ പ്രവർത്തകർക്കും ഗ്രാമീണർക്കും കരുത്ത് പകർന്നിരുന്നു.

പുരസ്കാരങ്ങൾ

ജീവിതാവസാനം വരെയും ഖാദി-ഗ്രാമവ്യവസായ പ്രവർത്തനങ്ങളിൽ സജീവമായി ശ്രദ്ധ ചെലുത്തിയിരുന്ന പി. രാമചന്ദ്രൻ നായരെ കേരളസമൂഹം

പുരസ്കാരങ്ങൾ നൽകി ആദരിക്കുകയുണ്ടായി. കെ.പി. മാധവൻ നായർ ജന്മശതാബ്ദി അവാർഡ്, കണ്ണൂർ ജില്ല ഗാന്ധി സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലക്കണ്ടി രാവുണ്ണി സ്മാരക സേവന അവാർഡ്, ജി.കുമാരപിള്ള-ഐ.എം. വേലായുധൻ മാസ്റ്റർ പുരസ്കാരം, ഖാദി-ഗ്രാമവ്യവസായ ഫെഡറേഷൻ മികച്ച ഖാദി പ്രവർത്തകനുള്ള സംസ്ഥാനതല അവാർഡ് എന്നിവ ഇവയിൽ ചിലതാണ്.

കർമ്മനിരതമായിരുന്നു ആ ജീവിതം. 2024 ഒക്ടോബർ 24 ന് രാത്രി 9.30 ന് അദ്ദേഹം അന്തരിച്ചു. അവസാന ദിവസവും ഉച്ചയ്ക്കുശേഷം ഖാദി ഫെഡറേഷന്റെ യോഗത്തിന് വന്നവരെ ചെന്ന് കണ്ട് തന്റെ ആശയങ്ങൾ അദ്ദേഹം പങ്കുവച്ചിരുന്നു.

വി.കെ. ആനന്ദൻ, വി.കെ.അശോകൻ എന്നിവർ മക്കളാണ്. ശാന്തി ആനന്ദൻ, പത്മശ്രീ അശോകൻ എന്നിവർ മരുമക്കളും.

❐